Digitized by Arya Samaj Foundation Chennai and eGangotri



ശബ്ദശാഖി

കെ.പ്യാർ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

DONATION

Forwarded free of Cost, and
with the Compliments of the
Department of Education,
Government of India, New Delhi

7915

पुस्तकालय
पुस्तकालय

ശബ്ദശാസ്ത്രം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(Malayalam)
SABDASAKHI
(Etymology)
By **K. PYAR**
b, 1-6-1929
First Published February 1973.
Second Edition January 1992.
Printed at: **BRB Offset Printers, Chovva, Kannur-6.**
Typeset at : **CODAPSCAN Kannur-1.**
Cover Design by : **SANTHOSH KALATHIL.**
Price : Rs. **32.00**
Copy Right : K. Pyar, Kannur-4.
Published by the Author

Distributors:
NATIONAL BOOK STALL
Kottayam - Thiruvananthapuram - Ernakulam - Kannur - Trisur - Palghat - Kollam - Kozhikode - Alappuzha - Kelpetta.

Code No. D 18 0978 01 01

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

DONATION

ശബ്ദശാഖി

Forwarded free of Cost, and
with the Compliments of the
Department of Education,
Government of India, New Delhi

7914

കെ. പ്യാർ

വിതരണം

നാഷണൽ ബുക്ക് സ്റ്റാൾ
കോട്ടയം
വില : ക. 32.00

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കെ. പ്യാറിന്റെ കൃതികൾ

ശബ്ദശാഖി	[നിഘണ്ടു]
വരദാനം	[നാടകം]
അമർഷം	[ഏകാങ്കം]
അങ്ങകലേ	[കവിത]
വപ്ത്സറോവിന്റെ കവിതകൾ	[വിവർത്തനം]
മുള്ളുവേലി	[ചെറുകഥ]
മനസ്സിന്റെ പടലങ്ങൾ	[നോവൽ]
ഒറ്റപ്പെട്ടവർ	[നോവൽ]

S 5538 D 146/91-92 2-2000

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടു വാക്ക്

പഠനം പഠിപ്പിന്നു പ്രചാരം കുടിവരുന്ന ഒരു കാലഘട്ടത്തിലാണു നാമിന്നു ഉള്ളത്. സാർവ്വലൗകികമായ വീക്ഷണവും ചിന്താഗതിയും ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്. ആ നിലയ്ക്കു ചുരുങ്ങിയ കാലം കൊണ്ടു പഴയപോലെ ആഴത്തിലുള്ള പഠിപ്പു പ്രായോഗികമല്ല. ഭാഷാവിഷയകമായ അഭിരുചിയുള്ളവർക്ക് പെട്ടെന്നുണ്ടാകുന്ന സംശയങ്ങൾ ഇല്ലാതാക്കാൻ എൻ. ബി. എസ്. നിഘണ്ടുക്കൾ പോലുള്ള ബൃഹദ് ഗ്രന്ഥങ്ങൾ ഉണ്ടെങ്കിലും ഇതുപോലെ ലഘുഗ്രന്ഥങ്ങൾ മലയാളത്തിൽ കുറവാണ്.

നമ്മുടെ ഏതുതരത്തിലുള്ള അറിവും പ്രകാശിക്കുന്നതു ശബ്ദരൂപത്തിലാണ്.

> ന സോ സ്തി പ്രത്യയോ ലോകേ
> യ: ശബ്ദാനു ഗമാ ദൃതേ
> അനുവിദ്ധമിവ ജ്ഞാനം
> സർവ്വം ശബ്ദേന ഭാസതേ.

എന്നൊരു ശ്ലോകം തന്നെയുണ്ട്. ശബ്ദത്തിൽ ഒളിഞ്ഞുകൊണ്ടല്ലാതെ ഒരു ജ്ഞാനവും ഉണ്ടാകുന്നതല്ല എന്നാണ് ഇതിലെ ആശയം. ശബ്ദശാഖിയെന്ന ഈ ലഘുഗ്രന്ഥത്തിൽ ആയിരത്തിലേറെ പദങ്ങളുടെ അവയവാർത്ഥം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ശബ്ദങ്ങൾ വ്യുൽപാദിപ്പിക്കുന്നതു ക്ഷത്രിന്യായേനയാണ്. പങ്കത്തിലുണ്ടാവുന്നതെല്ലാം പങ്കജമാണെങ്കിലും താമരയ്ക്കാണ് ആ പേർ പറഞ്ഞുവരുന്നത്.

ഓരോരുത്തരും ശബ്ദങ്ങളെ വ്യുൽപാദിപ്പിച്ചിട്ടുള്ളതു പലതരത്തിലാണ്. ഉദാഹരണമായി ഇന്ദ്രൻ എന്ന ശബ്ദമെടുക്കുക. മഴപെയ്തിച് ഇരയെ (അന്നം) ദാനം ചെയ്യുന്നവൻ എന്നും ഇന്ദുവിനായി ദ്രവിക്കുന്നവൻ എന്നും ഇന്ദുവിൽ രമിക്കുന്നവൻ എന്നും ഇന്ധനം (ദീപനം) ചെയ്യുന്നവൻ എന്നും ഇദം (ഇക്കാണുന്നതു മുഴുവൻ) കരണം (പ്രവർത്തനം) ചെയ്യുന്നവൻ എന്നും ഈ ശബ്ദം വ്യുൽപാദിപ്പിച്ചുണ്ട്. ഈ അർത്ഥങ്ങളിൽ ഇന്ദ്രനെ വേദങ്ങളിൽ സ്തുതിച്ചിട്ടുമുണ്ട്. എന്നാൽ വിദ്യാർത്ഥികളെ മുന്നിൽ കണ്ടുകൊണ്ട്, ഒരുക്കിയ ഈ ഗ്രന്ഥത്തിൽ അത്തരം സങ്കീർണ്ണതകൾ കഴിവതും ഒഴിവാക്കിയിട്ടുണ്ട്. അർത്ഥം പലതുണ്ടെങ്കിലും ഇന്നത്തെ നിലയിൽ ഉചിതമെന്നു തോന്നിയ പ്രയോഗങ്ങളാണ് ശബ്ദശാഖിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഭാഷാപഠനത്തിൽ തത്പരരായ വിദ്യാർത്ഥികൾക്ക് ഇതുപകരിക്കും എന്നാണെന്റെ വിശ്വാസം. ഇതിന്റെ പ്രസിദ്ധീകരണമേറ്റെടുത്ത സാഹിത്യപ്രവർത്തക സഹകരണസംഘത്തിന് എന്റെ അകംനിറഞ്ഞ നന്ദി.

കണ്ണൂർ–4
31–12–70

കെ. പുരുഷോത്തമൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രണ്ടാം പതിപ്പിനെപ്പറ്റി

ശബ്ദശാഖി പ്രസിദ്ധീകരിച്ചിട്ട് ഇരുപത് വർഷം തികയാറായി. ഒന്നാം പതിപ്പ് തീർന്നിട്ടാണെങ്കിൽ എട്ടുവർഷം കഴിഞ്ഞു. സാങ്കേതികമായ പല കാരണങ്ങളും കൊണ്ടു പരിഷ്കരിച്ച രണ്ടാംപതിപ്പിന്റെ പ്രസിദ്ധീകരണം വൈകിപ്പോയി. ഇപ്പോഴാണ് ശബ്ദശാഖിയുടെ രണ്ടാംപതിപ്പ് തയ്യാറായത്.

ഈ നിരുക്ത നിഘണ്ടുവിന്നു സ്നേഹപൂർവ്വമുള്ള സ്വീകരണമാണ് പത്രങ്ങളും വ്യക്തികളും നൽകിയിരുന്നത്. സുഹൃത്തുള്ളിൽ ചിലർ ഉള്ളടക്കം കുറേക്കൂടി വികസിപ്പിക്കണമെന്നുപദേശിച്ചു. അതോടെ കൂടുതൽ പദങ്ങൾ ഉൾക്കൊള്ളിക്കാനുള്ള ശ്രമം തുടങ്ങി.

ഡിക്ഷണറി, ലക്സിക്കൺ, ഹേൻഡ്ബുക്ക്, ഗ്ലോസറി, എൻസൈക്ലോപീഡിയ, തെസാറസ്സ്, കൺകോർഡൻസ് എന്നിങ്ങനെ നിഘണ്ടുവിന്നു ഉള്ളടക്കത്തിന്റെയും വിവരണത്തിന്റെയും തോതനുസരിച്ചു കുറേ വിഭാഗങ്ങളുണ്ട്. ഇവയിൽ നിരുക്തനിഘണ്ടു എന്ന വിഭാഗത്തിലാണ് ശബ്ദശാഖി പെടുന്നത്. ശബ്ദങ്ങളെ അകാരാദിക്രമത്തിൽ അടുക്കി അർത്ഥം വിവരിക്കുന്ന രീതിയോടൊപ്പം പദത്തിന്റെ ഉത്ഭവം സൂചിപ്പിക്കുന്നതുകൊണ്ടാണ് ഇതൊരു നിരുക്തനിഘണ്ടു ആണെന്നു പറഞ്ഞത്. ശബ്ദോത്പത്തിവിഷയകമായ ചർച്ചയ്ക്കാണ് ഇതിൽ മുൻതൂക്കം കല്പിച്ചിട്ടുള്ളത്.

ശബ്ദശാഖി ഒന്നാം പതിപ്പിന്നു നൽകിയ സ്വീകരണം ഈ പരിഷ്കരിച്ച പതിപ്പിനും ഉണ്ടാവേണമേ എന്ന അപേക്ഷയോടെ, അക്ഷരമെത്തുന്നദിക്കിലെല്ലാം ശബ്ദശാഖിയും എത്തിച്ചേരേണമേ എന്ന പ്രാർത്ഥനയോടെ, ഞാൻ സഹൃദയരുടെ മുമ്പിൽ കൈ കൂപ്പിനില്ക്കുകയാണ്.

കണ്ണൂർ–4
31–1–1992

ഗ്രന്ഥകർത്താ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Forwarded free of Cost, and
with the Compliments of the
Department of Education,
Government of India, New Delhi

അ

അക്ഷണി — ക്ഷണി [ക്ഷണി—ക്ഷണം ഉള്ളവൻ] അല്പാത്തവൻ (കടമില്ലാത്തവൻ)

അംശപത്രം — അംശം സംബന്ധിച്ച [അംശം — ഭാഗം] പത്രം (ഭാഗക്കരാർ)

അംശഭുക്ക് — അംശത്തെ [അംശം—ഓഹരി] ഭുജിക്കുന്നവൻ [ഭുജിക്കുക — അനുഭവിക്കുക] (പങ്കാളി)

അംശി — അംശത്തിനു [അംശം—ഭാഗം] അവകാശമുള്ളവൻ (പങ്കാളി)

അംശു — ദിക്കുകളിൽ പരക്കുന്നത് [അശു വ്യാപ്തൗ സംഘാതേ ച] (രശ്മി)

അംശുദാതാവ് — അംശുക്കളെ [അംശു — രശ്മി] ദാനം ചെയ്യുന്നവൻ (സൂര്യൻ)

അംശുധരൻ — അംശുക്കളെ [അംശു — രശ്മി] ധരിക്കുന്നവൻ (സൂര്യൻ)

അംശുമത്ഫല — അംശുമാനെപ്പോലെ [അംശുമാൻ — സൂര്യൻ] ശോഭയുള്ള ഫലമുള്ളത് [ഫലം — കായ] (വാഴ)

അംശുമാൻ — അംശുക്കളോടു [അംശു — രശ്മി] കൂടിയവൻ (സൂര്യൻ)

അംശുമാലി — അംശുക്കളെ [അംശു — രശ്മി] മാലപോലെ ധരിച്ചിട്ടുള്ളവൻ (സൂര്യൻ)

അംശുശാലി — അംശുക്കളാൽ [അംശു—രശ്മി] ശാലിക്കുന്നവൻ [ശാലിക്കുക—ശോഭിക്കുക] (സൂര്യൻ)

അംസം — ഭാരത്താൽ അംസിക്കപ്പെടുന്നത് [അംസിക്കുക — സമാഹനിക്കുക] (ചുമൽ)

അംസകൂടം — അംസത്തിൽ [അംസം — തോൾ] കൂടമുള്ളത് [കൂടം — പൊങ്ങിനിൽക്കുന്നഭാഗം, പൂഞ്ഞ] (കാളയുടെ ചുമലിലെ മുഴ)

അംസത്രം — അംസത്തെ [അംസം — തോൾ] ത്രാണം ചെയ്യുന്നത് [ത്രാണം — രക്ഷ] (ഒരുതരം കവചം)

അംസഭരൻ — അംസത്തിൽ [അംസം — തോൾ] ഭരത്തോട് [ഭരം—ഭാരം] കൂടിയവൻ (ചുമടെടുത്തവൻ)

അംസഭൂഷ — അംസത്തിൽ [അംസം — തോൾ] അണിയുന്ന ഭൂഷ [ഭൂഷ — അലങ്കാരം] (തോൾവള)

അംഹതി — അംഹസ്സിനെ [അംഹസ്സ് — പാപം] നശിപ്പിക്കുന്നത് (ദാനം, സമ്മാനം)

അംഹസ്പതി — ഭക്തജനങ്ങളുടെ അംഹസ്സിനെ [അംഹസ്സ് — ദുഷ്കൃതം] നീക്കുന്നവൻ (സൂര്യൻ)

അംഹ്രിപം — അംഹ്രികൊണ്ടു [അംഹ്രി — അംഘ്രി, കാൽ] പാനം ചെയ്യുന്നത് (മരം)

അകചൻ — കചം [കചം — തലമുടി] ഇല്ലാത്തവൻ (കഷണ്ടിത്തലയൻ)

അകടു — കടു [കടു — എരുവ്] അല്ലാത്ത (എരുവില്ലാത്ത)

അകത്താർ — അകമാകുന്ന [അകം—ഉള്ള്] താർ [താര് — പൂവ്] (മനസ്സ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അകത്തുവെക്കുക — അമാവാസിക്കും മറ്റും പായസാദികൾ ഉണ്ടാക്കി മരിച്ചവർക്ക് വേണ്ടി വീട്ടിനകത്തു വിളമ്പിവെക്കുക (ഉത്തര കേരളത്തിൽ നടപ്പുള്ള ഒരുതരം പിതൃബലി)

അകത്തോൾ — അകത്തുള്ളവൾ (അന്തർജ്ജനം)

അകഥനം — കഥനം ചെയ്യാതെ [കഥനം — പറയൽ] ഇരിക്കൽ (പറയാതിരിക്കൽ)

അകഥ്യ — കഥിക്കാൻ [കഥിക്കുക — പറയുക] പറ്റാത്ത (പറയാൻ പാടില്ലാത്ത)

അകനാനൂറ് — അകംകവിതകളിൽപ്പെട്ട [അകംകവിതകൾ — പ്രേമസംബന്ധമായ ഇതിവൃത്തത്തോടുകൂടിയ തമിഴിലെ പ്രാചീന കവിതകൾ] നാനൂറെണ്ണം (നാനൂറ് പ്രേമഗാനങ്ങളുടെ സമാഹാരം)

അകപ്പൊരുൾ — അകത്തെ [അകം — ഉള്ള്] പൊരുൾ (ശരിയായ അർത്ഥം)

അകമലർ — അകമാകുന്ന [അകം — ഉള്ള്] മലർ [മലർ — പൂ] (ഹൃദയം)

അകമ്പടി — പടി പറ്റിക്കൊണ്ടു [പടി —പ്രതിഫലം] ചെയ്യുന്ന അകവേല [അകം — ക്ഷേത്രത്തിലെയോ കൊട്ടാരത്തിലെയോ അകത്തെ ചേവുകം] (സേവകവൃത്തി)

അകർമ്മണ്യം — കർമ്മങ്ങളിൽ [കർമ്മം — പ്രവൃത്തി] സാധുവല്ലാത്തത് (കർമ്മായോഗ്യം)

അകരണൻ — യാതൊരു കരണവും [കരണം — പ്രവൃത്തി] ഇല്ലാത്തവൻ (പരമാത്മാവ്)

അകർണ്ണം — കർണ്ണം [കർണ്ണം—ചെവി] ഇല്ലാത്തത് (പാമ്പ്)

അകർത്തൃത്വം — കർത്തൃത്വം [കർത്തൃത്വം — നേതൃത്വം] ഇല്ലാത്ത അവസ്ഥ (അധികാരമില്ലായ്മ)

അകലൻ — കലകൾ [കല — അംശം] ഇല്ലാത്തവൻ (പൂർണ്ണനായ ഈശ്വരൻ)

അകല്യൻ — കല്യൻ [കല്യൻ — നിരാമയൻ] അല്ലാത്തവൻ (രോഗി)

അകലേബരൻ — കലേബരം [കലേബരം — കളേബരം, ദേഹം] ഇല്ലാത്തവൻ (കാമദേവൻ)

അകവൂർ ചാത്തൻ — അകവൂരിൻെറകുടെ [അകവൂർ—അകവൂർ നമ്പൂതിരിപ്പാട്] താമസിച്ചിരുന്ന ചാത്തൻ. (വരരുചിയുടെ മക്കളായി പറയിപെറ്റ പന്തണ്ടുപേരിൽ ഒരാൾ)

അകളങ്കൻ — കളങ്കം [കളങ്കം—മാലിന്യം] ഇല്ലാത്തവൻ (ഈശ്വരൻ)

അകാണ്ഡ — കാണ്ഡം ഇല്ലാത്ത [കാണ്ഡം—തായ്ത്തടി] (അസമയത്തുള്ള)

അകാതര്യം — കാതര്യം [കാതര്യം—ഭീരുത്വം] ഇല്ലായ്മ (ധീരത)

അകാരാദി — അകാരം മുതൽ അക്ഷരമാലാക്രമത്തിൽ ശബ്ദങ്ങളെ അടുക്കിയിട്ടുള്ള ഗ്രന്ഥം (നിഘണ്ടു)

അകാർപ്പണ്യം — കാർപ്പണ്യം [കാർപ്പണ്യം—കൃപണഭാവം] ഇല്ലായ്മ (മഹാമനസ്കത)

അകാലകൂശ്മാണ്ഡം — അകാലത്തുണ്ടാകുന്ന [അകാലത്ത്—ഏതോസമയത്ത്] കൂശ്മാണ്ഡം [കൂശ്മാണ്ഡം — കുമ്പളങ്ങ] (നിഷ്പ്രയോജനജനനം)

അകാലമരണം — അകാലത്തുള്ള [അകാലത്തു—ഒട്ടും പ്രതീക്ഷിക്കാത്ത നേരത്ത്] മരണം

അകാലി — അകാലപുരുഷനെ [അകാലപുരുഷൻ—അകാലമൂർത്തി] പൂജിക്കുന്നവൻ (സിക്കുകാരിൽ ഒരു വിഭാഗം)

അകാളം — കാളം അല്ലാത്ത [കാളം—കറുപ്പ്] (കറുത്തതല്ലാത്ത)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അകിതവൻ — കിതവൻ [കിതവൻ—ചൂതുകളിക്കുന്നവൻ] അല്ലാത്തവൻ (ചൂതാട്ടക്കാരനല്ലാത്തവൻ)

അകിഞ്ചനത്വം — അകിഞ്ചനന്റെ [അകിഞ്ചനൻ—കിഞ്ചനപോലും, അല്പംപോലും കൈയിലില്ലാത്തവൻ] ഭാവം (ദാരിദ്ര്യം)

അകിഞ്ചിജ്ഞൻ — [കിഞ്ചിജ്ഞൻ—അല്പം അറിയുന്നവൻ] അല്ലാത്തവൻ (മൂഢൻ)

അകീലിതൻ — കീലിതൻ [കീലിതൻ—കീലം, ആണി, അടിക്കപ്പെട്ടവൻ] അല്ലാത്തവൻ (ബന്ധന മുക്തൻ)

അകുതോഭയൻ — ഒന്നുകൊണ്ടും [അ—കുതഃ — ഒരിടത്തും] ഭയപ്പെടാത്തവൻ (ധീരഹൃദയൻ)

അകുപ്യം — കുപ്യം [കുപ്യം—നീചലോഹം] അല്ലാത്തത് (സ്വർണ്ണം)

അകുലൻ — തന്റെ കുലത്തിൽ [കുലം—വംശം] മറ്റൊരാളും ഇല്ലാത്തവൻ (ശിവൻ)

അകുല്യ — നല്ല കുലത്തിൽ [കുലം—വംശം] ജനിക്കാത്തവൾ (വ്യഭിചാരിണി)

അകൂടം — കൂടം അല്ലാത്തത് [കൂടകൗടില്യേ. കൂടം—അസത്യം] (നിഷ്കപടം)

അകൂപാരം — പാരഗമനം [പാരം—മറുതീരം] കുത്സിതം [കുത്സിതം—തുച്ഛം] അല്ലാത്തത് (സമുദ്രം)

അകൃതം — കൃതം അല്ലാത്തത് [കൃതം—ചെയ്യപ്പെട്ടത്] (ചെയ്യപ്പെടാത്തത്)

അകൃതകർമ്മാവ് — അകൃതമായ [അകൃതം—ചെയ്യപ്പെടാത്ത] കർമ്മത്തോട് [കർമ്മം—പ്രവൃത്തി] കൂടിയവൻ. (സ്വന്തം തൊഴിലിൽ സാമർത്ഥ്യമില്ലാത്തവൻ)

അകൃതകൃത്യൻ — അകൃതമായ [അകൃതം—ചെയ്യപ്പെടാത്ത] കൃത്യത്തോടുകൂടിയവൻ (ചെയ്യേണ്ടതു ചെയ്തിട്ടില്ലാത്തവൻ)

അകൃതക്രയം — അകൃതമായ [അകൃതം—ചെയ്യപ്പെടാത്ത] ക്രയം [ക്രയം—വാങ്ങൽ] (വാങ്ങാത്തത്)

അകൃതപൂർവ്വം — കൃതപൂർവ്വമല്ലാത്തത് [കൃതപൂർവ്വം—മുമ്പുചെയ്യപ്പെട്ടത്] (മുമ്പു ചെയ്തിട്ടില്ലാത്ത)

അകൃതശ്രമൻ — അകൃതമായശ്രമത്തോടു [ശ്രമം—അദ്ധ്വാനം] കൂടിയവൻ (അദ്ധ്വാനിച്ചിട്ടില്ലാത്തവൻ)

അകൃതസന്ധൻ — കൃതസന്ധൻ [ശരപ്രയോഗത്തിൽ സമർത്ഥൻ] അല്ലാത്തവൻ (അസമർത്ഥൻ)

അകൃതോദ്വാഹൻ — അകൃതമായ [അകൃതം—ചെയ്യപ്പെടാത്ത] ഉദ്വാഹത്തോടു [ഉദ്വാഹം—വിവാഹം] കൂടിയവൻ (അവിവാഹിതൻ)

അകൃതക്ഷേത്രം — അകൃതമായ [അകൃതം—ഒന്നും ചെയ്തിട്ടില്ലാത്ത] ക്ഷേത്രം [ക്ഷേത്രം—വിളനിലം] (തരിശുഭൂമി)

അകൃതിമില — കൃതിമിലയല്ലാത്തവൾ [കൃതിമില — പ്രസവിക്കുന്നവൾ] (വന്ധ്യ)

അകൃഷ്ടരോഹി — അകൃഷ്ടമായി [അകൃഷ്ടം — കൃഷിചെയ്യപ്പെടാതെ] രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക—മുളയ്ക്കുക] (കള, പാഴ്ച്ചെടി)

അകൃഷ്ടി — കൃഷ്ടിയല്ലാത്തവൻ [കൃഷ്ടി—സകലകാര്യങ്ങളിലും നിഷ്കർഷയുള്ളവൻ] (മൂഢൻ)

അകേകരൻ — കേകരൻ അല്ലാത്തവൻ [കേകരൻ — കോങ്കണ്ണൻ] (കോങ്കണ്ണില്ലാത്തവൻ)

അകൈതവം — കൈതവംകൂടാതെ [കൈതവം—ചതി] (നിർവ്യാജം)

അകോടം — കോടമില്ലാതെ [കോടം—വളവ്] ഒറ്റത്തടിയായിവളരുന്നത് (കവുങ്ങ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അകൗടൻ — (1) സ്വന്തമല്ലാത്ത കൗടത്തോട് [കൗടം–കുടി, വീട്] കൂടിയവൻ (പരഗൃഹവാസി)
(2) കൗടം [കൗടം–ചതി] ചെയ്യാത്തവൻ (മര്യാദക്കാരൻ)

അക്കര — അങ്ങേപ്പുറത്തെ കര (മറുകര)

അക്കരപ്പച്ച — അക്കരനോക്കുമ്പോൾ [അക്കര–മറുകര] അവിടെയെങ്ങും പച്ചയാണെന്ന [പച്ച–സസ്യസമൃദ്ധിയുടെ തെളിവായ പച്ചനിറം] തോന്നൽ (മിഥ്യാഭ്രമം)

അക്കി — സംസ്കൃതത്തിൽ അഗ്നിയെന്നും പ്രാകൃതത്തിൽ അഗ്ഗിയെന്നും ഉള്ള ശബ്ദത്തിന്റെ ഭാഷാരൂപം (തീ)

അക്കിത്തിരി — യാഗം ചെയ്ത ബ്രാഹ്മണന്റെ കേരളീയനാമം (അഗ്നിശ്രീ)

അക്രമം — ക്രമം ഇല്ലായ്മ [ക്രമം–പൂർവ്വാപരസംബന്ധനിയമം] (മുറതെറ്റിയനില)

അക്രമഭിന്നിതം — അക്രമമായ [അക്രമം–ക്രമമില്ലായ്മ] ഭിന്നിതം (ക്രമമല്ലാത്ത ഭിന്നസംഖ്യ)

അക്രയം — ക്രയം ചെയ്യായ്ക [ക്രയം–വിലയ്ക്കുവാങ്ങൽ) വിലയ്ക്കുവാങ്ങായ്ക)

അക്രവ്യാദൻ — ക്രവ്യത്തെ [ക്രവ്യം–പച്ചമാംസം] അദിക്കാത്തവൻ [അദിക്കുക – ഭക്ഷിക്കുക] (മാംസഭുക്കല്ലാത്തവൻ)

അക്രാസനം — ക്രാസനം [ക്രാസനം–മാർദ്ദവം] ഇല്ലായ്മ (പരുപരുപ്പ്)

അക്രിയൻ — സകലക്രിയകളെയും [ക്രിയ–പ്രവൃത്തി] ഉപേക്ഷിച്ചവൻ (നിഷ്ക്രിയൻ; മായാബന്ധമില്ലാത്തവൻ)

അക്രിയവാദി — അക്രിയവാദത്തിൽ [അക്രിയവാദം–ആത്മാവ് അക്രിയനാണെന്നും അതിനാൽ പുണ്യമോ പാപമോ അനുഭവിക്കേണ്ടതില്ലെന്നും ഉള്ള വാദം] വിശ്വസിക്കുന്നവൻ (ബ്രാഹ്മണർ ബുദ്ധന്നു നൽകിയ പരിഹാസപ്പേർ)

അക്രൂരൻ — (1) ക്രൂരൻ [ക്രൂരൻ–നിർദ്ദയൻ] അല്ലാത്തവൻ (യോഗ്യൻ)
(2) കൃഷ്ണഭക്തനായ ഒരു യാദവൻ. ഗാന്ദിനിയുടെ മകനായതുകൊണ്ടു ഗാന്ദിനേയൻ എന്നും പേരുണ്ട്.

അക്രേതവ്യം — ക്രേതവ്യം അല്ലാത്തത് [ക്രേതവ്യം – വില്ക്കത്തക്കത്] (വില്ക്കേണ്ടതല്ലാത്തത്)

അക്രോധം — ക്രോധം [ക്രോധം–കോപം] ഇല്ലായ്മ (കോപനിരോധനം)

അക്ലാന്തി — ക്ലാന്തി [ക്ലാന്തി–തളർച്ച] ഇല്ലായ്മ (തളർച്ചയില്ലായ്മ)

അക്ലിഷ്ടി — ക്ലിഷ്ടിഇല്ലായ്മ [ക്ലിഷ്ടി–ക്ലേശം] (എളുപ്പം)

അക്ലേദം — ക്ലേദമില്ലാത്ത [ക്ലേദം–നനവ്] നില (നനവില്ലായ്മ)

അകവണിതം — കവണിതം [കവണിതം–ശബ്ദം] ഇല്ലാത്തത് (നാദരഹിതം)

അക്ഷം — എങ്ങും വ്യാപിക്കുന്നത്. (അച്ചുതണ്ട്; അക്ഷരേഖ; അഞ്ച് എന്ന സംഖ്യ; ഇന്ദ്രിയം; ഒരളവ്; ഒന്നിലധികം രാജ്യങ്ങൾ തമ്മിലുണ്ടാക്കുന്ന കൂട്ടുകെട്ട്; കർഷം (മൂന്നു കഴഞ്ച്); കുടകപ്പാലയരി; കണ്ണ്; ചൂതുകരു; ചൂതുകളി; ജ്ഞാനം; തൊന്നി; തേര്; തോളെല്ല്; നിയമനടപടി; നീലത്തുരിശ്; പരൽ; പാമ്പ്; പൊന്നും വെള്ളിയും മറ്റുമായ ധനം; മാതളനാരകം; രുദ്രാക്ഷം; വെൺകടുക്; വണ്ടിച്ചക്രം; ഹൃദയം; ഭൂമിയുടെ അച്ചുതണ്ടായി കല്പിക്കുന്ന രേഖ)

അക്ഷകീലം — അക്ഷത്തിന്റെ [അക്ഷം–അച്ചുതണ്ട്] കീലം [കീലം–ആണി] (അച്ചാണി)

അക്ഷകുമാരൻ — അക്ഷൻ എന്ന കുമാരൻ (രാവണന്റെ ഇളയമകൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്ഷകുശലൻ — അക്ഷത്തിൽ [അക്ഷം—ചൂതുകളി] കുശലൻ [കുശലൻ — സമർത്ഥൻ] (ചൂതാട്ടക്കാരൻ)

അക്ഷകൂടം — അക്ഷത്തിന്റെ [അക്ഷം—കണ്ണ്] കൂടം [കൂടം—മുഖ്യഭാഗം] (കരിമിഴി)

അക്ഷക്രീഡ — അക്ഷംകൊണ്ടുള്ള [അക്ഷം—ചൂതുകരു] ക്രീഡ [ക്രീഡ—കളി] (ചൂതാട്ടം)

അക്ഷഗമ്യം — അക്ഷങ്ങൾക്ക് [അക്ഷം—ഇന്ദ്രിയം] ഗമിക്കാവുന്നത് (ഇന്ദ്രിയങ്ങൾ കൊണ്ടറിയാവുന്നത്)

അക്ഷജം — അക്ഷത്തിൽ നിന്ന് [അക്ഷം—ഹൃദയം] ജനിക്കുന്നത് (പ്രത്യക്ഷജ്ഞാനം)

അക്ഷതാർപ്പണം — അക്ഷതം കൊണ്ടുള്ള [അക്ഷതം—ഉണക്കലരി] അർപ്പണം (അരിയിട്ടുവാഴ്ച)

അക്ഷതം — ക്ഷതമേറ്റിട്ടില്ലാത്ത അരി [ക്ഷതം—പൊട്ടലും പൊടിയലും] (ഉണക്കലരി)

അക്ഷത്രം — അക്ഷങ്ങളെ [അക്ഷം—ഇന്ദ്രിയം] ത്രാണം ചെയ്യുന്നത് [ത്രാണം ചെയ്യുക — രക്ഷിക്കുക] (ശിരസ്സ്)

അക്ഷത്രം — അക്ഷത്തെ [അക്ഷം—അച്ചുതണ്ട്] ത്രാണം ചെയ്യുന്നത് [ത്രാണം ചെയ്യുക—നിലനിർത്തുക] (ചക്രം)

അക്ഷദണ്ഡം — അക്ഷത്തിന്റെ ദണ്ഡം (ഇതിന്റെ തത്ഭവമാണ് അച്ചുതണ്ട്)

അക്ഷദർശകൻ — അക്ഷത്തെ [അക്ഷം—വ്യവഹാര നടപടി] ദർശിക്കുന്നവൻ [ദർശിക്കുക — വീക്ഷിക്കുക] (ന്യായാധിപതി)

അക്ഷധരൻ — അക്ഷത്തെ [അക്ഷം—ചക്രം. ഇവിടെ സുദർശനചക്രം] ധരിക്കുന്നവൻ (മഹാവിഷ്ണു)

അക്ഷപടം — അക്ഷത്തിൽ [അക്ഷം—ചൂതുകളി] കരുക്കളെ നിർത്താനുള്ള ഭാഗങ്ങൾ വരച്ച പടം [പടം—ചിത്രം] (ചൂതുപടം)

അക്ഷപാദൻ — അക്ഷം [അക്ഷം—കണ്ണ്] പാദത്തിൽ [പാദം — കാൽ] ഉള്ളവൻ (ഗൗതമമഹർഷി. വ്യാസനും ഗൗതമനും വ്യത്യസ്താഭിപ്രായക്കാരായിരുന്നു. ഗൗതമൻ തന്റെ വിപ്രതിപത്തി പ്രകടിപ്പിച്ചതു കാലിൽ കണ്ണുവരുത്തിയാണെന്നൊരു കഥയുണ്ട്)

അക്ഷമണി — അക്ഷമാകുന്ന [അക്ഷം—രുദ്രാക്ഷം] മണി (ജപമാല കോർക്കാനുള്ള രുദ്രാക്ഷം)

അക്ഷമാല — 'അ' മുതൽ 'ക്ഷ' വരെയുള്ള അക്ഷരങ്ങൾക്കു പകരം അക്ഷം [അക്ഷം—രുദ്രാക്ഷം] കോർത്തുകെട്ടിയാൽ വർണ്ണസമൂഹം തികച്ചും ആകുമെന്നാണ് സങ്കല്പം. ഈയൊരു സവിശേഷതയാണ് അക്ഷമാലയ്ക്കുള്ളത്.

അക്ഷയൻ — 1. ക്ഷയം [ക്ഷയം—നാശം] ഇല്ലാത്തവൻ (ശിവൻ) 2. ക്ഷയം [ക്ഷയം — വീട്] ഇല്ലാത്തവൻ (സംന്യാസി)

അക്ഷയപാത്രം — അക്ഷയമായ [അക്ഷയം—ക്ഷയമില്ലാത്തത്] പാത്രം (ദ്രൗപദിയുടെ ഭക്ഷണം കഴിവോളം ഏതാഹാരവും ലഭിക്കുന്ന പാത്രം)

അക്ഷര — ക്ഷരം [ക്ഷരം—ക്ഷയം] ഇല്ലാത്ത (നശിക്കാത്ത)

അക്ഷരകാലം — ഒരു ലഘ്വക്ഷരം ഉച്ചരിക്കുന്നതിന്നാവശ്യമായ കാലം (സംഗീത ശാസ്ത്രത്തിലെ സാങ്കേതിക ശബ്ദം)

അക്ഷരജനനി — അക്ഷരത്തെ ജനിപ്പിക്കുന്നത് (പേന)

അക്ഷരജീവകൻ — അക്ഷരം കൊണ്ട് [എഴുത്തുപണികൊണ്ട്] ജീവിക്കുന്നവൻ (ഗുമസ്തൻ)

അക്ഷരജ്ഞാനം — അക്ഷരത്തിലുള്ള [അക്ഷരം — അക്ഷരവിദ്യ] ജ്ഞാനം (പാണ്ഡിത്യം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്ഷരത്രയം — അക്ഷരങ്ങളുടെ ത്രയം [അ+ഉ+മ് എന്ന മൂന്നക്ഷരം] (ഓം)

അക്ഷരമാല — അക്ഷരങ്ങളുടെ മാല [മാല—കൂട്ടം] (അ മുതൽ ഔ വരെ 16 സ്വരവും ക മുതൽ ഹ വരെ 33 വ്യഞ്ജനവും 4 ദ്രാവിഡമദ്ധ്യമവും കൂടി മലയാള ത്തിൽ 53 അക്ഷരങ്ങളുണ്ട്)

അക്ഷരമുഖൻ — അക്ഷരവിദ്യ [അക്ഷരവിദ്യ—പഠിപ്പ്] മുഖത്തുള്ളവൻ (അഭ്യസ്തവിദ്യൻ)

അക്ഷരലക്ഷം — ഒരു ശ്ലോകത്തിലുള്ള അക്ഷരമെണ്ണി ഒന്നിനു ലക്ഷം പണം പ്രീതം കൊടുക്കുന്ന സമ്മാനം

അക്ഷരശ്ലോകം — ഒരാൾ ചൊല്ലിയ ശ്ലോകത്തിലെ മൂന്നാംപാദത്തിന്റെ ആദ്യക്ഷരത്തിലാരംഭിക്കുന്ന ശ്ലോകം മറ്റേയാൾ ചൊല്ലിക്കൊണ്ടുള്ള മത്സരം (ഒരു സാഹിത്യവിനോദം)

അക്ഷരസംഖ്യ — അക്ഷരങ്ങൾക്കു സംഖ്യകണക്കാക്കുന്ന സൂത്രം

ക.	ട.	പ.	യ.	1
ഖ.	ഠ.	ഫ.	ര.	2
ഗ.	ഡ.	ബ.	ല.	3
ഘ.	ഢ.	ഭ.	വ.	4
ങ.	ണ.	മ.	ശ.	5
ച.	ത.		ഷ.	6
ഛ.	ഥ.		സ.	7
ജ.	ദ.		ഹ.	8
ഝ.	ധ.		ള.	9
ഞ.	ന.			0

ഇതനുസരിച്ച് 'ന' രണ്ടും 'മ' അഞ്ചും ആണ്. 'നമ'യോ? മറിച്ചിടേണ്ടതുകൊണ്ടു 52 (ഇതിന്റെ പഴയപേരാണ് പരൽപേർ)

അക്ഷരാഭ്യാസം — അക്ഷരങ്ങളുടെ അഭ്യാസം [അഭ്യാസം—പരിശീലനം] (വിദ്യാഭ്യാസം)

അക്ഷരാർത്ഥം — അക്ഷരങ്ങളുടെ അർത്ഥം (പദങ്ങൾക്കു വ്യുത്പത്തി അനുസരിച്ചുണ്ടാകുന്ന അർത്ഥം)

അക്ഷരാഭ്യാസം — അക്ഷരവിദ്യയിൽ [അക്ഷം — ചൂതുകളി] നാല്സ്ഥാനം വഹിക്കുന്ന കരു (കലി എന്ന കരു)

അക്ഷരാരംഭം — അക്ഷരങ്ങളുടെ ആരംഭം [ആരംഭം—തുടക്കം] (വിദ്യാരംഭം)

അക്ഷരി — ക്ഷനിയില്ലാത്ത [ക്ഷനി—നാശം] കാലം (മഴക്കാലം)

അക്ഷസൂത്രം — അക്ഷത്തിന്റെ [അക്ഷം—ജപമാല] സൂത്രം [സൂത്രം—നൂൽ] (ജപമാലയുടെ ചരട്)

അക്ഷഹൃദയം — 1. അക്ഷവിദ്യയുടെ [അക്ഷവിദ്യ—ചൂതുകളി] ഹൃദയം (അക്ഷരഹസ്യം)

2. ഒരു വൃക്ഷത്തിൽ ഏത്ര ഇലയും പൂവും ഉണ്ടെന്നു എണ്ണാതെ പറയാൻ കഴിയുന്ന ഒരു മന്ത്രം.

അക്ഷാന്തി — ക്ഷാന്തി ഇല്ലായ്മ [ക്ഷാന്തി—ക്ഷമ] (ഈർഷ്യ)

അക്ഷാംശം — അക്ഷത്തിന്റെ അംശം [അംശം—ഭാഗം] (ഭൂമദ്ധ്യരേഖയിൽ നിന്നു വടക്കോട്ടോ തെക്കോട്ടോ ഉള്ളദൂരം)

അക്ഷാവലി — അക്ഷങ്ങളുടെ [അക്ഷം—രുദ്രാക്ഷം] ആവലി [ആവലി—കൂട്ടം] (ജപമാല)

അക്ഷി — വിഷയങ്ങളിൽ വ്യാപിക്കുന്നത് [അശ് വ്യാപിക്കുക എന്ന അർത്ഥത്തിൽ] (കണ്ണ്)

അക്ഷികമ്പം — അക്ഷിയുടെ [അക്ഷി—കണ്ണ്] കമ്പം [കമ്പം — ചലനം] (കണ്ണിമയ്ക്കൽ)

അക്ഷികർണ്ണൻ — അക്ഷിയും [അക്ഷി—കണ്ണ്] കർണ്ണവും [കർണ്ണം — ചെവി] വെവ്വേറെ ഇല്ലാത്ത ജീവി (പാമ്പ്)

അക്ഷികോണം — അക്ഷിയുടെ [അക്ഷി—കണ്ണ്] കോണം [കോണം—മുന] (കൺമുന)

അക്ഷിഗോളം — അക്ഷിയിൽ [അക്ഷി—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കണ്ണ്] ഗോളാകൃതിയിൽ കാണുന്ന ഭാഗം (കരിമിഴി)

അക്ഷിതരം — പരിശുദ്ധി കൊണ്ടു അക്ഷിയ്ക്കു [അക്ഷി—മിഴി] സദൃശമായത് (വെള്ളം)

അക്ഷിതാര — അക്ഷിയുടെ [അക്ഷി—കണ്ണ്] താര (കൃഷ്ണമണി)

അക്ഷിപഥം — അക്ഷിയുടെ [അക്ഷി—കണ്ണ്] പന്ഥാവ് [പന്ഥാവ്—മാർഗ്ഗം] (കാഴ്ചപ്പാട്)

അക്ഷിപക്ഷ്മം — അക്ഷിയുടെ [അക്ഷി—കണ്ണ്] പക്ഷ്മം [പക്ഷ്മം—ഇമ] (കൺപീലി)

അക്ഷിഭേഷജം — അക്ഷിയ്ക്കുള്ള [അക്ഷി—കണ്ണ്] ഭേഷജം [ഭേഷജം—ഔഷധം] (കണ്ണെഴുതാൻ ഉപയോഗിക്കുന്ന പാച്ചോറ്റി)

അക്ഷിവിലാസം — അക്ഷിയുടെ [അക്ഷി—മിഴി] വിലാസം [വിലാസം—ഭംഗി] (നയനഭംഗി)

അക്ഷുദ്രൻ — ക്ഷുദ്രൻ [ക്ഷുദ്രൻ—നിസ്സാരൻ] അല്പാത്തവൻ (ശ്രേഷ്ഠൻ)

അക്ഷേത്രാജീവൻ — ക്ഷേത്രാജീവൻ [ക്ഷേത്രാജീവൻ — കൃഷിക്കാരൻ] അല്പാത്തവൻ (കൃഷിക്കാരനല്പാത്തവൻ)

അക്ഷോടം — അക്ഷത്തിന്റെ [അക്ഷം—താന്നിമരം] ഉടംപോലെയുള്ള [ഉടം—ഇല] ഉടമുള്ളത് (മധുമജ്ജ എന്നചെടി)

അക്ഷോഭ്യൻ — ഒന്നുകൊണ്ടും ക്ഷോഭിക്കാത്തവൻ [ക്ഷോഭം—മനസ്സിന്റെ ഇളക്കം] (സ്ഥിരചിത്തൻ)

അക്ഷൗഹിണി — അക്ഷങ്ങളുടെ [അക്ഷം—രഥം] ഊഹിനി [ഊഹിനി—സമൂഹം] (പത്ത് അനീകിനി ചേർന്ന ഒരു സൈന്യവിഭാഗം)

അക്ഷ്ണം — തുടർച്ചയായി വ്യാപിക്കുന്നത് [അക്ഷൂ വ്യാപ്തൗ. അക്ഷ്ണോതി—വ്യാപിക്കുന്നു] (കാലം)

അഖണ്ഡം — ഖണ്ഡം അല്ലാതെ [ഖണ്ഡം—കഷണം] (മുഴുവൻ)

അഖണ്ഡകല — അഖണ്ഡമായ [അഖണ്ഡം—പൂർണ്ണം] കലകളോടു [കല—ഭാഗം] കൂടിയത് (പൂർണ്ണചന്ദ്രൻ)

അഖണ്ഡനാമയജ്ഞം — അഖണ്ഡമായ [അഖണ്ഡം—ഇടവിടാതെ] നാമയജ്ഞം (ഈശ്വരനാമം അഖണ്ഡമായി ജപിക്കുന്ന പുണ്യകർമ്മം)

അഖലൻ — ഖലൻ [ഖലൻ—ദുഷ്ടൻ] അല്പാത്തവൻ (ശിഷ്ടൻ)

അഖാദനം — ഖാദനം ചെയ്യാതിരിക്കൽ [ഖാദതി—തിന്നുന്നു] (ഭക്ഷിക്കാതിരിക്കൽ)

അഖിലം — ഖിലം [ഖിലം—അപൂർണ്ണം] അല്പാത്തത് (മുഴുവൻ)

അഖിലരൂപൻ — അഖിലരൂപവും [അഖിലരൂപം — എല്ലാരൂപവും] കൈക്കൊള്ളുന്നവൻ (ഈശ്വരൻ)

അഖിലാധാരൻ — അഖിലത്തിന്നും [അഖിലം—മുഴുവൻ] ആധാരമായി [ആധാരം—ആശ്രയം] നില്ക്കുന്നവൻ (സർവ്വേശൻ)

അഖേദം — ഖേദം [ഖേദം—ദുഃഖം] ഇല്ലായ്മ (ദുഃഖമില്ലായ്മ)

അഖ്യാതികരം — അഖ്യാതി [അഖ്യാതി — ദുഷ്ക്കീർത്തി] ഉണ്ടാക്കുന്ന (അപ്രശസ്തിയുണ്ടാക്കുന്ന)

അഗം — ഗമിക്കാത്തത് [ഗമിക്കുക—പോവുക] (പർവ്വതം, വൃക്ഷം)

അഗച്ഛം — ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു ഗമിക്കാത്തതു [ഗമിക്കുക—പോവുക] (വൃക്ഷം)

അഗജ — അഗത്തിൽ നിന്നു [അഗം—പർവ്വതം. ഇവിടെ ഹിമാലയപർവ്വതം] ഉണ്ടായവൾ (പാർവ്വതി)

അഗജാവല്ലഭൻ — അഗജയുടെ [അഗജ—പാർവ്വതി] വല്ലഭൻ [വല്ലഭൻ—ഭർത്താവ്] (ശിവൻ)

അഗജം — അഗത്തിൽനിന്നു [അഗം—പർവ്വതം] ജനിച്ചത് (കന്മദം)

അഗതി — ഗതി ഇല്ലാത്തവൻ [ഗതി—ജീവിതമാർഗ്ഗം] (നിസ്സഹായൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗദം — ഗദത്തെ [ഗദം — രോഗം] ഇല്ലാതാക്കുന്നതു (ഔഷധം)

അഗദകാരൻ — ഗദത്തെ [ഗദം—രോഗം] ഇല്ലാതാക്കുന്നവൻ (വൈദ്യൻ)

അഗദതന്ത്രം — അഗദത്തെപ്പറ്റിയുള്ള [അഗദം—ഔഷധം] തന്ത്രം [തന്ത്രം—സിദ്ധാന്തം. തനു വിസ്താരേ] (വൈദ്യ ശാസ്ത്രം)

അഗദരാജം — അഗദങ്ങളിൽ [അഗദം—ഔഷധം] രാജം [രാജം — ശ്രേഷ്ഠം] (കടുക്ക)

അഗൻ — ഉഷ്ണംകൊണ്ടു, അടുത്തു ചെല്ലാൻ പറ്റാത്തവൻ (സൂര്യൻ)

അഗനന്ദിനി — അഗത്തിന്റെ [അഗം—പർവ്വതം] നന്ദിനി [നന്ദിനി—മകൾ] (ഗിരിജ)

അഗമ്യ — ഗമ്യയല്ലാത്തവൾ [ഗമ്യ—ഗമിക്കാവുന്നവൾ. ഗമിക്കുക—പ്രാപിക്കുക] (പ്രാപിക്കാൻ പറ്റാത്തവൾ)

അഗശിഖരം — അഗത്തിന്റെ [അഗം—പർവ്വതം] ശിഖരം [ശിഖരം—അറ്റം] (കൊടുമുടി)

അഗസ്ത്യൻ — അഗത്തെ [അഗം—പർവ്വതം. ഇവിടെ വിന്ധ്യൻ] അമർത്തിയവൻ (അഗസ്ത്യമഹർഷി)

അഗസ്ത്യ കൂടം — സഹ്യപർവ്വതത്തിലെ ഒരു കൊടുമുടി (കരമനയാറും നെയ്യാറും ഇതിന്റെ പാർശ്വങ്ങളിൽ നിന്നുത്ഭവിക്കുന്നു)

അഗസ്ത്യസഹോദരൻ — അഗസ്ത്യന്റെ [അഗസ്ത്യൻ — അഗസ്ത്യമഹർഷി] സഹോദരൻ (അഗ്നി ജിഹ്വൻ)

അഗാത്മജ — അഗത്തിന്റെ [അഗം—പർവ്വതം] ആത്മജ [ആത്മജ—മകൾ] (പാർവ്വതി)

അഗാധം — ഗാധംഅല്ലാത്തത് [ഗാധം—നിലയുള്ള ദിക്ക്] (ആഴം കൂടിയ സ്ഥലം)

അഗാരദാഹി — അഗാരത്തെ [അഗാരം—വീട്] ദഹിപ്പിക്കുന്നവൻ [ദഹിപ്പിക്കുക —ചുടുക] (വീടിന്നു തീ വെക്കുന്നവൻ)

അഗാരി — അഗങ്ങളുടെ [അഗം—പർവ്വതം] അരി [അരി—ശത്രു] (ഇന്ദ്രൻ)

അഗിരൗകസ്സ് — അഗിരം [അഗിരം—സ്വർഗ്ഗം] ഓകസ്സായുള്ളവൻ [ഓകസ്സ്—വീട്ട്] (ദേവൻ)

അഗു — ഗോക്കൾ [ഗോവ്—രശ്മി] ഇല്ലാത്തവൻ (സൂര്യപ്രകാശം തട്ടാത്തതുകൊണ്ടു രാഹുവിന്ന് ഈ പേർ ഉണ്ടായി)

അഗുണവാദി — ഗുണവാദി അല്ലാത്തവൻ [ഗുണവാദി—ഗുണം വദിക്കുന്നവൻ] (ദോഷം കാണുകയും പറയുകയും ചെയ്യുന്നവൻ)

അഗുണം — ഗുണം [ഗുണം—നന്മ] ഇല്ലായ്മ (ദോഷം)

അഗുരു — ഗുരുവല്ലാത്ത [ഗുരു—ഭാരം] (ഘനമില്ലാത്ത)

അഗൂഢഗന്ധം — അഗൂഢമായ [അഗൂഢം — മറച്ചുവെക്കാൻ കഴിയാത്ത] ഗന്ധത്തോടു [ഗന്ധം—മണം] കൂടിയത് (പെരുങ്കായം)

അഗൃഹൻ — ഗൃഹമില്ലാതെ [ഗൃഹം—വീട്] അലയുന്നവൻ (സംന്യാസി)

അഗോചരം — ഗോക്കൾ [ഗോക്കൾ—ഇന്ദ്രിയങ്ങൾ] ചരിച്ചു [ചരിക്കുക —സഞ്ചരിക്കുക] അറിയാത്തത് (ഇന്ദ്രിയങ്ങൾ വഴി മനസ്സിലാക്കിയിട്ടില്ലാത്ത വസ്തു)

അഗൗകസ്സ് — അഗം [അഗം—പർവ്വതം] ഓകസ്സായി [ഓകസ്സ് — വീട്] ഉള്ളവൻ (പർവ്വതവാസി)

അഗ്നാമരുത്ത് — അഗ്നിക്കും [അഗ്നി—തീ] മരുത്തിനും [മരുത്ത്—വായു] ഒന്നായുള്ള പേർ

അഗ്നി — ഊർദ്ധ്വഗമനം ചെയ്യുന്നത് [അഗ് വളഞ്ഞുതിരിഞ്ഞു പോവുക] (തീ)

അഗ്നികം — അഗ്നിയെപ്പോലെ [അഗ്നി—തീ] മിന്നുന്നത് (മിന്നാമിനുങ്ങ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നികാര്യം — അഗ്നിയെ [അഗ്നി —തീ] ഉദ്ദീപിപ്പിക്കുന്ന കാര്യം [കാര്യം—വിറക്] (അകിൽ)

അഗ്നികുണ്ഡം — അഗ്നിക്കുള്ള [അഗ്നി—തീ] കുണ്ഡം [കുണ്ഡം — കുഴി] (യാഗാഗ്നിസൂക്ഷിക്കുന്ന സ്ഥലം)

അഗ്നികുമാരൻ — ശിവബിംബം അഗ്നിയിൽ [അഗ്നി—തീ] ക്ഷേപിച്ചുണ്ടായ കുമാരൻ (സുബ്രഹ്മണ്യൻ)

അഗ്നികോണം — അഗ്നി ദേവതയായുള്ള കോൺ (തെക്കുകിഴക്ക്)

അഗ്നികം — അഗ്നിയെപ്പോലെ [അഗ്നി — തീ] പ്രകാശിക്കുന്നത് (മിന്നാം മിനുങ്ങ്)

അഗ്നിക്രിയ — അഗ്നിയിൽ [അഗ്നി—തീ] ചെയ്യുന്ന ക്രിയ [ക്രിയ—പ്രവൃത്തി] (ശവദാഹം)

അഗ്നിക്രീഡ — അഗ്നികൊണ്ടുള്ള [അഗ്നി — തീ] ക്രീഡ [ക്രീഡ—വിനോദം] (കരിമരുന്നുപ്രയോഗം)

അഗ്നിഗർഭം — ഗർഭത്തിൽ [ഗർഭം—ഉൾഭാഗം] അഗ്നി [അഗ്നി — തീ] ഉള്ളത് (സൂര്യകാന്തമണി).

അഗ്നിഗൃഹം — അഗ്നിസൂക്ഷിക്കുന്ന [അഗ്നി — യാഗാഗ്നി] ഗൃഹം (യാഗശാല)

അഗ്നിഘൃതം — അഗ്നിയെ ഉദ്ദീപിപ്പിക്കുന്ന [അഗ്നി — ജഠരാഗ്നി] ഘൃതം [ഘൃതം — നെയ്] (ആയുർവ്വേദവിധിപ്രകാരമുള്ള ഒരൗഷധം)

അഗ്നിചൂർണ്ണം — അഗ്നിയുണ്ടാക്കുന്ന ചൂർണ്ണം [ചൂർണ്ണം — പൊടി] (പെടിമരുന്ന്)

അഗ്നിജനകം — അഗ്നിയെ [അഗ്നി—തീ] ജനിപ്പിക്കുന്നത് [ജനിപ്പിക്കുക—ഉണ്ടാക്കുക] (പ്രാണവായു)

അഗ്നിജിഹ്വ — അഗ്നിയുടെ [അഗ്നി — തീ] ജിഹ്വ [ജിഹ്വ — നാവ്] (തീനാമ്പ്)

അഗ്നിജിഹ്വിക — അഗ്നിജിഹ്വപോലുള്ള [അഗ്നിജിഹ്വ—തീനാമ്പ്] പൂവോടുകൂടിയത് (മേതേതാന്നി)

അഗ്നി ജീവി — അഗ്നിയെ ആശ്രയിച്ചു [അഗ്നി—തീ] ജീവിക്കുന്നവൻ (തട്ടാൻ)

അഗ്നിതപസ്സ് — പഞ്ചാഗ്നി മദ്ധ്യത്തിൽ പ്രഞ്ചാഗ്നി—നാലുഭാഗത്തും കത്തുന്ന തീ. മുകളിൽ ജ്വലിക്കുന്ന സൂര്യൻ] നിന്നുള്ള തപസ്സ് (കഠിനതപസ്സ്)

അഗ്നിത്രയം — അഗ്നിയുടെ ത്രയം [ത്രയം—മൂന്ന്] (ഗാർഹപത്യാഗ്നി, ആഹവനീയാഗ്നി, ദക്ഷിണാഗ്നി എന്ന മൂന്നു യാഗാഗ്നികൾ)

അഗ്നിദാതാവ് — അഗ്നിയുടെ [അഗ്നി—തീ] ദാതാവ് [ദാതാവ്—ദാനം ചെയ്യുന്നവൻ] (ശേഷക്രിയ നടത്തുന്നവൻ)

അഗ്നിദേവൻ — അഗ്നി എന്ന് ദേവൻ (വേദപുരാണങ്ങളിലെ ഒരു ദേവൻ; തെക്കുകിഴക്കുദിക്കിന്റെ അധിപൻ; വിഷ്ണുവിന്റെ മൂത്ത പുത്രൻ; അർജ്ജുനന്നു ഗാണ്ഡീവചാപം സമ്മാനിച്ച ദേവൻ)

അഗ്നി നക്ഷത്രം — യാഗാഗ്നികൾ മൂന്നുള്ളതിനാൽ അഗ്നിയ്ക്കു മൂന്ന് എന്ന അർത്ഥമുണ്ട്. അതുകൊണ്ടു മൂന്നാമത്തെ നക്ഷത്രം എന്ന അർത്ഥം ലഭിക്കുന്നു (കാർത്തിക)

അഗ്നിനേത്രൻ — അഗ്നിമയമായ നേത്രത്തോടു [നേത്രം — കണ്ണ്] കൂടിയവൻ (ശിവൻ)

അഗ്നിപരീക്ഷ — അഗ്നിയിൽ ചാടി [അഗ്നി—തീ] ശുദ്ധി തെളിയിക്കുന്ന പരീക്ഷ (സത്യപരീക്ഷ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്നിപദം — അഗ്നിക്കുള്ള [അഗ്നി—തീ] പദം [പദം — സ്ഥാനം] (അടുപ്പ്)

അഗ്നിപുരാണം — അഗ്നി വസിഷ്ഠന്നു ഉപദേശിച്ചുകൊടുത്ത പുരാണം (പതിനെട്ടു മഹാപുരാണങ്ങളിലൊന്ന്)

അഗ്നിപ്രവേശം — അഗ്നിയിൽ പ്രവേശിച്ചു ജീവത്യാഗം ചെയ്യൽ (ഉടന്തടി ചാട്ടം)

അഗ്നിഭം — 1. അഗ്നിതുല്യം [അഗ്നി—തീ] ഭാസിക്കുന്നത് [ഭാസിക്കുക—ശോഭിക്കുക] (കാർത്തികനക്ഷത്രം)

2. മൂന്നാമത്തെ നക്ഷത്രം [യാഗാഗ്നികൾ മൂന്നുള്ളതിനാൽ അഗ്നിയ്ക്കു മൂന്ന് എന്നർത്ഥമുണ്ട്. ഭം നക്ഷത്രമാണ് (കാർത്തിക)

അഗ്നിഭാര്യ — അഗ്നിയുടെ [അഗ്നി—അഗ്നിദേവൻ] ഭാര്യ (സ്വാഹ)

അഗ്നിഭൂ — അഗ്നിയിൽ ഭവിച്ചവൻ [ദേവരക്ഷക്കായി ശിവൻ അഗ്നിരൂപമായ വീജം വഹ്നിമുഖത്തിൽ ക്ഷേപിച്ചു. വഹ്നി കൃത്തികയിൽ ക്ഷേപിച്ചു. ഇങ്ങനെയാണ് കാർത്തികേയന്റെ ജനനം (സുബ്രഹ്മണ്യൻ)

അഗ്നിമാന്ദ്യം — അഗ്നിയുടെ [അഗ്നി—ജഠരാഗ്നി] മാന്ദ്യം [മാന്ദ്യം—മന്ദത] (ദഹനക്കുറവ്)

അഗ്നിമാരുതി — അഗ്നിയുടെയും [അഗ്നി—തീ] മരുത്തിന്റെയും [മരുത്ത്—വായു] സന്താനം (അഗസ്ത്യൻ)

അഗ്നിമിത്രൻ — കാളിദാസന്റെ മാളവികാഗ്നിമിത്രം നാടകത്തിലെ നായകൻ (പുഷ്യമിത്രന്റെ പുത്രൻ)

അഗ്നിമുഖൻ — അഗ്നിമുഖത്തിലൂടെ ഹവിർഭാഗത്തെ [ഹവിർഭാഗം—യാഗാഗ്നിയിൽ ഹോമിക്കുന്ന വിശിഷ്ടദ്രവ്യങ്ങളുടെ അംശം] സ്വീകരിക്കുന്നവൻ (ദേവൻ)

അഗ്നിയോജനം — അഗ്നിയെ യോജിപ്പിക്കൽ (ഹോമാഗ്നി ഒരുക്കൽ)

അഗ്നിരാശി — അഗ്നിയുടെ [അഗ്നി—തീ] രാശി [രാശി — സമൂഹം] (തീക്കൂമ്പാരം)

അഗ്നിലിംഗം — അഗ്നിയുടെ [അഗ്നി—തീ] ലിംഗം [ലിംഗം — അടയാളം] (പുക)

അഗ്നി വധു — അഗ്നിയുടെ [അഗ്നി—തീ] വധു [വധു—കൊണ്ടുവരപ്പെടുന്നവൾ, ഭാര്യ] (സ്വാഹ)

അഗ്നിവർണ്ണൻ — രഘുവംശ മഹാകാവ്യത്തിൽ കാളിദാസൻ വർണ്ണിച്ചിട്ടുള്ള ഒരു ക്ഷത്രിയൻ (സൂര്യവംശത്തിലെ ഒടുവിലത്തെ രാജാവ്)

അഗ്നിവർദ്ധകം — അഗ്നിയെ [അഗ്നി—ജഠരാഗ്നി] വർദ്ധിപ്പിക്കുന്നത് (പഥ്യാഹാരം)

അഗ്നിവാരകം — അഗ്നിയുടെ ശക്തിയെ വാരണം ചെയ്യുന്നത് [വാരണം ചെയ്യുക — തടയുക] (Fire proof)

അഗ്നിവാസരം — അഗ്നിയുടെ വാസരം [അഗ്നി — ചൊവ്വാഗ്രഹം വാസരം—ദിവസം] (ചൊവ്വാഴ്ച)

അഗ്നിവാഹം — അഗ്നിയെ വഹിക്കുന്നത് (പുക)

അഗ്നിവീജം — അഗ്നി വീജമായിട്ടുള്ളത് [വീജം — ഉത്പത്തിസ്ഥാനം] (സ്വർണ്ണം)

അഗ്നിവേശൻ — ചരകം എന്ന ആയുർവ്വേദഗ്രന്ഥത്തിന്റെ കർത്താവ് (ഒരു മുനി)

അഗ്നിശാമകൻ — അഗ്നിശമനപ്രവർത്തകൻ [ശാമകൻ—ശമിപ്പിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നവൻ] (തീകൊടുത്തുന്നവൻ)

അഗ്നിശാല — ഗാർഹപത്യാഗ്നി [ഗാർഹപത്യാഗ്നി — ഗൃഹസ്ഥന്റെ അഗ്നി] സൂക്ഷിക്കുന്ന ശാല (അഗ്നിരക്ഷണസ്ഥലം)

അഗ്നിശിഖ — അഗ്നിയുടെ ശിഖ [ശിഖ—ജ്വാല] (തീനാളം)

അഗ്നിശിഖം — അഗ്നിതുല്യമായ ശിഖ [ശിഖ — കേസരം] ഉള്ളത് (കുങ്കുമം)

അഗ്നിഷ്ടുത്ത് — അഗ്നിടെയ സ്തുതിക്കുന്നത് (ഒരു യാഗകർമ്മം)

അഗ്നിസഖൻ — അഗ്നിയുടെ [അഗ്നി—തീ] സഖാവ് [സഖാവ് — സ്നേഹിതൻ] (വായു)

അഗ്നിസംഭവൻ — അഗ്നിയിൽ സംഭവിച്ചവൻ [സംഭവം — ജനനം] (സുബ്രഹ്മണ്യൻ)

അഗ്നിസംസ്കാരം — അഗ്നികൊണ്ടുള്ള സംസ്കാരം [സംസ്കാരം—ശുദ്ധി] (ശവദാഹം)

അഗ്നിസാക്ഷിണി — അഗ്നിയെ സാക്ഷിനിർത്തി വിവാഹം ചെയ്യപ്പെട്ടവൾ (ഭാര്യ)

അഗ്നിസാദം — അഗ്നിയുടെ [അഗ്നി—ജഠരാഗ്നി] സാദം [സാദം—തളർച്ച] (അഗ്നിമാന്ദ്യം)

അഗ്നിസ്തോകം — അഗ്നിയുടെ [അഗ്നി—തീ] സ്തോകം. [സ്തോകം—കണം] (തീപ്പൊരി)

അഗ്നിഹേതി — അഗ്നിയുടെ ഹേതി [ഹേതി—ആയുധം] (തീജ്വാല)

അഗ്നിഹോത്രം — അഗ്നിയിൽ അനുഷ്ഠിക്കുന്ന ഹോത്രം [ഹോത്രം—ഹോമം] (ഒരുതരംഹോമം)

അഗ്നിഹോത്രി — വരരുചിയുടെ മൂത്തപുത്രൻ.

അഗ്നീയൻ — ആഗ്നേയഗ്രഹം (ചൊവ്വ)

അഗ്നീഷോമയോർ — അഗ്നിയും [അഗ്നി — സൂര്യൻ എന്നർത്ഥം] സോമനും [സോമൻ — ചന്ദ്രൻ] (സൂര്യചന്ദ്രന്മാർ)

അഗ്രകായം — അഗ്രമായ [അഗ്രം—അരക്കെട്ടിന്നുമുകളിലുള്ള ഭാഗം] കായം [കായം — ദേഹം] (പൂർവ്വകായം)

അഗ്രഗൻ — അഗ്രഭാഗത്തു [അഗ്രം—പ്രഥമസ്ഥാനം] ഗമിക്കുന്നവൻ [ഗമിക്കുക—പോവുക] (വഴികാട്ടി)

അഗ്രജൻ — അഗ്രത്തിൽ [അഗ്രം—മുഖ്യസ്ഥാനം] ജനിച്ചവൻ (ജ്യേഷ്ഠൻ)

അഗ്രണി — അഗ്രസ്ഥാനത്തിക്കു [അഗ്രസ്ഥാനം — പ്രഥമസ്ഥാനം] നയിക്കുന്നവൻ (മുമ്പൻ)

അഗ്രപീഠം — അഗ്രമായ [അഗ്രം—ശ്രേഷ്ഠം] പീഠം (ബഹുമാന്യസ്ഥാനം)

അഗ്രപൂജ — അഗ്രമായ [അഗ്രം—ശ്രേഷ്ഠം] പൂജ (എല്ലാംകൊണ്ടും ശ്രേഷ്ഠനായ ഒരാൾക്കു നൽകുന്ന സത്കാരം)

അഗ്രഭുക്ക് — അഗ്രത്തിൽ [അഗ്രം—ആദ്യം] ഭുജിക്കുന്നവൻ [ഭുജിക്കുക—ഭക്ഷിക്കുക] (മുൻപന്തിയിൽ ഇരുന്നുണ്ണുന്നവൻ)

അഗ്രഭോജനം — അഗ്രത്തിൽ [അഗ്രം—ഒന്നാമത്] ഭുജിക്കാനുള്ള [ഭുജിക്കുക—ഉണ്ണുക] അവകാശം (ബ്രാഹ്മണഭോജനം)

അഗ്രയായി — അഗ്രത്തിൽ [അഗ്രത്തിൽ—മുമ്പിൽ] യാനം ചെയ്യുന്നവൻ [യാനം—യാത്ര] (സേനാനായകൻ)

അഗ്രയോധി — യോധികളിൽ [യോധി—യുദ്ധം ചെയ്യുന്നവൻ] അഗ്രൻ [അഗ്രൻ—മുഖ്യൻ] (സേനാനായകൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗ്രലേഖം — അഗ്രമായ [അഗ്രം—മുഖ്യം] ലേഖം [ലേഖം — ലേഖനം] (മുഖപ്രസംഗം)

അഗ്രലോഹിതം — അഗ്രമായ [അഗ്രം—മുഖ്യം] ലോഹിതത്തോടു [ലോഹിതം — ചുകപ്പുനിറം] കൂടിയത് (കടും ചുവപ്പുനിറമുള്ളത്: ചീര)

അഗ്രസ്ഥാനം — അഗ്രമായ [അഗ്രം—പ്രഥമം] സ്ഥാനം (പൂജ്യസ്ഥാനം)

അഗ്രഹസ്തം — ഹസ്തത്തിന്റെ [ഹസ്തം—കൈ] അഗ്രം [അഗ്രം — അറ്റം] (കൈവിരൽ)

അഗ്രഹായണം — ഹായനത്തിന്റെ [ഹായനം — സംവത്സരം] അഗ്രം [അഗ്രം—അറ്റം] (ആണ്ടുപിറപ്പ്)

അഗ്രാശി — അഗ്രസ്ഥാനത്തിലിരുന്ന് [അഗ്രസ്ഥാനം — മുഖ്യസ്ഥാനം] അശിക്കുന്നവൻ [അശിക്കുക—ഭക്ഷിക്കുക] (പ്രമാണി)

അഗ്രാസനം — അഗ്രമായ [അഗ്രം—ശ്രേഷ്ഠം] ആസനം [ആസനം—ഇരിപ്പിടം] (പ്രഥമസ്ഥാനം)

അഗ്രാസനപതി — അഗ്രാസനത്തിന്റെ [അഗ്രാസനം—പ്രഥമസ്ഥാനം] പതി [പതി — നാഥൻ] (അദ്ധ്യക്ഷൻ)

അഗ്രിമൻ — അഗ്രത്തിൽ [അഗ്രം—പ്രഥമം] ഭവിച്ചവൻ (ജ്യേഷ്ഠൻ)

അഗ്രേഗൻ — അഗ്രത്തിൽ [അഗ്രേ—മുമ്പിൽ] ഗമിക്കുന്നവൻ (മുൻഗാമി)

അഗ്രേജാതൻ — അഗ്രത്തിൽ [അഗ്രത്തിൽ — മുമ്പിൽ] ജനിച്ചവൻ (ജ്യേഷ്ഠൻ)

അഗ്രേസരൻ — അഗ്രത്തിൽ [അഗ്രേ—മുമ്പിൽ] സഞ്ചരിക്കുന്നവൻ [സരിക്കുക—സഞ്ചരിക്കുക] (നേതാവ്)

അഗ്ര്യപൂജ — അഗ്ര്യമായ [അഗ്ര്യം—മുഖ്യം] പൂജ (മുഖ്യാരാധന)

അഘകൃത്ത് — അഘത്തെ [അഘം—പാപം] ചെയ്യുന്നവൻ (പാപം ചെയ്യുന്നവൻ)

അഘഘ്നൻ — അഘനെ [അഘൻ—അഘാസുരൻ] ഹനിച്ചവൻ [ഹനിക്കുക—കൊല്ലുക] (ശ്രീകൃഷ്ണൻ)

അഘമർഷണം — അഘത്തെ [അഘം—പാപം] മർഷണം ചെയ്യുന്ന [മർഷണം ചെയ്യുക—നശപ്പിക്കുക] മന്ത്രം (പാപപരിഹാരമന്ത്രം)

അഘമോചനം — അഘത്തിൽ നിന്നുള്ള [അഘം — പാപം] മോചനം [മോചനം—രക്ഷ] (പാപനിവൃത്തി)

അഘർമ്മം — ഘർമ്മം [ഘർമ്മം—ചൂട്] ഇല്ലാത്ത (തണുത്ത)

അഘർമ്മാംശു — അഘർമ്മമായ [അഘർമ്മം—തണുത്ത] അംശുക്കളോടു [അംശു—രശ്മി] കൂടിയവൻ (ചന്ദ്രൻ)

അഘാതം — ഘാതം [ഘാതം—കൊല] ചെയ്യായ്ക (ജന്തുഹിംസാനിരോധം)

അഘാഹം — അഘമായ [അഘം—പാപം] അഹസ്സ് [അഹസ്സ്—ദിവസം] (പാപദിനം, അശുഭദിവസം)

അഘോരം — അഘോരം എന്ന മുഖം (ശിവന്റെ അഞ്ചുമുഖങ്ങളിലൊന്ന്)

അഘോരൻ — അഘോരം എന്ന മുഖം ഉള്ളവൻ (ശിവൻ)

അഘോരപഥൻ — അഘോരമാർഗ്ഗം [അഘോരമാർഗ്ഗം—ശൈവമതം] സ്വീകരിച്ചവൻ (ശൈവമതാനുയായി)

അഘോരശിവൻ — അഘോരനായ [അഘോരൻ—സൗമ്യൻ] ശിവൻ (ഈ ശാനം, തത്പുരുഷം, അഘോരം, വാമദേവം, സദ്യോജാതം ഇവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യാണ് ശിവന്റെ പഞ്ചമുഖങ്ങൾ. നടുവിലത്തേതാണ് അഘോരം. അഘോര ശിവൻ എന്ന സംജ്ഞ ഇതിനെ അടിസ്ഥാനമാക്കിയാണ് നൽകിയത്.

അഘൗഘം — അഘങ്ങളുടെ [അഘം –പാപം] ഓഘം [ഓഘം – സമൂഹം] (മഹാപാപം)

അഘ്ന്യ — ഹനിക്കാൻ പാടില്ലാത്തത് [ഹനിക്കുക–കൊല്ലുക] (പശു)

അങ്കം — [അകി ലക്ഷണേ] അടയാളപ്പെടുത്തുന്നതിനാൽ (അടയാളം)

അങ്കക്കാരൻ — അങ്കത്തിന്നു [അങ്കം–പോര്] പുറപ്പെട്ടവൻ (പോരാളി)

അങ്കക്കിഴി — അങ്കച്ചേകവർക്കുള്ള [അങ്കച്ചേകവർ–അങ്കംവെട്ടാനൊരുങ്ങിയ ചേകവർ] കിഴി (ചേകവർക്കു നൽകുന്ന പണക്കിഴി)

അങ്കഗണിതം — അങ്കം കൊണ്ടുള്ള [അങ്കം–അടയാളം] ഗണിതം (ഇംഗ്ലീഷിലെ Arithmetic. സംഖ്യ എന്നർത്ഥമുള്ള അരിത്മോസ് എന്ന ഗ്രീക്ക്പദത്തിന്റെ തദ്ഭവം.)

അങ്കച്ചമയം — അങ്കത്തിനു [അങ്കം–യുദ്ധം] പോകുന്നവരുടെ ചമയം (അങ്കക്കാരുടെ വേഷാലങ്കാരം)

അങ്കണം — [അംഗ ഗത്യാദൗ] നടക്കുന്നതിനുള്ള സ്ഥലം (മുറ്റം)

അങ്കത്തട്ട് — അങ്കം വെട്ടുന്നതിന്നു [അങ്കം വെട്ടുക – പൊരുതുക] പലകകൊണ്ടുണ്ടാക്കുന്ന തട്ട് (യുദ്ധവേദി)

അങ്കത്താരി — ഉറുമി, വാൾ, കുന്തം, കട്ടാരം മുതലായ മൂർച്ചയേറിയ ആയുധങ്ങളുപയോഗിച്ചു ചെയ്യുന്ന അഭ്യാസങ്ങൾ

അങ്കുശധരൻ — 1. അങ്കുശം [അങ്കുശം –തോട്ടി] ധരിച്ചിട്ടുള്ളവൻ (ഗണപതി)

2. [അങ്ക്യതേ–ഹന്യതേ–ചാല്യതേ നാർത്ഥമാഹന്യതേ] ആനക്കാരൻ

അങ്കുശപാശധരൻ — അങ്കുശവും [അങ്കുശം – തോട്ടി] പാശവും [പാശം – കയർ] ധരിച്ചിട്ടുള്ളവൻ (ഗണപതി)

അംഗം — [അഗി ഗതൗ – ഇളകുന്നത്] (ദേഹം; അവയവം)

അംഗം ചാർത്തുക — അംഗം [അംഗം–ദേഹം] ചാർത്തുക [ചാർത്തുക–അലങ്കരിക്കുക] (രാജാക്കന്മാർക്കു ക്ഷൗരം ചെയ്യുക)

അംഗജൻ — അംഗത്തിൽ നിന്നു [അംഗം – മനസ്സ്] ജനിച്ചവൻ (കാമദേവൻ)

അംഗജൻ — അംഗത്തിൽ നിന്നു [അംഗം–ദേഹം] ജനിച്ചവൻ (പുത്രൻ)

അംഗജാരി — അംഗജന്റെ [അംഗജൻ–കാമദേവൻ] അരി [അരി–ശത്രു] (പരമേശ്വരൻ)

അംഗജം — അംഗത്തിൽ നിന്നു [അംഗം–ശരീരം] ജനിക്കുന്നത് (രക്തം)

അംഗപതി — അംഗത്തിന്റെ [അംഗം–അംഗദേശം] പതി [പതി – അധിപൻ] (കർണ്ണൻ)

അംഗപ്രജനനം — സസ്യങ്ങളുടെ ഏതെങ്കിലും ഭാഗം അനുകൂല സാഹചര്യങ്ങളിൽ മാതൃസസ്യത്തിൽ നിന്നു വേർപെട്ടു സ്വതന്ത്രമായി വളരുന്ന പ്രക്രിയ. (അംഗത്തിൽ നിന്നുള്ള പ്രജനനം)

അംഗഭൂവ് — അംഗത്തിൽ നിന്നു [അംഗം–ശരീരം] ഭവിച്ചവൻ [ഭവിക്കുക–ഉണ്ടാവുക] (പുത്രൻ)

അംഗമർദ്ദം — പാദം മുതലായ അംഗങ്ങളുടെ [അംഗം – അവയവം] മർദ്ദം (തിരുമ്മൽ; ഉഴിയൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അംഗരക്ഷ — അംഗത്തെ [അംഗം—ശരീരം] രക്ഷിക്കുന്നത് (കുപ്പായം)

അംഗരക്ഷകൻ — അംഗത്തെ [അംഗം—ശരീരം] രക്ഷിക്കുന്നവൻ (ദേഹരക്ഷയ്ക്കുള്ള കാവൽക്കാരൻ)

അംഗരാഗം — അംഗങ്ങൾക്കു [അംഗം—അവയവം] രാഗം [രാഗം—നിറം] കൊടുക്കുന്നത് (കുറിക്കൂട്ട്)

അംഗരുഹം — അംഗത്തിൽ [അംഗം—ശരീരം] രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക — മുളയ്ക്കുക] (രോമം)

അംഗവികലൻ — അംഗത്തിന്നു [അംഗം—അവയവം] വികലത ഉള്ളവൻ [വികലത — കുറ്റം] (വികലാംഗൻ)

അംഗസംഗം — അംഗങ്ങളുടെ [അംഗം—ശരീരം] സംഗം [സംഗം—ചേർച്ച]. (ശാരീരിക ബന്ധം)

അംഗാംഗീഭാവം — അംഗമെന്നും [അംഗം—അവയവം] അംഗിയെന്നും [അംഗി—ശരീരം] ഉള്ളഭാവം (അലങ്കാരശാസ്ത്രത്തിൽ അപ്രധാനരസങ്ങൾക്കു പ്രധാനരസത്തോടുള്ള ബന്ധം)

അംഗാരം — രക്തവർണ്ണമായ അംഗത്തോടുകൂടിയത് (തീക്കനൽ)

അംഗാരകവാരം — അംഗാരകന്റെ [അംഗാരകൻ—ചൊവ്വാഗ്രഹം] വാരം [വാരം—ആഴ്ച] (ചൊവ്വാഴ്ച)

അംഗാരകാരകൻ — അംഗാരം [അംഗാരം — കരി] ചുട്ടുണ്ടാക്കുന്നവൻ (കരിയുണ്ടാക്കുന്നവൻ)

അംഗാരധാനി — അംഗാരത്തെ [അംഗാരം—കരി] നിധാനം ചെയ്യുന്നത് [നിധാനം ചെയ്യുക—നിറയ്ക്കുക] (നെരിപ്പോട്)

അംഗാരനേത്രൻ — നേത്രത്തിൽ [നേത്രം—കണ്ണ്] അംഗാരം [അംഗാരം—തീക്കനൽ] ഉള്ളവൻ (ശിവൻ)

അംഗിരസ്സ് — ബ്രഹ്മാവിന്റെ മാനസപുത്രന്മാരിലൊരാൾ.

അംഗുലി — [അഗി ഗത്യു—ഇളകുന്ന ശീലമുള്ളത്തോടുകൂടിയത്] (കൈവിരൽ)

അംഗുലിത്രം — അംഗുലിയെ [അംഗുലി—കൈവിരൽ] ത്രാണം ചെയ്യുന്നത് [ത്രാണം—രക്ഷ] (പടയാളികളുടെ വിരലുറ)

അംഗുലിപഞ്ചകം — അംഗുലികളുടെ [അംഗുലി — കൈവിരൽ] പഞ്ചകം [പഞ്ചകം — അഞ്ച്] (അംഗുഷ്ഠം, തർജ്ജനി, മദ്ധ്യമ, അനാമിക, കനിഷ്ഠ)

അംഗുലിസംജ്ഞ — അംഗുലികൊണ്ടുള്ള [അംഗുലി—കൈവിരൽ] സംജ്ഞ [സംജ്ഞ—അംഗങ്ങൾകൊണ്ടുള്ള അർത്ഥസൂചന] (ആംഗ്യം)

അംഗുലീയം — അംഗുലിയിൽ [അംഗുലി — കൈവിരൽ] ഭവിച്ചത് (മോതിരം)

അംഗുഷ്ഠം — അംഗുവിൽ [അംഗു—കൈ] പ്രധാനമായി സ്ഥിതിചെയ്യുന്നതു (പെരുവിരൽ)

അംഗുഷ്ഠമാത്രൻ — അംഗുഷ്ഠത്തോളം മാത്രം [അംഗുഷ്ഠം — തള്ളവിരൽ] ഉള്ളവൻ (കുറിയവൻ)

അംഗേശൻ — അംഗത്തിന്റെ [അംഗം—അംഗരാജ്യം] ഈശൻ [ഈശൻ—നാഥൻ] (കർണ്ണൻ)

അംഘ്രി — [അഗി ഗത്യു—നടക്കാൻ ഉപയോഗിക്കുന്നത്] (പാദം)

അംഘ്രിജ — വിഷ്ണുവിന്റെ അംഘ്രിയിൽ നിന്നു [അംഘ്രി — പാദം] ജനിച്ചവൾ (ഗംഗ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അംഘ്രിജൻ — ബ്രഹ്മാവിന്റെ അംഘ്രിയിൽ നിന്നു [അംഘ്രി—പാദം] ജനിച്ചവൻ (ശൂദ്രൻ)

അംഘ്രിപം — അംഘ്രികൊണ്ട് [അംഘ്രി—പാദം. ഇവിടെ വേരെന്നർത്ഥം] പാനം ചെയ്യുന്നത് (വൃക്ഷം)

അങ്ങാടിപ്പാട്ട് — അങ്ങാടിയിൽ [അങ്ങാടി — കച്ചവടസ്ഥാനം] പാട്ടായത് (പരസ്യമായനാട്ടുവർത്തമാനം)

അങ്ങേടം — അങ്ങ [അങ്ങ്—അപ്പിടെ] ഇടം [ഇടം—സ്ഥലം] (ആ സ്ഥലം)

അചരം — ചരിക്കാത്തത് [ചരിക്കുക—സഞ്ചരിക്കുക] (വൃക്ഷാദികൾ)

അചല — അചലങ്ങളോടു [അചലം—പർവ്വതം] കൂടിയത് (ഭൂമി)

അചലം — ചലിക്കാത്തത് [ചലിക്കുക—ഇളകുക] (പർവ്വതം)

അചലകന്യക — അചലത്തിന്റെ [അചലം—പർവ്വതം] കന്യക (പാർവ്വതി)

അചലതിട്ട് — അചലമായ [അചലം—മങ്ങാത്ത] തിട്ട് [തിട്ട്—ശോഭ] (മങ്ങാത്തനിറം)

അചലദിട്ട് — അചലങ്ങളുടെ [അചലം—പർവ്വതം] ദിട്ട് [ദ്വേഷിക്കുന്നവൻ] (പർവ്വതങ്ങളുടെ ചിറകുമുറിച്ചവൻ; ഇന്ദ്രൻ)

അചലപതി — അചലങ്ങളുടെ പതി [അചലം—പർവ്വതം] (ഹിമവാൻ)

അചാപലം — ചാപല്യം എന്ന ദോഷത്തിൽനിന്നു [ചാപല്യം—അസ്ഥിരത] മുക്തമായ അവസ്ഥ (ആദർശനിഷ്ഠ)

അചിരദ്യുതി — അചിരമായ [അചിരം — സ്വല്പകാലം] ദ്യുതിയോടു [ദ്യുതി—പ്രകാശം] കൂടിയത് (മിന്നൽ)

അചുംബിതം — മറ്റൊരാൾ ചുംബിച്ചിട്ടില്ലാത്തത് (നവം)

അച്ചടി — വാർത്തുണ്ടാക്കിയ അച്ചുകൊണ്ടുള്ള അടി (മുദ്രണം)

അച്ചപ്പം — അച്ച് ഉപയോഗിച്ചുണ്ടാക്കുന്ന അപ്പം (ഒരുപലഹാരം)

അച്ചാണി — അച്ചത്തിലെ [അച്ചം — അക്ഷം] ആണി (തേരുരുളിലെ ആണി)

അച്ഛാവാകീയം — അച്ഛാവാകന്റെ [അച്ഛാവാകൻ — യാഗക്രിയ നടത്തുന്നവൻ] കർത്തവ്യം.

അഛേദിക — ഛേദിക്കത്തക്കതല്ലാത്ത [ഛേദിക്കുക — മുറിക്കുക] (മുറിക്കാവതല്ലാത്ത)

അച്ഛോദകം — അച്ഛമായ [അച്ഛം—ശുദ്ധം] ഉദകത്തോടു [ഉദകം—ജലം] കൂടിയത് (തെളിനീരുള്ളത്)

അച്യുതൻ — ച്യുതി [ച്യുതി—നാശം] ഇല്ലാത്തവൻ (വിഷ്ണു)

അച്യുതപുത്രൻ — അച്യുതനു [അച്യുതൻ — കൃഷ്ണൻ] രുഗ്മിണിയിൽ ജനിച്ച പുത്രൻ (കാമദേവൻ)

അച്യുതാഗ്രജൻ — അച്യുതന്റെ [അച്യുതൻ—കൃഷ്ണൻ] അഗ്രജൻ [അഗ്രജൻ—ജ്യേഷ്ഠൻ] (ബലഭദ്രൻ)

അച്യുതി — ച്യുതി [ച്യുതി—നാശം] ഇല്ലായ്മ (സ്ഥിരത)

അജം — അങ്ങുമിങ്ങും സഞ്ചരിക്കുന്നത് [അജ ഗതിക്ഷേപണയോഃ] (ആട്)

അജംഭം — ജംഭം ഇല്ലാത്തത് [ജംഭം—പല്ല്] (തവള)

അജക്ഷീരം — അജത്തിന്റെ [അജം—ആട്] ക്ഷീരം [ക്ഷീരം — പാൽ] (ആട്ടിൻപാൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അജഗജാന്തരം — അജവും [അജം–ആട്] ഗജവും [ഗജം–ആന] തമ്മിലുള്ള അന്തരം [അന്തരം–വ്യത്യാസം] (പ്രകടമായ വ്യത്യാസം)

അജഗൻ — അജനാൽ [അജൻ–ബ്രഹ്മാവ്] സ്തുതിക്കപ്പെടുന്നവൻ (അഗ്നി)

അജഗന്ധ — അജത്തിന്റെ [അജം–ആട്] ഗന്ധമുള്ളത് [ഗന്ധം–മണം] (അയമോദകം)

അജഗരം — അജത്തെപ്പോലും [അജം–ആട്] ശരണം ചെയ്യുന്നത് [ശരണം ചെയ്യുക–വിഴുങ്ങുക] (പെരുമ്പാമ്പ്)

അജതനയൻ — അജന്റെ [അജൻ–ബ്രഹ്മാവ്] തനയൻ [തനയൻ–മകൻ] (വസിഷ്ഠൻ)

അജൻ — പിന്നെയും പിന്നെയും ജനനമില്ലാത്തവൻ (ബ്രഹ്മാവ്)

അജൻ — രഘുവിന്റെ പുത്രൻ (ദശരഥന്റെ പിതാവ്)

അജന്തം — അച് [അച്–സ്വരാക്ഷരങ്ങൾ] അന്തത്തിൽ [അന്തം–അവസാനം] ഉള്ള പദം (സ്വരത്തിലവസാനിക്കുന്ന പദം)

അജപൻ — അജത്തെ [അജം–ആട്] പാലിക്കുന്നവൻ [പാലിക്കുക–രക്ഷിക്കുക] (ഇടയൻ)

അജപൻ — ജപിക്കുമ്പോൾ [ജപിക്കുക–മന്ത്രം ചൊല്ലുക] തെറ്റുപറ്റുന്നവൻ (മന്ത്രം തെറ്റിച്ചൊല്ലുന്നവൻ)

അജമാരൻ — അജത്തെ [അജം–ആട്] മാരണം ചെയ്യുന്നവൻ [മാരണം ചെയ്യുക–കൊല്ലുക] (കശാപ്പുകാരൻ)

അജമുഖൻ — അജത്തിന്റെ [അജം–ആട്] മുഖം ഉള്ളവൻ (ശിവകോപത്തിന്നു പാത്രമായിത്തീർന്ന ദക്ഷനെ വീരഭദ്രനും ഭദ്രകാളിയും പിടികൂടി. ശിരസ്സറുത്തു. ദേവന്മാരുടെ അപേക്ഷയനുസരിച്ചു ജീവിപ്പിക്കുമ്പോൾ ഒരാട്ടിൻ തലയാണ് ഉടലോടുചേർത്തുവെച്ചത്)

അജയൻ — ജയിക്കാൻ സാധിക്കാത്തവൻ (അഗ്നി)

അജരൻ — ജര [ജര–വാർദ്ധക്യ ലക്ഷണങ്ങളിലൊന്ന്] ഇല്ലാത്തവൻ (ദേവൻ)

അജര്യം — ജര്യം [ജര്യം–നാശം] ഇല്ലാത്തത് (സ്നേഹം)

അജലധാവനം — അജലമായ [അജലം–ജലംകൂടാതെ. രാസവസ്തുക്കളുടെ സഹായത്തോടെ] ധാവനം [ധാവനം–കഴുകിവൃത്തിയാക്കൽ] (Dry Cleaning)

അജലോമി — അജത്തിന്റെ [അജം–ആട്] ലോമം കൊണ്ടുള്ളത് [ലോമം–രോമം] (കമ്പിളി വസ്ത്രം)

അജാഗളസ്തനം — അജാഗളത്തിൽ [അജാഗളം–ആടിന്റെ കഴുത്ത്] സ്തനം പോലെ [സ്തനം – മുല] തൂങ്ങിക്കിടക്കുന്ന മാംസപിണ്ഡം (മുലകളോട് രൂപസാമ്യമുണ്ടെന്നല്ലാതെ ആടിന്ന് ഇതുകൊണ്ടൊരു പ്രയോജനവുമില്ല. ഉപയോഗശൂന്യമായ വസ്തുക്കളെക്കുറിക്കാൻ ഈ പദം പ്രയോഗിക്കുന്നു)

അജാജീവൻ — അജങ്ങളെ ആശ്രയിച്ച് [അജം – ആട്] ജീവിക്കുന്നവൻ (ആട്ടിടയൻ)

അജാതശത്രു — അജാതമായ [അജാതം–ജനിക്കാത്ത; ഇല്ലാത്ത] ശത്രുക്കളോടു കൂടിയവൻ (ധർമ്മപുത്രൻ)

അജാനി — [നാസ്തി ജായാ യസ്യ സഃ] (ഭാര്യമരിച്ചവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അജപയസ്സ് — അജത്തിന്റെ [അജം—ആട്] പയസ്സ് [പയസ്സ്—പാൽ] (ആട്ടിൻപാൽ)

അജാമിളൻ — വർണ്ണാശ്രമധർമ്മങ്ങൾ മറന്നു ജീവിച്ച പുരാണപ്രസിദ്ധനായ ബ്രാഹ്മണൻ

അജാശൻ — അജങ്ങളെ [അജം—ആട്] അശ്വങ്ങളായി [അശ്വം—കുതിര] ഉപയോഗിക്കുന്നവൻ (പൂഷാവ്)

അജിനം — ക്ഷേപിക്കപ്പെടുന്നത് [ക്ഷേപിക്കുക — വിരിക്കുക] (മാൻതോൽ. അജത്തിന്റെ തോൽ എന്നായിരിക്കാം ആദ്യത്തെ അർത്ഥം)

അജിനപത്രം — അജിനം പോലുള്ള [അജിനം — മാന്തോൽ] പത്രത്തോടു [പത്രം — ചിറക്] കൂടിയത് (വാവൽ)

അജിന്യോനി — അജിനത്തിന്റെ [അജിനം — മാന്തോൽ] യോനി [യോനി—ഉത്പത്തിസ്ഥാനം] (കൃഷ്ണമൃഗം)

അജിരം — [അജ ഗതിക്ഷേപണയോഃ] നടക്കാൻ ഉപയോഗിക്കുന്ന സ്ഥലം (മുറ്റം)

അജിഹ്മം — ജിഹ്മയില്ലാത്തത് [ജിഹ്മ—നാവ്] (തവള)

അജീഗർത്തം — ഗർത്തത്തിനുള്ളിൽ [ഗർത്തം — പോട്] ഗമിക്കുന്നത് [അജ ഗതൗ] (പാമ്പ്)

അജീർണ്ണി — അജീർണ്ണം [അജീർണ്ണം—ദഹനക്കേട്] ബാധിച്ചവൻ (ദഹനക്കേടുള്ളവൻ)

അജീർണ്ണം — ജീർണ്ണമാകാത്തത് [ജീർണ്ണം — പാകം] (അപാകം)

അജുഗു — അർജ്ജിക്കുന്നവൾ [അർജ്ജിക്കുക — സമ്പാദിക്കുക] (വേശ്യ)

അജ്ഞൻ — ജ്ഞാനം ഇല്ലാത്തവൻ [ജ്ഞാനം—അറിവ്] (മൂഢൻ)

അജ്ഞാതൻ — ജ്ഞാതൻ [ജ്ഞാതൻ—അറിയപ്പെടുന്നവൻ] അല്ലാത്തവൻ (അറിയപ്പെടാത്തവൻ)

അജ്ഞാതവാസം — അജ്ഞാതമായ [അജ്ഞാതം — അറിയപ്പെടാത്ത] വാസം [വാസം—പാർപ്പ്] (പന്ത്രണ്ടു വർഷത്തെ വനവാസത്തിന്നു ശേഷം പാണ്ഡവർ ആരുമറിയാതെ വിരാട രാജധാനിയിൽ പാർത്ത ഒരു വർഷം)

അജ്ഞാതി — ജ്ഞാതിയല്ലാത്തവൻ [ജ്ഞാതി — ബന്ധു] (ബന്ധുവല്ലാത്തവൻ)

അജ്ഞേയവാദം — അജ്ഞേയമായ [അജ്ഞേയം—പരമാർത്ഥതത്വം അറിയപ്പെടാത്താത്] വാദം (Agnosticism)

അഞ്ചടി — അഞ്ച് അടിയുള്ളത് [അടി—വരി] (ഒരിനം തോറ്റംപാട്ട്)

അഞ്ചമ്പൻ — അഞ്ചമ്പുള്ളവൻ [അമ്പ്—ശരം] (പഞ്ചബാണൻ)

അഞ്ചലർബാണൻ — അഞ്ച് അലർ [അലർ—പൂവ്] ബാണമായുള്ളവൻ [ബാണം—ശരം] (കാമദേവൻ. അരവിന്ദം, അശോകം, ചൂതം, നവമാലിക, നീലോല്പലം ഇവയാണ് കാമബാണങ്ങൾ)

അഞ്ചലോട്ടക്കാരൻ — അഞ്ചലാപ്പീസ്സിൽ നിന്ന് [അഞ്ചല്—കത്തുംപണവും മേൽവിലാസക്കാർക്കെത്തിച്ചുകൊടുക്കാൻ സർക്കാരിൽ നിന്നു ചെയ്തിരുന്ന ഏർപ്പാട്] ഓടിക്കൊണ്ട് ഉരുപ്പടികൾ മറ്റൊരാപ്പീസിൽ എത്തിക്കുന്ന ആൾ. (ഇംഗ്ലീഷിലെ ദൂതൻ എന്നർത്ഥമുള്ള Angel മാറി അഞ്ചൽ എന്നായിത്തീർന്നു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഞ്ചാംപത്തി — സ്പെയിനിലെ ആഭ്യന്തരയുദ്ധകാലത്ത് ആക്രമണത്തിനു മുതിർന്നതു നാലുപത്തികളാണ്. അവരോടാനുകൂല്യമുള്ള അഞ്ചാമതൊരു പത്തികൂടി നഗരത്തിനകത്തുണ്ടെന്നു സൈന്യാധിപനായ ഫ്രാങ്കോ അവകാശപ്പെട്ടു. അവർക്കു Fifth Column എന്ന പേർ നൽകി. (ഒറ്റുകാരൻ എന്നാണിപ്പോഴത്തെ അർത്ഥം)

അഞ്ചാംപുര — നാലുകെട്ടിനു പുറമെ അഞ്ചാമതായുള്ള പുര (അടുക്കള)

അഞ്ചാംമറ — അഞ്ചാമത്തെ മറ [മറ—വേദം] (മഹാഭാരതം)

അഞ്ചികൈമൾ — അഞ്ചു കൈമൾമാരുടെ കൈവശമായിരുന്ന സ്ഥലം (എറണാകുളവും പരിസരപ്രദേശവും)

അഞ്ചിതപത്രം — അഞ്ചിതമായ [അഞ്ചിതം—മനോഹരം] പത്രത്തോടു [പത്രം—ദളം] കൂടിയത് (താമര)

അഞ്ചുതമ്പുരാൻ പാട്ട് — വേണാട്ടു രാജകുടുംബത്തിലെ അഞ്ചുതമ്പുരാക്കന്മാരെ [അഞ്ചുതമ്പുരാക്കന്മാർ—സകലകലമാർത്താണ്ഡവർമ്മ, പലകലആദിത്യവർമ്മ, പരരാമർ, പരരാമാദിത്യർ, വഞ്ചി ആദിത്യവർമ്മ] രഞ്ജിപ്പിക്കാനായി എട്ടാം നൂറ്റാണ്ടിൽ കഴക്കൂട്ടത്തുപിള്ളയ്ക്കു മഹാരാജാവയച്ച കത്തിനെ വിഷയമാക്കി നിർമ്മിച്ച പാട്ട്.

അഞ്ചുപൂജ — അഞ്ചുനേരം നടത്തുന്ന പൂജ (ഉഷഃപൂജ, എതിരത്തെപൂജ, പന്തീരടിപ്പൂജ, ഉച്ചപ്പൂജ, അത്താഴപ്പൂജ)

അഞ്ചുമുല — നാലിലധികം മുലയുള്ള കന്നുകാലികളെ സ്വീകരിക്കാനുള്ള അവകാശം

അഞ്ചുമൊഴി — അഞ്ചുന്ന [അഞ്ചുക—പേടിക്കുക] മൊഴിയോടു [മൊഴി—വാക്ക്] കൂടിയവൾ (മധുരഭാഷിണി)

അഞ്ജതി — സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് [അഞ്ജതി—ഗച്ഛതി] (വായു)

അഞ്ജനം — ലേപനം ചെയ്യാനുള്ളത് [അഞ്ജു ലേപനേ] ലേപനം ചെയ്യുക—പൂശുക] (കൺമഷി)

അഞ്ജനൻ — അഞ്ജനത്തിന്റെ [അഞ്ജനം—കൺമഷി] നിറംപോലെയുള്ള നിറത്തോടുകൂടിയവൻ (വരുണന്റെ ആന)

അഞ്ജനവർണ്ണൻ — അഞ്ജനത്തിന്റെ [അഞ്ജനം—കൺമഷി] വർണ്ണംപോലെയുള്ള [വർണ്ണം—നിറം] വർണ്ണത്തോടുകൂടിയവൻ (ശ്രീകൃഷ്ണൻ)

അഞ്ജനശലാക — അഞ്ജനമെഴുതാനുള്ള [അഞ്ജനം—കൺമഷി] ശലാക [ശലാക—കമ്പി] (മഷിക്കോൽ)

അഞ്ജനാതനയൻ — അഞ്ജനയുടെ [അഞ്ജന—വാനരസ്ത്രീയായി ഭവിച്ച പുഞ്ജികസ്ഥലി എന്ന അപ്സരസ്ത്രീ] തനയൻ [തനയൻ—മകൻ] (ഹനുമാൻ)

അഞ്ജനി — അഞ്ജനം [അഞ്ജനം—കൺമഷി: കുറിക്കൂട്ട്] അണിഞ്ഞവൾ (സുന്ദരി)

അഞ്ജലി — [അഞ്ജു പൂജനേ] രണ്ടു കൈയും ഉയർത്തി മുഖത്തിനു നേരെ ചേർത്തുപിടിച്ചത് (കൂപ്പുകൈ)

അഞ്ഞൂറ്റവർ — അഞ്ഞൂറുപേർ (അഞ്ഞൂറുപേരടങ്ങിയ നാട്ടുകൂട്ടം)

അടയ്ക്ക — അടയോടു ചേർത്തു [അട—ഇല, വെറ്റില] ഉപയോഗിക്കുന്ന കായ് (പാക്ക്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അടക്കിവിചാരം — എല്ലാം അടക്കിക്കൊണ്ടുള്ള [അടക്കുക—കൈയടക്കുക] വിചാരം (സർവ്വാധികാരം)

അടച്ചുതുറപ്പാട്ട് — സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ മണവറയിൽ കതകടച്ചിരിക്കുന്ന വരനും വധുവിന്റെ അമ്മ സമ്മാനങ്ങൾ വഗ്ദാനം ചെയ്തുകൊണ്ടു പാടുന്ന പാട്ട്.

അടപതിയൻ — അട [അട — ഇല] നിലത്തുപതിഞ്ഞു കിടക്കുന്ന ഒരു ചെടി.

അടപ്രഥമൻ — അട ചേർത്തുണ്ടാക്കുന്ന പ്രഥമൻ (ഒരു മധുരക്കറി)

അട മഴ — ആകാശത്തു കാർ അടഞ്ഞുനിന്നു പെയ്യുന്ന മഴ (പെരുമഴ)

അടവി — [അട ഗതൗ] വാർദ്ധക്യത്തിൽ മനുഷ്യരാൽ ഗമിക്കപ്പെടുന്ന സ്ഥലം; മൃഗങ്ങൾ സഞ്ചരിക്കുന്ന സ്ഥലം (വനം)

അടികച്ചേരി — പെരുഞ്ചെല്ലൂർ ഗ്രാമത്തിൽ അടികൾക്കായി [അടികൾ—തൃപ്പാദങ്ങൾ എന്ന അർത്ഥത്തിലുള്ള പൂജക ബഹുവചനം] പരശുരാമൻ നിർമ്മിച്ച ചേരി (ഒരു നമ്പൂരി മാന്ത്രിക കുടുംബം)

അടിക്കുറിപ്പ് — മേലെ പറഞ്ഞ കാര്യം വിശദമാക്കാൻ അടിയിൽ [അടിയിൽ—ചുവട്ടിൽ] കൊടുക്കുന്ന കുറിപ്പ് (Foot note)

അടിമക്കാശ് — അടിമ [അടിമ—ഉടമയുടെ കീഴിലെ കൈവശക്കാരൻ] മൂപ്പുടമയ്ക്കു കൊടുക്കുന്ന കാശ്.

അടിയവരമ്പൻ — അടിയവർക്കു [അടിയവർ — അടി പണിയുന്നവർ] അമ്പൻ [അമ്പ്—ദയ] (ഭക്തപ്രിയൻ)

അടിയാൻ — അടിയിൽ [അടിയിൽ—കാൽക്കീഴിൽ] കഴിയുന്നവൻ (ജന്മിമാരെ ആശ്രയിച്ച് അവരുടെ കൃഷിയും മറ്റും നടത്തുന്ന കീഴാൾ)

അടിയറ — രാജാവിന്റെ അടിയിൽ [അടിയിൽ — കാൽക്കീഴിൽ] ഉറയുന്നത് [ഉറയുക—ചേരുക] അടിയുറ അടിയിറയും അടിയിറ അടിയറയും ആയി (ഘോഷയാത്ര)

അടുക്കള — അടുകുന്ന [അടുകുക—ഭക്ഷ്യങ്ങൾ പാകം ചെയ്യുക] അള [അള—ദ്വാരം, ഗുഹ, ഇവിടെ ഒതുങ്ങിയ ഇടം] (പാചകശാല)

അടുക്കളക്കാരി — അടുക്കള ഭരിക്കുന്നവൾ (ഭാര്യ)

അടുക്കളക്കുറ്റം — അടുക്കളക്കാരിക്കുള്ള [അടുക്കളക്കാരി—വീട്ടുകാരി] കുറ്റം (പ്രാരിത്ര്യദുഷ്യം)

അട്ടം — [അട്ടം—ഉയർന്ന, ഉച്ചത്തിലുള്ള] (ഉയർന്നത്; തട്ടിൻപുറം)

അട്ടമീ — അഴുമിയുടെ തത്ഭവം

അട്ടഹാസം — അട്ടമായ [അട്ടം—ഉയർന്ന] ഹാസം [ഹാസം — ചിരി] (പൊട്ടിച്ചിരി)

അട്ടഹാസി — അട്ടമായ [അട്ടം—ഉയർന്ന] ഹാസത്തോടു [ഹാസം — ചിരി] കൂടിയവൻ (ശിവൻ)

അട്ടാലം — അട്ടംപോലെ [അട്ടം—പ്രാസാദഗൃഹം] ഉള്ളത് (പ്രാകാരാദു പരിഗതമുന്നതസ്ഥാനം)

അട്ടാലികാകാരൻ — അട്ടാലിക [അട്ടാലിക — മാളിക] പണിയുന്നവൻ (കല്പാശാരി)

അട്ടിപ്പേർ — ഒരു പേർക്കു [ഒരുപേർ—ഒരാൾ] അട്ടുന്നത് [അട്ടുക—ദാനം ചെയ്യുക, കൊടുക്കുക] (ജന്മാവകാശം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അട്ടുമിടം — അട്ടുന്ന [അട്ടുക—പാകം ചെയ്യുക] ഇടം (അടുക്കള)

അണപ്പല്ല് — അണലിലെ [അണല്—വായുടെ അകത്തെ വശങ്ങൾ] പല്ല്.

അണിമ — അണുരൂപം [അണു—സൂക്ഷ്മവസ്തു] പ്രാപിക്കാനുള്ള സിദ്ധി (അഷ്ടൈശ്വര്യങ്ങളിലൊന്ന്; അതിസൂക്ഷ്മഭാവം)

അണിമതി — അണിയായ [അണി—ഭംഗി] മതി [മതി—ചന്ദ്രൻ] (പൂർണ്ണചന്ദ്രൻ)

അണിമാണ്ഡവ്യൻ — അണിയിൽ [അണി—സൂചിയുടെ അഗ്രം] കുത്തി നിർത്തപ്പെട്ട ഒരു മുനി (കള്ളന്മാരെ പിൻതുടർന്ന രാജഭടന്മാർ ധ്യാനനിമഗ്നനായ മാണ്ഡവ്യനെ കണ്ടു തെറ്റിദ്ധരിച്ചു ശൂലത്തിലിട്ട പുരാണകഥയാണ് ഈ പേരിന്നു കാരണം. ആണി മാണ്ഡവ്യൻ എന്നും പേരുണ്ട്)

അണിയറ — നടീനടന്മാർക്കു അണിയാനുള്ള [അണിയുക—അലങ്കരിക്കുക] അറ [അറ — മുറി] (ക്രമയൽമുറി)

അണിവിരൽ — മോതിരം അണിയുന്ന വിരൽ (മോതിരവിരൽ)

അണു — [അണതി—സൂക്ഷ്മത്വം ഗച്ഛതി] (സൂക്ഷ്മം)

അണുദർശിനി — അണുക്കളെ [അണു—സൂക്ഷ്മവസ്തു] ദർശിക്കുവാനുള്ള [ദർശിക്കുക—കാണുക] ഉപകരണം (ഭൂതക്കണ്ണാടി)

അണുഭ — അണുമാത്രം നില്ക്കുന്ന [അണു—അല്പനേരം] ഭാസ്സോടുകൂടിയത് [ഭാസ്സ്—ശോഭ] (മിന്നൽ)

അണുമതി — അണുവായ [അണു — അല്പം] മതി [മതി—ബുദ്ധി] (അല്പബുദ്ധി)

അണുവാദം — ഭൂതപദാർത്ഥങ്ങൾ സകലവും അണുക്കൾ ചേർന്നുണ്ടായവയാണെന്നുള്ള വാദം (Atomic Theory)

അണ്ഡം — [അമ് ഗതൗ] ഇതിൽ നിന്നു കുട്ടി പുറത്തുവരുന്നതിനാൽ (മുട്ട)

അണ്ഡകടാഹം — അണ്ഡമാകുന്ന കടാഹം [കടാഹം — പാത്രം] (വലിയ പാത്രം)

അണ്ഡജം — അണ്ഡത്തിൽ നിന്ന് [അണ്ഡം—മുട്ട] ജനിക്കുന്നത് (പക്ഷി, മത്സ്യം, സർപ്പം)

അണ്ഡജധ്വജൻ — അണ്ഡജം [അണ്ഡജം—ഗരുഡൻ എന്ന പക്ഷി] ധ്വജമായി [ധ്വജം—കൊടി, കൊടിയടയാളം] ഉള്ളവൻ (വിഷ്ണു)

അണ്ഡജനായകൻ — അണ്ഡജങ്ങളുടെ [അണ്ഡജം—പക്ഷി] നായകൻ (ഗരുഡൻ)

അണ്ഡഭസ്മം — അണ്ഡം [അണ്ഡം—മുട്ട] ഔഷധങ്ങളിൽ ചേർത്തുണ്ടാക്കുന്ന ഭസ്മം (മുട്ടപ്പൊടി)

അണ്ഡവാഹിനി — അണ്ഡത്തെ [അണ്ഡം—സ്ത്രീബീജം] ഗർഭാശയത്തിലേക്ക് വഹിക്കുന്ന കുഴൽ

അണ്ഡാകാരം — അണ്ഡത്തിന്റെ [അണ്ഡം — മുട്ട] ആകാരം [ആകാരം—ആകൃതി] ('ഓവൽ')

അണ്ഡിനി — അണ്ഡംപോലെ [അണ്ഡം—മുട്ട] ഗർഭാശയഭാഗം പുറത്തുവരുന്ന യോനിയുള്ള സ്ത്രീ

അണ്ണാക്ക് — ഉണ്ണാക്കാണ് അണ്ണാക്കായത് [ഉള്ളിലെ നാക്ക് ഉണ്ണാക്ക്] (നാക്കിന്റെ ഉള്ളിലെ ഭാഗം)

അണ്ണാടി — അണ്ണാക്കിന്റെ അടിഭാഗം (താടിയെല്ല്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അതകൻ — എപ്പോഴും സഞ്ചരിക്കുന്നവൻ [അതതി—സന്തതം ഗച്ഛതി] (സഞ്ചാരി)

അതലസ്പർശം — അതലത്തെ [അതലം—പതിനാലു ലോകങ്ങളിൽ ഏറ്റവും അടിയിലെ ലോകം] സ്പർശിക്കുന്നത് (അഗാധം)

അതിക്രമം — ക്രമത്തെ ലംഘിച്ചത് [ക്രമം—മുറ] (ക്രമം തെറ്റിയ പ്രവൃത്തി)

അതിഖരം — ഖരത്തെക്കാൾ [ഖരം—ക, ച, ട, ത, പ] കടുപ്പമുള്ള വ്യഞ്ജനങ്ങൾ (ഖ, ഛ, ഠ, ഥ, ഫ)

അതിഘം — വളരെ ഹനിക്കുന്നത് (നാശകരം)

അതിച്ഛത്രം — ഛത്രത്തെക്കാൾ [ഛത്രം—കുട] ഭംഗിയോടുകൂടിയ പൂവുള്ളത് (ശതകുപ്പ)

അതിജവൻ — അതിജവം [അതിജവം—വളരെവേഗത്തിൽ] സഞ്ചരിക്കുന്നവൻ (വേഗം നടക്കുന്നവൻ)

അതിഥി — രണ്ടാമതൊരു തിഥി കൂടി [തിഥി—നാൾ, ദിവസം] നില്ക്കാത്തവൻ (വിരുന്നുകാരൻ)

അതിഥി ദേവൻ — അതിഥിയെ [അതിഥി—വിരുന്നുകാരൻ] ദേവനെയെന്നപോലെ പൂജിക്കുന്നവൻ (അതിഥിപൂജ നടത്തുന്നവൻ)

അതിപ്രസരം — അതിയായ [അതിയായ—വർദ്ധിച്ച] പ്രസരം [പ്രസരം—വ്യാപിക്കൽ] (അധികം വ്യാപിക്കൽ)

അതിഭാരഗം — അതിഭാരം വഹിച്ചുകൊണ്ടു [അതിഭാരം—വലിയചുമട്] ഗമിക്കുന്നത് (കഴുത)

അതിഭീ — അതിയായ ഭീയെ [ഭീ—ഭയം] ഉണ്ടാക്കുന്നത് (മിന്നൽ)

അതിമുക്ഷം — മുക്തത്തെക്കാളും [മുക്തം — മുത്ത്] വെണ്മയുള്ളത് (കുരുക്കുത്തിമുല്ല)

അതിയമനൂർ — അതിയന്റെ [അതിയൻ — അഴകിയ പാണ്ഡ്യൻ] ഊർ (അഴകിയ പാണ്ഡ്യപുരത്തിന്റെ പഴയപേർ)

അതിരഥൻ — വളരെ രഥികളോടു [രഥി—തേരാളി] എതിരിടാൻ കഴിവുള്ളവൻ

അതിരോമം — അതിയായ [അതിയായ—വർദ്ധിച്ച] രോമത്തോടു കൂടിയത് (കരിം കുരങ്ങ്)

അതിവർണ്ണാശ്രമി — വർണ്ണങ്ങളുടെയും ആശ്രമങ്ങളുടെയും വ്യവസ്ഥകൾക്ക് അതീതൻ (സംന്യാസത്തിന്റെ അന്ത്യഘട്ടമായ ഹംസസംന്യാസത്തിന്നും അപ്പുറമെത്തിയവൻ)

അതിവേലം — വേലയെ [വേല—സമയം] അതിക്രമിച്ചത് (ഏറ്റവും)

അതിശ — ശാവിനെ [ശാവ്—നായ] കവിഞ്ഞു നില്ക്കുന്ന (നികൃഷ്ടം)

അതിസാരഘ്നി — അതിസാരത്തെ [അതിസാരം—വയറിളക്കം] ഹനിക്കുന്നത് (അതിവിടയം)

അതീന്ദ്രിയജ്ഞാനം — [അതീന്ദ്രിയം—ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാതെ അതിനുമപ്പുറം സ്ഥിതിചെയ്യുന്ന] ജ്ഞാനം (യോഗശക്തി വഴിയ്ക്കുള്ള ജ്ഞാനം)

അതൃണാദം — തൃണാദം അല്ലാത്തത് [തൃണാദം — പുല്ലുതിന്നുന്നത്] (ചെറിയ കന്നുകുട്ടി)

അത്തച്ചമയം — അത്തംനാളിൽ കൊച്ചിരാജാവ് എല്ലാ ചമയങ്ങളുമായി തൃക്കാക്കരക്കെന്നഭാവേന ആഘോഷപൂർവ്വം പുറപ്പെടുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചടങ്ങ് (തിരുവോണവുമായി ബന്ധപ്പെട്ട ഒരാഘോഷം)

അത്താഴം — അല്ലിലെ [അല്ല്–രാത്രി] തായം [തായം–ഓഹരി] (രാത്രിയത്തെ ഭക്ഷണം)

അത്താഴം മുടക്കി — അത്താഴത്തെ [അത്താഴം–രാത്രിയത്തെ ഭക്ഷണം] മുടക്കുന്നത് (വെള്ളത്തിൽക്കാണുന്ന ഒരുതരം പാമ്പുകടിച്ചാൽ ഒരു രാത്രി ഉപവസിക്കുന്ന പതിവുണ്ട്. അതുകൊണ്ട് നിസ്സാരമായ ഉപദ്രവം ചെയ്യുന്നവർക്ക് ഈ പേരുണ്ടായി)

അദ്ഭുതം — മുമ്പുണ്ടായിട്ടില്ലാത്തത് [നഭൂത ഇതി] (ആശ്ചര്യം)

അദ്ഭുതസ്വനൻ — അദ്ഭുതമായ [അദ്ഭുതം–ആശ്ചര്യം] സ്വനത്തോടു [സ്വനം – ശബ്ദം] കൂടിയവൻ (ശിവൻ)

അത്യന്തികം — അതിശയിതമായ അന്തികം [അന്തികം–സമീപം] (ഏറ്റവുമടുപ്പം)

അത്യയം — അതിക്രമിച്ചുള്ള ഗമനം [ഗമനം–പോക്ക്] (മടങ്ങിവരാത്ത യാത്ര, മരണം)

അത്യാഹിതം — അതിയായ [അതിയായ–വലിയ] അഹിതം [അഹിതം–അനിഷ്ടം] (വലിയവിപത്ത്)

അത്യുഗ്രഗന്ധം — അത്യുഗ്രമായ ഗന്ധത്തോടു കൂടിയത് (അയമോദകം)

അത്യുച്ചരതം — അത്യുച്ചമായ [അത്യുച്ചം–ഏറ്റവും ഉയർന്ന] രതം [രതം–ക്രീഡ] (അശ്വജാതിയിൽപ്പെട്ട പുരുഷനും മൃഗിജാതിയിൽപ്പെട്ട സ്ത്രീയും തമ്മിലുള്ള സംയോഗം)

അത്രപം — ത്രപ കൂടാതെ [ത്രപ–ലജ്ജ] (നിർലജ്ജം)

അത്രിജൻ — അത്രിയുടെ [അത്രി–അത്രിമഹർഷി] പുത്രൻ (ദക്ഷന്റെ മകളായ അനസൂയയിൽ അത്രിമഹർഷിക്കുണ്ടായ മക്കളാണു ദത്തനും ദുർവ്വാസാവും ചന്ദ്രനും)

അഥർവ്വം — 1. അഥർവ്വൻ എന്ന ഋഷി ദർശിച്ചവേദം (അഥർവ്വവേദം)

2. ന ഥർവ്വതി – ന ചലതി (ഇളക്കമില്ലാതെ നില്ക്കുന്നത്)

അഥർവ്വൻ — അഥറിനെ ആരാധിക്കുന്നവൻ [അഥർ – അഗ്നി] (അഗ്ന്യുപാസകൻ)

അഥർവ്വാങ്ഗിരസ്സ് — അഥർവ്വാക്കളുടെ [അഥർവ്വാക്കൾ–മഹർഷിമാർ] അങ്ഗിരസ്സ് [അങ്ഗിരസ്സ്–വേദം] (അഥർവ്വവേദം)

അഥർവ്വാധീപൻ — അഥർവ്വത്തിന്റെ [അഥർവ്വം–അഥർവ്വവേദം] അധിപൻ (ബുധൻ)

അഥീനിയം — അഥീനക്കു [അഥീന–പ്രാചീനഗ്രസീലെ ഒരു ദേവത] അർപ്പിക്കപ്പെട്ട ക്ഷേത്രം

അർത്ഥകാമി — അർത്ഥത്തെ [അർത്ഥം–ധനം] കാമിക്കുന്നവൻ (ധനമോഹി)

അദണ്ഡകരൻ — ദണ്ഡകരൻ അല്ലാത്തവൻ [ദണ്ഡകരൻ–ശിക്ഷിക്കപ്പെട്ടവൻ] (ശിക്ഷയിൽനിന്ന് ഒഴിവാക്കപ്പെട്ടവൻ)

അദന്തം — ദന്തം ഇല്ലാത്തത് [ദന്തം–പല്ല്] (അട്ട)

അദമ്യം — ദമനം ചെയ്യാൻ കഴിയാത്ത [ദമനംചെയ്യുക–അടക്കിവെക്കുക] (അടക്കാൻ കഴിയാത്ത)

അദിതി — ദിതി ഇല്ലാത്തവൾ [ദിതി–ബന്ധനം കൊണ്ടുള്ള ദുഃഖം] (ദേവമാതാവ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദിതിജൻ — അദിതിയിൽനിന്നു [അദിതി–ദേവമാതാവ്] ജനിച്ചവൻ (ദേവൻ)

അന്ധൻ — ദൃക്ക് [ദൃക്ക്–കണ്ണ്] ഇല്ലാത്തവൻ (കുരുടൻ)

അദൃഷ്ടം — ദൃഷ്ടം അല്ലാത്തത് [ദൃഷ്ടം–ദർശിക്കാവുന്നത്] (ഭാഗ്യം)

അദൃഷ്ടവാദം — അദൃഷ്ടമായതിനെപ്പറ്റിയുള്ള [അദൃഷ്ടം — ദർശിക്കാൻ കഴിയാത്തത്] വാദം (പരലോകാദികളെപ്പറ്റിയുള്ള വാദം)

അദേഹൻ — ദേഹം ഇല്ലാത്തവൻ [ദേഹം–ശരീരം] (കാമൻ)

അദ്ധം — ദേവന്മാരാൽ അദിക്കപ്പെടുന്നത് [അദിക്കുക — ഭക്ഷിക്കുക] (പുരോഡാശം)

അദ്മനി — സകലവും അദിക്കുന്നത് [അദിക്കുക–തിന്നുക] (അഗ്നി)

അദ്രി — അദിക്കുവാനുള്ള [അദിക്കുക–ഭക്ഷിക്കുക] ഫലമൂലങ്ങൾ കിട്ടുന്ന സ്ഥലം (പർവ്വതം)

അദ്രികന്യ — അദ്രിയുടെ [അദ്രി–ഹിമാലയപർവ്വതം] കന്യക (പാർവ്വതി)

അദ്രികീല — അദ്രികളാകുന്ന [അദ്രി–പർവ്വതം] കീലങ്ങളോടു കൂടിയത് [കീലം–ആണി] (ഭൂമി)

അദ്രികുക്ഷി — അദ്രിയുടെ [അദ്രി–പർവ്വതം] കുക്ഷി [കുക്ഷി–അന്തർഭാഗം] (ഗുഹ)

അദ്രിജ — അദ്രിയിൽ നിന്നു [അദ്രി — ഹിമാലയാദ്രി] ജനിച്ചവൾ (പാർവ്വതി)

അദ്രിജം — അദ്രിയിൽനിന്നു [അദ്രി–പർവ്വതം] ഉണ്ടായത് (കന്മദം)

അദ്രിദ്വിട്ട് — അദ്രികളുടെ [അദ്രി–പർവ്വതം] ദ്വിട്ട് [ദ്വിട്ട്–ദ്വേഷിക്കുന്നവൻ] (ഇന്ദ്രൻ)

അദ്രിപതി — അദ്രികളുടെ [അദ്രി–പർവ്വതം] പതി [പതി — നായകൻ] (ഹിമവാൻ)

അദ്രിശയൻ — അദ്രി [അദ്രി–കൈലാസപർവ്വതം] ശയ്യയായിട്ടുള്ളവൻ [ശയ്യ–കിടക്ക] (ശിവൻ)

അദ്വയം — ദ്വയം അല്ലാത്തത് [ദ്വയം–രണ്ട്] (ഏകീഭാവം)

അദ്വൈതവാദി — ബ്രഹ്മവും പ്രപഞ്ചവും രണ്ടല്ലെന്ന് വാദിക്കുന്നവൻ (1. തത്ത്വവാദി 2. ബുധൻ)

അദ്വൈതം — ദ്വൈതമല്ലാത്ത മതം [ദ്വൈതം–ജീവാത്മാവും പരമാത്മാവും രണ്ടാണെന്നുള്ള അഭിപ്രായം] (അദ്വൈതമതം)

അദ്വൈതവാദി — അദ്വൈതമതത്തിൽ [അദ്വൈതമതം–ഏകദൈവ വിശ്വാസം] വിശ്വസിക്കുന്നവൻ (അദ്വയവാദി)

അധനൻ — ധനം സമ്പാദിക്കാൻ പാടില്ലാത്തവർ (രാജ്യ. ദാസൻ, സുതൻ)

അധമഭൃതകൻ — അധമനായ ഭൃതകൻ [ഏറ്റവും താണ ഭൃത്യൻ] (ചുമട്ടുകാരൻ)

അധമർണ്ണൻ — ഋണവിഷയത്തിൽ [ഋണം–കടം] അധമൻ [അധമൻ–താണവൻ] (കടം വാങ്ങുന്നവൻ)

അധമാംഗം — അധമമായ [അധമം — ഏറ്റവും താഴെയുള്ള] അംഗം (കാൽ)

അധരം — സ്ഥിരമായി നില്ക്കാത്തത് [ചിലപ്പോൾ വിറക്കുന്നത്] (കീഴ്ച്ചുണ്ട്)

അധരകായം — അധരമായ [അധരം–കീഴെയുള്ള] കായം [കായം — ദേഹം] (ശരീരത്തിന്റെ കീഴ്ഭാഗം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അധരപാനം — അധരത്തിന്റെ [അധരം—ചുണ്ട്] പാനം (ചുണ്ടുനുകരൽ)

അധരപുടം — പുടരൂപത്തിലുള്ള [പുടം—കിണ്ണം] അധരം [അധരം—ചുണ്ട്] (ഭംഗിയുള്ള ചുണ്ട്)

അധരബിംബം — ബിംബം പോലെയുള്ള [ബിംബം — തൊണ്ടിപ്പഴം] അധരം (അധരം — ചുണ്ട്) (തുടുത്ത ചുണ്ട്)

അധരോത്തരം — അധരവും [അധരം—അധമം] ഉത്തരവും [ഉത്തരം—ഉത്തമം] (താണതും ഉയർന്നതും)

അധവ — ധവനില്ലാത്തവൾ [ധവൻ—ഭർത്താവ്] (ഭർത്താവില്ലാത്തവൾ)

അധികർണ്ണൻ — അധികമായ ഋണത്തോട് [ഋണം—കടം] കൂടിയവൻ (ധാരാളം കടമുള്ളവൻ)

അധികതമം — ഏറ്റവും കൂടുതൽ (Maximum)

അധികർദ്ധി — അധികമായ ഋദ്ധിയോടു [ഋദ്ധി—സമൃദ്ധി] കൂടിയവൻ (ധനവാൻ)

അധികാരപത്രം — അധികാരം നൽകുന്ന [അധികാരം—നിയമാവകാശം] പത്രം (അവകാശ ശാസനം)

അധികൃതൻ — അധികമായി പ്രവർത്തിക്കുന്നവൻ (അധികാരപ്പെടുത്തപ്പെട്ടവൻ)

അധിജിഹ്വ — മേൽഭാഗത്തുള്ള ജിഹ്വ [ജിഹ്വ — നാവ്] ഉണ്ണാക്ക്

അധിജിഹ്വൻ — കുശപ്പുല്ലിലുള്ള അമൃതം നക്കിക്കുടിക്കുകയാൽ നാവ് രണ്ടായിക്കീറിയവൻ (സർപ്പം)

അധിജ്യകാർമ്മുകൻ — അധിജ്യമായ [അധിജ്യം — ഞാണേറ്റപ്പെട്ടത്] കാർമ്മുകത്തോടു [കാർമ്മുകം—വില്ല്] കൂടിയവൻ (വില്ലിൽ ഞാണേറ്റിയവൻ)

അധീതവിദ്യൻ — അധീതമായ [അധീതം — പഠിച്ച] വിദ്യകളോടുകൂടിയവൻ (അഭ്യസ്തവിദ്യൻ)

അധീനൻ — തന്റെമേൽ അധികാരമുള്ളവൻ [അധി—തന്റെമേൽ. ഇനൻ—സ്വാമി] (മറ്റൊരാളുടെ ചൊല്പ്പടിക്കു നിൽക്കാത്തവൻ)

അധൃഷ്യൻ — ധർഷിച്ചുകൂടാത്തവൻ [ധർഷിക്കുക—അടുത്തുചെല്ലുക] (അതിക്രമിക്കാൻ പറ്റാത്തവൻ)

അധോക്ഷജൻ — അക്ഷങ്ങളെ [അക്ഷം — ഇന്ദ്രിയം] അധഃകരിച്ചവൻ (വിഷ്ണു)

അധോഗതി — അധോഭോഗത്തുള്ള [അധോഭോഗം — കീഴ്ഭാഗം] ഗതി (നാശം)

അധോഗന്താവ് — അധോഗമനം ചെയ്യുന്നത് [അധോഗമനം — കീഴോട്ടുള്ളയാത്ര] (എലി)

അധോഭുവനം — ഭൂമിയുടെ അധോഭാഗത്തുള്ള [അധോഭാഗത്ത് — താഴെ] ഭുവനം (പാതാളം)

അധോമുഖൻ — മുഖം താഴ്ത്തിയവൻ [അധഃ + മുഖൻ] (തലകുനിച്ചവൻ)

അധ്യക്ഷൻ — അധികൃതങ്ങളായ [അധികൃതം — അധികാരമുള്ളത്] അക്ഷങ്ങളോടു [അക്ഷം—ഇന്ദ്രിയം] കൂടിയവൻ (എല്ലാം പ്രത്യേകമായി കണ്ടറിയാൻ കഴിവുള്ളവൻ)

അധ്യശനം — അധികമായ അശനം [അശനം — ഭക്ഷണം] (അമിതഭോജനം)

അധ്യാത്മവിദ്യ — ആത്മാവിനെ സംബന്ധിച്ച വിദ്യ (ബ്രഹ്മവിദ്യ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അദ്ധ്യാത്മരാമായണം — ആത്മാവിനെ സംബന്ധിച്ച വേദാന്തതത്ത്വങ്ങൾ ഉൾപ്പെടുത്തിയ ശ്രീരാമചരിതം (സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണം തുഞ്ചത്തെഴുത്തച്ഛൻ കിളിപ്പാട്ടുരീതിയിൽ വിവർത്തനം ചെയ്തു)

അദ്ധ്യാപകൻ — അദ്ധ്യാപനം [അദ്ധ്യാപനം — പഠിപ്പിക്കൽ] നടത്തുന്നവൻ (ഗുരു)

അദ്ധ്യാപകദിനം — അദ്ധ്യാപകന്നു [അദ്ധ്യാപകൻ — ആചാര്യൻ] ആദരാഞ്ജലികളർപ്പിക്കുന്ന ദിനം. (ഡോ. രാധാകൃഷ്ണന്റെ ജന്മദിനാഘോഷം)

അദ്ധ്യേതാവ് — അദ്ധ്യയനം [അദ്ധ്യയനം—പഠിപ്പ്] ചെയ്യുന്നവൻ (വിദ്യാർത്ഥി)

അദ്ധ്രുവൻ — ഒരു കാര്യത്തെപ്പറ്റി ധ്രുവമായി [ധ്രുവം — നിശ്ചയം] ഒന്നും പറയാൻ കഴിയാത്തവൻ

അദ്ധ്വഗ — ഭഗീരഥൻ കാണിച്ച അദ്ധ്വാവിലൂടെ [അദ്ധ്വാവ്—പന്ഥാവ്] ഗമിച്ചവൾ (ഗംഗ)

അദ്ധ്വഗൻ — അദ്ധ്വാവിനെ [അദ്ധ്വാവ് — വഴി] ഗമിക്കുന്നവൻ (വഴിപോക്കൻ)

അദ്ധ്വരം — സ്വർഗ്ഗമാർഗ്ഗത്തെ തരുന്നത് [അദ്ധ്വാനം രാതി] (യാഗം)

അദ്ധ്വരി — അദ്ധ്വരം [അദ്ധ്വരം—യാഗം] നടത്തുന്നവൻ (യജമാനൻ)

അദ്ധ്വാന്തം — അദ്ധ്വാവിന്റെ [അദ്ധ്വാവ് — വഴി] അന്തം (മാർഗ്ഗാവസാനം)

അദ്ധ്വാന്തം — ധ്വാന്തം അല്ലാത്തത് [ധ്വാന്തം — ഇരുട്ട്] (അസ്മമയശോഭ)

അനക്ഷൻ — അക്ഷികൾ ഇല്ലാത്തവൻ [അക്ഷി—കണ്ണ്] (അന്ധൻ)

അനക്ഷരൻ — അക്ഷരൻ അല്ലാത്തവൻ [അക്ഷരൻ—അക്ഷരവിദ്യ അറിയാവുന്നവൻ (പാമരൻ)

അനഗാരൻ — അഗാരം ഇല്ലാത്തവൻ [അഗാരം—വീട്] (സംന്യാസി)

അനഘം — അഘം ഇല്ലാത്തത് [അഘം—അഴുക്ക്, പാപം] (നിർമ്മലം)

അനംഗം — അംഗം ഇല്ലാത്തത് [അംഗം—ദേഹം] (ആകാശം)

അനംഗൻ — അംഗം ഇല്ലാത്തവൻ [അംഗം—ദേഹം] (കാമദേവൻ)

അനംഗാരി — അനംഗന്റെ [അനംഗൻ—കാമൻ] അരി [അരി — ശത്രു] (ശിവൻ)

അനഡുജിഹ്വ — അനഡ്വാന്റെ [അനഡ്വാൻ — കാള] ജിഹ്വപോലെയുള്ള [ജിഹ്വ—നാവ്] ജിഹ്വയോടു കൂടിയത് (കൊഴുപ്പ)

അനഡ്വാൻ — അനസ്സിനെ [അനസ്സ്—വണ്ടി] വഹിക്കുന്നത് [വഹിക്കുക—ചുമക്കുക] (കാള)

അനധീനൻ — ഗ്രാമവാസികൾക്കു അധീനനല്ലാതെ [അധീനൻ—ചൊല്പടിക്കു നില്ക്കുന്നവൻ] സ്വതന്ത്രനായി പണിചെയ്യുന്നവൻ (തച്ചൻ)

അനന്ത — അന്തം [അന്തം—അവസാനം] ഇല്ലാത്തത് (ഭൂമി)

അനന്തം — അന്തം ഇല്ലാത്തത് [അന്തം—അവസാനം] (ആകാശം)

അനന്തൻ — അന്തം ഇല്ലാത്തവൻ [അന്തം—അവസാനം] (ഈശ്വരൻ)

അനന്തപുരം — അനന്തനുമായി ബന്ധമുള്ള പുരം (തിരുവനന്തപുരം)

അനന്തപദ്മനാഭൻ — അനന്തനിൽ പള്ളികൊള്ളുന്ന [അനന്തൻ—അനന്തസർപ്പം] പദ്മനാഭൻ [പദ്മനാഭൻ—വിഷ്ണു] (തിരുവനന്തപുര

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്തെ പത്മനാഭസ്വാമി ക്ഷേത്രത്തിലെ പ്രതിഷ്ഠ)

അനന്തരവൻ — മരുമക്കത്തായപ്രകാരം അനന്തരം [അനന്തരം—പിന്നീട്] അവകാശിയായവൻ (മരുമകൻ)

അനന്തരായം — അന്തരായം കൂടാതെ [അന്തരായം — മുടക്കം] (തടസ്സമില്ലാതെ)

അനന്തശയനം — മഹാവിഷ്ണുവിന്റെ അനന്തൻമേലുള്ള [അനന്തൻ—അനന്തസർപ്പം] [ശയനം—കിടപ്പ്]

അനന്യജൻ — അനന്യനിൽനിന്നു [അനന്യൻ — വിഷ്ണു] ഉണ്ടായവൻ (കാമദേവൻ)

അനന്യജാനി — അന്യജായ ഇല്ലാത്തവൻ [അന്യജായ — വേറെ ഭാര്യ] (ഏകഭാര്യൻ)

അനന്വയം — അന്വയം [അന്വയം—ബന്ധം] ഇല്ലായ്മ (ചേർച്ചക്കുറവ്)

അനപത്യത — അപത്യം ഇല്ലാത്ത അവസ്ഥ [അപത്യം—സന്താനം] (മക്കളില്ലായ്മ)

അനപേക്ഷൻ — ഒന്നിനെയും അപേക്ഷിക്കാത്തവൻ [അപേക്ഷിക്കുക—ആശ്രയിക്കുക] (യോഗി)

അനഭിജ്ഞത — അഭിജ്ഞതയില്ലായ്മ [അഭിജ്ഞത—അറിവ്] (അജ്ഞത)

അനമൻ — മറ്റുള്ളവരുടെ മുമ്പിൽ നമനം ചെയ്യാത്തവൻ [നമനം—വണങ്ങൽ] (ബ്രാഹ്മണൻ)

അനംബരൻ — അംബരരഹിതൻ [അംബരം—വസ്ത്രം] (നഗ്നൻ)

അനലൻ — അലംഭാവം ഇല്ലാത്തവൻ [അലം — മതിയെന്ന വിചാരം] [അന പ്രാണനേ] ജീവിച്ചിരിക്കാൻ കാരണഭൂതൻ (അഗ്നി) {രണ്ടുവിധത്തിലും നിഷ്പാദിപ്പിക്കാവുന്നതാണ്}

അനലപ്രിയ — അനലന്റെ [അനലൻ—അഗ്നി] പ്രിയ [പ്രിയ—ഭാര്യ] (സ്വാഹ)

അനലസാദം — അനലന്റെ [അനലൻ—ജഠരാഗ്നി] സാദം [സാദം—തളർച്ച] (അഗ്നിമാന്ദ്യം)

അനവധി — അവധിയോടു കൂടാത്തത് [അവധി—അറ്റം] (ധാരാളം)

അനവസാദം — അവസാദം ഇല്ലായ്മ [അവസാദം — തളർച്ച] (ക്ഷീണമില്ലായ്മ)

അനശനം — അശനം ഇല്ലാത്ത അവസ്ഥ [അശനം—ഭക്ഷണം] (ഉപവാസം)

അനസ്സ് — ശബ്ദമുണ്ടാക്കുന്നത് [അനിതി — ശബ്ദിക്കുന്നു] (വണ്ടി; ജീവൻ)

അനഹംവാദി — അഹംവാദി അല്ലാത്തവൻ [അഹംവാദി — ഞാനെന്ന ഭാവം ഉള്ളവൻ] (ഗർവ്വരഹിതൻ)

അനാകാരൻ — ആകാരം ഇല്ലാത്തവൻ [ആകാരം—സ്വരൂപം] (ഈശ്വരൻ)

അനാഗതശ്മശ്രു — അനാഗതമായ [അനാഗതം—വരാത്ത] ശ്മശ്രുക്കളോടുകൂടിയവൻ [ശ്മശ്രു—രോമം] (മീശ കുരുക്കാത്തവൻ)

അനാഗതം — ആഗതമല്ലാത്തത് (ഭാവികാലം)

അനാഗസ്സ് — ആഗസ്സില്ലാത്ത [ആഗസ്സ്—പാപം] (കുറ്റമറ്റ)

അനാഗതാർത്തവ — അനാഗതമായ [അനാഗതം—ആരംഭിച്ചിട്ടില്ലാത്ത] ആർത്തവത്തോടുകൂടിയവൾ (തിരളാത്തവൾ)

അനാഗാമി — ആഗാമിയല്ലാത്തവൻ [ആഗാമി—ആഗമിച്ചവൻ] (വന്നു ചേരാത്തവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനാതങ്കം — ആതങ്കമില്ലാത്ത [ആതങ്കം—അഴൽ] (സങ്കടമില്ലാത്ത)

അനാതപം — ആതപമില്ലാത്ത [ആതപം—ചൂട്] (തണുപ്പ്)

അനാത്മവാദം — ആത്മാവില്ലെന്ന വാദം [ആത്മാവ് — പരമാത്മാവ്] (നിരീശ്വരവാദം)

അനാർത്തവം — ആർത്തവം ഇല്ലായ്മ [ആർത്തവം — ഋതുകാലത്തെ സംബന്ധിച്ചത്] (ആർത്തവത്തിന്റെ അഭാവം)

അനാഥമന്ദിരം — അനാഥർക്കുള്ള [അനാഥർ — അഗതികൾ] മന്ദിരം (അഗതിശാല)

അനാദ്യന്തൻ — ആദിയും അന്തവും ഇല്ലാത്തവൻ (ഈശ്വരൻ)

അനാധാരം — ആധാരം ഇല്ലായ്മ [ആധാരം—താങ്ങ്] (താങ്ങില്ലായ്മ)

അനാധി — ആധി ഇല്ലാത്ത അവസ്ഥ [ആധി—ദു:ഖം] (ദു:ഖമില്ലായ്മ)

അനാമിക — നാമം പറവാൻ പാടില്ലാത്തത് [നാമം—പേര്] (മോതിരവിരൽ) സൂചിത കഥ—ഒരിക്കൽ ബ്രഹ്മാവ് കളവ് പറഞ്ഞു. ശിവൻ ബ്രഹ്മാവിന്റെ തലകളിലൊന്ന് മോതിരവിരൽ കൊണ്ട് നുള്ളിക്കളഞ്ഞു. മഹാപാതകത്തിന്നു ഹേതുവായ വിരലെന്ന നിലയിൽ പേർപറയാൻ പാടില്ലെന്നായി. ശുദ്ധി വരുത്താനാണ് ഈവിരലിന്ന് മോതിരമിടുന്നത്.

അനാമിഷം — ആമിഷമില്ലാത്ത [ആമിഷം—മാംസം] (മാംസമില്ലാത്ത)

അനായാതി — ആയാതിയില്ലായ്മ [ആയാതി—വരവ്] (വരവില്ലായ്മ)

അനാര്യൻ — ആര്യനല്ലാത്തവൻ [ആര്യൻ—ശ്രേഷ്ഠൻ] (നീചൻ)

അനാവിദ്ധം — ആവിദ്ധമല്ലാത്ത [ആവിദ്ധം—തുളക്കപ്പെട്ട] (കേടുവരാത്ത)

അനാവൃഷ്ടി — ആവൃഷ്ടിയില്ലായ്മ [ആവൃഷ്ടി — മഴപെയ്യൽ] (ഒരീതി ദോഷം)

അനാസക്തൻ — ആസക്തനല്ലാത്തവൻ [ആസക്തൻ—തത്പരൻ] (വിരക്തൻ)

അനാസ്ഥാവാചി — അനാസ്ഥയെ വചിക്കുന്ന ശബ്ദം (വല്ല എന്ന സർവ്വനാമം)

അനാഹാര്യം — ആഹാര്യമല്ലാത്ത [ആഹാര്യം—ചതുരഭിനയങ്ങളിൽ മോടിപിടിപ്പിക്കുന്ന വിഭാഗം] (സ്വാഭാവികം)

അനികേതൻ — ഒരു നികേതത്തോടും [നികേതം—വീട്] ആസക്തിയില്ലാത്തവൻ (പരിവ്രാജകൻ)

അനിത്യദത്തൻ — അനിത്യമായി [അനിത്യം — തത്കാലം] ദത്ത്കൊടുക്കപ്പെട്ടവൻ (തത്കാലത്തെ ദത്തുപുത്രൻ)

അനിബദ്ധസംഗീതം — അനിബദ്ധമായ [അനിബദ്ധം — താളത്താൽ ബന്ധിക്കപ്പെടാത്ത] സംഗീതം (രാഗാലാപനം, താനം മുതലായവ)

അനിമകം — മധുരശബ്ദം പുറപ്പെടുവിക്കുന്നത് [അന് ശബ്ദേ] (കുയിൽ, വണ്ട്, തേനീച്ച)

അനിമിഷം — നിമിഷം [നിമിഷം—ഇമപൂട്ടൽ] ഇല്ലാത്തത് (മത്സ്യം)

അനിമിഷൻ — നിമിഷം ഇല്ലാത്തവൻ [നിമിഷം, നിമേഷം, ഇമപൂട്ടൽ] (ദേവൻ)

അനിരുദ്ധൻ — നിരോധിക്കാൻ കഴിയാത്തവൻ [നിരോധിക്കുക — തടയുക] (കാമദേവപുത്രനായ ഉഷാപതി)

അനിലതനയൻ — അനിലന്റെ [അനിലൻ — വായു] തനയൻ [തനയൻ—മകൻ] (ഹനുമാൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനിലൻ — പ്രാണികളെ ജീവിപ്പിക്കുന്നവൻ [അനിതി — ശ്വസിക്കുന്നു, ജീവിച്ചിരിക്കുന്നു] (വായു)

അനിലബന്ധു — അനിലന്റെ ബന്ധു [അനിലൻ—വായു] (തീ)

അനിലാമയം — അനിലനെക്കൊണ്ടുള്ള [അനിലൻ — വായു] ആമയം [ആമയം — രോഗം] (വായുസംബന്ധമായ രോഗം)

അനിലാശനൻ — അനിലനെ [അനിലൻ — വായു] അശിക്കുന്നവൻ [അശിക്കുക—ഭക്ഷിക്കുക] (പാമ്പ്)

അനിശം — നിശയിലും അടങ്ങിയിരിക്കാതെ [നിശ — രാത്രി] (എല്ലായ്പോഴും)

അനിത്യങ്ങൾ — നിത്യങ്ങളല്ലാത്തവ [നിത്യങ്ങൾ — എന്നെന്നും നിലനിൽക്കുന്നവ] (യൗവനവും സൗന്ദര്യവും ഐശ്വര്യവും ഇഷ്ടജനങ്ങളോടൊപ്പമുള്ള വാസവും)

അനീകം — രാജശക്തിയെ ജീവിപ്പിക്കുന്നത് [ജീവിപ്പിക്കുക—നിലനിർത്തുക; അനീതി — ജീവത്യനേന] (സേന)

അനീകസ്ഥൻ — അനീകത്തിൽ [അനീകം — സേന] സ്ഥിതിചെയ്യുന്നവൻ (ഭടൻ)

അനീകിനി — അനീകങ്ങളുടെ സംഘം [അനീകം—സേന] (സേനാസമൂഹം)

അനീലവാജി — അനീലമായ [അനീലം—വെളുത്ത] വാജിയോടു [വാജി—കുതിര] കൂടിയവൻ (അർജ്ജുനൻ)

അനീശ്വരവാദി — ഈശ്വരവാദിയല്ലാത്തവൻ [ഈശ്വരവാദി — ഈശ്വരനുണ്ടെന്നു വാദിക്കുന്നവൻ] (നിരീശ്വരവാദി)

അനീഹൻ — ഈഹയില്ലാത്തവൻ [ഈഹ — ആഗ്രഹം] (അനാസക്തൻ)

അനു — പശ്ചാത്, സാദൃശ്യം, ഹീനം, സഹ, സമീപം, പരിപാടി എന്നീ അർത്ഥങ്ങൾ കാണിക്കാൻ ചേർക്കുന്ന ഉപസർഗ്ഗം (അനുതാപം—പശ്ചാത്താപം, അനുരൂപൻ—തുല്യരൂപൻ, അനുജ്ഞീവി—ദാസൻ, അനുഗമനം—സഹഗമനം, അനുഗതൻ—പിൻഗാമി, അനുക്രമണിക—ചിട്ടപ്പെടുത്തിയപരിപാടി എന്നു ക്രമപ്രകാരം ഉദാഹരണങ്ങൾ)

അനുകഥിക്കുക — കൂടെ [അനു സഹാർത്ഥം] കഥിക്കുക [കഥിക്കുക — പറയുക] (കൂടെപ്പറയുക)

അനുകമ്പ — അന്യരുടെ ദുഃഖത്തിൽ കൂടെക്കൂടെ മനസ്സിനെ കമ്പനം ചെയ്യിക്കുന്നത് [അനു — കൂടെ, കമ്പം—ഇളക്കം] (ദയ)

അനുകമ്പ്യൻ — അനുകമ്പതോന്നുമാറ് [അനുകമ്പ—ദയ] ദേഹത്തെ പീഡിപ്പിക്കുന്നവൻ (സംന്യാസി)

അനുകൂലം — കൂലത്തോടൊത്ത് [കൂലം—കര] (ഒഴുക്കിനൊത്തു)

അനുക്രമണി — അനുക്രമത്തിൽ [അനുക്രമം — ക്രമപ്രകാരം] ചിട്ടപ്പെടുത്തിയ ഉള്ളടക്കത്തെ സംബന്ധിച്ച വിവരണം

അനുഗൻ — പിന്നാലെ ഗമിക്കുന്നവൻ [അനു—പിന്നാലെ] (ഭൃത്യൻ)

അനുചരൻ — കൂടെ ചരിക്കുന്നവൻ [അനു—കൂടെ; ചരിക്കുക—സഞ്ചരിക്കുക] (സഹചരൻ)

അനുച്ചരിതം — ഉച്ചരിക്കപ്പെടാത്തത് (നിശ്ശബ്ദം)

അനുജൻ — പിന്നാലെ [അനു—പിന്നാലെ] ജനിച്ചവൻ (ഇളയവൻ)

അനുജ്യേഷ്ഠം — ജ്യേഷ്ഠക്രമമനുസരിച്ചു [ജ്യേഷ്ഠക്രമം—മൂത്തവൻ കഴി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഞ്ഞു ഇളയവൻ എന്ന ക്രമം] (മൂപ്പനുസരിച്ചു)

അനുജ്ഞാകലശം — ദേവന്റെ അനുജ്ഞ [അനുജ്ഞ—അനുവാദം] തേടിക്കൊണ്ടു ചെയ്യുന്ന കലശപൂജ (അമ്പലം ജീർണ്ണോദ്ധാരണം ചെയ്യാൻ നടത്തുന്ന പൂജ)

അനുജ്ഞായകം — അനുജ്ഞ സൂചിപ്പിക്കുന്ന [അനുജ്ഞ—സമ്മതം] ആം എന്ന പ്രത്യയം ധാതുവോടു ചേർന്നുവരുന്ന രൂപം (ക്രിയയുടെ നാലുപ്രകാരങ്ങളിലൊന്ന്)

അനുതാപി — അനുതാപം ഉള്ളവൻ [അനുതാപം — പശ്ചാത്താപം] (പശ്ചാത്തപിക്കുന്നവൻ)

അനുത്സേകം — ഉത്സേകമില്ലായ്മ [ഉത്സേകം — ഗർവ്വ്] (അഹങ്കാരമില്ലായ്മ)

അനുദാരൻ — ഉദാരനല്ലാത്തവൻ [ഉദാരൻ — ദാനശീലൻ] (പിശുക്കൻ)

അനുദ്വാഹം — ഉദ്വാഹം ചെയ്യാതിരിക്കൽ [ഉദ്വാഹം — വിവാഹം] (ബ്രഹ്മചര്യം)

അനുനാസികം — നാസികയുടെ സഹായത്തോടെ [നാസിക — മൂക്ക്] ഉച്ചരിക്കപ്പെടുന്ന ശബ്ദം (ങ്, ഞ്, ണ്, ന്, മ്)

അനുനാസികൻ — നാസികകൊണ്ടു [നാസിക — മൂക്ക്] ഗാനംചെയ്യുന്നവൻ

അനുനാസികാതിപ്രസരം — അനുനാസികങ്ങൾ [അനുനാസികങ്ങൾ—ങ, ഞ, ണ, ന, മ, എന്ന പഞ്ചമങ്ങൾ] തൊട്ടുപിന്നാലെ വരുന്ന ഖരവർണ്ണത്തെ [ഖരം—ക, ച, ട, ത, പ] അമിതമായി ബാധിച്ചു അതിനെക്കൂടി അനുനാസികമാക്കുന്ന രീതി. (മലയാളഭാഷയിലെ ഒരു വർണ്ണവികാരം)

അനുപ്രാസം — ഒരേ വ്യഞ്ജനത്തെ അടുത്തടുത്താവർത്തിക്കുന്ന പ്രാസം (ഒരുശബ്ദാലങ്കാരം)

അനുബന്ധപത്രം — അനുബന്ധം സംബന്ധിച്ച പത്രം [അനുബന്ധം—കരാർ] (കരാർഫാറം)

അനുഭവം — പിന്നീട് ഭവിക്കുന്നത് [അനു—പിന്നീട്] (വികാരം പ്രകടിപ്പിക്കുന്ന ചേഷ്ട)

അനുയാത്രം — യാത്രയ്ക്കു കൂടെപ്പോകുന്നവർ [അനു — കൂടെ] (അകമ്പടി)

അനുരക്തൻ — അനുരക്തിയുള്ളവൻ [അനുരക്തി—അനുരാഗം] (സ്നേഹമുള്ളവൻ)

അനുവാദം — പിന്നീടോ തുടർന്നോ വദിക്കൽ [അനു—പിന്നീടോ തുടർന്നോ. വദിക്കുക—പറയുക] (സമ്മതം)

അനുവാദകൻ — അനുവാദത്തിന് ഒരുങ്ങിയവൻ [അനുവാദം — ഒരാൾ പറഞ്ഞതു മറ്റൊരു ഭാഷയിൽ ആക്കൽ) (തർജ്ജമക്കാരൻ)

അനുശാസകൻ — അനുശാസനം നൽകുന്നവൻ [അനുശാസനം—ഉപദേശം] (മാർഗ്ഗനിർദ്ദേശം കൊടുക്കുന്നവൻ)

അനുശാസനം — ഇന്നതുശരി എന്നു ബോധിപ്പിക്കൽ (ഉപദേശം)

അനുസ്വാരം — സ്വരത്തെ [സ്വരം—അ മുതൽ ഔ വരെ] അനുഗമിക്കുന്നത് (മ് എന്ന ധ്വനി 'ം' എന്ന ചിഹ്നം കൊണ്ടാണു കുറിക്കുന്നത്)

അനുഷംഗം — ഗാഢമായ സംഗം [സംഗം—ചേർച്ച] (ദൃഢബന്ധം)

അനുഷേകം — വീണ്ടും വീണ്ടുമുള്ള സേകം [സേകം — നനയ്ക്കൽ] (തുടർന്നുള്ള നനയ്ക്കൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അനുഷ്ണരശ്മി — ഉഷ്ണരശ്മി [ഉഷ്ണരശ്മി — സൂര്യൻ] അല്ലാത്തവൻ (ചന്ദ്രൻ)

അനുസ്യൂതവിവരണം — അനുസ്യൂതമായ [അനുസ്യൂതം—ഇടവിടാതെ] വിവരണം

അനൂഢ — ഊഢയല്ലാത്തവൾ [ഊഢ—വഹിക്കപ്പെട്ടവൾ] (അവിവാഹിത)

അനൂരു — ഊരുരഹിതൻ [ഊരു—തുട] (സൂര്യസാരഥി, അരുണൻ)

അനൂർമ്മി — ഊർമ്മിയില്ലാത്ത [ഊർമ്മി — തിര] (തിരയടങ്ങിയ)

അനൃതം — ഋതം അല്ലാത്തത് [ഋതം—കളവ്] (സത്യം)

അനൃണൻ — ഋണത്തിൽനിന്നു [ഋണം — കടം] മുക്തനായവൻ (കടപ്പാടില്ലാത്തവൻ)

അനേകപം — ഏക വഴിയിലൂടെയല്ലാതെ [ഏകവഴി — ഒരുവഴി] പാനം ചെയ്യുന്നത് (ആന)

അനേകമൂർത്തി — അനേകം മൂർത്തിയോടുകൂടിയവൻ (പല അവതാരങ്ങൾ കൈക്കൊണ്ട വിഷ്ണു)

അന്തം — [അതി ബന്ധനേ] കൂട്ടിക്കെട്ടുന്നത് (അവസാനം)

അന്തഃകരണം — ഉള്ളിലെ കരണം [അന്തർമദ്ധ്യവർത്തി; കരണം —ജ്ഞാനസാധനം] (ബുദ്ധി; മനസ്സ്)

അന്തകൻ — അന്തത്തെ ചെയ്യുന്നവൻ [അന്തം—അവസാനം] (കാലൻ)

അന്തകരിപു — അന്തകന്റെ [അന്തകൻ—കാലൻ] രിപു [രിപു—ശത്രു] (ശിവൻ)

അന്തണൻ — അന്തത്തെ [അന്തം—വേദാന്തം] അണയുന്നവൻ [അണയുക—പ്രാപിക്കുക] (ബ്രാഹ്മണൻ)

അന്തരഗ്നി — അന്തർഭാഗത്തെ [അന്തർഭാഗം—ജഠരം] അഗ്നി (ജഠരാഗ്നി)

അന്തരംഗം — അന്തർഭാഗത്തുള്ള [അന്തർഭാഗം—ഉൾഭാഗം] അംഗം (ഹൃദയം)

അന്തരായം — അന്തരം ഏതി ഇതി [അന്തരം—വ്യവധാനം] (വിഘ്നം)

അന്തരാളം — അന്തരത്തെ കൊടുക്കുന്നത് [അന്തരം — അവകാശം] (ഇടനടു)

അന്തരിക്ഷം — അന്തർഭാഗത്തു [അന്തർഭാഗം — ഉൾഭാഗം] ഋക്ഷങ്ങളോടു [ഋക്ഷം— നക്ഷത്രം] കൂടിയത് (ആകാശം)

അന്തരിക്ഷചരം — അന്തരിക്ഷത്തിൽ [അന്തരിക്ഷം — ആകാശം] ചരിക്കുന്നത് [ചരിക്കുക — സഞ്ചരിക്കുക] (പക്ഷി)

അന്തർജനം — അന്തർഭാഗത്തുള്ള [അന്തർഭാഗം — ഇല്ലത്തിന്റെ ഉൾഭാഗം] ജനം (നമ്പൂരിസ്ത്രീ)

അന്തർദാഹം — അന്തർഭാഗത്തുള്ള [അന്തർഭാഗം — ഉൾഭാഗം] ദാഹം [ദാഹം — സന്താപം] (ഉൾച്ചൂട്)

അന്തർവത്നി — അന്തർഭാഗത്ത് [അന്തർഭാഗം — ഉൾഭാഗം] ഉള്ളവൾ (ഗർഭിണി)

അന്തർവാണി — അന്തർഭാഗത്ത് [അന്തർഭാഗം—ഉള്ളം] വാണി ഉള്ളവൻ [വാണി — വാക്ക്] (അറിവുള്ള ആൾ)

അന്തർവാഹിനി — 1. അന്തർഭാഗത്തുകൂടി [അന്തർഭാഗം—ഉൾഭാഗം] ഒഴുകുന്ന വാഹിനി [വാഹിനി—നദി] (സരസ്വതീനദി)

2. അന്തർഭാഗത്തുകൂടി സഞ്ചരിക്കുന്ന വാഹിനി (മുങ്ങിക്കപ്പൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്താദിപ്രാസം — ഒരു ശ്ലോകത്തിന്റെ അവസാനത്തെ പാദംകൊണ്ട് അടുത്ത ശ്ലോകം ആരംഭിക്കുന്ന പ്രാസം.

അന്തിക്കൂത്ത് — അന്തിയിലെ [അന്തി—സന്ധ്യ] കൂത്ത്—നൃത്തം] (ശിവതാണ്ഡവം)

അന്തിക്രിസ്തു — ക്രിസ്തുവിന്റെയും ക്രിസ്തുധർമ്മത്തിന്റെയും വിരോധി (Anti Christ)

അന്തിത്തിരി — അന്തിക്കു [അന്തി—സന്ധ്യ] കത്തിച്ചുവെക്കുന്ന തിരി [തിരി—വിളക്ക്] (സന്ധ്യാദീപം)

അന്തിത്തിരിയൻ — ഉത്തരകേരളത്തിലെ കാവുകളിൽ അന്തിത്തിരി [അന്തിത്തിരി — സന്ധ്യാദീപം] കൊളുത്തുന്നവൻ

അന്തേവാസി — അന്തത്തിൽ [അന്തേ—വിദ്യാമദ്ധ്യത്തിലും അദ്ധ്യാപകസമീപത്തിലും] വസിക്കുന്നവൻ [വസിക്കുക—പാർക്കുക] (ശിഷ്യൻ)

അന്ത്യയാത്ര — അന്ത്യമായ യാത്ര [അന്ത്യം — അവസാനം] (മരണം)

അന്ത്യേഷ്ടി — അന്ത്യമായ [അന്ത്യം—അവസാനം] ഇഷ്ടി [ഇഷ്ടി — യാഗം] (ശവദാഹം)

അന്ത്രം — മാലമാലയായി വയറ്റിൽ വ്യാപിച്ചു കിടക്കുന്നത് [അന്ത്യതേ ബദ്ധ്യതേ ദേഹോ അനേന] (കുടൽമാല)

അന്ദു — ബന്ധിക്കപ്പെടുന്നത് [അന്ദ് ബന്ധനേ] (ചങ്ങല)

അന്ധഗജന്യായം — അന്ധന്മാർ [അന്ധൻ—കുരുടൻ] ഗജത്തിന്റെ [ഗജം—ആന] ചിലഭാഗങ്ങൾ തപ്പി അതിന്റെ ആകൃതിയെപ്പറ്റി അഭിപ്രായം പറയുന്നപോലുള്ള രീതി (അപൂർണ്ണമായി ഗ്രഹിച്ചു പൂർണ്ണസ്വഭാവമറിഞ്ഞെന്നു ഭാവിക്കൽ)

അന്ധപംഗുന്യായം — അന്ധന്റെ ചുമലിൽ [അന്ധൻ—കുരുടൻ] പംഗു ഇരുന്നു [പംഗു—മുടന്തൻ] വഴി തെളിച്ചു രണ്ടുപേരും യാത്രചെയ്യുന്നതുപോലുള്ളരീതി (കാര്യങ്ങൾ യോജിപ്പുകൊണ്ടു സാധിക്കുന്ന സമ്പ്രദായം)

അന്ധാഹി — അന്ധമായ [അന്ധം—കണ്ണുകാണാത്തത്] അഹി [അഹി—പാമ്പ്] (കുരുടിപ്പാമ്പ്)

അന്ധു — ജലദാനം കൊണ്ടുപ്രാണികളെ ജീവിപ്പിക്കുന്നത് [അന പ്രാണനേ] (കിണർ)

അന്നക്കൊടിയോൻ — അന്നം [അന്നം—അരയന്നം] കൊടിയടയാളമായുള്ളവൻ (ബ്രഹ്മാവ്)

അന്നദാതാവ് — അന്നം [അന്നം—ചോർ] ദാനം ചെയ്യുന്നവൻ (ചോറ് കൊടുക്കുന്നവൻ)

അന്ന്നടയാൾ — അന്നത്തിന്റെ [അന്നം — അരയന്നം] നടപോലെയുള്ള [നട—നടത്തം] നടയോടുകൂടിയവൾ (സുന്ദരി)

അന്നപൂർണ്ണാ — അന്നം [അന്നം—ചോറ്] പൂർണ്ണമായി നൽകുന്നവൾ (ദുർഗ്ഗ)

അന്നപ്രാശം — അന്നത്തിന്റെ [അന്നം—ചോറ്] പ്രാശം [പ്രാശം—ഭോജനം] (ചോറൂൺ. അഞ്ചാംമാസത്തിൽ പെണ്ണിന്നും ആറാംമാസത്തിൽ ആണിന്നും നൽകുന്ന ചോറ്)

അന്നം — അദിക്കപ്പെടുന്നത് [അദിക്കുക—ഭക്ഷിക്കുക] (ചോറ്)

അന്നവസ്ത്രങ്ങൾ — അന്നവും വസ്ത്രവും (ഉണ്ണാനും ഉടുപ്പാനും)

അന്യഥാവാദി — അന്യഥാ [അന്യഥാ—മറ്റുപ്രകാരത്തിൽ] വദിക്കുന്നവൻ [വദിക്കുക — പറയുക] (കള്ളസാക്ഷി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അന്യപുഷ്ടം — അന്യനാൽ പോഷിപ്പിക്കപ്പെടുന്നത് [കാക്കക്കൂട്ടിൽ കുയിൽക്കുട്ടി എന്ന വാക്യം ഓർക്കുക] (കുയിൽ)

അന്യഭൃത്ത് — മറ്റൊന്നിനെവളർത്തുന്നത് (കാക്ക)

അന്യാപദേശ ശതകം — അന്യാപദേശരീതിയിൽ [അന്യാപദേശം—ഒന്നു പറഞ്ഞു വേറൊന്നു ധരിപ്പിക്കുന്ന രീതി] നീലകണ്ഠദീക്ഷിതരെഴുതിയ കൃതി (ഒരു സംസ്കൃതകാവ്യം)

അന്യേദ്യുഃ— അന്യമായ ദ്യുഃ [ദ്യുഃ — ദിവസം] (അടുത്തദിവസം)

അന്വഹം — അഹസ്സ് തോറും [അഹസ്സ്—ദിവസം] (എല്ലാദിവസവും)

അന്വേഷിതം — അന്വേഷിക്കപ്പെട്ടത് (മാർഗ്ഗിതം)

അപകർത്താ — അപകാരം ചെയ്യുന്നവൻ [അപകാരം — ഉപദ്രവം] (ശത്രു)

അപകർമ്മം — അപകൃഷ്ടമായ [അപകൃഷ്ടം — ഹീനം] കർമ്മം (ദുഷ്ക്രിയ)

അപഗരൻ — അപഗരം [അപഗരം—ആക്ഷേപം] നടത്തുന്നവൻ (നിന്ദിക്കുന്നവൻ)

അപചാരി — അപചാരം ചെയ്യുന്നവൻ [അപചാരം — പിഴ] (അന്യായം പ്രവർത്തിക്കുന്നവൻ)

അപഞ്ചീകൃതം — പഞ്ചീകൃതം അല്ലാത്തത് [പഞ്ചീകൃതം — അഞ്ചായി പിരിക്കപ്പെട്ടത്] (ഒന്നായി നില്ക്കുന്ന പഞ്ചഭൂതങ്ങൾ)

അപത്നീകൻ — പത്നീകൻ അല്ലാത്തവൻ [പത്നീകൻ — ഭാര്യയുള്ളവൻ] (ഭാര്യയില്ലാത്തവൻ)

അപത്യം — വംശത്തെ പതിപ്പിക്കാതെ [പതിപ്പിക്കുക—വീഴ്ത്തുക, നശിപ്പിക്കുക] ഇരിക്കുന്നത് (സന്താനം)

അപഥഗമനം — അപഥത്തിലൂടെയുള്ള [അപഥം—തെറ്റായവഴി] ഗമനം (വഴിതെറ്റിയുള്ള പോക്ക്)

അപരം — 1. പരമായി മറ്റൊന്നില്ലാത്തത് (എതിരില്ലാത്തത്) 2. അന്യം

അപരക്രിയ — അപരമായ ക്രിയ (ശേഷക്രിയ)

അപരപക്ഷം — അപരമായ പക്ഷം (കൃഷ്ണപക്ഷം)

അപരാർദ്ധം — അപരമായ അർദ്ധം (രണ്ടാമത്തെപകുതി)

അപരാഹ്നം — അപരമായ [അപരം—ശേഷം] അഹ്നം [അഹ്നം — പകൽ] (വൈകുന്നേരം)

അപരാഗ്നി — അപരക്രിയക്കുള്ള [അപരക്രിയ—ശേഷക്രിയ] അഗ്നി (ശവസംസ്കാരത്തിനുള്ള തീ)

അപരോക്ഷാനുഭൂതി — അപരോക്ഷമായ [അപരോക്ഷം — പ്രത്യക്ഷം] അനുഭൂതി (ആത്മസാക്ഷാത്കാരം)

അപർണ്ണ — തപസ്സുചെയ്യുമ്പോൾ പർണ്ണഭക്ഷണവൃത്തിപോലും [പർണ്ണം — ഇല] വെടിഞ്ഞവൾ (പാർവ്വതി)

അപവാദം — അപകൃഷ്ടമായ [അപകൃഷ്ടം—ഹീനം] വാദം (ആക്ഷേപം)

അപവ്യയം — അപകൃഷ്ടമായ [അപകൃഷ്ടം—ഹീനം] വ്യയം (ദുർവ്യയം)

അപസ്മാരം — പൂർവ്വവൃത്തം അപസ്മരിപ്പിക്കുന്ന [അപസ്മരിപ്പിക്കുക — മറവിതോന്നിക്കുക] ഒരു രോഗം (എല്ലാം മറക്കുന്നരോഗം)

അപാംഗം — ചക്ഷുസ്സിനെ [ചക്ഷുസ്സ്—കണ്ണ്] വക്രമായി ഗമിപ്പിക്കുന്നത് (കടക്കണ്ണ്)

അപാംഗവീക്ഷണം — അപാംഗംകൊണ്ടുള്ള [അപാംഗം — കടക്കണ്ണ്] വീക്ഷണം [വീക്ഷണം — നോട്ടം] (കടാക്ഷം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അപാണിനീയം — പാണിനിയുടെ വ്യാകരണനിയമങ്ങളിൽ പെടാത്തത് (വ്യാകരണദൃഷ്ട്യാ തെറ്റായ പ്രയോഗം)

അപാംഗനാഥൻ — അപ്പുകളുടെ നാഥൻ [അപ്–വെള്ളം; ആപിക്കാവുന്നത്. ആപിക്കുക–പ്രാപിക്കുക] (വരുണൻ)

അപാരം — പാരം കാണാൻ കഴിയാത്തത്. [പാരം–മറുതീരം] (വിപുലം)

അപാർത്ഥിവം — പാർത്ഥിവമല്ലാത്ത [പാർത്ഥിവം – ഭൂമിയിലുണ്ടായ] (ഭൂമിയിലുണ്ടാകാത്തത്)

അപാസു — അസു പോയ്പോയ [അസു–ജീവൻ] (ജീവൻ പോയ)

അപുനർഭവം — പുനർഭവം ഇല്ലാത്ത അവസ്ഥ [പുനർഭവം–പുനർജന്മം] (കൈവല്യം)

അപൂർവ്വം — പൂർവ്വമല്ലാത്ത [പൂർവ്വം–മുമ്പ്] (പുതിയ)

അപേയം — പാനം ചെയ്യത്തക്കതല്ലാത്തത് [പാനംചെയ്യുക–കുടിക്കുക] (കുടിക്കാൻ പറ്റാത്തത്)

അപോഹം — അപഗതമായ [അപഗതം–പോയ] ഊഹം (വിതർക്കമില്ലായ്മ)

അപൗരുഷേയം — പൗരുഷേയം അല്ലാത്തത് [പൗരുഷേയം–പുരുഷനിൽ നിന്നുത്ഭവിച്ചത്] (മനുഷ്യമസ്തിഷ്കത്തിൽ നിന്നല്ലാതെ അതിനപ്പുറമുള്ള ഏതോ ദൈവികശക്തിയിൽ നിന്നുണ്ടായത്)

അപൗരുഷേയഗ്രന്ഥങ്ങൾ — അപൗരുഷേയങ്ങളായ [അപൗരുഷേയം–ഈശ്വരീയം] ഗ്രന്ഥങ്ങൾ (വേദോപനിഷത്തുകൾ)

അപ്പക്കാള — അപ്പന്റെ [അപ്പൻ–ശിവൻ] കാള (ശിവക്ഷേത്രത്തിൽ ഉരുവിരുത്തിയ കാള)

അപ്പതി — അപ്പുകളുടെ [അപ്പുകൾ–സമുദ്രം] പതി [പതി–നായകൻ] (വരുണൻ)

അപ്പാണ്യം — കോഴിക്കോട്ടെ ഷെയിക്കിന്റെ പള്ളിയിലെ നേർച്ച (അപ്പവാണിഭം ലോപിച്ചുണ്ടായ രൂപം)

അപ്പിത്തക്കാഷൻ — അക്ഷിയിൽ [അക്ഷി–നയനം] അപ്പിത്തത്തോടുകൂടിയവൻ [അപ്പിത്തം–അഗ്നി] (ശിവൻ)

അപ്രകടം — പ്രകടമല്ലാത്തത് [പ്രകടം–വ്യക്തം] (അവ്യക്തം)

അപ്രകാശ്യം — പ്രകാശിപ്പിക്കാൻ പാടില്ലാത്തത് [പ്രകാശിപ്പിക്കുക–അന്യരോടുപറയുക] ജന്മനക്ഷത്രം, മൈഥുനം, മന്ത്രം, ഗൃഹച്ഛിദ്രം, വഞ്ചന, ആയുസ്സ്, ധനം, അവമാനം, സ്ത്രീ, ഇവ പുറത്തുപറയരുത്)

അപ്രതിരഥൻ — പ്രതിരഥൻ ഇല്ലാത്തവൻ [പ്രതിരഥൻ–എതിരാളി] (വില്ലാളിവീരൻ)

അപ്രതിരോധ്യം — പ്രതിരോധിക്കുവാൻ കഴിയാത്ത [പ്രതിരോധിക്കുക–തടുത്തുനിർത്തുക] (തടുത്തുനിർത്തുവാൻ സാധിക്കാത്ത)

അപ്സരസ്സ് — പാലാഴി കടയുമ്പോൾ അതിലുള്ള അപ്പിൽനിന്നു [അപ് – വെള്ളം] ഉണ്ടായവൾ (ദേവസ്ത്രീ)

അബല — സകലബലവും [ബലം–ശക്തി] പുരുഷനു അടിയറവെച്ചവൾ (സ്ത്രീ)

അബ്ജം — അപ്പിൽ നിന്ന് [അപ്–വെള്ളം] ജനിച്ചത് (താമര)

അബ്ജൻ — അപ്പിൽനിന്നു [അപ്–പാലാഴിയിലെ വെള്ളം] ജനിച്ചവൻ (ചന്ദ്രൻ)

അബ്ജനകം — അപ്പിനെ [അപ്–വെള്ളം] ജനിപ്പിക്കുന്ന വാതകം (ഹൈഡ്രജൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അബ്ജബാന്ധവൻ — അബ്ജത്തിന്റെ [അബ്ജം — താമര] ബാന്ധവൻ [ബാന്ധവൻ — ബന്ധു] (സൂര്യൻ)

അബ്ജയോനി — അബ്ജം [അബ്ജം—താമര] യോനിയായി [യോനി—ഉത്ഭവസ്ഥാനം] ഉള്ളവൻ (ബ്രഹ്മാവ്)

അബ്ജിനി — അബ്ജങ്ങളുടെ സമൂഹം [അബ്ജം — താമര] (താമരപ്പൊയ്ക)

അബ്ധി — അപ്പിന്റെ [അപ്—വെള്ളം] ഇരിപ്പിടം [ധി — സമൂഹം] (സമുദ്രം)

അബ്ധികഫം — അബ്ധിയുടെ കഫം [അബ്ധി — സമുദ്രം] (ആകാരംകൊണ്ടു കഫംപോലുള്ള കടൽനുര)

അബ്ധിജ — അബ്ധിയിൽ നിന്നു ജനിച്ചവൾ [അബ്ധി — സമുദ്രം] (ലക്ഷ്മി)

അബ്ധിജം — അബ്ധിയിൽനിന്നു ജനിച്ചത് [അബ്ധി—സമുദ്രം] (ശംഖ്)

അബ്ധിജാതൻ — പാലാഴി കടയുമ്പോൾ അബ്ധിയിൽ നിന്നു [അബ്ധി — സമുദ്രം] ജനിച്ചവൻ (ചന്ദ്രൻ)

അബ്ധിദ്വീപ — അബ്ധിയാൽ ഒരു ദ്വീപിനെയെന്നപോലെ ചുറ്റപ്പെട്ടത് [അബ്ധി—സമുദ്രം] (ഭൂമി)

അബ്ധിനഗരി — അബ്ധിയിലുള്ള [അബ്ധി—സമുദ്രം] നഗരി [നഗരി—പുരി] (ദ്വാരക)

അബ്ധിനന്ദിനി — അബ്ധിയുടെ [അബ്ധി—സമുദ്രം] നന്ദിനി [നന്ദിനി—മകൾ] (കടൽമകൾ)

അബ്ധിമേഖല — അബ്ധിയാകുന്ന [അബ്ധി—സമുദ്രം] മേഖലയോടുകൂടിയവൾ [മേഖല—അരഞ്ഞാണം] (ഭൂമി)

അബ്ധിശയനൻ — പ്രളയാബ്ധിയിൽ [പ്രളയാബ്ധി — പ്രളയകാലസമുദ്രം] ശയിക്കുന്നവൻ (വിഷ്ണു)

അഭക്ഷം — ഒന്നും കിട്ടിയില്ലെങ്കിൽ അപ്പ് മാത്രം ഭക്ഷിച്ചു ജീവിക്കുന്നത് [അപ്—വെള്ളം] (സർപ്പം)

അഭയം — ഭയമില്ലാത്ത അവസ്ഥ [ഭയം—പേടി] (രക്ഷ)

അഭയഡിണ്ഡിമം — അഭയം നല്കാമെന്ന നിലയ്ക്കുള്ള [അഭയം—രക്ഷ] ഡിണ്ഡിമം [ഡിണ്ഡിമം — പെരുമ്പറ] (സൈനികഭേരി)

അഭയമുദ്ര — അഭയദാനം സൂചിപ്പിക്കുന്ന [അഭയം—രക്ഷ] ഹസ്തമുദ്ര (കൈവെള്ള പുറത്തേക്കുമലർത്തി വിരലുകൾ മേല്പോട്ടുപിടിച്ചു അല്പമൊന്നിളക്കിക്കാണിക്കുന്ന മുദ്ര.

അഭിക്രോശകൻ — അഭിക്രോശം [അഭിക്രോശം — വിളിച്ചുപറയൽ] നടത്തുന്നവൻ (വിളിച്ചുപറയുന്നവൻ)

അഭിഘാതി — അഭിഘാതത്തിന്നൊരുങ്ങിയവൻ [അഭിഘാതം—കൊല] (ശത്രു)

അഭിജ്ഞൻ — [അഭി—സാകല്യേന. ജ്ഞാനാതി — അറിയുന്നു] എല്ലാം അറിയുന്നവൻ (പ്രവീണൻ)

അഭിജ്ഞാനം — ഏതിനാൽ അറിയപ്പെടുന്നുവോ അത്. [ജ്ഞാനം — അറിവ്] (അടയാളം)

അഭിധാനം — ധരിക്കപ്പെടുന്നത് (പേര്)

അഭിനയം — രസങ്ങളെയും ഭാവങ്ങളെയും പ്രേക്ഷകരുടെ അഭിമുഖ്യത്തിൽ നയിക്കൽ.

അഭിനവപയസ്സ് — അഭിനവമായ [അഭിനവം — പുതിയ] പയസ്സ് [പയസ്സ്—വെള്ളം] (മഴവെള്ളം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭിനേതാവ് — അഭിനയിക്കുന്നവൻ (നടൻ)

അഭിപ്രായം — എല്ലാവർക്കും തൃപ്തി വരുത്തുന്നത് [അഭി പ്രീഞ് തർപ്പണേ] (മനസ്സിലുള്ളത്)

അഭിഭാഷകൻ — കോടതിയെ അഭിമുഖീകരിച്ചു ഭാഷണം ചെയ്യുന്നവൻ (വക്കീൽ)

അഭിമന്യു — അഭിയും [അഭി—ഭീ ഇല്ലാത്തവൻ] മന്യുമാനും ആയവൻ [മന്യു — കോപം] (അർജ്ജുനന്നു സുഭദ്രയിൽ ജനിച്ച പുത്രൻ)

അഭിയോഗി — അഭിയോഗത്തിന്നൊരുങ്ങിയവൻ [അഭിയോഗം—പോർവിളി] (എതിർക്കുന്നവൻ)

അഭിവാദനം — അഭിമുഖീകരണാർത്ഥകമായ [അഭിമുഖം—മുഖത്തോടു മുഖം] വാദനം [വാദനം—പറയൽ] (നമസ്കാരം)

അഭിസരൻ — അഭിസരിക്കുന്ന ആൾ [അഭിസരിക്കുക — അടുത്തു ചെല്ലുക] (ഛണ്ഡാതി)

അഭിസാരിക — അഭിസരിക്കുന്ന സ്ത്രീ [അഭിസരിക്കുക — കാമുകനാൽ നിർദ്ദേശിക്കപ്പെട്ട സ്ഥലത്തു ചെല്ലുക] (നേരിട്ടു ചെല്ലുന്നവൾ)

അഭിസ്വീകൃതിശുല്കം — അഭിസ്വീകൃതിക്കുള്ള [അഭിസ്വീകൃതി—പ്രവേശനം] ശുല്കം (പ്രവേശനഫീസ്)

അഭിഹിതസന്ധി — അഭിഹിതമായ [അഭിഹിതം—അഭിധാനംചെയ്യപ്പെട്ടത്] സന്ധി (വാക്കാൽ ചെയ്യപ്പെടുന്ന കരാർ)

അഭീകൻ — ഭീ ഇല്ലാത്തവൻ [ഭീ—ഭയം] (കാമുകൻ)

അഭീരുപത്നി — അഭീരുവായ [അഭീരു—ഉറപ്പുള്ള] പത്നങ്ങളോടു [പത്നം—ഇല] കൂടിയത് (ശതാവരി)

അഭൂതം — ഉണ്ടായിട്ടില്ലാത്തത് [ഭൂതം—ഭവിച്ചത്] (പണ്ടില്ലാത്തത്)

അഭൂതപൂർവ്വം — ഭൂതപൂർവം അല്ലാത്തത് [ഭൂതപൂർവ്വം — മുമ്പുള്ളത്] (മുമ്പുണ്ടായിട്ടില്ലാത്തത്)

അഭേദം — ഭേദമില്ലായ്മ [ഭേദം — വ്യത്യാസം] (തുല്യത)

അഭൗമം — ഭൗമമല്ലാത്തത് [ഭൗമം—ഭൂമിയെ സംബന്ധിച്ച] (സ്വർഗ്ഗീയം)

അഭ്യന്തരം — അന്തർഭാഗം (ഉൾഭാഗം, അകം)

അഭ്യസ്യവിദ്യൻ — അഭ്യസ്യമായ വിദ്യയോടുകൂടിയവൻ [അഭ്യസ്യം—അഭ്യസിക്കപ്പെട്ടത്] (വിദ്യാസമ്പന്നൻ)

അഭ്യാഗാരികൻ — അഗാരം വിടാനാകാതെ [അഗാരം—വീട്] കുടുംബകാര്യങ്ങളിൽ ശ്രദ്ധിക്കുന്നവൻ (ഉത്തമഗൃഹസ്ഥൻ)

അഭ്യാശം — ആശകളിൽ [ആശ—ദിക്ക്] എങ്ങും വ്യാപിച്ചത് (സമീപം)

അഭ്യുദിതൻ — ഉദയവേളയിൽ കിടന്നുറങ്ങുന്നവൻ (സന്ധ്യാവന്ദനാദികൾ ചെയ്യാത്തവൻ)

അഭ്രനാഗം — അഭ്രത്തിലെ [അഭ്രം—ആകാശം] നാഗം [ന + അഗം] (ഐരാവതം)

അഭ്രമാതംഗം — അഭ്രത്തിലെ [അഭ്രം—ആകാശം] മാതംഗം [മാതംഗം—ആന] (ഐരാവതം)

അഭ്രരോഹം — അഭ്രത്തിൽനിന്നു [അഭ്രം—മേഘം] രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക—ഉണ്ടാവുക] (വൈഡൂര്യം)

അഭ്രവാഹനൻ — അഭ്രം [അഭ്രം—മേഘം] വാഹനമായുള്ളവൻ (ഇന്ദ്രൻ)

അഭ്രസഖൻ — അഭ്രത്തെകാണുമ്പോൾ സന്തോഷിക്കുന്നവൻ [അഭ്രം—മേഘം] (മയിൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഭ്രീയം — അഭ്രത്തിൽനിന്നുണ്ടായത് [അഭ്രം—മേഘം] (മിന്നൽ)

അഭ്രം — 1. ഒന്നിനെയും ഭരിക്കാത്തത് [ഭരിക്കുക — പിടിച്ചുനിർത്തുക] (ആകാശം)

2. അപ്പിനെ ഭരിക്കുന്നത് [അപ്പ്—വെള്ളം] (മേഘം)

അമത്തി — പോകുന്ന ശീലമുള്ളത് [അമ ഗതൗ] (കാലം)

അമദനൻ — മദനനോടു കൂടാത്തവൻ [മദനൻ—കാമൻ] (കാമവൈരി, ശിവൻ)

അമരകോശം — അമരനിർമ്മിതമായ [അമരനിർമ്മിതം — അമരസിംഹനാൽ നിർമ്മിക്കപ്പെട്ടത്] കോശം [കോശം—കോശഗ്രന്ഥം] (നാമലിംഗാനുശാസനം എന്ന ഗ്രന്ഥം)

അമരക്കാരൻ — അമരത്തിൽ ഇരിക്കുന്നവൻ [അമരം — വള്ളത്തിന്റെ പിൻഭാഗം] (വള്ളം നിയന്ത്രിക്കുന്നവൻ)

അമരഗുരു — അമരന്മാരുടെ [അമരൻ — ദേവൻ] ഗുരു (ബൃഹസ്പതി, വ്യാഴം)

അമരൻ — മരിക്കാത്തവൻ (ദേവൻ)

അമരനദി — അമരലോകത്തെ [അമരലോകം—ദേവലോകം] നദി (ഗംഗ)

അമരപ്രഭു — അമരന്മാരുടെ [അമരൻ—ദേവൻ] പ്രഭു (വിഷ്ണു)

അമരരിപു — അമരന്മാരുടെ [അമരൻ — ദേവൻ] രിപു [രിപു—ശത്രു] (അസുരൻ)

അമരാപഗ — അമരലോകത്തുള്ള [അമരലോകം — ദേവലോകം] ആപഗ [ആപഗ—നദി] (സ്വർഗംഗ)

അമരാവതി — അമരന്മാർ [അമരൻ—ദേവൻ] വിലസുന്ന ഇടം (ഇന്ദ്രനഗരി)

അമരുകശതകം — അമരുകൻ എന്ന രാജാവ് ഉണ്ടാക്കിയതെന്നു കരുതുന്ന ശതകം (നൂറുശ്ലോകങ്ങളടങ്ങിയ ഒരു സംസ്കൃതകൃതി)

അമർഷം — മർഷിക്കാൻ കഴിയാത്തത് [മർഷിക്കുക — അടക്കിവെക്കുക] (കോപം)

അമർഷി — അമർഷം ഉള്ളവൻ [അമർഷം—കോപം] (കോപശീലൻ)

അമലം — മലം ഇല്ലാത്തത് [മലം—അഴുക്ക്] (ശുദ്ധം)

അമസം — ഗമനശീലമുള്ളത് [അമ ഗതൗ] (കാലം; രോഗം)

അമാത്യൻ — രാജാവിന്റെ ഒന്നിച്ചു [അമാ — കൂടെ] കഴിയുന്നവൻ (മന്ത്രി)

അമാനസ്യം — അമനസ്സിന്റെ ഭാവം [അമനസ്സ്—ദുഷ്മനസ്സ്] (ദു:ഖം)

അമാലൻ — ഒന്നിച്ചു ലാന്തുന്നവൻ [അമാ—സഹ. ലാന്തി—ആദദേ] (പല്ലുക്കുചുമക്കുന്നവൻ)

അമാവാസി — ആദിത്യചന്ദ്രന്മാർ ഒരേ രാശിയിൽ വസിക്കുന്ന ദിവസം [അമാ—കൂടെ] (കറുത്തവാവ്)

അമിതാഭിനയം — അമിതമായ അഭിനയം [അമിതമായ—അതിർകവിഞ്ഞ] (Over acting)

അമിത്രഘാതി — അമിത്രത്തെ [അമിത്രം—ശത്രു] ഹനിക്കുന്നവൻ (ശത്രുനാശനൻ)

അമിത്രൻ — മിത്രം അല്ലാത്തവൻ [മിത്രം—സ്നേഹിതൻ] (ശത്രു)

അമീറത്ത് — അമീർ ഭരിക്കുന്ന രാജ്യം [അമീർ — രാഷ്ട്രത്തലവൻ] (Emirate)

അമൂർത്തൻ — മൂർത്തി ഇല്ലാത്തവൻ [മൂർത്തി—ദൃശ്യരൂപം] (ഈശ്വരൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അമൂർത്തകല — അമൂർത്തമായ കല (പ്രകൃതിയെ പകർത്താതെ രൂപങ്ങളും വർണ്ണങ്ങളും കൊണ്ടു സ്വതന്ത്രസൃഷ്ടികൾ ആവിഷ്കരിക്കുന്ന രചനാസങ്കേതം)

അമൂർത്തഗുണം — അമൂർത്തമായ ഗുണം [അമൂർത്തം–മൂർത്തിമത്തല്ലാത്ത] (ഭാവന, ബുദ്ധി മുതലായവ)

അമൂല്യം — മൂല്യം മതിക്കാൻ കഴിയാത്ത [മൂല്യം–വില] (വിലയേറിയ)

അമൃതകരൻ — അമൃതം പോലെ സുഖശീതളമായ കരങ്ങൾ [കരം–രശ്മി] ഉള്ളവൻ (ചന്ദ്രൻ)

അമൃതചതുഷ്ടയം — നാല് അമൃതം (ഗുണവതിയായ ഭാര്യ, ബാലഭാഷിതം, രാജസമ്മാനം, മാനഭോജനം)

അമൃതതരംഗിണി — അമൃതതുല്യമായ തരംഗങ്ങളോടുകൂടിയത് [തരംഗം–അല] (നിലാവ്)

അമൃതപൻ — അമൃതം പാനം ചെയ്യുന്നവൻ [അമൃതം– അമൃത്] (ദേവൻ)

അമൃതഫലം — അമൃതതുല്യമായ ഫലം (നെല്ലിക്ക)

അമൃതം — മരണത്തെ ഇല്ലാതാക്കുന്നത് (പാലാഴി കടഞ്ഞപ്പോൾ കിട്ടിയ ദിവ്യഭക്ഷണം)

അമൃതമഥനം — അമൃതത്തിനുവേണ്ടിയുള്ള സമുദ്രമഥനം [മഥനം–കടയൽ] (പാലാഴിമഥനം)

അമൃതവല്ലി — രോഗനാശത്തിന്ന അമൃതം പോലുള്ള വല്ലി (ചിറ്റമൃത്)

അമൃതസോദരം — പാലാഴിയിൽ നിന്ന് അമൃതിനോടൊപ്പം പൊന്തിവന്നത് (ഉച്ചൈശ്രവസ്സ് എന്ന കുതിര)

അമൃതസൂ — അമൃതരെ [അമൃതർ–അമരർ] സവിച്ചവൾ [സവിക്കുക –പ്രസവിക്കുക] (ദേവമാതാവായ അദിതി)

അമൃതാന്ധസ്സ് — അമൃതത്തെ അന്ധസ്സ് എന്നപോലെ കരുതുന്നവൻ [അന്ധസ്സ്–ഭക്ഷണം] (ദേവൻ)

അമൃതാഹരണൻ — അമൃതം ആഹരണം ചെയ്തവൻ [ആഹരണം ചെയ്യുക–അപഹരിക്കുക] (ഗരുഡൻ)

അമൃതേശയൻ — അമൃതത്തിൽ ശയിക്കുന്നവൻ [അമൃതം – വെള്ളം] (മഹാവിഷ്ണു)

അമേദ്യം — മേദ്യം അല്ലാത്തത് [മേദ്യം–മേധയോഗ്യം, പവിത്രം] (മലം)

അമോഘം — മോഘം അല്ലാത്തത് [മോഘം–വിഫലം] (സഫലം)

അമോഘരാഘവം — രാമായണം ബാലകാണ്ഡത്തെ ആധാരമാക്കി ദിവാകരനെന്ന കേരളീയകവി എഴുന്നൂറ് വർഷം മുമ്പ് രചിച്ച കൃതി (ഒരു സംസ്കൃത ചമ്പൂ)

അമ്പലവാസി — ക്ഷേത്രവൃത്തികൊണ്ട് ജീവിക്കുന്നവൻ (മാരാർ, വാരിയർ, പൊതുവാൾ, പിഷാരടി തുടങ്ങിയവർ)

അമ്പലം — അമ്പിന്റെ [അമ്പ്–സ്നേഹം] അലം [അലം – ഇരിപ്പിടം] (ഹൈന്ദവദേവാലയം)

അമ്പാരി — അമാരി എന്ന പേഴ്സ്യൻ പദം ഹിന്ദിയിൽ അംബാരിയായി സംക്രമിച്ചതിന്റെ തദ്ഭവം (ആനപ്പുറത്ത്സവാരിചെയ്യുന്നവർക്കുള്ള ഇരിപ്പിടം)

അമ്പുറ — അമ്പുകൾ സൂക്ഷിക്കുന്ന ഉറ (ആവനാഴി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അംബകം — അകലേവരെ എത്തുന്നത് [അംബതി—നക്ഷത്രപര്യന്തംഗച്ഛതി] (കണ്ണ്)

അംബരം — ശബ്ദമുണ്ടാക്കുന്നത് [അംബ ശബ്ദേ] (ആകാശം)

അംബരചരൻ — അംബരത്തിൽ ചരിക്കുന്നവൻ [അംബരം — ആകാശം] (ദേവൻ)

അംബരദം — അംബരത്തെ [അംബരം—വസ്ത്രം] ദാനം ചെയ്യുന്നത് (പരുത്തി)

അംബരാന്തം — അംബരത്തിന്റെ [അംബരം — ആകാശം] അന്തം (ചക്രവാളം)

അംബരൗകസ്സ് — അംബ്വരം [അംബരം — ആകാശം] ഓകസ്സായുള്ളവൻ [ഓകസ്സ്—ഭവനം] (ദേവൻ)

അംബികാതനയൻ — അംബികയുടെ [അംബിക—വ്യാസന്നുഭാര്യയായി സ്വീകരിക്കേണ്ടിവന്നവരിലൊരുവൾ] തനയൻ (ധൃതരാഷ്ട്രർ)

അംബു — ഒഴുകുമ്പോൾ ശബ്ദിക്കുന്നത്. [അംബ ശബ്ദേ] (വെള്ളം)

അംബുകണാകരം — അംബുകണങ്ങൾക്കു [അംബുകണം—വെള്ളത്തുള്ളി] ആകരം [ആകരം—ഇരിപ്പിടം] (ഊറ്റുകുഴി)

അംബുകണ്ടകം — അംബുവിൽ [അംബു—ജലം] കണ്ടകമായുള്ളത് [കണ്ടകം—തടസ്സം, അപായം] (മുതല)

അംബുജം — അംബുവിൽനിന്നു [അംബു—ജലം] ജനിച്ചത് (താമര)

അംബുജന്മാ — അംബുവിൽ ജനിച്ചവൾ [അംബു—ജലം] (ചന്ദ്രൻ)

അംബുജബാണൻ — അംബുജം [അംബുജം—താമര] ബാണമായുള്ളവൻ [ബാണം — ശരം] (പൂവമ്പൻ)

അംബുജബാന്ധവൻ — അംബുജത്തിന്റെ [അംബുജം—താമര] ബാന്ധവൻ [ബാന്ധവൻ—ബന്ധു] (സൂര്യൻ)

അംബുജയോനി — അംബുജമാകുന്ന [അംബുജം—താമര] യോനിയോടുകൂടിയവൻ [യോനി—ഉദ്ഭവസ്ഥാനം] (ബ്രഹ്മാവ്)

അംബുജവൈരി — അംബുജത്തിന്റെ [അംബുജം — താമര] വൈരി [വൈരി—ശത്രു] (ചന്ദ്രൻ)

അംബുജോദ്ഭവൻ — അംബുജം ഉദ്ഭവസ്ഥാനമായുള്ളവൻ [അംബുജം—താമര] (ബ്രഹ്മാവ്)

അംബുദം — അംബുവെ [അംബു—വെള്ളം] ദാനം ചെയ്യുന്നത് (മേഘം)

അംബുദവാഹനൻ — അംബുദം [അംബുദം — മേഘം] വാഹനമായുള്ളവൻ (ഇന്ദ്രൻ)

അംബുധരം — അംബുവെ [അംബു—വെള്ളം] ധരിക്കുന്നത് (മേഘം)

അംബുധികാഞ്ചി — അംബുധിയാകുന്ന [അംബുധി—സമുദ്രം] കാഞ്ചിയോടു [കാഞ്ചി — അരഞ്ഞാൺ] കൂടിയത് (ഭൂമി)

അംബുഭൃത്ത് — അംബുവെ ഭരിക്കുന്നത് [അംബു—വെള്ളം] (മേഘം)

അംബുരാശി — അംബുവിന്റെ അംബു — വെള്ളം] രാശി [രാശി — സമൂഹം] (സമുദ്രം)

അംബുരൂഹം — അംബുവിൽ [അംബു—വെള്ളം] രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക—മുളക്കുക] (താമര)

അംബുവാഹം — അംബുവെ വഹിക്കുന്നത് [അംബു—ജലം] (മേഘം)

അംഭോജം — അംഭസ്സിൽ ജനിച്ചത് [അംഭസ്സ് — വെള്ളം; അംഭഃ + ജം] (താമര)

CC-0. In Public Domain. Gurukul Kangri Collection, Haridwar.

Digitized by Arya Samaj Foundation Chennai and eGangotri

അംഭോജാസനൻ — അംഭോജം [അംഭോജം— താമര] ആസനമായുള്ളവൻ [ആസനം — ഇരിപ്പിടം] (ബ്രഹ്മാവ്)

അംഭോധരം — അംഭസ്സിനെ ധരിക്കുന്നത് [അംഭസ്സ്—വെള്ളം] (മേഘം)

അംഭോധിശായി — അംഭോധിയിൽ [അംഭോധി — സമുദ്രം] ശയിക്കുന്നവൻ (മഹാവിഷ്ണു)

അമ്മൻകുടം — അമ്മൻകോവിലിൽ [അമ്മൻ — ഭഗവതി] വഴിപാടായി എഴുന്നള്ളിക്കുന്ന കുടം (കലശം)

അമ്മൻകോവിൽ — ഗ്രാമദേവതയ്ക്കുള്ള [അമ്മൻ — ഭഗവതി] കോവിൽ (തമിഴ്നാട്ടിലും തൊട്ടുകിടക്കുന്ന കേരളഭാഗങ്ങളിലും കാണുന്ന ആരാധനാകേന്ദ്രം)

അമ്മച്ചിപ്ലാവ് — യുവരാജാവായ മാർത്താണ്ഡവർമ്മയെ ശത്രുഹസ്സങ്ങളിൽ നിന്നു ഒരു മാതാവിനെപ്പോലെ രക്ഷിച്ചപ്ലാവ് (നെയ്യാറ്റിൻകര ശ്രീകൃഷ്ണക്ഷേത്രത്തിനടുത്തു നില്ക്കുന്ന പ്ലാവ്)

അമ്മാനപ്പാട്ട് — അമ്മാനയാടുമ്പോൾ [അമ്മാനം — ഊഞ്ഞാൽ] പാടുന്ന നാടൻ പാട്ട് (ഊഞ്ഞാൽപ്പാട്ട്)

അമ്മാത്ത് — അമ്മയുടെ ഇല്ലം (നമ്പൂതിരിമാർ മാതൃഗേഹത്തിനു പറയുന്ന പേർ)

അമ്മായിപ്പഞ്ചതന്ത്രം — മയക്കം, മറിമായം, ഏഷണി, മോഷണം, കുടുംബം തകർക്കൽ (അമ്മായിയുടെ കപടതന്ത്രങ്ങൾ)

അമ്മിക്കുഴ — അമ്മിമേൽ അരക്കാനുപയോഗിക്കുന്ന ഉരുളൻകല്ല് (അമ്മിക്കുട്ടി)

അമ്ലകാണ്ഡം — അമ്ലമായ [അമ്ലം—പുളി] കാണ്ഡത്തോടു കൂടിയത് (പുളിയുള്ള തണ്ടോടുകൂടിയ പുല്ല്)

അമ്ലചതുഷ്ടയം — അമ്ലങ്ങളുടെ [അമ്ലം—പുളി] ചതുഷ്ടയം [ചതുഷ്ടയം—നാല്] (അമ്പഴം, താളിമാതളം, മരപ്പുളി, ഞെരിഞ്ഞാമ്പുളി)

അമ്ലിക — അമ്ലരസം ഉള്ളത് [അമ്ലം—പുളി] (പുളിമരം)

അയക്ഷ്മം — യക്ഷ്മം ഇല്ലായ്മ [യക്ഷ്മം—രോഗം] (ആരോഗ്യം)

അയനം — [അയ ഗതൗ] ഗമനം (ഗതി)

അയനമണ്ഡലം — സ്വതന്ത്രവൈദ്യുതിധാരാളമുള്ള അന്തരീക്ഷമേഖം (ഭൂമിക്കുചുറ്റും 80 കി.മി. മുതൽ 800 കി.മി. വരെ വ്യാപിച്ചിരിക്കുന്ന മേഖലകൾ. (Ionosphere)

അയലാളർ — അയലത്തെ ആളുകൾ [അയലത്ത് — അടുത്തവീട്ടിൽ] (അയൽക്കാർ)

അയസ്കാണ്ഡം — അയസ്സുകൊണ്ടുള്ള [അയസ്സ് — ഇരുമ്പ്] കാണ്ഡം [കാണ്ഡം—ശരം] (ഇരുമ്പുശരം)

അയസ്കാന്തം — അയസ്സിനെ കാമിക്കുന്നത് [അയസ്സ്—ഇരുമ്പ്] (കാന്തം, Magnet)

അയസ്കാരൻ — അയസ്സുകൊണ്ടു പ്രവർത്തിക്കുന്നവൻ [അയസ്സ്—ഇരുമ്പ്] (കൊല്ലൻ)

അയാച്യൻ — യാചിക്കേണ്ട ആവശ്യമില്ലാത്തവൻ (സംതൃപ്തൻ)

അയിത്തം — അശുദ്ധം എന്ന സംസ്കൃതശബ്ദത്തിന്റെ തദ്ഭവം (ജാതീയമായ ഒരനാചാരം)

അയിനിപ്പാട് — അയിനിമരത്തിന്റെ വട്ടപ്പലകമേൽ ഇരുന്നുള്ളപാട് (കടംവാങ്ങിയ പണം മടക്കിക്കൊടുക്കാഞ്ഞാൽ കൊടുത്തവൻ വാങ്ങിയവന്റെ പടിക്കൽ ഇരുന്നു നടത്തുന്ന നിരാഹാരവ്രതം)

അയുഗ്മനേത്രൻ — യുഗ്മനേത്രൻ അല്ലാത്തവൻ [യുഗ്മനേത്രൻ—രണ്ടു കണ്ണുള്ളവൻ] (മുക്കണ്ണൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അയോഗ്രം — അഗ്രത്തിൽ [അഗ്രം—അറ്റം] അയസ്സ് കെട്ടിയത് [അയസ്സ്—ഇരുമ്പ്] (ഉലക്ക)

അയോദ്ധ്യ — യുദ്ധം ചെയ്തു കീഴടക്കാൻ അശക്യമായ രാജ്യം (ദശരഥനഗരി)

അയോനിജ — യോനിയിൽ നിന്നു ജനിക്കാത്തവൾ [പ്രസവിച്ചുണ്ടാകാത്തവൾ] (സീത)

അയോയുഗം — പണിയായുധങ്ങളും മറ്റുമുണ്ടാക്കാൻ അയസ്സ് [അയസ്സ്—ഇരുമ്പ്] ഉപയോഗിച്ചുതുടങ്ങിയ കാലഘട്ടം (ലോഹയുഗം)

അയ്യടി — അഞ്ചടിയുള്ളഗാനം [അഞ്ചടി—അഞ്ചുപാദം] (ഒരുതരം സന്മാർഗ്ഗഗാനം)

അയ്യമ്പൻ — അഞ്ച് പൂവ് അമ്പായുള്ളവൻ (കാമദേവൻ)

അരക്കില്ലം — അരക്കുകൊണ്ടുള്ള ഇല്ലം (പാണ്ഡവന്മാരെ വകവരുത്താൻ ദുർബ്ബുദ്ധികളായ ദുര്യോധനാദികൾ ലാക്ഷകൊണ്ടു പണിത വീട്)

അരങ്ങേറ്റം — അരങ്ങിലുള്ള ഏറ്റം [അരങ്ങ്—കളിസ്ഥലം. കളരി] (അഭ്യസിച്ചത് ആദ്യമായി സഭ മുമ്പാകെ പ്രദർശിപ്പിക്കൽ)

അരണിസുതൻ — അരണിയിൽ നിന്നു ജനിച്ചവൻ [അരണി—വൃക്ഷം] ഘൃതാചിയെ മോഹിച്ച വ്യാസന്റെ ബീജം ഒരു വൃക്ഷത്തിൽ പതിച്ചു. അതിൽനിന്നു ശുകബ്രഹ്മർഷി ജനിച്ചു)

അരണ്യം — മൃഗകിരാതാദികൾ സഞ്ചരിക്കുന്ന സ്ഥലം [മൃഗതൗ] (കാട്)

അരണ്യരോദനം — അരണ്യത്തിലെ [അരണ്യം—കാട്ട്] രോദനം [രോദനം—കരച്ചിൽ] (നിഷ്ഫലവൃത്തി)

അരതി — രതിയില്ലായ്മ [രതി—ഇഷ്ടം] (അതൃപ്തി)

അരത്തകണ്ടൻ — അരത്തമായ [അരത്തം—രക്തം] കണ്ടത്തോടു [കണ്ടം—കണ്ഠം] കൂടിയവൻ (ഓമല്ലൂരെ രക്തകണ്ഠസ്വാമി)

അരത്തമുഴിയുക — അരത്തം ഉഴിയുന്ന ചടങ്ങ് [അരത്തം—മഞ്ഞളും ചുണ്ണാമ്പും കലക്കി അതിന്മീതെ ഇലനറുക്കുകളിൽ കത്തിച്ചുവെച്ചിട്ടുള്ള നെയ്ത്തിരികൾ] (ദൃഷ്ടിദോഷമൊഴിവാക്കാനുള്ള കർമ്മം)

അരപ്പട്ട — പുരുഷന്മാർ അരയിൽ കെട്ടുന്ന പട്ട (തോൽകൊണ്ടോമറ്റോ ഉണ്ടാക്കുന്ന വാറ്)

അരമതിൽ — അരയുടെ ഉയരത്തിലുള്ള മതിൽ (അപകടസാദ്ധ്യത ഒഴിവാക്കാൻ പണിയുന്ന ഭിത്തി)

അരമന — അരൺ ഉള്ള [അരൺ—കോട്ടമതിൽ] മന [മന — ഭവനം] (കൊട്ടാരം)

അരയാട — അരയിലെ ആട [ആട—വസ്ത്രം] (ഉടുതുണി)

അരയാൽ — അരശായ ആൽ [അരശ്—രാജാവ്] (വൃക്ഷങ്ങളിൽ രാജാവ്)

അരയുകാരം — അരയായ ഉകാരം (സംവൃതോകാരം)

അരയ്ക്കാൽ — കാൽഭാഗത്തിന്റെ അര [അര—പകുതി] (എട്ടിലൊരു ഭാഗം)

അരവം — ചീറ്റീ ശബ്ദം പുറപ്പെടുവിക്കുന്നത് (പാമ്പ്)

അരവക്കൊടിയോൻ — അരവം കൊടിയടയാളമായുള്ളവൻ [അരവം—പാമ്പ്] (ദുര്യോധനൻ)

അരവണപ്പായസം — അരവണയ്ക്കു മുമ്പു വിഷ്ണുവിന്നുള്ള പായസം [അരവണ—അരവ്+അണ= സർപ്പമെത്ത] (വിഷ്ണുക്ഷേത്രങ്ങളിലെ കട്ടിപ്പായസം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അരവിന്ദം — അരാകാരമായ ദലങ്ങൾ ഉള്ളത് [അരാകാരം—ആരക്കാലുകളുടെ ആകൃതി. ആരാകാരാണി പത്രാണി വിന്ദതി] (താമര)

അരാതി — സുഖത്തെ നൽകാത്തവൻ [രാതി—സുഖംകൊടുക്കുക] (ശത്രു)

അരിന്ദമൻ — അരികളെ [അരി—ശത്രു] ദമനം ചെയ്യുന്നവൻ [ദമനം—അടക്കിനിർത്തൽ] (വിഷ്ണു)

അരിമാവ് — അരികൊണ്ടുള്ള മാവ് [മാവ്—ധാന്യപ്പൊടി] (അരിപ്പൊടി)

അരിമേജയൻ — അരികളെ [അരി—ശത്രു] ഏജയിക്കുന്നവൻ [ഏജയിക്കുക—വിറപ്പിക്കുക] (ശത്രുക്കളെ ഭയപ്പെടുത്തുന്നവൻ)

അരിയിലെഴുത്ത് — തളികയിൽ അരി നിറച്ച് അതിൽ കൈവിരൽ കൊണ്ടു എഴുതാൻ ശീലിപ്പിക്കൽ (വിദ്യാരംഭം)

അരിഷ്ടമഥനൻ — അരിഷ്ടൻ എന്ന അസുരനെ മഥിച്ചവൻ (ശ്രീകൃഷ്ണൻ)

അരിസൂദനൻ — അരികളെ സൂദനം ചെയ്യുന്നവൻ [സൂദനം ചെയ്യുക—ദ്രോഹിക്കുക] (ശത്രുസംഹാരം ചെയ്യുന്നവൻ)

അരുണജൻ — അരുണന്റെ പുത്രൻ [അരുണൻ — സൂര്യൻ] (സുഗ്രീവൻ)

അരുണപ്രിയ — അരുണന്റെ പ്രിയ [അരുണൻ—സൂര്യൻ] (ഛായ)

അരുണാഗ്രജൻ — അരുണൻ അഗ്രജനായുള്ളവൻ [അഗ്രജൻ—ജ്യേഷ്ഠൻ] (ഗരുഡൻ)

അരുഷ്കാരം — അരുസ്സിനെ ഉണ്ടാക്കുന്നത് [അരുസ്സ്—വ്രണം] (ചേറ് മരം)

അരൂപി — രൂപമില്ലാത്തവൻ (ശരീരരഹിതൻ)

അരോചകം — രോചകം അല്ലാത്തത് [രോചകം — രുചിക്കുന്നത്] (അരുചി)

അർക്കൻ — അറിക്കുന്നവൻ [അറിക്കുക—പ്രകാശിക്കുക] (സൂര്യൻ)

അർക്കപർണ്ണം — അർക്കനെപ്പോലെ തീഷ്ണങ്ങളായ പർണ്ണങ്ങളുള്ളത് [അർക്കൻ — സൂര്യൻ, പർണ്ണം—ഇല] (എരിക്ക്)

അർക്കബന്ധു — അർക്കവംശത്തിന്റെ ബന്ധു [അർക്കവംശം—സൂര്യവംശം] (ബുദ്ധൻ)

അർക്കസുതൻ — അർക്കന്റെ സുതൻ [അർക്കൻ—സൂര്യൻ] (ശനിഗ്രഹം; കാലം; കർണ്ണൻ; സുഗ്രീവൻ)

അർക്കാനുജം — അർക്കന്റെ [അർക്കൻ—സൂര്യൻ] അനുജം [അനുജം—വംശം] (സൂര്യവംശം)

അർക്കാരി — അർക്കന്റെ അരി [അർക്കൻ—സൂര്യൻ] (രാഹു)

അർഘ്യപാത്രം — അർഘ്യം നൽകാനുള്ള പാത്രം [അർഘ്യം—പൂജാദ്രവ്യം] (പൂജാപാത്രം)

അർഘ്യപാദ്യങ്ങൾ — അർഘ്യവും [അർഘ്യം — പൂജക്കുള്ള ജലം] പാദ്യവും [പാദ്യം— പാദപ്രക്ഷാളനജലം] (പൂജാജലവും കാൽകഴുകാനുള്ള വെള്ളവും)

അർച്ചകൻ — അർച്ചിക്കുന്നവൻ [അർച്ചിക്കുക—പൂജിക്കുക] (പൂജിക്കുന്നവൻ)

അർച്ചിഷ്മാൻ — അർച്ചിസ്സ് ഉള്ളവൻ [അർച്ചിസ്സ്—ശോഭ] (ദീപ്തിമാൻ)

അർജ്ജുനൻ — അർജ്ജുനം ഉള്ളവൻ [അർജ്ജുനം — വെളുപ്പുനിറം] (മദ്ധ്യമപാണ്ഡവൻ)

അർണ്ണം — ചലിച്ചുകൊണ്ടിരിക്കുന്നത് [അർണ്ണതി—ഇളകുന്നു] (ജലം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർണ്ണവനാഥൻ —അർണ്ണവത്തിന്റെ [അർണ്ണവം—സമുദ്രം] നാഥൻ (വരുണൻ)

അർണ്ണവം — അർണ്ണങ്ങൾ [അർണ്ണം—ജലം] ഉള്ളത് (സമുദ്രം)

അർണ്ണോജം — അർണ്ണസ്സിൽ ജനിച്ചത് [അർണ്ണസ്സ്—ജലം] (താമര)

അർണ്ണോദം — അർണ്ണസ്സിനെ ദാനം ചെയ്യുന്നത് [അർണ്ണസ്സ് — ജലം] (മേഘം)

അർത്ഥം — അർത്ഥിക്കപ്പെടുന്നത് [അർത്ഥിക്കപ്പെടുക — മറ്റുള്ളവരാൽ ചോദിക്കപ്പെടുക] (ധനം)

അർത്ഥകാമൻ — അർത്ഥത്തെകാമിക്കുന്നവൻ [അർത്ഥം — ധനം] (ധനേച്ഛയുള്ളവൻ)

അർത്ഥദൻ — അർത്ഥം നൽകുന്നവൻ [അർത്ഥം—ധനം] (കുബേരൻ)

അർത്ഥശാസ്ത്രം — 1. അർത്ഥം നേടാനുള്ള ശാസ്ത്രം [അർത്ഥം—ഭൂമിധനാദികൾ] (ധനശാസ്ത്രം)

2. കൗടില്യൻ രാഷ്ട്രമീമാംസ, ഭരണനീതി എന്നീവിഷയങ്ങളെ ആധാരമാക്കി രചിച്ച പ്രമാണഗ്രന്ഥം

അർത്ഥി — അർത്ഥിക്കുന്നവൻ [അർത്ഥിക്കുക — അപേക്ഷിക്കുക] (യാചകൻ)

അർത്ഥോപക്ഷേപങ്ങൾ — അർത്ഥം വ്യക്തമാക്കുന്ന ഉപക്ഷേപങ്ങൾ (നാടകത്തിലെ അങ്കങ്ങളുടെ ആദിയിൽ ചേർക്കുന്ന വിഷ്കംഭം, പ്രവേശകം, അങ്കമുഖം, അങ്കാവതാരം, ചൂളിക എന്നിവ)

അർത്ഥ്യം — രോഗികൾ അർത്ഥിക്കുന്നത് (കന്ദം)

അർദ്ദനി — അർദ്ദനം ചെയ്യുന്നത് [അർദ്ദനം ചെയ്യുക—പീഡിപ്പിക്കുക] (രോഗം)

അർദ്ധഗംഗ — ഗംഗയുടെ പകുതി പ്രാധാന്യമുള്ള നദി (കാവേരി)

അർദ്ധനാരീശ്വരൻ — പൗരാണിക സങ്കല്പത്തിൽ അർദ്ധഭാഗം നാരിയുടെയും [നാരി—സ്ത്രീ] അർദ്ധഭാഗം നരന്റെയും [നരൻ—പുരുഷൻ] രൂപം പൂണ്ടദേവൻ (ശിവൻ)

അർദ്ധരാത്രം — രാത്രിയുടെ അർദ്ധഭാഗം (പാതിര)

അർദ്ധസത്യം — അർദ്ധമായ സത്യം [അർദ്ധം—പകുതി] (സത്യവും അസത്യവും ചേർന്നത്)

അർദ്ധോരുകം — ഊരുവിന്റെ [ഊരു — തുട] അർദ്ധംവരെ മറക്കുന്ന അടിക്കുപ്പായം (പെറ്റിക്കോട്ട്)

അർശോഘ്നം — അർശസ്സിനെ ഹനിക്കുന്നത് (കാട്ടുചേന)

അർഷണി — അർഷണത്തിനുതകുന്നത് [അർഷണം—യാത്ര] (യാനപാത്രം)

അല — അലയുന്നത് (തിര)

അലകടൽ — അലകളോടുകൂടിയ [അല—തിര] കടൽ (ക്ഷോഭിച്ച സമുദ്രം)

അലക്ഷന്ത്യ — 'കേരളപ്പഴമ'യിൽ ഡോ. ഹെർമൻ ഗുണ്ടർട്ട് ഇന്നത്തെ അലക്സാൻഡ്രിയക്കു കൊടുത്ത സംജ്ഞ.

അലക്ഷ്മി — ലക്ഷ്മിയല്ലാത്തവൾ [ലക്ഷ്മി—ഐശ്വര്യം] (ജ്യേഷ്ഠ)

അലഘു — ലഘുവല്ലാത്ത [ലഘു—നിസ്സാരം] (ഗുരുവായ)

അലങ്കരണം — ഭംഗിയായി ചെയ്യൽ [അലം+കരണം] (പ്രമയിക്കൽ)

അലങ്കാരം — അലത്തെ ചെയ്യുന്നത് [അലം—ഭൂഷണം] (അസുന്ദരവസ്തുക്കളിൽ സൗന്ദര്യത്തെ ജനിപ്പിക്കുകയോ സിദ്ധമായതിനെവർദ്ധിപ്പിക്കുകയോ ചെയ്യൽ)

അലങ്കാരശാസ്ത്രം — കാവ്യത്തിന്റെ ഗുണദോഷങ്ങൾ, അലങ്കാരം, രസം ഇവയെപ്പറ്റി പ്രതിപാദിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്ന ശാസ്ത്രം. അലങ്കാരത്തിന്നു കൂടുതൽ പ്രാധാന്യം കല്പിക്കുന്നതു കൊണ്ട് ഈ പേര്.

അലമലക്കോൻ — അലയ്ക്കും മലയ്ക്കും രാജാവ് [അല+മല+കോൻ] (സാമൂതിരിപ്പാട്)

അലംഭാവം — മതിയെന്ന ഭാവം [അലം—മതി] (സംതൃപ്തി)

അലർബാണൻ — അലർ ബാണമായുള്ളവൻ [അലർ—പൂവ്. ബാണം—ശരം] (പൂവമ്പൻ)

അലാതി — പൊള്ളുന്നതു പേടിച്ച് ആരും എടുക്കാത്തത് [ലാതി—എടുക്കുന്നു (തീക്കൊള്ളി)

അലിംഗം — ലിംഗമില്ലാത്തത് (ശബ്ദം കൊണ്ടു ആണോപെണ്ണോ എന്നു തിരിച്ചറിയാൻ കഴിയാത്തത്)

അലുക്സമാസം — പൂർവ്വപദത്തിന്റെ ഒടുവിലെ പ്രത്യയം ലോപിക്കാത്ത സമാസം (ഉദാ: വനേചരൻ)

അല്പജ്ഞൻ — അല്പം അറിയുന്നവൻ (മൂഢൻ)

അല്ലിത്താർ — അല്ലികളോടുകൂടിയ താർ [അല്ലി—കേസരം. താര്—പൂവ്] (താമര)

അല്ലിത്താരമ്പൻ — അല്ലിത്താർ [അല്ലിത്താർ — താമര] അമ്പായുള്ളവൻ (കാമദേവൻ)

അവകാശപ്പണം — ഗ്രന്ഥകർത്താക്കൾക്ക് അവകാശപ്പെട്ട പണം (Royalty)

അവക്തവ്യം — വക്തവ്യം അല്ലാത്തത് [വക്തവ്യം — പറയാവുന്നത്] (പറയാൻപാടില്ലാത്തത്)

അവഗുണ്ഠിക — അവഗുണ്ഠനത്തിനുള്ളത് [അവഗുണ്ഠനം—മൂടുപടമിടൽ] (മൂടുപടം)

അവഘോഷകൻ — അവഘോഷണം നടത്തുന്നവൻ [അവഘോഷണം—വിളംബരം] (പരസ്യപ്പെടുത്തുന്നവൻ)

അവച്ഛേദകം — അവച്ഛേദിക്കുന്നത് [അവച്ഛേദിക്കുക — വേർതിരിക്കുക] (അതിര്)

അവർണ്ണർ — വർണ്ണമില്ലാത്തവർ [വർണ്ണം — ബ്രഹ്മക്ഷത്രവൈശ്യശൂദ്രരെന്ന ചാതുർവർണ്ണ്യം] (ബ്രാഹ്മണരിലും ക്ഷത്രിയരിലും വൈശ്യരിലും ശൂദ്രരിലും പെടാത്തവർ)

അവദാഹം — ദാഹത്തെ കളയുന്നത് [ദാഹം—ചുട്ടുനീറൽ] (രാമച്ചം)

അവധൂകൻ — വധൂകൻ അല്ലാത്തവൻ [വധൂകൻ — വിവാഹിതൻ] (ഭാര്യയില്ലാത്തവൻ)

അവധൂതൻ — അക്ഷരതത്വവും വരേണ്യതത്വവും ധൂതസംസാരബന്ധതത്വവും തത്ത്വമസ്യർത്ഥസിദ്ധതത്വവും ഉള്ളവൻ [അക്ഷരൻ—നിരന്തരാനന്ദമഗ്നൻ. വരേണ്യൻ—വാസനകളിൽനിന്നു മുക്തനായി വർത്തിക്കുന്നവൻ. ധൂതസംസാരബന്ധൻ—സംസാരബന്ധം പൂർണ്ണമായും വിച്ഛേദിച്ചു കളഞ്ഞവൻ. തത്ത്വമസ്യർത്ഥസിദ്ധൻ — തത്ത്വമസി എന്ന വാക്യത്തിന്റെ അർത്ഥഗ്രഹണം കൊണ്ടു സിദ്ധനായവൻ] (സർവ്വസംഗപരിത്യാഗി)

അവനി — ജീവജാലങ്ങളെ അവനം ചെയ്യുന്നത് [അവനം—രക്ഷ] (ഭൂമി)

അവനിജ — അവനിയിൽ നിന്നു ജനിച്ചവൾ [അവനി—ഭൂമി] (സീത)

അവനിധരം — അവനിയെ ധരിക്കുന്നത് [അവനി—ഭൂമി] (പർവ്വതം)

അവനിപൻ — അവനിയെ പാലിക്കുന്നവൻ [അവനി—ഭൂമി] (രാജാവ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അവനിരുഹം — അവനിയിൽ നിന്നു [അവനി–ഭൂമി] രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക–മുളക്കുക] (വൃക്ഷം)

അവബോധകൻ — അവബോധപ്പെടുത്തുന്ന ആൾ [അവബോധപ്പെടുത്തുക–ഉണർത്തുക] (സ്തുതിപാഠകൻ)

അവരജൻ — അവരമായി ജനിച്ചവൻ [അവരം – വരമല്ലാത്ത, ഒന്നാമത്തേതല്ലാത്ത] (അനുജൻ)

അവശ്യം — വശ്യം അല്ലാത്തത് [വശ്യം –വശത്താക്കത്തക്കത്] (ഒഴിച്ചുകൂടാത്ത)

അവസരവാദി — അവസരംപോലെ [അവസരം–സന്ദർഭം] വാദിക്കുന്നവൻ (സന്ദർഭത്തിനൊത്തു സംസാരിക്കുന്നവൻ)

അവസ്ത്രൻ — വസ്ത്രമില്ലാത്തവൻ (നഗ്നൻ)

അവസ്ഥാദ്വയം — അവസ്ഥകളുടെ ദ്വയം [ദ്വയം – രണ്ട്] (സുഖവും ദു:ഖവുമെന്ന രണ്ടവസ്ഥകൾ)

അവസ്ഥാത്രയം — മൂന്നവസ്ഥകൾ (ജാഗ്രത്തും സ്വപ്നവും സുഷുപ്തിയും)

അവസ്ഥാചതുഷ്ടയം — നാലവസ്ഥകൾ (ശൈശവം, കൗമാരം, യൗവനം, വാർദ്ധക്യം)

അവസ്ഥാദശകം — കാമിജനങ്ങളുടെ പത്തവസ്ഥകൾ (ശ്രക്ഷു: പ്രീതി, മന:സംഗം, സങ്കല്പം, ജാഗരം, കൃശത, അരതി, ലജ്ജയില്ലായ്മ, ഉന്മാദം, മൂർച്ച, മരണം)

അവാക്പുഷ്പി — അവാക്കായ പുഷ്പത്തോടുകൂടിയത് [അവാക്–തലതാഴ്ത്തിയ] (ശതകുപ്പ)

അവാകി — വാകിയല്ലാത്തവൻ [വാകി–സംസാരിക്കുന്നവൻ] (മൂകൻ)

അവാങ്മുഖൻ — അവാക്കായ [അവാക് – കീഴോട്ട്] മുഖത്തോടുകൂടിയവൻ (കീഴോട്ടുനോക്കുന്നവൻ)

അവാച്യം — വചിക്കാൻ ആവാത്തത് [വചിക്കുക – പറയുക] (വർണ്ണിക്കാൻ പ്രയാസമുള്ളത്)

അവിചാരിതസംഭവം — അവിചാരിതമായ സംഭവം [അവിചാരിതം–വിചാരിക്കാതെയുള്ള] (അപകടം, Accident)

അവിതഥം — വിതഥമല്ലാത്തത് [വിതഥം – വ്യാജം] (സത്യം)

അവിരതം — വിരതമില്ലാതെ [വിരതം –തടവ്] (എല്ലായ്പ്പോഴും)

അവിൽ — അവിലുന്നത് [അവിലുക –പകുതിവേവുക] (നെല്ല് പകുതിവേവിച്ച് ഇടിച്ചുണ്ടാക്കുന്നത്)

അവിശ്വാസം — വിശ്വാസമില്ലായ്മ (സംശയം)

അവിളംബം — വിളംബം കൂടാതെ [വിളംബം – കാലതാമസം] (വൈകാതെ)

അവ്യയൻ — വ്യയം ഇല്ലാത്തവൻ [വ്യയം – നാശം] (ഈശ്വരൻ)

അവ്യയീഭാവം — അവ്യയവും നാമവും തമ്മിലുള്ള സമാസം

അവ്യലീകം — വ്യലീകം അല്ലാത്തത് [വ്യലീകം–വ്യാജം] (സത്യം)

അവ്യോഘം — അവികളുടെ [അവി–ആട്ട്] ഓഘം [ഓഘം – കൂട്ടം] (ആട്ടിൻപറ്റം)

അശക്യം — ശക്യമല്ലാത്തത് [ശക്യം–സാദ്ധ്യം] (അസാദ്ധ്യം)

അശനം — അശിക്കാൻ ഉള്ളത് [അശിക്കുക–ഭക്ഷിക്കുക] (ഭക്ഷണം)

അശനി — ശത്രുപ്രാണങ്ങളെ അശനം ചെയ്യുന്നത് [അശനം – ഭക്ഷണം] (ഇന്ദ്രായുധം, വജ്രം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അശരീരൻ — ശരീരമില്ലാത്തവൻ [ശരീരം–ദേഹം] (ഈശ്വരൻ)

അശിക്ഷകൻ — ശിക്ഷകനല്ലാത്തവൻ [ശിക്ഷകൻ–പഠിപ്പിക്കുന്നവൻ] (ഗുരുവല്ലാത്തവൻ)

അശീതികൻ — അശീതി തികഞ്ഞവൻ [അശീതി–എൺപത്] (എൺപതു വയസ്സായവൻ)

അശുദ്ധി — ശുദ്ധിയില്ലായ്മ [ശുദ്ധി–ശുചി] (പുല, വാലായ്മ)

അശുമ്പ് — ഊറ്റ് എന്നർത്ഥമുള്ള തമിഴിലെ അചുമ്പിന്നു തുല്യമായ പദം

അശേഷം — ശേഷമില്ലാതെ [ശേഷം–ബാക്കി] (മുഴുവൻ)

അശോകചക്രം — അശോകൻ സ്വീകരിച്ചിരുന്ന രാജകീയ ചിഹ്നമായ ധർമ്മചക്രം

അശോകബാണൻ — അശോകം ബാണമായുള്ളവൻ .[ബാണം – ശരം] (കാമദേവൻ)

അശോകവനിക — അശോകവൃക്ഷങ്ങൾനിറഞ്ഞ വനിക [വനിക – ഉദ്യാനം] (രാവണന്റെ ഉദ്യാനം)

അശ്നം — വ്യാപിക്കുന്നത് (മേഘം)

അശ്മകൻ — അശ്മം കൊണ്ടു വയർ പിളർന്നുണ്ടായവൻ [അശ്മം – കല്ല്] (കല്മാഷപാദരാജാവിന്റെ പുത്രൻ)

അശ്മജം — അശ്മത്തിൽ നിന്നു ജനിക്കുന്നത് [അശ്മം–കല്ല്] (കന്മദം)

അശ്മദാരണം — അശ്മത്തെ ദാരണം ചെയ്യുന്നത് [അശ്മം – കല്ല്. ദാരണം ചെയ്യുക–പിളർക്കുക] (കല്ലുളി)

അശ്മരി — മലദ്വാരത്തിൽ അശ്മം പോലുള്ള മാംസം ഉണ്ടാകുന്ന രോഗം [അശ്മം – കല്ല്] (മൂത്രകൃച്ഛ്രം)

അശ്മശ്രു — ശ്മശ്രു മുളക്കാത്തവൻ [ശ്മശ്രു–മീശ] (യുവാവ്)

അശ്മഹൃദയൻ — അശ്മം പോലെ ഉറച്ച ഹൃദയത്തോടു കൂടിയവൻ [അശ്മം–ശില] (കഠിനഹൃദയൻ)

അശ്രമം — ശ്രമം കൂടാതെ [ശ്രമം–പ്രയാസം] (നിഷ്പ്രയാസം)

അശ്രവണം — ശ്രവണമില്ലാത്തത് [ശ്രവണം–ചെവി] (പാമ്പ്)

അശ്രു — ഇറ്റിറ്റുവീഴുന്നത് (കണ്ണുനീർ)

അശ്രുതപൂർവ്വം — ശ്രുതപൂർവ്വമല്ലാത്തത് [ശ്രുതപൂർവ്വം – മുമ്പുകേട്ടിട്ടുള്ളത്] (മുമ്പുകേട്ടിട്ടില്ലാത്തത്)

അശ്ലീലം — ശ്ലീലമല്ലാത്തത് [ശ്ലീലം–ശ്രീലം, സഭ്യം] (അസഭ്യം)

അശ്വം — എങ്ങും ഗമിക്കുന്നത് [അശ്നുതേ മാർഗ്ഗംവ്യാപ്നോതി] (കുതിര)

അശ്വകർണ്ണം — അശ്വകർണ്ണംപോലെ ഇലകൾ ഉള്ളത് [അശ്വകർണ്ണം–കുതിരച്ചെവി] (മരുത്)

അശ്വഘ്നം — അശ്വത്തെ ഹനിക്കുന്നത് [അശ്വം–കുതിര] (അരളി)

അശ്വത്ഥം — അശ്വങ്ങൾ കീഴെ വിശ്രമിക്കുന്ന വൃക്ഷം (അരയാൽ)

അശ്വത്ഥാമാവ് — അശ്വതുല്യമായ ഥാമത്തോടുകൂടിയവൻ [ഥാമം–ബലം] (ദ്രോണതനയൻ)

അശ്വമുഖൻ — അശ്വത്തിന്റെ മുഖം പോലെയുള്ള മുഖത്തോടുകൂടിയവൻ [അശ്വം – കുതിര] (കിന്നരൻ)

അശ്വമേധം — അശ്വത്തെ മേധം ചെയ്യുന്ന കർമ്മം [മേധം–ബലി] (യാഗവിശേഷം)

അശ്വശത്രു — അശ്വത്തിന്റെ ശത്രു [അശ്വം–കുതിര] (പോത്ത്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അശ്വായുസ്സ് — അശ്വത്തിന്റെ ആയുസ്സ് [അശ്വം—കുതിര] (മുപ്പത്തിരണ്ടുവർഷം)

അശ്വിനി — അശ്വത്തിന്റെ രൂപമുള്ളത് [അശ്വം—കുതിര] (അശ്വതി)

അഷഡക്ഷിണം — ഷഡക്ഷിണമല്ലാത്തത് [ഷഡക്ഷിണം—ആറ് അക്ഷികൊണ്ടു കണ്ടത്] (നാലുകണ്ണിനു വിഷയം; രണ്ടുപേരറിഞ്ഞത്)

അഷ്ടകം — എട്ടു ശ്ലോകമുള്ള കവിത [അഷ്ടം—എട്ട്]

അഷ്ടകരണം — എട്ടുകരണം (മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം, സങ്കല്പം, നിശ്ചയം, അവധാരണം, അഭിമാനം എന്ന് എട്ടുകരണം)

അഷ്ടകർമ്മങ്ങൾ — മന്ത്രവാദത്തിലെ എട്ടു കർമ്മങ്ങൾ (വശ്യം, മോഹനം, സ്തംഭനം, ഉച്ചാടനം, ആകർഷണം, വിദ്വേഷണം, ഭേദനം, മാരണം എന്നിവ)

അഷ്ടഗന്ധം — എട്ടു വസ്തുക്കൾ [അകിൽ, ചന്ദനം, ഗുരുഗുലു, മഞ്ചി, കുങ്കുമം, കൊട്ടം, രാമച്ചം, ഇരുവേലി] പുകച്ചുണ്ടാക്കുന്ന ഗന്ധം

അഷ്ടഗ്രാസി — എട്ടു ഗ്രാസം മാത്രം ഭക്ഷിക്കുന്നവൻ [ഗ്രാസം—ഉരുള] (സംന്യാസി)

അഷ്ടചികിത്സ — എട്ടുതരം ചികിത്സ (ശസ്ത്രചികിത്സ, കായചികിത്സ, ബാല ചികിത്സ, വിഷചികിത്സ, ഭൂതചികിത്സ, രസായന ചികിത്സ, വാജീകര ചികിത്സ, ഊർദ്ധ്വാംഗ ചികിത്സ)

അഷ്ടദാനം — എട്ടുവസ്തുക്കളുടെ ദാനം (എള്ള്, ഇരുമ്പ്, സ്വർണ്ണം, പഞ്ഞിക്കുരു, ഉപ്പ്, സപ്തധാന്യം, ഭൂമി, പശു എന്നിവകളുടെ ദാനം)

അഷ്ടദിക്കുകൾ — എട്ടുദിക്കുകൾ (കിഴക്ക്, തെക്കുകിഴക്ക്, തെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറ്, വടക്കുപടിഞ്ഞാറ്, വടക്ക്, വടക്കുകിഴക്ക്)

അഷ്ടദിക്പാലന്മാർ — അഷ്ടദിക്കുകളെ [അഷ്ടദിക്ക്—എട്ടുദിക്ക്] പാലിക്കുന്നവർ (ഇന്ദ്രൻ, അഗ്നി, അന്തകൻ, നിരൃതി, വരുണൻ, വായു, കുബേരൻ, ഈശാനൻ)

അഷ്ടദിഗ്ഗജങ്ങൾ — അഷ്ടദിക്കുകളിലെ [അഷ്ടദിക്ക് — എട്ടുദിക്ക്] ഗജങ്ങൾ (ഐരാവതം, പുണ്ഡരീകൻ, കുമുദൻ, വാമനൻ, അഞ്ജനൻ, പുഷ്പദന്തൻ, സാർവ്വഭൗമൻ, സുപ്രതീകൻ എന്ന എട്ടാനകൾ)

അഷ്ടനാഗങ്ങൾ — എട്ടു സർപ്പങ്ങൾ (വാസുകി, തക്ഷകൻ, കാർക്കോടകൻ, ശംഖൻ, ഗുളികൻ, പത്മൻ, മഹാപത്മൻ, അനന്തൻ എന്ന എട്ടു സർപ്പങ്ങൾ)

അഷ്ടനായികമാർ — എട്ടുതരം നായികമാർ (സ്വാധീനഭർത്തൃക, ഖണ്ഡിത, അഭിസാരിക, വിപ്രലബ്ധ, കലഹാന്തരിത, പ്രോഷിതഭർത്തൃക, വാസകസജ്ജ, വിരഹോത്ഖണ്ഡിത)

അഷ്ടപദി — എട്ടുപദം ഉള്ളത് (ജയദേവ കവിയുടെ ഗീതഗോവിന്ദത്തിലെ ഗാനം)

അഷ്ടപാദം — എട്ടുപാദം ഉള്ളത് [പാദം—കാൽ] (എട്ടുകാലി)

അഷ്ടബന്ധം — ബിംബം പീഠത്തിൽ ഉറപ്പിക്കാൻ പൊടിച്ചുചേർത്തുണ്ടാക്കുന്ന ഒരു കൂട്ട് (ശംഖ്, കടുക്ക, ചെഞ്ചല്യം കോഴിപ്പരൽ, ആറ്റുമണൽ, നെല്ലിക്ക, കോലരക്ക്, നൂൽപ്പഞ്ഞി എന്നിവയുടെ കൂട്ട്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഷ്ടമംഗല്യം — എട്ടു മംഗല്യം [മംഗല്യം — ശുഭം] ('കുരവം ദർപ്പണം ദീപം കലശം വസ്ത്രമക്ഷതം അംഗനാഹേമസംയുക്തമഷ്ടമംഗല്യ ലക്ഷണം')

അഷ്ടമിരോഹിണി — അഷ്ടമിയും [അഷ്ടമി — എട്ടാമത്തെപക്കം] രോഹിണിയും കൂടുന്നത് [രോഹിണി —നാലാമത്തെനക്ഷത്രം] (ശ്രീകൃഷ്ണൻ ജനിച്ചദിവസം)

അഷ്ടമുഷ്ടി എട്ടുമുഷ്ടി [മുഷ്ടി—പിടി] (ഒരളവ്)

അഷ്ടമൂർത്തി — എട്ടുമൂർത്തികളോടുകൂടിയവൻ [പഞ്ചഭൂതങ്ങളും സൂര്യചന്ദ്രന്മാരും യജ്ഞമാനനുമാണ് ശിവന്റെ മൂർത്തികൾ] (ശിവൻ)

അഷ്ടലക്ഷ്മി — എട്ടുലക്ഷ്മി (ധനം, ധാന്യം, ധൈര്യം, ശൌര്യം, വിദ്യ, വിജയം, കീർത്തി, രാജ്യം ഇവയെ ലക്ഷ്മികളായി കല്പിച്ചിരിക്കുന്നു)

അഷ്ടവസുക്കൾ — എട്ടുവസുക്കൾ [വസുക്കൾ—ഒരുമിച്ചു വസിക്കുന്ന ദേവന്മാർ] (ധരൻ, ധ്രുവൻ, സോമൻ, ആപൻ, അനലൻ, അനിലൻ, പ്രത്യൂഷൻ, പ്രഭാസൻ എന്നിവർ)

അഷ്ടവിവാഹം — എട്ടുതരം വിവാഹം (ബ്രാഹ്മം, ദൈവം, ആർഷം, പ്രാജാപത്യം, ഗാന്ധർവ്വം, ആസുരം, രാക്ഷസം, പൈശാചം ഇവയാണ് പ്രാചീനഭാരതത്തിലെ വിവാഹങ്ങൾ)

അഷ്ടസിദ്ധി — എട്ടുതരം സിദ്ധികൾ [സിദ്ധി—അമാനുഷശക്തി] (അണിമ, മഹിമ, ലഘിമ, ഗരിമ, ഈശിത്വം, വശിത്വം, പ്രാപ്തി, പ്രാകാശ്യം)

അഷ്ടാക്ഷരി — എട്ടക്ഷരങ്ങളോടുകൂടിയ ഒരു മന്ത്രം. (ഓം നമോ നാരായണായ)

അഷ്ടാംഗ പ്രണാമം — അഷ്ടാംഗങ്ങളുടെ പ്രണാമം [അഷ്ടാംഗം—കൈകൾ, കാൽമുട്ടുകൾ, തോളുകൾ, നെഞ്ച്, നെറ്റി എന്ന എട്ട് അംഗങ്ങൾ] (സാഷ്ടാംഗ നമസ്കാരം)

അഷ്ടാംഗമാർഗ്ഗം — അഷ്ടാംഗമായ മാർഗ്ഗം [സമ്യഗ്ദൃഷ്ടി, സമ്യഗ്സങ്കല്പം, സമ്യഗ്വാക്യം, സമ്യഗ്കർമ്മം, സമ്യഗാജ്ജീവം, സമ്യഗ്വ്യായാമം, സമ്യഗ്സ്മൃതി, സമ്യഗ്സമാധി ഇവയാണ് തൃഷ്ണാനാശത്തിനുള്ള എട്ടുപാധികൾ] (ബുദ്ധമാർഗ്ഗം)

അഷ്ടാംഗഹൃദയം — അഷ്ടാംഗങ്ങളെ സംബന്ധിക്കുന്ന ചികിത്സാഗ്രന്ഥം [അഷ്ടാംഗം—കായം, ബാലം, ഗ്രഹം, ഊർദ്ധ്വാംഗം, ശല്യം, ദംഷ്ട്ര, ജര, വൃഷം] (വാഗ്ഭടാചാര്യ വിരചിതമായ വൈദ്യഗ്രന്ഥം)

അഷ്ടാദശപർവ്വങ്ങൾ — ഭാരതത്തിലെ പർവ്വങ്ങൾ [അഷ്ടാദശം—പതിനെട്ട്] (ആദിപർവ്വം, സഭാപർവ്വം, വനപർവ്വം, വിരാടപർവ്വം, ഉദ്യോഗപർവ്വം, ഭീഷ്മപർവ്വം, ദ്രോണപർവ്വം, കർണ്ണപർവ്വം, ശല്യപർവ്വം, സൗപ്തികപർവ്വം, സ്ത്രീപർവ്വം, ശാന്തിപർവ്വം, അനുശാസനപർവ്വം, അശ്വമേധികപർവ്വം, ആശ്രമവാസികപർവ്വം, മൗസലപർവ്വം, മഹാപ്രസ്ഥാനികപർവ്വം, സ്വർഗ്ഗാരോഹണപർവ്വം)

അഷ്ടാദശപുരാണങ്ങൾ — പതിനെട്ടു പുരാണങ്ങൾ [അഷ്ടാദശം—ദശത്തോടു ചേർന്ന അഷ്ടം, പതിനെട്ടു] (ബ്രഹ്മം, പദ്മം, വൈഷ്ണവം, ശൈവം, ഭാഗവതം, നാരദീയം, മാർക്കണ്ഡേയം, ആഗ്നേയം, ഭവിഷ്യം, ബ്രഹ്മവൈവർത്തം, ലൈംഗികം, വാരാഹം, സ്കാന്ദം, വാമനം, കൗർമ്മം, മാത്സ്യം, ഗാരുഡം, ബ്രഹ്മാണ്ഡം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഷ്ടാദ്ധ്യായി — എട്ടദ്ധ്യായങ്ങൾ ഉള്ളത് (പാണിനി നിർമ്മിച്ച സംസ്കൃതവ്യാകരണഗ്രന്ഥം)

അഷ്ടാവക്രൻ — ശാപംകൊണ്ടു എട്ടു വക്രതയോടെ പിറന്നവൻ [ശിഷ്യന്മാരുടെ മുമ്പിൽ വെച്ചു അമ്മയുടെ അച്ഛനായ ഉദ്ദാലകനോടു ഗർഭസ്ഥശിശു. അങ്ങയുടെ പഠിപ്പുശരിയാകുന്നില്ല എന്നു പറഞ്ഞതിന്നു ശപിച്ചു—മഹാഭാരതം] (ഒരുതർക്കശാസ്ത്ര നിപുണൻ)

അസനവിലപാദി — അസനം [അസനം—വേങ്ങ] വിലപം [വിലപം—കൂവളം] തുടങ്ങിയവകൊണ്ടുണ്ടാക്കുന്ന എണ്ണ (ശിരോരോഗം ശമിപ്പിക്കുന്ന എണ്ണ)

അസംഗം — സംഗം ഇല്ലായ്മ [സംഗം—ലോകകാര്യങ്ങളിൽ താത്പര്യം] (വിരക്തി)

അസഭ്യം — സഭ്യം അല്ലാത്തത് [സഭ്യം—സഭായോഗ്യം] (അശ്ലീലം)

അസമഞ്ജസം — സമഞ്ജസം അല്ലാത്തത് [സമഞ്ജസം—യുക്തിയുക്തം] (അസംഗതം)

അസമനയനൻ — അസമമായ നയനങ്ങളോടു കൂടിയവൻ [അസമം—വിഷമം] (മുക്കണ്ണൻ)

അസമീക്ഷ്യകാരി — സമീക്ഷിച്ചു [സമീക്ഷിക്കുക — വിചിന്തനം ചെയ്യുക] പ്രവർത്തിക്കാത്തവൻ (എടുത്തുചാട്ടക്കാരൻ)

അസാംഗത്യം — സാംഗത്യം ഇല്ലായ്മ [സാംഗത്യം — ചേർച്ച (യോജിപ്പില്ലായ്മ)

അസി — ശത്രുക്കളെ ക്ഷേപിക്കുന്നത് [അസ്യതേ — ക്ഷേപിക്കുന്നു. ക്ഷേപിക്കുക—വീഴ്ത്തുക] (വാൾ)

അസിജീവി — അസികൊണ്ടു ജീവിക്കുന്നവൻ [അസി—വാൾ] (പടയാളി)

അസിതകേശ — അസിതമായ കേശത്തോടുകൂടിയവൾ [അസിതം—കറുപ്പ്] (സുന്ദരി)

അസിതഗ്രീവൻ — അസിതമായ ഗ്രീവയോടു കൂടിയവൻ [അസിതം—കറുപ്പ്] (അഗ്നി)

അസിദന്തം — അസിപോലുള്ള [അസി — വാൾ] ദന്തങ്ങളോടു കൂടിയത് [ദന്തം—പല്ല്] (മുതല)

അസിധാരാവ്രതം — അസിധാരയിൽ നില്ക്കുന്നതു പോലെയുള്ള വ്രതം [അസിധാര — വാളിന്റെ വായ്ത്തല] (സകല ശൃംഗാരോപകരങ്ങളെക്കൊണ്ടും അലങ്കരിക്കപ്പെട്ട ശയ്യാഗൃഹത്തിൽ ഭാര്യയോടുകൂടി കിടക്കുകയും കാമവികാരം ഉണ്ടാകാതിരിക്കുയും ചെയ്യുന്ന അവസ്ഥ)

അസിപത്രം — അസിപോലെ മൂർച്ചയുള്ള പത്രങ്ങളോടു കൂടിയത് [അസി — വാൾ. പത്രം—ഇല] (കരിമ്പ്)

അസുരൻ — അസുക്കളിൽ രമിക്കുന്നവൻ [അസു—ഐന്ദ്രിക സുഖവൃത്തി] (ദേവശത്രു)

അസുരഗുരു — അസുരന്മാരുടെ ഗുരു (ശുക്രാചാര്യൻ)

അസൃക്ധരം — അസൃക്കിനെ ധരിക്കുന്നത് [അസൃക്—രക്തം] (രാക്ഷസൻ)

അസൃക്ധരം — അസൃക്കിനെ ധരിക്കുന്നത് [അസൃക്—രക്തം] (ചർമ്മം)

അസൃക്പൻ — അസൃക്കിനെ പാനം ചെയ്യുന്നവൻ [അസൃക്—രക്തം] (രാക്ഷസൻ)

അസൃഗ്വഹ — അസൃക്കിനെ വഹിക്കുന്നത് [അസൃക്—രക്തം] (രക്തനാഡി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അസ്സീവാരം — അടിത്തറ എന്ന അർത്ഥത്തിൽ ഉർദുവിൽ നിന്നു സ്വീകരിച്ച അസ്സുവാർ എന്നതിന്റെ തത്ഭവരൂപം. (Ustuwar)

അസ്സ്രം — ശത്രുക്കളെ ഓടിക്കുന്നത് [അസ്യതേ–ഓടിക്കുന്നു] (ശരം)

അസ്ത്രജീവൻ — അസ്ത്രപ്രയോഗം കൊണ്ടു ജീവിക്കുന്നവൻ (പടയാളി)

അസ്ത്രജ്ഞൻ — അസ്ത്രവിദ്യ അറിയുന്നവൻ (വില്ലാളി)

അസ്ത്രാഗാരം — അസ്ത്രങ്ങളുടെ [അസ്ത്രം–ശരം] ആഗാരം [ആഗാരം–ഇരിപ്പിടം] (ആയുധശാല)

അസ്ഥിപഞ്ജരം — അസ്ഥികളുടെ [അസ്ഥി–എല്ല്] പഞ്ജരം [പഞ്ജരം–കൂട്] (എല്ലിൻകൂട്)

അസ്ഥിഭക്ഷം — അസ്ഥിയെ ഭക്ഷിക്കുന്നത് [അസ്ഥി–എല്ല്] (നായ)

അസ്ഥിഭൂഷണൻ — അസ്ഥികൾ ഭൂഷണമായുള്ളവൻ [ഭൂഷണം–ആഭരണം] (ശിവൻ)

അസ്ഥിമാടം — മരിച്ച ആളിന്റെ അസ്ഥി സൂക്ഷിച്ച മാടം (അസ്ഥിത്തറ)

അസ്ഥിവിഗ്രഹൻ — അസ്ഥിമാത്രമായ വിഗ്രഹത്തോടു കൂടിയവൻ [വിഗ്രഹം – ശരീരം] (എല്ലുമാത്രം ശേഷിച്ചവൻ)

അസ്പൃശ്യൻ — സ്പർശിക്കാൻ പാടില്ലാത്തവൻ [സ്പർശിക്കുക–തൊടുക] (തൊട്ടുകൂടാത്തവൻ)

അസ്പൃഹ — സ്പൃഹയില്ലായ്മ [സ്പൃഹ–ആഗ്രഹം] (ആഗ്രഹമില്ലായ്മ)

അസ്രജം — അസ്രത്തിൽ നിന്നു ജനിക്കുന്നത് [അസ്രം–രക്തം] (മാംസം)

അസ്രപൻ — അസ്രത്തെ പാനം ചെയ്യുന്നവൻ [അസ്രം – രക്തം] (രാക്ഷസൻ)

അസ്രരോധിനി — അസ്രത്തെ രോധിക്കുന്നത് [അസ്രം–രക്തം. രോധിക്കുക–തടയുക] (തൊട്ടാവാടി)

അസ്വപ്നൻ — സ്വാപം ഇല്ലാത്തവൻ [സ്വാപം–ഉറക്കം] (ദേവൻ)

അഹങ്കാരം — ഞാനെന്ന ഭാവം [അഹം–ഞാൻ] (അഹമ്മതി)

അഹർനാഥൻ — അഹസ്സിന്റെ നാഥൻ [അഹസ്സ്–പകൽ] (സൂര്യൻ)

അഹർന്നിശം — അഹസ്സും നിശയും [അഹസ്സ് – പകൽ. നിശ – രാത്രി] (രാവും പകലും)

അഹർമുഖം — അഹസ്സിന്റെ മുഖം [അഹസ്സ്–പകൽ] (പ്രഭാതം)

അഹരാഗമം — അഹസ്സിന്റെ ആഗമം [അഹസ്സ്–ദിവസം] (പ്രഭാതം)

അഹല്യാജാരൻ — അഹല്യയുടെ ജാരൻ [അഹല്യ–ഗൗതമമുനിയുടെ ഭാര്യ] (ഇന്ദ്രൻ)

അഹസ്കരൻ — അഹസ്സിനെ ഉണ്ടാക്കുന്നവൻ [അഹസ്സ് – പകൽ] (സൂര്യൻ)

അഹി — ആഹനിക്കുന്നതു [ആഹനിക്കുക–ഗമിക്കുക] (പാമ്പ്)

അഹികാന്തം — അഹിക്കു കാന്തമായുള്ളത് [അഹി–പാമ്പ്. കാന്തം–പ്രിയം] (വായു)

അഹികേതനൻ — അഹിയുടെ അടയാളം കേതനത്തിൽ ഉള്ളവൻ [അഹി–പാമ്പ്. കേതനം–കൊടി] (ദുര്യോധനൻ)

അഹിജിത്ത് — അഹിയെ ജയിച്ചവൻ [അഹി – കാളിയസർപ്പം] (ശ്രീകൃഷ്ണൻ)

അഹിതുണ്ഡികൻ — അഹിയുടെ തുണ്ഡം പിടിച്ചുകളിക്കുന്നവൻ [അഹി – പാമ്പ്. തുണ്ഡം–മുഖം] (പാമ്പാട്ടി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഹിദ്വിട്ട് — അഹിയുടെ ദ്വിട്ട് [അഹി —പാമ്പ്. ദ്വിട്ട്—ശത്രു] (ഗരുഡൻ)

അഹിഭൂമി — അഹികളോടുകൂടിയ ഭൂമി [അഹി — പാമ്പ്] (കേരളത്തിന്നു ആര്യന്മാർ നൽകിയപേർ)

അഹിഭൂഷണൻ — അഹി ഭൂഷണമായുള്ളവൻ [അഹി—സർപ്പം. ഭൂഷണം—ആഭരണം] (ശിവൻ)

അഹിലത — അഹിയെപ്പോലെ വളഞ്ഞുപുളഞ്ഞുപോകുന്ന ലത [അഹി പാമ്പ്. ലത—വള്ളി] (വെറ്റിലക്കൊടി)

അഹ്നം — സമാസത്തിൽ ഉത്തരപദമാകുമ്പോൾ 'അഹൻ' ശബ്ദത്തിനു വരുന്ന മാറ്റം (പകൽ)

അഹ്രികൻ — ഹ്രീ ഇല്ലാത്തവൻ [ഹ്രീ —ലജ്ജ] (നാണംകെട്ടവൻ)

അളകം — [അളതി—ഭൂഷയതി മുഖം] (കുറുനിര)

അളകേശൻ — അളകയുടെ ഈശൻ [അളക — അളകാപുരി] (കുബേരൻ)

അളി — [അലതി—ദംശേ സമർത്ഥോ ഭവതി] (വണ്ട്)

അളികം — അലങ്കരിക്കപ്പെടുന്നത് [അല്യതേ—അലങ്കരിക്കപ്പെടുന്നു] (നെറ്റി)

അള്ളടോൻ — അള്ളട രാജ്യാവിൽ നിന്നു തെയ്യം കെട്ടാൻ അനുമതി ലഭിച്ച മണ്ണാൻ [അള്ളടം—നീലേശ്വരത്തെ ഒരു രാജസ്വരൂപം]

അഴിനില — അഴിഞ്ഞ നില (നശിച്ച അവസ്ഥ)

അഴിപ്പാൻ കഥ — ഭാഷയുടെ കുരുക്കുകൾ അഴിച്ചുപറയേണ്ട കഥ (കടങ്കഥ)

അഴിപ്പുര — അഴിയിട്ട പുര [അഴി—തടിക്കാൽ]

അറബിമലയാളം — അറബിഭാഷയും മലയാളഭാഷയും ചേർത്തുണ്ടാക്കിയ ഭാഷ (മലബാറിലെ മുസ്ലീങ്ങൾ പ്രത്യേകലിപികളിലൂടെ വളർത്തിയെടുത്ത ഭാഷ)

അറമുറിയൻ — അറ മുറിക്കുന്നവൻ [അറ—മുറി] (കള്ളൻ)

അറയ്ക്കൽരാജവംശം — കേരളത്തിലെ ഒരേയൊരു മുസ്ലീം രാജവംശം. കണ്ണൂരിലാണ് ആസ്ഥാനം.

അറാംപിറപ്പ് — അറാമായ നിലയിലുള്ള പിറപ്പ് [അറാം — ഹറാം; നിഷിദ്ധം. പിറപ്പ് — ജനനം] (തെറ്റായരീതിയിൽ ഉണ്ടായവൻ)

അറുനൂറ്റവർ — അറുനൂറ് അംഗങ്ങൾ ചേർന്ന നാട്ടുകൂട്ടം (പ്രാചീന കേരളത്തിലെ ഒരു ഭരണസഭ)

അറുമുഖൻ — ആറുമുഖങ്ങളോടുകൂടിയവൻ (സുബ്രഹ്മണ്യൻ)

അറ്റകുറ്റം — പഴക്കം കൊണ്ടു അറ്റതും ഉപയോഗം കൊണ്ടു കുറഞ്ഞതും (കേടുപാട്)

അറ്റാലടക്കം — കുടുംബം അറ്റാൽ [അറ്റാൽ—അറ്റുപോയാൽ, ഒടുങ്ങിയാൽ] സ്വത്തുക്കൾ രാജസ്ഥാനത്തേക്കോ മറ്റോ അടങ്ങുന്ന വ്യവസ്ഥ [അടങ്ങുക—ചേരുക]

ആ

ആകണ്ഠം — കണ്ഠംവരെ [കണ്ഠം—തൊണ്ട] (കഴുത്തോളം)

ആകരികൻ — ആകരത്തിലെ ജോലിക്കാരൻ [ആകരം—ഖനി] (ഖനിവേലക്കാരൻ)

ആകരോദ്ഗത — ആകരത്തിൽ നിന്നു [ആകരം—ഖനി] ഉദ്ഗമിച്ചത് [ഉദ്ഗമിക്കുക — ഉയരുക, ഉണ്ടാവുക] (സ്വർണ്ണം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആകർണ്ണം — കർണ്ണംവരെ [കർണ്ണം—ചെവി] (ചെവിവരെ)

ആകലിതം — ആകലനം ചെയ്യപ്പെട്ട [ആകലനം—ബന്ധനം] (കെട്ടപ്പെട്ട)

ആകല്പം — കല്പം വരെ [കല്പം—പ്രളയം] (ലോകാവസാനം വരെ)

ആകസ്മികാവധി — ആകസ്മികമായ അവധി [ആകസ്മികം—പെട്ടെന്നു] (Casual leave)

ആകാംക്ഷി — ആകാംക്ഷയുള്ളവൻ [ആകാംക്ഷ — ആഗ്രഹം] (ആഗ്രഹമുള്ളവൻ)

ആകാരഗുപ്തി — ആകാരത്തിന്റെ ഗുപ്തി [ഗുപ്തി—ഗോപനം ചെയ്യൽ] (വികാരങ്ങൾ പുറത്തുകാണിക്കാതിരിക്കൽ)

ആകാശം — എങ്ങും പ്രകാശം പരക്കുന്നത്. [ആ — സമന്താത്, ചുറ്റും] സൂര്യാദികൾ ചുറ്റും കാശിക്കുന്ന ഇടം. [കാശിക്കുക—പ്രകാശം പരത്തുക] (വാനം)

ആകാശകുസുമം — ആകാശത്തിലെ കുസുമം [കുസുമം — പുഷ്പം] (ഇല്ലാത്തത്)

ആകാശഗം — ആകാശത്തിൽക്കൂടി ഗമിക്കുന്നത് (പക്ഷി)

ആകാശഭാഷിതം — ആകാശത്തിലെ ഭാഷിതം (രംഗത്തില്ലാത്ത കഥാപാത്രത്തിന്റെ ഭാഷണം കേട്ടതായി ഭാവിച്ചുകൊണ്ടു നടൻ ചെയ്യുന്ന ഭാഷണം)

ആകാശമുഷ്ടി — ആകാശത്തിലുള്ള മുഷ്ടി [മുഷ്ടി — ചുരുട്ടിയ കൈ] (നിഷ്ഫലമായ പ്രവൃത്തി)

ആകാശവാണി — ആകാശത്തിലൂടെയുള്ള വാണി [വാണി — വാക്ക്] (Radio)

ആക്രന്ദികൻ — ആക്രന്ദനം കേട്ടസ്ഥലത്തേക്ക് ഓടിച്ചെല്ലുന്നവൻ [ആക്രന്ദനം — നിലവിളി] (നിലവിളി കേട്ട് ഓടിയെത്തുന്നവൻ)

ആക്ഷേപം — ക്ഷേപിക്കുന്നത് [ക്ഷേപിക്കുക — എടുത്തെറിയുക] (ശകാരവചനം)

ആഖണ്ഡലൻ — ശത്രുഖണ്ഡനം ചെയ്യുന്നവൻ (ഇന്ദ്രൻ)

ആഖു — ചുറ്റും കുഴിക്കുന്നത് [ആ—സമന്താത്, ചുറ്റും. ഖനനം ചെയ്യുക—കുഴിക്കുക] (എലി)

ആഖുഗൻ — ആഖുവിന്റെ പുറത്തു ഗമിക്കുന്നവൻ [ആഖു — എലി] (ഗണപതി)

ആഖുഭുക്ക് — ആഖുവെ ഭുജിക്കുന്നത് [ആഖു—എലി] (പൂച്ച)

ആഖുവിഷഹ — ആഖുവിഷത്തെ ഹനിക്കുന്നത് [ആഖുവിഷം — എലിവിഷം] (ദേവതാളി)

ആഖേടകൻ — ആഖേടം നടത്തുന്നവൻ [ആഖേടം — നായാട്ട്] (വേട്ടക്കാരൻ)

ആഖ്യ — ആഖ്യാനം ചെയ്യപ്പെടുന്നത് [ആഖ്യാനം ചെയ്യുക — പറയുക] (പേർ)

ആഗതപതികം — പരദേശത്തുനിന്നു ആഗതനായ പതിയോടു കൂടിയവൾ [പതി—ഭർത്താവ്]

ആഗമവേദി — ആഗമം വേദിക്കുന്നവൻ [ആഗമം — വേദം, ശാസ്ത്രം] (വേദജ്ഞൻ)

ആഗസ്യി — ആഗസ്സ് ഉള്ളവൻ [ആഗസ്സ്—അപരാധം, പാപം] (അപരാധി)

ആഗ്നേയൻ — അഗ്നിയിൽ ഭവിച്ചവൻ [ദേവരക്ഷക്കായി ശിവൻ അഗ്നിരൂപത്തിലുള്ള സ്വബീജം വഹ്നിമുഖത്താണ് ക്ഷേപിച്ചത്. വഹ്നി ഇതു കൃത്തികയിൽ ക്ഷേപിച്ചു. കൃത്തിക ശരവ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആദർശവാദി — ആദർശത്തിന്നുവേണ്ടി വാദിക്കുന്നവൻ [ആദർശം—താൻ വിശ്വസിക്കുന്ന ആശയം]

ആദികവി — ആദികാവ്യത്തിന്റെ കർത്താവ്. [ആദികാവ്യം — സംസ്കൃതത്തിലെ ആദികാവ്യമായ രാമായണം] (വാല്മീകി)

ആദിതേയൻ — അദിതിയുടെ പുത്രൻ [അദിതി—ദേവമാതാവ്] (സൂര്യൻ)

ആദിത്യപുത്രൻ — ആദിത്യന്റെ പുത്രൻ [ആദിത്യൻ—സൂര്യൻ] (യമൻ)

ആദിത്യപുരം — ആദിത്യന്റെ പുരം (മീനച്ചൽതാലൂക്കിൽ മലമുകളിലുള്ള കേരളത്തിലെ ഒരേയൊരു സൂര്യക്ഷേത്രം)

ആദിത്യപൂജ — ആദിത്യനെ ഉദ്ദേശിച്ചുള്ള പൂജ [ആദിത്യൻ — സൂര്യൻ] (സൂര്യപൂജ)

ആദിത്യഹൃദയം — രാമരാവണയുദ്ധത്തിൽ അഗസ്ത്യൻ ശ്രീരാമന്നു ഉപദേശിച്ചുകൊടുത്ത മന്ത്രം (ഒരു മന്ത്രം)

ആദിപ്രാസം — ഒരേവർണ്ണത്തിൽ ആരംഭിക്കുന്ന പദങ്ങൾ അടുത്തടുത്തു പ്രയോഗിക്കുന്ന രീതി (ഒരു ശബ്ദാലങ്കാരം)

ആദിവൈദ്യൻ — ആദിയിലെ വൈദ്യൻ [ആദി—ഒന്നാമത്] (ധന്വന്തരി)

ആദ്യർത്തു — ആദ്യത്തെ ഋതു [ആദ്യ+ഋതു] (ഗ്രീഷ്മം)

ആദ്യാശ്രമം — ആദ്യത്തെ ആശ്രമം (ബ്രഹ്മചര്യം)

ആധമർണ്ണ്യം — അധമർണ്ണന്റെ അവസ്ഥ [അധമർണ്ണൻ—കടം വാങ്ങുന്നവൻ (കടപ്പാട്)]

ആധാരികാഭാസം — 'അത്ത്' മുതലായ പ്രത്യയങ്ങൾ ചേർന്ന ആധാരികാരൂപം (ഉദാ: ഇരുട്ടത്ത്)

ആധികാരികപത്രവ്യവഹാരം — ആധികാരികമായ പത്രവ്യവഹാരം (ഔദ്യോഗികമായ കത്തിടപാട്)

ആധിപത്യം — അധിപതിയുടെ അവസ്ഥ [അധിപതി—നായകൻ] (അധികാരം)

ആധിരഥി — അധിരഥനാൽ വളർത്തപ്പെട്ടവൻ [അധിരഥൻ—ഒരുതേരാളി] (കർണ്ണൻ)

ആനകദുന്ദുഭി — ജനനസമയത്ത് ആനകവും ദുന്ദുഭിയും മുഴക്കപ്പെട്ടവൻ [ആനകം—പെരുമ്പറ; ദുന്ദുഭി — ദുംദും എന്നു ശബ്ദിക്കുന്ന വാദ്യം] (വാസുദേവൻ)

ആനക്കുഴി — ആനയെ പിടിക്കത്തക്കവണ്ണം കാട്ടിൽ ഉണ്ടാക്കുന്ന വലിയ കുഴി

ആനക്കൊട്ടിൽ — ആനക്കുള്ള കൊട്ടിൽ [കൊട്ടിൽ—കെട്ടിടം] (ഉയരം കൂടിയ ആന തുമ്പിക്കൈ ഉയർത്തിയാൽ തൊടാനാവാത്ത ഉയരത്തിൽ നിർമ്മിക്കുന്ന ഗജമണ്ഡപം)

ആനിലി — അനിലന്റെ പുത്രൻ [അനിലൻ—വായു] (ഹനൂമാൻ)

ആനുശ്രവികം — ഗുരുമുഖത്തുനിന്നു ശ്രവിച്ചു ഗ്രഹിക്കുന്നത് (ദുഃഖനാശത്തിന്നും അഭീഷ്ടകാര്യലാഭത്തിന്നുമായി കല്പിച്ചിട്ടുള്ള വേദവിധികൾ)

ആനൃണ്യം — അനൃണന്റെ ഭാവം [അനൃണൻ — കടമില്ലാത്തവൻ] (കടപ്പാടില്ലായ്മ)

ആന്തരാളികൻ — അന്തരാളത്തിൽ സ്ഥിതിചെയ്യുന്നവൻ [അന്തരാളം—ഇട] (മദ്ധ്യസ്ഥൻ)

ആന്ത്രം — അന്ത്രത്തെ സംബന്ധിച്ചത് [അന്ത്രം—കുടൽ, വൃഷണം]

ആന്ദോളകൻ — ആന്ദോളം വഹിക്കുന്നവൻ [ആന്ദോളം — പല്ലക്ക്] (പല്ലക്ക് ചുമക്കുന്നവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആന്ധസികൻ — അന്ധസ്സ് [അന്ധസ്സ് –ചോറ്] പാകം ചെയ്യുന്നവൻ (അരിവെപ്പുകാരൻ)

ആപഗേയൻ. — ആപഗയിൽ ജനിച്ചവൻ [ആപഗ – നദി] (ഗംഗാതനയൻ)

ആപച്ഛങ്ക — ആപത്തിനെക്കുറിച്ചുള്ള ശങ്ക [ആപത് + ശങ്ക] (അപകടം വരുമോ എന്ന സംശയം)

ആപദ്ധർമ്മം — ആപൽക്കാലത്തെ ധർമ്മം [ആപൽകാലം–വിഷമഘട്ടം] (വിഷമഘട്ടത്തിൽ ചെയ്യാവുന്നത്)

ആപന്നസത്വ — ആപന്നമായ സത്വത്തോടുകൂടിയവൾ [ആപന്നം – പ്രാപിച്ച] [സത്വം – ജന്തു] (ഗർഭിണി)

ആപാദചൂഡം — പാദംമുതൽ [പാദം –കാൽ] ചൂഡവരെ [ചൂഡ–തല] (അടിമുടി)

ആപോശനം — അപ്പിന്റെ അശനം [അപ്പ് – വെള്ളം] (ഊണിന്റെ ആരംഭത്തിലും അവസാനത്തിലും ത്രൈവർണ്ണികന്മാർ നടത്തുന്ന വെള്ളം കുടി)

ആഫ്രിക്ക — സിപ്പിയോ ആഫ്രിക്കാനൂസ് എന്ന റോമൻ ഗവർണ്ണരുടെ പേരിൽനിന്നുണ്ടായത് (ഒരു വൻകര)

ആബാലവൃദ്ധം — ബാലന്മാർ മുതൽ വൃദ്ധന്മാർവരെ [ബാലൻ–കുട്ടി] (എല്ലാവരും)

ആബ്രഹ്മപിപീലികം — ബ്രഹ്മം മുതൽ പിപീലിക വരെ [പിപീലിക – ഉറുമ്പ്] (ലോകത്തിലുള്ള തെല്ലാം)

ആഭാഷണം — അഭിസംബോധന ചെയ്തുള്ള ഭാഷണം (സംഭാഷണം)

ആഭിചാരകൻ — അഭിചാരം ചെയ്യുന്നവൻ [അഭിചാരം–ക്ഷുദ്രപ്രവൃത്തി] (ദുർമ്മന്ത്രവാദി)

ആഭിമുഖ്യം — അഭിമുഖമായ അവസ്ഥ [അഭിമുഖം–നേരിട്ട്] (പ്രതിപത്തി)

ആമയം — അമത്തിലേക്ക് എത്തിക്കുന്നത് [അമം–രോഗം] (ദുഃഖം)

ആമാശയം — അമമായ സാധനങ്ങൾ ചെന്നെത്തുന്ന ആശയം [ആമം–അല്പം പാകമായത്] (ദഹനേന്ദ്രിയഭാഗം)

ആമിഷഭോജി — ആമിഷം ഭുജിക്കുന്നവൻ [ആമിഷം – മാംസം] (മാംസഭുക്ക്)

ആമ്നായം — ഗുരുവിന്റെ ഉച്ചാരണം കേട്ടു ശിഷ്യൻ അഭ്യസിക്കുന്നത് [മ്നാ–അഭ്യസിക്കുക] (വേദം)

ആംബികേയൻ — അംബികയുടെ തനയൻ [അംബിക–കാശി രാജാവിന്റെ മകൾ] (ധൃതരാഷ്ട്രർ)

ആമ്പിള്ള — ആൺ+പിള്ള [പിള്ള–കുട്ടി] (ആൺകുട്ടി)

ആയ്രാജ്യം — സംഘകാലത്തു തിരുവല്ല മുതൽ നാഗർകോവിൽ വരെ വ്യാപിച്ചിരുന്ന രാജ്യം (ടോളമി അയോയ് (Aioi) എന്നു വിളിച്ച രാജ്യം)

ആയതചതുരം — ആയതമായ ചതുരം [ആയതം–നീണ്ട] (ദീർഘചതുരം)

ആയതേക്ഷണ — ആയതമായ ഈക്ഷണത്തോടുകൂടിയവൾ [ഈക്ഷണം–മിഴി] (സുന്ദരി)

ആയമ്പാടി — ആയരുടെ പാടി [ആയർ–ഗോപന്മാർ, പാടി–ചേരി] (ആമ്പാടി)

ആയുധം — യുദ്ധം ചെയ്യപ്പെടുന്നത് (കുന്തം, വാൾ തുടങ്ങിയവ)

ആയുധപൂജ — ആയുധങ്ങൾ വെച്ചു നടത്തുന്ന പൂജ (നവരാത്രി കാലത്ത് ഗ്രന്ഥങ്ങൾ പോലെ ആയുധങ്ങളും പൂജിക്കാറുണ്ട്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആയുധാഗാരം — ആയുധങ്ങളുടെ ആഗാരം [ആഗാരം — ഭവനം] (ആയുധശാല)

ആയുരന്തം — ആയുസ്സിന്റെ അന്തം [ആയുസ്+അന്തം] (മരണം)

ആയുർവ്വേദം — ആയുസ്സിനെ സംബന്ധിച്ച വേദം [ആയുസ്സ് — ജീവിതകാലം] (ധന്വന്തരിയുടെ വൈദ്യശാസ്ത്രം)

ആയുഷ്ടോമം — ദീർഘായുസ്സ് ലഭിക്കുന്നതിന്ന് വേണ്ടിയുള്ള സ്തോമം [സ്തോമം—യാഗം] (ഒരു യജ്ഞം)

ആരണ്യകം — വാനപ്രസ്ഥാശ്രമികൾക്ക് അരണ്യങ്ങളിലിരുന്ന് വായിക്കാനുള്ള ഗ്രന്ഥം (വൈദിക ശാസ്ത്രത്തിലെ ഒരു ശാഖ)

ആരത്തിപ്പാട്ട് — അരത്തം ഉഴിയുമ്പോൾ പാടാറുള്ള പാട്ട്

ആരാമം — ആരമിക്കാനുള്ള ഇടം [ആരമിക്കുക — സന്തോഷിക്കുക] (പൂന്തോട്ടം)

ആരുരുക്ഷു — ആരോഹണം ചെയ്യാൻ ഇച്ഛയുള്ളവൻ [ആരോഹണംചെയ്യുക—കയറുക] (ഉത്പതിഷ്ണു)

ആരോഗ്യം — അരോഗത്തിന്റെ [അരോഗം—രോഗമില്ലായ്മ] ഭാവം

ആരംഭശൂരൻ — ആരംഭത്തിൽ മാത്രം ശൂരതകാട്ടുന്നവൻ [ആരംഭം—തുടക്കം] (തുടക്കത്തിൽ ആവേശംകൊള്ളുന്നവൻ)

ആർജ്ജവം — ഋജുവായ അവസ്ഥ [ഋജു—നേരെ] (നേര്)

ആർത്തായനി — ഋതായനന്റെ പുത്രൻ (ശല്യൻ)

ആര്യൻ — ഗമനാർഹൻ [ഋ ഗത്യർത്ഥേ] (പൂജ്യൻ; പുരാതനകാലത്തു മദ്ധ്യേഷ്യയിൽ നിന്നു ഭാരതത്തിൽ കടന്നുവന്നവൻ)

ആര്യഭടീയം — ആര്യഭടൻ രചിച്ച ജ്യോതിഷഗ്രന്ഥം [ആര്യഭട്ടൻ—ഭാരതീയ ഗണിതശാസ്ത്രജ്ഞൻ]

ആര്യഭാഷ — ആര്യവർഗ്ഗക്കാരുടെ ഭാഷ (സംസ്കൃതം, ഗ്രിക്ക്, ലാറ്റിൻ)

ആര്യസമാജം — ദയാനന്ദസരസ്വതി ഏർപ്പെടുത്തിയ ഒരു സംഘം

ആര്യാവർത്തം — ആര്യന്മാർ ആവർത്തിച്ച സ്ഥലം [ആര്യ+ആവർത്തം] (വിന്ധ്യ ഹിമാലയങ്ങൾക്കിടയിലെ ഭൂഭാഗം)

ആർഷഭൂമി — ആർഷമായ ഭൂമി [ആർഷം — ഋഷിയെ സംബന്ധിച്ച] (ഋഷികളുടെ നാടായ ഭാരതം)

ആലപ്പുഴ — കൊടുരാറിന്റെ തീരത്തു ആലകെട്ടി ജോലിചെയ്തിരുന്ന കൊല്ലനെ അമ്പലപ്പുഴ രാജാവ് കായലിനപ്പുറം ചുങ്കത്തിനുസമീപം പാർപ്പിച്ചതോടെ പഴയ ചളിത്തീരം ആലപ്പുഴയായി. ഇന്നവിടെ ആലയുമില്ല, പുഴയുമില്ല.

ആലയം — ആലിയനം ചെയ്യപ്പെടുന്നത് [ആലിയനം ചെയ്യുക—പാർക്കുക] (ഗൃഹം)

ആലവട്ടം — ആലവർതം എന്ന സംസ്കൃത ശബ്ദത്തിന്റെ തദ്ഭവം (മയിൽപ്പീലി കൊണ്ടുണ്ടാക്കിയ വിശറി)

ആലാസ്യം — ആലമായ ആസ്യം ഉള്ളത് [ആലം—അകലം, ആസ്യം—വായ] (മുതല)

ആലിപ്പഴം — പഴത്തിന്റെ വണ്ണത്തിൽ വീഴുന്ന ആലി [ആലി — മഴത്തുള്ളി] (മഴക്കിടയിൽ വീഴുന്ന മഞ്ഞുകട്ട)

ആലേഖ്യം — ആലേഖനം ചെയ്യപ്പെട്ടത് [ആലേഖനം ചെയ്യുക — എഴുതുക] (ചിത്രം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആലോലവായു — ആലോലമായ വായു [ആലോലം–ഇളകുന്നത്] (ഇളം കാറ്റ്)

ആവനേയി — അവനിയുടെ പുത്രി [അവനി–ഭൂമി] (സീത)

ആവാസഗൃഹം — ആവാസത്തിന്നുള്ള ഗൃഹം [ആവാസം–പാർപ്പ്] (പാർപ്പിടം)

ആവേദകൻ — ആവേദനം ചെയ്യുന്നവൻ [ആവേദനം ചെയ്യുക–ഉണർത്തിക്കുക] (സങ്കടം ബോധിപ്പിക്കുന്നവൻ)

ആവേധ്യം — ആവേധിക്കത്തക്കത് [ആവേധിക്കുക–തുളച്ചിടുക] (കടുക്കൻ: മൂക്കുത്തി)

ആവേശികൻ — ആവേശനം ചെയ്തവൻ [ആവേശനം–പ്രവേശനം] (അതിഥി)

ആശരൻ — ആശ്രവിക്കുന്നവൻ [ആശ്രവിക്കുക – ഹിംസിക്കുക. ശൃ ഹിംസായാം] (രാക്ഷസൻ)

ആശാധിപൻ — ആശയുടെ അധിപൻ [ആശ – ദിക്ക്] (ദിക്പാലകൻ)

ആശീർവ്വാദം — ആശിസ്സിനെ വദിക്കൽ [ആശിസ്സ്–ഇഷ്ടമുള്ള കാര്യം. വദിക്കുക–പറയുക] (അനുഗ്രഹം)

ആശീവിഷം — ആശിസ്സിൽ വിഷമുള്ളത് [ആശിസ്സ്–വിഷപ്പല്ല്] (പാമ്പ്)

ആശുഗം — ആശുവായി ഗമിക്കുന്നത് [ആശു–വേഗം] (ശരം)

ആശുഗൻ — ആശുവായി ഗമിക്കുന്നവൻ [ആശു – വേഗം) (വായു)

ആശുലിപി — വേഗത്തിൽ എഴുതുന്ന ലിപി [ആശു–വേഗത്തിൽ] (ചുരുക്കെഴുത്ത്. Short hand)

ആശുവ്രീഹി — വേഗത്തിൽ വിളയുന്ന വ്രീഹി [ആശു – വേഗത്തിൽ വ്രീഹി–നെല്ല്] (നവരനെല്ല്)

ആശുശുക്ഷണി — വളരെവേഗം നല്ലപോലെ പീഡിപ്പിക്കുന്നവൻ [ആശു – വേഗത്തിൽ, ശുക്ഷണി – നല്ലവണ്ണം ഹിംസിക്കുന്നവൻ] (അഗ്നി)

ആശൗചി — ആശൗചത്തോടുകൂടിയവൻ [ആശൗചം–പുല, വാലായ്മ മുതലായവ] (പുലയുള്ളവൻ)

ആശ്ചര്യം — എല്ലാവരാലും 'ആ' എന്നഭിനയിപ്പിക്കുന്നത് (അത്ഭുതം)

ആശ്ചര്യദ്യോതകം — ആശ്ചര്യത്തെ ദ്യോതിപ്പിക്കുന്നത് [ദ്യോതിപ്പിക്കുക–സൂചിപ്പിക്കുക] (വ്യാക്ഷേപകം)

ആശ്രയഭക്ഷണൻ — ആശ്രയിക്കുന്നവരെ ഭക്ഷിക്കുന്നവൻ (അഗ്നി)

ആശ്രയാശൻ — ആശ്രിക്കുന്നവരെ അശിക്കുന്നവൻ [അശിക്കുക – ഭക്ഷിക്കുക] (അഗ്നി)

ആശ്രവൻ — മുഴുവൻ ശ്രവിക്കുന്നവൻ [ശ്രവിക്കുക – കേൾക്കുക] (അനുസരണശീലൻ)

ആശ്വാസം — സമാധനത്തോടെയുള്ള ശ്വാസം വിടൽ

ആസന്നമൃത്യുഭയം — ആസന്നമൃത്യുവെക്കുറിച്ചുള്ള ഭയം [ആസന്നമൃത്യു–മരണം സമീപിച്ച അവസ്ഥ] (മരണഭയം)

ആസാരം — എങ്ങും സരിക്കുന്നത് [ആ–സമന്താത്. ചുറ്റും. സരിക്കുക–വ്യാപിക്കുക] (പെരുമഴ)

ആസികൻ — അസി ധരിച്ചവൻ [അസി–വാൾ] (വാൾക്കാരൻ)

ആസൂത്രകൻ — ആസൂത്രണം ചെയ്യുന്നവൻ [ആസൂത്രണം–പ്ലാനിംഗ്] (Planner)

ആസൂത്രണം — സൂത്രത്തിൽ വരിയായി കോർത്തുകെട്ടൽ [സൂത്രം–നൂൽ] (കാര്യനിർവ്വഹണപദ്ധതി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആസ്സൂരകൻ — ആസ്സൂരം ഒരുക്കുന്നവൻ [ആസ്സൂരം — വിരിപ്പ്] (കിടക്ക വിരിക്കുന്നവൻ)

ആസ്തികൻ — ഈശ്വരൻ ഉണ്ടെന്നു വിശ്വസിക്കുന്നവൻ [അസ്തി—ഉണ്ട്] (ഈശ്വരവിശ്വാസി)

ആസ്ത്രേല്യ — ഏഷ്യയുടെ തെക്കുഭാഗത്തു സ്ഥിതിചെയ്യുന്ന ഭൂവിഭാഗം (Austrial Asia)

ആസ്ഥാനകവി — ആസ്ഥാനത്തിലെ കവി [ആസ്ഥാനം — ഇരിപ്പിടം] (രാജസദസ്സിലെ കവി)

ആസ്ഫോടനം — സ്ഫോടനം ചെയ്തുണ്ടാക്കുന്നത് [സ്ഫോടനം ചെയ്യുക—വിടരുക] (പിളർപ്പ്)

ആസ്യ — ഭൂമിയുടെ ആസ്യമായി കിടക്കുന്ന ഭൂഭാഗം [ആസ്യം — മുഖം; ആദ്യമായി സൂര്യപ്രകാശം ലഭിക്കുന്ന ഭാഗം] (ഏഷ്യാവൻകര)

ആസ്യാസവം — ആസ്യത്തിലെ ആസവം [ആസ്യം — വായ, അസ്യതേ ഗ്രാസോസ്മിൻ ഇതി. ആസവം—നീര്] (ഉമിനീര്)

ആഹവം — 1. യുദ്ധം [ആഹേ—വിളിക്കുക] (എതിരാളികളെ വിളിക്കുന്നത്)

2. യാഗം [ആഹു—ഹോമിക്കുക] (ഹോമിക്കപ്പെടുന്നത്)

ആഹേയം — അഹിയിൽനിന്നുണ്ടായത് [അഹി—പാമ്പ്] (വിഷം)

ആഹ്നികം — അഹ്നത്തെ സംബന്ധിച്ചത് [അഹ്നം—പകൽ] (നിത്യകർമ്മം)

ആളങ്കം — ആളുകൾ തമ്മിലുള്ള അങ്കം [അങ്കം—പോര്] (ദ്വന്ദ്വയുദ്ധം)

ആറാട്ട് — ആറിലുള്ള കുളി [ആറാടിക്കുക—കുളിപ്പിക്കുക] (ഉത്സവാവസാനം ബിംബം ഏതെങ്കിലും ജലാശയത്തിൽ മുക്കുന്ന ചടങ്ങ്)

ആറുകുളം — ചേർത്തല ഭഗവതിയെ എഴുന്നള്ളിക്കുന്ന കുളങ്ങൾ (കാളികുളം, ചേരകുളം, പുല്ലുങ്കുളം, കേളൻകുളം, തൃപ്പുറകുളം, കുറുപ്പൻകുളം)

ആഴ്വാൻ — മനുഷ്യജീവിതത്തിൽ മുങ്ങി തത്ത്വംകണ്ടെത്തുന്നവർ [ആഴുക — മുങ്ങുക] (തമിഴിലെ രഹസ്യവാദികൾ)

ആഴ്വാഞ്ചേരിതമ്പ്രാക്കൾ — കേരളീയ ബ്രാഹ്മണരുടെ രക്ഷാപുരുഷപദവിയിൽ അവരോധിതനായ നമ്പൂതിരിസ്ഥാനികൻ

ആഴ്ച — ഓരോ ദിവസത്തോടും ആളുന്നത് [ആളുക—ഭരിക്കുക] ('ആൾ' എന്ന ധാതുവോടു 'ച' എന്ന കൃതികൃത്പ്രത്യയം ചേർത്തുണ്ടാക്കിയ ശബ്ദം)

ആഴിമകൾ — ആഴിയുടെ മകൾ [ആഴി—സമുദ്രം] (മഹാലക്ഷ്മി)

ഇ

ഇക്കേരിപ്പണം — ഇക്കേരിരാജ്യാപ് പുറപ്പെടുവിച്ച പണം (ഒരുപഴയ നാണയം)

ഇക്ഷു — ഇച്ഛിക്കപ്പെടുന്നത് [ഇച്ഛ—ആഗ്രഹം] (കരിമ്പ്)

ഇക്ഷുകോദണ്ഡൻ — ഇക്ഷു കോദണ്ഡമായി ഉള്ളവൻ [ഇക്ഷു — കരിമ്പ്; കോദണ്ഡം—വില്ല്] (കാമദേവൻ)

ഇച്ഛാഫലം — ഇച്ഛയുടെ ഫലം [ഇച്ഛ—ആഗ്രഹം] (കിട്ടാൻ കൊതിച്ചത്)

ഇച്ഛാരതം — ഇച്ഛയ്ക്കൊത്ത രതം [ഇച്ഛ—ഇഷ്ടം; രതം—കളി] (ഇഷ്ടമുള്ള കളി)

ഇജ്യൻ — യജിക്കപ്പെടുവാൻ അർഹൻ [യജിക്കുക — പൂജിക്കുക] (ഗുരു; വിഷ്ണു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇജ്യാശീലൻ — നിരന്തരം യാഗം കഴിക്കുന്നവൻ [ഇജ്യ—യാഗം]

ഇടച്ചാണി — ഇടയിലെ ചാണി [ചാണി — ആഴമുള്ള ചാൽ] (വയലിലോ പറമ്പിലോ ആഴത്തിൽ കീറുന്ന ചാല്)

ഇടച്ചേരി — ഇടയരുടെ ചേരി [ഇടയർ—ഗോപന്മാർ] (അമ്പാടി)

ഇടഞ്ഞട്ട് — വാങ്ങുന്നവന്റെയും വില്ക്കുന്നവന്റെയും ഇടയ്ക്കുനിന്നു കൊണ്ടു ലാഭം തട്ടിയെടുക്കുന്ന സമ്പ്രദായം (മദ്ധ്യവർത്തിത്വം)

ഇടനാഴി — രണ്ടുപ്രധാന മുറികൾക്കോ കെട്ടിടങ്ങൾക്കോ ഇടയ്ക്കുള്ള വഴി

ഇടപ്പള്ളി — ഇളങ്ങള്ളൂർ സ്വരൂപം സ്ഥാപിച്ച സ്വതന്ത്രരാജ്യം (തൃക്കാക്കരക്ഷേത്രത്തിലെ പൂജാരിയായിരുന്ന ഒരു നമ്പിയാതിരി സ്ഥാപിച്ച സ്വതന്ത്രരാജ്യം)

ഇടയൻ — ഇടനാട്ടിൽ വസിക്കുന്നവൻ [ഇടനാട്—മരുതം, കുറിഞ്ചി എന്നവയുടെ ഇടയ്ക്കുള്ള മുല്ലൈഭൂമി] (ആടുമാടുകളെ മേച്ചുവസിക്കുന്നവൻ)

ഇടയലേഖനം — ഒരുമെത്രാൻ തന്റെ രൂപതയിലെ അംഗങ്ങൾക്കു ആചാരാനുഷ്ഠാനങ്ങൾ സംബന്ധിച്ചയക്കുന്നലേഖനം

ഇടവം — ഋഷഭം എന്നതിന്റെ തത്ഭവം (രാശിചക്രത്തിലെ രണ്ടാംരാശിക്കു കാളയുടെ രൂപമാണ്)

ഇടിക്കട്ട — ഇടിക്കാൻ ഉപയോഗിക്കുന്ന കട്ട [ഇടിക്കുക — കുത്തുക] (ഒരായുധം)

ഇടിച്ചക്ക — ഇടിച്ചു തൂവരൻ വെക്കാൻ ഉപയോഗിക്കുന്ന ചക്ക (മൂപ്പെത്താത്ത ചക്ക)

ഇടിഞ്ഞീ — ഇടിയിൽ നിന്നുണ്ടാകുന്നതീ (മിന്നൽ)

ഇടിപൊടി — ഇടിക്കലും പൊടിക്കലും (കോലാഹലം)

ഇടുങ്കാട്ട് — ജന്തുക്കൾക്കു ശവം ഇട്ടുകൊടുക്കുന്ന കാട്ട്

ഇട്ടപ്പുറം — ഇട്ടലിന്ന് അരികിൽ [ഇട്ടൽ—മുറ്റത്തിനുതൊട്ടുള്ള ഉയർന്നസ്ഥലം] (മുറ്റത്തിനു ചുറ്റുമുള്ള പറമ്പ്)

ഇട്ടിക്കണ്ടപ്പൻ — ഇട്ടികൾക്കു കണ്ട പ്പൻ [ഇട്ടി — അവിവാഹിത; കണ്ടപ്പൻ—കന്ദർപ്പൻ (1. കോമളൻ 2. ശാസ്ത്രക്കളിയിലെ ഒരു കഥാപാത്രം)

ഇണങ്ങൻ — ഒരു കുടുംബവുമായി വിവാഹംകൊണ്ട് ഇണങ്ങിയവൻ [ഇണങ്ങുക — യോജിക്കുക] (അളിയൻ)

ഇതല്യർ — ഇറ്റലിക്കാർ (കേരളപ്പഴമയിൽ ഗുണ്ടർട്ടിന്റെ പ്രയോഗം)

ഇതിഹാസം — ഇതിഹയോടു കൂടിയത് [ഇതിഹ—പാരമ്പര്യോപദേശം] (രാമായണവും ഭാരതവുംപോലെ പുരാതനകഥയെ കാവ്യരൂപത്തിൽ നിബന്ധിച്ചിട്ടുള്ള കൃതി)

ഇദ്ധ്മവാഹൻ — ഇദ്ധ്മത്തെ വഹിക്കുന്നത് [ഇദ്ധ്മം—വിറക്] (അഗ്നി)

ഇന്ത്യ — സിന്ധുശബ്ദം പേർഷ്യക്കാരും ഗ്രീക്കുകാരും ഹിന്ദു എന്നുച്ചരിച്ചതിനെത്തുടർന്നുണ്ടായ ദേശനാമം (ഭാരതം)

ഇന്ദിന്ദിരം — ഇന്ദിരയോടൊപ്പം താമരയുടെ ഐശ്വര്യമനുഭവിക്കുന്നത് [ഇന്ദിര—ലക്ഷ്മി] (വണ്ട്)

ഇന്ദിര — ഇന്ദിക്കുന്നവൾ [ഇന്ദിക്കുക —ശോഭിക്കുക] (ലക്ഷ്മി)

ഇന്ദീവരം — ഇന്ദി വരമായി കരുതുന്നത് [ഇന്ദി—ലക്ഷ്മി. വരം—ശ്രേഷ്ഠം] (നീലത്താമര, കരിങ്കൂവളം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇന്ദു — ഹിമബിന്ദു തൂകുന്നവൻ [ഇന്ദുക — തുള്ളിതുള്ളിയായി വീഴുക (ചന്ദ്രൻ)

ഇന്ദുഖണ്ഡം — ഇന്ദുവിന്റെ ഖണ്ഡം [ഇന്ദു–ചന്ദ്രൻ] (ചന്ദ്രക്കല)

ഇന്ദുചൂഡൻ — ചൂഡയിൽ ഇന്ദുവോടു കൂടിയവൻ [ചൂഡ–തല. ഇന്ദു–ചന്ദ്രൻ] (ശിവൻ)

ഇന്ദുജ — ഇന്ദുവിൽ നിന്നു ജനിച്ച വൾ [ഇന്ദു–ചന്ദ്രൻ] (നർമ്മദ)

ഇന്ദുജനകം — ഇന്ദുവിനെ ജനിപ്പിച്ച സ്ഥാനം (സമുദ്രം)

ഇന്ദുധരൻ — ഇന്ദുവെ ധരിക്കുന്നവൻ [ഇന്ദു–ചന്ദ്രൻ] (ശിവൻ)

ഇന്ദുമതീസുതൻ — ഇന്ദുമതിയുടെ സുതൻ [ഇന്ദുമതി — അജമഹാരാജാവിന്റെ ഭാര്യ] (ദശരഥൻ)

ഇന്ദ്രകുഞ്ജരം — ഇന്ദ്രന്റെ കുഞ്ജരം [കുഞ്ജരം–ആന] (ഐരാവതം)

ഇന്ദ്രചാപം — ഇന്ദ്രന്റെ ചാപം [ചാപം–വില്ല്] (മഴവില്ല്)

ഇന്ദ്രജാലകൻ — ഇന്ദ്രജാലം നടത്തുന്നവൻ (Magician)

ഇന്ദ്രജിത്ത് — ഇന്ദ്രനെ ജയിച്ചവൻ [രാവണന്നു മണ്ഡോദരിയിൽ ജനിച്ച പുത്രൻ] (മേഘനാദൻ)

ഇന്ദ്രദിക്ക് — ഇന്ദ്രൻ പാലകനായുള്ള ദിക്ക് [പാലകൻ — സംരക്ഷകൻ] (കിഴക്ക്)

ഇന്ദ്രൻ — 1. ഇന്ദനം ചെയ്യുന്നവൻ [ഇന്ദനം ചെയ്യുക — സ്വയം ഐശ്വര്യവാനായിരിക്കുക] (ദേവനായകൻ)

2. ഇൻ=യോദ്ധാവ് + ദ്ര = ശിഖരം (സേനാപതി)

ഇന്ദ്രപുരി — ഇന്ദ്രന്റെ പുരി [പുരി–പട്ടണം] (അമരാവതി)

ഇന്ദ്രാണി — ഇന്ദ്രന്റെ ഭാര്യ (ശചീദേവി)

ഇന്ദ്രാവരജൻ — ഇന്ദ്രന്റെ അവരജനായി പിറന്നവൻ [അവരജൻ–വരജനല്പോത്തവൻ, അനുജൻ] (കശ്യപന്റെയും അദിതിയുടെയും മകനായി ഇന്ദ്രന്നുശേഷമാണ് വിഷ്ണു വാമനനായി അവതരിച്ചത്)

ഇന്ദ്രാശ — ഇന്ദ്രന്റെ ആശ [ആശ–ദിക്ക്] (കിഴക്ക്)

ഇന്ദ്രാശ്വം — ഇന്ദ്രന്റെ അശ്വം [അശ്വം – കുതിര] (ഉച്ചൈശ്രവസ്സ്)

ഇന്ദ്രിയജ്ഞാനം — ജ്ഞാനേന്ദ്രിയങ്ങൾ വഴിക്കുള്ള ജ്ഞാനം [ജ്ഞാനേന്ദ്രിയം — കണ്ണും മൂക്കും നാക്കും തൊക്കും ചെവിയും]

ഇന്ദ്രിയം — വിഷയം ലക്ഷ്യമാക്കിപ്പായുന്നത് [ഇം — വിഷയം, പ്രതിദ്രവന്തി — ലക്ഷ്യമാക്കിപ്പായുന്നു. ഇം പ്രതിദ്രവന്തീതി ഇന്ദ്രിയാ:]

ഇന്ദ്രേജ്യൻ — ഇന്ദ്രന്ന് ഇജ്യൻ [ഇജ്യൻ –പൂജ്യൻ] (ബ്രൃഹസ്പതി)

ഇന്ധനം — അഗ്നിസമ്പർക്കത്താൽ കത്തിജ്ജ്വലിക്കുന്നത് [ഇന്ധതേ–പ്രകാശിക്കുന്നു] (വിറക്)

ഇബ്ലീസ് — ഇസ്ലാം മതപ്രകാരം മനുഷ്യനെ തിന്മചെയ്യുവാൻ പ്രേരിപ്പിക്കുന്ന പിശാച്

ഇഭകൃത്തി — ഇഭത്തിന്റെ കൃത്തി [ഇഭം–ആന, കൃത്തി — ചർമ്മം] (ആനത്തോൽ)

ഇഭാചലം — ഇഭത്തെ ആചലിപ്പിക്കുന്നത് [ആചലിപ്പിക്കുക — കുലുക്കുക] (സിംഹം)

ഇഭാരി — ഇഭത്തിന്റെ അരി [ഇഭം–ആന, അരി–ശത്രു] (സിംഹം)

ഇമയവരമ്പൻ — ഇമയം രാജ്യത്തിന്റെ വരമ്പാക്കിയവൻ [ഇമയം–ഹിമാലയം] (നെടുംചേരലാതൻ)

ഇരട്ടപ്പൻ — രണ്ട് അപ്പൻ ഒന്നിച്ചു ചേർന്നമൂർത്തി (ഹരിഹരൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇരന്നുണ്ണി — ഇരന്നുണ്ണുന്നവൻ [ഇരക്കുക—യാചിക്കുക] (ഇരപ്പൻ)

ഇരാ — ഇഷ്ടം നൽകുന്നത് [ഇം രാതി—കാമം ദദാതി] (ഭൂമി, മദ്യം, ജലം)

ഇരാചരം — ഇരയിൽ ചരിക്കുന്നത് [ഇര—ഭൂമി] (ഭൂമിയിലുള്ള)

ഇരാജം — ഇരയാൽ ജനിക്കുന്നത് [ഇര—മദ്യം] (കാമം)

ഇരാവുരി — ഇരുനാവൂരി [ഇരുനാവൂരി — ഇരുനാഴിയും ഉരിയും അരി] നിറച്ചുവെച്ചു കാവുകളിൽ നടത്തുന്ന ഒരു ചടങ്ങ് (കാവിലെ ഒരടിയന്തിരം)

ഇരുതലമൂരി — ഇരുതലയും നേർത്തുള്ള ഒരു വിഷമില്ലാപ്പാമ്പ് (ഇരുഭാഗത്തും ചേർന്നു കലഹമുണ്ടാക്കുന്നവനെന്നു മലയാള ശൈലി)

ഇരുമുടി — ചുമക്കുവാനുള്ള സൗകര്യത്തിന്നു അറ്റവും നടുവും മുറുക്കിക്കെട്ടി രണ്ടുഭാണ്ഡം ഒപ്പം കെട്ടിയപോലുള്ള ചുമട് (അയ്യപ്പഭക്തന്മാർ കൊണ്ടുപോകുന്ന ചുമട്ട്)

ഇലക്കണം — ലക്ഷണം എന്ന സംസ്കൃതപദത്തിന്റെ മലയാളത്തിൽ പ്രചാരമുള്ള തമിൾരൂപം (അടയാളം)

ഇല്ലത്തുമോൾ — ടിപ്പുസുൽത്താൻ തിരുവിതാംകൂർ ആക്രമിച്ചകാലത്തു പ്രാണനുംകൊണ്ടോടുന്ന നമ്പൂതിരിമാർ പ്രസവിച്ചു കിടക്കുന്ന ഒരു അന്തർജ്ജനത്തെ മുസ്ലിംകളെ ഏല്പിച്ചു. ഇല്ലത്തു കടന്ന കൊള്ളക്കാർ ഖുർ—ആൻ പാരായണം ചെയ്യുന്ന സ്ത്രീകളെയാണു കണ്ടത്. അതിനാൽ അവിടം ആക്രമിച്ചില്ല. പിൽക്കാലത്ത് ഇല്ലത്തെമകൾ സ്ഥലനാമമായപ്പോൾ ഇല്ലത്തുമോൾ ആയി. (തൃക്കാക്കരക്കടുത്ത ഒരു സ്ഥലം)

ഇല്ലിക്കുന്നൻ — ഇല്ലിക്കുന്നിൽ നെയ്യുന്നത് [ഇല്ലിക്കുന്ന് — തലശ്ശേരിക്കടുത്ത ഒരു പ്രദേശം] (ഒരുതരം മുണ്ട്)

ഇഷു — പോകുന്നത് [ഇഷ്യതി—ഗച്ഛതി] (ബാണം)

ഇഷുധി — ഇഷുക്കളെ ധരിക്കുന്നത് [ഇഷു—ബാണം] (അമ്പുറ)

ഇഷ്ടം — ഇച്ഛിക്കപ്പെടുന്നത് [ഇച്ഛ—ആഗ്രഹം] (ആഗ്രഹമുള്ളത്)

ഇഷ്ടാപൂർത്തങ്ങൾ — ഇഷ്ടവും ആപൂർത്തവും [ഇഷ്ടം — യാഗാദികർമ്മം. ആപൂർത്തം — കിണർ, കുളം മുതലായവ നിർമ്മിക്കൽ] (പുണ്യകർമ്മങ്ങൾ)

ഇഷ്ടി — യജ്ഞിക്കപ്പെടുന്നത് (യാഗം)

ഇഷ്വാസം — ഇഷുവിന്റെ ആസം [ഇഷു—ശരം. ആസം — ഇരിപ്പിടം] (വില്ല്)

ഇഹലോകം — ഇവിടെയിക്കാണുന്ന ലോകം [ഇഹ—ഇവിടെ] (ഭൂമി)

ഇളകിയാട്ടം — ചൊല്ലിയാട്ടത്തെത്തുടർന്നു ഇളകിക്കൊണ്ടുള്ള ആട്ടം (കഥകളിയിലെ മനോധർമ്മ പ്രകടനം)

ഇളങ്കോവടികൾ — ഇളമുറരാജാവ് [ഇളം + കോ + അടികൾ] (തിരുവഞ്ചിക്കുളം വാണചേരൻ ചെങ്കുട്ടുവന്റെ സഹോദരൻ. ചിലപ്പതികാരം എന്ന തമിഴ് കാവ്യത്തിന്റെ കർത്താവ്)

ഇളമതി — ഇളയമതി [മതി — ചന്ദ്രൻ] (ബാലചന്ദ്രൻ)

ഇളമുരിക — ഇളയുടെ മുരിക [മുരിക—ഉറച്ചഭാഗം] (കുമാരികോട്ടമുതൽ ഗോകർണ്ണംവരെ നീണ്ടുയർന്നു കിടന്നിരുന്ന കുന്ന്)

ഇളയരശ് — ഇളയ അരശ് [അരശ്—തമ്പുരാൻ] (ഇളയരാജാവ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഇല്ലാപാലകൻ — ഇല്ലയെ പാലിക്കുന്നവൻ [ഇല്ല—ഭൂമി] (രാജാവ്)

ഇറൈലി — ചാവർപടയിൽപ്പെട്ടവർക്കു കരമൊഴിവാക്കിക്കൊടുത്തിട്ടുള്ള ഭൂമി. [ഇറൈ — മരണം, ഇളൈ—ഭൂമി] (ചാവിരുത്തി)

ഈ

ഈടാധാരം — ഈടിനുള്ള ആധാരം [ആധാരം—ഉറപ്പ്] (പണയാധാരം)

ഈഡ്യൻ — ഈഡ അർഹിക്കുന്നവൻ [ഈഡ—സ്തുതി] (സ്തുത്യർഹൻ)

ഈദ് — അസ്ഹപെരുന്നാൾ (മുസ്ലീങ്ങളുടെ വിശേഷദിവസം)

ഈപ്സു — ഈപ്സ ഉള്ളവൻ [ഈപ്സ—ആഗ്രഹം] (ആഗ്രഹി)

ഈരായി — ഈരുന്ന ആൾ [ഈരുക—മരം അറുക്കുക] (തടി അറപ്പുകാരൻ)

ഈരിതം — ഈരണം ചെയ്യപ്പെട്ടത് [ഈരണംചെയ്യുക — ശബ്ദിക്കുക] (വാക്ക്)

ഈരിഴ — ഈരണ്ടിഴയുള്ളത്

ഈശകോൺ — ഈശന്റെ കോൺ [ഈശൻ — ഈശാനൻ എന്ന ദിക്പാലകൻ] (വടക്കുകിഴക്ക്)

ഈശൻ — ഈശതയോടുകൂടിയവൻ [ഈശത — ഐശ്വര്യം] (ശിവൻ; ഭർത്താവ്)

ഈശസഖൻ — ഈശന്റെ സ്നേഹിതൻ [ഈശൻ—ശിവൻ] (കുബേരൻ)

ഈശാവാസ്യം — ഈശാവാസ്യം എന്ന പദം കൊണ്ടാരംഭിക്കുന്ന ഉപനിഷത്ത് (യജുർവേദസംഹിതയുടെ അവസാനമുള്ള നാല്പതാമധ്യായം പതിനെട്ടുപദ്യങ്ങളിലടക്കിയ ഉപനിഷത്ത്)

ഈശിത്വം — ഈശന്റെ ഭാവം (സർവ്വാധിപത്യം)

ഈശ്വരൻ — സർവ്വശക്തൻ [ഈശ്വര—കല്പിക്കുവാനും ഭരിക്കുവാനും സ്വാമിയാകുവാനും ശക്തിയുള്ള] (സ്വാമി, ധനവാൻ, ദേവൻ)

ഈഷദ്ദംഷ്ട്രൻ — ഈഷപോലുള്ള ദന്തങ്ങളോടു കൂടിയവൻ [ഈഷ — കലപ്പത്തണ്ട്, ദന്തം — പല്ല്] (കൊമ്പനാന)

ഈസ്റ്റർ — ദുഃഖവെള്ളിയാഴ്ചയുടെ അടുത്ത ഞായറാഴ്ച (യേശുവിന്റെ ഉയിർത്തെഴുന്നേല്പുദിനം)

ഈഹാമൃഗം — 1. മൃഗങ്ങളിൽ ഈഹയുള്ളത് [മൃഗം—മാൻ. ഈഹ—ആഗ്രഹം] (ചെന്നായ)

2. നായകനും ഉപനായകനും ഈഹാമൃഗത്തെപ്പോലെ നായികയെ പിൻതുടരുന്നതുപകം [ഈഹാമൃഗം — ചെന്നായ] (ദശരൂപകങ്ങളിലൊന്ന്)

ഈറൻ തുണി — ഈറനായ തുണി [ഈറൻ—നനഞ്ഞ] (നനഞ്ഞതുണി)

ഈഴക്കാശ് — ഈഴത്ത് പഴയകാലത്തു പ്രചാരത്തിലിരുന്ന ഒരു നാണയം [ഈഴത്ത് — ലങ്കയിൽ] (പഴയൊരു നാണയം)

ഈഴത്തരചൻ — ഈഴത്തെ അരചൻ [ഈഴം — സിംഹളം] (സിംഹളരാജാവ്)

ഈഴവമെമ്മോറിയൽ — ഈഴവസമുദായത്തിന്റെ പിന്നോക്കാവസ്ഥ ഇല്ലാതാക്കാൻ ഡോക്ടർ പി. പല്പു 1895—ൽ തിരുവിതാംകൂർ ദിവാനുനൽകിയ നിവേദനം.

ഉ

ഉക്തിപ്രത്യുക്തി — ഉക്തിയും പ്രത്യുക്തിയും [ഉക്തി — പറച്ചൽ. പ്രത്യുക്തി—മറുപടി] (സംഭാഷണം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉക്ഥൻ — മൂന്ന് ഉക്ഥത്താൽ സ്തുതിക്കപ്പെടുന്നവൻ [ഉക്ഥം — സാമവേദമന്ത്രം] (അഗ്നി)

ഉക്ഷവാഹനൻ — ഉക്ഷം വാഹമായുള്ളവൻ [ഉക്ഷം—കാള. വാഹം—വാഹനം] (ശിവൻ)

ഉഗ്രകാണ്ഡം — ഉഗ്രമായ കാണ്ഡത്തോടുകൂടിയത് [ഉഗ്രം—വലിയ] (കള്ളിച്ചെടി)

ഉഗ്രഗന്ധം — ഉഗ്രമായ ഗന്ധത്തോടുകൂടിയത് [ഉഗ്രം — കടുപ്പമുള്ള] (വെളുത്തുള്ളി)

ഉഗ്രപുത്രൻ — ഉഗ്രന്റെ പുത്രൻ [ഉഗ്രൻ — ശിവൻ] (സുബ്രഹ്മണ്യൻ)

ഉഗ്രസേനപുത്രൻ — ഉഗ്രസേനന്റെ മകൻ [ഉഗ്രസേനൻ — മഥുരയിലെ രാജാവ്] (കംസൻ)

ഉച്ചകോടി — ഉച്ചമായകോടി [ഉച്ചം—ഏറ്റവും ഉയർന്ന. കോടി—അറ്റം] (ഏറ്റവും ഉയർന്നസ്ഥാനം)

ഉച്ചപദസ്ഥൻ — ഉച്ചപദത്തിൽ സ്ഥിതി ചെയ്യുന്നവൻ [ഉച്ചപദം—ഉന്നതസ്ഥാനം] (സമുന്നതൻ)

ഉച്ചപ്പാട്ട് — ഉച്ചസമയത്തെ പാട്ട് (തീയാട്ട്, യാത്രകളി മുതലായവയിൽ ഉച്ചയ്ക്കുള്ളൊരു ചടങ്ങ്)

ഉച്ചഭാഷിണി — ഉച്ചത്തിൽ ഭാഷണം ചെയ്യാനുള്ള ഉപകരണം (Amplifier)

ഉച്ചാർകാലം — ഉച്ചത്തിൽ ആരൻ നില്ക്കുന്ന കാലം [ആരൻ—കുജൻ] (മകരം രാശിയിൽ കുജൻ ഉച്ചത്തിലെത്തുന്ന സമയം)

ഉച്ചാരിതവാണി — ഉച്ചാരിതമായ വാണി [ഉച്ചാരിതം—ഉച്ചരിക്കപ്പെട്ടത്] (പറഞ്ഞ വാക്ക്)

ഉച്ഛിഷ്ടം — ഉത്+ശിഷ്ടം [ഉത്—അത്യർത്ഥം. ശിഷ്ടം—ബാക്കി] (എച്ചിൽ)

ഉച്ഛ്വാസം — ഉദ്ഗമിക്കുന്ന ശ്വാസം [ഉദ്ഗമിക്കുക — ഉയരുക] (നെടുവീർപ്പ്)

ഉഞ്ഞാറ് — ഞായർ ഉയരുന്ന ദിക്ക് [ഉയർ + ഞായർ. ഞായർ—സൂര്യൻ] (കിഴക്ക്)

ഉടജം — ഉടത്തിൽ നിന്നു ജനിച്ചത് [ഉടം—ഉണക്കില, പുല്ല് മുതലായവ] (പർണ്ണശാല)

ഉടനീളം — ഉടലിന്റെ നീളം [ഉടൽ—ദേഹം] (ഒരാൾപൊക്കം)

ഉടന്തടിചാട്ടം — ഭർത്താവിന്റെ ചിതയിൽ ഭാര്യ ഉടൻ ചാടി മരിക്കുന്ന ആചാരം (സതി)

ഉടയാട — ഉടയിലെ ആട [ഉട—വയറുൾക്കൊള്ളുന്ന അരയുടെ ഭാഗം] (ഉടുവസ്ത്രം)

ഉടവാൾ — ഉടയിലെ വാൾ [ഉട—വയറുൾക്കൊള്ളുന്ന അരയുടെ ഭാഗം] (രാജചിഹ്നമായി അരയിൽ തൂക്കിയിടുന്ന വാൾ)

ഉടപ്പിറപ്പ് — ഉടൻ പിറന്നവൻ [ഉടൻ—കൂടെ] (കൂടെപ്പിറപ്പ്)

ഉടുപുടവ — ഉടുക്കുന്ന പുടവ [പുടവ—വസ്ത്രം] (ഉടുവസ്ത്രം)

ഉഡു — ഉയർന്നു ഗമിക്കുന്നത് (നക്ഷത്രം)

ഉഡുപധരൻ — ഉഡുപനെ ധരിക്കുന്നവൻ [ഉഡുപൻ — ചന്ദ്രൻ] (ശിവൻ)

ഉണക്കച്ചോറ് — ഉണക്കലരികൊണ്ടുള്ള ചോറ് [ഉണക്കലരി — നെല്ല് ഉണക്കിക്കുത്തിയെടുക്കുന്ന അരി] (നിവേദ്യച്ചോറ്)

ഉണ്ണാക്ക് — ഉള്ളിലെ നാക്ക് [ഉൾ+നാക്ക്] (ചെറുനാവ്)

ഉൽക്കണ്ഠ — കണ്ഠം ഉയർത്തിപ്പിടിച്ച അവസ്ഥ [കണ്ഠം — കഴുത്ത്] (താത്പര്യം)

ഉൽക്കർഷം — മുകളിലേക്കു കർഷിക്കുന്നത് [കർഷിക്കുക—വലിക്കുക, വളയ്ക്കുക] (ഉയർച്ച)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉൽക്കോചകൻ — ഉൽക്കോചം വാങ്ങുന്നവൻ [ഉൽക്കോചം — കൈക്കൂലി] (കൈക്കൂലി വാങ്ങുന്നവൻ)

ഉതിയഞ്ചേരലാതൻ — വാനവരമ്പൻ എന്ന ബിരുദമുള്ള ചേര രാജാവ് (ഉതിയൻ ചേരൽ ആതൻ)

ഉത്തമർണ്ണൻ — ഋണവിഷയത്തിൽ ഉത്തമൻ [ഋണം—കടം] (കടംകൊടുക്കുന്നവൻ)

ഉത്തമസാധാരണഘടകം — സാധാരണഘടകങ്ങളിൽ ഉത്തമം (സംഖ്യകളുടെ പൊതുഘടകങ്ങളിൽ ഏറ്റവും വലുത്)

ഉത്തമാംഗം — ഉത്തമമായ അംഗം [ഉത്തമം—ശ്രേഷ്ഠം] (ശിരസ്സ്)

ഉത്തരകായം — ഉത്തരമായ കായം [ഉത്തരം—ശരീരത്തിന്റെ അരയ്ക്കു മേലുള്ള ഭാഗം] (പൂർവ്വകായം)

ഉത്തരക്രിയ — ഉത്തരമായ ക്രിയ [ഉത്തരം—അന്തിമം] (അന്ത്യക്രിയ)

ഉത്തരവാദി — ഉത്തരം വദിക്കേണ്ടവൻ [ഉത്തരം—ചോദ്യത്തിനുള്ള മറുപടി. വദിക്കുക—പറയുക] (മറുപടി പറയേണ്ടവൻ)

ഉത്തരായണം — സൂര്യന്റെ ഉത്തരദിക്കിലേക്കുള്ള അയനം [അയനം—യാത്ര] (മകരം മുതൽ കർക്കടകം വരെ)

ഉത്തരാശാപതി — ഉത്തരാശയുടെ പതി [ഉത്തരാശ — വടക്കുദിക്ക്] (കുബേരൻ)

ഉത്തരീയം — ഉത്തരത്തിൽ ഭവിച്ചത് [ഉത്തരം — ഊർദ്ധ്വദേഹഭാഗം] (മേൽമുണ്ട്)

ഉത്ഥാനദ്വാദശി — മഹാവിഷ്ണു നാലുമാസത്തെ യോഗനിദ്രയ്ക്കു ശേഷം ഉത്ഥാനം ചെയ്യുന്ന ദിവസം [ഉത്ഥാനം ചെയ്യുക—ഉണരുക] (തുലാമാസത്ത ശുക്ലപക്ഷ ദ്വാദശി)

ഉത്പതിഷ്ണു — ഉത്പതിക്കുവാൻ ആഗ്രഹിക്കുന്നവൻ [ഉത്പതിക്കുക—ഉയരുക] (പുരോഗമനേച്ഛു)

ഉത്പലാക്ഷി — ഉത്പലം പോലെ മനോഹരമായ അക്ഷികളോടുകൂടിയവൾ [ഉത്പലം — കരിങ്കൂവളപ്പൂ] (സുന്ദരി)

ഉത്പാദകൻ — ഉത്പാദിപ്പിക്കുന്നവൻ [ഉത്പാദിപ്പിക്കുക — ഉണ്ടാക്കുക] (നിർമ്മാതാവ്)

ഉത്പാദിക — ഉത്പാദിപ്പിക്കുന്നവൾ [ഉത്പാദിപ്പിക്കുക — ജനിപ്പിക്കുക. ഉത്പാദം—ജനനം] (ജനനി)

ഉത്സംഗൻ — ഉത്ക്രാന്തമായ സംഗത്തോടുകൂടിയവൻ [സംഗം—ചേർച്ച] (സംന്യാസി)

ഉത്സ്വനം — ഉച്ചത്തിലുള്ള സ്വനം [ഉത്+സ്വനം. സ്വനം — ശബ്ദം] (ഉയർന്നശബ്ദം)

ഉദകക്രിയ — ഉദകംകൊണ്ടുള്ള ക്രിയ [മരിച്ച ആളെ ഉദ്ദേശിച്ചു ഹിന്ദുക്കൾ ജലം കൊണ്ടു ചെയ്യുന്ന ക്രിയ] (പിതൃതർപ്പണം)

ഉദകകുംഭം — ഉദകത്തിനുള്ള കുംഭം [ഉദകം — ജലം. കുംഭം — പാത്രം] (ജലപാത്രം)

ഉദകശാകം — ഉദകത്തിൽ വളരുന്ന ശാകം [ശാകം — സസ്യം] (ജലസസ്യം)

ഉദകസ്പർശം — ഉദകം കൊണ്ടുള്ള സ്പർശം [ഉദകം—ജലം] (ശരീരത്തിന്റെ വിവിധഭാഗങ്ങളെ ജലം കൊണ്ടുസ്പർശിക്കൽ)

ഉദകാന്തം — ഉദകത്തിന്റെ അന്തം [ഉദകം — ജലം. അന്തം — അവസാനം] (കര)

ഉദകേചരം — ഉദകത്തിൽ ചരിക്കുന്നത് [ഉദകം—ജലം] (ജലജീവി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉദജം — ഉദത്തിൽ ജനിച്ചത് [ഉദം—ജലം] (താമര)

ഉദഞ്ജലി — ഉയർത്തിയ അഞ്ജലിയുമായി നില്ക്കുന്നവൻ [അഞ്ജലി—കൂപ്പിയകൈ] (ഭിക്ഷാർത്ഥി)

ഉദന്തം — ഉദ്ഗതമായ അന്തത്തോടുകൂടിയത് [ഉദ്ഗതം — നിർണ്ണീതം. അന്തം—നിശ്ചയം] (വൃത്താന്തം)

ഉദരസർവ്വസ്വൻ — ഉദരം സർവ്വസ്വമായിക്കരുതുന്നവൻ (തീറ്റ സർവ്വപ്രധാനമായവൻ)

ഉദരാവർത്തം — ഉദരത്തിന്റെ ആവർത്തം [ആവർത്തം — ചുഴി, കുഴി] (പൊക്കിൾ)

ഉദശ്രീത്ത് — ഉദത്താൽ ശ്രയിക്കുന്നത് [ഉദം — വെള്ളം] [ശ്രയിക്കുക—വർദ്ധിക്കുക] (മോർ)

ഉദസ്രം — അസ്രമുയർത്തിക്കൊണ്ട് [അസ്രം—കണ്ണുനീർ] (കരഞ്ഞുകൊണ്ട്)

ഉദാസൻ — ഉദാസം ഉള്ളവൻ [ഉദാസം—വൈരാഗ്യം] (വൈരാഗി)

ഉദംബരം — അംബരത്തെ അതിക്രമിച്ചത് [അംബരം—ആകാശം] (അത്തിമരം)

ഉദ്ഗ്രഥനം — ഒന്നിനുമേൽ ഒന്നായുള്ള ഗ്രഥിക്കൽ [ഗ്രഥിക്കുക—കൂട്ടിക്കെട്ടുക] (ഐക്യം)

ഉദ്ദാലകൻ — വരമ്പു പിളർന്നു എഴുന്നേറ്റവൻ (ധൗമ്യശിഷ്യനായ ആരുണി)

ഉദ്ബാഹു — ഉയർത്തിയ ബാഹുവോടുകൂടിയവൻ [ബാഹു — കൈ] (കൈ ഉയർത്തിയവൻ)

ഉദ്ഭിജം — ഉദ്ഭേദിച്ചു ജനിക്കുന്നത് [ഉദ്ഭേദിക്കുക — മുളക്കുക, പിളർക്കുക] (ചെടി, മരം)

ഉദ്യാനം — ഉദ്യാനം ചെയ്യുന്ന സ്ഥലം [ഉദ്യാനം—ഉത്സാഹത്തോടുകൂടിയ യാത്ര] (പൂന്തോട്ടം)

ഉന്ദുരം — മുഖംകൊണ്ടു ഉന്ദനം ചെയ്യുന്നത് [ഉന്ദനം ചെയ്യുക—മലിനമാക്കുക] (എലി)

ഉന്മൂലനാശം — മൂലത്തോടെയുള്ള നാശം [മൂലം — വേര്] (വേരറുക്കൽ)

ഉല്ലേപിക — ഉല്ലേപനം ചെയ്യാനുള്ളത് [ഉല്ലേപനം—പൂശൽ] (കുഴമ്പ്)

ഉപകനിഷ്ഠിക — കനിഷ്ഠികയുടെ അടുത്തുള്ളത് [കനിഷ്ഠിക—ചെറുവിരൽ] (അണിവിരൽ)

ഉപജപിതാവ് — ഉപജാപം നടത്തുന്നവൻ [ഉപജാപം—ഏഷണി] (നുണയൻ)

ഉപനയനം — ഗുരുസമീപത്തേക്കു ബ്രാഹ്മണബാലനെ നയിക്കുന്ന കർമ്മം [ഉപ—സമീപം; നയിക്കുക—കൊണ്ടുപോവുക] (പൂണൂലിടൽ)

ഉപനിഷത്ത് — ബ്രഹ്മവിദ്യ, സമീപത്തിൽ നിഷദിച്ചു പഠിക്കുന്ന വിദ്യ [ഉപ — സമീപത്ത്, നിഷദിക്കുക—ഇരിക്കുക] (വേദത്തിന്റെ ജ്ഞാനകാണ്ഡം)

ഉപയന്താവ് — ഉപയമനം ചെയ്തവൻ [ഉപയമനം — വിവാഹം] (ഭർത്താവ്)

ഉപരിചരൻ — ഉപരിഭാഗത്തു കൂടി ചരിക്കുന്നവൻ [ഉപരിഭാഗം — മുകൾഭാഗം] (ആകാശചാരി)

ഉപരിപ്ലവം — ഉപരിഭാഗത്തു പ്ലവനം ചെയ്യുന്നത് [ഉപരിഭാഗം—മുകൾഭാഗം] [പ്ലവം—പൊങ്ങിക്കിടക്കൽ] (ഉപരിതലസ്പർശി)

ഉപാധി — ആധിയോടടുത്തു നില്ക്കുന്നത് [ആധി—ദുഃഖം] (ധർമ്മവിചാരം)

ഉപാനത്ത് — ഉപനഹനം ചെയ്യുന്നത് [ഉപനഹനം — വരിഞ്ഞു കെട്ടൽ] (പാദുകം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉപാന്തം — അന്തത്തിന്നടുത്ത് [അന്തം—അറ്റം] (സമീപപ്രദേശം)

ഉപായനം — അടുത്തേക്കുള്ള അയനം [അയനം—യാത്ര] (കാഴ്ച ദ്രവ്യം)

ഉപാസംഗധരൻ — ഉപാസംഗം ധരിച്ചവൻ [ഉപാസംഗം — ആവനാഴി] (വില്ലാളി വീരൻ)

ഉപാസനം — അടുത്തുള്ള ആസനം [ഉപ — അരികിൽ. ആസനം—ഇരിപ്പ്] (ഭോജനം)

ഉപാസനപഞ്ചാംഗം — ഉപാസനയുടെ പഞ്ചാംഗം [ഉപാസന—പൂജ. പഞ്ചാംഗം — അഞ്ചംഗം] (ജപം, ഹോമം, തർപ്പണം, അഭിഷേകം, വിപ്രഭോജനം എന്നിവ)

ഉപാഹിതം — അടുത്ത് അഹിതം സൂചിപ്പിക്കുന്നത് [ഉപ—അടുത്ത്. അഹിതം—അനിഷ്ടം] (ധൂമകേതു)

ഉപാംഗക്രിയ — ഉപാംഗംകൊണ്ടുള്ള ക്രിയ [ഉപാംഗം—മനുഷ്യശരീരത്തിൽ തോളിന്നു മുകളിലുള്ള ഭാഗം] (തല, കണ്ണ്, കൺപോള, പുരികം, മുക്ക്, കവിൾ, അധരം, താടി, കഴുത്ത് ഇവയുടെ ചലന വ്യാപാരങ്ങൾ)

ഉപേക്ഷ — നോക്കേണ്ടിടത്തുനോക്കാതെ മേലോട്ടുള്ള നോട്ടം [ഉപ+ ഈക്ഷ] (അശ്രദ്ധ)

ഉപേന്ദ്രൻ — ഇന്ദ്രനെ ഉപഗമിച്ചവൻ [ഉപഗമിക്കുക—പിന്നാലെവരിക] (വിഷ്ണു)

ഉപ്പളം — ഉപ്പുവെള്ളം കയറ്റി നിറുത്തി വറ്റിച്ച് ഉപ്പു വിളയിക്കുന്ന അളം (ഉപ്പുനിലം)

ഉപ്പ് — ഉവർക്കുന്നത് [ഉവറ് — ഓന്] (ലവണം)

ഉപ്പിലിയപ്പൻ — ഉപ്പുചേർക്കാതെ നിവേദ്യം നൽകുന്ന തിരുവണ്ണാശരം ക്ഷേത്രത്തിലെ അപ്പൻ (കുംഭകോണത്തിനടുത്തു തിരുനാഗേശ്വരത്തെ കോവിലിലെ വിഷ്ണു)

ഉപ്പുമാങ്ങ — തരണിയിൽ വെള്ളമൊഴിച്ചു ഉപ്പുചേർത്തു സൂക്ഷിക്കുന്ന മാങ്ങ (ഉപ്പിലിട്ടത്)

ഉഭയചരം — ഉഭയത്തിലും ചരിക്കുന്നത് [ഉഭയം — രണ്ട്] (കരയിലും വെള്ളത്തിലും ജീവിക്കുന്നത്)

ഉഭയനിശ — ഉഭയമായ നിശ [ഉഭയം—രണ്ട്. നിശ—മഞ്ഞൾ] (മഞ്ഞളും മരമഞ്ഞളും)

ഉഭയഹസ്തദക്ഷൻ — ഉഭയഹസ്തം കൊണ്ടും പ്രവർത്തിക്കാൻ ദക്ഷൻ (സവ്യസാചി)

ഉമ — അമ്മയാൽ തപസ്സുരുതെന്നു നിഷേധിക്കപ്പെട്ടവൾ [ഉ — അല്ല യോ. മാ—അരുത്] (പാർവ്വതി)

ഉമയമ്മറാണി — വേണാടു ഭരിച്ചിരുന്ന ഒരു റാണി (അശ്വതി തിരുനാൾ ആറ്റിങ്ങൾ തമ്പുരാൻ)

ഉമാഗുരു — ഉമയുടെ ഗുരു [ഉമ—പാർവ്വതി. ഗുരു—പിതാവ്] (ഹിമവാൻ)

ഉമാമഹേശ്വരൻ — ഉമയോടുചേർന്ന മഹേശ്വരൻ [ഉമ — പാർവ്വതി] [മഹേശ്വരൻ—ശിവൻ] (അർദ്ധനാരീശ്വരൻ)

ഉമിനീർ — ഉമിയുന്ന നീർ [ഉമിയുക—തുപ്പുക] (തുപ്പൽ)

ഉമ്പർകോൻ — ഉമ്പരുടെ കോൻ [ഉമ്പർ—ദേവന്മാർ. കോൻ—രാജാവ്] (ദേവേന്ദ്രൻ)

ഉയിർപ്പുതിരുനാൾ — ക്രിസ്തു ഉയിർത്തെഴുന്നേല്ക്കുന്നതായി വിശ്വസിച്ചുപോരുന്ന സുദിനം [ഉയിർപ്പ്—വീണ്ടും ജീവിക്കൽ] (ഈസ്റ്റർ)

ഉരഗം — ഉരസ്സുകൊണ്ടു ഗമിക്കുന്നത് [ഉരസ്സ്—നെഞ്ച്] (പാമ്പ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉരഃക്ഷതം — ഉരഃസ്സിൽ നിന്നു ക്ഷതമേറ്റവൾ [ക്ഷതം—മുറിവ്] (പാമ്പുകടിയേറ്റവൾ)

ഉരഗധ്വജൻ — ഉരഗം കൊടിയടയാളമായവൻ [ധ്വജം — കൊടിയടയാളം] (ദുര്യോധനൻ)

ഉരഗഭൂഷണൻ — ഉരഗം ഭൂഷണമായുള്ളവൻ [ഭൂഷണം — ആഭരണം] (ശിവൻ)

ഉരഗരാജൻ — ഉരഗങ്ങളുടെ നായകൻ [ഉരഗം—പാമ്പ്] (അനന്തസർപ്പം)

ഉരഗശത്രു — ഉരഗങ്ങളുടെ ശത്രു [ഉരഗം—പാമ്പ്] (ഗരുഡൻ)

ഉരഗശായീ — ഉരഗത്തിന്മേൽ ശയിക്കുന്നവൻ [ഉരഗം—പാമ്പ്] (മഹാവിഷ്ണു)

ഉരഗാശൻ — ഉരഗങ്ങളെ അശിക്കുന്നവൻ [അശിക്കുക — ഭക്ഷിക്കുക] (ഗരുഡൻ)

ഉരച്ഛദം — ഉരസ്സിനെ ഛാദനം ചെയ്യുന്നത് [ഉരസ്സ് — നെഞ്ച്. ഛാദനം ചെയ്യുക—മറക്കുക] (കുപ്പായം)

ഉരസിജം — ഉരസ്സിൽ ജനിക്കുന്നത് [ഉരസ്സ്—നെഞ്ച്] (മുല)

ഉരസ്ത്രാണം — ഉരസ്സിനെ ത്രാണം ചെയ്യുന്നത് [ഉരസ്സ്—നെഞ്ച്. ത്രാണം—രക്ഷ] (കവചം)

ഉരിയാടുക — തമിഴിലെ ഉരൈ ആടുതലിൽ നിന്നുണ്ടായത് (മിണ്ടുക. വർത്തമാനം പറയുക)

ഉരുളികമഴ്ത്തു — മണ്ണാർശാലിലെ നാഗാരാധനാസ്ഥലത്തു സന്താനലാഭേച്ഛുക്കൾ നടത്തുന്ന വഴിപാട് (ഹരിപ്പാടിനടുത്തുള്ള ഇല്ലത്തു ചെന്നു വലിയമ്മയുടെ സന്നിധിയിൽ തൊഴുതു ക്ഷേത്രത്തിൽ ഉരുളി കമഴ്ത്തുന്ന ചടങ്ങ്)

ഉർവശി — ഉരുക്കളെപ്പോലും വശീകരിക്കുന്നവൾ [ഉരുക്കൾ — മഹാന്മാർ] (സ്വർഗ്ഗസുന്ദരി)

ഉർവശി ശാപം ഉപകാരം — ആപത്തു അനുഗ്രഹമായിത്തീരുക എന്ന അർത്ഥത്തിലുള്ള ശൈലി

ഉർവീധവൻ — ഉർവിയുടെ ധവൻ [ഉർവി—ഭൂമി] (രാജാവ്)

ഉലക്ക — ഉലക്കുന്നത് [ഉലക്കുക—വേറൊന്നിന്റെ ഊക്കുകൊണ്ടു ഇളക്കുക] (നെല്ലു കുത്തുന്നതിനുള്ള ഉപകരണം)

ഉവർക്കാലി — ഉവർവെള്ളത്തിൽ കിടക്കുന്ന കാലി [ഉവർവെള്ളം—ഉപ്പുവെള്ളം] (ഓർക്കാലി)

ഉശീനരൻ — ഉശീനരത്തിലെ രാജാവ് (ശിബിയുടെ പിതാവ്)

ഉഷസ്സ് — അന്ധകാരം നീങ്ങുന്ന കാലം [ഓഷതി—നാശയത്യന്ധകാരം] (പ്രഭാതം)

ഉഷർബുധൻ — ഉഷസ്സിൽ ഉണരുന്നവൻ [ഉഷസ്സ് — പ്രഭാതം] (അഗ്നി)

ഉഷാകാന്തൻ — ഉഷയുടെ കാന്തൻ [ഉഷ — ബാണാസുരന്റെ മകൾ] (അനിരുദ്ധൻ)

ഉഷ്ണം — ചുട്ടുനീറുന്ന അവസ്ഥ [ഉഷ ദാഹേ] (ചൂട്)

ഉഷ്ണകരൻ — ചുട്ടുനീറുന്ന രശ്മികളോടുകൂടിയവൻ [കരം — രശ്മി] (സൂര്യൻ)

ഉഷ്ണഗു — ഉഷ്ണമായ ഗോക്കൾ ഉള്ളവൻ [ഗോക്കൾ—രശ്മികൾ]

ഉഷ്ണാംശു — ഉഷ്ണമായ അംശുക്കളോടുകൂടിയവൻ [അംശു—രശ്മി] (സൂര്യൻ)

ഉഷ്ണീഷം — ഉഷ്ണത്തെ ഈഷണം ചെയ്യുന്നത് [ഈഷണം ചെയ്യുക—തടുക്കുക] (തലപ്പാവ്)

ഉൾക്കുടിയാൻ — ഒരുസ്ഥലത്തു താമസിച്ചു കൃഷിചെയ്തു മുഴുവൻ വാരവും പറ്റുന്ന കൃഷിക്കാരൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉഴലൂർ — ഊരിൽ ഉഴലുന്ന നില (കഷ്ടപ്പാട്)

ഉഴവർ — നിലം ഉഴുതു മറിക്കുന്നവർ [പത്തുപ്പാട്ടിൽ കാണുന്ന ഏഴു ജാതികളിലൊന്ന്] (കൃഷിപ്പണിക്കാർ)

ഉറിയടി — ശ്രീകൃഷ്ണജയന്തിക്കു പാലും തൈരും നിറച്ച ഉറി അടിച്ചുപൊട്ടിക്കുന്ന ചടങ്ങ് (ഒരു ഹൈന്ദവ വിനോദം)

ഊ

ഊട്ടുകമണ്ട് — ഒറ്റക്കൽമണ്ട് [ഒറ്റക്കൽ—തോഡന്മാർ വീട്ടിന്നരികിൽ സ്ഥാപിച്ചിരുന്ന ഒറ്റക്കൽ. മണ്ട്—ഗ്രാമതലം] (ഊട്ടി)

ഊട്ടുപുര — ഉത്സവകാലത്തു ബ്രാഹ്മണർക്കു ഊട്ടുനൽകിയിരുന്ന പുര

ഊഢ — വഹിക്കപ്പെട്ടവൾ (വിവാഹിത)

ഊഢകക്കടൻ — ഊഢമായ കക്കടത്തോടുകൂടിയവൻ [കക്കടം—കവചം] (കവചധാരി)

ഊണൻ — സദ്യയുണ്ണാൻ നടക്കുന്നവൻ (ഊണി)

ഊനവിംശതി — വിംശതിയിൽ കുറവ് [വിംശതി — ഇരുപത്] (പത്തൊൻപത്)

ഊനാതിരേകം — ഊനവും അതിരേകവും [ഊനം—കുറവ്. അതിരേകം—അധികം] (ഏറ്റക്കുറച്ചിൽ)

ഊമ — ഊം എന്നുമാത്രം ഉച്ചരിക്കുന്നവൻ (മൂകൻ)

ഊരമ്മ — ഊരിലെ അമ്മ (ഗ്രാമദേവത)

ഊരവ്യൻ — ബ്രഹ്മാവിന്റെ ഊരുവിൽനിന്നു ജനിച്ചവൻ [ഊരു—തുട] (വൈശ്യൻ)

ഊരാളൻ — ഊരിനെ ആളുന്നവൻ [ഊര്—നഗരം. ആളുക—ഭരിക്കുക] (ബ്രഹ്മസ്വം കൈയടക്കി കൈകാര്യം ചെയ്യുന്നവൻ)

ഊരുജൻ — ഊരുവിൽ നിന്നു ജനിച്ചവൻ [ഊരു—തുട] (ഭൃഗുവംശത്തിലെ ഒൗർവ്വൻ)

ഊരുമൂലം — ഊരുവിന്റെ മൂലം [ഊരു—തുട] (ഗുഹ്യസ്ഥാനം)

ഊരുസ്തംഭം — ഊരുവിന്റെ വണ്ണത്തിൽ സ്തംഭം പോലുള്ളത്. [ഊരു—തുട] (വാഴ)

ഊർണ്ണവസ്ത്രം — ഊർണ്ണം കൊണ്ടുള്ള വസ്ത്രം [ഊർണ്ണം—രോമം] (കമ്പിളിവസ്ത്രം)

ഊർദ്ധ്വകായം — കായത്തിന്റെ ഊർദ്ധ്വഭാഗം [കായം—ശരീരം ഊർദ്ധ്വഭാഗം—മേൽഭാഗം] (ശരീരത്തിന്റെ മേൽഭാഗം)

ഊർദ്ധ്വദൃഷ്ടി — ഊർദ്ധ്വമായ ദൃഷ്ടിയോടുകൂടിയവൻ (ഉത്കർഷേച്ഛു)

ഊർദ്ധ്വലോകം — ഊർദ്ധ്വമായ ലോകം [ഊർദ്ധ്വം — ഉപരിസ്ഥലം] (സ്വർഗ്ഗം)

ഊർമ്മിമാലി — ഊർമ്മികളുടെ മാലകളോടുകൂടിയത് [ഊർമ്മി—തിര] (സമുദ്രം)

ഊഷ്മണത്രയം — ഊഷ്മണത്തിനുതകുന്ന ത്രയം [ഊഷ്മണം — ദഹനം] (ചുക്കു, മുളകു, തിപ്പല്ലി)

ഊഷ്മമാപിനി — ഊഷ്മാവിനെ മാപനം ചെയ്യുന്നത് [ഊഷ്മാവ്—ചൂട്. മാപനം ചെയ്യുക—അളക്കുക] (Thermometer)

ഊഷ്മാക്കൾ — ശ്, ഷ്, സ്, ഹ് എന്ന വർണ്ണങ്ങൾ (മദ്ധ്യമലയാളഘട്ടത്തോടെ സംസ്കൃതത്തിൽ നിന്നും സ്വീകരിച്ച ലിപികൾ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഊഷ്മാഗമം — ഊഷ്മാവിന്റെ ആഗമം (ഗ്രീഷ്മകാലം)

ഊഹാപോഹം — ഊഹവും അപോഹവും [ഊഹം—സംശയം. അപോഹം — നിർണ്ണയം] (വിചാരിക്കലും തീരുമാനിക്കലും)

ഊളൻ — ഊളയിടുന്നവൻ (കുറുക്കൻ)

ഊഴി — ഉഴുതുമറിക്കുന്നത് (ഭൂമി)

ഊറ്റുവെള്ളം — ഊറിയൂറിവരുന്ന വെള്ളം [ഊറ്റ്—ഉറവ്] (ഉറവുവെള്ളം)

ഋ

ഋക്ഥം — പ്രസിദ്ധിയെ ഉണ്ടാക്കുന്നത് (ധനം)

ഋക്ഷനാഥൻ — ഋക്ഷങ്ങളുടെ നാഥൻ [ഋക്ഷം—നക്ഷത്രം] (ചന്ദ്രൻ)

ഋക്ഷൗഘം — ഋക്ഷങ്ങളുടെ ഓഘം [ഋക്ഷം — നക്ഷത്രം. ഓഘം—കൂട്ടം] (നക്ഷത്രസമൂഹം)

ഋഗ്വേദം — ദേവന്മാരെ സ്തുതിക്കുന്നത് [ഋച—സ്തുതൗ] (പ്രഥമവേദം)

ഋഗ്വേദമന്ത്ര കർത്താക്കൾ — ഋഗ്വേദ മന്ത്രം ഉണ്ടാക്കിയ ഋഷിമാർ (അഷ്ടകൻ, വാമദേവൻ, വിശ്വാമിത്രൻ, ജമദഗ്നി, ഭരദ്വാജൻ, വസിഷ്ഠൻ, കാശ്യപൻ, ഭൃഗു എന്നിവർ)

ഋഗ്വേദി — ഋഗ്വേദം പഠിച്ചവൻ (ബ്രാഹ്മണൻ)

ഋച്ഛ്രാ — പരപുരുഷനെ പ്രാപിക്കുന്നവൾ [ഋച്ഛതി — പരപുരുഷം പ്രാപ്നോതി] (വേശ്യ)

ഋജുഗം — ഋജുവായി ഗമിക്കുന്നത് [ഋജു—നേരെ] (ശരം)

ഋണത്രയം — ഋണങ്ങളുടെ ത്രയം [ഋണം — കടം] (ഋഷി, ദേവൻ, പിതാവ് എന്നിവർക്കുള്ള കടം. ബ്രഹ്മചര്യം കൊണ്ടു ഋഷികളുടെയും യാഗം കൊണ്ടു ദേവന്മാരുടെയും പുത്രോത്പാദനംകൊണ്ടു പിതൃക്കളുടെയും കടം തീർക്കണം)

ഋണം — കുറേ കഴിയുമ്പോൾ കൊടുത്തവന്റെ കൈയിൽത്തന്നെ മടങ്ങിവരുന്നത് [ഋ ഗതൗ] (കടം)

ഋണാദാനം — ഋണത്തിന്റെ ആദാനം [ആദാനം — ഗ്രഹണം] (കടംവാങ്ങൽ)

ഋണാർണ്ണം — ഋണം തീർക്കാനായി വാങ്ങിയ ഋണം (കടം വീട്ടാൻ വാങ്ങിയ കടം)

ഋതധാമാ — ഋതത്തിന്റെ ധാമാവ് [ഋതം—സത്യം. ധാമാവ്—ഇരിപ്പിടം] (വിഷ്ണു)

ഋതവാദി — ഋതം മാത്രം വദിക്കുന്നവൻ [ഋതം—സത്യം. വദിക്കുക—പറയുക] (സത്യം പറയുന്നവൻ)

ഋതു — [ഋഗതൗ] ഗമിച്ചുകൊണ്ടിരിക്കുന്നത് (വസന്തം, ഗ്രീഷ്മം, വർഷം, ശരത്ത്, ഹേമന്തം, ശിശിരം)

ഋതുരാജൻ — ഋതുക്കളുടെ രാജൻ [ഋതു—വസന്താദികൾ] (വസന്തം)

ഋത്വിക് — ഋതുവിങ്കൽ യജ്ഞിക്കുന്നവൻ [ഋതു—കാലം] (അതാതുകാലത്തു യാഗം നടത്തുന്നവൻ)

ഋഭുക്ഷൻ — ഋഭുക്ഷത്തിൽ ഇരിക്കുന്നവൻ [ഋഭുക്ഷം—സ്വർഗ്ഗം] (ഇന്ദ്രൻ)

ഋഷഭധ്വജൻ — ഋഷഭം ധ്വജമായുള്ളവൻ [ഋഷഭം—കാള. ധ്വജം—കൊടിയടയാളം] (ശിവൻ)

ഋഷഭം — വേഗത്തിൽ ഗമിക്കുന്നത് [ഋഗതൗ] (കാള)

ഋഷി — തപോനിഷ്ഠയിലിരിക്കവേ പ്രകാശരൂപമായുദിച്ചവേദത്തെ പ്രാപിച്ചവൻ [അർഷിക്കുക—പ്രാപിക്കുക] (ആത്മജ്ഞാനി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദൃശ്യമൂകം — ദൃശ്യങ്ങൾ മൂകങ്ങളായുള്ള സ്ഥലം [ദൃശ്യങ്ങൾ — മൃഗങ്ങൾ] (ദൃശ്യമൂകപർവ്വതം)

ഏ

എച്ചിൽനക്കി — എച്ചിൽ നക്കുന്നവൻ (ഈപ്പാളി)

എട്ടങ്ങാടി — അങ്ങാടിയിൽനിന്നു വാങ്ങിക്കുന്ന എട്ടു സാധനം കൊണ്ടുള്ള നിവേദ്യം [കാച്ചിൽ, കൂർക്ക, കാട്ടുചേമ്പ്, ചേന, ചേമ്പു, ചെറുകിഴങ്ങ്, എന്നീ കിഴങ്ങുകളും വാഴയ്ക്കയും പയറും ചുട്ടെടുത്ത നാളികേരം ചേർത്തുണ്ടാക്കുന്ന സാധനം] (ശിവപാർവ്വതിമാർക്കു തിരുവാതിരയ്ക്കുള്ള നിവേദ്യം)

എട്ടുത്തൊകൈ — എട്ടുപ്രാചീന തമിഴ്കൃതികൾ (പുറനാനൂറ്, അകനാനൂറ്, പതിറ്റുപ്പത്ത്, ഐങ്കുറുനൂറ്, കുറുന്തൊകൈ, കലിത്തൊകൈ, നറ്റിണൈ, പരിപാടൽ)

എട്ടുവീടർ — വേണാട്ടിൽ പതിനേഴാം നൂറ്റാണ്ടിൽ സ്വാധീനം ചെലുത്തിയിരുന്ന എട്ടുനായർ പ്രമുഖകുടുംബങ്ങൾ (കഴക്കൂട്ടം, കുളത്തൂർ, കൊടുമൺ, ചെമ്പഴന്തി, പള്ളിച്ചൽ, വെങ്ങാനൂർ, രാമനാമഠം, മാർത്താണ്ഡമഠം എന്നു എട്ടുവീട്ടിൽ പിള്ളമാർ)

എണ്ണ — എള്ളിൽ നിന്നു കിട്ടുന്നൈ. [എൾ + നൈ = എള്ളൈ] (തൈലം)

എണ്ണച്ചെടികൾ — വിത്തിനുള്ളിലുള്ള പരിപ്പിൽ എണ്ണയടങ്ങിയിട്ടുള്ള ചെടികൾ (ആവണക്ക്, നിലക്കടല മുതലായവ)

എണ്ണീർ — എള്ളും നീരും [എൾ+നീർ] (തിലോദകം)

എമ്പ്രാൻ — എൻ പെരുമാൻ (തുളുനാടൻ ബ്രാഹ്മണൻ)

എലുകക്കല്ല് — എലുകയിലുള്ള കല്ല് [എലുക — അതിര്] (അതിർത്തി കാണിക്കുന്ന കല്ല്)

എലുമ്പൻ — മെലിഞ്ഞതുകൊണ്ടു എലുമ്പുകൾ കാണുന്നവൻ [എലുമ്പ്–എല്ല്] (അസ്ഥിശേഷൻ)

എഴുത്താണി — പനയോലയിലും ലോഹത്തകിടുകളിലും എഴുതാൻ ഉപയോഗിച്ചിരുന്ന ലോഹനിർമ്മിതമായ ആണി (നാരായം)

എഴുത്തിനിരുത്ത് — അഞ്ചുവയസ്സുള്ള കുട്ടിയെ ഗുരുവിന്റെ മടിയിലോ സമീപത്തോ ഇരുത്തി അക്ഷരവിദ്യ ശീലിപ്പിച്ചു തുടങ്ങൽ (വിദ്യാരംഭം)

എഴുത്തുപള്ളി — ബുദ്ധമതപ്രചാരകാലത്തു ദേവാലയത്തോടുതൊട്ടു എഴുത്തും വായനയും പഠിപ്പിക്കാൻ ഉണ്ടാക്കിയിരുന്ന പള്ളി (വിദ്യാലയം)

എറണാകുളം — ഇരണ്ടിയിൽ എന്ന പേര് ലോപിച്ചുണ്ടായ സ്ഥലനാമം [ഇരണം — വെള്ളം കേറുന്ന സ്ഥലം]

ഏ

ഏകചാരിണി — ഏകനോടൊപ്പം ചരിക്കുന്നവൾ [ഏകൻ — ഒരേ ഒരാൾ] (പതിവ്രത)

ഏകചിത്തൻ — ഏകമായ ചിത്തത്തോടുകൂടിയവൻ (ഒരേയൊരു കാര്യം ശ്രദ്ധിക്കുന്നവൻ)

ഏകച്ഛത്രാധിപതി — ഭൂമിയെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നവൻ [ഛത്രം–കുട] (ചക്രവർത്തി)

ഏകദന്തൻ — ഏകമായ ദന്തത്തോടുകൂടിയവൻ [ദന്തം — കൊമ്പ്] (ഒറ്റക്കൊമ്പൻ, ഗണപതി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏകധുരീണൻ — ഏകധുരിനെ വഹിക്കുന്നവൻ [ഏകധുർ—ഒരു ഭാരം] (ഭാരവാഹി)

ഏകപത്നീത്വം — ഒരു പുരുഷന്ന് ഒരു ഭാര്യ മാത്രമേ ആകാവൂ എന്ന നിഷ്ഠ.

ഏകരദനൻ — ഏകമായ രദനത്തോടുകൂടിയവൻ [രദനം — പല്ല്. കൊമ്പ്] (ഗണപതി)

ഏകലോചനം — ഒരേസമയത്ത് ഓരോകണ്ണിലും ഓരോഭാവം പ്രകടിപ്പിക്കൽ (കഥകളിയിലെ ഒരഭിനയസങ്കേതം)

ഏകവിംശതി — വിംശതിയോടുകൂടിയ ഏകം [വിംശതി — ഇരുപത്] (ഇരുപത്തിയൊന്ന്)

ഏകാക്ഷൻ — ഏകമായ അക്ഷിയോടുകൂടിയവൻ [അക്ഷി — മിഴി] (ഒറ്റക്കണ്ണൻ)

ഏകാപത്യൻ — ഏകമായ അപത്യത്തോടുകൂടിയവൻ [അപത്യം—സന്താനം] (ഒരുമകൻ മാത്രമുള്ളവൻ)

ഏകായനൻ — ഏകമായ അയനത്തോടുകൂടിയവൻ [അയനം—വിഷയം] (ഏകാഗ്രൻ)

ഏകാങ്കനാടകം — ഒരങ്കം മാത്രമുള്ള നാടകം (one act play)

ഏകാന്തരം — ഏകമായ അന്തരത്തോടു കൂടിയത് [അന്തരം—ഇട] (ഒന്നിടവിട്ടത്)

ഏണനയന — ഏണത്തിന്റെ നയനം പോലെ നീണ്ടഴകാർന്ന നയനത്തോടുകൂടിയവൾ [ഏണം—കൃഷ്ണമൃഗം] (സുന്ദരി)

ഏണലാഞ്ഛനൻ — ഏണത്തിന്നു തുല്യമായ ലാഞ്ഛനം ഉള്ളവൻ [ഏണം—മാൻ. ലാഞ്ഛനം — അടയാളം] (ചന്ദ്രൻ)

ഏണം — വേഗത്തിൽ ഓടുന്നത് [ഏതി—ദ്രുതം ഗച്ഛതി] (മാൻ)

ഏണാങ്കചൂഡൻ — ഏണാങ്കൻ ചൂഡയിൽ ഉള്ളവൻ [ഏണാങ്കൻ—ചന്ദ്രൻ. ചൂഡ — തല] (ചന്ദ്രശേഖരൻ)

ഏണാജിനം — ഏണത്തിന്റെ അജിനം [ഏണം — മാൻ. അജിനം — തോൽ] (മാനിന്റെ തോൽ)

ഏത്തവാഴ — ഏത്തം വെച്ചു നനക്കുന്ന വാഴ (നേന്ത്രവാഴ)

ഏഷണത്രയം — ഏഷണകളുടെ ത്രയം [ഏഷണ—ഇച്ഛ] (പുത്രൈഷണ, വിത്തൈഷണ, ദാരൈഷണ)

ഏഷിക — ഏഴുതുമ്പോൾ നീങ്ങിക്കൊണ്ടിരിക്കുന്നത് [ഇഷഗതൗ] (തൂവൽ)

ഏറാൾപ്പാട് — ഏനൊട് + ഇളം കൂറ് + നമ്പിയാതിരി + തിരുമുൽപ്പാട് എന്നീ പദങ്ങൾ ചേർന്നുണ്ടായത് (സാമൂതിരിയുടെ രണ്ടാംസ്ഥാനി)

ഏഴരശ്ശനി — ഏഴരവർഷം നീണ്ടുനില്ക്കുന്ന ശനിദശ (ജ്യോതിഷസിദ്ധാന്തമനുസരിച്ചു ക്ലേശം നിറഞ്ഞ കാലഘട്ടം)

ഏഴിപ്പെരുമാൾ — ഏഴിരാജ്യത്തിലെ പെരുമാൾ [ഏഴി — കോലസ്വരൂപം] (കോലത്തിരി)

ഏഴിമല — ഏഴിൽ മല [ഏഴിൽ—ഉയർന്ന] (കണ്ണൂർനഗരത്തിൽനിന്നു 25 കിലോ മീറ്റർ വടക്കു കടൽക്കരയിലുള്ള മലനിര)

ഏഴിമല രാജാക്കന്മാർ — ഏഴിൽമലൈ തലസ്ഥാനമാക്കി ഭരണം നടത്തിയ രാജാക്കന്മാർ [ഏഴിൽമലൈ — ഉയർന്നമല] (എലിമലയെന്നോ ഏഴൂമലയെന്നോ ആവണം രാജ്യനാമമെന്നുകരുതി 'മൂഷികവംശ'മെന്നും സപ്തശൈലമെന്നും സംസ്കൃതത്തിൽ പ്രയോഗമുണ്ട്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഏഴിലമ്പാല — ഏഴിലകളുള്ള ഞെട്ടുകളോടു കൂടിയ പാല (ഒരു വൃക്ഷം)

ഏറ്റുമാനൂർ — ഏറ്റുവാൻ താമസിക്കുന്ന ഊർ [ഏറ്റുവാൻ—പനകയറുന്നവൻ] (സിംഹളദേശീയനായ ഖരൻ എന്ന ശിവഭക്തൻ സ്ഥാപിച്ചതാണ് ഏറ്റുമാനൂർ ക്ഷേത്രമെന്നാണ് കേട്ടുകേൾവി)

ഐ

ഐകാഹികം — ഏകാഹംസം ബന്ധിച്ച [ഏകാഹം—ഒരു ദിവസം] (ഒരു ദിവസം നില്ക്കുന്ന)

ഐക്ഷവം — ഇക്ഷുവിൽ നിന്നുണ്ടാവുന്നത് [ഇക്ഷു—കരിമ്പ്] (പഞ്ചസാര)

ഐങ്കണ — അഞ്ചു കണ [കണ—ശരം] (കാമബാണങ്ങൾ)

ഐങ്കോലം — പുലയരുടെ ഇടയിൽ കെട്ടിയാടുന്ന അഞ്ചുകോലം (ചോതിയാൻ, ചോതിച്ചി, മാപ്പിള, മാവിലത്തി, ചുടല എന്നിവ)

ഐച്ഛികം — ഇച്ഛയ്ക്കൊത്തത് [ഇച്ഛ—ആഗ്രഹം] (വൈകല്പികം)

ഐഡൻ — ഇഡയുടെ പുത്രൻ (പുരൂരവസ്സ്)

ഐണികൻ — ഏണത്തെ ഹനിക്കുന്നവൻ [ഹനിക്കുക — കൊല്ലുക] (ഏണഹന്താവ്)

ഐതരേയം — മഹിദാസ ഐതരേയൻ വെളിപ്പെടുത്തിയ ഉപനിഷത്ത് (ഋഗ്വേദത്തിലെ ഐതരേയാരണ്യകത്തിന്റെ ഒരു ഭാഗം)

ഐതരേയൻ — ഇതര എന്ന ശൂദ്രസ്ത്രീയിൽ വിശാലൻ എന്ന മുനിക്കുണ്ടായ പുത്രൻ (പ്രാചീനഭാരതത്തിലെ ഒരു വേദപണ്ഡിതൻ)

ഐതിഹ്യം — ഇതിഹത്തിൽ ഭവിച്ചത് [ഇതി — ഇങ്ങനെ. ഹ — പ്രസിദ്ധം] (കേട്ടുകേട്ടങ്ങനെ പ്രസിദ്ധമായത്)

ഐന്താർ ബാണൻ — അഞ്ചുതാർ ബാണമായി ഉള്ളവൻ [താർ—പുഷ്പം. ബാണം — ശരം] (പുഷ്പബാണൻ)

ഐന്ദ്രജാലികൻ — ഇന്ദ്രജാലം അറിയുന്നവൻ (മായാവി)

ഐന്ദ്രൻ — ഇന്ദ്രന്റെ മകൻ (ജയന്തൻ)

ഐന്ദ്രിയസുഖം — ഐന്ദ്രിയമായ സുഖം [ഐന്ദ്രിയം—ഇന്ദ്രിയപരം] (ബാഹ്യസുഖം)

ഐമ്പെരുങ്കാപ്പിയം — അഞ്ചു പെരുങ്കാപ്പിയം [പെരുങ്കാപ്പിയം—പെരിയകാവ്യം] (കുണ്ഡലകേശി, ചിന്താമണി, ചിലപ്പതികാരം, മണിമേഖല, വളയാവതി)

ഐരാവതം — ഇരാവാനിൽ നിന്നുണ്ടായത് [ഇരാവാൻ — സമുദ്രം] (ഇന്ദ്രന്റെ ആന)

ഐരാവതി — ഇരാവാനിൽ നിന്നുണ്ടായ [ഇരാവാൻ — മേഘം] (മിന്നൽ)

ഐലവിലൻ — ഇളവിളയുടെ മകൻ (കുബേരൻ)

ഐവർകളി — ഐവരുടെ ജീവിതകഥ നിഴലിക്കുന്ന കളി [ഐവർ—പാണ്ഡവന്മാർ]

ഐവിരൽ — അഞ്ചുവിരൽ പോലെയുള്ള നക്ഷത്രസമൂഹം (അത്തം)

ഐശ്വര്യം — ഈശ്വരന്റെ ഭാവം (പ്രഭുത്വം)

ഐഹികാനന്ദം — ഐഹികമായ ആനന്ദം [ഐഹികം — ഇഹലോകത്തെ സംബന്ധിച്ച] (ഇഹലോകസുഖം)

ഐളർ — ഇളയിൽ സംഭവിച്ചവർ [ഇള—ഭൂമി] (മനുഷ്യർ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഐക്യരാഷ്ട്രസംഘടന — ഐക്യരാഷ്ട്രങ്ങളുടെ സംഘടന [ഐക്യരാഷ്ട്രങ്ങൾ–രണ്ടാംലോകയുദ്ധത്തിൽ അച്ചുതണ്ട് ശക്തികൾക്കെതിരെ പൊരുതിയ സഖ്യരാജ്യങ്ങൾ] (1945 ഒക്ടോബർ 24ന്നു നിലവിൽ വന്ന സംഘടന)

ഒ

ഒക്ടോബർ വിപ്ലവം — ലെനിന്റെ നേതൃത്വത്തിൽ 1917 നവംബർ 7–ാം തിയ്യതി റഷ്യയിൽ നടന്ന വിപ്ലവം (365 1/4 ദിവസം=ഒരാണ്ട് എന്നുള്ള ജൂലിയൻ സമ്പ്രദായത്തിലെ പോരായ്മ പരിഹരിക്കാൻ 1582–ൽ പോപ്പ് ഗ്രിഗറി 10 ദിവസം വിട്ടു തിയ്യതി കണക്കുകൂട്ടാൻ കല്പിച്ചു. റഷ്യ 1918 വരെ ജൂലിയൻ സമ്പ്രദായമാണ് തുടർന്നു വന്നത്. അതിനാലാണ് പിന്നീടുപറയുമ്പോൾ നവംബറിൽ നടന്ന വിപ്ലവത്തിന്നു ഒക്ടോബർ വിപ്ലവം എന്ന പേർ വന്നത്)

ഒടിയൻ — ഒടി നടത്തുന്നവൻ [ഒടി – ഒരു ക്ഷുദ്രപ്രവൃത്തി] (ക്ഷുദ്രം ചെയ്യുന്നവൻ)

ഒരിക്കലൂൺ — ദിവസം ഒരിക്കൽ മാത്രം ഉണ്ണുക എന്ന വ്രതം [ഒരിക്കൽ–ഒരുനേരം]

ഒലന്തക്കാർ — ഹോളണ്ടു രാജ്യക്കാർ (ലന്തക്കാർ, ഡച്ചുകാർ)

ഒളിവാതിൽ — കോട്ടകളിലും മറ്റും ആപൽഘട്ടങ്ങളിൽ ഒളിച്ചോടാൻ ഉണ്ടാക്കിയിട്ടുള്ള വാതിൽ (അന്തർദ്വാരം)

ഒഴിമുറി — വയലും പറമ്പും മറ്റും ഉടമയെ തിരിയെ ഏല്പിക്കുമ്പോൾ എഴുതിവാങ്ങുന്ന പ്രമാണം (ഒഴിവുമുറി)

ഒറ്റക്കൊമ്പൻ — ഒറ്റക്കൊമ്പുള്ള ആന (ഗണപതി)

ഒറ്റശ്ലോകങ്ങൾ — അർത്ഥത്തിലും വാക്യഘടനയിലും സ്വയം പൂർണ്ണമായ ശ്ലോകം (മുക്തകം)

ഒറ്റുകാരൻ — ഒറ്റിക്കൊടുക്കുന്നവൻ [ഒറ്റിക്കൊടുക്കുക–ഗൂഢമായി വിവരം നൽകുക] (ചാരൻ)

ഓ

ഓം — ഓങ്കാരം [അവതി – രക്ഷതി] (പ്രണവമന്ത്രം)

ഓക്കാനം — തമിഴിലെ ഓക്കാളത്തിന്റെ രൂപഭേദം (ഛർദ്ദി)

ഓടക്കുഴൽ — ഓടകൊണ്ടുള്ള കുഴൽ [ഓട – തൃണവർഗ്ഗത്തിൽപ്പെട്ട ചെടി–അതിന്റെ കമ്പിൽ സുഷിരമുണ്ടാക്കിയ കുഴൽ] (ഒരു സംഗീതോപകരണം)

ഓടനാട് — ഓടങ്ങളുടെ നാട് [ഒരുതരം വള്ളങ്ങൾ ധാരാളമായി ഉപയോഗിച്ചിരുന്ന നാട്] (ഇപ്പോഴത്തെ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, മാവേലിക്കരത്താലൂക്കുകൾ ചേർന്ന ഭാഗം)

ഓട്ടൻതുള്ളൽ — മൂന്നുവിധത്തിലുള്ള തുള്ളലുകളിൽ ഒന്ന്

ഓട്ടാളൻ — ഓടുന്നവൻ (ദൂതൻ)

ഓണത്തപ്പൻ — കേരളീയർ ഓണക്കാലത്ത് ആരാധിക്കുന്ന അപ്പൻ (മഹാബലി)

ഓണത്തല്ല് — ഓണക്കാലത്തു കേരളത്തിന്റെ ചിലഭാഗങ്ങളിലുള്ളവർ രണ്ടുചേരിയായി നിന്നു നടത്തുന്ന തല്ല് (ആയോധനപ്രധാനമായ നാടൻ വിനോദം)

ഓതിക്കോൻ — ഓതികളിൽവെച്ചുകോൻ [ഓതി–വേദം ഉരുക്കഴിക്കു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നവൻ. കോൻ – പ്രമാണി] (പുരോഹിതൻ)

ഓത്തൻ – ഓത്തുപഠിച്ചവൻ [ഓത്ത് – വേദം ചൊല്ലൽ] (ബ്രാഹ്മണൻ)

ഓമപ്പൊടി – ഓമം ചേർത്ത കടലപ്പൊടി കൊണ്ടുണ്ടാക്കുന്ന പലഹാരം [ഓമം–അയമോദകം]

ഓമയ്ക്ക – ഓമയുടെ കായ [ഓമ–കപ്പ] (പപ്പായം)

ഓർകാലി – ഓരുള്ളിടത്തു കിടക്കുന്നകാലി [ഓർ–ഉപ്പുരസം] (എരുമ)

ഓല – ഏകബീജപത്രികളുടെ ഇല (പന, തെങ്ങ്, നെല്ല് തുടങ്ങിയവയുടെ ഇല)

ഓലക്കുട – പനയോല കൊണ്ടുണ്ടാക്കിയ കുട (ശീലക്കുട പ്രചാരത്തിൽ വരുന്നതിന്നു മുമ്പുള്ള നാടൻ കുട)

ഓവറ – ഓവുള്ള അറ (നാലു കെട്ടുപുരകളിൽ കിടപ്പുമുറിയോടു ചേർന്നു വിസർജ്ജനത്തിന്നു ഒരുക്കിയ മുറി)

ഓഷധിപ്രസ്ഥം – ഓഷധിബഹുലമായ പ്രസ്ഥം [ഓഷധി – സസ്യം. പ്രസ്ഥം–മലഞ്ചെരിവ്] (ഹിമാലയ നഗരം)

ഓഷധീശൻ – ഓഷധികളുടെ ഈശൻ [ഓഷധി – സസ്യം] (ചന്ദ്രൻ. ചെടികൾക്കു രസംലഭിക്കുന്നതു ചന്ദ്രകിരണങ്ങളിൽ നിന്നാണ്)

ഓഷുപുഷ്പം – ഓഷുതുല്യമായ രൂപവും വർണ്ണവുമുള്ള പുഷ്പം [ഓഷും–ചുണ്ട്] (ചെമ്പരത്തിപ്പൂ)

ഓഷ്യം – ഉഷ്ണാഹാരം തട്ടുമ്പോൾ ദഹിക്കുന്നത് [ഉഷദാഹേ. ദഹിക്കുക–ചുട്ടുനീറുക] (ചുണ്ട്)

ഓഷ്യങ്ങൾ – അധരപ്രയോഗം കൊണ്ടു ജനിക്കുന്ന വർണ്ണങ്ങൾ (ഉ. ഊ. പ. ഫ. ബ. ഭ. മ)

ഔ

ഔക്ഷകം – ഉക്ഷങ്ങളുടെ സമൂഹം [ഉക്ഷം–കാള] (കാളക്കൂട്ടം)

ഔഡുപികൻ – ഉഡുപത്തിൽ സഞ്ചരിക്കുന്നവൻ [ഉഡുപം–തോണി] (തോണിയിൽ പോകുന്നവൻ)

ഔത്തരാഹൻ – ഉത്തരദിക്കിൽ ഉള്ളവൻ [ഉത്തരദിക്ക് – വടക്ക്] (വടക്കൻ)

ഔത്തരേയൻ – ഉത്തരയുടെ പുത്രൻ [ഉത്തര – വിരാടരാജാവിന്റെ മകൾ] (പരീക്ഷിത്ത്)

ഔത്താനപദി – ഉത്താനപാദന്റെ മകൻ [ഉത്താനപാദൻ – സ്വായംഭുവമനുവിന്റെ പുത്രൻ] (ധ്രുവൻ)

ഔദനികൻ – ഓദനം ഒരുക്കുന്നവൻ [ഓദനം–ചോറ്] (വെപ്പുകാരൻ)

ഔദ്വാഹികം – ഉദ്വാഹസമയത്തു ലഭിക്കുന്നത് [ഉദ്വാഹം – വിവാഹം] (സ്ത്രീധനം)

ഔരസപുത്രൻ – ഔരസനായ പുത്രൻ [ഔരസൻ – ഉരസ്സിൽ നിന്നുണ്ടായവൻ] (സ്വന്തംമകൻ)

ഔർവ്വൻ – ഊരുഭേദിച്ചുണ്ടായവൻ (മനുപുത്രിയായ ആരുഷിയുടെ മകൻ)

ഔർവ്വശേയൻ – ഉർവ്വശിയുടെ പുത്രൻ (അഗസ്ത്യൻ)

ഔലൂക്യൻ – വൈശേഷിക ദർശനത്തിന്റെ സ്ഥാപകൻ (കണാദൻ)

ഔഷ്ട്രകം – ഉഷ്ട്രങ്ങളുടെ സമൂഹം [ഉഷ്ട്രം – ഒട്ടകം] (ഒട്ടകങ്ങളുടെ കൂട്ടം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക

കക്ഷഘ്നൻ — കക്ഷത്തിലിരുന്നു ഹനിക്കുന്നവൻ [കക്ഷം — സമീപം] (ശത്രിയൻ)

കക്ഷി — ഒരു കക്ഷത്തു നില്ക്കുന്നവൻ [കക്ഷം–ഭാഗം] (ഭാഗം പിടിച്ചവൻ)

കങ്കടം — കമ്പിനെ കടനം ചെയ്യുന്നതു [കം–ദേഹം. കടനം ചെയ്യുക–ആവരണം ചെയ്യുക] (കവചം)

കങ്കപത്രം — കങ്കത്തിന്റെ പത്രം പോലുള്ള ഒരായുധം [കങ്കം–കഴുകൻ. പത്രം — ചിറക്] (ഒരുതരം ശരം)

കചം — തലയിൽ ശോഭിക്കുന്നത് [കചതേ ശോഭതേ ശിരസീതി] (തലമുടി)

കജം — കമ്മിൽ ജനിച്ചത് [കം–വെള്ളം] (താമര)

കഞ്ജം — 1. കമ്മിൽ നിന്നുണ്ടായത് [കം–പാലാഴി] (അമൃതം)
2. കമ്മിൽ ജനിച്ചത് [കം–ജലം] (താമര)

കഞ്ജനാഭൻ — നാഭിയിൽ കഞ്ജം ഉള്ളവൻ [കഞ്ജം–താമര] (വിഷ്ണു)

കടാക്ഷം — കടക്കണ്ണുകൊണ്ടുള്ള നോട്ടം [കട–അറ്റം] (അപാംഗദർശനം)

കടൽപ്പിടിക്കാർ — കടലിൽ നിന്നു പിടിച്ചുപറിക്കുന്നവർ (കടൽക്കള്ളന്മാർ)

കടി — വസ്ത്രാദികളെക്കൊണ്ട് ആവരണം ചെയ്യപ്പെടുന്നത് [കട്യതേ–പ്രിയതേ] (അരക്കെട്ട്)

കടിത്രം — കടിയെ ത്രാണം ചെയ്യുന്നതു [കടി — അരക്കെട്ട്] (അരഞ്ഞാൺ)

കടിഞാൺ — കടിക്കുന്ന ഞാൺ (കുതിരയെ നിയന്ത്രിക്കുന്ന ഉപകരണം)

കടുകാഖ്യം — കടുവായ കാഖ്യത്തോടുകൂടിയത് [കടു–കർക്കശം. കാഖ്യം–ശബ്ദം] (ടിട്ടിമപക്ഷി)

കടുരവം — കടുവായ രവത്തോടുകൂടിയത് [കടു — അസഹ്യം. രവം–ശബ്ദം] (തവള)

കടുരം — കടയുമ്പോൾ രസാന്തരമുള്ളത് [കടതി–മന്ഥനേന രസാന്തരം വർഷതി] (തൈര്)

കഠോപനിഷത്ത് — കൃഷ്ണയജുർവ്വേദത്തിന്റെ കാഠശാഖയിലുള്ള ഉപനിഷത്ത്. നചികേതസ്സിന്റെ കഥ ഇതിലാണ്.

കഠോരം — പരുഷം [കഠതി–പാരുഷ്യമാചരതി] (കഠിനം)

കണം — [കണതി–അതിസൂക്ഷ്മതയാ ഗച്ഛതി] (അതിസൂക്ഷ്മം)

കണാദൻ — കണങ്ങളെ അദിക്കുന്നവൻ [കണം–അണു. അദിക്കുക–ഭക്ഷിക്കുക] (വൈശേഷിക മതസ്ഥാപകൻ)

കണ്ടകാശനം — കണ്ടകത്തെ അശിക്കുന്നത് [കണ്ടകം–മുള്ള്] (ഒട്ടകം)

കണ്ഠപാശം — കണ്ഠത്തിൽ കുടുങ്ങിയ പാശം [കണ്ഠം — കഴുത്ത്; പാശം–കയർ] (വലിയതടസ്സം)

കണ്ഠസൂത്രം — കണ്ഠത്തിൽ കെട്ടുന്ന സൂത്രം [സൂത്രം–നൂൽ] (കെട്ടുതാലി)

കണ്ഠകാളൻ — കണ്ഠത്തിൽ കാളവർണ്ണം ഉള്ളവൻ [കാളവർണ്ണം–കറുപ്പുനിറം] (നീലകണ്ഠൻ)

കണ്ഠ്യം — കണ്ഠത്തിന്റെ സഹായത്തോടെ പുറപ്പെടുവിക്കുന്ന വർണ്ണങ്ങൾ (അ, കവർഗ്ഗം, ഹ എന്നിവ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കണ്ണാടി — കണ്ണുകളെ ആടിക്കുന്നത് (രൂപം കാണിക്കുന്ന വസ്തു)

കണ്ണൂർ — കണ്ണന്റെ ഊര് [കണ്ണൻ—കൃഷ്ണൻ] (ഉത്തരകേരളത്തിലെ ഒരു നഗരം. കടലിന്നടുത്തുള്ള കൃഷ്ണക്ഷേത്രം ടിപ്പുവിന്റെ ആക്രമണകാലത്തു തകർന്നുപോയി)

കണ്മതിപ്പ് — കണ്ണുകൊണ്ടുള്ള മതിപ്പ് (ഏകദേശമുള്ള കണക്ക്)

കതിരവൻ — കതിർ ഉള്ളവൻ [കതിർ—രശ്മി] (സൂര്യൻ)

കത്രിപ്പൂട്ട് — കത്രികയുടെ ആകൃതിയിലുള്ള പൂട്ട് [കത്രി — കത്രിക] (രണ്ടു മുളയോ വടിയോ ഉപയോഗിച്ചുണ്ടാക്കുന്ന ഉപകരണം)

കഥാവശേഷൻ — കഥമാത്രം അവശേഷിച്ചവൻ [അവശേഷിക്കുക—ബാക്കിയാവുക] (മരിച്ചവൻ)

കത്തലടക്കൽ — ഉദരാഗ്നിയുടെ കത്തൽ അല്പമൊന്നടക്കി നിർത്തൽ [കത്തൽ + അടക്കൽ] (പ്രാതൽ)

കദ്രുതനയൻ — കദ്രുവിന്റെ തനയൻ [കദ്രു — സർപ്പമാതാവ്] (സർപ്പം)

കനകം — പ്രകാശിക്കുന്നത് [കനതി—പ്രകാശിക്കുന്നു] (സ്വർണ്ണം)

കനകപ്രസവ — കനകതുല്യമായ പ്രസവത്തോടുകൂടിയത് [പ്രസവം—പുഷ്പം] (പൊൻകൈത)

കനകാചലം — കനകം വിളയുന്ന അചലം [കനകം—സ്വർണ്ണം. അചലം—പർവ്വതം] (മഹാമേരു)

കനൽ — കനലുന്നത് [കനലുക—എരിയുക] (തീക്കട്ട)

കന്ദരം — കമ്പിനാൽ ദാരണം ചെയ്യപ്പെട്ടത് [കം — വെള്ളം. ദാരണം ചെയ്യുക—പിളർക്കുക] (ഗുഹ)

കന്ദർപ്പൻ — കമ്പിൽപ്പോലും ദർപ്പിച്ചവൻ [കം—ബ്രഹ്മാവ്. ദർപ്പിക്കുക—അഹങ്കരിക്കുക] (കാമൻ)

കന്ധരം — കമ്പിനെ ധരിക്കുന്നത് [കം—തല] (കഴുത്ത്)

കന്നക്കണ്ണി — കന്നത്തോളം നീണ്ട കണ്ണുള്ളവൾ [കന്നം — കർണ്ണം] (കർണ്ണാന്ത വിശ്രാന്ത ലോചന)

കന്മദം — പാറകൾ തപിക്കുമ്പോൾ ഉരുകിയുണ്ടാകുന്ന ദ്രവം [കല്+മദം] (അശ്മജ)

കന്യാടൻ — കന്യകളുടെ പിന്നാലെ അടനം ചെയ്യുന്നവൻ [അടനം ചെയ്യുക — സഞ്ചരിക്കുക] (പെൺകുട്ടികളുടെ പിറകെ നടക്കുന്നവൻ)

കന്യാശുല്ക്കം — കന്യകയെ സ്വീകരിക്കുമ്പോൾ നൽകുന്ന ശുല്ക്കം. [ശുല്ക്കം—പ്രതിഫലം] (സ്ത്രീധനം)

കപടം — കമ്പിനെപ്പോലും ഒരു പടം കൊണ്ടെന്നപോലെ മറയ്ക്കുന്നത് [കം—ബ്രഹ്മാവ്. പടം—വസ്ത്രം] (വ്യാജം)

കപർദ്ദി — കപർദ്ദം ഉള്ളവൻ [കപർദ്ദം—ശിവന്റെ ജടാജൂടം] (ശിവൻ)

കപാലം — കമ്പിനെ പാലിക്കുന്നത് [കം—തല. പാലിക്കുക—നിലനിർത്തുക] (തലയോട്)

കപാലഭൃത്ത് — കപാലം ഭിക്ഷാപാത്രമായി കൊണ്ടു നടക്കുന്നവൻ [കപാലം—തലയോട്. ബിഭർത്തി—ധാരയതി] (ശിവൻ)

കപാലരേഖ — കപാലത്തിലെ രേഖ [കപാലം—തലയോട്. രേഖ—വര] (തലയിലെഴുത്ത്)

കപി — ഒരു ദിക്കിലും സ്ഥിരമായിരിക്കാത്തത് [കപി ചലനേ] (കുരങ്ങ്)

കപികേതനൻ — കപി രൂപം കേതനത്തിൽ ഉള്ളവൻ [കപി — കുരങ്ങ്. കേതനം—കൊടി] (അഗ്നി കൊടുത്ത ഹനുമാന്റെ രൂപമുള്ള രഥത്തിനവകാശിയായ അർജ്ജുനൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കപിലദ്യുതി — കപിലമായ ദ്യുതിയോടു കൂടിയവൻ [കപിലം—പിംഗലം, രക്തം. ദ്യുതി — പ്രകാശം] (സൂര്യൻ)

കപിലൻ — നാഗരാജാവിന്റെ പുത്രന്മാരെ ഒറ്റനോട്ടം കൊണ്ടു ദഹിപ്പിച്ചവൻ (സാംഖ്യമതസ്ഥാപകൻ)

കപിലമതം — കപിലൻ സ്ഥാപിച്ച മതം [കപിലൻ—കപിലമഹർഷി] (സാംഖ്യമതം)

കപോതാരി — കപോതങ്ങളുടെ അരി [കപോതം—പ്രാവ്] (പരുന്ത്)

കഫം — കംകൊണ്ടു ഫലിക്കുന്നത് [കം — ജലം. ഫലിക്കുക—നിഷ്പന്നമാവുക] (വെള്ളം കുടിക്കുന്നതുകൊണ്ടുണ്ടാകുന്ന ധാതുവിശേഷം)

കഫവിരോധി — കഫത്തെ വിരോധിക്കുന്നത് [വിരോധിക്കുക—തടയുക] (കുരുമുളക്)

കബന്ധം — കമ്മിനാൽ വീണ്ടും ബന്ധിക്കപ്പെടുന്നത് [കം—പ്രാണവായു. ബന്ധിക്കുക — യോജിപ്പിക്കുക] (ദേഹത്തിൽ നിന്നു വേറിട്ട തല)

കമഠം — കമ്മിൽ വസിക്കുന്നത് [കം — വെള്ളം. മഠതി — വസിക്കുന്നു] (ആമ)

കമണ്ഡലു — കമ്മിന്റെ മണ്ഡമായിലാതിക്കുന്നത് [കം — വെള്ളം. മണ്ഡം—സാരം. ലാതിക്കുക—സ്വീകരിക്കുക] (സന്യാസിമാരുടെ ജലപാത്രം)

കമലം — കമ്മിനെ അലംകരിക്കുന്നത് [കം—വെള്ളം. അലതി—അലങ്കരിക്കുന്നു] (താമര)

കമലാസനൻ — കമലം ആസനമായുള്ളവൻ [കമലം—താമര. ആസനം—ഇരിപ്പിടം] (ബ്രഹ്മാവ്)

കമ്പനാവൃത്തി — കമ്പനത്തിന്റെ ആവൃത്തി.

കംബു — സുഖികളാൽ ആഗ്രഹിക്കപ്പെടുന്നത് [കമു കാന്തൗ. ഭംഗിയുള്ളത്] (ശംഖ്)

കംബു കണ്ഠി — കംബുവിന്നു തുല്യമായ കണ്ഠത്തോടു കൂടിയവൾ [കംബു—ശംഖ്] (സുന്ദരി)

കരഗ്രഹം — ഇവളെന്റെ ഭാര്യയെന്നു പ്രതിജ്ഞ ചെയ്തു ഒരുവളുടെ കരം ഗ്രഹിക്കൽ [കരം—കൈ. ഗ്രഹിക്കുക—വരിക്കുക] (വിവാഹം)

കരഗ്രാഹൻ — കരം ഗ്രഹിക്കുന്നവൻ [ഗ്രഹിക്കുക—സ്വീകരിക്കുക] (പാണിഗ്രഹണം ചെയ്തവൻ)

കരജം — കരത്തിൽ ജനിച്ചത് [കരം—കൈ] (നഖം)

കരടൻ — കുത്സിതമായി ശബ്ദിക്കുന്നത്. [ക — കുത്സിതം. രടതി — ശബ്ദം കരോതി] (കാകൻ)

കരണത്രയം — കരണങ്ങളുടെ ത്രയം [കരണം — മനസ്സും വാക്കും ശരീരവും] (ത്രിവിധകരണം)

കരഭോരു — കരഭതുല്യമായ ഊരുക്കളോടു കൂടിയവൾ [കരഭം—തുമ്പിക്കൈ. ഊരു—തുട] (സുന്ദരി)

കരരുഹം — കരത്തിൽ രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക—മുളക്കുക] (നഖം)

കരി — കരമുള്ളത് [കരം—തുമ്പിക്കരം] (ആന)

കരിമുഖൻ — കരിയുടെ മുഖംപോലുള്ള മുഖത്തോടു കൂടിയവൻ [കരി—ആന] (ഗണപതി)

കരേണു — കമ്മിൽ തുമ്പിക്കൈകൊണ്ടുരേണുക്കൾ വിതറുന്നത് [കം—മസ്സുകം. രേണു—പൊടി] (ആന)

കർക്കരം — കർക്കത്തെ ഉണ്ടാക്കുന്നത് [കർക്കം—പ്രതിബിംബം: പ്രകാശം] (കണ്ണാടി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കർണ്ണം — വായുവിനാൽ ശബ്ദം ക്ഷേപിക്കപ്പെടുന്ന ഇന്ദ്രിയം [ക്രിരതി – ശബ്ദഗ്രഹണേന മനസി സുഖം ക്ഷിപതി (ചെവി)

കർണ്ണവേധം — സ്വർണ്ണക്കമ്പിയോ ചെമ്പുകമ്പിയോ നാരകമുള്ളോ കൊണ്ടു കാതുകളുടെ അന്തിമാഗ്രം കുത്തിത്തുളക്കൽ (കാതുകുത്ത്)

കർണ്ണികാരം — കർണ്ണികയെ ഉണ്ടാക്കുന്നത് [കർണ്ണിക–ഭേദനം] (മലശോധനയ്ക്കുതകുന്ന കൊന്ന)

കർണ്ണേജപൻ — കർണ്ണത്തിൽ ജപിക്കുന്നവൻ [കർണ്ണം – ചെവി] (നുണയൻ)

കർത്തവ്യാവഗണന — കർത്തവ്യത്തിന്റെ അവഗണന [കർത്തവ്യം–കൃത്യം] (കൃത്യവിലോപം)

കർത്താവ് — ക്രിയകൾ ചെയ്യുന്നവൻ [കരോതി യ: കർമ്മ ഇതി] (നാഥൻ)

കർപ്പടം — വിക്ഷേപിച്ച പടം [കൃ വിക്ഷേപേ. വിക്ഷേപിക്കുക–ഉപേക്ഷിക്കുക. പടം–വസ്ത്രം] (പഴന്തുണി)

കർബ്ബുരൻ — കർബ്ബിക്കുന്നവൻ [കർബ്ബിക്കുക – ജീവഹാനി വരുത്തുക] (രാക്ഷസൻ)

കർമ്മണി പ്രയോഗം — കർമ്മത്തിന് പ്രാധാന്യം നൽകിയുള്ള വാക്യപ്രയോഗം.

കർമ്മവിപാകം — കർമ്മത്തിന്റെ വിപാകം [വിപാകം – പരിണാമം] (കർമ്മഫലം)

കർമ്മസാക്ഷി — മനുഷ്യർ ചെയ്യുന്ന കർമ്മങ്ങൾക്കു സാക്ഷിയായുള്ളവൻ (സൂര്യൻ, ചന്ദ്രൻ, യമൻ, കാലം, ആകാശം, വായു, ജലം, ഭൂമി, അഗ്നി)

കർമ്മേന്ദ്രിയം — കർമ്മത്തിനുള്ള ഇന്ദ്രിയം (വായ, പാണി, പാദം, ഗുദം, ഉപസ്ഥം)

കർഷകൻ — ഭൂമിയെ കർഷിക്കുന്നവൻ [കർഷിക്കുക–ഉഴുതുമറിക്കുക] (കൃഷിക്കാരൻ)

കർഷിണി — പുരുഷന്മാരെ അടുത്തേക്കു ക്ഷണിക്കുന്നവൾ [കർഷിക്കുക–ആകർഷിക്കുക] (വ്യഭിചാരിണി)

കലശം — ജലപൂരണ സമയത്ത് മധുരശബ്ദം ഉണ്ടാക്കുന്നത് [കലം–മധുരാവ്യക്തശബ്ദം. ശവതി – ജലപൂരണസമയേ പ്രാപ്നോതി]

കലശാബ്ധി — മഥനം ചെയ്യുമ്പോൾ കലശരൂപത്തിലായ അബ്ധി [കലശം–പാത്രം. അബ്ധി–സമുദ്രം] (പാലാഴി)

കലഹം — കലത്തെ ഹനിക്കുന്നത് [കലം–കാമം] (വിവാദം)

കലഹപ്രിയൻ — കലഹത്തെ ഇഷ്ടപ്പെടുന്നവൻ [കലഹം–വിവാദം] (കുഴപ്പക്കാരൻ)

കലാധിപതി — കലകളുടെ അധിപതി (ചാൻസലർ. Chancellor)

കലാപി — കലാപം ഉള്ളത് [കലാപം –പീലി] (മയിൽ)

കലിവർഷം — കലിയുഗത്തിന്റെ ആരംഭത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വർഷം (കൊല്ലവർഷത്തിന്നും 3926 വർഷം മുമ്പുള്ള ഒരു കൊല്ലക്കണക്ക്)

കലുഷം — കമ്മിനെ ലുഷിക്കുന്നത് [കം – സുഖം. ലുഷിക്കുക–ഹനിക്കുക] (പാപം)

കല്ക്കി — കല്ക്കം ഇല്ലാതാക്കുന്നവൻ [കല്ക്കം–പാപം] (വിഷ്ണുവിന്റെ ദശമാവതാരം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കല്പാന്തം — കല്പത്തിന്റെ അന്തം [കല്പം—പതിനാല് മന്വന്തരം] (പ്രളയം)

കല്യാണം — കല്യത്തിൽ അണ്ണിക്കുന്നത് [കല്യം—പ്രാതഃകാലം. അണ്ണിക്കുക—ശബ്ദിക്കുക] (മംഗളം)

കല്യാണസൗഗന്ധികം — കല്യാണകാന്തി കലർന്ന സൗഗന്ധികം [കല്യാണം—സ്വർണ്ണം. സൗഗന്ധികം—കൽഹാരപുഷ്പം] (ചെങ്ങഴിനീർ പൂവെന്നു മഹാകവി ഉള്ളൂർ)

കല്ലോലം — അവ്യക്തമായി ശബ്ദിക്കുന്നത് [കല്ലേതി—അവ്യക്ത ശബ്ദമുണ്ടാക്കുന്നു] (തിര)

കല്ലോലിനി — കല്ലോലങ്ങളോടു കൂടിയത് [കല്ലോലം—തിര] (നദി)

കല്ഹാരം — കമ്മിൽഹാരംപോലെ ശോഭിക്കുന്നത് [കം—ജലം. ഹാരം—മുത്തുമാല] (വെള്ളത്താമര)

കവരം — കമ്മിൽ വരമായുള്ളത് [കം—ശിരസ്സ്. വരം—ശ്രേഷ്ഠം] (തലമുടി)

കവർഗ്ഗം — ക മുതൽ മ വരെയുള്ള 25 വ്യഞ്ജനങ്ങളെ 5 വർഗ്ഗമാക്കിയതിൽ ആദ്യത്തേത് (കഖഗഘങ)

കവി — കവനം ചെയ്യുന്നവൻ [കവനം ചെയ്യുക — കവിതയെഴുതുക] (കവയിതാവ്)

കവേരൻ — കം വേരമായുള്ളവൻ [കം—ജലം. വേരം—ശരീരം] (വരുണൻ)

കവ്യവാഹനൻ — കവ്യത്തെ വഹിക്കുന്നവൻ [കവ്യം — മന്ത്രപുരസ്സരം പിതൃക്കൾക്കായി പാകം ചെയ്ത അന്നം] (പിതൃക്കളുടെ അഗ്നി)

കശ — കുതിരയെ ഓടിക്കുവാനും ശാസിക്കുവാനും ഉള്ളത് [കശഗതി ശാസനയോഃ] (ചമ്മട്ടിയടി)

കശേരു — കമ്മിൽ പടരുന്നത് [കം—ദേഹം. ശീര്യതേ — പടരുന്നു] (പൃഷ്ഠാസ്ഥി)

കശ്യപൻ — കശ്യത്തെ പാനം ചെയ്യുന്നവൻ [കശ്യം—സോമരസം] (ദിതിയുടെയും അദിതിയുടെയും ദക്ഷപുത്രിമാരുടെയും ഭർത്താവ്)

കശ്യം — അകത്തു ചെന്നാൽ ഉറക്കെ ശബ്ദിക്കുന്നതു [കശ ശബ്ദേ] (മദ്യം)

കഷായം — കണ്ഠത്തെ ഹിംസിക്കുന്നത് [കഷ ഹിംസായാം] (മരുന്നിട്ടു വേവിച്ച വെള്ളം)

കസനോത്പാടനം — കസനത്തെ ഉത്പാടനം ചെയ്യുന്നത് [കസനം—കാസരോഗം. ഉത്പാടനം — നശിപ്പിക്കൽ] (ആടലോടകം)

കളത്രം — കളത്തെ ത്രാണം ചെയ്യുന്നവൾ [കളം — വംശാഭിവൃദ്ധിക്കാവശ്യമായ കുലം] (ഭാര്യ)

കളധൗതം — കള കഴുകിക്കളഞ്ഞത് [കള—ചളി] (സ്വർണ്ണം)

കളമ്പാട്ട് — കളത്തിൽ കാളിയുടെ രൂപം വരച്ചു മായ്ക്കുമ്പോൾ പാടുന്ന പാട്ട് (ഒരു നാടൻപാട്ട്)

കളരവം — കളമായരവമുള്ളത് [കളം—അവ്യക്തമധുരം. രവം — ശബ്ദം] (കുയിൽ)

കളായദ്യുതി — കളായത്തിന്റെ ദ്യുതി [കളായം—കായാമ്പൂ] (നീലനിറം)

കളിന്ദകന്യ — കളിന്ദത്തിന്റെ കന്യ [കളിന്ദം—ഒരു പർവ്വതം] (കാളിന്ദീ നദി)

കാകതീയന്മാർ — കാകതീദേവിയെ ഭജിച്ചിരുന്നവർ [കാകതി—ദുർഗ്ഗാശക്തി സ്വരൂപം] (പ്രതാപരുദ്രന്റെ കുടുംബക്കാർ)

കാകപുഷ്ടം — കാകനാൽ പോഷിപ്പിക്കപ്പെടുന്നത് [കാകൻ — കാക്ക] (കുയിൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാകവാഹനൻ — കാകൻ വാഹനമായവൻ [കാകൻ—കാക്ക] (ശനി)

കാകുൽസ്ഥൻ — ककുത്സ്ഥന്റെ വംശത്തിൽ പിറന്നവൻ [ककुത्स्थൻ — ഒരു രഘുവംശരാജാവ്] (ശ്രീരാമൻ)

കാകോദരം — കാകന്റെ ഉദരം പോലുള്ള വയറുള്ളത് [കാകൻ—കാക്ക. ഉദരം—വയർ] (പാമ്പ്)

കാചം — പ്രകാശിക്കുന്നത് [കാചിദീപ്തൗ] (സ്ഫടികം)

കാഞ്ചനം — തിളങ്ങുന്നത് [കാഞ്ചതേ—പ്രകാശിക്കുന്നു] (സ്വർണ്ണം)

കാഞ്ചി — ശോഭിക്കുന്നതും അരയിൽ കെട്ടുന്നതും [കാചി ശോഭായാം. ബന്ധനേ ച] (അരഞ്ഞാൺ)

കാഞ്ചികാമാക്ഷി — കാഞ്ചിയിലെ കാമാക്ഷി [കാഞ്ചി — കാഞ്ചീപുരം. കാമാക്ഷി — കാമിക്കുന്നതെല്ലാം നൽകുന്നവൾ] (കാഞ്ചീപുരത്തു ശിവാലയങ്ങളിലൊന്നും ദേവിയെ പ്രതിഷ്ഠിച്ചിട്ടില്ല. എല്ലാ ക്ഷേത്രങ്ങളിലെയും ദേവിയായാണ് കാമാക്ഷി വിലസുന്നത്)

കാഞ്ചീപദം — കാഞ്ചിയുടെ പദം [കാഞ്ചി—അരഞ്ഞാൺ. പദം—സ്ഥാനം] (അര)

കാണ്ഡകാരൻ — കാണ്ഡം നിർമ്മിക്കുന്നവൻ [കാണ്ഡം—ബാണം]

കാണ്ഡചതുഷ്ടയം — നാലുകാണ്ഡങ്ങൾ [കാണ്ഡം—ഭൂഭാഗം] (തുളുകൂപകേരളമൂഷികദേശങ്ങൾ)

കാത്യായനൻ — കതന്റെ അയനത്തിൽ പിറന്നവൻ [കതൻ—ഒരുമുനി. അയനം—വംശം] (ധർമ്മശാസ്ത്രകർത്താവായ മുനി)

കാത്യായനി — കാത്യായനമഹർഷിയുടെ വംശത്തിൽ പിറന്നവൾ (പാർവ്വതി)

കാദംബിനി — കാദംബത്തോടു കൂടിയത് [കാദംബം — കളഹംസം] (മേഘമാല)

കാദ്രവേയൻ — കദ്രുവിന്റെ മകൻ [കദ്രു—സർപ്പമാതാവ്] (നാഗം)

കാനനം — കംകൊണ്ട് അനനം നടത്തുന്ന സ്ഥലം [കം—ജലം. അനനം—ജീവനം] (കാട്)

കാന്യനൻ — കന്യയിൽ ജാതൻ [കന്യ — അവിവാഹിത] (കന്യാപുത്രൻ. വ്യാസൻ; കർണ്ണൻ)

കാന്താരം — കമ്മിന്റെ അന്തത്തെ പ്രാപിക്കുന്നത് [കം — സുഖം. അന്തം—അവസാനം. ഋച്ഛതി—ഗച്ഛതി] (കാട്)

കാന്ദവം — കന്ദുവിൽ ഉണ്ടാക്കുന്നത് [കന്ദു—ദോശക്കല്ല്] (ദോശ)

കാപാലികൻ — കപാലധാരിയായ ശിവഭക്തൻ [കപാലം—തലയോട്] (ശൈവമതക്കാരൻ)

കാമദശകൾ — കാമത്തിന്റെ പടിപടിയായുള്ള ദശകൾ (ചക്ഷു:പ്രതി; മനസ്സംഗം; സങ്കല്പം; നിദ്രാച്ഛേദം; കാർശ്യം; വിഷയനിവൃത്തി; ലജ്ജാനാശം; ഉന്മാദം; മൂർച്ഛ; മരണം എന്ന പത്തവസ്ഥകൾ)

കാമദഹനൻ — കാമനെ ദഹിപ്പിച്ചവൻ (ശിവൻ)

കാമധേനു — സർവ്വാഭിലാഷങ്ങളും സാധിപ്പിക്കുന്ന ധേനു [കാമം—ആഗ്രഹം. ധേനു — പശു] (വസിഷ്ഠാശ്രമത്തിലെ പശു)

കാമൻ — കാമിപ്പിക്കുന്നവൻ [കാമിപ്പിക്കുക — സുരതേച്ഛ ഉണർത്തുക] (കാമവികാരത്തിന്നു ഹേതുഭൂതനായ സങ്കല്പദേവത)

കാമപാലൻ — ഭക്തജനങ്ങളുടെ കാമത്തെ പാലിക്കുന്നവൻ [കാമം—ആഗ്രഹം, ഇഷ്ടം] (ബലരാമൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കായസ്ഥൻ — കായത്തിൽ സ്ഥിതി ചെയ്യുന്നവൻ [കായം—സർവ്വഭൂത ശരീരം] (പരമാത്മാവ്)

കായാധുപൻ — കയാധുവിന്റെ പുത്രൻ [കയാധു—ഹിരണ്യകശിപുവിന്റെ ഭാര്യ] (പ്രഹ്ലാദൻ)

കാരകം — നാമവും ക്രിയയും തമ്മിലുള്ള ബന്ധം (കർത്താ, കർമ്മം, സാക്ഷി, സ്വാമി, കരണം, കാരണം, അധികരണം എന്നിങ്ങനെ ഏഴു കാരകം)

കാരസ്കരം — കാരത്തെ ചെയ്യുന്നത് [കാരം—വധം] (കാഞ്ഞിരം)

കാരാഗൃഹം — കാരത്തിനുള്ള ഗൃഹം [കാരം—ബന്ധനം] (തടവറ)

കാർത്തികേയൻ — കൃത്തികയാൽ ലാളിച്ചു വളർത്തപ്പെട്ടവൻ (സുബ്രഹ്മണ്യൻ)

കാർപ്പണ്യം — കൃപണന്റെ ഭാവം [കൃപണൻ—ലുബ്ധൻ] (പിശുക്ക്)

കാർമ്മുകം — കർമ്മത്തിന്നു കൊള്ളാവുന്നത് [കർമ്മം — പ്രവൃത്തി] (വില്ല്)

കാര്യദർശി — സഭാകാര്യങ്ങൾ ദർശിക്കുന്നവൻ (സിക്രട്ടരി)

കാര്യം — കാരണത്താൽ ചെയ്യപ്പെടുന്നത് [ക്രിയതേതി കാര്യം]

കാർഷ്ണി — കൃഷ്ണന്റെ മകൻ (കാമദേവൻ)

കാലകൃത്ത് — കാലത്തെ ഉണ്ടാക്കുന്നവൻ (സൂര്യൻ)

കാലധർമ്മം — കാലന്റെ ധർമ്മം [കാലൻ — യമൻ. ധർമ്മം — കടമ] (മരണം)

കാലൻ — ആയുസ്സിനെ എണ്ണുന്നവൻ [കല സംഖ്യാനേ] (അന്തകൻ)

കാലം — കണക്കാക്കുന്നത് [കലയതി —എണ്ണുന്നു] (സമയം)

കാലവാഹനം — കാലന്റെ വാഹനം [കാലൻ—യമൻ] (പോത്ത്)

കാലശേയം — കലശത്തിൽ ഉണ്ടായത് [കലശം—പാൽപ്പാത്രം] (മോര്)

കാലഹരണം — കാലത്താൽ ഹരിക്കപ്പെട്ടത് (അവധി കഴിഞ്ഞത്)

കാലാതീതകൃതി — കാലത്തിന്ന് അതീതമായ കൃതി (Classic)

കാവൽ മരം — പ്രാചീനകേരളത്തിലെ രാജാക്കന്മാർ സ്വന്തം അധികാരത്തിന്റെ പ്രതീകമായി നട്ടു പിടിപ്പിച്ചിരുന്ന മരം.

കാവേരി — കാകൻ തട്ടിമറിച്ചിട്ട കമണ്ഡലുവിൽ നിന്നു വിരിഞ്ഞൊഴുകിയ കാകവിരി എന്ന നദി (ശൈയമലയിൽ തപം ചെയ്തുകൊണ്ടിരുന്ന അഗസ്ത്യമഹർഷിയുടെ കമണ്ഡലു വിനായകൻ കാകരൂപത്തിൽ തട്ടിമറിച്ചുവെന്നാണ് കഥ)

കാശ്മീരം — കാശ്മീരദേശത്തുണ്ടായത് (കുങ്കുമം)

കാശ്യപൻ — കശ്യപപ്രജാപതിയുടെ ഗോത്രത്തിൽ പിറന്നവൻ (കണ്വൻ)

കാഷ്ഠം — അഗ്നിയെ കാശിപ്പിക്കുന്നത് [കാശിപ്പിക്കുക — പ്രകാശിപ്പിക്കുക] (മരത്തടി)

കാസാരം — പക്ഷികളുടെ ശബ്ദമുള്ളത് [കാസൃശബ്ദേ] (പൊയ്ക)

കാഹളം — കുത്സിതമായ ഹലത്തോടു കൂടിയത് [കുത്സിതം — അവ്യക്തം. ഹലം—ധ്വനി] (കുഴൽ)

കാളരാത്രി — കാലൻ വരുന്നതിന്റെ തലേരാത്രി (ഭീകരരാത്രി)

കാളി — കാളിപ്പിക്കുന്നവൾ [കാളുക —ഭയന്നുവിറക്കുക] (ഭദ്രകാളി)

കാളിദാസൻ — കാളിയുടെ ദാസനായ കവി (അഭിജ്ഞാനശാകുന്തളം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തുടങ്ങിയ നാടകങ്ങളുടെ കർ ത്താവ്')

കാളിന്ദി — കളിന്ദ പർവ്വതത്തിൽ നിന്നുത്ഭവിച്ച നദി (യമുന)

കാളിന്ദീഭേദനൻ — കാളിന്ദിയെ ഭേദനം ചെയ്തവൻ [ഭേദനം ചെയ്യുക = പിളർക്കുക] (ബലരാമൻ)

കാറ്റള — കാലിലെ തള (കാൽവള)

കിങ്കരൻ — എന്തുവേണമെങ്കിലും ചെയ്യാൻ ഒരുങ്ങിയവൻ [കിം+കരൻ] (വേലക്കാരൻ)

കിടി — കേടനം ചെയ്യുന്നത് [കേടനം ചെയ്യുക—ഭയപ്പെടുത്തുക] (പന്നി)

കിന്നരേശൻ — കിന്നരന്മാരുടെ ഈശൻ [കിന്നരൻ—അശ്വമുഖമുള്ളതുകൊണ്ടു നരനാണോ എന്ന സന്ദേഹം വരുത്തുന്നവൻ] (കുബേരൻ)

കിരാതൻ — കിരത്തിൽ അതിക്കുന്നവൻ [കിരം—പർവ്വതഭൂമി. അതതി—സതതം അടതി] (വേടൻ)

കിംവദന്തി — എവിടെനിന്നുണ്ടായി എന്നു തിരിച്ചറിയാൻ വയ്യാത്ത വർത്തമാനം [കിം—എന്ത്. വദന്തി—പറയുന്നു] (ജനശ്രുതി)

കിംശുകം — ശുകമാണോ എന്നു പൂവുകൊണ്ടു സംശയിപ്പിക്കുന്നതു [ശുകം—തത്ത] (പ്ലാശ്)

കിരി — ഭൂമി കുത്തിത്തുളക്കുന്നത് [കിരതി — കുത്തിത്തുളക്കുന്നു] (പന്നി)

കിരീടി — ഇന്ദ്രനാൽ അർക്കാഭമായ കിരീടം ധരിപ്പിക്കപ്പെട്ടവൻ (അർജ്ജുനൻ)

കിശോരൻ — കരയുന്നവൻ [കിശ ശബ്ദേ] (കുട്ടി)

കിഷ്കിന്ധാധിപതി — കിഷ്കിന്ധയുടെ അധിപതി (ബാലി; സുഗ്രീവൻ)

കീസലയം — കുറഞ്ഞൊന്നിളകുന്നത് [കിഞ്ചിൽ — കുറഞ്ഞൊന്ന്. സലിക്കുന്നതു—ഇളകുന്നതു] (തളിർ)

കീഴക്കു — കീഴായ ഭാഗം (പൂർവ്വദിക്ക്)

കീഴവൻ — കിഴവ് ബാധിച്ചവൻ [കിഴവ്—വാർദ്ധക്യം] (വൃദ്ധൻ)

കീകസാത്മജ — കീകസയുടെ ആത്മജ [കീകസ—ഒരു രാക്ഷസി. ആത്മജ—മകൾ] (രാവണമാതാവ്)

കീടഘ്നം — കീടത്തെ ഹനിക്കുന്നത് [കീടം—ചെറുപ്രാണി] (ഗന്ധകം)

കീരം — കീ എന്ന രവത്തോടുകൂടിയത് [രവം—ശബ്ദം] (തത്ത)

കീലാലം — കീലത്തെ അലനം ചെയ്യുന്നത് [കീലം — തീജ്വാല. അലനം ചെയ്യുക — കെടുത്തുക] (വെള്ളം)

കീശധ്വജൻ — കീശം ധ്വജമായി ഉള്ളവൻ [കീശം—വാനരം. ധ്വജം—കൊടിയടയാളം] (അർജ്ജുനൻ)

കീറാമുട്ടി — കീറാൻ പ്രയാസമുള്ള മുട്ടി [മുട്ടി—മരക്കുട്ടി] (ശൈലിയായി പ്രയോഗിക്കുമ്പോൾ വിഷമം എന്നർത്ഥം)

കീറ്റുമതി — മതിയുടെ കീറ് [മതി—ചന്ദ്രൻ. കീറ്—കല] (ചന്ദ്രക്കല)

കുചേലൻ — കുത്സിതമായ ചേലത്തോടുകൂടിയവൻ [കുത്സിതം—കീറിപ്പറിഞ്ഞ. ചേലം — വസ്ത്രം] (ശ്രീകൃഷ്ണന്റെ സതീർത്ഥ്യനായ ബ്രാഹ്മണൻ)

കുജ — കുവിൽ നിന്നു ജനിച്ചവൾ [കു—ഭൂമി] (സീത)

കുടിയേറ്റം — ഒരു കൂട്ടം ആളുകൾ സ്വദേശം വിട്ടു മറ്റൊരു ദേശം കുടിയാക്കി മാറ്റൽ (കുടിയേറിപ്പാർപ്പ്)

കുട്ടനാട് — കുട്ടങ്ങൾ നിറഞ്ഞനാട് [കുട്ടം—കയം, കായൽ]

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കുട്ടനി — സ്ത്രീകുലത്തെ കുട്ടനം ചെയ്യുന്നവൾ [കുട്ടനം ചെയ്യുക—നശിപ്പിക്കുക] (പണം പിടുങ്ങുന്നവൾ)

കുണ്ടറ — കുണ്ഡയുടെ അറ [കുണ്ഡ—ദുർഗ്ഗ. അറ—ക്ഷേത്രം] (ഒരു വ്യാവസായിക നഗരം)

കുത്തപൻ — കുവിനെ തപിപ്പിക്കുന്നവൻ [കു—ഭൂമി] (സൂര്യൻ)

കുത്തുപോലെ — സൂചികൊണ്ടുള്ള പോലെ മനസ്സിനെ കുത്തുന്ന വാക്ക് (വേദനിപ്പിക്കുന്ന വാക്ക്)

കുന്തളം — കുന്തംപോലെ കൂർത്തിരിക്കുന്നത് (തലമുടി)

കുന്തി — കുന്തിഭോജന്റെ വളർത്തുപുത്രി [കുന്തിഭോജൻ—വസുദേവപിതാവായ ശൂരന്റെ പിതൃസഹോദരീ പുത്രൻ] (പാണ്ഡുവിന്റെ ഭാര്യ)

കുന്നലക്കോനാതിരി — കുന്നിനും അലയ്ക്കും ഇടയ്ക്കുള്ള ഭൂമിയുടെ അധിപൻ [കുന്ന്—മല. അല—അലകടൽ] (സാമൂതിരി)

കുബേരൻ — കു ആകുന്ന ബേരത്തോടു കൂടിയവൻ [കു — ഭൂമി. ബേരം — ദേഹം] (ഭൂമിയുടെ നാഥൻ; വൈശ്രവണൻ)

കുമാരൻ — കുത്സിതനായ മാരനോടു കൂടിയവൻ [കുത്സിതൻ—നിന്ദിതൻ. മാരൻ—കാമദേവൻ] (സുബ്രഹ്മണ്യൻ. കാമവികാരത്തിന്നു വശപ്പെടാത്തവൻ എന്ന അർത്ഥത്തിൽ കുട്ടി)

കുമാരസംഭവം — കുമാരന്റെ സംഭവം [കുമാരൻ—സുബ്രഹ്മണ്യൻ. സംഭവം—ജനനം] (കാളിദാസനെഴുതിയ ഒരു കാവ്യം)

കുമുദം — ഭൂമിയിൽ മോദത്തെ ഉണ്ടാക്കുന്നത് [കു — ഭൂമൌ. മോദം—സന്തോഷം] (ആമ്പൽപ്പൂ)

കുമ്പാരൻ — കുംഭകാരൻ എന്നതിന്റെ ഗ്രാമ്യരൂപം (കുശവൻ)

കുംഭം — കുമ്മിനെ ഉംഭിക്കുന്നത് [കും — ഭൂമിയെ. ഉംഭതി—നിറയ്ക്കുന്നു] (പാത്രം)

കുംഭകാരൻ — കുംഭം ഉണ്ടാക്കുന്നവൻ [കുംഭം—പാത്രം] (കുശവൻ)

കുംഭി — കുംഭം ഉള്ളത് [കുംഭം—മസ്തകത്തിൽ ഇരുഭാഗത്തുമുള്ള മുഴ] (ആന)

കുരംഗനാഭി — കുരംഗത്തിന്റെ നാഭിയിൽ നിന്നു കിട്ടുന്നത് [കുരംഗം—മാൻ] (കസ്തൂരി)

കുരുക്ഷേത്രം — കുരുവിന്റെ തപസ്സുകൊണ്ടു പ്രസിദ്ധമായ ക്ഷേത്രം [കുരു—സൂര്യപുത്രിയായ തപതിയിൽ സംവരണനുണ്ടായ പുത്രൻ] (യാഗഭൂമിയും യുദ്ധക്കളവും പുണ്യസ്ഥലവുമായ കുരുക്ഷേത്രം)

കുരുടൻ — കുത്സിതമായ പ്രകാശത്തോടു കൂടിയവൻ [കുത്സിതം—നിന്ദ്യം. രോടതേ—പ്രകാശിക്കുന്നു] (അന്ധൻ)

കുലട — കുലങ്ങളിൽ പുരുഷന്മാരെത്തേടി അടനം ചെയ്യുന്നവൾ [അടതി—സഞ്ചരിക്കുന്നു] (വേശ്യ)

കുലായസ്ഥം — കുലായത്തിൽ സ്ഥിതി ചെയ്യുന്നത് [കുലായം—പക്ഷിക്കൂട്] (പക്ഷി)

കുലിശധരൻ — കുലിശം ധരിച്ചവൻ [കുലിശം—വജ്രം] (ദേവേന്ദ്രൻ)

കുശലൻ — യാഗത്തിന്നു കുശം [കുശം—ഒരുതരം പുല്ല്] അരിഞ്ഞുകൊണ്ടുവരുന്നവൻ (സമർത്ഥൻ)

കുശസ്ഥലി — കുശൻ നിർമ്മിച്ച സ്ഥലി [കുശാവതി] (ദ്വാരക)

കുശാഗ്രബുദ്ധി — കുശാഗ്രം പോലെ കൂർത്ത ബുദ്ധിയുള്ള

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൻ [കുശാഗ്രം – ദർഭപ്പുല്ലിന്റെ അറ്റം] (ബുദ്ധിശാലി)

കുശികാത്മജൻ – കുശികന്റെ ആത്മജൻ [കുശികൻ–ഒരു മുനി] (വിശ്വാമിത്രൻ)

കുശേശയം – കുശത്തിൽ ശയിക്കുന്നത് [കുശം–വെള്ളം] (താമര)

കുസുമായുധൻ – കുസുമം ആയുധമായവൻ [കുസുമം – പൂവ്] (കാമദേവൻ)

കുസൃതി – കുത്സിതമായ സൃതി [സൃതി–ഉപായം] (ദുരാചാരം)

കുസ്ഭൂമം – കുവിൽ സ്ഭൂഭിക്കുന്നത് [കു–ഭൂമി. സ്ഭൂഭിക്കുക–വ്യാപിക്കുക] (സമുദ്രം)

കുഹരം – കുഹത്തെ ഉളവാക്കുന്നത് [കുഹം–ഭയം] (ഗുഹ)

കുഹൂരവം – കുഹു എന്ന രവത്തോടു കൂടിയത് (കുയിൽ)

കുറുമ്പ – കുറു+അമ്മ = കുറുവമ്മ [അനുനാസികാതിപ്രസരം കൊണ്ടു കുറുമ്പയായി എന്നു ചേലനാട്ട് അച്യുതമേനോൻ] (കാവിലമ്മ)

കൂടസ്ഥൻ – കൂടത്തിൽ [കൂടം–ഏറ്റവും ഉയർന്ന സ്ഥലം] നില്ക്കുന്നവൻ (പരബ്രഹ്മം)

കൂടിയാട്ടം – സംസ്കൃത നാടകങ്ങളിലെ ചില അങ്കങ്ങൾ മാത്രം ചാക്യാന്മാർ അഭിനയിച്ചു കാണിക്കുന്ന കലാരൂപം (ഒരു കേരള ക്ഷേത്രകല)

കൂത്ത് – ക്ഷേത്രങ്ങളിൽ വെച്ചു ചാക്യാർ തനിച്ചു നടത്തുന്ന കഥാപ്രസംഗ പരിപാടി (ചാക്യാർകൂത്ത്)

കൂർപ്പാസം – കുർപ്പരത്തിൽ സ്ഥിതി ചെയ്യുന്നത് [കുർപ്പരം – ശരീരം] (കുപ്പായം)

കൂർമ്മം – കുത്സിതമായ ഊർമ്മിയോടു കൂടിയത് [കു – ഈഷത്ത്. ഊർമ്മി–വേഗം] (ആമ)

കൂലംകഷ – കൂലത്തെ കഷിക്കുന്നവൾ [കൂലം–തീരം. കഷിക്കുക–ഉരുമ്മുക] (നദി)

കൃച്ഛ്രസാദ്ധ്യം – കൃച്ഛ്രം കൊണ്ടു [കൃച്ഛ്രം – പ്രായശ്ചിത്താദികർമ്മം] സാധിക്കുന്നത് (വളരെ കഷ്ടപ്പാടുള്ള)

കൃതഘ്നൻ – കൃതത്തെ ഹനിക്കുന്നവൻ [കൃതം–ഉപകാരം] (നന്ദികെട്ടവൻ)

കൃതജ്ഞൻ – കൃതത്തെ അറിയുന്നവൻ [കൃതം–ഉപകാരം] (ഉപകാരസ്മരണയുള്ളവൻ)

കൃതാന്തൻ – കൃതമായ അന്തത്തോടുകൂടിയവൻ [കൃതം–ചെയ്യപ്പെട്ടത്. അന്തം–അവസാനം] (അന്തകൻ)

കൃത്തിവാസസ്സ് – കൃത്തി വാസസ്സായി ഉള്ളവൻ [കൃത്തി – ചർമ്മം. ഇവിടെ ഗജാസുരന്റെ ചർമ്മമാണ്. വാസസ്സ്–വസ്ത്രം] (ശിവൻ)

കൃപൻ – ശന്തനുവാൽ കൃപയോടെ വളർത്തപ്പെട്ടവൻ [ശാരദ്വാൻ എന്ന മുനിയുടെ പുത്രൻ] (കൃപാചാര്യൻ)

കൃപാണധാര – കൃപാണത്തിന്റെ ധാര [കൃപാണം–വാൾ. ധാര–വായ്ത്തല] (വാൾമുന)

കൃപീടയോനി – കൃപീടത്തിന്റെ യോനി [കൃപീടം–ജലം. യോനി–കാരണം] (അഗ്നി)

കൃഷ്ണദ്വൈപായനൻ – കൃഷ്ണനും ദ്വൈപായനനും ആയവൻ (വേദവ്യാസൻ)

കൃഷ്ണൻ – (1) മഹാപ്രഭാവശക്തികൊണ്ടു അനികളെ കർഷിക്കുന്നവൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

[കർഷിക്കുക – പീഡിപ്പിക്കുക] (ശ്രീകൃഷ്ണൻ)

(2) മേഘതുല്യമായ വർണ്ണത്തോടു കൂടിയവൻ

കൃഷ്ണവർത്മാവ് – കൃഷ്ണമായ വർത്മത്തോടു കൂടിയവൻ [കൃഷ്ണം – കറുപ്പുനിറം. വർത്മം–വഴി] (പോകുന്ന വഴി കറുത്തിട്ടുള്ളവൻ; അഗ്നി)

കൃഷ്ണാജിനം – കൃഷ്ണമൃഗത്തിന്റെ അജിനം [കൃഷ്ണമൃഗം –മാൻ. അജിനം – തോൽ] (മാന്തോൽ)

കേദാരം – വെള്ളം കൊണ്ടു നനയ്ക്കപ്പെടുന്നത് [കേന–വെള്ളത്താൽ. ദ്രിയതേ – ആർദ്രമാക്കപ്പെടുന്നു] (വയൽ)

കേനോപനിഷത്ത് – 'കേനേഷിതം' എന്നാരംഭിക്കുന്ന ഉപനിഷത്ത്

കേരവം – വെള്ളത്തിൽ നിന്നു ശബ്ദിക്കുന്നത് [കേ–വെള്ളത്തിൽ. രൗതി –ശബ്ദിക്കുന്നു] (അരയന്നം)

കേരളം – (1) ചേരം ഉള്ള അളം [ചേരം – മല. അളം – ഭൂഭാഗം] (ചേരത്തിന്റെ കർണ്ണാടകോച്ചാരണമാണ് കേരമെന്നു ഡോക്ടർ ഗുണ്ടർട്ട്. ചേരളം സംസ്കൃതപ്രേരണയാൽ കേരളമായി മാറിയെന്ന് കേരള ചരിത്രകാരനായ ശ്രീധരമേനോൻ)

(2) ചേർ ഉള്ള അളം [ചേർ–ചളി. അളം–സ്ഥലം] (ചതുപ്പുനിലം)

(3) ചേർന്ത അളം [ചേർന്ത–കൂടിച്ചേർന്ന. അളം – ഭൂഭാഗം] (നേരത്തെ തന്നെ ഉണ്ടായിരുന്ന പർവ്വത പ്രദേശത്തോടു പിന്നീടു കൂടിച്ചേർന്ന ഭാഗം)

(4) ചേരല് എന്ന പദത്തോടു സ്ഥലവാചിയായ അകം ചേർന്നപ്പോൾ ഉണ്ടായ സമസ്തപദമാണ് ചേരലമെന്നും അതിന്റെ സങ്കുചിതരൂപമാണ് ചേരമെന്നും ചേരലം സംസ്കൃതീഭവിച്ചതാണ് കേരളമെന്നും മറ്റൊരഭിപ്രായം. മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരാണ് ഇങ്ങനെ പറഞ്ഞത്.

കേലീപലലം – കേലിക്കുള്ള പലലം (ജലക്രീഡയ്ക്കുള്ള കുളം)

കേലീശുകം – മനോവിനോദത്തിന്നു വേണ്ടി വളർത്തുന്ന ശുകം. [ശുകം –തത്ത] (കളിത്തത്ത)

കേവർത്തൻ – വെള്ളത്തിൽ വർത്തിക്കുന്നവൻ [കേ – വെള്ളത്തിൽ] (മുക്കുവൻ)

കേവർത്തം – കമ്മിൽ വർത്തിക്കുന്നത് [കേ–വെള്ളത്തിൽ] (മത്സ്യം)

കേശം – തലയിൽ കിടക്കുന്നത് [കേ – മസ്തകത്തിൽ. ശേതേ – കിടക്കുന്നു] (തലമുടി)

കേശവൻ – പ്രളയകാലത്തു ക്ഷീരസാഗരത്തിൽ ശവത്തെപ്പോലെ കിടക്കുന്നവൻ [കേ–വെള്ളത്തിൽ] (വിഷ്ണു)

കേസരം – വെള്ളത്തിൽ സരിക്കുന്നത് [കേ–വെള്ളത്തിൽ. സരിക്കുക–വ്യാപിക്കുക] (താമരയല്ലി)

കൈടഭജിത്ത് – കൈടഭനെ ജയിച്ചവൻ [കൈടഭൻ – ഒരസുരൻ] (വിഷ്ണു)

കൈതവം – കിതവന്റെ ഭാവം [കിതവൻ–ചതിയൻ] (കാപട്യം)

കൈരവം – കേരവത്തിനു പ്രിയമുള്ളത് [കേരവം – അരയന്നം] (ആമ്പൽപ്പൂ)

കൊച്ചി – കൊച്ചഴി ഉത്ഭവിച്ച നാട് [കൊച്ചഴി–ചെറിയ അഴി] (1341 ലെ വെള്ളപ്പൊക്കത്തോടുകൂടി കൊടുങ്ങല്ലൂർ തുറമുഖം നശിക്കുകയും ഒരു പുതിയ അഴി തുറന്നുണ്ടാവുകയും ചെയ്തു. ഇതിനെ സംസ്കൃതീകരിച്ചാണ് ഗോശ്രീ ഉണ്ടാക്കിയത്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കൊടുങ്ങല്ലൂർ — കൊടുംകോൻ സ്ഥിതിചെയ്ത ഊര് [കൊടും കോൻ—പെരുമാൾ] (പെരുമാക്കന്മാരുടെ രാജധാനി സ്ഥിതിചെയ്ത സ്ഥലം)

കൊട്ടാരക്കര — ഇളയിടത്തു സ്വരൂപത്തിന്റെ കൊട്ടാരം സ്ഥിതിചെയ്ത കര (തിരുവിതാംകൂറിലെ ചരിത്രപ്രസിദ്ധമായ പ്രദേശം)

കൊട്യമ്പലം — ഗൃഹരക്ഷ നടത്തുന്ന ഭൂതത്തിന്നു പണിത അമ്പലം (കേരളത്തിലെ പടിപ്പുര. സന്ധ്യാസമയത്ത് അവിടെ ദീപം കൊളുത്തുക പതിവാണ്)

കൊട്യം — തുളുനാട്ടിൽ വീടുകൾതോറുമുള്ള ഭൂതങ്ങൾക്കു കല്പിച്ചിട്ടുള്ള ചെറിയ അമ്പലം.

കൊട്യാക്കിലവാങ്ങുക — കൊടിനാക്കിലവാങ്ങുക (തെയ്യം കെട്ടാനുള്ള ഔദ്യോഗികമായ അംഗീകാരം വാങ്ങുക)

കൊലപ്പുക്കാവ് — കോലഭൂപക്കാവ് [കോല ഉദയവർമ്മയുടെ പ്രതിമ വച്ചാരാധിക്കുന്ന ഒരു ക്ഷത്രിയ ക്ഷേത്രം (മദ്ധ്യതിരുവിതാംകൂറിൽ തിരുവല്ല ചങ്ങനാശ്ശേരി അതിരുകളിലുള്ള അമ്പലം)

കൊല്ലം — 278ലെ രാമേശ്വരത്തു ശിലാരേഖയിൽ കുരക്കേണിക്കൊല്ലം എന്നു വിളിച്ചിട്ടുള്ള നഗരം [കുരങ്ക്—വളഞ്ഞു. കേണി—ജലാശയം. കോയിൽ — കൊട്ടാരം. ഇല്ലം—കരക്കേണിക്കോയില്ലം] (കൊല്ലം പട്ടണം)

കൊല്ലവർഷം — കൊല്ലത്തുവന്ന നമ്പൂതിരിമാർ എ.ഡി. 825ൽ ബി.സി. 76 മുതൽ ഇന്ത്യയിൽ നിലവിലുള്ള സപ്തർഷിവർഷം പ്രാദേശികാവശ്യങ്ങളുമായി പൊരുത്തപ്പെടുത്തി പ്രചരിപ്പിച്ച അബ്ദക്രമം. (കേരളീയ സംവത്സരം)

കൊല്ലൂർ — കോലൻ എന്ന മുനിതപസ്സു ചെയ്ത ഊര് (മൂകാംബികാക്ഷേത്രം സ്ഥിതിചെയ്യുന്ന കോലാപുരം)

കൊൾമുതൽ — കൊണ്ട മുതൽ [കൊണ്ട — വാങ്ങിയ] (വാങ്ങിയ മുതൽ)

കൊള്ളക്കൊടുക്ക — കൊള്ളയും കൊടുക്കയും [കൊള്ള—സ്വീകരിക്കൽ. കൊടുക്ക—നൽകൽ] (ഇടപാട്)

കൊറുവൻ — കൊറുവിൽ താമസിക്കുന്നവൻ [കൊറു — തുളുഭാഷയിൽ മല) (ഉത്തരകേരളത്തിലെ ഒരു ഗിരിവർഗ്ഗം)

കൊറ്റക്കുട — കൊറ്റം സൂചിപ്പിക്കുന്ന കുട [കൊറ്റം—ജയം] (രാജചിഹ്നങ്ങളിലൊന്ന്)

കൊറ്റവൻ — കൊറ്റം ഉള്ളവൻ [കൊറ്റം—ജയം] (ജയശാലി)

കോകനദം — കോകങ്ങളെ നദിപ്പിക്കുന്നത് [കോകം—ചക്രവാകം. നദിപ്പിക്കുക—ശബ്ദിപ്പിക്കുക] (ചെന്താമര)

കോകനദച്ഛവി — കോകനദത്തിന്റെ ഛവി [കോകനദം — ചെന്താമര. ഛവി—ശോഭ] (ചുകപ്പുനിറം)

കോങ്കണാസുതൻ — കോങ്കണയുടെ സുതൽ [കോങ്കണ — രേണുക. സുതൻ—മകൻ] (പരശുരാമൻ)

കോച്ചോളി — കോല് കൊണ്ടു ചൂടിപ്പടം നെയ്യുന്നവൻ [കോൽ+ചാലിയൻ] (മുച്ചൻ)

കോട — കുളിരുണ്ടാക്കുന്നത് [കോടുക—കുളിരുക] (പടിഞ്ഞാറൻകാറ്റ്)

കോതമ്പ് — കോതുമൈ എന്ന തമിഴിന്നും ഗോധൂമം എന്ന സംസ്കൃതത്തിന്നും തുല്യമായ ശബ്ദം (ഒരു ധാന്യം)

കോദണ്ഡപാണി — കോദണ്ഡം പാണിയിൽ ഉള്ളവൻ [കോദണ്ഡം—ശ്രീരാമന്റെ വില്ല്. പാണി — കൈ] (ശ്രീരാമൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കോന്തല — ഉടുമുണ്ടിന്റെ കോൺതല [കോൺതല—മൂല] (മടിത്തുമ്പ്)

കോന്തളം — കോണിലുള്ള തളം (വീട്ടുമൂലയിലെ തുറന്ന തളം)

കോപ്പേൽ മിഴി — കോപ്പേലുന്ന മിഴിയോടു കൂടിയവൾ [കോപ്പ്—വെടിപ്പ്. ഏലുന്ന—ഉള്ള. മിഴി—കണ്ണ്] (സുന്ദരി)

കോലക്കുഴൽ — കോലമുള്ള കുഴൽ [കോലം—നല്ല. ഭംഗി] (ഓടക്കുഴൽ)

കോലക്കുഴലി — കോലമുള്ള കുഴലോടുകൂടിയവൾ [കോലം—നല്ല. നീണ്ട. കുഴൽ—തലമുടി] (നീണ്ടഴകാർന്ന തലമുടിയുള്ളവൾ)

കോലത്തിരി — കോലസ്വരൂപത്തിലെ രാജാവ് (കോലഭൂപൻ)

കോലത്തുനാട് — കോലം വിളയുന്ന നാട് [കോലം—കുരുമുളക്] (ചിറക്കൽ തമ്പുരാന്റെ രാജ്യമായ 'വടക്കെ മലയാള'ത്തിന്റെ പഴയ പേർ)

കോൽത്താരി — കോല്കൊണ്ടുള്ള പയറ്റ് (വടിപ്പയറ്റ്)

കോശകൃമി — കോശത്തിൽ കഴിയുന്ന കൃമി [കോശം—തോട്] (പട്ടുനൂൽപ്പുഴു)

കോഴിക്കോട് — 1. കോഴികൾ വസിച്ചിരുന്ന കോട് [കോഴി—ഒരു ജനവിഭാഗം. കോട്—വയൽക്കര]

2. സാമൂതിരി കോട്ട പണിതപ്പോൾ കോവിൽക്കോട് എന്ന പേര് വന്നു [കോട്—സ്ഥലനാമങ്ങളിൽ കാണുന്ന കോട് ആറ്റിൻ തീരമോ വയൽക്കരയോ കുന്നിൻമുടിയോ കോട്ടയോ ആണ്] (മലബാറിന്റെ തലസ്ഥാനമായിരുന്ന നഗരം)

കോറ്റേൻ — കോലിലുണ്ടാകുന്ന തേൻ [കോൽ — കൊമ്പ്] (നല്ല തേൻ)

കൗക്ഷേയകം — കുക്ഷിയിൽ ഭവിച്ചത് [കുക്ഷി—ഉദ] (വാൾ)

കൗടിലൃൻ — കുടിലനയം കൈക്കൊണ്ടവൻ [കുടിലനയം—കപടനീതി] (ചാണക്യൻ)

കൗണപൻ — കുണപം ഭക്ഷിക്ക ശീലമായിട്ടുള്ളവൻ [കുണപം — ശവം] (രാക്ഷസൻ)

കൗന്തേയൻ — കുന്തിയുടെ പുത്രൻ (യുധിഷ്ഠിരൻ തുടങ്ങിയവർ)

കൗമാരികൻ — കുമാരികൾ മാത്രമുള്ളവൻ [കുമാരി—പെൺകുട്ടി] (പെൺകുട്ടികൾ മാത്രമുള്ള പിതാവ്)

കൗമുദി — കുമുദത്തെ വികസിപ്പിക്കുന്നത്. [കുമുദം—ആമ്പൽ](നിലാവ്)

കൗമോദകി — കുമോദകനെ സംബന്ധിച്ചത് [കുമോദകൻ—വിഷ്ണു] (വിഷ്ണുവിന്റെ ഗദ)

കൗരവൻ — കുരുരാജാവിന്റെ വംശത്തിൽ പിറന്നവൻ (ദുര്യോധനൻ)

കൗലാലകം — കുലാലനാൽ [കുലാലൻ—കുശവൻ] നിർമ്മിക്കപ്പെട്ടത് (മൺപാത്രം)

കൗശികൻ — കുശികന്റെ പുത്രൻ (വിശ്വാമിത്രൻ)

കൗശികം — കുശങ്ങളിൽ സഞ്ചരിക്കുന്നത് [കുശം—വൃക്ഷം] (മൂങ്ങ)

കൗസ്തുഭം — കുസ്തുഭത്തിൽ ഭവിച്ചത് [കുസ്തുഭം — സമുദ്രം] (പാലാഴിയിൽ നിന്നു വിഷ്ണുവിന്നു കിട്ടിയ രത്നം)

ക്രതുധ്വംസി — ക്രതുവെ ധ്വംസിച്ചവൻ [കുതു—യാഗം. ഇവിടെ ദക്ഷയാഗം. ധ്വംസിക്കുക—നശിപ്പിക്കുക] (ശിവൻ)

ക്രതുഭുക്ക് — ക്രതുവിനൊരുക്കിയ വിശിഷ്ടവസ്തുക്കൾ ഭുജിക്കുന്നവൻ [ക്രതു—യാഗം] (ദേവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്രമോത്കർഷം — ക്രമമായ ഉത്കർഷം [ഉത്കർഷം—ഉയർച്ച] (പടിപടിയായുള്ള ഉയർച്ച)

ക്രവ്യാദൻ — ക്രവ്യത്തെ അദിക്കുന്നവൻ [ക്രവ്യം—മാംസം. അദിക്കുക—ഭക്ഷിക്കുക] (രാക്ഷസൻ)

ക്രവ്യാദം — ക്രവ്യത്തെ അദിക്കുന്നത് [ക്രവ്യം — മാംസം. അദിക്കുക— ഭക്ഷിക്കുക] (സിംഹം)

ക്രിയാംഗജം — ക്രിയാംഗത്തിൽ നിന്നു ജനിക്കുന്നത് [ക്രിയാംഗം — വിനയെച്ചം] (ഭേദകമായി വരുന്ന വിനയെച്ചം)

ക്രിസ്ത്വബ്ദം — ക്രിസ്തു ജനിച്ച വർഷം മുതൽ എണ്ണിത്തുടങ്ങിയ വർഷം (ക്രിസ്ത്വബ്ദം)

ക്രിസ്തു — രക്ഷകൻ എന്നർത്ഥമുള്ള ഗ്രീക്കുപദം.

ക്രീഡാനാരി — ക്രീഡയ്ക്കിറങ്ങിയ നാരി [ക്രീഡ — മന്മഥവിനോദം] (വ്യഭിചാരിണി)

ക്വഥനപാത്രം — ക്വഥനത്തിന്നുള്ള പാത്രം [ക്വഥനം — തിളപ്പിക്കൽ] (Boiler)

ക്ഷണദാകരൻ — ക്ഷണദയെ [ക്ഷണദ—രാത്രി] ഉണ്ടാക്കുന്നവൻ (ചന്ദ്രൻ)

ക്ഷണപ്രഭ — ക്ഷണനേരം മാത്രമുള്ള പ്രഭ [ക്ഷണം—തെല്ലിട] (മിന്നൽ)

ക്ഷണനം — വധം [ക്ഷണോതി—കൊല്ലുന്നു]

ക്ഷതജം — ക്ഷതത്തിൽ നിന്നുണ്ടാവുന്നത് [ക്ഷതം—മുറിവ്] (രക്തം)

ക്ഷതയോനി — ക്ഷതമേറ്റയോനിയോടു കൂടിയവൾ (കന്യകാത്വം നശിച്ച സ്ത്രീ)

ക്ഷതിപൂർത്തി — ക്ഷതി ഇല്ലാതാക്കാനുള്ള പ്രവൃത്തി [ക്ഷതി — നഷ്ടം] (നഷ്ടപരിഹാരം)

ക്ഷത്രവേദം — ക്ഷത്രത്തിന്റെ [ക്ഷത്രം—ക്ഷത്രിയവംശം] വേദം (ധനുർവ്വേദം)

ക്ഷത്രിയൻ — ജനങ്ങളെ രക്ഷിക്കുന്നവൻ [ക്ഷദതി — രക്ഷിക്കുന്നു] (രാജാവ്)

ക്ഷപ — സകല ചേഷ്ടകളെയും ക്ഷപിപ്പിക്കുന്നത് [ക്ഷപിപ്പിക്കുക—ഇല്ലാതാക്കുക] (രാത്രി)

ക്ഷപാകരൻ — ക്ഷപയെ ഉണ്ടാക്കുന്നവൻ [ക്ഷപ—രാത്രി] (ചന്ദ്രൻ)

ക്ഷപാടൻ — ക്ഷപയിൽ അടനം ചെയ്യുന്നവൻ [ക്ഷപ—രാത്രി. അടനം ചെയ്യുക— സഞ്ചരിക്കുക] (രാക്ഷസൻ)

ക്ഷമാനാഥൻ — ക്ഷമയുടെ [ക്ഷമ—ഭൂമി] നാഥൻ (രാജാവ്)

ക്ഷയപക്ഷം — ക്ഷയിച്ചുവരുന്ന പക്ഷം [ക്ഷയം — അല്പാല്പമായുള്ള കുറവ്] (കറുത്തപക്ഷം)

ക്ഷരി — ക്ഷരത്തോടുകൂടിയത് [ക്ഷരം—മേഘം] (മഴക്കാലം)

ക്ഷരം — ക്ഷരിച്ചുകൊണ്ടിരിക്കുന്നത് [ക്ഷരിക്കുക—നശിക്കുക] (ശരീരം)

ക്ഷിതി — പ്രാണികൾക്കു സഞ്ചരിക്കാനുള്ള ഇടം [ക്ഷിതി വാസേ] (ഭൂമി)

ക്ഷിതിധരം — ക്ഷിതിയെ ധരിക്കുന്നത് [ക്ഷിതി—ഭൂമി] (പർവ്വതം)

ക്ഷിപ്തകുക്കുരം — ക്ഷിപ്തമായ കുക്കുരം [ക്ഷിപ്തം — ഭ്രാന്തുള്ള. കുക്കുരം—നായ] (പേപ്പട്ടി)

ക്ഷീണധനൻ — ക്ഷീണമായ ധനത്തോടു കൂടിയവൻ (ധനഹീനൻ)

ക്ഷീരജ — ക്ഷീരാബ്ധിയിൽ നിന്നു ജനിച്ചവൾ [ക്ഷീരാബ്ധി—പാലാഴി] (ലക്ഷ്മി)

ക്ഷീരജൻ — ക്ഷീരാബ്ധിയിൽ നിന്നു ജനിച്ചവൻ [ക്ഷീരാബ്ധി—പാലാഴി] (ചന്ദ്രൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷീരവൃക്ഷം — ക്ഷീരമുള്ള വൃക്ഷം (ആത്തി, ഇത്തി, ആൽ, അരയാൽ, പേരാൽ)

ക്ഷീരസാരം — ക്ഷീരത്തിന്റെ സാരം (വെണ്ണ)

ക്ഷുധാതുരൻ — ക്ഷുധകൊണ്ട് ആതുരൻ [ക്ഷുധ—വിശപ്പ്] (വിശന്നു തളർന്നവൻ)

ക്ഷുരകൻ — ക്ഷുരം കൊണ്ടു പ്രവർത്തിക്കുന്നവൻ [ക്ഷുരം—കത്തി] (ക്ഷൗരം ചെയ്യുന്നവൻ)

ക്ഷേത്രം — ക്ഷതത്തിൽ നിന്നു [ക്ഷതം—ക്ലേശം] ത്രാണനം ചെയ്യുന്നത് (വയൽ, തീർത്ഥം, ദേഹം, പത്നി)

ക്ഷേത്രകൃത്ത് — ക്ഷേത്രത്തിൽ പ്രവർത്തിക്കുന്നവൻ [ക്ഷേത്രം—വയൽ] (കൃഷിക്കാരൻ)

ക്ഷേത്രഫലം — ക്ഷേത്രത്തിന്റെ ഫലം [നീളവും വീതിയും പെരുക്കിയ ഫലം] (ചതുരശ്രഫലം)

ക്ഷോണിപൻ — ക്ഷോണിയെ പാലിക്കുന്നവൻ [ക്ഷോണി — ഭൂമി] (രാജാവ്)

ഖ

ഖകുന്തളൻ — ഖം കുന്തളമായുള്ളവൻ [ഖം—ആകാശം. കുന്തളം—തലമുടി] (വ്യോമകേശൻ)

ഖഗം — ഖത്തിൽ ഗമിക്കുന്നത് [ഖം—ആകാശം] (പക്ഷി)

ഖഗപതി — ഖഗങ്ങളുടെ പതി [ഖഗം—പക്ഷി] (ഗരുഡൻ)

ഖഗമം — ഖത്തിൽ ഗമിക്കുന്നത് [ഖം—ആകാശം] (പക്ഷി)

ഖഗാസനൻ — ഖഗം ആസനമായുള്ളവൻ [ഖഗം—പക്ഷി. ആസനം—ഇരിപ്പിടം] (ഗരുഡവാഹനനായ വിഷ്ണു)

ഖചരൻ — ഖത്തിൽ ചരിക്കുന്നവൻ [ഖം—ആകാശം. ചരിക്കുക—സഞ്ചരിക്കുക] (സൂര്യൻ)

ഖജം — കടയാനുള്ളത് [ഖജതി—കടയുന്നു] (കടകോൽ)

ഖഡ്ഗം — ഖണ്ഡിക്കാൻ ഉപയോഗിക്കുന്നത് [ഖണ്ഡിക്കുക—കഷണം കഷണമാക്കുക] (വാൾ)

ഖഡ്ഗാധാരം — ഖഡ്ഗത്തിന്ന് ആധാരമായുള്ളത് [ഖഡ്ഗം — വാൾ. ആധാരം—ആശ്രയം] (വാളുറ)

ഖണ്ഡനം — ഖണ്ഡിക്കൽ [ഖണ്ഡിക്കുക—കഷണം കഷണമാക്കുക] (പ്രതികൂലവിമർശം)

ഖണ്ഡപരശു — പരശു എന്ന അസുരനെ ഖണ്ഡിച്ചവൻ (ശിവൻ)

ഖണ്ഡപരശു — പരശുകൊണ്ട് ഖണ്ഡിക്കുന്നവൻ (പരശുരാമൻ)

ഖദ്യോതനൻ — ഖത്തിൽ ദ്യോതിക്കുന്നവൻ [ഖം—ആകാശം. ദ്യോതിക്കുക—പ്രകാശിക്കുക] (സൂര്യൻ)

ഖദ്യോതം — ഖത്തിൽ ദ്യോതിക്കുന്നത് [ഖം—ആകാശം] (മിന്നാമിനുങ്ങ്)

ഖനി — ധാതുക്കളും രത്നങ്ങളും കണ്ടെത്തുന്ന കുഴി [ഖനതേ—കുഴിക്കുന്നു] (Mine)

ഖനിജം — ഖനിയിൽ നിന്നുണ്ടായത് [ഖനി—കുഴി] (ലോഹം; രത്നം)

ഖരകിരണൻ — ഖരമായ കിരണങ്ങളോടു കൂടിയവൻ [ഖരം—ചൂടുള്ള. കിരണം—രശ്മി] (സൂര്യൻ)

ഖരഗൃഹം — ഖരത്തിന്റെ ഗൃഹം [ഖരം — കഴുത] (കഴുതകളുടെ തൊഴുത്ത്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖരം — വ്യാകരണത്തിൽ ക, ച, ട, ത, പ എന്ന വ്യഞ്ജനങ്ങൾ

ഖരാരി — ഖരന്റെ അരി [ഖരൻ—രാവണ സഹോദരൻ. അരി—ശത്രു] (ശ്രീരാമൻ)

ഖലേഭാരു — ഖലത്തിലെ ദാരു [ഖലം — കളം. ദാരു—മരം] (കന്നുകാലികളെ കെട്ടുന്ന കുറ്റി)

ഖവാരി — ഖത്തിലെ വാരി [ഖം—ആകാശം. വാരി—വെള്ളം] (മഞ്ഞ്)

ഖാഡ്ഗികൻ — ഖഡ്ഗപ്രയോഗം നടത്തുന്നവൻ [ഖഡ്ഗം — വാൾ] (വാൾപ്പയറ്റുകാരൻ)

ഖാദനം — തിന്നുമ്പോൾ ചവക്കാനുള്ളത് [ഖാദതി—തിന്നുന്നു] (പല്ല്)

ഖാദ്യം — ഖാദനത്തിനുള്ളത് [ഖാദനം—തിന്നൽ] (ആഹാരപദാർത്ഥം)

ഖാപഗ — ഖത്തിലെ ആപഗ [ഖം—ആകാശം. ആപഗ—നദി] (ഗംഗ)

ഖേചരം — ഖത്തിൽ ചരിക്കുന്നത് [ഖം—ആകാശം] (പക്ഷി)

ഖേചരൻ — ഖത്തിൽ ചരിക്കുന്നവൻ [ഖം—ആകാശം] (വിദ്യാധരൻ)

ഖേടധരൻ — ഖേടം ധരിച്ചവൻ [ഖേടം — ബലരാമന്റെ ഗദ] (ബലരാമൻ)

ഖേടി — ഖേടം നടത്തുന്നവൻ [ഖേടം—വേട്ട] (നായാട്ടുകാരൻ)

ഖേലി — വിനോദമെന്നർത്ഥമുള്ള ഈ പദമാണ് മലയാളത്തിലെ 'കേളി'

ഗ

ഗഗനം — ദേവന്മാർ ഗമിക്കുന്ന മാർഗ്ഗം [ഗച്ഛത്യനേന ദേവാ ഇതി ഗഗനം] (ആകാശം)

ഗഗനചരൻ — ഗഗനത്തിൽ ചരിക്കുന്നവൻ [ഗഗനം — ആകാശം] (ദേവൻ)

ഗഗനദ്ധ്വജം — ഗഗനത്തിൽ ധ്വജം പോലെ കാണപ്പെടുന്നത് (മേഘം)

ഗഗനാഗ്രം — ഗഗനത്തിന്റെ അഗ്രം [ഗഗനം—ആകാശം] (ആകാശത്തിന്റെ ഏറ്റവും ഉയർന്ന ഭാഗം)

ഗഗനാംബു — ഗഗനത്തിൽ നിന്നുള്ള അംബു [അംബു—വെള്ളം] (മഴവെള്ളം)

ഗംഗാദത്തൻ — ഗംഗയാൽ ദാനം ചെയ്യപ്പെട്ടവൻ (ദേവവ്രതൻ. ഇദ്ദേഹമാണ് പിന്നീട് ഭീഷ്മരായത്)

ഗംഗാധരൻ — ഗംഗയെ ധരിക്കുന്നവൻ [ഗംഗ — ഭഗവൽപാദത്തെ പ്രാപിക്കുന്ന ശക്തി] (ശിവൻ)

ഗംഗാസാഗരം — ഗംഗാനദി സാഗരത്തിൽ പതിക്കുന്ന സ്ഥലം [സാഗരം—സമുദ്രം]

ഗജം — മദിക്കുന്നത് [ഗജ്ജതി—മദേന മത്തോ ഭവതി] (ആന)

ഗജഗാമിനി — ഗജത്തിന്റെ ഗമനം പോലെ മന്ദമായ ഗമനത്തോടു കൂടിയവൾ (മന്ദഗാമിനി)

ഗണദേവത — ഗണമായി പ്രത്യക്ഷപ്പെടുന്ന ദേവത (ആദിത്യന്മാർ, വസുക്കൾ മുതലായവർ)

ഗണപതി — ഗണങ്ങളുടെ പതി [ഗണം — ശിവപാർഷദരായ ഭൂതങ്ങൾ] (ഗണേശൻ)

ഗണഭോജനം — ഗണമായുള്ള ഭോജനം (പന്തിഭോജനം)

ഗണാധിപൻ — ഗണങ്ങളുടെ അധിപൻ (ഗണപതി)

ഗണിക — പണക്കാരെ ഗണിച്ചു കണക്കാക്കുന്നവൾ [ഗണ സംഖ്യാനേ] (വേശ്യ)

ഗണ്ഡപുത്ര — ഗണ്ഡകീനദിയിൽ നിന്നു ലഭിക്കുന്നത് (സാളഗ്രാമം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗതകാലദൃശ്യം — ഗതകാലത്തിലെ ദൃശ്യം [ഗതകാലം — ഭൂതകാലം] (കഴിഞ്ഞകാലത്തെ രംഗങ്ങൾ Flash back)

ഗത്പ്രാണൻ — ഗതമായ പ്രാണനോടുകൂടിയവൻ (മരിച്ചവൻ)

ഗത്ഭർത്തൃക — ഭർത്താവ് പോയ് പോയവൾ (വിധവ)

ഗതാവധികം — ഗതമായ അവധിയോടുകൂടിയത് (കാലഹരണം വന്നത്)

ഗദ — പീഡിപ്പിക്കുന്നത് [ഗദയതി—പീഡയതി] (ഒരായുധം)

ഗദാഗ്രജൻ — ഗദന്റെ അഗ്രജൻ [ഗദൻ—വസുദേവപുത്രൻ. അഗ്രജൻ—ജ്യേഷ്ഠൻ] (ശ്രീകൃഷ്ണൻ)

ഗദാഗ്രണി — ഗദങ്ങളിൽ അഗ്രണി [ഗദം—രോഗം] (ക്ഷയം)

ഗദാരാതി — ഗദത്തിന്റെ അരാതി [ഗദം — രോഗം. അരാതി — ശത്രു] (മരുന്ന്)

ഗദാവസാനം — കംസവധത്തെപ്പറ്റി കേട്ട ജരാസന്ധൻ ചുഴറ്റിയെറിഞ്ഞ ഗദചെന്നു വീണ സ്ഥലം (മഥുരാപുരിക്കടുത്തുള്ള പ്രദേശം)

ഗദ്യം — ഗദിക്കപ്പെടുന്നതു [ഗദിക്കുക—പറയുക] (വാക്യം)

ഗദ്യം — ഗദിക്കത്തക്കത് [ഗദിക്കുക—പറയുക] (പദ്യമല്ലാത്ത രചന)

ഗന്ധദ്വിപം — മദജലഗന്ധമുള്ള ദ്വിപം [ദ്വിപം—ആന] (മദയാന)

ഗന്ധമാദനം — പുഷ്പഗന്ധംകൊണ്ടു മദിപ്പിക്കുന്നത് [മദിപ്പിക്കുക—സന്തോഷിപ്പിക്കുക] (പുരാണപ്രസിദ്ധമായ ഒരു പർവ്വതം)

ഗന്ധർവ്വൻ — ഗന്ധത്തെ അർവ്വിക്കുന്നവൻ [ഗന്ധം—സംഗീതവാദ്യാദിജനിത പ്രമോദം. അർവ്വിക്കുക—പ്രാപിക്കുക] (സ്വർഗ്ഗഗായകൻ)

ഗന്ധവഹൻ — ഗന്ധത്തെ വഹിക്കുന്നവൻ [ഗന്ധം—മണം] (വായു)

ഗന്ധസാരം — ഗന്ധമുള്ള സാരത്തോടു കൂടിയത് [സാരം — കാതൽ] (ചന്ദനം)

ഗന്ധാംബു — ഗന്ധമുള്ള അംബു [അംബു — ജലം] (വാസനയുള്ള ജലം)

ഗഭസ്തിമാൻ — ഗഭസ്തികളോടുകൂടിയവൻ [ഗഭസ്തി—രശ്മി] (സൂര്യൻ)

ഗരഘ്നം — ഗരത്തെ ഹനിക്കുന്നത് [ഗരം—വിഷം] (വിഷത്തെ നശിപ്പിക്കുന്നത്)

ഗരുഡൻ — ഗരുത്തുകൾകൊണ്ടു ഡയനം ചെയ്യുന്നത് [ഗരുത്ത്—ചിറക്. ഡയനം ചെയ്യുക—ഉയരുക] (വിനതാസുതൻ)

ഗരുഡാഗ്രജൻ — ഗരുഡന്റെ അഗ്രജൻ [അഗ്രജൻ—ജ്യേഷ്ഠൻ] (അരുണൻ)

ഗരുത്മാൻ — നല്ല ഗരുത്ത് ഉള്ളവൻ [ഗരുത്ത്—ചിറക്] (ഗരുഡൻ)

ഗർദ്ദഭം — ഗർദ്ദനം ചെയ്യുന്നത് [ഗർദ്ദനം—കഴുതയുടെ കരച്ചിൽ] (കഴുത)

ഗർഭദീക്ഷ — ഗർഭമായാൽ പ്രസവിക്കുന്നതുവരെയുള്ള ഭർത്താവിന്റെ ദീക്ഷ [ദീക്ഷ—ക്ഷൗരം ചെയ്യാതിരിക്കൽ]

ഗർഭന്യാസം — ചെമ്പുകൊണ്ടുള്ള പാത്രം ഭൂമിദേവിയുടെ ഗർഭാശയമായി കല്പിച്ചുകൊണ്ടു കുഴിയിൽ ഇറക്കിവെക്കുന്ന കർമ്മം (ക്ഷേത്രനിർമ്മാണത്തിലെ ഒരു ചടങ്ങ്)

ഗർഭശ്രീമാൻ — ഗർഭത്തിലിരിക്കുമ്പോൾത്തന്നെ ശ്രീമാൻ ആയവൻ (ജനിക്കുന്നതിന്നു മുമ്പേ അധികാരം ലഭിച്ചവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗവാക്ഷം — ഗോവിന്റെ അക്ഷിപോലുള്ളത് [ഗോവ് – പശു. അക്ഷി–കണ്ണ്] (കിളിവാതിൽ)

ഗഹനം — കടന്നുചെല്ലുവാൻ പ്രയാസമുള്ളത് [ഗാഹ്യതേ–ദു:ഖേന ഗമ്യതേ] (ദുർഗ്ഗമം)

ഗളഹസ്തം — ഗളത്തിൽ ഹസ്തം ചേർത്തുള്ള തള്ളൽ [ഗളം–കഴുത്ത്. ഹസ്തം–കൈ] (പിടലിപിടുത്തം)

ഗാംഗേയൻ — ഗംഗയുടെ മകൻ (ഭീഷ്മർ)

ഗാണ്ഡീവി — ഗാണ്ഡീവം ഉള്ളവൻ [ഗാണ്ഡീവം–ഖാണ്ഡവദഹനകാലത്തു അർജ്ജുനന്ന് അഗ്നി വരുണനോടു വാങ്ങിക്കൊടുത്ത വില്ല്] (അർജ്ജുനൻ)

ഗാത്രരുഹം — ഗാത്രത്തിൽ രോഹണം ചെയ്യുന്നത് [ഗാത്രം – ശരീരം. രോഹണം ചെയ്യുക – മുളക്കുക] (രോമം)

ഗാധിജൻ — ഗാധിയുടെ പുത്രൻ [ഗാധി – വിശ്വാമിത്രന്റെ പിതാവ്] (വിശ്വാമിത്രൻ)

ഗാന്ദിനീസുതൻ — ഗാന്ദിനിയുടെ സുതൻ [ഗാന്ദിനി – അക്രൂരന്റെ അമ്മ] (അക്രൂരൻ)

ഗാന്ധാരം — സപ്തസ്വരങ്ങളിൽ മൂന്നാമത്തേത് (ഗ)

ഗാന്ധാരി — ഗാന്ധാരന്റെ മകൾ [ഗാന്ധാരൻ – സുബലൻ എന്ന രാജാവ്] (ധൃതരാഷ്ട്രപത്നി)

ഗാന്ധാരേയൻ — ഗാന്ധാരിയുടെ മകൻ (ദുര്യോധനൻ)

ഗായത്രി — ഗായകനെത്രാണം ചെയ്യുന്നത് [ഗായന്തം ത്രായതേ ഇതി] (വൈദികമന്ത്രം)

ഗാർഗ്ഗി — ഗർഗ്ഗവംശത്തിൽ ജനിച്ചവൾ (യാജ്ഞവല്ക്യന്റെ പത്നി)

ഗാർഹപത്യാഗ്നി — ഗൃഹപതി സൂക്ഷിക്കുന്ന അഗ്നി [ഗൃഹപതി – ഗൃഹസ്ഥൻ] (അഗ്നിത്രയത്തിലൊന്ന്)

ഗാഹകൻ — ഗാഹംചെയ്യുന്നവൻ [ഗാഹം ചെയ്യുക–മുങ്ങുക] (കുളിക്കുന്നവൻ)

ഗിരി — വിലകൂടിയ ധാതുക്കളെയും ഔഷധങ്ങളെയും ഒളിച്ചുവെക്കുന്നത്. [ഗിരതി–ധാരയതി] (പർവ്വതം)

ഗിരിചരൻ — ഗിരിയിൽ ചരിക്കുന്നവൻ [ഗിരി – പർവ്വതം] (മലവാസി)

ഗിരിജ — ഗിരിയുടെ മകൾ [ഗിരി–ഇവിടെ, ഹിമാലയം] (പാർവ്വതി)

ഗിരിധരൻ — ഗിരിയെ ധരിച്ചവൻ [ഗിരി – ഇവിടെ, ഗോവർദ്ധനപർവ്വതം] (ശ്രീകൃഷ്ണൻ)

ഗിരിഭിത്ത് — ഗിരികളെ ഭേദിച്ചവൻ [ഭേദിക്കുക–പിളർക്കുക. ഇവിടെ, ചിറകറുക്കുക എന്നർത്ഥം] (ഇന്ദ്രൻ)

ഗിരിശയൻ — ഗിരിയിൽ ശയിക്കുന്നവൻ [ഗിരി – പർവ്വതം. ഇവിടെ, കൈലാസം] (ശിവൻ)

ഗിരിശൻ — ഗിരിയിൽ ശയിക്കുന്നവൻ [ഗിരി – വേദം] (വേദപ്രതിപാദ്യമായ സച്ചിദാനന്ദസ്വരൂപൻ)

ഗിരീശൻ — ഗിരിയുടെ ഈശൻ [ഗിരി–കൈലാസപർവ്വതം] (ശിവൻ)

ഗീത — ഗാനരൂപത്തിൽ ആത്മവിദ്യ ഉപദേശിക്കുന്ന കൃതി (ഭഗവദ്ഗീത)

ഗീതാകർത്താവ് — ഗീതയുടെ കർത്താവ് [ഗീത – ഭഗവദ്ഗീത] (ശ്രീകൃഷ്ണൻ)

ഗീർദേവി — ഗീരിന്റെ ദേവി [ഗീർ–വാക്ക്] (സരസ്വതി)

ഗീർവാണൻ — വാണംപോലുള്ള ഗീരുകളോടു കൂടിയവൻ [ഗീർ–വാക്ക്] (ദേവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗീഷ്പതി — ഗീരുകളുടെ പതി [ഗീർ–വാക്ക്] (ബൃഹസ്പതി)

ഗുഡാകേശൻ — ഗുഡാകയെ കീഴടക്കിയവൻ [ഗുഡാക – നിദ്ര, മായ] (ശിവൻ)

ഗുഡി — തുളുനാട്ടിൽ ഭൂതാരാധനയ്ക്കുള്ള സ്ഥലം (മലയാളത്തിലെ കുടി ഇതിന്നു തുല്യമാണ്)

ഗുഡിക — ഗുഡാരൂപത്തിലുള്ളത് [ഗുഡ–വർത്തുളം] (ഗുളിക)

ഗുഡോദനം — ഗുഡം ചേർത്ത ഓദനം [ഗുഡം – ശർക്കര, ഓദനം – ചോറ്] (പായസം)

ഗുണവാചകം — ഗുണത്തെ വചിക്കുന്നത് [വചിക്കുക–പറയുക] (വിശേഷണം)

ഗുപ്തനാമം — ഗുപ്തമായനാമം [ഗുപ്തം – മറച്ചുവെക്കപ്പെട്ടതു] (തൂലികാനാമം)

ഗുരു — വേദാദിശാസ്ത്രങ്ങൾ ഉപദേശിക്കുന്നവൻ [ഗൃണാതി–ഉപദിശതി] (ഉപാദ്ധ്യായൻ)

ഗുരുവാസരം — ഗുരുവിന്റെ വാസരം [ഗുരു–വ്യാഴം, വാസരം–ദിവസം] (വ്യാഴാഴ്ച)

ഗുർവ്വംഗന — ഗുരുവിന്റെ അംഗന [അംഗന–സ്ത്രീ] (ഗുരുപത്നി)

ഗുഹൻ — ദേവസേനയെ ഗൂഹനം ചെയ്തവൻ [ഗൂഹനം ചെയ്യുക–രക്ഷിക്കുക] (കാർത്തികേയൻ)

ഗുഹ്യോപദേശം — ഗുഹ്യമായ ഉപദേശം [ഗുഹ്യം–രഹസ്യം] (ഗൂഢമായ ഉപദേശം)

ഗൃഹപതി — ഗൃഹത്തിന്റെ പതി [ഗൃഹം–വീട്] (ഗൃഹസ്ഥൻ)

ഗൃഹം — സകലരാലും ഗ്രഹിക്കപ്പെടുന്നത് [ഗ്രഹിക്കുക–സ്വീകരിക്കുക] (വീട്)

ഗൃഹാഗതൻ — ഗൃഹത്തിൽ ആഗമിച്ചവൻ (വിരുന്നുകാരൻ)

ഗൃഹാശ്മം — ഗൃഹത്തതിലെ അശ്മം [അശ്മം–കല്ല്] (അരകല്ല്)

ഗേഹേശൂരൻ — ഗേഹത്തിൽ ശൂരനായുള്ളവൻ (അപ്രാപ്തൻ)

ഗൈരേയം — ഗിരിയിലുണ്ടായത് [ഗിരി–പർവ്വതം] (കന്മദം)

ഗോകർണ്ണേശൻ — ഗോകർണ്ണത്തെ ഈശൻ (ശിവൻ)

ഗോകുലം — ഗോക്കളുടെ കുലം [ഗോക്കൾ–പശുക്കൾ] (അമ്പാടി)

ഗോഘ്നൻ — ഗോവിനെ ഹനിക്കുന്നവൻ (അതിഥിസത്കാരം ചെയ്യുന്നവൻ എന്നാണ് രൂഢമായ പദാർത്ഥം)

ഗോചരം — ഗോക്കൾ ചരിക്കുന്നത് [ഗോക്കൾ–ഇന്ദ്രിയങ്ങൾ] (വിഷയം)

ഗോതമൻ — ഏറ്റവുമധികം ഗോക്കളുള്ളവൻ [ഗോ–പ്രകാശം] (സൂര്യൻ)

ഗോത്രം — ഗോവിനെ ത്രാണനം ചെയ്യുന്നത് [ഗോവ്–പശു] (പർവ്വതം)

ഗോത്രഭിത്ത് — ഗോത്രത്തെ ഭേദിച്ചവൻ [ഗോത്രം–പർവ്വതം] (ഇന്ദ്രൻ; പർവ്വതങ്ങളുടെ ചിറകറുത്തവൻ)

ഗോദാരണം — ഗോവിനെ ദാരണം ചെയ്യുന്നത് [ഗോവ് – ഭൂമി, ദാരണം ചെയ്യുക – പിളർക്കുക] (കലപ്പ)

ഗോദാവരി — ഗോക്കളെ വളർത്തുന്നതിൽ ഒന്നാംസ്ഥാനത്തുനില്ക്കുന്ന നദി. [ഗോദാ–ഗോക്കളെ തരുന്നത്. വരീ–ശ്രേഷ്ഠാ] (ഒരു പുണ്യനദി)

ഗോദുഹൻ — ഗോവിനെ ദോഹനം ചെയ്യുന്നവൻ [ദോഹനം ചെയ്യുക–കറക്കുക] (കറവക്കാരൻ)

ഗോധുക്ക് — ഗോവിനെ ദോഹനം ചെയ്യുന്നവൻ [ദോഹനം–കറവ്] (ഗോപൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഗോധൂളി — ഗോക്കൾ ധൂളി ഉയർത്തുന്ന സമയം [ധൂളി — പൊടി] (മേഞ്ഞുകൊണ്ടിരുന്ന പശുക്കൾ പൊടി പറപ്പിക്കുന്ന സമയമാണ് സന്ധ്യ)

ഗോപുരം — പുരത്തെ രക്ഷിക്കുന്നത് [പുരം—നഗരം. ഗോപായതി—നഗരം രക്ഷതി] (നഗരദ്വാരം)

ഗോപ്യചതുഷ്ടയം — ഗോപ്യമായി വെക്കേണ്ട നാലെണ്ണം [ഗോപ്യം—രഹസ്യം] (ശത്രുവും ശത്രുത്വവും അവമാനവും രാജകോപവും)

ഗോവർദ്ധനോദ്ധാരകൻ — വൃന്ദാവനത്തിലെ ഗോവർദ്ധനപർവ്വതത്തെ ഉദ്ധരിച്ചവൻ (ശ്രീകൃഷ്ണൻ)

ഗോവിന്ദൻ — മഹാബലിയിൽ നിന്നു ഗോവിനെ വശത്താക്കിയവൻ [ഗാം വിന്ദതി ഇതി. ഗോവ്—പശു] (വിഷ്ണു)

ഗോശാല — ഗോവിന്റെ ശാല (പശുത്തൊഴുത്ത്)

ഗോവ് — ഗമിക്കുന്നവൾ [ഗമിക്കുക—മേഞ്ഞുനടക്കുക] (പശു)

ഗോശബ്ദത്തിന്റെ നാനാർത്ഥം : സ്വർഗ്ഗം, ഇന്ദ്രു, പശു, വാക്ക്, വജ്രം, ദിക്ക്, നേത്രം, രശ്മി, ഭൂമി, ജലം. 'സ്വർഗ്ഗേന്ദ്രു പശു വാഗ്വജ്രദിങ് നേത്രരശ്മ്യുണി ഭൂജലേ' അമരകോശം.

ഗോഷ്ഠം — ഗോക്കൾ സ്ഥിതിചെയ്യുന്ന സ്ഥലം [ഗോക്കൾ — പശുക്കൾ] (അമ്പാടി)

ഗോഷ്പദം — ഗോവിന്റെ പദം [ഗോവ് — പശു. പദം — കാൽ] (പശുവിൻ കുളമ്പ്)

ഗോരക്ഷ്യം — ഗോക്കളെ രക്ഷിക്കൽ [ഗോക്കൾ—പശുക്കൾ] (പശുപാലനം)

ഗൗരി — ഗൗരവർണ്ണത്തിൽ ഉള്ളവൾ [ഗൗരവർണ്ണം—തപ്തകാഞ്ചനവർണ്ണം] (പാർവ്വതി)

ഗ്രഹചാരം — ഗ്രഹങ്ങളുടെ ഗതി (ഗ്രഹപ്പിഴകൊണ്ടുള്ള ആപത്ത്)

ഗ്രഹണീഹരം — ഗ്രഹണിയെ ഹരിക്കുന്നത് (കറാമ്പു)

ഗ്രഹപതി — ഗ്രഹങ്ങളുടെ പതി [ഗ്രഹങ്ങൾ—ചൊവ്വ തുടങ്ങിയ ഗോളങ്ങൾ] (സൂര്യൻ)

ഗ്രഹസ്ഥിതി — ഗ്രഹങ്ങളുടെ സ്ഥിതി (ജനനസമയത്തെ ഗ്രഹനില)

ഗ്രാമണി — ഗ്രാമത്തെ നയിക്കുന്നവൻ (കരപ്രമാണി)

ഗ്രാമ്യം — ഗ്രാമത്തിൽ ഭവിച്ചത് (നാടൻ മട്ടിലുള്ളത്)

ഗ്രാസം — ഗ്രസിക്കപ്പെടുന്നത് [ഗ്രസിക്കുക—വിഴുങ്ങുക] (ഉരുള)

ഗ്രാഹ്യചതുഷ്ടയം — ഗ്രാഹ്യങ്ങളുടെ ചതുഷ്ടയം [ഗ്രാഹ്യം—സ്വീകരിക്കാവുന്നത്] (അമൃതവും സുഭാഷിതവും സൽക്കർമ്മവും സ്ത്രീരത്നവും)

ഗ്രീവാഭൂഷാ — ഗ്രീവയിലെ ഭൂഷ [ഗ്രീവ—കഴുത്ത്] (കണ്ഠാഭരണം)

ഘ

ഘടകം — ഘടിപ്പിക്കുന്ന പദം (രണ്ടു പദങ്ങളെയോ വാക്യങ്ങളെയോ യോജിപ്പിക്കുന്ന ദ്യോതകം)

ഘടകാരൻ — ഘടം ഉണ്ടാക്കുന്നവൻ [ഘടം—പാത്രം] (കുശവൻ)

ഘടദീപം — ഘടത്തിനകത്തു കൊളുത്തിവെച്ച ദീപം [ഘടം—പാത്രം] (പുറത്തുപ്രകാശിക്കാത്ത അറിവ്)

ഘണ്ടാകർണ്ണൻ — കർണ്ണത്തിൽ ഘണ്ടയുള്ള ഒരു ദേവത [കർണ്ണം—ചെവി. ഘണ്ട—മണി] (ഒരു തെയ്യം)

ഘണ്ടാപഥം — ഘണ്ടയുള്ള പന്ഥാവ് [ഘണ്ട — നാഴികമണി. പന്ഥാവ്—മാർഗ്ഗം] (രാജപാത)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഘണ്ടാഭയം — യമന്റെ വാഹനത്തിന്റെ കഴുത്തിലെ ഘണ്ടയുടെ ശബ്ദം കേൾക്കുന്നുണ്ടോ എന്ന ഭയം [ഘണ്ട–മണി] (മരണഭയം)

ഘനകാലം — ഘനപ്രധാനമായ കാലം [ഘനം – മേഘം] (മഴക്കാലം)

ഘനഗർജ്ജനം — ഘനത്തിന്റെ ഗർജ്ജനം [ഘനം–മേഘം] (ഇടി)

ഘനധ്വനി — ഘനത്തിന്റെ ധ്വനി [ധ്വനി–ശബ്ദം] (ഇടി)

ഘനരസം — ഘനത്തിൽ നിന്നുള്ള രസം [ഘനം–മേഘം] (വെള്ളം)

ഘനരാഗം — ഘനംതോന്നിപ്പിക്കുന്ന രാഗം [ഘനം – താനം അഥവാ മദ്ധ്യകാലം] (നാട്ട, ഗൗളം തുടങ്ങിയവ)

ഘനരുചി — ഘനത്തിന്റെ രുചി [ഘനം – മേഘം. രുചി – ശോഭ] (മിന്നൽ)

ഘനവാഹനൻ — ഘനം വാഹനമായുള്ളവൻ [ഘനം–മേഘം] (ദേവേന്ദ്രൻ)

ഘനാത്യയം — ഘനങ്ങൾക്കു അത്യയംവരുന്ന കാലം [ഘനം–മേഘം. അത്യയം–നാശം] (ശരൽക്കാലം)

ഘനം — വായുവാൽ ഹനിക്കപ്പെടുന്നത് (മേഘം)

ഘർമ്മദ്യുതി — ഘർമ്മമായ ദ്യുതിയോടുകൂടിയവൻ [ഘർമ്മം–ഉഷ്ണം. ദ്യുതി–പ്രകാശം] (സൂര്യൻ)

ഘർമ്മാന്തം — ഘർമ്മത്തിന്റെ അന്തം [ഘർമ്മം – വെയിൽ] (വേനലിന്റെ അവസാനം)

ഘാണ്ടികൻ — ഘണ്ടാനാദം പുറപ്പെടുവിക്കുന്നവൻ (ഘണ്ടാനാദം–മണിയൊച്ച] (മണിയടിക്കുന്നവൻ)

ഘാതകൻ — ഘാതത്തെ ചെയ്യുന്നവൻ [ഘാതം–കൊല] (കൊലയാളി)

ഘൂകം — ഘൂ എന്നു ശബ്ദിക്കുന്നത് (മൂങ്ങ)

ഘൂകാരി — ഘൂകത്തിന്റെ അരി [ഘൂകം–മൂങ്ങ] (കാക്ക)

ഘൃതാന്നം — ഘൃതം ചേർത്ത അന്നം [ഘൃതം–നെയ്] (നെയ്ച്ചോറ്)

ഘോരൻ — ഭയംകരൻ [ഘോരം–ഭയങ്കരം] (ശിവൻ)

ഘോഷം — ഗോക്കൾഘോഷിക്കുന്ന സ്ഥലം [ഘോഷിക്കുക–ശബ്ദിക്കുക] (ഗോശാല)

ഘോഷം — വ്യാകരണത്തിൽ ഘ, ഝ, ഢ, ധ, ഭ എന്ന വ്യഞ്ജനങ്ങൾ

ഘോഷി — ഉച്ചത്തിൽ ശബ്ദിക്കുന്നത് (ഹ എന്ന വ്യഞ്ജനം)

ഘ്രാതവ്യം — ഘ്രാണയോഗ്യം (സുഗന്ധം)

ച

ചക്കാലനായർ — ചക്കിന്റെയും ആലയുടെയും ഉടമയായനായർ (വാണിയൻ)

ചക്കുകൊക്ക് — ചക്കിന്റെ കൊക്ക് (ചക്കുകണയുടെ മുകളിൽ കൊള്ളിച്ചുവെക്കുന്നമരക്കഷണം)

ചക്രജീവകൻ — ചക്രം തിരിച്ചുപാത്രമുണ്ടാക്കി ജീവിക്കുന്നവൻ (കുശവൻ)

ചക്രധരൻ — ചക്രം ധരിച്ചവൻ [ചക്രം–സുദർശനചക്രം] (വിഷ്ണു)

ചക്രപാണി — ചക്രം പാണിയിലുള്ളവൻ [ചക്രം – സുദർശനചക്രം. പാണി–കൈ] (വിഷ്ണു)

ചക്രപൂജ — സ്ത്രീകളും പുരുഷന്മാരും വട്ടമിട്ടിരുന്നുചെയ്യുന്ന പൂജ (ശാക്തേയപൂജ)

ചക്രവർത്തി — ചക്രം കൈയിലേന്തുന്നവൻ [ചക്രം – പത്മാകാരശുഭചിഹ്നം] (മഹാരാജാവ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചക്രവാകബന്ധു — ചക്രവാകത്തിന്റെ ബന്ധു [ചക്രവാകം–ഒരുപക്ഷി] (സൂര്യൻ)

ചക്രാനിലൻ — ചക്രരൂപത്തിൽ സഞ്ചരിക്കുന്ന അനിലൻ [അനിലൻ–വായു] (ചുഴലിക്കാറ്റ്)

ചക്രായുധൻ — ചക്രം ആയുധമായുള്ളവൻ [ചക്രം–സുദർശനചക്രം] (വിഷ്ണു)

ചക്രി — ചക്രംപോലെ ചുരുണ്ടുകിടക്കുന്നത് (പാമ്പ്)

ചക്രീശ്വരൻ — ചക്രികളിൽ ഈശ്വരൻ [ചക്രി–പാമ്പ്] (അനന്തസർപ്പം)

ചക്ഷുശ്രവണം — ചക്ഷുസ്സ് ശ്രവണമായി ഉപകരിക്കുന്നത് [ചക്ഷുസ്സ് – കണ്ണ്, ശ്രവണം – ചെവി] (പാമ്പ്)

ചങ്ങലവട്ടക — എണ്ണയൊഴിക്കുന്നതിന്നു ചങ്ങലയിൽ ഘടിപ്പിച്ച വട്ടകയോടുകൂടിയ വിളക്ക് (പഴയഒരുതരം വിളക്ക്)

ചങ്ങനാശ്ശേരി — ചങ്ങനാട്ടുകാരുടെ ചേരി [ചങ്ങനാട്ടുകാർ–സംഗരാജാക്കന്മാരുടെ നാട്ടുകാർ] (തിരുവിതാംകൂറിലെ ഒരു പ്രദേശം)

ചഞ്ചരീകം — ചരിച്ചുകൊണ്ടിരിക്കുന്നത് (വണ്ട്)

ചഞ്ചലാക്ഷി — ചഞ്ചലമായ അക്ഷികളോടുകൂടിയവൾ [ചഞ്ചലം–ഇളകിക്കൊണ്ടിരിക്കുന്നത്] (സുന്ദരി)

ചട്ടൻ — വിദ്യാർത്ഥി എന്ന അർത്ഥത്തിൽ പ്രാചീന കേരളത്തിൽ പ്രചരിച്ചിരുന്ന പദങ്ങളിലൊന്ന്. ചാത്രൻ, ചാത്തിരൻ എന്നും പറഞ്ഞിരുന്നു.

ചട്ടമ്പി — ചട്ടന്മാരിൽ നമ്പി [ചട്ടൻ–വിദ്യാർത്ഥി, നമ്പി – യോഗ്യൻ] (മാതൃകാവിദ്യാർത്ഥി)

ചണ്ഡകരൻ — ചണ്ഡമായ കരങ്ങളോടുകൂടിയവൻ [ചണ്ഡം–ഉഗ്രം] (സൂര്യൻ)

ചണ്ഡമാരുതൻ — ചണ്ഡനായ മാരുതൻ [ചണ്ഡൻ–കഠിനൻ] (കൊടുങ്കാറ്റ്)

ചതുർദോഷം — നാലുദോഷം (വേട്ട, ചൂതാട്ടം, മദ്യപാനം, സ്ത്രീസേവ)

ചതുർധാമങ്ങൾ — നാലു ധാമങ്ങൾ [ധാമം – പരമപദം] (ജ്ഞാനേന്ത്രി, ഗംഗോത്രി, കേദാരനാഥം, ബദരീനാഥം എന്നീ പുണ്യക്ഷേത്രങ്ങൾ)

ചതുരംഗം — യുദ്ധത്തിനുള്ള നാലംഗം (ആന, കുതിര, തേർ, ആൾ)

ചതുരാനനൻ — നാല് ആനനമുള്ളവൻ (നാന്മുഖൻ)

ചതുരുപായം — നാല് ഉപായം (സാമം, ദാനം, ഭേദം, ദണ്ഡം)

ചതുര്യുഗം — നാല് യുഗം (കൃത, ത്രേത, ദ്വാപര, കലി)

ചതുർവിധവിഭവങ്ങൾ — നാലുവിധം വിഭവങ്ങൾ [ഖാദ്യം–കടിച്ചുമുറിക്കുന്നത്; ലേഹ്യം–തൊട്ടുനക്കിക്കഴിക്കാനുള്ളത്; ചോഷ്യം–വലിച്ചുകുടിക്കുന്നവ; പേയം–കുടിക്കാനുള്ളത്] (കേരളീയസദ്യവട്ടങ്ങൾ)

ചതുർവ്യൂഹം — പരമാത്മാവിന്റെ നാലുമൂർത്തിഭേദങ്ങൾ [വാസുദേവൻ പരമാത്മാവും സങ്കർഷണൻ ജീവസമഷ്ടിയും പ്രദ്യുമ്നൻ വ്യക്തിയുടെ മനസ്സും അനിരുദ്ധൻ വ്യക്തിയുടെ അഹങ്കാരവും ആണ്. (വാസുദേവൻ, സങ്കർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ)

ചതുഷ്പദി — നാലുപാദങ്ങളോടുകൂടിയത് (ശ്ലോകം)

ചത്വരം — സമീകരിക്കപ്പെടുന്ന സ്ഥലം [ചത്യതേ – സമീക്രിയതേ] (മുറ്റം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചന്ദനം — ആഹ്ലാദിപ്പിക്കുന്നത് [ചന്ദയതി — ആഹ്ലാദയതി] (ഒരു സുഗന്ധദ്രവ്യം)

ചന്ദ്രകവാൻ — ചന്ദ്രകം ഉള്ളത് [ചന്ദ്രകം — പീലിക്കണ്ണ്] (മയിൽ)

ചന്ദ്രചൂഡൻ — ചൂഡയിൽ ചന്ദ്രനോടുകൂടിയവൻ [ചൂഡ — തല] (ശിവൻ)

ചന്ദ്രൻ — ശോഭിക്കുന്നത്. [ചന്ദതി—ദീപ്യതേ] (അമ്പിളി)

ചന്ദ്രപ്രഭ — ചന്ദ്രന്റെ പ്രഭ [പ്രഭ—പ്രകാശം] (നിലാവ്)

ചന്ദ്രഭൂഷണൻ — ചന്ദ്രൻ ഭൂഷണമായുള്ളവൻ [ഭൂഷണം — ആഭരണം] (ശിവൻ)

ചന്ദ്രമൗലി — ചന്ദ്രൻ മൗലിയിൽ ഉള്ളവൻ [മൗലി—ശിരസ്സ്] (ശിവൻ)

ചന്ദ്രവാസരം — ചന്ദ്രന്റെ വാസരം [വാസരം—ദിവസം] (തിങ്കളാഴ്ച)

ചന്ദ്രശാല — ചന്ദ്രനുള്ളപ്പോൾ വിഹരിക്കാനുള്ള ശാല (നിലാമുറ്റം)

ചന്ദ്രശേഖരൻ — ചന്ദ്രൻ ശേഖരമായി ഉള്ളവൻ [ശേഖരം—ശിരോഭൂഷണം] (ശിവൻ)

ചന്ദ്രഹാസം — ചന്ദ്രന്റെ ഹാസംപോലെ ശോഭിക്കുന്നത് (രാവണന്റെ വാൾ)

ചപലപത്രം — ചപലങ്ങളായ പത്രങ്ങളോടുകൂടിയത് [ചപലം — ചഞ്ചലം. പത്രം — ഇല] (അരയാൽ)

ചമയപ്പുര — ചമയത്തിനുള്ള പുര [ചമയം—വേഷാലങ്കാരം] (അണിയറ)

ചരകം — ചരകൻ നിർമ്മിച്ച വൈദ്യഗ്രന്ഥം

ചരണം — ചരിക്കുന്നത് [ചര ഗതൗ] (കാൽ)

ചരണായുധം — ചരണം ആയുധമായുള്ളത് [ചരണം—കാൽ] (കോഴി)

ചരാചരം — ചരവും അചരവും [ചരം—ജീവനുള്ളത്. അചരം—ജീവനില്ലാത്തത്] (സ്ഥാവരജംഗമം)

ചരാചരഗുരു — യുഗാരംഭത്തിൽ നാരായണന്റെ നാഭീപത്മത്തിൽ നിന്നു ജനിച്ചവൻ (ബ്രഹ്മാവ്)

ചർമ്മകാരൻ — ചർമ്മം ഉണ്ടാക്കുന്നവൻ [ചർമ്മം—തുകൽ] (തോൽ ഊറയ്ക്കിടുന്നവൻ)

ചർമ്മജം — ചർമ്മത്തിൽ ഉണ്ടാവുന്നത് [ചർമ്മം—തോൽ] (രോമം)

ചർമ്മയഷ്ടി — ചർമ്മംകൊണ്ടുള്ള യഷ്ടി [യഷ്ടി—വടി] (ചമ്മട്ടി)

ചർമ്മവാദ്യം — മൃഗചർമ്മം കെട്ടിയുറപ്പിച്ചുണ്ടാക്കുന്നവാദ്യം [മൃഗചർമ്മം — മൃഗത്തിന്റെ തോൽ] (ചെണ്ട മുതലായവ)

ചലജിഹ്വ — എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന ജിഹ്വയോടുകൂടിയത് [ജിഹ്വ—നാവ്] (നായ)

ചലദലം — ചലത്തായ ദലം ഉള്ളത് [ചലത്—ഇളകിക്കൊണ്ടിരിക്കുന്ന. ദലം—ഇല] (അരയാൽ)

ചഷകം — കുടിക്കാനുള്ള ഉപകരണം [ചഷതി — പിബത്യനേന] (പാനപാത്രം)

ചാക്യാർകൂത്ത് — ചാക്യാർ അഭിനയിക്കുന്ന കൂത്ത് (കേരളീയക്ഷേത്രകല)

ചാക്ഷുഷാകർഷണം — ചാക്ഷുഷമായ ആകർഷണം [ചാക്ഷുഷം—ചക്ഷുസ്സിനെ സംബന്ധിച്ച] (പ്രത്യക്ഷാകർഷണം)

ചാട്ടുളി — ചാണ്ടുന്ന ഉളി [ചാണ്ടുക—നീട്ടിയെറിയുക]

ചാണത്തല — ചാണയുടെ മിനുസമുള്ള തല (കഷണ്ടി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാതകം — മേഘത്തോടു വെള്ളത്തിന്നു യാചിക്കുന്ന പക്ഷി [ച്രയതേ—യാചതേ] (വേഴാമ്പൽ)

ചാതുർമ്മാസ്യം — നാലുമാസം നീണ്ടുനില്ക്കുന്ന വ്രതം (ആഷാഢമാസം മുതൽ കാർത്തികമാസം വരെയുള്ള നോമ്പ്)

ചാതുർവ്വർണ്യം — നാലുവർണ്ണങ്ങൾ കൂടിയത് [വർണ്ണം—ജാതി] (ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ)

ചാത്തൻ — ശാസ്താവിന്റെ തദ്ഭവം

ചാത്തം — ശ്രാദ്ധത്തിന്റെ തദ്ഭവം.

ചാന്ദ്രമാസം — ചന്ദ്രനുഭൂമിയെ പ്രദക്ഷിണം വെയ്ക്കാൻ വേണ്ട കാലത്തെ പരിഗണിച്ചുള്ള മാസം (ചൈത്രം, വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം, ഭാദ്രപദം, ആശ്വിനം, കാർത്തികം, മാർഗ്ഗശീർഷം, പുഷ്യം, മാഘം, ഫാല്ഗുനം)

ചാന്ദ്രായണം — ചന്ദ്രനിലേക്കുള്ള അയനം [ചന്ദ്രൻ — ചന്ദ്രലോകം, അയനം—യാത്ര] (ഉപഗ്രഹയാത്ര)

ചാന്നാൻ — ചാറ്റുന്നവൻ [ച്രാറ്റുക—പറയടിച്ചു യുദ്ധപ്രഖ്യാപനം നടത്തുക] (ഒരു ജാതി)

ചാപിള്ള — ചത്തുപിറക്കുന്ന പിള്ള (ജീവനില്ലാതെ ജനിക്കുന്ന കുട്ടി)

ചാമക്കഞ്ഞി — ചാമയരികൊണ്ടുള്ള കഞ്ഞി [ച്രാമ—ഒരുവകധാന്യം]

ചാമരം — ചമരിമാനിൽ നിന്നു കിട്ടുന്നത് (ച്രമരിമൃഗത്തിന്റെ വാൽ)

ചാമീകരം — ചമീകരത്തിൽ ഭവിച്ചത് [ച്രമീകരം — രത്നാകരം] (സ്വർണ്ണം)

ചാമ്പറ — വരയുടെ ചാഞ്ഞുനില്ക്കുന്ന ഭാഗം [വര—കുന്ന്. ച്രാം+വര] (ചെരിവ്)

ചാമ്പേയം — ചമ്പാദേശത്തിലുണ്ടായത് (ച്രമ്പകം)

ചാരചക്ഷുസ്സ് — ചാരന്മാരാകുന്ന ചക്ഷുസ്സുള്ളവൻ [ച്രക്ഷുസ്സ്—മിഴി] (രാജാവ്)

ചാരുഹാസിനി — ചാരുവായി ഹസിക്കുന്നവൾ [ച്രാരു — മനോഹരം. ഹസിക്കുക—ചിരിക്കുക] (സുന്ദരി)

ചാർവ്വാകൻ — ചാരുവായ വാക്കത്തോടു കൂടിയവൻ [ച്രാരു—മനോഹരം. വാകം — മതതത്വവാക്യം] (ദേഹമാണ് ആത്മാവെന്നു സ്ഥാപിച്ച ചിന്തകൻ)

ചാവാളൻ — ചാവുന്ന ആൾ (മനുഷ്യൻ)

ചാവിരുത്തി — ചാവർപടയിൽപ്പെട്ടവർക്ക് കരം ഒഴിവായി നൽകിയിട്ടുള്ള ഭൂമി [ച്രാ+വിരുത്തി] (മരിച്ചവീട്ടുകാർക്കു കൊടുക്കുന്ന വക)

ചാവുപുല — ചാവുമൂലമുള്ള പുല [ച്രാവ്—മരണം. പുല—അശുദ്ധി]

ചികുരം — ചി എന്ന കുരം പുറപ്പെടുവിക്കുന്നത് [കുരം—അവ്യക്തശബ്ദം] (തലമുടി)

ചിതാഗ്നി — ചിതയിലെ അഗ്നി (ശവംദഹിപ്പിക്കുന്ന തീ)

ചിത്തജൻ — ചിത്തത്തിൽനിന്നു ജനിക്കുന്നവൻ [ച്രിത്തം—മനസ്സ്] (കാമദേവൻ)

ചിത്തവിഭ്രമം — ചിത്തത്തിന്റെ വിഭ്രമം [ച്രിത്തം—മനസ്സ്. വിഭ്രമം—ഭ്രാന്തി] (ഉന്മാദം)

ചിത്തം — വിശേഷജ്ഞാനമുള്ളത് [ച്രിതി ജ്ഞാനേ] (ഹൃദയം)

ചിത്രകണ്ഠം — ചിത്രമായ കണ്ഠത്തോടുകൂടിയത് [ച്രിത്രം—ഭംഗിയുള്ള] (ച്രാവ്)

ചിത്രബർഹം — ചിത്രമായ ബർഹത്തോടുകൂടിയത് [ച്രിത്രം—മനോഹരം. ബർഹം—പീലി] (മയിൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിത്രഭാനു — ചിത്രമായ ഭാനുക്കളോടുകൂടിയത് [ഭാനു—രശ്മി] (അഗ്നി; സൂര്യൻ)

ചിത്രവാജം — ചിത്രമായ വാജ്ഞങ്ങളോടുകൂടിയത് [ചിത്രം—മനോഹരം. വാജ്ഞം—ചിറക്] (പൂവൻകോഴി)

ചിരംജീവി — ചിരകാലം ജീവിക്കുന്നവൻ [ചിരകാലം—വളരെക്കാലം] (അശ്വത്ഥാമാവ്, മഹാബലി, വേദവ്യാസൻ, ഹനുമാൻ, വിഭീഷണൻ, കൃപൻ, പരശുരാമൻ ഇവരാണ് ചിരംജീവികൾ)

ചിലപ്പതികാരം — ഇളങ്കോ അടികളുടെ ഒരു തമിഴ്കാവ്യം (കോവിലന്റെയും കണ്ണകിയുടെയും കഥ)

ചീങ്കണ്ണി — ചീഞ്ഞ കണ്ണുള്ളത് (മുതല)

ചീവോരി — ശ്രീഭഗവതിയുടെ തത്ഭവം

ചുക്ക് — ചുക്കിയത് [ചുക്കുക—ഉണങ്ങുക] (ഇഞ്ചി ഉണങ്ങിയത്)

ചുടലക്രിയ — ചുടലയിലെ ക്രിയ [ചുടല—ശ്മശാനം] (ശവദാഹം)

ചുടുകല്ല് — ചുട്ടെടുത്ത കല്ല് (ഇഷ്ടിക)

ചുടുകാട് — ശവം ചുടുന്ന കാട് (ശ്മശാനം)

ചുട്ടെഴുത്ത് — വ്യാകരണത്തിൽ ചൂണ്ടിപ്പറയാൻ ഉപയോഗിക്കുന്ന സർവ്വനാമങ്ങൾ (അ. ഇ. എ.)

ചുഴലിക്കാറ്റ് — ചുറ്റിയടിക്കുന്ന കാറ്റ്

ചൂചുകം — ചു ചു എന്ന അവക്തശബ്ദത്തോടെ കുടിക്കപ്പെടുന്നത് (മുല)

ചൂഡാമണി — ചൂഡയിൽ അണിയുന്ന മണി [ചൂഡ — തല. മണി — രത്നം] (ശിരോഭൂഷണം)

ചൂതഫലം — ചൂതവൃക്ഷത്തിന്റെ ഫലം [ചൂതവൃക്ഷം—മാവ്] (മാങ്ങ)

ചൂതബാണൻ — ചൂതം ബാണമായുള്ളവൻ [ചൂതം — മാമ്പൂ] (കാമദേവൻ)

ചെടി — ചെടിക്കുന്നത് [ചെടിക്കുക—പടരുക] (ചെറിയമരം)

ചെത്തുകാരൻ — തെങ്ങിന്റെ കൂമ്പ് ചെത്തി കള്ളെടുക്കുന്നവൻ (ഏറ്റുകാരൻ)

ചെത്തുപാട്ടം — തെങ്ങോ, പനയോ ചെത്തികള്ളെടുക്കുന്നതിന്ന് വൃക്ഷത്തിന്റെ ഉടമയ്ക്ക് കൊടുക്കുന്ന പാട്ടം.

ചെപ്പുകുടം — ചെമ്പുകൊണ്ടുള്ള കുടം [കുടം — പാത്രം] (ചെമ്പുപാത്രം)

ചെപ്പേട് — ചെമ്പുകൊണ്ടുള്ള ഏട് (താമ്രശാസനം)

ചെമ്മാന്ത്രം — ജന്മാന്തരത്തിന്റെ തദ്ഭവം (വിധി)

ചെമ്മാരി — ജന്മകാരിയുടെ തദ്ഭവം (താണജാതിക്കാർക്കിടയിൽ സമുദായം അംഗീകരിച്ച വർഗ്ഗത്തലവൻ)

ചെയ്തി — ചെയ്തകാര്യം (പ്രവൃത്തി)

ചെറുമർ — ചേരന്മാർ ചേരമറും ചേരമർ ചെറുമറും ആയെന്നാണ് കെ. പി. പത്മനാഭമേനോന്റെ അഭിപ്രായം (പുലയൻ)

ചേടി — ചേടുള്ളവൾ [ചേട്—സൗന്ദര്യം] (ദാസി)

ചേതോഹരം — ചേതസ്സിനെ ഹരിക്കുന്നത് [ചേതസ്സ്—മനസ്സ്. ഹരിക്കുക—ആകർഷിക്കുക] (മനോഹരം)

ചേരമാൻ — ചേരൽ മകൻ എന്ന തമിഴ്പദത്തിന്റെ തദ്ഭവരൂപം (ചേര രാജ്യത്തെ രാജാവ്)

ചേരലം — സമുദ്രം പിൻവാങ്ങുകയാൽ കരയോട് ചേർന്ന നാട് [ചേരൽ+അകം] (കേരളം)

ചേവുകക്കാരൻ — ചേവുകം നടത്തുന്നവൻ [ചേവുകം — സേവ] (സേവകൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചൈത്യതരു — ചൈത്യത്തിൽ വളർത്തുന്ന തരു [ചൈത്യം—ദേവാലയം] (അരയാൽ)

ചൈത്രരഥം — ചിത്രരഥനാൽ നിർമ്മിക്കപ്പെട്ടത് [ചിത്രരഥൻ—ഒരുഗന്ധർവ്വൻ] (വൈശ്രവണന്റെ ഉദ്യാനം)

ചൈദ്യൻ — ചേദിരാജ്യത്തെ രാജാവ് (ശിശുപാലൻ)

ചൈലധാവൻ — ചൈലം ധാവനം ചെയ്യുന്നവൻ [ചൈലം — വസ്ത്രം. ധാവനം ചെയ്യുക—വൃത്തിയാക്കുക] (വെളുത്തേടൻ)

ചൈലാജിനകുശോത്തരം — ചൈലം, അജിനം, കുശം ഇവ ഉത്തരോത്തരമായുള്ള ഇരിപ്പിടം [കുശം—പുല്ല്. അജിനം—മാന്തോൽ. ചൈലം — വസ്ത്രം] (പുല്ല്വിരിച്ച് മാന്തോലിട്ട് തുണിവിരിച്ചിട്ടുള്ള ആസനം)

ചൊങ്കൻ — ചൊങ്കുള്ളവൻ [ചൊങ്ക്—അഴക്] (സുന്ദരൻ)

ചൊറിച്ചുമല്ലൽ — നേരെപറയേണ്ട കാര്യം മറിച്ച് ചൊല്ലുന്നതിന്ന് പറയുന്നപേർ (വികടപ്രയോഗം)

ചോണാട് — ചോഴന്റെ നാട് [ചോഴൻ—ചോളരാജാവ്] (ചോളരാജ്യം)

ചോമാത്തിരി — സോമയാജി (സോമയാഗം ചെയ്യുന്നവൻ)

ചോറ്റുകൈ — ചോറെടുക്കുന്ന കൈ (വലതുകൈ)

ചൗര്യം — ചോരന്റെ കർമ്മം [ചോരൻ—കള്ളൻ] (മോഷണം)

ച്യവനൻ — ച്യവനം ചെയ്തവൻ [ച്യവനം—അലസിപ്പുറത്തു ചാടൽ] (പുലോമൻ എന്ന രാക്ഷസൻ ഭൃഗുപത്നിയെ ബലാല്ക്കാരമായി കൊണ്ടുപോകുമ്പോൾ ഗർഭം അലസിപ്പിറന്നവൻ. ഭൃഗുനന്ദനൻ)

ഛ

ഛത്രം — ഭൂമിയെ മറയ്ക്കുന്നത് [ഛദ അപവാരണേ] (കുട)

ഛത്രധരൻ — ഛത്രം ധരിച്ചവൻ [ഛത്രം—കുട] (കുടപിടിച്ചവൻ)

ഛത്രപതി — ഛത്രത്തിന്റെ പതി [ഛത്രം—രാജചിഹ്നങ്ങളിലൊന്നായ വെൺകൊറ്റക്കുട] (രാജാവ്)

ഛത്രികൻ — ഛത്രം ഉള്ളവൻ [ഛത്രം—കുട] (കുടയുള്ളവൻ)

ഛദം — വൃക്ഷത്തെ ഛാദനം ചെയ്യുന്നത് [ഛദതി—ആച്ഛാദയതി] (ഇല)

ഛന്ദശ്ശാസ്ത്രം — ഛന്ദസ്സിന്റെ ശാസ്ത്രം [ഛന്ദസ്സ് — വൃത്തത്തിന്നാശ്രയമായ ഉക്ത, അത്യുക്ത തുടങ്ങിയവ] (വൃത്തശാസ്ത്രം)

ഛവി — ഇരുട്ടിനെ ഛേദിക്കുന്നത് [ഛേദിക്കുക—അകറ്റുക] (ശോഭ)

ഛർദ്ദിഘ്നം — ഛർദ്ദിയെഹനിക്കുന്നത് (കരിവേപ്പ്)

ഛാഗം — ഇലകളെക്കൂടി ഛേദിച്ചു തിന്നുന്നത് [ഛേദിക്കുക—മുറിക്കുക] (ആട്)

ഛാഗഭോജി — ഛാഗത്തെ ഭുജിക്കുന്നവൻ [ഛാഗം—ആട്] (അജമാംസം ഭക്ഷിക്കുന്നവൻ)

ഛാന്ദോഗ്യോപനിഷത്ത് — ഒന്നാമതായി പുനർജ്ജന്മത്തെപ്പറ്റി പറഞ്ഞിട്ടുള്ള ഉപനിഷത്ത്

ഛായ — താപാദികളെ ഛേദിക്കുന്നത് [ഛേദിക്കുക—അകറ്റുക] (നിഴൽ)

ഛായാഗ്രഹം — ഛായയെഗ്രഹിക്കുന്നത് [ഛായ—നിഴൽ] (കണ്ണാടി)

ഛായാഗ്രാഹി — ഛായയെഗ്രഹിക്കുന്നത് (Photography)

ഛായാതരു — ഛായനൽകുന്ന തരു [തരു—വൃക്ഷം] (തണൽമരം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷുരികം — ഛേദിക്കാനുള്ളത് (വജ്രായുധം)

ക്ഷുദ്രം — ഛേദിക്കപ്പെടുന്നത് [ഛേദിക്കുക — പിളർക്കുക] (ദ്വാരം; ഗുഹ)

ക്ഷുരിക — ഛേദിക്കാനുള്ളത് [ക്ഷുരതി—ക്ഷിനത്തി] (ഒരുതരം അസ്ത്രം)

ജ

ജഗച്ചക്ഷുസ്സ് — ജഗത്തിന്റെ ചക്ഷുസ്സ് പോലെ പ്രകാശിക്കുന്നത് [ചക്ഷുസ്സ്—കണ്ണ്] (കർമ്മസാക്ഷിയായ സൂര്യൻ)

ജഗത്ത്രയം — ജഗത്തിന്റെ ത്രയം [ജഗത്ത്—ലോകം] (സ്വർഗ്ഗം, ഭൂമി, പാതാളം)

ജഗൽപ്രാണൻ — ജഗത്തിന്റെ പ്രാണൻ (വായു)

ജഗദംബിക — ജഗത്തിന്റെ അംബിക [ജഗത്ത്—ലോകം] (ദുർഗ്ഗ)

ജഗദാധാരം — ജഗത്തിന്നാധാരം (വായു)

ജഗദീശ്വരൻ — ജഗത്തിന്റെ ഈശ്വരൻ (ദൈവം; രാജാവ്)

ജഗദ്ദീപം — ജഗത്തിന്റെ ദീപം (സൂര്യൻ)

ജഗന്മോഹിനി — ജഗത്തിനെ മോഹിപ്പിക്കുന്നവൾ (ദുർഗ്ഗ)

ജംഗമം — വീണ്ടും വീണ്ടും ഗമിക്കുന്നത് [പുനഃ പുനഃ ഗച്ഛതീതി] (പ്രപഞ്ചം)

ജംഗമേതരം — ജംഗമമല്ലാത്തത് [ജംഗമ+ഇതരം] (അചരം)

ജഘനം — പുരുഷന്മാരാൽ ഹനിക്കപ്പെടുന്നത് (സ്ത്രീകളുടെ അരക്കെട്ടിന്റെ പുരോഭാഗം)

ജംഘാലൻ — ജംഘകൾ വേഗത്തിൽ ഇളകുന്നവൻ [ജംഘ—കണങ്കാൽ] (വേഗം നടക്കുന്നവൻ)

ജടാജൂടം — ജടയുടെ ജൂടം [ജടതി—പരസ്പരസംലഘ്നം ഭവതി] (ജടാസമൂഹം)

ജടി — ജടയുള്ളവൻ [ജട—പേരാലിന്റെ പാലും ഭസ്മവും കൂട്ടിപ്പിരിച്ച തലമുടി] (താപസൻ)

ജടിലം — ജടയുള്ളത് [ജട—കേസരം] (സിംഹം)

ജഠരം — ഗർഭമോ മലമോ ഇതിൽ ഉണ്ടാകുന്നതിനാൽ [ജായതേ ഗർഭോ മലം വാ അസ്മിന്നിതി] (ഉദരം)

ജഠരാഗ്നി — ജഠരത്തിലെ അഗ്നി [ജഠരം—വയർ] (ദഹനരസം)

ജതി — താളസ്വരൂപത്തെ അംഗവിഭാഗം ചെയ്തുപറയുമ്പോൾ ഉപയോഗിക്കുന്ന തക, തകിട, തുടങ്ങിയ അക്ഷരസമൂഹങ്ങൾ (വായ്ത്താരി)

ജനകൻ — ജനിപ്പിക്കുന്നവൻ (പിതാവ്)

ജനകതനയ — ജനകന്റെ തനയ [തനയ—മകൾ] (സീത)

ജനഗണന — ജനങ്ങളുടെ ഗണന [ഗണന — കണക്കാക്കൽ] (സെൻസസ്)

ജനനി — ജനിപ്പിക്കുന്നവൾ (അമ്മ)

ജനപദം — ജനങ്ങളുടെ പദം [പദം—ആശ്രയസ്ഥാനം] (ദേശം)

ജനപദി — ജനപദത്തിന്റെ അധിപൻ [ജനപദം—ഗ്രാമം] (ഗ്രാമാധിപൻ)

ജനം — ജനിക്കുന്നത് (ലോകം)

ജനമേജയൻ — ജനങ്ങളെ ഏജിക്കുന്നവൻ [ഏജിക്കുക — പ്രതാപം കൊണ്ട് വിറപ്പിക്കുക] (പരീക്ഷിത്തിന്റെ മകൻ)

ജനശ്രുതി — ജനങ്ങളുടെ ഇടയിലെ ശ്രുതി [ശ്രുതി — കേൾവി] (കിംവദന്തി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജനാർദ്ദനൻ — ദുഷ്ടജനങ്ങളെ അർദ്ദനം ചെയ്യുന്നവൻ [അർദ്ദനം ചെയ്യുക–പീഡിപ്പിക്കുക] (വിഷ്ണു)

ജനാചാരം — ജനങ്ങളുടെ ആചാരം (നാട്ടുനടപ്പ്)

ജനാശനൻ — ജനങ്ങളെ അശിക്കുന്നവൻ [അശിക്കുക – ഭക്ഷിക്കുക] (പെന്നായ)

ജന്തുധർമ്മം — ജന്തുക്കളുടെ ധർമ്മം (ആഹാരവിഹാരമൈഥുന നിദ്രകൾ)

ജന്മക്ഷേത്രം — ജന്മംകൊണ്ട ക്ഷേത്രം [ക്ഷേത്രം–സ്ഥലം] (ജനനസ്ഥലം)

ജന്മതിഥി — ജന്മസമയത്തെ തിഥി (ജനനത്തിയ്യതി)

ജന്മാന്തം — ജന്മത്തിന്റെ അന്തം [അന്തം–അവസാനം] (മരണം)

ജന്മാന്ധൻ — ജന്മം മുതൽ അന്ധൻ (അന്ധനായി ജനിച്ചവൻ)

ജപം — ജകാരോ ജന്മവിച്ഛേദ: പകാര: പാപനാശന: (പാപനാശത്തിന്നു ചെയ്യുന്ന ധ്യാനം)

ജംഭഭേദി — ജംഭനെഭേദിച്ചവൻ [ജംഭൻ–ജംഭാസുരൻ] (ഇന്ദ്രൻ)

ജരൽക്കാരു — തപസ്സുകൊണ്ടു ശരീരം ജരിപ്പിക്കുകയും അതിനാൽ അതു കാരുവായി തീരുകയും ചെയ്തവൻ [ജര–ക്ഷയം. കാരു–ദാരുണം] (അത്യുഗ്രതപസ്സുചെയ്ത മഹർഷി)

ജരായുജം — ജരായുവിൽ നിന്നുണ്ടായത് [ജരായു–ഗർഭപാത്രം] (പ്രസവിച്ചുണ്ടാവുന്ന ജീവി)

ജരാസന്ധൻ — ജരയാൽ സന്ധിക്കപ്പെട്ടവൻ (മഗധരാജാവ്)

ജലജം — ജലത്തിൽ ജനിച്ചത് (താമര)

ജലദം — ജലത്തെ ദാനം ചെയ്യുന്നത് (മേഘം)

ജലപതി — ജലത്തിന്റെ പതി (വരുണൻ)

ജലരുഹം — ജലത്തിൽ രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക–മുളക്കുക] (താമര)

ജലരേഖ — ജലത്തിലെ രേഖ [രേഖ–വര] (നിഷ്ഫലപ്രവൃത്തി)

ജലശായീ — ജലത്തിൽ ശയിക്കുന്നവൻ (മഹാവിഷ്ണു)

ജലൗകം — ജലം ഓകമായിട്ടുള്ളത് [ഓകം–വാസസ്ഥാനം] (ജലജന്തു)

ജവനം — അതിവേഗമോടുന്നത് [ജവം–വേഗം] (കുതിര)

ജവാനിലൻ — ജവമായ അനിലൻ [ജവം–വേഗം. അനിലൻ–വായു] (കൊടുങ്കാറ്റ്)

ജാതവേദസ്സ് — വേദങ്ങൾ ഏതിൽനിന്നു ജാതമായോ അത് [ജാതം–ഉണ്ടായത്] (അഗ്നി)

ജാതരൂപം — ജാതമായ രൂപത്തോടുകൂടിയത് [ജാതം–പ്രശസ്തം] (സ്വർണ്ണം)

ജാതിഭ്രംശം — ജാതിയിൽനിന്നുള്ള ഭ്രംശം [ജാതി – ജനിച്ചവർഗ്ഗം] (ഭ്രഷ്ട്)

ജാത്യന്ധൻ — ജാത്യാ അന്ധനായവൻ [ജാതി–ജനനം] (കുരുടൻ)

ജാനകി — ജനക മഹാരാജാവിന്റെ മകൾ (സീത)

ജാനകിജാനി — ജാനകി ജായയായുള്ളവൻ [ജായ–ഭാര്യ] (ശ്രീരാമൻ)

ജാനപദൻ — ജനപദത്തിൽ ഉള്ളവൻ [ജനപദം–ഗ്രാമം] (ഗ്രാമീണൻ)

ജാമദഗ്ന്യൻ — ജമദഗ്നി മഹർഷിയുടെ പുത്രൻ (പരശുരാമൻ)

ജാമാതാവ് — ജാമയുടെ ഭർത്താവ് [ജാമ–മകൾ] (മകളുടെ ഭർത്താവ്)

ജായ — പുത്രരൂപത്തിൽ താൻ വീണ്ടും ആരിൽ ജനിക്കുന്നുവോ അവൾ (ഭാര്യ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ജാരജൻ — ജാരനിൽ ജനിച്ചവൻ [ജാരൻ–ഒളിപുരുഷൻ] (ഒളിപുരുഷനിലുണ്ടായ പുത്രൻ)

ജാഹ്നവി — ജഹ്നുവിൽ നിന്നുണ്ടായവൾ [ജഹ്നുമുനി യാഗം കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് ഭഗീരഥൻ ഗംഗയെ പാതാളത്തിലേക്ക് കൊണ്ടുപോയത്. യാഗശല മുങ്ങിയപ്പോൾ ജഹ്നു ഗംഗയെ കുടിച്ചുതീർത്തു; പിന്നീടു ഭഗീരഥന്നുവേണ്ടി ചെവിയിലൂടെ പുറത്തേക്കുവിട്ടു. അങ്ങനെയാണുഗംഗ ജാഹ്നവിയായത്] (ഗംഗ)

ജിഘാംസ — ഹനിക്കാനുള്ള ഇച്ഛ [ഹനിക്കുക – കൊല്ലുക] (ഹനനവാഞ്ഛ)

ജിജ്ഞാസ — അറിയാനുള്ള ഇച്ഛ [ജ്ഞാതും ഇച്ഛാ] (ജ്ഞാനദാഹം)

ജിതാമിത്രൻ — ജിതരായ അമിത്രങ്ങളോടുകൂടിയവൻ [അമിത്രം – ശത്രു] (വിഷ്ണു)

ജിതേന്ദ്രിയൻ — ജിതമായ ഇന്ദ്രിയങ്ങളോടുകൂടിയവൻ (ഇന്ദ്രിയങ്ങളെ കീഴടക്കിയവൻ)

ജിനസദ്മം — ജിനന്റെ സദ്മം [സദ്മം–മന്ദിരം] (ജൈനക്ഷേത്രം)

ജിനേന്ദ്രൻ — ജിനന്മാരിൽ ഇന്ദ്രൻ [ജിനൻ–അർഹൻ] (ബുദ്ധൻ)

ജിഹ്മഗ — ജിഹ്മമായി ഗമിക്കുന്നത് [ജിഹ്മം–വളഞ്ഞത്] (പാമ്പ്)

ജിഹ്വാസ്വാദം — ജിഹ്വകൊണ്ടുള്ള ആസ്വാദം [ജിഹ്വ – നാവ്] (നക്കൽ)

ജീമൂതം — ജീവനത്തെ മോചിപ്പിക്കുന്നത് [ജീവനം–ജലം] (മേഘം)

ജീമൂതവാഹനൻ — ജീമൂതം വാഹനമായുള്ളവൻ [ജീമൂതം – മേഘം] (ദേവേന്ദ്രൻ)

ജീവധാനി — ജീവജാലങ്ങളുടെ ധാനി [ധാനി–ഇരിപ്പിടം] (ഭൂമി)

ജീവനം — ജീവിപ്പിക്കുന്നത് (വെള്ളം)

ജീവനാന്തം — ജീവനത്തിന്റെ അന്തം [ജീവനം–ജീവൻ] (മരണം)

ജീവോത്സർഗ്ഗം — ജീവന്റെ ഉത്സർഗ്ഗം [ഉത്സർഗ്ഗം–ഉപേക്ഷിക്കൽ] (ആത്മഹത്യ)

ജൈനമതം — ജൈനൻ സ്ഥാപിച്ചമതം [ജൈനൻ–വർദ്ധമാന മഹാവീരൻ]

ജ്ഞാനകാണ്ഡം — ജ്ഞാനത്തെ വിവരിക്കുന്ന കാണ്ഡം [ജ്ഞാനം–ആത്മജ്ഞാനം. കാണ്ഡം–ഭാഗം] (ഉപനിഷത്ത്)

ജ്ഞാനസ്നാനം — ക്രിസ്തുമതജ്ഞാനമുണ്ടാക്കുന്ന സ്നാനം (ക്രിസ്ത്യാനിയാക്കുന്ന കർമ്മം. Baptism)

ജ്ഞാനേന്ദ്രിയം — ജ്ഞാനമരുളുന്ന ഇന്ദ്രിയം [ജ്ഞാനം – അറിവ്] (കണ്ണും ചെവിയും തൊലിയും നാക്കും മൂക്കും)

ജ്യൗതിഷികൻ — ജ്യോതിഷം അറിയുന്നവൻ [ജ്യോതിഷം–ജ്യോതിഷശാസ്ത്രം] (ഗണകൻ)

ജ്വലനൻ — ജ്വലിക്കുന്നവൻ [ജ്വലിക്കുക–ദഹിക്കുക] (തീ)

ജ്വാല — ജ്വലിക്കുന്നത് [ജ്വലിക്കുക–പ്രകാശിക്കുക] (തീനാമ്പ്)

ഝ

ഝങ്കാരം — ഝം എന്ന ശബ്ദം (വണ്ടുകളുടെയും മറ്റും മൂളൽ)

ഝങ്കാരിണി — ഝങ്കാരത്തോടെ സഞ്ചരിക്കുന്നവൾ [ഝങ്കാരം–മൂളൽ] (ഗംഗ)

ഝഞ്ചനം — ഝം എന്ന ശബ്ദം (ചിലങ്കയുടെ ശബ്ദം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഝഞ്ചാവാതം — ഝഞ്ചാ എന്ന ഇരമ്പലോടെ വരുന്ന വാതം [വാതം—വായു] (കൊടുങ്കാറ്റ്)

ഝമ്പാകൻ — ഝമ്പകാട്ടുന്നതിൽ വിരുതൻ [ഝമ്പ — ചാട്ടം] (കുരങ്ങൻ)

ഝഷകേതനൻ — ഝഷം കേതനമായുള്ളവൻ [ഝഷം — മകരമത്സ്യം. കേതനം—കൊടിയടയാളം] (കാമദേവൻ)

ഝഷാശനം — ഝഷത്തെ അശിക്കുന്നത് [ഝഷം—മത്സ്യം. അശിക്കുക—ഭക്ഷിക്കുക] (മുതല)

ഝില്ലികണ്ഠം — ഝില്ലിയോടുകൂടിയ കണ്ഠമുള്ളത് [ഝില്ലി — ശോഭ] (പ്രാവ്)

ഞ

ഞാണൊലി — ഞാണിന്റെ ഒലി [ഒലി — ശബ്ദം] (വില്ലിന്റെ ചരട് വലിച്ചുവിടുമ്പോഴുള്ള ശബ്ദം)

ഞാറ്റുപാട്ട് — ഞാറ്റുവേലക്കാലത്ത് പാടുന്ന പാട്ട് [ഞാറ്—നെൽച്ചെടി] (പഴയപാട്ടുകളിലൊന്ന്)

ഞെക്കുവിളക്ക് — ഞെക്കുമ്പോൾ പ്രകാശിക്കുന്ന വിളക്ക് (ടോർച്ച് ലൈറ്റ്)

ഞെളിയൻ — ഞെളിയുന്നവൻ [ഞെളിയുക — അഹങ്കാരത്തോടെ നടക്കുക] (അഹങ്കാരി)

ട

ടങ്കം — ടം എന്നു ശബ്ദിക്കുന്നത് (കല്ലുപൊട്ടിക്കുന്ന ഉപകരണം)

ടിട്ടികം — ടിട്ടി എന്നു ശബ്ദിക്കുന്നത് (കുളക്കോഴി)

ടീകാകാരൻ — ടീക എഴുതുന്നവൻ [ടീക—ഗ്രന്ഥത്തിന്റെ അർത്ഥവിവരണം] (വ്യാഖ്യാതാവ്)

ഡ

ഡമരം — ഡമ എന്ന കോലാഹലശബ്ദമുണ്ടാക്കുന്നത് (കലഹം)

ഡമരു — ഡമ എന്ന ശബ്ദമുണ്ടാക്കുന്നത് (ഒരുവാദ്യം)

ഡിണ്ഡിമം — ഡിം ഡിം എന്നു ശബ്ദിക്കുന്നത് (പെരുമ്പറ)

ഡിമം — രൗദ്രരസപ്രധാനമായ രൂപകം (പത്തുതരം 'നാടക'ങ്ങളിലൊന്ന്)

ഡിംഭാനിലൻ — ഡിംഭനായ അനിലൻ [ഡിംഭൻ—കുട്ടി. അനിലൻ—വായു] (ഇളംകാറ്റ്)

ഡോളായിതം — ഡോളപോലെ ഇളകുന്നത് [ഡോള — ഊഞ്ഞാൽ] (ചഞ്ചലം)

ഡാലി — ഡാലം ധരിച്ചവൻ [ഡാലം—പരിച] (യോദ്ധാവ്)

ത

തകായം — പഴയമലയാളത്തിൽ സഹായമെന്നാണിതിന്നർത്ഥം.

തക്കാരം — പഴയമലയാളത്തിൽ സൽക്കാരം എന്നാണിതിന്നർത്ഥം

തക്രധാര — തക്രംകൊണ്ടുള്ള ധാര [തക്രം—മോര്] (ഒരു ചികിത്സാരീതി)

തക്ഷൻ — മരംചെത്തിച്ചെറുതാക്കുന്നവൻ [തക്ഷ തനൂകരണേ] (തച്ചൻ)

തച്ചോളിപ്പാട്ട് — തച്ചോളിവീട്ടിലെ ഒതേനന്റെ വീരപ്രവൃത്തികളെ വർണ്ണിക്കുന്ന പാട്ട് (വടക്കൻ പാട്ടുകളിലൊന്ന്)

തടിൽഗർഭം — തടിത്തിനെ ഗർഭത്തിൽ ധരിച്ചിട്ടുള്ളത്. [തടിത് — വിദ്യുത്] (മേഘം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തടിനി — തടങ്ങൾ ഉള്ളത് [തടം—തീരം] (പുഴ)

തടില്ലത — തടിത്തിന്റെ ലത [തടിത്—വിദ്യുത്] (മിന്നൽക്കൊടി)

തണ്കതിർ — തണുത്ത കതിരുകൾ ഉള്ളത് [കതിർ—രശ്മി] (ചന്ദ്രൻ)

തണ്ടലർ — നീണ്ടതണ്ടിൽ വിരിയുന്ന അലർ [അലർ — പൂവ്] (താമരപ്പൂ)

തണ്ടലർബാണൻ — തണ്ടലർ ബാണമായുള്ളവൻ [തണ്ടലർ — താമരപ്പൂ. ബാണം—ശരം] (കാമദേവൻ)

തണ്ടാൻ — തണ്ടിൽ ഏറി നടക്കുന്നവൻ [തണ്ട്—പല്ലക്ക്] (പ്രഭു)

തണ്ടേറുക — തണ്ടിൽ ഏറുക [തണ്ട്—പല്ലക്ക്] (പല്ലക്കിൽ കയറുക)

തണ്പുകൾ — താണപുകൾ [പുകൾ—കീർത്തി] (ദുഷ്കീർത്തി)

തത്ത്വമസി — അതു നീയാകുന്നു [തത്+തത്വം+അസി = അതു+നി+ആകുന്നു] (വേദാന്തതത്ത്വം)

തത്ഭവം — അതിൽനിന്നും ഭവിച്ചത് [ഭവിക്കുക — ഉണ്ടാവുക] (മറ്റൊരുഭാഷയിൽനിന്നു മാറ്റത്തോടെ എടുത്തിട്ടുള്ള പദം)

തത്സമം — ഒരുമാറ്റവും വരുത്താതെ മറ്റൊരു ഭാഷയിൽനിന്നെടുത്തിട്ടുള്ള പദം. ഇതിന്റെ വിപരീതമാണ് തത്ഭവം.

തഥാഗതൻ — പുനരാവൃത്തികൂടാതെ മോക്ഷത്തെ പ്രാപിച്ചവൻ [യഥാ പുനരാവൃത്തിർന്നഭവതി തഥാ തേന പ്രകാരേണ ഗതഃ] (ബുദ്ധൻ)

തനയൻ — വംശത്തെ വികസിപ്പിക്കുന്നവൻ [തനോതി — വിസ്താരയതികുലം] (മകൻ)

തനുച്ഛദം — തനുവിനെ ഛാദനം ചെയ്യുന്നത് [ഛാദനം—മറയ്ക്കൽ] (വസ്ത്രം; കവചം)

തനുജൻ — തനുവിൽനിന്നുണ്ടായവൻ [തനു—ശരീരം] (മകൻ)

തനുത്രം — തനുവെ ത്രാണം ചെയ്യുന്നത് [തനു—ദേഹം. ത്രാണം—രക്ഷ] (കവചം; കുപ്പായം)

തനുഭവൻ — തനുവിൽ ഭവിച്ചവൻ [തനു—ദേഹം] (പുത്രൻ)

തനുമദ്ധ്യ — തനുവായ മദ്ധ്യഭാഗത്തോടുകൂടിയവൾ [തനു—കൃശം] (സുന്ദരി)

തനൂനപം — തനുവിനെ ഊനം ആക്കുന്നത് [തനു—ശരീരം. ഊനം—കൃശം] (ഘൃതം)

തന്തു — വിസ്തരിക്കപ്പെടുന്നത് [തനു വിസ്താരേ] (നൂൽ)

തന്വംഗി — തനുവായ അംഗത്തോടുകൂടിയവൾ [തനു — മെലിഞ്ഞ] (സുന്ദരി)

തപനതനയൻ — തപനന്റെ തനയൻ [തപനൻ—സൂര്യൻ] (യമൻ; കർണ്ണൻ; സുഗ്രീവൻ)

തപനൻ — തപിപ്പിക്കുന്നവൻ (സൂര്യൻ)

തപസ്യം — തപസ്സിന്നു ചേർന്നകാലം (മീനമാസം)

തപാത്യയം — തപത്തിന്റെ അത്യയം [അത്യയം — അന്തം] (ഗ്രീഷ്മത്തിന്റെ അന്തവും വർഷത്തിന്റെ ആരംഭവും)

തമസ്വിനി — തമസ്സോടുകൂടിയത് [തമസ്സ്—ഇരുട്ട്] (രാത്രി)

തമസ്സ് — തളർച്ചയുണ്ടാക്കുന്നത് [തമു ഗ്ലാനൌ] (ഇരുട്ട്)

തമസ്കരണം — എങ്ങും തമസ്സുണ്ടാക്കൽ [തമസ്സ്—ഇരുട്ട്] (Blackout)

തമോഘ്നൻ — തമസ്സിനെ ഹനിക്കുന്നവൻ [തമസ്സ്—ഇരുട്ട്] (സൂര്യൻ)

തമോഭിത് — തമസ്സിനെ ഭേദിക്കുന്നവൻ [തമസ്സ്—ഇരുട്ട്] (ചന്ദ്രൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തരണി — തരണം ചെയ്യാനുള്ളത് [തരണം ചെയ്യുക–കടക്കുക] (തോണി)

തരുനഖം — തരുവിൽ നഖംപോലെ ഉള്ളത് [തരു–വൃക്ഷം] (മുള്ള്)

തരംഗം — തരത്തെ ഗമിക്കുന്നത് [തരം–മറുകര] (തിര)

തർക്കം — സംശയാദികളെ തരണം ചെയ്യുന്നത് [തരണം ചെയ്യുക–കടക്കുക] (ഊഹം)

തർക്കവിതർക്കം — തർക്കവും വിതർക്കവും [തർക്കം–ഊഹം. വിതർക്കം–അപോഹം] (ഊഹാപോഹം)

തർജ്ജനി — തർജ്ജനം ചെയ്യാനുള്ളത് [തർജ്ജനം – ചൂണ്ടിപ്പറയൽ] (ചൂണ്ടുവിരൽ)

തലേത്തട്ടി — രോഗം പിടിപെട്ടവന്റെ തലതട്ടുന്നത് [തലതട്ടുക – കൊല്ലുക] (വിഷൂചിക)

തല്പജം — തല്പത്തിൽ ജനിച്ചത് [തല്പം –ജലാശയം] (താമര)

തളിപ്പറമ്പ് — തളിയുള്ള പറമ്പ് [തളി–പാറയിലുണ്ടാക്കിയ ആരാധനാസ്ഥലം. പറമ്പ്–കുന്ന്] (ഉത്തരകേരളത്തിലെ ശിവാരാധനാസ്ഥലം)

തളിയാഴ്വാന്മാർ — തളികളുടെ ആഴ്വാന്മാർ [തളി–ക്ഷേത്രം. ആഴ്വാന്മാർ–മേലധികാരികൾ] (തളിയാതിരിമാർ)

തറവാട്ട് — തറയ്ക്കുള്ള പാട് [പാടു്–സ്ഥലം] (ഓരോ കുടുംബത്തിനും തറയ്ക്കുള്ള പാടുണ്ടായിരുന്നു. കുടുംബം വളർന്നതോടെ ആദികുടുംബത്തിൽമാത്രം തറ നിലനിന്നു. ആ തറപാടാണ് തറവാടായത്)

താടകേയൻ — താടകയുടെ മകൻ (മാരീചൻ)

താടി — താഴ്+തി = താള്+തി = താടി (വായക്കുതാഴെയുള്ള ഭാഗം)

താണ്ഡവം — തണ്ഡുമുനിയാലുണ്ടാക്കപ്പെട്ട നൃത്യശാസ്ത്രം (ശിവന്റെ നൃത്യം)

താണ്ഡവമൂർത്തി — താണ്ഡവമാടുന്ന മൂർത്തി (ശിവൻ)

താദാത്മ്യം — അതു മറ്റൊന്നോടു ചേർന്നു അതിന്റെ രൂപത്തിലാവൽ (ഐക്യം)

താപനൻ — തപിപ്പിക്കുന്നവൻ [തപിപ്പിക്കുക–നീറ്റുക] (സൂര്യൻ)

താപിച്ഛം — താപിയെ ഛാദനം ചെയ്യുന്നത് [താപി – വെയിലിൽ വരുന്നവൻ. ഛാദനം–തണൽനൽകൽ] (പച്ചിലമരം)

താമരസം — താമരത്തിൽ വിലസുന്നത് [താമരം–വെള്ളം] (ചെന്താമര)

താമരസാക്ഷൻ — താമരസതുല്യമായ അക്ഷികളോടുകൂടിയവൻ [താമരസം–താമര] (വിഷ്ണു)

താമസപുരാണം — താമസമായ പുരാണം [താമസം–തമോഗുണപ്രധാനം] (ശൈവം, ലിംഗം, കാന്തം, മത്സ്യം, കൂർമ്മം, ആഗ്നേയം എന്നീ പുരാണങ്ങൾ)

താംബൂലം — തളർച്ചയും ആസക്തിയും ഉണ്ടാക്കുന്നത് [തമുഗ്ലാനൗ ബുല മജ്ജനേ] (വെറ്റില)

താംബൂലികൻ — താംബൂലം വില്ക്കുന്നവൻ [താംബൂലം–വെറ്റില] (മുറുക്കാൻ കടക്കാരൻ)

താമ്രചൂഡം — താമ്രമായ ചൂഡയോടുകൂടിയത് [ചൂഡ–തല] (പൂവൻകോഴി)

താമ്രാക്ഷം — താമ്രമായ അക്ഷികളോടുകൂടിയത് (കുയിൽ)

താമ്രാശ്മം — താമ്രമായ അശ്മം [അശ്മം–കല്ല്] (മാണിക്യം)

താരകജിത്ത് — താരകനെ ജയിച്ചവൻ [താരകൻ – താരകാസുരൻ] (സുബ്രഹ്മണ്യൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താരം — തരിക്കുന്നത് [തൃ തരണേ. തരിക്കുക — നീങ്ങിക്കൊണ്ടിരിക്കുക] (നക്ഷത്രം)

താരാപഥം — താരങ്ങളുടെ പന്ഥാവ് [താരം—നക്ഷത്രം] (ആകാശം)

താരുണ്യം — തരുണന്റെ ഭാവം [തരുണൻ—യുവാവ്] (യൗവനം)

താർക്ഷ്യൻ — താർക്ഷന്റെ സന്താനം [താർക്ഷൻ — കശ്യപൻ] (അശ്വം; സർപ്പം; ഗരുഡൻ; അരുണൻ)

താർണ്ണം — തൃണംകൊണ്ടുണ്ടാക്കിയത് [തൃണം—പുല്ല്]

താലപ്പൊലി — താലംകൊണ്ടുള്ള പൊലി [താലം—തളിക. പൊലി—ഐശ്വര്യം] (ബാലികമാർ വിളക്കോടുകൂടിയ തളികയുമായി ദേവീക്ഷേത്രം ചുറ്റുന്ന ചടങ്ങ്)

താലവ്യം — താലുവിന്റെ സഹായത്താലുണ്ടാവുന്ന ശബ്ദങ്ങൾ [താലു — അണ്ണാക്ക്] (ഇ. ഈ. ചവർഗ്ഗം. യ.ശ)

താലാങ്കൻ — താലം അങ്കമായവൻ [താലം—താലവൃക്ഷം. അങ്കം—കൊടിയടയാളം] (ബലരാമൻ)

താവഴി — തായ്വഴി [തായ്—അമ്മ] (അമ്മവഴിക്കുള്ള കുടുംബശാഖ)

താഴ്വര — വരയുടെ താഴ്വശം [വര—മല] (അടിവാരം)

തിഗ്മകരൻ — തിഗ്മമായ കരങ്ങളോടുകൂടിയവൻ [തിഗ്മം—തീക്ഷ്ണം] (സൂര്യൻ)

തിങ്കൾ ഭജനം — തിങ്കൾതോറുമുള്ള ഭജനം [തിങ്കൾ — മാസം] (മാസംതോറുമുള്ള പ്രാർത്ഥന)

തിടമ്പുപൊരിയൻ — അമ്പലത്തിനകത്തെ തിടമ്പുപൊരിക്കാൻ പോലും ഭയമില്ലാത്തവൻ [തിടമ്പ്—ക്ഷേത്രത്തിലെ വിഗ്രഹം. പൊരിക്കുക — ഇളക്കിയെടുക്കുക] (ആരെയും വകവെക്കാത്തവൻ)

തിപിടകം — പാലി സാഹിത്യത്തിലെ ഗ്രന്ഥ സമുച്ചയം (സുത്തപിടകം, വിനയപിടകം, ആഭിധമ്മപിടകം)

തിമിംഗിലം — തിമിയെ വിഴുങ്ങുന്ന മത്സ്യം [തിമി — ഒരുതരം മത്സ്യം] (മകരമത്സ്യം)

തിമിരം — കാമുകഹൃദയങ്ങളെ തണുപ്പിക്കുന്നത് [തിമ ആർദ്രീഭാവേ] (ഇരുട്ട്)

തിമിരഹരൻ — തിമിരത്തെ ഹരിക്കുന്നവൻ [തിമിരം—ഇരുട്ട്] (സൂര്യൻ)

തിരുപ്പുറപ്പാട് — തിരപിടിച്ചുകൊണ്ടുള്ള പുറപ്പാട് [തിര—തിരശ്ശീല] (കഥകളിയിലെ ഒരു ചടങ്ങ്)

തിരുആവിനകുടി — തിരു+ആ+ഇൻ+കു+ടി [തിരു—ലക്ഷ്മി. ആ—കാമധേനു. ഇൻ—സൂര്യൻ. കു—ഭൂമി. ടി—അഗ്നി. ലക്ഷ്മിക്കും കാമധേനുവിന്നും സൂര്യന്നും ഭൂമിക്കും അഗ്നിക്കും ശാപമോചനം നൽകിയ ആണ്ടവൻ] (പഴനിമുരുകൻ)

തിരുനീർ — ശ്രേഷ്ഠമായ നീർ [നീറ്—ഭസ്മം] (പ്രാണകം ചുട്ട ഭസ്മം)

തിരുപ്പതികൾ — കേരളത്തിലെ പതിമൂന്ന് വൈഷ്ണവ ക്ഷേത്രങ്ങൾ 1. തിരുവനന്തപുരം 2. തിരുവെൺപരിചാരം (തിരുപ്പതിസാരം) 3. തിരുക്കാട്കരൈ (തൃക്കാക്കര) 4. തിരുമൂഴിക്കുളം 5. തിരുപ്പുലിയൂർ (പുലിയൂർ) 6. തിരുച്ചെങ്കൻറൂർ (ചെങ്ങന്നൂർ) 7. തിരുവല്ലവാഴ് (തിരുവല്ലാ) 8. തിരുവൺവണ്ടൂർ 9. തിരുവാട്ടാറ് (തിരുവട്ടാറ്) 10. തിരുവാറൻ വിളൈ (തിരുവാറന്മുള) 11. തിരുക്കടിത്താനം (തൃക്കൊടിത്താനം) 12. തിരുവിത്തുവക്കോട് (തിരുമുറ്റക്കോട്) 13. തിരുനാവാ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിരുമുല്പാട് — തിരുമുമ്പിൽ പാടുകിടക്കുന്നവൻ [തിരുമുമ്പിൽ–രാജസന്നിധിയിൽ] (രാജശുശ്രൂഷതൊഴിലാക്കിയിട്ടുള്ളവൻ)

തിരുവടിദേശം — തിരുവടികളുടെ ദേശം [തിരുവടികൾ – അയ്യനടികൾ] (തിരുവിതാംകൂർ)

തിരുവളയനാട് — സാമൂതിരിയുടെ പരദേവതയെ വിലപം മംഗലത്തു സ്വാമിയാർ പ്രത്യക്ഷപ്പെടുത്തി. അതുകണ്ട സാമൂതിരി ദേവതയുടെ കൈപിടിച്ചു. അപ്പോൾ വളയം ഊരിപ്പോന്നു. ദേവി അപ്രത്യക്ഷയാവുകയും ചെയ്തു. ആ വള വെച്ചുപൂജിച്ച സ്ഥലം. (തിരു+വളയ+നാട്)

തിരുവാതിരക്കളി — ധനുമാസത്തിലെ തിരുവാതിരക്കാലത്തു കേരളത്തിലെ സ്ത്രീകൾ പാടിക്കൊണ്ടു കളിക്കുന്ന കളി.

തിരുവാംകോട് — ശ്രീവാഴുംകോട് ലോപിച്ചുണ്ടായ ശബ്ദം (തിരുവിതാംകൂർ)

തിരുവിതാംകൂർ — തിരുവാതംകോട് തിരുവിതാംകോടായും തിരുവിതാംകോട് തിരുവിതാംകൂറായും മാറിയുണ്ടായ ശബ്ദം [ആതം–കഴുമരം. കോട്–പ്രദേശം] (കഴുമരമുള്ള ദിക്കിനടുത്തുക്ഷേത്രം സ്ഥാപിച്ചപ്പോൾ ആണ് തിരു ചേർന്നത്)

തിലോത്തമ — സർവ്വരത്നങ്ങളിൽ നിന്നും തിലത്തോളം എടുത്തുണ്ടാക്കപ്പെട്ടവൾ [തിലം – എള്ള്] (സ്വർവേശ്യ)

തിലോദകം — തിലവും ഉദകവും കൂടി പ്രേതമുക്തിക്കു നൽകുന്ന കർമ്മം [തിലം–എള്ള്. ഉദകം–വെള്ളം] (എള്ളുംനീരും കൊടുക്കൽ)

തീക്ഷ്ണകരൻ — തീക്ഷ്ണമായകരങ്ങളോടുകൂടിയവൻ [തീക്ഷ്ണം–ഉഷ്ണം. കരം–രശ്മി] (സൂര്യൻ)

തീക്ഷ്ണധാരം — തീക്ഷ്ണമായ ധാരയോടു കൂടിയത് [തീക്ഷ്ണം–മൂർച്ചയുള്ള. ധാര – വായ്ത്തല] (വാൾ)

തീയർ — തീസരാജ്ഞാവിന്റെ കാലത്തു സിലോണിൽ നിന്നു വന്ന തീസരാണ് തീയരായത്. [തീസരാജ്ഞാവ് – അശോകശാസനങ്ങളുടെ കാലത്തു സിലോൺ ഭരിച്ചിരുന്ന രാജാവ്] ('കേരളമഹാചരിത്ര' ത്തിൽ കുറുപ്പും വീട്ടിൽ കെ. എൻ. ഗോപാലപിള്ള അഭിപ്രായപ്പെട്ടത്)

തീർത്ഥം — പാപാദികളെ തരണം ചെയ്യിക്കുന്നത് [തരണം ചെയ്യിക്കുക–കടത്തിവിടുക] (പുണ്യസ്ഥാനം)

തീർത്ഥയാത്ര — തീർത്ഥത്തിലേയ്ക്കുള്ള യാത്ര [തീർത്ഥം–പുണ്യസ്ഥലം] (പുണ്യസ്ഥലത്തേക്കുള്ള യാത്ര)

തീർത്ഥകൻ — തീർത്ഥംതോറും സഞ്ചരിക്കുന്നവൻ [തീർത്ഥം–പുണ്യസ്ഥലം] (സന്ന്യാസി)

തീർത്ഥപാദൻ — ശിഷ്യലോകത്തെ തീർത്ഥീകരിക്കുന്ന [തീർത്ഥീകരിക്കുക–തീർത്തോത്തമമായ ജ്ഞാനത്താൽ സംസാരസാഗരം കടത്തിവിടുക] പാദങ്ങളുള്ളവൻ (ഗുരു)

തീവെട്ടിക്കൊള്ള — തീവെട്ടിയുമായുള്ള കൊള്ള [തീവെട്ടി – വലിയ ആലാസുകയർ കൂട്ടിയിണക്കിയുണ്ടാക്കുന്ന ഒരുപകരണം] (രാത്രിയിൽ നടത്തുന്ന പിടിച്ചുപറി)

തീവ്രവ്രതം — കർമ്മനാശത്തിന്നു ജൈനമതം നിർദ്ദേശിക്കുന്ന തീവ്രമയ വ്രതങ്ങൾ [തീവ്രം–കഠിനം] (അനശ്നം, അവമോദരികം, ഭിക്ഷാചര്യം, രസപരിത്യാഗം, കായക്ലേശം, സംലീനത, പ്രായശ്ചിത്തം,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിനയം, വൈയ്യാവൃത്തി, സ്വാദ്ധ്യായം, ധ്യാനം, വ്യുതസർഗ്ഗം എന്ന പന്ത്രണ്ടു വ്രതം)

തുംഗശേഖരം — തുംഗമായ ശേഖരങ്ങളോടുകൂടിയത് [ശേഖരം—കൊടുമുടി] (പർവ്വതം)

തുംഗീപതി — തുംഗിയുടെ പതി [തുംഗി—രാത്രി] (ചന്ദ്രൻ)

തുടിയിട — തുടിതുല്യമായ ഇടയോടുകൂടിയവൾ [തുടി—വാദ്യവിശേഷം. ഇട—അര] (കൃശാംഗി)

തുണ്ഡൻ — തുണ്ഡിയുടെ നാഥൻ [തുണ്ഡി—ശിവവാഹനമായ കാളയുടെ പേർ] (ശിവൻ)

തുരഗം — തുരമായി ഗമിക്കുന്നത് [തുരം—വേഗത്തിൽ] (കുതിര)

തുരംഗവക്ത്രൻ — തുരംഗത്തിന്റെ വക്ത്രംപോലുള്ള വക്ത്രത്തോടുകൂടിയവൻ [തുരംഗം — കുതിര. വക്ത്രം—മുഖം] (കിന്നരൻ)

തുലാഭാരം — ഒരാളുടെ തൂക്കമെത്രയോ അത്ര പഴമോ ശർക്കരയോ നെയ്യോ മറ്റു വസ്തുക്കളോ ക്ഷേത്രത്തിൽ വെച്ചു വഴിപാട് കൊടുക്കൽ.

തുഷാഗ്നി — തുഷത്തിലെ അഗ്നി [തുഷം—ഉമി] (ഉമിത്തീ)

തുഷാരം — സസ്യാദികളെ തോഷിപ്പിക്കുന്നത് [തോഷിപ്പിക്കുക — സന്തോഷിപ്പിക്കുക] (ഹിമം)

തുഷാരഗിരി — തുഷാരത്തിന്റെ ഗിരി [തുഷാരം—ഹിമം] (ഹിമാലയം)

തുഹിനം — താമരപ്പൂക്കളെ തോഹനം ചെയ്യുന്നത് [തോഹനം ചെയ്യുക—ദുഃഖിപ്പിക്കുക] (ഹിമം)

തുഹിനാംശു — തുഹിന തുല്യമായ അംശുക്കളോടുകൂടിയവൻ [തുഹിനം — ഹിമം. അംശു — രശ്മി] (ചന്ദ്രൻ)

തുളക്കരുവി — തുളയുള്ള കരുവി [കരുവി—വാദ്യം] (സുഷിരവാദ്യം)

തൂണി — ശരങ്ങൾ നിറക്കുന്നതു [തൂണ്യതേ — പൂര്യതേ ബാണൈരിതി] (ആവനാഴി)

തൂണിധരൻ — തൂണി ധരിച്ചവൻ [തൂണി—ആവനാഴി] (വില്ലാളി)

തൂണീരം — ബാണങ്ങൾ നിറക്കുന്നത് [തൂണ്യതേ—പൂര്യതേ ബാണൈരിതി] (അമ്പുറ)

തൃക്കാക്കര — കാക്കരൈനാട് (മലനാട്ടിലെ ദിവ്യദേശങ്ങളിലൊന്ന്)

തൃച്ചംബരം — ശംബരമുനി പ്രതിഷ്ഠിച്ച വിഷ്ണുവിന്റെ വിഗ്രഹമുള്ള ക്ഷേത്രം (തൃച്ചമ്പരം)

തൃപ്പൂണിത്തുറ — 1.പൊരുന്നൈത്തുറയന്മാരുടെ ആസ്ഥാനം [പൊരുന്നൈത്തുറയന്മാർ — ചേരരാജാക്കന്മാർ] (ചേരരാജാക്കന്മാരുടെ അനന്തരാവകാശികളായ മാടഭൂപന്മാർ നിർമ്മിച്ച നഗരം)
2. തിരു+പോണി+തുറ [പോണി—കപ്പൽ. തുറ — കപ്പലടുക്കുന്ന സ്ഥലം] (പണ്ടത്തെ ഒരു സമുദ്രതീരനഗരം)

തെന്നിവരവു — ഉരുക്കൾ, തടികൾ മുതലായി ഉടമസ്ഥരില്ലാതെ തെന്നിവരുന്ന വകകൾ എടുക്കാനുള്ള അവകാശം [തെന്നിവരുക—ഓടിയും ഒഴുകിയും വരിക] (മാടമ്പിമാരുടെ പതിനെട്ടധികാരങ്ങളിലൊന്ന്)

തെയ്യാട്ടം — തെയ്യത്തിന്റെ ആട്ടം (ദൈവക്കോലം കെട്ടിയ ആൾ നടത്തുന്ന നൃത്തം)

തേക്കുകൊട്ട — തേക്കിനുള്ള കൊട്ട [തേക്ക്—തേകൽ] (വെള്ളം കോരി തേകുന്നതിനുള്ള കൊട്ട)

തേജോവധം — തേജസ്സിന്റെ വധം [തേജസ്സ് — കീർത്തി] (പൌരുഷം കെടുത്തൽ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തേയില — തേയ് എന്ന ചെടിയുടെ ഇല (ചായ)

തേരോട്ടം — ഉത്സവകാലത്തു ചില ക്ഷേത്രങ്ങളിൽ നടത്താറുള്ള തേർ ഓടിക്കുന്ന ചടങ്ങ് (തേർവലി)

തൈത്തിരീയൻ — യജുർവ്വേദത്തിലെ തൈത്തിരീയ ശാഖയിൽപെട്ടവൻ

തൈർത്ഥികൻ — തീർത്ഥങ്ങൾതോറും സഞ്ചരിക്കുന്നവൻ (സംന്യാസി)

തൈലം — തിലത്തിൽ നിന്നെടുക്കുന്ന നെ [തിലം—എള്ള്] (എണ്ണ)

തൈലയന്ത്രം — തൈലം ഉണ്ടാക്കുന്ന യന്ത്രം [തൈലം—എണ്ണ] (ചക്ക്)

തൈലാഭ്യംഗം — അംഗം മുഴുവൻ തൈലം പുരട്ടൽ (തേച്ചുകുളി)

തൈലികൻ — തൈലം വില്ക്കുന്നവൻ (എണ്ണയാട്ടുന്നവൻ)

തൊണ്ണൂറ് — നൂറിന മുമ്പുള്ളത് [തൊൾ — മുമ്പ്. അടുത്ത്] (തൊൾ+നൂറ്)

തൊൽകാപ്പിയം — ക്രിസ്തുവർഷം പതിനൊന്നാം നൂറ്റാണ്ടുവരെ കേരളത്തിലെയും പാണ്ടിനാട്ടിലെയും വ്യാകരണം [തൊല്+കാപ്പിയം. തൊല്—പഴയ. കാപ്പിയം—കാവ്യം] (എഴുത്തതികാരം, ചൊല്ലതികാരം, പൊരുളതികാരം എന്നു മൂന്നു വിഭാഗമുള്ള പഴയ വ്യാകരണം)

തൊഴുത്തിൽക്കുത്ത് — ഒരു തൊഴുത്തിലെ കാലികൾ തമ്മിലുള്ള കുത്ത്. (ശണ്ഠ)

തോണി — സംസ്കൃതത്തിലെ ദ്രോണിയ്ക്കു തുല്യമായ മലയാളപദം (വഞ്ചി)

തോയദം — തോയത്തെ ദാനം ചെയ്യുന്നത് [തോയം—വെള്ളം] (മേഘം)

തോല്ക്കരുവി — തോൽകൊട്ടിയ കരുവി [കരുവി—വാദ്യം] (ചർമ്മവാദ്യം)

തോവാള — അലകളാൽ തൊകയ്ക്കപ്പെട്ടുകൊണ്ടിരുന്ന സ്ഥലം [തൊകയ്ക്കുക — മയം വരുത്തുക] (പണ്ടത്തെ തിരുവിതാംകൂറിന്റെ തെക്കേയറ്റത്തെ താലൂക്ക്)

തോവാളകടത്തി വിടുക — തോവാളയ്ക്കപ്പുറത്തു തിരുനെൽവേലിയിൽ പറഞ്ഞയക്കുക (നാടുകടത്തുക)

ത്രൗര്യത്രികം — നൃത്തവും ഗീതവും വാദ്യവുംചേർന്നത് [തൂര്യം—ജാഗ്രതയായി കൊട്ടുന്ന മുരജം മുതലായത്. ത്രികം—മൂന്നംഗങ്ങളോടുകൂടിയത്.]

ത്രയീസുഖൻ — ത്രയിയിൽ സുഖിക്കുന്നവൻ [ത്രയി — ഋക്സാമയജുർവേദങ്ങൾ (ബ്രാഹ്മണൻ)

ത്രാസം — ത്രസിപ്പിക്കുന്നത് [ത്രസിപ്പിക്കുക—ഞെട്ടിക്കുക] (ഭയം)

ത്രികർമ്മാവ് — ത്രികർമ്മങ്ങൾ അനുഷ്ഠിക്കുന്നവൻ [ത്രികർമ്മം—യാഗവും വേദാദ്ധ്യയനവും ധ്യാനവും] (ബ്രാഹ്മണൻ)

ത്രികാലജ്ഞൻ — ത്രികാലത്തെപ്പറ്റി അറിയാവുന്നവൻ [ത്രികാലം—ഭൂതം, വർത്തമാനം, ഭാവി] (സർവ്വജ്ഞൻ)

ത്രിഗംഭീര — ശബ്ദം, ബുദ്ധി, നാഭി ഇവമൂന്നിലും ഗംഭീരയായവൾ (സുന്ദരി)

ത്രിഗുണം — മൂന്നു ഗുണം (സത്വരജസ്തമോഗുണങ്ങൾ)

ത്രിചക്ഷുസ്സ് — മൂന്നു ചക്ഷുസ്സുള്ളവൻ [ചക്ഷുസ്സ്—മിഴി] (ശിവൻ)

ത്രിദശൻ — മൂന്നുദശകൾ ഉള്ളവൻ [ത്രിദശ—കൗമാരം, ബാല്യം, യൗവനം] (ദേവൻ)

ത്രിദിവം — മൂന്നാമത്തെ ലോകം (സ്വർഗ്ഗം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത്രിദിവൗകസ്സ് — ത്രിദിവം ഓകസ്സായുള്ളവൻ [ത്രിദിവം—സ്വർഗ്ഗം. ഓകസ്സ്—പാർപ്പിടം] (ദേവൻ)

ത്രിദോഷം — മൂന്നു ദോഷങ്ങൾ (വാതപിത്തകഫങ്ങൾ)

ത്രിപഥഗ — മൂന്നുലോകങ്ങളിലേക്കു മൂന്നു പന്ഥാവിലൂടെ ഗമിച്ചവൾ (ഗംഗ)

ത്രിപാഠീ — മൂന്നുവേദങ്ങളും പഠിച്ചവൻ (ബ്രാഹ്മണൻ)

ത്രിപുരദഹനൻ — ത്രിപുരന്മാരെ ദഹിപ്പിച്ചവൻ [ത്രിപുരന്മാർ—താരകാസുരന്റെ മൂന്നുമക്കൾ] (ശിവൻ)

ത്രിയാമ — മൂന്നുയാമങ്ങളുള്ളത് (രാത്രി)

ത്രിയാമാചരൻ — ത്രിയാമയിൽ ചരിക്കുന്നവൻ [ത്രിയാമ — രാത്രി] (രാക്ഷസൻ)

ത്രിലിംഗരാജ്യം — ശ്രീശൈലം, കാളഹസ്തി, ദ്രാക്ഷാരാമം എന്നു മൂന്നു ശിവക്ഷേത്രങ്ങളുള്ള രാജ്യം (തെലുങ്കുദേശം)

ത്രിലോകം — മൂന്നു ലോകം (സ്വർഗ്ഗവും ഭൂമിയും പാതാളവും)

ത്രിലോചനൻ — ചന്ദ്രസൂര്യാഗ്നിരൂപമായ മൂന്നു ലോചനങ്ങളോടുകൂടിയവൻ (ശിവൻ)

ത്രിവിക്രമൻ — ത്രിവിധമായ ക്രമണം ഉള്ളവൻ [ക്രമണം—സഞ്ചരണം] (ദ്യോവിൽ സൂര്യനായും വാനിൽ മിന്നൽക്കൊടിയായും ഭൂവിൽ അഗ്നിയായും മൂന്നുതരത്തിൽ സഞ്ചരിക്കുന്നവൻ (വിഷ്ണു)

ത്രിവിധകൃത്യങ്ങൾ — മൂന്നുവിധത്തിലുള്ള കൃത്യങ്ങൾ (മനസാ വാചാ കർമ്മണാ)

ത്രിവേദി — മൂന്നു വേദം അറിയുന്നവൻ (ഋക്കും യജുസ്സും സാമവും പഠിച്ചവൻ)

ത്രിശങ്കു — വസിഷ്ഠശാപംകൊണ്ടു മൂന്നു ശങ്കുക്കൾക്കു പാത്രമായവൻ [ശങ്കു—ദുരിതം] (സത്യവ്രതൻ എന്ന സൂര്യവംശരാജാവ്)

ത്രിശങ്കുജൻ — ത്രിശങ്കുവിന്റെ മകൻ (ഹരിശ്ചന്ദ്രൻ)

ത്രിശങ്കുസ്വർഗ്ഗം — ത്രിശങ്കുവിന്നുവേണ്ടി വിശ്വാമിത്രൻ നിർമ്മിച്ച സ്വർഗ്ഗം.

ത്രിസ്വരങ്ങൾ — വേദോച്ചാരണത്തിൽ പതിവുള്ള മൂന്നു സ്വരം (ഹ്രസ്വവും ദീർഘവും പ്ലുതവും)

ത്രൈഗുണ്യം — മൂന്നുഗുണങ്ങളോടുകൂടിയത് (സത്വരജസ്തമോഗുണങ്ങളോടു കൂടിയ അവസ്ഥ)

ത്രൈമാസീകം — മൂന്നുമാസം കൂടുമ്പോഴുള്ള പ്രസിദ്ധീകരണം.

ത്ര്യംബകൻ — മൂന്നു അംബകം ഉള്ളവൻ [അംബകം—കണ്ണ്] (ശിവൻ)

ത്വക്ക് — ദേഹത്തെ മറയ്ക്കുന്നത് [ത്വച സംവരണേ] (തൊലി)

ത്വക്ത്രം — ത്വക്കിനെ ത്രാണം ചെയ്യുന്നത് [ത്വക്—തൊലി. ത്രാണം—രക്ഷ] (കവചം)

ത്വഗങ്കുരം — ത്വക്കിലുണ്ടാവുന്ന അങ്കുരം [ത്വക്—തൊലി. അങ്കുരം—മുള] (രോമാഞ്ചം)

ത്വഗ്ജം — ത്വക്കിൽ ജനിച്ചത് (രോമം)

ദ

ദക്ഷകന്യ — ദക്ഷന്റെ കന്യ [ദക്ഷൻ—ദക്ഷപ്രജാപതി] (സതി)

ദക്ഷയാഗം — ദക്ഷൻ നടത്തിയ യാഗം [ദക്ഷൻ—ദക്ഷപ്രജാപതി] (വീരഭദ്രൻ ദക്ഷന്റെ തലയറുത്തതും ശിവൻ ആട്ടിൻതലവെച്ചു ദക്ഷനെ ജീവിപ്പിച്ചതും ഈ യാഗത്തിൽ വെച്ചാണ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദക്ഷാരി — ദക്ഷന്റെ അരി [ദക്ഷൻ–ദക്ഷപ്രജാപതി] (ശിവൻ)

ദക്ഷിണസ്ഥൻ — തേരിൽ ദക്ഷിണഭാഗത്തു സ്ഥിതിചെയ്യുന്നവൻ [ദക്ഷിണഭാഗം–വലത്തു] (തേരാളി)

ദക്ഷിണാമൂർത്തി — സൃഷ്ടിസ്ഥിതിസംഹാര ദക്ഷനും അമൂർത്തിയും [ദക്ഷിണ+അമൂർത്തി] (ബ്രഹ്മം)

ദക്ഷിണായനം — സൂര്യന്റെ ദക്ഷിണദിക്കിലേക്കുള്ള അയനം [ദക്ഷിണം–തെക്ക്. അയനം–യാത്ര] (കർക്കടസംക്രമം മുതൽ മകരസംക്രമംവരെയുള്ള കാലം)

ദക്ഷിണാശാപതി — ദക്ഷിണാശയുടെ പതി [ദക്ഷിണാശ – തെക്കെദിക്ക്] (യമൻ)

ദക്ഷിണാർഹൻ — ദക്ഷിണവാങ്ങാൻ അർഹൻ [ദക്ഷിണ – ഗുരുവിനും മറ്റുമുള്ള ദാനം] (ദക്ഷിണേയൻ)

ദണ്ഡകൻ — ദണ്ഡിക്കുന്നവൻ [ദണ്ഡിക്കുക – ശിക്ഷിക്കുക] (ശിക്ഷിക്കുന്നവൻ)

ദണ്ഡകാരണ്യം — ദണ്ഡകം എന്ന അരണ്യം [അരണ്യം–കാട്] (വിന്ധ്യൻ മുതൽ ഗോദാവരീ തീരം വരെയുള്ള വനം)

ദണ്ഡധരൻ — ദണ്ഡത്തെ ധരിക്കുന്നവൻ [ദണ്ഡം–കാലദണ്ഡം] (യമൻ)

ദണ്ഡനമസ്കാരം — ദണ്ഡാകാരമായ നമസ്കാരം [ദണ്ഡം–വടി] (സാഷ്ടാംഗ പ്രണാമം)

ദണ്ഡാകാരം — ദണ്ഡിന്റെ ആകാരം [ആകാരം–ആകൃതി] (ശരീരം വടിപോലെ നിവർന്ന അവസ്ഥ)

ദണ്ഡാപൂപന്യായം — ദണ്ഡത്തിന്റെ അറ്റത്ത് അപൂപം കോർത്തുവെക്കുകയും ദണ്ഡാഗ്രത്തിൽ എലി കടിച്ചത് കണ്ട് അപൂപം എലി കൊണ്ടുപോയതാണെന്നൂഹിക്കുകയും ചെയ്യുന്ന ന്യായം [അപൂപം –അപ്പം] (വിശേഷലക്ഷണംകൊണ്ടു സാമാന്യത്തെ വേർതിരിച്ചറിയുന്ന സമ്പ്രദായം)

ദണ്ഡാഹതം — ദണ്ഡത്താൽ ആഹതമായത് [ദണ്ഡം–കടകോൽ] (മോർ)

ദത്താപഹാരി — ദത്തമായതിനെ അപഹരിക്കുന്നവൻ [ദത്തം–കൊടുക്കപ്പെട്ടത്] (കൊടുത്തത് വാങ്ങുന്നവൻ)

ദദ്ധ്യന്നം — ദധി ചേർത്ത അന്നം [ദധി –തൈർ] (തൈർ ചേർത്ത ചോറ്)

ദദ്രുഘ്നം — ദദ്രുവെ ഹനിക്കുന്നത് [ദദ്രു–ചുണങ്ങ്] (തകര)

ദധിജം — ദധിയിൽ നിന്നു ജനിക്കുന്നത് [ദധി–തൈര്] (വെണ്ണ)

ദധീചാസ്ഥി — ദധീചന്റെ അസ്ഥി [ദധീചൻ – വൃത്രാസുരനെ കൊല്ലാൻ വജ്രായുധം നിർമ്മിക്കാനായി തന്റെ അസ്ഥി ദാനം ചെയ്ത ദധീചി] (വജ്രായുധം)

ദനുജൻ — ദനുവിൽ നിന്നു ജനിച്ചവൻ [ദനു – അസുരന്മാരുടെ അമ്മ] (അസുരൻ)

ദന്തകാഷ്ഠം — ദന്തധാവനത്തിനുള്ള കാഷ്ഠം [ദന്തം–പല്ല്. കാഷ്ഠം–മരം] (പല്ലുതേക്കാനുള്ള കമ്പ്)

ദന്തഗോപുരം — ദന്തനിർമ്മിതമായ ഗോപുരം [ദന്തം – ആനക്കൊമ്പ്] (ഉന്നതസ്ഥാനം)

ദന്തച്ഛദം — ദന്തങ്ങളെ ഛാദനം ചെയ്യുന്നത് [ഛാദനംചെയ്യുക–മറയ്ക്കുക] (ചുണ്ട്)

ദന്തം — മറ്റുള്ളതിന്റെ ശക്തിയെ ദമനം ചെയ്യുന്നത് [ദമു ഉപശമേ. ദമനം ചെയ്യുക – ശമിപ്പിക്കുക] (പല്ല്)

ദന്തായുധൻ — ദന്തം ആയുധമായുള്ളവൻ [ദന്തം–തേറ്റപ്പല്ല്] (പന്നി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദന്തി — പ്രശസ്തമായ ദന്തങ്ങളോടുകൂടിയത്. [ദന്തം—കൊമ്പ്] (ആന)

ദന്തിഗാമിനി — ദന്തിയെപ്പോലെ മന്ദം മന്ദം ഗമിക്കുന്നവൾ [ദന്തി —ആന] (സുന്ദരി)

ദന്ത്യം — ദന്തസഹായത്തോടെ ഭവിക്കുന്ന അക്ഷരം (ഞ, ഞ, തവർഗ്ഗം, ല, സ)

ദന്ദശൂകാലയം — ദന്ദശൂകങ്ങളുടെ ആലയം [ദന്ദശൂകം—സർപ്പം] (നാഗലോകമായ പാതാളം)

ദമയന്തി — അമംഗളങ്ങളെ ദമിപ്പിക്കുന്നവൾ [ദമിപ്പിക്കുക—അടക്കുക] (നളമഹാരാജാവിന്റെ ഭാര്യ)

ദരി — ദാരണം ചെയ്യപ്പെട്ടത് [ദാരണം ചെയ്യുക—പിളർക്കുക] (ഗുഹ)

ദർപ്പകൻ — ദർപ്പത്തെ ഉണ്ടാക്കുന്നവൻ [ദർപ്പം—അഹങ്കാരം] (കാമുകിയെ അഹങ്കരിപ്പിക്കുന്ന കാമദേവൻ)

ദർവീകരം — ദർവിപോലെയുള്ള കരത്തോടുകൂടിയത്. [ദർവി—ചട്ടുകം, കരം—പത്തിയെന്നിവിടെയർത്ഥം] (സർപ്പം)

ദശഗ്രീവൻ — പത്തു ഗ്രീവ ഉള്ളവൻ [ഗ്രീവ—കഴുത്ത്] (രാവണൻ)

ദശനവസനം — ദശനത്തെ വസനം ചെയ്യുന്നത് [ദശനം—പല്ല്. വസനം—ആച്ഛാദനം] (ഓഷ്ഠം)

ദശപുഷ്പം — പത്തുപുഷ്പം (ഉഴിഞ്ഞ, കറുക, കഞ്ഞുണ്ണി, ചെറൂള, നീലപ്പന, തിരുതാളി, പൂവാംകുറുന്തല, മുക്കുറ്റി, മുയൽച്ചെവി, വിഷ്ണുക്രാന്തി എന്ന പത്തുപുഷ്പം ചൂടുന്നത് ശുഭം)

ദശബലൻ — ജ്ഞാനം, പ്രജ്ഞ, വീര്യം, ക്ഷമ, ശീലം, ദാനം, ബലം, ഉപായം, ധ്യാനം, പ്രണിധി എന്ന പത്തു ബലത്തോടുകൂടിയവൻ (ബുദ്ധൻ)

ദശമൂത്രകം — പത്തുമൂത്രം [കഴുത, കാള, കുതിര, ആന, ആട്, പശു, പോത്ത്, ഒട്ടകം, മനുഷ്യസ്ത്രീ, പുരുഷൻ — ഈ ജീവികളുടെ മൂത്രം] (ഔഷധവിശേഷം)

ദശരഥൻ — പത്തുദിക്കിലും രഥമോടിക്കുന്നവൻ (ശ്രീരാമന്റെ പിതാവ്)

ദശരൂപകം — പത്തുരൂപകം (നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവാകാരം, ഈഹാമൃഗം, വീഥി, അങ്കം)

ദശരൂപ ധൃത് — ദശരൂപത്തെ ഭരിച്ചവൻ [ദശരൂപം — ദശാവതാരം] (മത്സ്യകൂർമ്മവരാഹനൃസിംഹവാമന ജാമദഗ്ന്യ രാമകൃഷ്ണ ബുദ്ധ കല്കികൾ) (വിഷ്ണു)

ദശാഹസ്സ് — മരിച്ചവരെ ഉദ്ദേശിച്ചു പത്താം ദിവസം ചെയ്യുന്ന കർമ്മം [അഹസ്സ്—ദിവസം] (ഒരു പിതൃകർമ്മം)

ദഹനൻ — ദഹിപ്പിക്കുന്നവൻ [ദഹിപ്പിക്കുക—വേവിക്കുക] (അഗ്നി)

ദാക്ഷായണി — പൂർവ്വജന്മത്തിൽ ദക്ഷന്റെ അയനത്തിൽ പിറന്നവൾ [അയനം—വംശം] (പാർവ്വതി)

ദാനവഗുരു — ദാനവരുടെ ഗുരു [ദാനവൻ—അസുരൻ] (ശുക്രാചാര്യൻ)

ദാന്തൻ — ദമം ഉള്ളവൻ [ദമം—തപം കൊണ്ടുണ്ടായ സഹനശീലം] (യമി)

ദാമോദരൻ — ദാമംകൊണ്ടു യശോദയാൽ ഉദരം ബന്ധിക്കപ്പെട്ടവൻ [ദാമം—കയർ] (ശ്രീകൃഷ്ണൻ)

ദായാദൻ — ദായത്തെ അദിക്കുന്നവൻ [ദായം—തറവാട്ടുമുതൽ] (തറവാട്ടിലെ സ്വത്ത് അനുഭവിക്കുന്നവൻ)

ദായാർഹൻ — ദായത്തിന് അർഹൻ [ദായം—അനന്തരാവകാശം] (അനന്തരാവകാശി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദാരകൻ — പിതാവിന്റെ ദ്രുണത്തെ ദാരണം ചെയ്യുന്നവൻ [ദാരണം ചെയ്യുക–നശിപ്പിക്കുക] (പുത്രൻ)

ദാർവാഘാടം — ദാരുവെ ആഘാടനം ചെയ്യുന്നത് [ദാരു–മരം. ആഘാടനം ചെയ്യുക–കൊത്തുക] (മരം കൊത്തി)

ദാശാർഹൻ — ദാശത്തെ അർഹിക്കുന്നവൻ [ദാശം–ദാനം] (വിഷ്ണു)

ദിഗന്തം — ദിക്കിന്റെ അന്തം [അന്തം–അറ്റം] (ചക്രവാളം)

ദിഗംബരൻ — ദിക്ക് അംബരമായുള്ളവൻ [അംബരം–വസ്ത്രം] (ശിവൻ)

ദിനകരൻ — ദിനത്തെ ഉണ്ടാക്കുന്നവൻ [ദിനം–ദിവസം] (സൂര്യൻ)

ദിനചര്യ — ദിനംതോറുമുള്ള ചര്യ [ചര്യ–മുറ] (ദൈനന്ദിനപരിപാടി)

ദിനമുഖം — ദിനത്തിന്റെ മുഖം [ദിനം–ദിവസം] (പ്രഭാതം)

ദിനാന്തം — ദിനത്തിന്റെ അന്തം (സായംകാലം)

ദിവസ്പതി — ദിവത്തിന്റെ പതി [ദിവം–സ്വർഗ്ഗം] (ദേവേന്ദ്രൻ)

ദിവാകരൻ — ദിവായെ ഉണ്ടാക്കുന്നവൻ [ദിവ–പകൽ] (സൂര്യൻ)

ദിവാടനം — ദിവായിൽ അടനം ചെയ്യുന്നത് [ദിവ–പകൽ. അടനം–യാത്ര] (കാക്ക)

ദിവാന്ധം — ദിവാസമയത്ത് അന്ധമായത് [ദിവാ–പകൽ. അന്ധം–കണ്ണുകാണാത്ത] (മൂങ്ങ)

ദിവൗകസ്സ് — ദിവം ഔകസ്സായുള്ളവൻ [ദിവം–സ്വർഗ്ഗം. ഓകസ്സ്–വാസസ്ഥാനം] (ദേവൻ)

ദീപ്തലോചനം — ദീപ്തമായ ലോചനത്തോടുകൂടിയത് [ലോചനം–കണ്ണ്] (പൂച്ച)

ദീപ്താംഗം — ദീപ്തമായ അംഗത്തോടുകൂടിയത് (മയിൽ)

ദീർഘകണ്ഠം — ദീർഘമായ കണ്ഠത്തോടുകൂടിയത് [കണ്ഠം – കഴുത്ത്] (കൊക്ക്)

ദീർഘഗതി — ദീർഘമായ ഗതിയോടുകൂടിയത് (ഒട്ടകം)

ദീർഘദർശി — ദീർഘമായ ദർശനത്തോടുകൂടിയവൻ (പണ്ഡിതൻ)

ദീർഘനിദ്ര — ദീർഘമായ നിദ്ര [നിദ്ര–ഉറക്കം] (മരണം)

ദീർഘരദം — ദീർഘമായ രദമുള്ളത് [രദം–പല്ല്. ഇവിടെതേറ്റ] (പന്നി)

ദീർഘരസനം — ദീർഘമായ രസനയോടുകൂടിയത് [രസന–നാവ്] (സർപ്പം)

ദീർഘാസ്യം — ദീർഘമായ ആസ്യത്തോടുകൂടിയത് [ആസ്യം–മുഖം] (ആന)

ദീർഘിക — ദീർഘമായി സ്ഥിതിചെയ്യുന്നത് (പൊയ്ക)

ദുഃഖം — ദുസ്സഹമായ ഖം [ഖം–ഇന്ദ്രിയജ്ഞാനം] (സങ്കടം)

ദുഗ്ദ്ധം — ദോഹനം ചെയ്തെടുക്കുന്നത് [ദോഹനം ചെയ്യുക–കറക്കുക] (പാൽ)

ദുഗ്ദ്ധപാചനം — ദുഗ്ദ്ധം പാചനം ചെയ്യുന്ന പാത്രം [പാചനംചെയ്യുക–തിളപ്പിക്കുക] (പാൽ തിളപ്പിക്കുന്ന പാത്രം)

ദുന്ദുഭി — ദുന്ദ. ദുന്ദ എന്ന അവ്യക്തശബ്ദംകൊണ്ടു ഭാസിക്കുന്നത് (വാദ്യവിശേഷം)

ദുരദൃഷ്ടം — ചീത്ത അദൃഷ്ടം [അദൃഷ്ടം–ഭാഗ്യം] (ദൗർഭാഗ്യം)

ദുർഗ്ഗ — 1. ദുഃഖത്തോടെ ഗമിക്കാവുന്നവൾ [ഗമിക്കുക–പ്രാപിക്കുക] (ഒൻപതുവയസുമാത്രം പ്രായമായ പെൺകുട്ടി)

2. ദുഷ്ടരാൽപോലും സ്തുതിക്കപ്പെടുന്നവൾ (ആദിശക്തി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദുർഗ്ഗം — ദു:ഖത്തോടെ ഗമിക്കാവുന്നത്. (പർവ്വതങ്ങൾക്കും മറ്റും ഇടയിലായി ഉണ്ടാക്കുന്ന കോട്ട)

ദുർഭിക്ഷം — ഭിക്ഷപോലും കിട്ടാത്ത കാലം (ക്ഷാമം)

ദുര്യോധനൻ — യോധനത്തിൽ ദു:ഖേന ജയിക്കാവുന്നവൻ [യോധനം—യുദ്ധം] (ധൃതരാഷ്ട്രരുടെ മൂത്തമകൻ)

ദുശ്ച്യവനൻ — ച്യവനമഹർഷിയുടെ തപോബലം സഹിക്കാത്തവൻ (ദേവേന്ദ്രൻ)

ദുഹിതാ — ദോഹനം ചെയ്യുന്നവൾ [ദോഹനംചെയ്യുക — കറക്കുക] (മകൾ)

ദൂഷണാരി — ദൂഷണന്റെ അരി [ദൂഷണൻ — ഖരന്റെ സഹോദരൻ] (ശ്രീരാമൻ)

ദൃശ്യകാവ്യം — ദർശിക്കുവാൻ കഴിയുന്ന കാവ്യം [ദർശിക്കുക—അഭിനയിച്ചു കാണുക] (നൃത്തവും നൃത്യവും നാട്യവും)

ദൃഷ്ടിപഥം — ദൃഷ്ടിയുടെ പന്ഥാവ് [പന്ഥാവ്—വഴി] (കണ്ണെത്താവുന്ന ദൂരം)

ദേവതാഗാരം — ദേവതയുടെ അഗാരം [അഗാരം—ആലയം] (ദേവാലയം)

ദേവതാതൻ — ദേവന്മാരുടെ താതൻ [താതൻ—അച്ഛൻ] (കശ്യപൻ)

ദേവൻ — ദിവത്തിൽ ഉള്ളവൻ [ദിവം—സ്വർഗ്ഗം] (സ്വർഗ്ഗവാസി)

ദേവഭൂതി — ദേവലോകത്തുനിന്നുത്ഭവിക്കുന്നത് (മന്ദാകിനി)

ദേവമാതാവ് — ദേവന്മാരുടെ മാതാവ് (അദിതി)

ദേവരൻ — രണ്ടാം വരൻ [വരൻ—ഭർത്താവ്] (ഇളയ സഹോദരൻ. ഭർത്താവിന്റെ അഭാവത്തിൽ ജ്യേഷ്ഠത്തിയുടെ മേലധികാരം അനുജനുണ്ടായ കാലത്തു നടപ്പായപേർ)

ദേവവ്രതൻ — ദേവന്മാർക്കു ചേർന്ന വ്രതം കൈക്കൊണ്ടവൻ (ഭീഷ്മർ)

ദേവശുനി — ദേവന്റെ ശുനി [ശുനി—പട്ടി] (ദേവേന്ദ്രന്റെ പട്ടി)

ദേവസേനാനി — ദേവന്മാരുടെ സേനാനി [സേനാനി—സേനാനായകൻ] (സുബ്രഹ്മണ്യൻ)

ദേവാജീവൻ — ദേവനെ ആശ്രയിച്ചു ജീവിക്കുന്നവൻ (പൂജാരി)

ദേശിങ്ങനാട് — ജയസിംഹന്റെ നാട് (കൊല്ലം തലസ്ഥാനമാക്കിയ നാട്)

ദേശീയ ഗാനം — ഓരോദേശത്തിനും പ്രത്യേകമായുള്ള ഗാനം [ദേശം—രാഷ്ട്രം] (രാഷ്ട്രീയഗീതം)

ദേശ്യരാഗം — ആലാപനത്തിൽമാത്രം സ്വരൂപം വിശേഷമായി കാണപ്പെടുന്ന രാഗം (കാനഡ, ചെഞ്ചുരുട്ടി മുതലായവ)

ദേഹസാരം — ദേഹത്തിന്റെ സാരം (മജ്ജ)

ദേഹാവരണം — ദേഹത്തെ ആവരണം ചെയ്യുന്നത് [ആവരണം ചെയ്യുക—മറയ്ക്കുക] (വസ്ത്രം)

ദേഹാത്മവാദി — ദേഹമാണാത്മാവെന്നു വാദിക്കുന്നവൻ (ചാർവ്വാകൻ)

ദൈതേയൻ — ദിതിയുടെ മകൻ (അസുരൻ)

ദൈത്യഗുരു — ദൈത്യന്മാരുടെ ഗുരു (ശുക്രൻ)

ദൈവജ്ഞൻ — ദൈവത്തെപ്പറ്റി അറിയുന്നവൻ [ദൈവം—ഭാഗ്യം] (ജ്യോത്സ്യൻ)

ദോഷത്രയം — ദോഷങ്ങളുടെ ത്രയം [ത്രയം — മൂന്ന്] (വാതപിത്തകഫങ്ങൾ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദോഷ — അന്ധകാരം കൊണ്ടു ദുഷിക്കുന്നത് (രാത്രി)

ദോഷാചരി — ദോഷയിൽ ചരിക്കുന്നവൾ [ദോഷ—രാത്രി] (രാക്ഷസി)

ദോഷാകരൻ — ദോഷയെ ഉണ്ടാക്കുന്നവൻ [ദോഷ—രാത്രി] (ചന്ദ്രൻ)

ദോഹദം — ദോഹത്തെ ഉണ്ടാക്കുന്നത് [ദോഹം—ആകർഷണം] (ഇച്ഛ)

ദോഹദകാലം — ദോഹദമുള്ള കാലം [ദോഹദം—ഇച്ഛ] (ഗർഭകാലം)

ദോഹദവതി — ദോഹദമുള്ളവൾ [ദോഹദം—ആഗ്രഹം] (ഗർഭിണി)

ദൗഷ്യന്തി — ദുഷ്യന്തന്റെ പുത്രൻ (ഭരതൻ)

ദൗഹിത്രൻ — ദുഹിതാവിന്റെ മകൻ [ദുഹിതാവ് — മകൾ] (മകളുടെ പുത്രൻ)

ദ്യുഗം — ദ്യുവിൽ ഗമിക്കുന്നത് [ദ്യു—ആകാശം] (ഗ്രഹം)

ദ്രവ്യനാമം — ദ്രവ്യത്തിന്റെ പേരായ ശബ്ദം [ദ്രവ്യം—വസ്തു]

ദ്രവ്യം — ദ്രവിച്ചുപോകുന്നത് [ദ്രവിക്കുക — നശിച്ചുപോകുക] (സമ്പത്ത്)

ദ്രാവിഡഭാഷകൾ — ദ്രാവിഡഗോത്രത്തിൽപ്പെട്ട ഭാഷകൾ (തമിഴ്, തെലുങ്ക്, കർണ്ണാടകം, മലയാളം, തുളു മുതലായവ)

ദ്രുണഖം — ദ്രുവിന്റെ നഖം [ദ്രു—വൃക്ഷം] (മുള്ള്)

ദ്രുതകവനം — ദ്രുതമായ കവനം [കവനം — കവിതാനിർമ്മാണം] (ആശുരചന)

ദ്രോണൻ — ഭരദ്വാജൻ ദ്രോണത്തിൽ വളർത്തിയവൻ [ദ്രോണം—കുടം] (അശ്വത്ഥാമാവിന്റെ പിതാവ്)

ദ്രുപദൻ — വൃക്ഷം ധ്വജചിഹ്നമായിട്ടുള്ളവൻ [ദ്രു—വൃക്ഷം. ധ്വജചിഹ്നം—കൊടിയടയാളം] (പാഞ്ചാലൻ)

ദ്രൗപദി — ദ്രുപദരാജാവിന്റെ പുത്രി. [ദ്രുപദം—പാഞ്ചാലം] (പാഞ്ചാലി)

ദ്രൗപദേയന്മാർ — ദ്രുപദപുത്രിയുടെ മക്കൾ [ദ്രുപദപുത്രി—പാഞ്ചാലി] (പ്രതിവിന്ധ്യൻ, സുതസോമൻ, ശ്രുതകർമ്മാവ്, ശതാനീകൻ, ശ്രുതസേനൻ)

ദ്വന്ദ്വചരം — ദ്വന്ദ്വമായി ചരിക്കുന്നത് [ദ്വന്ദ്വം—ഇണ] (ചക്രവാകം)

ദ്വയാർത്ഥപ്രയോഗം — ദ്വയാർത്ഥം പ്രയോഗിക്കൽ [ദ്വയാർത്ഥം — രണ്ടർത്ഥം] (ശ്ലേഷം)

ദ്വാദശാക്ഷരം — പന്ത്രണ്ടക്ഷരം [ഓം നമോ ഭഗവതേ വാസുദേവായ] (ഒരു മന്ത്രം)

ദ്വാപരം — പരമായ രണ്ടു യുഗം മുമ്പേയുള്ളത് [പരം — ശ്രേഷ്ഠം] (മൂന്നാമത്തെയുഗം)

ദ്വാരക — ധാരാളം ദ്വാരങ്ങളോടുകൂടിയ നഗരം [ദ്വാരം — വാതിൽ. ദ്വാരേണ കായതീതി] (കൃഷ്ണപുരി)

ദ്വാരപാലകൻ — ദ്വാരത്തെ പാലിക്കുന്നവൻ [ദ്വാരം — പ്രവേശനമാർഗ്ഗം] (പാറാവുകാരൻ)

ദ്വിജൻ — രണ്ടുജന്മം ഉള്ളവൻ [ഉപനയനാനന്തരജീവിതത്തെ മറ്റൊരു ജന്മമായി കരുതുന്നതിനാൽ] (ബ്രാഹ്മണൻ)

ദ്വിജം — രണ്ടുതരത്തിൽ ജനിക്കുന്നത് [മുട്ടയായും വിരിഞ്ഞ് കുട്ടിയായും ജനിക്കുന്നത്] (പക്ഷി)

ദ്വിജിഹ്വം — രണ്ടായിപ്പിളർന്ന ജിഹ്വയോടു കൂടിയത് [ജിഹ്വ—നാവ്] (പാമ്പ്)

ദ്വിതീയാശ്രമം — ദ്വിതീയമായ ആശ്രമം [ദ്വിതീയം—രണ്ടാമത്തെ] (ഗൃഹസ്ഥാശ്രമം)

ദ്വിപം — രണ്ടുവഴിക്ക് പാനം ചെയ്യുന്നത് [തുമ്പിക്കൈകൊണ്ടും മുഖംകൊണ്ടും] (ആന)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദ്വിപാസ്യൻ — ദ്വിപത്തിന്റെ ആസ്യം പോലുള്ള ആസ്യത്തോടു കൂടിയവൻ [ദ്വിപം—ആന] (ഗണപതി)

ദ്വിരദം — രണ്ടുപ്രശസ്ത രദങ്ങളോടു കൂടിയത് [രദം — പല്ല്. ഇവിടെ കൊമ്പെന്നർത്ഥം] (ആന)

ദ്വിരേഫം — പേരിൽ രണ്ടു രേഫമുള്ളത് [രേഫം—രകാരം] (ഭ്രമരം)

ദ്വിഹല്യം — ഹലം രണ്ടുവട്ടം ഉപയോഗിച്ച നിലം [ഹലം — കലപ്പ] (രണ്ടുചാൽ ഉഴുത നിലം)

ദ്വേഷണൻ — ദ്വേഷിക്കുന്നവൻ [ദ്വേഷിക്കുക—വെറുക്കുക] (ശത്രു)

ദ്വൈപായനൻ — ദ്വീപം അയനമായുള്ളവൻ [ദ്വീപം — തുരുത്ത്] (വ്യാസൻ)

ദ്വൈമാതുരൻ — രണ്ടമ്മമാരുടെ മകൻ [ഗജമുഖനെ പ്രസവിച്ചത് പുഷ്പക. രക്ഷിച്ചതു ദീപവത്സല] (ഗണപതി)

ധ

ധനഞ്ജയൻ — ജയമാകുന്ന ധനത്തോടുകൂടിയവൻ (അർജ്ജുനൻ)

ധനദൻ — ധനത്തെ പാലിക്കുന്നവൻ [ദയതി—പാലയതി] (കുബേരൻ)

ധനദാനുജൻ — ധനദന്റെ അനുജൻ [ധനദൻ—കുബേരൻ] (രാവണൻ)

ധനുർവ്വേദം — ധനുസ്സിനെ സംബന്ധിച്ച വേദം [ധനുസ്സ് — വില്ല്. ഇവിടെ ആയുധമെന്നർത്ഥം] (ആയുധവിദ്യ)

ധന്വി — ധനുസ്സു കൈയിലുള്ളവൻ [ധനുസ്സ്—വില്ല്] (വില്ലാളി)

ധര — ജീവികളെ ധരിക്കുന്നത് (ഭൂമി)

ധരണി — ധരങ്ങൾ ഉള്ളത് [ധരം—പർവ്വതം] (ഭൂമി)

ധരാധരം — ധരയെ ധരിക്കുന്നത് (പർവ്വതം)

ധരാരുഹം — ധരയിൽ രോഹണം ചെയ്യുന്നത് [രോഹണംചെയ്യുക—മുളക്കുക] (വൃക്ഷം)

ധർമ്മജൻ — ധർമ്മന്റെ പുത്രൻ [ധർമ്മൻ—യമൻ] (ധർമ്മപുത്രർ)

ധർമ്മദ്വയം — ധർമ്മത്തിന്റെ ദ്വയം [ദ്വയം — രണ്ട്] (പ്രവൃത്തിയും നിവൃത്തിയും)

ധർമ്മഭാണകൻ — ധർമ്മത്തിന്റെ ഭാണകൻ [ഭാണകൻ — വിളിച്ചു പറയുന്നവൻ] (ജീവിതധർമ്മങ്ങൾ വിളംബരപ്പെടുത്തുന്നവൻ)

ധർമ്മരാജൻ — ധർമ്മം കൊണ്ട് രാജ്യം ഭരിക്കുന്നവൻ [ധർമ്മം — പുണ്യകർമ്മം] (ബുദ്ധൻ)

ധർമ്മവാഹനൻ — ധർമ്മമാകുന്ന വാഹനത്തോടു കൂടിയവൻ [ധർമ്മം — ധർമ്മമൂർത്തിയായ കാള] (ശിവൻ)

ധവൻ — സ്ത്രീയെ ധവംചെയ്യുന്നവൻ [ധവംചെയ്യുക — ഇളക്കുക] (ഭർത്താവ്)

ധവളം — ധവത്തെ ഉണ്ടാക്കുന്നത് [ധവം—ഇളക്കം] (ശുദ്ധമാക്കുന്നത്; വെളുപ്പ്)

ധവളപക്ഷം — ധവളമായ പക്ഷങ്ങളോടു കൂടിയത് [ധവളം—വെളുപ്പ്. പക്ഷം—ചിറക്] (അരയന്നം)

ധവളാപാംഗി — ധവളമായ അപാംഗത്തോടു കൂടിയത് [അപാംഗം—കണ്ണിന്റെ അറ്റം] (പെൺമയിൽ)

ധാതുഭൃത്ത് — ധാതുക്കളെ ഭരിക്കുന്നത് [ധാതുക്കൾ — സ്വർണ്ണാദികൾ] (പർവ്വതം)

ധാത്രി — കുടിക്കപ്പെടുന്നവൾ [ധീയതേ—പീയതേ] (അമ്മ)

ധാമനിധി — ധാമങ്ങളുടെ നിധി [ധാമങ്ങൾ — കിരണങ്ങൾ] (സൂര്യൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധാരണ — ധർമ്മത്തെ ധരിക്കൽ [ധരിക്കുക—മനസ്സിലാക്കുക] (ബുദ്ധിയുടെ ഒരു ശക്തി)

ധാരാഗൃഹം — ധാരകൊണ്ടു തണുപ്പിച്ച ഗൃഹം [ധാര — ജലപ്രവാഹം] (ശൈത്യാഗാരം)

ധാരാധരം — ധാരയെ ധരിക്കുന്നത് [ധാര—ജലധാര] (മേഘം)

ധാർത്തരാഷ്ട്രന്മാർ — ധൃതരാഷ്ട്രരുടെ മക്കൾ

ദുര്യോധനൻ, ദുശ്ശാസനൻ, ദുസ്സഹൻ, ദുശ്ശളൻ, ജലഗന്ധൻ, സമൻ, സഹൻ, വിന്ദൻ, അനുവിന്ദൻ, ദുർദ്ധർഷൻ, സുബാഹു, ദുഷ്പ്രധർഷണൻ, ദുർമ്മർഷണൻ, ദുർമ്മുഖൻ, ദുഷ്കർണ്ണൻ, കർണ്ണൻ, വികർണ്ണൻ, ശളൻ, ദുർവ്വിമോചനൻ, അയോബാഹു, മഹാബാഹു, ചിത്രാംഗൻ, ചിത്രകുണ്ഡലൻ, ഭീമവേഗൻ, ഭീമബലൻ, വലാഗി, ബലവർദ്ധനൻ, ഉഗ്രായുധൻ, സുഷേണൻ, കുണ്ഠാരൻ, മഹോദരൻ, ചിത്രായുധൻ നിഷംഗി, പാശി, വൃന്ദാരകൻ, ദൃഢവർമ്മൻ, ദൃഢക്ഷത്രൻ, സോമകീർത്തി, അനൂദരൻ, ദൃഢസന്ധൻ, ജരാസന്ധൻ, സത്യസന്ധൻ, സദസ്സുവാക്, ഉഗ്രശ്രവസ്, ഉഗ്രസേനൻ, സേനാനി, ദുഷ്പരാജയൻ, അപരാജിതൻ, കുണ്ഡശായി, വിശാലാക്ഷൻ, സത്വൻ, സുലോചനൻ, ചിത്രൻ, ഉപചിത്രൻ, ചിത്രാക്ഷൻ, ചാരുചിത്രൻ, ശരാസനൻ, ദുർമ്മദൻ, ദുർവിഗാഹൻ, വിവിത്സു, വികടാനനൻ, ഊർണ്ണനാഭൻ, സുനാഭൻ, നന്ദൻ, ഉപനന്ദൻ, ചിത്രബാണൻ, ചിത്രവർമ്മൻ, സുവർമ്മൻ, ദുരാധരൻ, ദൃഢഹസ്തൻ, സുഹസ്തൻ, വാതവേഗൻ, സുവർമ്മാവ്, ആദിത്യകേതു, ബഹ്വാശി, നാഗദത്തൻ, ഉഗ്രശായി, കവചീക്രഥനൻ, കുണ്ഡി, കുണ്ഡധാരൻ, ധനുർദ്ധരൻ, വീരബാഹു, അലോലുപൻ, അഭയൻ, ദൃഢകർമ്മാവ്, ദൃഢരഥാശ്രയൻ, അനാധൃഷ്യൻ, കുണ്ഡഭേദി, വിരാവി, ചിത്രകുണ്ഡലൻ, പ്രമഥൻ, അപ്രമാഥി, ദീർഘരോമൻ സുവീര്യവാൻ, ദീർഘബാഹു, മഹാബാഹു, വ്യൂഢോരസ്സ്, കാഞ്ചനധ്വജൻ, കുണ്ഡാശി, വിരജസ്സ്. — നൂറ് ആൺമക്കൾ; ദുശ്ശള — ഒരേയൊരു മകൾ)

ധാവകൻ — ധാവനം ചെയ്യുന്നവൻ [ധാവനം—കഴുകിവൃത്തിയാക്കൽ] (രജകൻ)

ധീരലളിതൻ — ധീരനാണെങ്കിലും വിനോദപ്രിയൻ (നാടകനായകൻ)

ധീരോദ്ധതൻ — ചപലനും അഹങ്കാരിയുമായ നായകൻ (നാടകനായകൻ)

ധുനീനാഥൻ — ധുനിയുടെ നാഥൻ [ധുനി—നദി] (സമുദ്രം)

ധുരന്ധരൻ — ധുരത്തെ ധരിക്കുന്നവൻ [ധുരം—ഭാരം] (ഭാരവാഹി)

ധൂമകേതനൻ — ധൂമമാകുന്ന കേതനത്തോടുകൂടിയവൻ [കേതനം — കൊടി] (അഗ്നി)

ധൂമപൻ — ധൂമപാനം ചെയ്യുന്നവൻ [ധൂമപാനം—പുകവലി] (പുകവലിനടത്തുന്നവൻ)

ധൂമ്രലോചനം — ധൂമ്രമായ ലോചനത്തോടുകൂടിയത് [ധൂമ്രം—ശ്യാമരക്തമിശ്രിതവർണ്ണം] (പ്രാവ്)

ധൂർജടി — ധൂർ ആയ ജടിയോടുകൂടിയവൻ [ധൂർ — ഭാരം. ജടി—ജട] (ശിവൻ)

ധൃതഹരിണൻ — ദക്ഷയാഗസ്ഥലത്തുനിന്നു പെൺമാനിന്റെ രൂപത്തിൽ ഭയന്നോടിയ യാഗദേവതയെ കൈയിൽവെച്ചിരിക്കുന്നവൻ [ഹരിണം—മാൻ] (ശിവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധേനു — കന്നുകുട്ടിയാൽ കുടിക്കപ്പെടുന്നത് (പ്രസവിച്ച പശു)

ധൈനുകം — ധേനുക്കളുടെ സമൂഹം [ധേനു—പശു] (പശുക്കൂട്ടം)

ധ്വാന്താരാതി — ധ്വാന്തത്തിന്റെ അരാതി [ധ്വാന്തം—ഇരുട്ട്. അരാതി—ശത്രു] (സൂര്യൻ)

ധ്വാംക്ഷം — ഘോരമായി ശബ്ദിക്കുന്നത് (കാക്ക)

ന

നകുലം — പ്രത്യേകിച്ചൊരു കുലത്തിൽപെടുത്താൻ കഴിയാത്ത ജീവി [കുലം—വംശം] (കീരി)

നക്തഞ്ചരൻ — നക്തത്തിൽ ചരിക്കുന്നവൻ [നക്തം—രാത്രി] (രാക്ഷസൻ)

നക്തമുഖ — നക്തത്തിന്റെ മുഖമായുള്ള സമയം [നക്തം — രാത്രി] (സായംസന്ധ്യ)

നക്രബാഷ്പം — നക്രത്തിന്റെ ബാഷ്പം [നക്രം—മുതല. ഇതിന്റെ കണ്ണിൽനിന്നു ബാഷ്പമൊഴുകുന്നതു കണ്ടു കരച്ചിലാണെന്നു കരുതരുത്.] (കള്ളക്കരച്ചിൽ)

നക്രം — അധികം ദൂരെ സഞ്ചരിക്കാത്തത് [നക്രാമതി ദൂരസ്ഥലം ഇതി] (മുതല)

നക്ഷത്രം — ശോഭയെ എങ്ങും വ്യാപിപ്പിക്കുന്നത് [നക്ഷതി—ശോഭാംഗച്ഛതി] (താരം)

നക്ഷത്രശാല — നക്ഷത്രങ്ങളെ നിരീക്ഷിക്കുന്ന ശാല [നക്ഷത്രം—ജ്യോതിർഗ്ഗോളം] (നിരീക്ഷണനിലയം. Observatory)

നഖശിഖാന്തം — നഖംമുതൽ ശിഖവരെ [ശിഖ—തല] (അടിമുടി)

നഖഭനാദം — തന്ത്രികളിൽ നഖംതട്ടുമ്പോൾ ഉണ്ടാകുന്ന നാദം [തന്ത്രി—കമ്പി] (വീണാനാദം)

നഗം — ഗമിക്കാത്തത് [ന ഗച്ഛതി ഇതി] (പർവ്വതം)

നഗജ — നഗത്തിന്റെ മകൾ [നഗം—പർവ്വതം] (പാർവ്വതി)

നഗജാനാഥൻ — നഗജയുടെ നാഥൻ [നഗജ—പാർവ്വതി] (ശിവൻ)

നഗപതി — നഗങ്ങളുടെ പതി [നഗം—പർവ്വതം] (ഹിമവാൻ)

നഗരം — നഗങ്ങൾ എന്നപോലെ പ്രാസാദങ്ങളോടുകൂടിയത് [നഗം—പർവ്വതം] (പട്ടണം)

നഗാടനൻ — നഗത്തിൽ അടനം ചെയ്യുന്നവൻ [നഗം — വൃക്ഷം. അടനം—യാത്ര] (മരപ്പാടി)

നഗ്നാടൻ — നഗ്നമായി അടനം ചെയ്യുന്നവൻ [അടനം—സഞ്ചാരം] (ദിഗംബരയോഗി)

നഞ്ച — നനച്ചുകൃഷിചെയ്യേണ്ട നിലവും കൃഷിയും

നഞ്ചമ്പ് — അഗ്രത്തിൽ നഞ്ചുതേച്ചിട്ടുള്ള അമ്പ് (വിഷം തേച്ച ശരം)

നടൻ — നടിക്കുന്നവൻ [നടിക്കുക—അഭിനയിക്കുക] (അഭിനയിക്കുന്നവൻ)

നടുനില — അന്യായക്കാരന്റെയും പ്രതിയുടെയും നടുവിലുള്ള നില (മാദ്ധ്യസ്ഥ്യം)

നടുവിനയെച്ചം — കാലം, പ്രകാരം, പുരുഷൻ ഈ ഉപാധികളൊന്നുമില്ലാത്ത വിനയെച്ചം (പറകവേണം എന്നതിലെ 'പറക' ഉദാഹരണം)

നണ്ണലർ — നണ്ണാനാവാത്തവർ [നണ്ണുക — വിശ്വസിക്കുക] (ശത്രുക്കൾ)

നൺപൻ — നൺപുള്ളവൻ [നൺപ്—സ്നേഹം] (സ്നേഹിതൻ)

നതാംഗി — നതമായ അംഗത്തോടുകൂടിയവൾ [നതം — നമിച്ചത്] (സുന്ദരി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നദി — നദിക്കുന്നത് [നദിക്കുക—ശബ്ദിക്കുക] (പുഴ)

നന്ദകം — ബന്ധുക്കളെ നന്ദിപ്പിക്കുന്നത് [നന്ദിപ്പിക്കുക = സന്തോഷിപ്പിക്കുക] (വിഷ്ണുവിന്റെ വാൾ)

നന്ദനം — ആനന്ദിപ്പിക്കുന്നത് (ഇന്ദ്രവനം)

നന്ദനൻ — നന്ദിപ്പിക്കുന്നവൻ [നന്ദിപ്പിക്കുക — സന്തോഷിപ്പിക്കുക] (മകൻ)

നപുംസകം — പുംസകം അല്ലാത്തത് [പുംസകം—സ്ത്രീയും പുരുഷനും] (ആണുംപെണ്ണുമല്ലാത്ത ജീവി)

നഭശ്ചക്ഷുസ്സ് — നഭസ്സിന്റെ ചക്ഷുസ്സ് [നഭസ്സ്—ആകാശം] (സൂര്യൻ)

നഭശ്ചരം — നഭസ്സിൽ ചരിക്കുന്നത് [നഭസ്സ്—ആകാശം] (പക്ഷി)

നഭസ്സ് — മേഘങ്ങളാൽ ഭാസ്സ് ഇല്ലാതാവുന്നത് [ഭാസ്സ്—ശോഭ] (ആകാശം)

നഭോമണ്ഡലതരംഗം — നഭോമണ്ഡലത്തിലൂടെ സഞ്ചരിക്കുന്ന തരംഗം [നഭോ മണ്ഡലം — ആകാശം] (Sky wave)

നഭോദീപം — നഭസ്സിലെ ദീപം [നഭസ്സ്—ആകാശം] (ചന്ദ്രൻ)

നഭോലയം — നഭസ്സിൽ ലയിക്കുന്നത് [നഭസ്സ്—ആകാശം] (ഇരുട്ട്)

നമുചിസൂദനൻ — നമുചിയെ സൂദനം ചെയ്തവൻ [സൂദനം — വധം] (ദേവേന്ദ്രൻ)

നമോവാകം — നമ: എന്ന വാക്ക് ഉച്ചരിക്കൽ (വന്ദനം)

നമ്പൂതിരി — ഊരിലെ നമ്പിയതിരി [നമ്പിയ+ഊര്+തിരി. നമ്പിയ—വിശ്വസ്തനായ. തിരി—മുഖ്യൻ] (ബ്രാഹ്മണൻ)

നയനച്ഛദം — നയനത്തെ ഛാദനം ചെയ്യുന്നത് [ഛാദനംചെയ്യുക — മൂടുക] (കൺപോള)

നയനം — വസ്തുക്കളിലേക്ക് ശ്രദ്ധയെ നയിക്കുന്നത് (മിഴി)

നയരാഗം — ആലാപത്തിലും താനത്തിലും സ്വരൂപം സ്പഷ്ടമായിക്കാണുന്ന രാഗം (കല്യാണി, കാംബോജി, തോഡി, ശങ്കരാഭരണം മുതലായവ)

നയവിശാരദൻ — നയത്തിൽ വിശാരദൻ [നയം—രാജ്യനീതി] (രാജ്യതന്ത്രജ്ഞൻ)

നരകം — മനുഷ്യനെ ക്ലേശിപ്പിക്കുന്നത് [നൃണാതി—ക്ലേശം പ്രാപയതി] (പാപികളെ തള്ളിവിടുന്ന ലോകം)

നരമേധം — നരനെഹിംസിച്ചുകൊണ്ടുള്ള മേധം [മേധം — യാഗം] (മനുഷ്യബലി)

നരമ്പുകരുവി — നരമ്പുകെട്ടിയ കരുവി [കരുവി—വാദ്യം] (തന്ത്രിവാദ്യം)

നരഹരി — നരന്റെയും ഹരിയുടേയും രൂപമുള്ളവൻ [ഹരി — സിംഹം] (നരസിംഹം)

നരായണൻ — നരന്മാർക്ക് അയനമായി ഉള്ളവൻ (ഈശ്വരൻ)

നർമ്മസചിവൻ — രാജാവിനോട് നർമ്മം പറയുന്ന സചിവൻ [നർമ്മം — നേരമ്പോക്ക്. സചിവൻ—സേവകൻ] (വിദൂഷകൻ)

നല്ലിരിക്കൽ — നല്ലവണ്ണം ഇരിക്കൽ (ഔഷധസേവ കഴിഞ്ഞാൽ കുറേ ദിവസം പഥ്യം തെറ്റിക്കാതെയിരിക്കൽ)

നവഗോപ്യം — ഒൻപതു ഗോപ്യം [ഗോപ്യം—രഹസ്യം] (മരുന്ന്, മന്ത്രം, മാനം, അപമാനം, മൈഥുനം, ദാനം, ഗൃഹച്ഛിദ്രം, ധനസ്ഥിതി, വയസ്സ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നവഗ്രഹം — ഒൻപതു ഗ്രഹം [ജ്യോതിശ്ശാസ്ത്രപ്രകാരമുള്ള ഗ്രഹങ്ങൾ] (സൂര്യൻ, ചന്ദ്രൻ, കുജൻ, കേതു, ഗുരു, ശുക്രൻ, ശനി, ബുധൻ, രാഹു)

നവഗ്രഹകൃതികൾ — നവഗ്രഹങ്ങളുടെ സ്വരൂപവും സ്ഥാനാദികളും ഉൾക്കൊള്ളുന്ന കൃതികൾ (മുത്തുസ്വാമി ദീക്ഷിതരുടെ കൃതികൾ)

നവനീതചോരൻ — ബാല്യകാലത്തു നവനീതം ചോരണം ചെയ്തവൻ [നവനീതം—വെണ്ണ] (ശ്രീകൃഷ്ണൻ)

നവനീതം — നവമായി നയിക്കപ്പെട്ടത് (വെണ്ണ)

നവരക്കിഴി — നവരച്ചോറുകൊണ്ടുള്ള കിഴി [നവര — ഒരുതരം നെല്ല്] (ആയുർവ്വേദ ചികിത്സാവിധികളിലൊന്ന്)

നവരത്നം — ഒൻപതു രത്നം (മുക്താമാണിക്യ വൈഡൂര്യ ഗോമേദാൻ വജ്രവിദ്രുമൗ പദ്മരാഗം മരതകം നീലഞ്ചേതി യഥാക്രമാത്)

നവരത്നമാലികാ — ഒമ്പതുവിധത്തിലുള്ള ഭക്തിയെ പ്രതിപാദിക്കുന്ന സ്വാതിതിരുനാൾ കൃതികൾ

നവരസം — ഒൻപതു രസം (ശൃംഗാരം കരുണം വീരം രൗദ്രം ഹാസ്യം ഭയാനകം ബീഭത്സമദ്ഭുതം ശാന്തമെന്നിങ്ങുരസമൊൻപത്)

നവാംബരം — നവമായ അംബരം [നവം—പുതിയ, അംബരം—വസ്ത്രം] (കോടിവസ്ത്രം)

നവോഢ — പുതുതായി വഹിക്കപ്പെട്ടവൾ [നവ+ഊഢ] (പുതിയപെണ്ണ്)

നസറാണി — നസറത്ത് ദേശത്ത് നിന്നു വന്നവൻ (ക്രിസ്ത്യാനി)

നഹുഷാത്മജൻ — നഹുഷന്റെ ആത്മജൻ [നഹുഷൻ—അഗസ്ത്യശാപം കൊണ്ടു സർപ്പരൂപംപൂണ്ട രാജാവ്] (യയാതി)

നളദം — നളത്തെ ദാനം ചെയ്യുന്നത് [നളം—ഗന്ധം] (രാമച്ചം, ചെമ്പരുത്തിപ്പൂ)

നളിനം — നളം ഉള്ളത് [നളം—ഗന്ധം] (താമര)

നളിനായുധൻ — നളിനം ആയുധമായുള്ളവൻ [നളിനം—താമര] (കാമദേവൻ)

നള്ളാർ — നള്ളാത്തവർ [നള്ളുക—സ്നേഹിക്കുക] (ശത്രുക്കൾ)

നാകം — അകം ഇല്ലാതാക്കുന്ന ഇടം [അകം—കംഅല്ലാത്തത്, ദുഃഖം] (സ്വർഗ്ഗം)

നാകാപഗ — നാകത്തിലെ ആപഗ [നാകം—സ്വർഗ്ഗം, ആപഗ—നദി] (സ്വർഗ്ഗംഗ)

നാഗകേതനൻ — നാഗം കേതനത്തിൽ അടയാളമായുള്ളവൻ [നാഗം—പാമ്പ്, കേതനം—കൊടി] (ദുര്യോധനൻ)

നാഗചൂഡൻ — നാഗം ചൂഡയിൽ ഉള്ളവൻ [ചൂഡ—തല] (ശിവൻ)

നാഗജിഹ്വ — നാഗങ്ങളുടെ ജിഹ്വപോലുള്ളത് [ജിഹ്വ—നാവ്] (മനയോല)

നാഗം — നഗത്തിൽ ഉണ്ടായത് [നഗം—പർവ്വതം] (പാമ്പ്)

നാഗപ്പോതി — സർപ്പാലംകൃതമായ മുടിയോടുകൂടിയ പോതി [പോതി—ഭഗവതി] (ഉത്തരകേരളത്തിലെ ഒരു തെയ്യം)

നാഗരാജൻ — നാഗങ്ങളുടെ രാജാവ് [നാഗം—പാമ്പ്] (അനന്തസർപ്പം)

നാഗരികൻ — നഗരത്തിൽ പാർക്കുന്നവൻ [നഗരം—പുരം] (പൗരൻ)

നാഗാന്തകൻ — നാഗങ്ങളുടെ അന്തകൻ [നാഗം—പാമ്പ്] (ഗരുഡൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാഗാഭരണൻ — നാഗങ്ങൾ ആഭരണമായുള്ളവൻ [നാഗം — സർപ്പം] (ശിവൻ)

നാങ്കുവർണ്ണൻ — നാലുവർണ്ണം (ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ എന്ന നാലു ജാതിക്കാർ)

നാടകം — നടിക്കപ്പെടുന്നത് [നടിക്കുക—അഭിനയിക്കുക] (ദശരൂപകങ്ങളിലൊന്ന്)

നാടുവാഴി — പ്രാചീനകേരളത്തിൽ നാടിന്റെ ഭരണാധികാരി

നാട്യശാസ്ത്രം — നാട്യത്തെ സംബന്ധിച്ച ശാസ്ത്ര ഗ്രന്ഥം (ഭരതമുനി സംസ്കൃതത്തിൽ നിർമ്മിച്ച ഗ്രന്ഥം)

നാട്യോക്തി — നാട്യത്തിലെ ഉക്തി (ആത്മഗതം, പ്രകാശം, ജനാന്തികം, അപവാരിതം, ആകാശഭാഷിതം)

നാദം — നദിക്കുന്നത് [നദിക്കുക—ശബ്ദിക്കുക] (ശബ്ദം)

നാനാർത്ഥം — ഒരേശബ്ദത്തിന്നു പല അർത്ഥം [നാനാ + അർത്ഥം] (ആകാശവും, വസ്ത്രവും അംബരശബ്ദത്തിന്റെ നാനാർത്ഥമാണ്)

നാന്ദി — സദസ്സിനെയും ഇഷ്ടദേവതയേയും നന്ദിപ്പിക്കുന്നത്. (നാടകാരംഭത്തിലെ ആശീർവചന രൂപത്തിലുള്ള പദ്യം)

നാഭിഭൂവ് — വിഷ്ണുവിന്റെ നാഭിയിൽ നിന്നു ഭവിച്ചവൻ (ബ്രഹ്മാവ്)

നാമം — ദ്രവ്യത്തിന്റെയോ ഗുണത്തിന്റേയോ ക്രിയയുടേയോ പേരായ ശബ്ദം

നാമലിംഗാനുശാസനം — നാമങ്ങളെയും ലിംഗങ്ങളെയും അനുശാസിക്കുന്ന ഗ്രന്ഥം (അമരകോശം)

നായകൻ — നയിക്കുന്നവൻ [നയിക്കുക—കൊണ്ടുനടത്തുക] (നേതാവ്)

നായർ — സവർണ്ണരിൽ നാലാമത്തെ ശൂദ്രരിൽപെടുന്ന ഒരു ജാതി. ദ്രാവിഡവർഗ്ഗത്തിൽപ്പെട്ട ഇവരെ ആര്യന്മാർ ദാസരാക്കി.

നാരദം — നാരത്തെ ദാനം ചെയ്യുന്നത് [നാരം—വെള്ളം] (മേഘം)

നാരദൻ — നാരത്തെ ദാനം ചെയ്യുന്നവൻ [നാരം — പരമാത്മവിഷയകജ്ഞാനം] (ഒരുദേവർഷി)

നാരായണൻ — നാരം അയനമായവൻ [നാരം—വെള്ളം] (വിഷ്ണു)

നാരായവേര് — നാരായം പോലെയുള്ള വേര് [നാരായം—എഴുത്താണി] (തായ്വേര്)

നാരായണീയം — നാരായണനെ സംബന്ധിച്ചത് [നാരായണൻ—വിഷ്ണു; നാരായണ ഭട്ടതിരി] (മേല്പത്തൂർ നാരായണ ഭട്ടതിരിയുടെ ഒരുകാവ്യം)

നാല്പാടി — നാല്പാടിയ്ക്കു അധിപൻ [പാടി—ദേശം] (ദേശവാഴി)

നാല്വർ — തമിൾനാട്ടിലെ നാലു പണ്ഡിതന്മാർ (തിരുജ്ഞാന സംബന്ധർ, സുന്ദരമൂർത്തി നായനാർ, തിരുനാവർക്കരശു സ്വാമികൾ, മാണിക്കവാചകർ)

നാല്പാമരം — നാലു പാൽമരം (ആൽ, അരയാൽ, അത്തി, ഇത്തി)

നാലുകുടി — തെക്കെ ഇന്ത്യയിൽ സംഘകാലത്തുണ്ടായിരുന്ന നാലുജാതിക്കാർ (തുടിയൻ, പറയൻ, പാണൻ, കടമ്പൻ)

നാസത്യന്മാർ — അസത്യമില്ലാത്തവർ (അശ്വിനീദേവന്മാർ)

നാസ്തികൻ — പരലോകവും മറ്റും നാസ്തിയെന്നു വിശ്വസിക്കുന്ന നിരീശ്വരവാദി [നാസ്തി—ഇല്ല] (ഭൗതികവാദി)

നാളീകിനി — നാളീകങ്ങൾ ഉള്ളത് [നാളീകം—താമര] (താമരപ്പൊയ്ക)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാഴികവട്ട — വെള്ളത്തിലിട്ടാൽ ഒരു നാഴികകൊണ്ട് മുങ്ങുന്ന ഒരു പാത്രം (പണ്ട് നേരം കണക്കാക്കാൻ ഉപയോഗിച്ചിരുന്ന ഉപകരണം)

നാർമുടിച്ചേരൻ — പനനാര് കൊണ്ടുള്ള മുടിയണിഞ്ഞ ചേരരാജാവ് [മുടി—കിരീടം] (നെടുംചേരലാതന്റെ മകൻ)

നികായൻ — കായമില്ലാത്തവൻ [കായം—ശരീരം] (ഈശ്വരൻ)

നിഗമം — നിഗമിക്കപ്പെടുന്നത് [നിഗമിക്കുക—അറിയുക] (വേദം)

നിഘണ്ടു — ഒരു പദത്തിന്റെ അക്ഷരവിന്യാസം, ഉച്ചാരണം, അർത്ഥം, പ്രയോഗം, പര്യായം, നിഷ്പത്തി, ചരിത്രം, ഇവയോ ഏതെങ്കിലും ചിലതോ വിവരിക്കുന്ന ഗ്രന്ഥം.

നിതംബം — പുരുഷന്മാരാൽ കാംക്ഷിക്കപ്പെടുന്നത് [നിതമു കാംക്ഷായാം] (സ്ത്രീകളുടെ പിൻഭാഗം)

നിതംബിനി — നല്ല നിതംബം ഉള്ളവൾ [നിതംബം — പിൻഭാഗം] (സുന്ദരി)

നിത്യസമാസം — നിത്യമായ സമാസം (സമാസിച്ച ഘടകപദം ഉപയോഗിച്ചുതന്നെ വിഗ്രഹിക്കാൻ കഴിയാത്ത സമസ്തപദം)

നിദാഘകരൻ — നിദാഘമായ കരങ്ങളോടുകൂടിയവൻ [നിദാഘം—ഉഷ്ണം] (സൂര്യൻ)

നിബദ്ധസംഗീതം — നിബദ്ധമായ സംഗീതം (താളബദ്ധമായ കീർത്തനം, വർണ്ണം മുതലായവ)

നിമ്നഗ — നിമ്ന പ്രദേശത്തിലൂടെ ഗമിക്കുന്നത് [നിമ്നം — താണസ്ഥലം] (നദി)

നിപ്പുപണം — അടിമപ്പണിക്ക് ഒരു വർഷം നിൽക്കാൻ [നിപ്പ്—നില്പ്] കരാർപ്രകാരം കൊടുക്കുന്ന പണം (ഉറപ്പുപണം)

നിയതതിഥി — നിയതമായ തിഥി [നിയതം—നിശ്ചിതം] (നിശ്ചിതതിയ്യതി; Due Date)

നിയന്ത്രി — ആത്മാവിനെ നിയമിക്കുന്നത് [നിയമിക്കുക—നിയന്ത്രിക്കുക] (ഭാഗ്യം)

നിയോജകം — വ്യാകരണത്തിൽ നിയോഗാർത്ഥം കാണിക്കാൻ 'അട്ടെ' എന്ന പ്രത്യയം ചേർത്തുണ്ടാക്കുന്ന പ്രകാരം [നിയോഗം—കല്പന] (അവനെ തുറങ്കിലടക്കട്ടെ എന്ന വാക്യത്തിലെ അടക്കട്ടെ നിയോജകപ്രകാരമാണ്)

നിരഞ്ജന — അഞ്ജനം ഇല്ലാത്തത് [അഞ്ജനം—അന്ധകാരം] (പൂർണ്ണിമ)

നിരന്തരം — അന്തരം ഇല്ലാതെ [അന്തരം—ഇട] (എപ്പോഴും)

നിരപത്യ — അപത്യമില്ലാത്തവൾ [അപത്യം — സന്താനം] (മക്കളില്ലാത്ത സ്ത്രീ)

നിരാശ്രിത ഗൃഹം — നിരാശ്രിതർക്കുള്ള ഗൃഹം [നിരാശ്രിതർ—ആശ്രയമില്ലാത്തവർ] (അഗതിമന്ദിരം)

നിരീശ്വരവാദി — ഈശ്വരനില്ലെന്ന് വാദിക്കുന്നവൻ (നാസ്തികൻ)

നിരീഹൻ — ഈഹയില്ലാത്തവൻ [ഈഹ—ചേഷ്ട] (വിഷ്ണു)

നിരുക്തം — വ്യക്തമായി പറയപ്പെടുന്നത് [നിശ്ചയേന ഉക്തം] (വേദവേദാംഗ ശാസ്ത്രവിശേഷം; ആറുവേദാംഗമുള്ളതിലൊന്ന്)

നിരുദ്ധകണ്ഠൻ — നിരുദ്ധമായ കണ്ഠത്തോടുകൂടിയവൻ [നിരുദ്ധം—നിരോധിക്കപ്പെട്ട] (ശ്വാസംമുട്ടി വാക്കുകിട്ടാതെ വിഷമിക്കുന്നവൻ)

നിർഗ്ഗന്ധകുസുമം — ഗന്ധമില്ലാത്ത കുസുമം [ഗന്ധം—മണം, കുസുമം—പൂ]

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നിർജ്ജരൻ — ജരയില്ലാത്തവൻ [ജര—വാർദ്ധക്യസഹജമായ ചുക്കിച്ചുളിവ്] (ദേവൻ)

നിർണ്ണേജകൻ — നിർണ്ണേജനം ചെയ്യുന്നവൻ [നിർണ്ണേജനം ചെയ്യുക—കഴുകുക] (അലക്കുകാരൻ)

നിർന്നിമേഷം — നിമേഷം കൂടാതെ [നിമേഷം—ഇമയടക്കൽ] (കണ്ണടയ്ക്കാതെ)

നിർമ്മദൻ — മദമില്ലാത്തവൻ [മദം—അഹങ്കാരം] (ഒതുക്കമുള്ളവൻ)

നിര്യാണം — ഇനിയിങ്ങോട്ടില്ലാത്തയാനം [യാനം—യാത്ര] (മരണം)

നിർല്ലേപൻ — ലേപമില്ലാത്തവൻ [ലേപം—പുരളൽ] (രാഗാദിദോഷങ്ങൾ പുരളാത്തവൻ, സംന്യാസി)

നിലപാടുനില്ക്കുക — മാമാങ്കാതിരിയുടെ നിഴൽപ്പാടിൽ അവിടുത്തെ കല്പനയ്ക്കു വിധേയനായി നില്ക്കുക (നിഴൽപ്പാടു നില്ക്കുക)

നിവാതം — നിർഗ്ഗതമായ വാതത്തോടു കൂടിയത് [നിർഗ്ഗതം—ഇല്ലാത്ത. വാതം — വായു] (കാറ്റടങ്ങിയ സ്ഥലം)

നിവാപകൻ — നിവാപം നടത്തുന്നവൻ [നിവാപം — പിതൃതർപ്പണം] (ഉദയക്രിയ ചെയ്യുന്നവൻ)

നിശ — വ്യാപാരങ്ങളെ കുറക്കുന്നത് [നിതരാം ശ്യതി വ്യാപാരാനിതി] (രാത്രി)

നിശാകരൻ — നിശയെ ഉണ്ടാക്കുന്നവൻ [നിശ—രാത്രി] (ചന്ദ്രൻ)

നിശാഖ്യ — നിശ എന്ന ആഖ്യയോടു കൂടിയത് (മഞ്ഞൾ)

നിശാചരൻ — നിശയിൽ ചരിക്കുന്നത് (രാക്ഷസൻ)

നിശാചരം — നിശയിൽ ചരിക്കുന്നത് (മൂങ്ങ)

നിശാരണൻ — നിശാരണം ചെയ്യുന്നവൻ [നിശാരണം — കൊല] (കൊലപാതകി)

നിശീഥിനി — നിശീഥത്തോടുകൂടിയത് [നിശീഥം—അർദ്ധരാത്രി] (രാത്രി)

നിഷ്ക്കളൻ — കലകൾ ഇല്ലാത്തവൻ [കലകൾ — അംശങ്ങൾ] (സമ്പൂർണ്ണൻ)

നിഷ്ണാതൻ — കാര്യപ്രാപ്തിക്കുള്ള പ്രവർത്തനങ്ങളിൽ സ്നാതൻ [നി+സ്നാതൻ. സ്നാതൻ—മുങ്ങിയവൻ] (സമർത്ഥൻ)

നിസർഗ്ഗം — സർഗ്ഗം മുതൽ ഉള്ളത് [സർഗ്ഗം—ഉല്പത്തി] (സ്വഭാവം)

നിസ്ത്രിംശം — ത്രിംശത്തിലധികം നീളമുള്ളത് [ത്രിംശം—മുപ്പത്. ഇവിടെ മുപ്പതംഗുലം] (വാൾ)

നിസ്പൃഹത്വം — സ്പൃഹയില്ലാത്ത അവസ്ഥ [സ്പൃഹ—ആഗ്രഹം] (ഒന്നിലും അതിമോഹമില്ലാത്ത അവസ്ഥ)

നിസ്വൻ — സ്വം ഇല്ലാത്തവൻ [സ്വം—ധനം] (ദരിദ്രൻ)

നിറനാഴി — അരിയോ നെല്ലോ നിറച്ച നാഴി (മംഗളകർമ്മങ്ങൾക്കു വിളക്കിന്റെ കൂടെ വെക്കുന്നത്)

നിറമാല — ക്ഷേത്രത്തിൽ വരിവരിയായി വിളക്കുകൊളുത്തി നിറംകൊണ്ടുണ്ടാക്കുന്ന മാല (ദീപാലങ്കാരം)

നീചഗം — നീചത്തേക്കു ഗമിക്കുന്നത് [നീചം—താണസ്ഥലം] (വെള്ളം)

നീഡജം — നീഡത്തിൽ ജനിച്ചത് [നീഡം—കൂട്] (പക്ഷി)

നാണാൾ — നീണ്ടകാലം [നീൾ+നാൾ] (വളരെക്കാലം)

നീരജം — നീരത്തിൽ ജനിച്ചത് [നീരം—വെള്ളം] (താമര)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നീരജാസനൻ — നീരജം ആസനമാ യുള്ളവൻ [നീരജം — താമര] (ബ്രഹ്മാവ്)

നീരദം — നീരത്തെ ദാനം ചെയ്യുന്നത് [നീരം—ജലം] (മേഘം)

നീരദവർണ്ണൻ — നീരദത്തിന്റെ വർണ്ണംപോലെയുള്ള വർണ്ണത്തോടുകൂടിയവൻ [നീരദം — മേഘം] (ശ്രീകൃഷ്ണൻ)

നീരന്ധ്രം — രന്ധ്രം ഇല്ലാത്ത [രന്ധ്രം—ദ്വാരം] (ഇടതിങ്ങിയ)

നീരുജൻ — രുജയില്ലാത്തവൻ [രുജ—രോഗം] (അരോഗൻ)

നീരം — ഒരിടത്തുനിന്നു മറ്റൊരിടത്തേക്ക് ചെല്ലുന്നത് [നയതി—പ്രാപയതി സ്ഥാനത് സ്ഥാനാന്തരം] (ജലം)

നീലകണ്ഠൻ — നീലമായ കണ്ഠത്തോടുകൂടിയവൻ [കണ്ഠം—കഴുത്ത്] (ശിവൻ)

നീലലോഹിതൻ — കണ്ഠത്തിൽ നീലവും ജടയിൽ ലോഹിതവും ഉള്ളവൻ [ലോഹിതം—ചുകപ്പുനിറം] (ശിവൻ)

നീലാംബരൻ — നീലാംബരം ധരിച്ചവൻ [അംബരം—വസ്ത്രം] (ബലഭദ്രൻ)

നുണ്ണിട — നുണ്ണായ ഇടയോടു കൂടിയവൾ [നുൺ—കൃശം] (കൃശമദ്ധ്യ)

നൃകപാലം — നരന്റെ കപാലം [കപാലം — തലയോട്] (മനുഷ്യന്റെ തലയോട്)

നൃപാലൻ — നരന്മാരെ പാലിക്കുന്നവൻ [നരൻ—മനുഷ്യൻ] (രാജാവ്)

നൃശംസൻ — നരന്മാരെ ശംസിക്കുന്നവൻ [ശംസിക്കുക — ഹനിക്കുക] (ക്രൂരൻ)

നൃസിംഹം — നരന്റെയും സിംഹത്തിന്റെയും രൂപത്തോടുകൂടിയത് (നരസിംഹമൂർത്തി)

നെരിപ്പോട് — നെരിപ്പു സൂക്ഷിക്കുന്ന ഓട് [നെരിപ്പ് — തീ] (തട്ടാന്മാർ പൊന്നുരുക്കുന്ന തീച്ചട്ടി)

നെസ്തോറിയർ — ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും ഉണ്ടെന്ന് കരുതുന്ന നെസ്തോറിയസ്സിന്റെ അനുയായികൾ [നെസ്തോറിയസ് —എ.ഡി. 428ൽ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയാർക്കീസായി അവരോധിക്കപ്പെട്ട ദേഹം]

നേത്രച്ഛദം — നേത്രത്തെ ഛാദനം ചെയ്യുന്നത് [ഛാദനം ചെയ്യുക—മൂടുക] (കൺപോള)

നേത്രം — വസ്തുക്കളിലേക്ക് മനസ്സിനെ കൊണ്ടുപോകുന്നത് (കണ്ണ്)

നേപഥ്യകർമ്മി — നേപഥ്യകർമ്മം ചെയ്യുന്നവൻ [നേപഥ്യകർമ്മം—അണിയിക്കൽ] (അണിയറയിലെ ഒരുക്കങ്ങൾ ചെയ്യുന്നവൻ)

നേമിവൃത്തി — നേമിയുടെ വൃത്തി (നേമി—തേരുരുൾ) (ഉരുളൽ)

നേത്തിയാർ — നായത്തിയോടു പൂജക ബഹുവചന പ്രത്യയമായ ആർ ചേർന്നുണ്ടായ നായത്തിയാരുടെ പരിണത രൂപം

നൈചികി — നീചമായി ഗമിക്കുന്ന പശു [നീചമായി — പതുക്കെ] (ലക്ഷണമുള്ള പശു)

നൈദാഘം — നിദാഘത്തെ സംബന്ധിച്ചത് [നിദാഘം — വേനൽ] (ഗ്രീഷ്മകാലം)

നൈദാനികൻ — നിദാനം അറിയുന്നവൻ [നിദാനം — വൈദ്യശാസ്ത്രത്തിൽ രോഗകാരണം കണ്ടുപിടുന്ന ഭാഗം (രോഗകാരണമറിയുന്നവൻ)

നൈരൃതൻ — നിരൃതിയുടെ വംശത്തിൽ ജനിച്ചവൻ (രാക്ഷസൻ)

നൈഷാദൻ — നിഷാദകുലത്തിൽ പിറന്നവൻ (കാട്ടാളൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്യായം — വിവക്ഷിതാർത്ഥത്തിലേക്കു നയിക്കുന്നത് (നീതി)

32 ന്യായങ്ങൾ :— അന്ധഗോലാംഗുലന്യായം, അന്ധപങ്കുന്യായം, അന്ധഹസ്തിന്യായം, അശോകവനികാന്യായം, ഉഷ്ട്രകണ്ടകഭോജനന്യായം, കദംബഗോളകന്യായം, കരകങ്കണന്യായം, കാകാക്ഷിഗോളകന്യായം, കൂർമ്മാംഗന്യായം, കൈസുതികന്യായം, ഖലേകപോതന്യായം, ഗുഡജിഹ്വികാന്യായം, ഗോബലീവർദ്ധന്യായം, ചാലനീന്യായം, തൃണാരണിമണിന്യായം, ദഗ്ദ്ധപത്രന്യായം, ദണ്ഡചക്രാദിന്യായം, ദണ്ഡാപൂപന്യായം, പങ്കപ്രക്ഷാളനന്യായം, ബീജാംഗുരന്യായം, മണിമന്ത്രാദിന്യായം, രാജപുരപ്രവേശന്യായം, ലൂതാതന്തുന്യായം, വിശേഷ്യവിശേഷണന്യായം, വീചീതരംഗന്യായം, ശംഖവേലിന്യായം, ശതപത്രഭേദന്യായം, ശൃംഗഗ്രാഹികാന്യായം, സംദാശപ്രാപിതന്യായം, സർവ്വാപേക്ഷാന്യായം, സൂചീകടാഹന്യായം, സ്ഥാവരലഗുഡന്യായം.

ന്യായപീഠലിപികൻ — ന്യായപീഠത്തിലെ ലിപികൻ [ലിപികൻ—എഴുത്തുകാരൻ] (Bench Clerk)

ന്യൂനതമം — ഏറ്റവും ന്യൂനം [ന്യൂനം—കുറവ്. തമപ്രത്യയം ഏറ്റവും എന്ന അർത്ഥം നൽകുന്നു] (Minimum)

പ

പക്കച്ചൊല്ല് — പക്കത്തുള്ളവരുടെ ചൊല്ല് [പക്കം—പക്ഷം. ചൊല്ല്—വാക്ക്] (സ്വന്തമാളുകളുടെ പഴി പറയൽ)

പക്കച്ചോറ് — പക്കത്തിലെ ചോറ് [പക്കം — രാജസേവകർക്ക് ഭക്ഷണം കൊടുക്കുന്ന സ്ഥലം] (പക്കത്തുള്ള ഭക്ഷണം)

പകുവാന്നം — പകുവമായ അന്നം [പകുവം — പാകം] (പാകം ചെയ്ത അന്നം)

പകുവാശയം — പകുവത്തിന്റെ ആശയം [പകുവം—ആമാദികൾ] (ആമാശയം)

പക്ഷചരൻ — കൃഷ്ണപക്ഷത്തിലും ശുക്ലപക്ഷത്തിലും ചരിക്കുന്നവൻ (ചന്ദ്രൻ)

പക്ഷഹിത് — പർവ്വതങ്ങളുടെ പക്ഷങ്ങളെ ഛേദിച്ചവൻ (ഇന്ദ്രൻ)

പക്ഷദ്വയം — കറുത്തപക്ഷത്തോടും വെളുത്തപക്ഷത്തോടും കൂടിയത് (ഒരുമാസക്കാലം)

പക്ഷപാതം — പക്ഷത്തോടുള്ള പാതം (ഒരുഭാഗത്തോടുള്ള സ്നേഹം)

പക്ഷവാതം — പക്ഷത്തിലുള്ള വാതം [പക്ഷം—ശരീരാർദ്ധം] (പക്ഷാഘാതം എന്ന രോഗം)

പക്ഷാഘാതം — പക്ഷത്തിനുള്ള ആഘാതം [ആഘാതം — ഹാനി] (ഒരുരോഗം)

പക്ഷാന്തം — പക്ഷത്തിന്റെ അന്തം [അന്തം—അവസാനം] (വാവ്)

പക്ഷാന്തരം — പക്ഷത്തിൽ ഉള്ള അന്തരം [പക്ഷം—അഭിപ്രായം. അന്തരം—വ്യത്യാസം] (മറ്റൊരഭിപ്രായം)

പക്ഷി — പക്ഷമുള്ളത് [പക്ഷം—ചിറക്] (പറവ)

പക്ഷ്മളാക്ഷി — പക്ഷ്മളമായ അക്ഷികളോടു കൂടിയവൾ [പക്ഷ്മളം—ഭംഗിയുള്ള പക്ഷ്മങ്ങളോടുകൂടിയ] (സുന്ദരി)

പങ്കജനാഭൻ — പങ്കജം നാഭിയിലുള്ള വനാരോ അവൻ [പങ്കജം—താമര] (വിഷ്ണു)

പങ്കജം — പങ്കത്തിൽ നിന്നു ജനിച്ചത് [പങ്കം—ചളി] (താമര)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പങ്കജിനി — പങ്കജങ്ങൾ ഉള്ളത് [പങ്കജം—താമര] (താമരപ്പൊയ്ക)

പങ്കേരുഹം — പങ്കത്തിൽ രോഹണം ചെയ്യുന്നത് [രോഹണംചെയ്യുക—മുളക്കുക] (താമര)

പംക്തികണ്ഠൻ — പത്തുകണ്ഠങ്ങളോടുകൂടിയവൻ [പംക്തി — പത്ത്] (രാവണൻ)

പഞ്ചകന്യക — സുചരിതകളായ അഞ്ചുസ്ത്രീകൾ (അഹല്യ, ദ്രൗപദി, സീത, താര, മണ്ഡോദരി)

പഞ്ചകർമ്മേന്ദ്രിയങ്ങൾ — അഞ്ചുകർമ്മേന്ദ്രിയങ്ങൾ (വാക്ക്, പാണി, പാദം, പായു, ഉപസ്ഥം)

പഞ്ചഗവ്യം — അഞ്ചുഗവ്യം [ഗവ്യം—ഗോവിന്റെ വികാരം] (ഗോമയ ഗോമൂത്ര ദുഗ്ദ്ധ ദധി ഘൃതങ്ങൾ)

പഞ്ചഗുണം — വസ്തുക്കളുടെ അഞ്ചു ഗുണങ്ങൾ (ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം)

പഞ്ചജനം — അഞ്ചുജനം (ദേവകൾ, മനുഷ്യർ, ഗന്ധർവ്വന്മാർ, നാഗങ്ങൾ, പിതൃക്കൾ)

പഞ്ചതന്ത്രം — അഞ്ചുതന്ത്രമുള്ള നീതിശാസ്ത്ര ഗ്രന്ഥം (മിത്രഭേദം, സുഹൃല്ലാഭം, സന്ധിവിഗ്രഹം, അർത്ഥനാശം, അസംപ്രേക്ഷ്യകാരിത്വം എന്നിങ്ങനെ അഞ്ചുഭാഗമുള്ള വിഷ്ണുശർമ്മാവിന്റെ കൃതി)

പഞ്ചതിക്തം — അഞ്ചു കയ്പുള്ള ഔഷധങ്ങൾ (വേപ്പ്, പടവലം, പുത്തരിച്ചുണ്ട, ചിറ്റമൃത്, ആടലോടകം)

പഞ്ചദ്രാവിഡം — ദ്രാവിഡഗോത്രത്തിൽപെട്ട അഞ്ചുഭാഷകൾ (തമിൾ, തെലുങ്ക്, കർണ്ണാടകം, മലയാളം, തുളു)

പഞ്ചദ്വയാസ്യൻ — പഞ്ചദ്വയം ആസ്യങ്ങളോടുകൂടിയവൻ [പഞ്ചദ്വയം—പത്ത്] (രാവണൻ)

പഞ്ചനഖം — അഞ്ചുനഖമുള്ളതു (ആന, ആമ, ഉടുമ്പ്, കടുവ, മുയൽ, സിംഹം)

പഞ്ചനദം — അഞ്ചുനദങ്ങളോടു കൂടിയത് [നദം—നദി] (പഞ്ചാബ്)

പഞ്ചപകാരം — മദ്യപാനവുമായി ബന്ധപ്പെട്ട പകാരത്തിലാരംഭിക്കുന്ന അഞ്ചുകാര്യങ്ങൾ (പകലരുത്, പലരരുത്, പറയരുത്, പാലരുത്, പഴമരുത്)

പഞ്ചപാതകം — അഞ്ചുപാതകം [പാതകം—പാപം] (കൊല, മോഷണം, മദ്യപാനം, വ്യഭിചാരം, അസഭ്യഭാഷണം)

പഞ്ചപുച്ഛമടക്കിനില്ക്കുക — രണ്ടു കൈയും വായും മൂക്കും ഗുഹ്യവും പൊത്തിപ്പിടിച്ചുള്ള നില്പ്

പഞ്ചപ്രാണങ്ങൾ — അഞ്ചു വായുക്കൾ (പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ എന്ന പ്രാണവായുക്കൾ)

പഞ്ചപ്രാസാദം — നാലുഗോപുരവും ഒരു താഴികക്കുടവുമടക്കം അഞ്ചു പ്രാസാദമുള്ള ക്ഷേത്രം [പ്രാസാദം—മാളിക]

പഞ്ചബാണൻ — അഞ്ചുബാണങ്ങൾ ഉള്ളവൻ (കാമദേവൻ)

പഞ്ചബാണം — കാമദേവന്റെ അഞ്ചുബാണം (അരവിന്ദം, അശോകം, ചൂതം, നവമാലിക, നീലോല്പലം)

പഞ്ചഭൂതം — പ്രകൃതിയിൽ ഭവിച്ചിട്ടുള്ള അഞ്ചുവസ്തുക്കൾ (ക്ഷിത്യപ്തേജോ വായ്വാകാശങ്ങൾ)

പഞ്ചമം — നാഭി, ഉരസ്സ്, ഹൃദയം, കണ്ഠം, മൂർദ്ധാവ് എന്ന അഞ്ചുസ്ഥാനങ്ങളിൽ തട്ടിപ്പുറപ്പെടുന്ന സ്വരം (സപ്തസ്വരങ്ങളിൽ അഞ്ചാമത്തേത്. പ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചമർ — നാലുവർണ്ണത്തിനും പുറമേയുള്ള ഹിന്ദുക്കൾ (അവർണ്ണർ)

പഞ്ചമഹാകവികൾ — സംസ്കൃതത്തിലെ അഞ്ചുമഹാകവികൾ [കാളിദാസൻ, ശ്രീഹർഷൻ, ഭാരവി, ഭട്ടി, മാഘൻ)

പഞ്ചമഹാകാവ്യങ്ങൾ — സംസ്കൃതത്തിലെ അഞ്ചുമഹാകാവ്യങ്ങൾ (രഘുവംശം, കുമാരസംഭവം, നൈഷധം, കിരാതാർജ്ജുനീയം, മാഘം)

പഞ്ചമഹാപാപി — പഞ്ചപാപങ്ങൾ ചെയ്തവൻ [പഞ്ചപാപം—ബ്രഹ്മഹത്യ, മദ്യപാനം, മോഷണം, ഗുരുപത്നീഗമനം, ഇവചെയ്യുന്നവരോടുള്ള സംസർഗ്ഗം] (മഹാനീചൻ)

പഞ്ചമഹാമേധം — മേധങ്ങളിൽ മഹത്തായ അഞ്ചെണ്ണം [മേധം—യാഗം] (ഗോമേധം, അശ്വമേധം, നരമേധം, അജമേധം, മഹിഷമേധം)

പഞ്ചമഹായജ്ഞം — അഞ്ചുപുണ്യകർമ്മം (സ്വാദ്ധ്യായം, അഗ്നിഹോത്രം, അതിഥിപൂജ, പിതൃതർപ്പണം, ഭൂതബലി)

പഞ്ചമാതാക്കൾ — അഞ്ചുമാതാക്കൾ (ഗുരുപത്നി, രാജ്ഞപത്നി, ജ്യേഷ്ഠപത്നി, പത്നീമാതാവ്, സ്വമാതാവ്)

പഞ്ചമാസ്യം — പഞ്ചമം പാടുന്ന ആസ്യത്തോടുകൂടിയത് (കുയിൽ)

പഞ്ചമുഖൻ — പഞ്ചമായ മുഖത്തോടുകൂടിയവൻ [പഞ്ചം—വിസ്തൃതം] (സിംഹം)

പഞ്ചയാമം — അഞ്ചുയാമമുള്ളത് [യാമം—ഏഴരനാഴിക സമയം] (ദിവസം)

പഞ്ചലോഹം — അഞ്ചുലോഹം (സ്വർണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ്, ഈയം)

പഞ്ചവകാരം — വകാരത്തിലാരംഭിക്കുന്നതും ഗൗരവം തോന്നിക്കുന്നതുമായ അഞ്ചുകാര്യം (വയസ്സ്, വപുസ്സ്, വചസ്സ്, വിദ്യ, വിഭവം)

പഞ്ചവടി — അഞ്ചു വടവൃക്ഷങ്ങൾ ഉള്ള സ്ഥലം [വടവൃക്ഷം—ആൽ] (ദണ്ഡകാരണ്യത്തിന്റെ ഒരു ഭാഗം)

പഞ്ചവൻകാട് — തെക്കൻ തിരുവിതാംകൂറിൽ നാഗർകോവിലിലുള്ള ഒരു സ്ഥലം (കള്ളിയൻകാട്)

പഞ്ചവാദ്യം — അഞ്ചുതരം വാദ്യം (തതം, വിതതം, ഘനം, സുഷിരം, ഗാനം ഇവയഞ്ചും ചേർന്നത്)

പഞ്ചവേദി — ചതുർവേദവും പഞ്ചമവേദവും അറിയുന്നവൻ [പഞ്ചമവേദം—മഹാഭാരതം] (പണ്ഡിതൻ)

പഞ്ചശുദ്ധിവരുത്തുക — കൈ, കാൽ, മുഖം, മലാശയം, മൂത്രാശയം എന്നീ അംഗങ്ങൾ ശുചിയാക്കിവെക്കുക

പഞ്ചാക്ഷരമന്ത്രം — അഞ്ചക്ഷരമുള്ള മന്ത്രം (നമശ്ശിവായ)

പഞ്ചാമൃതം — ദേവപൂജയ്ക്കുള്ള അഞ്ച് അമൃതം [അമൃതം—വിശുദ്ധവസ്തു] (പാല്, ശർക്കര, നെയ്യ്, തൈര്, തേന് എന്നിവ)

പഞ്ചാംഗം — അഞ്ചംഗങ്ങളോടുകൂടിയത് [തിഥി, നക്ഷത്രം, വാരം, യോഗം, കരണം)

പഞ്ചാംഗോപാസന — അഞ്ചംഗത്തോടുകൂടിയ ഉപാസന [ഉപാസന—ആരാധന] (ജപം, ഹോമം, തർപ്പണം, അഭിഷേകം, വിപ്രഭോജനം)

പഞ്ചായുധപാണി — പഞ്ചായുധം പാണിയിലുള്ളവൻ [പഞ്ചായുധം—ശംഖം, ചക്രം, ഗദ, ചാപം, ഖഡ്ഗം] (മഹാവിഷ്ണു)

പഞ്ചാസ്യൻ — പഞ്ചമായ ആസ്യത്തോടുകൂടിയത് [പഞ്ചം—വിസ്തൃതം] (സിംഹം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പഞ്ചേന്ദ്രിയം — അഞ്ച് ഇന്ദ്രിയം (കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക്, ചെവി)

പഞ്ചേഷു — അഞ്ച് ഇഷുക്കളോടു കൂടിയവൻ [ഇഷു–ബാണം] (പഞ്ചബാണൻ)

പടക്കാരൻ — പടം ഉണ്ടാക്കുന്നവൻ [പടം–വസ്ത്രം] (നെയ്ത്തുകാരൻ)

പടക്കുറി — പടയ്ക്കുപോകുമ്പോൾ നെറ്റിയിലിടുന്ന കുറി (വീരതിലകം)

പടച്ചതമ്പുരാൻ — എല്ലാവരെയും പടച്ച തമ്പുരാൻ [പടച്ച–സൃഷ്ടിച്ച] (ദൈവം)

പടിഞ്ഞായിറ് — ഞായർ പടിയുന്ന ദിക്ക് (പടിഞ്ഞാറ്)

പട്ട — പട്ടവരെ അടക്കം ചെയ്യുന്ന ഇടം [പട്ടവർ–മരിച്ചവർ] (ശ്മശാനം)

പട്ടത്താനം — ഭട്ടന്റെ സ്ഥാനം [ഭട്ടൻ–പണ്ഡിതൻ] (തുലാമാസത്തെ രേവതിനാളിൽ കോഴിക്കോട്ട് തളിയിൽ നടത്തിയിരുന്ന പണ്ഡിത സദസ്സ് രേവതീപട്ടത്താനം നൽകിപ്പോന്നു)

പട്ടമഹിഷി — പട്ടം കെട്ടിയ മഹിഷി [പട്ടംകെട്ടുക–കിരീടം ധരിക്കുക. മഹിഷി–രാജപത്നി] (രാജ്ഞി)

പട്ടാഭിഷേകം — അഭിഷേകപൂർവ്വമുള്ള സ്ഥാനാരോഹണം.

പട്ടാംബരം — പട്ടംകൊണ്ടുള്ള അംബരം [പട്ടം–പട്ട്] (പട്ടുവസ്ത്രം)

പണത്തൂക്കം — പണ്ടത്തെ പൊൻപണത്തിന്റെ തൂക്കം (രണ്ടുമഞ്ചാടിയുടെ തൂക്കം)

പണയാധാരം — പണയം വെച്ചതിനുള്ള ആധാരം (വസ്തു ഈടുനൽകിയതിനുള്ള പ്രമാണം)

പണിക്കർ — പണിക്കുന്നവൻ [പണിക്കുക – ആയുധവിദ്യ അഭ്യസിപ്പിക്കുക] (ആശാൻ)

പണ്ടാരി — പണ്ടാരം സൂക്ഷിപ്പുകാരൻ [പണ്ടാരം–ഭണ്ഡാരം] (ഖജാനസൂക്ഷിപ്പുകാരൻ)

പണ്ഡിതൻ — പണ്ഡ ഉള്ളവൻ [പണ്ഡ–ജ്ഞാനം] (വിജ്ഞൻ)

പണ്യാജീവൻ — പണ്യം ജീവനമാർഗ്ഗമായിട്ടുള്ളവൻ [പണ്യം – കച്ചവടം] (കച്ചവടക്കാരൻ)

പതംഗം — പതംകൊണ്ടു ഗമിക്കുന്നത് [പതം–പറക്കൽ] (പറന്നുപോകുന്നത്)

പതഞ്ജലി — പതൻ ഹേതുവായിയാവനൊരുത്തങ്കൽ അഞ്ജലിഭവിക്കുന്നുവോ അവൻ [പതൻ–പൂജ്യത] (യോഗക്രിയകളെ 194 സൂക്തങ്ങളിൽ ഒതുക്കിയ മഹർഷി)

പതത്രി — പതത്രം ഉള്ളത് [പതത്രം–ചിറക്] (പക്ഷി)

പതിദേവത — പതിയെ ദേവതയായി കരുതുന്നവൾ [പതി–ഭർത്താവ്]

പതിനെട്ടടവ് — കളരിപ്പയറ്റിലെ അടവുകൾ, (ഓതിരം, കടകം, ചുടുലം, മണ്ഡലം, വൃത്തചക്രം, സുകങ്കാളം, വിജയം, വിശ്വമോഹനം, തിരുഞ്ഞ് മണ്ഡലം, ഗദയാഖേട ഗഹ്വരം, ശത്രുഞ്ജയം, സൗഭദ്രം, പടലം, പുരഞ്ജയം, കായവൃദ്ധി, ശിലാഖണ്ഡം, ഗദാശാസ്ത്രം, അനുത്തമം)

പതിവ്രത — പതിയെ ശുശ്രൂഷിക്കുകയെന്ന വ്രതത്തോടു കൂടിയവൾ (സതി)

പതിറ്റുപ്പത്ത് — കേരളം വാണ പത്തു രാജാവിനെ വർണ്ണിക്കുന്ന പത്തു കവികളുടെ തമിഴ് കൃതി (ചേരരാജാക്കന്മാരുടെ വംശാവലി മിക്കവാറും ഗ്രഹിക്കാൻ സഹായിക്കുന്ന ഗ്രന്ഥം)

പത്തുപ്പാട്ട് — തമിഴിലെ പത്തു കൃതികൾ (പൊരുനരാറ്റുപ്പടൈ, പട്ടിന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്പാലൈ, മുല്ലൈപ്പാട്ട്, മധുരൈക്കാഞ്ചി, നെടുനല്പാടൈ, പെരുമ്പണാറ്റുപ്പടൈ, ചിറുപണാറ്റുപ്പടൈ, മലൈപടുകടാം, കുറിഞ്ചിപ്പാട്ട്, തിരുമുരുകാറ്റുപ്പടൈ ഇവയുടെ സമാഹാരം)

പത്നീകൻ — പത്നിയോടു കൂടിയവൻ (ഭാര്യയുള്ളവൻ)

പത്മനാഭൻ — പത്മം നാഭിയിൽ ഉള്ളവൻ [പത്മം–താമര] (വിഷ്ണു)

പത്മവ്യൂഹം — പത്മാകൃതിയിലുള്ള വ്യൂഹം (പത്മത്തിന്റെ ആകൃതിയിൽ അണിനിരത്തിയ സൈന്യം)

പത്മാകരം — പത്മങ്ങളുടെ ആകരം [പത്മം–താമര] (താമരപ്പൊയ്ക)

പത്മി — ശരീരത്തിൽ പത്മങ്ങൾ [പത്മങ്ങൾ – പുള്ളികൾ] ഉള്ളത് (ആന)

പത്രം — 1. പതിക്കുന്നത് [പതിക്കുക –കൊഴിഞ്ഞുവീഴുക] (ഇല)
2. പതിക്കുവാൻ സഹായിക്കുന്നത് [പതിക്കുക–താഴുക] (ചിറക്)

പത്രരഥം — പത്രങ്ങളാകുന്ന രഥമുള്ളത് [പത്രം–ചിറക്] (പക്ഷി)

പഥിദേയം — പന്ഥാവിൽ നൽകേണ്ടത് [പഥി–പന്ഥാവിൽ] (ചുങ്കം)

പദച്ഛേദം — പദത്തെ ഛേദിക്കൽ [ഛേദിക്കുക – മുറിക്കുക] (പദം പിരിക്കൽ)

പദത്രാണം — പദത്തെ ത്രാണം ചെയ്യുന്നത് [പദം–കാൽ] (പാദരക്ഷ)

പദാവധി — പദത്തിന്റെ അവധി [പദം–സ്ഥാനം, ഉദ്യോഗം] (ഉദ്യോഗകാലാവധി)

പദ്ധതി — പദത്താൽ ഹനിക്കപ്പെടുന്നത് [പദം–കാൽ] (വഴി)

പദ്യം — പാദങ്ങൾ ഉള്ളത് [പാദം–അടി] (ഛന്ദോബദ്ധമായ കൃതി)

പനവൻ — പനവുള്ളവൻ [പനവ്–ബ്രാഹ്മണ്യം] (ബ്രാഹ്മണൻ)

പന്ത്രണ്ട് — പത്ത് + ഇരണ്ട്. ത്തുവിന്റെ സ്ഥാനത്തു സന്ധിചെയ്യുമ്പോൾ നകാരാദേശം = പന്നിരണ്ട്. ഇരണ്ടിലെ ഇകാരം ലോപിച്ചപ്പോൾ പൻരണ്ട്. ഉച്ചാരണസൗകര്യം പ്രമാണിച്ച് പന്ത്രണ്ടായി.

പന്നഗം — പന്നമായി ഗമിക്കുന്നത് [പന്നം – അധോഗമനം, ഇഴയൽ] (പാമ്പ്)

പന്നഗമാതാവ് — പന്നഗങ്ങളുടെ മാതാവ് [പന്നഗം–പാമ്പ്] (കദ്രു)

പന്നഗരിപു — പന്നഗങ്ങളുടെ രിപു [രിപു–ശത്രു] (ഗരുഡൻ)

പന്നഗാശനൻ — പന്നഗത്തെ അശിക്കുന്നവൻ [അശിക്കുക–ഭക്ഷിക്കുക] (ഗരുഡൻ)

പന്നഗാസനൻ — പന്നഗം ആസനമായുള്ളവൻ [ആസനം–ഇരിപ്പിടം] (അനന്തസർപ്പത്തെ മെത്തയാക്കിയ വിഷ്ണു)

പയസ്വിനി — പയസ്സുള്ള പശു [പയസ്സ്–പാല്] (കറക്കുന്ന പശു)

പയസ്സ് — പാനം ചെയ്യപ്പെടുന്നത് [പാനംചെയ്യുക–കുടിക്കുക] (വെള്ളം; പാൽ)

പയോജം — പയസ്സിൽ ജനിച്ചത് [പയസ്സ്–വെള്ളം] (താമര)

പയോദം — പയസ്സിനെ ദാനം ചെയ്യുന്നത് [പയസ്സ്–വെള്ളം] (മേഘം)

പയോധരം — 1. പയസ്സിനെ ധരിക്കുന്നത് [പയസ്സ്–വെള്ളം] (മേഘം)
2. പയസ്സിനെ ധരിക്കുന്നത് [പയസ്സ്–പാൽ] (മുല)

പരകായം — പരന്റെ കായം [കായം –ദേഹം] (അന്യശരീരം)

പരതന്ത്രൻ — പരന്റെ തന്ത്രത്തിന്നനുസരിച്ച് ജീവിക്കുന്നവൻ (അന്യാധീനൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരന്തപൻ — പരനെ തപിപ്പിക്കുന്നവൻ [പരൻ–ശത്രു] (ജയശീലൻ)

പരപിണ്ഡാദൻ — പരപിണ്ഡത്തെ അദിക്കുന്നവൻ [പരപിണ്ഡം — പരൻ നൽകുന്ന പിണ്ഡം] (മറ്റൊരാൾ കൊടുക്കുന്ന ആഹാരം കഴിച്ചു ജീവിക്കുന്നവൻ)

പരപുഷ്ടം — പരനാൽ പോഷിക്കപ്പെടുന്നത് [പരൻ–അന്യൻ. ഇവിടെ കാക്ക] (കുയിൽ)

പരഭൃതം — പരനാൽ ഭൃതമായത് [ഭൃതം–പുഷ്ടം] (കുയിൽ)

പരമകാഷ്ഠ — പരമമായ കാഷ്ഠ (എറ്റവും ഉയർന്ന നില)

പരമഹംസൻ — പരമമായ ഹംസത്തോടുകൂടിയവൻ [ഹംസം — അവിദ്യയെ ഹനിക്കുന്നത്: പരമാത്മാവ്] (മഹാത്മാവ്)

പരമാന്നം — പരമമായ അന്നം [പരമം–ശ്രേഷ്ഠം] (പായസം)

പരമ്പരാർജ്ജിതം — പരമ്പരയാ ആർജ്ജിക്കപ്പെട്ടത് [ആർജ്ജിക്കുക –സമ്പാദിക്കുക] (പണ്ടുപണ്ടേ സമ്പാദിച്ചത്)

പരശു — പരന്മാരെ ശൃണിക്കുന്നത് [ശൃണിക്കുക — ഹിംസിക്കുക] (അസ്ത്രവിശേഷം)

പരശുരാമൻ — പരശു ആയുധമാക്കിയ രാമൻ [പരശു–കുഠാരം] (ജാമദഗ്ന്യൻ)

പരസ്വം — പരന്റെ സ്വം [സ്വം–ധനം] (മറ്റൊരുത്തന്റെ മുതൽ)

പരാക്രമം — പരന്മാരെ ആക്രമിക്കൽ [ആക്രമിക്കുക–എതിർക്കുക] (മറ്റുള്ളവരോടെതിരിടൽ)

പരാങ്കുശൻ — പരന്മാർക്കു അങ്കുശം പോലെയുള്ളവൻ [അങ്കുശം — തോട്ടി] (ശത്രുക്കളെ നിലയ്ക്കു നിറുത്തുന്നവൻ)

പരാന്നഭോജി — പരാന്നം ഭുജിക്കുന്നവൻ [പരാന്നം — മറ്റൊരുത്തൻ കൊടുക്കുന്ന ആഹാരം] (പരാശ്രയൻ)

പരാശരൻ — വസിഷ്ഠപുത്രനായ ശക്തിക്കു അദൃശ്യന്തിയിൽ ഉളവായ പുത്രൻ.

പരാസു — പരമായ അസുവോടുകൂടിയവൻ [അസു — പ്രാണൻ] (മരിച്ചവൻ)

പരിഗ്രഹൻ — പരിഗ്രഹിക്കുന്നവൻ [പരിഗ്രഹിക്കുക–പാണിഗ്രഹണം ചെയ്യുക] (ഭർത്താവ്)

പരിഗ്രഹം — പരിഗ്രഹിക്കപ്പെട്ടവൾ [പരിഗ്രഹിക്കുക–പാണിഗ്രഹണം ചെയ്യുക] (ഭാര്യ)

പരിണാമ ഗുപ്തി — പരിണാമം വരെ ജിജ്ഞാസ ശമിപ്പിക്കാതെ സൂക്ഷിക്കുന്ന കഥാഗുണം [പരിണാമം–അവസാനം]

പരിമളം — പരിമർദ്ദനം കൊണ്ടുണ്ടാകുന്ന സുഗന്ധം (ചന്ദനം മുതലായതരക്കുമ്പോഴുള്ള വാസന)

പരിവാദകൻ — പരിവാദം പറയുന്നവൻ [പരിവാദം — അപവാദം] (അപവാദം പറയുന്നവൻ)

പരിവ്രാജകൻ — പരിവ്രജ്യ കൈക്കൊണ്ടവൻ [പരിവ്രജ്യ–തപസ്സ്] (സംന്യാസി)

പരിസീമനം — പരിസീമ നിർണ്ണയിക്കൽ [പരിസീമ — അതിർത്തി] (അതിർത്തി കണക്കാക്കൽ)

പരീക്ഷിത്ത് — കുലം പരിക്ഷയിച്ചതിനുശേഷം ഉണ്ടായവൻ (അഭിമന്യുപുത്രൻ)

പരുഷോക്തി — പരുഷമായ ഉക്തി [പരുഷം — കഠിനം] (കഠിനമായ വാക്ക്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പരേംഗിതം — പരന്റെറ ഇംഗിതം [ഇംഗിതം — അഭിപ്രായം] (അന്യന്റെറ അഭിപ്രായം)

പരോക്ഷം — അക്ഷിയിൽ നിന്നു ദൂരത്തുള്ളത് [അക്ഷി—കണ്ണ്] (അപ്രത്യക്ഷം)

പരോഢ — പരന്റെറ ഊഢ [ഊഢ—ഭാര്യ] (അന്യകളത്രം)

പർണ്ണശാല — പർണ്ണ നിർമ്മിതമായ ശാല [പർണ്ണം—ഇല] (ആശ്രമം)

പർവ്വതം — പർവ്വങ്ങളോടു കൂടിയത് [പർവ്വം—ഭാഗം] (ശൈലം)

പർവ്വേന്ദു — പർവ്വത്തിലെ ഇന്ദു [പർവ്വം—വാവ്] (പൂർണ്ണചന്ദ്രൻ)

പലലാശി — പലലത്തെ അശിക്കുന്നവൻ [പലലം—മാംസം] (രാക്ഷസൻ)

പവനൻ — പവനമാക്കി ചെയ്യുന്നവൻ [പവനമാക്കുക—പരിശുദ്ധമാക്കുക] (വായു)

പവനാത്മജൻ — പവനന്റെറ ആത്മജൻ [പവനൻ — വായു] (ഹനുമാൻ)

പവനാശനൻ — പവനനെ അശിക്കുന്നവൻ [പവനൻ—വായു] (സർപ്പം)

പവമാനൻ — പവമാക്കി ചെയ്യുന്നവൻ [പവം—ശുദ്ധി] (വായു)

പവിത്രവിരൽ — പവിത്രം ധരിക്കുന്ന വിരൽ [പവിത്രം—കർമ്മശുദ്ധിക്കായി ധരിക്കുന്ന മോതിരം] (അണിവിരൽ)

പശു — എല്ലാം കാണുന്നത് [സർവ്വം പശ്യതി ഇതി] (ഗോവ്)

പശുപതി — പശുക്കളുടെ പതി [പശുക്കൾ — സ്ഥാവരജംഗമങ്ങൾ] (ശിവൻ)

പശുപൻ — പശുക്കളെ പാലിക്കുന്നവൻ (ഇടയൻ)

പശ്ചാല്ലിഖിതം — പിന്നീടെഴുതപ്പെട്ടത് [പശ്ചാത് + ലിഖിതം] (Post Script)

പശ്ചാത്താപം — പശ്ചാതായുള്ള താപം [പശ്ചാത് — അനന്തരം] (പിന്നീടുള്ള ദുഃഖം)

പശ്ചിമാശ — പശ്ചിമമായ ആശ [ആശ—ദിക്ക്] (പടിഞ്ഞാറെ ദിക്ക്)

പറ — പത്തിടങ്ങഴി കൊള്ളുന്ന അളവ് (ഒരളവുപാത്രം)

പറയൻ — പറകൊട്ടുന്നവൻ [പറ—വാദ്യവിശേഷം] (പത്തുപ്പാട്ടിൽ പറഞ്ഞിട്ടുള്ള ജാതികളിലൊന്ന്)

പറയുത്സവം — തൃപ്പൂണിത്തുറപ്പൻ ആനപ്പുറമേറി വീടുകൾ തോറും കയറി നെല്ല്, അരി, മലർ, പഴം, ശർക്കര എന്നിവയുടെ നിറപറകൾ സ്വീകരിക്കുന്ന ഉത്സവം (തൃപ്പൂണിത്തുറയിലെ കുംഭത്തിലെ ഉത്സവം)

പറങ്കിമാവ് — പറങ്കികൾ കൊണ്ടുവന്ന മാവ് [പറങ്കികൾ—പോർത്തുഗീസുകാർ] (കശുമാവ്)

പറിമരുന്ന് — പറിച്ചെടുക്കുന്ന മരുന്ന് (പച്ചമരുന്ന്)

പറ്റുവിന — നാമത്തോടോ ക്രിയയോടോ പറ്റിനിൽക്കുന്ന വിന [വിന—കൃതി] (പേരെച്ചവും വിനയെച്ചവും)

പാകത്രയം — മൂന്നുതരം പാകം (ക്ഷീരനീരപാകം, ദ്രാക്ഷാപാകം, നാളികേരപാകം)

പാക്ഷികവിനയെച്ചം — ഒന്നൊരുപ്രകാരം വരുന്നപക്ഷം എന്ന അർത്ഥം കുറിക്കുന്ന വിനയെച്ചം (തന്നാൽ തിന്നാം എന്നതിലെ തന്നാൽ പാക്ഷികവിനയെച്ചമാണ്)

പാങ്കിണർ — പാങ്കായ കിണർ [പാങ്ക്—പാഴ്] (പൊട്ടക്കിണർ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പാഞ്ചജന്യം — പഞ്ചജനനെന്ന അസുരനെ നിഗ്രഹിച്ചു കൈവശപ്പെടുത്തിയത് (വിഷ്ണുവിന്റെ ശംഖ്)

പാഞ്ചാലീക — പഞ്ചവർണ്ണംകൊണ്ടു അലങ്കരിക്കപ്പെട്ടത് (പാവ)

പാഠീനം — പാഠികളാൽ പോലും അപേക്ഷിക്കപ്പെടുന്നത് [പാഠികൾ — വേദം പഠിക്കുന്നവർ] (മുള്ളുവാള എന്ന മത്സ്യം)

പാണൻ — പാട്ട് കുലവൃത്തിയായുള്ളവൻ (പത്തുപ്പാട്ടിൽ പറഞ്ഞിട്ടുള്ള ഏഴുജാതികളിലൊന്ന്)

പാണി — കൊടുക്കാനും വാങ്ങാനുമുള്ള അവയവം [പണ വിനിമയേ] (കൈ)

പാണികൊട്ട് — ക്ഷേത്രങ്ങളിൽ ശ്രീഭൂതബലി നടക്കുമ്പോൾ മാരാർ കൈകൊണ്ട് നടത്തുന്ന കൊട്ട്

പാണിഗ്രഹണം — വധുവിന്റെ പാണി വരൻ ഗ്രഹിക്കുന്ന കർമ്മം (വിവാഹം)

പാണിനീയം — പാണിനി നിർമ്മിച്ച വ്യാകരണം [പാണിനി — അഷ്ടാദ്ധ്യായി എന്ന വ്യാകരണ ഗ്രന്ഥത്തിന്റെ കർത്താവ്] (സംസ്കൃത വ്യാകരണം)

പാണിപാത്രൻ — പാണിയല്ലാതെ ഭിക്ഷവാങ്ങുവാൻ മറ്റൊരുപാത്രമില്ലാത്തവൻ [പാണി — കൈ] (യോഗി)

പാണിരുഹം — പാണിയിൽ രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക—മുളക്കുക] (നഖം)

പാണിവാദൻ — പാണികൊണ്ടു വാദനം ചെയ്യുന്നവൻ (കൈകൊണ്ടു കൊട്ടുന്നവൻ)

പാണ്ടിവാദ്യം — പാണ്ടിനാട്ടിൽ പ്രചാരമുള്ള വാദ്യം (നാഗസ്വരം)

പാണ്ഡവൻ — പാണ്ഡുവിന്റെ മകൻ (ധർമ്മപുത്രൻ, ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ ഇവരാണ് പാണ്ഡവന്മാർ)

പാതകം — പതിപ്പിക്കുന്നത് [പതിപ്പിക്കുക — അധോഗമിപ്പിക്കുക] (പാപം)

പാതാള വാഹിനി — പാതാളത്തിലെ വാഹിനി [വാഹിനി—നദി] (പാതാളഗംഗ)

പാതിരാപ്പൂച്ചൂടുക — തിരുവാതിരയ്ക്ക് പാതിരാനേരത്തു ദുർഗ്ഗാപൂജ കഴിഞ്ഞു പൂ ചൂടുന്ന കർമ്മം

പാഥോജം — പാഥത്തിൽ ജനിക്കുന്നത് [പാഥസ്സ്—വെള്ളം] (താമര)

പാദകടകം — പാദത്തിലെ കടകം (കാൽച്ചിലമ്പ്)

പാദജൻ — ബ്രഹ്മപാദത്തിൽ നിന്ന് ജനിച്ചവൻ (ശൂദ്രൻ)

പാദദീപം — നാടകത്തിൽ സ്റ്റെയ്ജിന്റെ പാദത്തിൽ നിന്ന് തെളിയിക്കുന്ന ദീപം (Foot Light)

പാദപം — പാദംകൊണ്ടു പാനം ചെയ്യുന്നത് [പാദം—വേര്] (മരം)

പാദസരം — പാദത്തിൽ സരിക്കുന്നത് (കാലിലണിയുന്ന ഒരാഭരണം)

പാദാഘാതം — പാദംകൊണ്ടുള്ള ആഘാതം [ആഘാതം — അടി] (ചവിട്ട്)

പാദ്യം — പാദം കഴുകാനുള്ള ജലം (ദശോപചാരങ്ങളിലൊന്ന്)

പാനീയം — പാനം ചെയ്യുവാൻ യോഗ്യമായത് [പാനംചെയ്യുക—കുടിക്കുക] (വെള്ളം)

പാപഘ്നം — പാപത്തെ ഹനിക്കുന്നത് (എള്ള്)

പാപനാശനൻ — പാപത്തെ നശിപ്പിക്കുന്നവൻ (ശിവൻ)

പാമഘ്നം — പാമത്തെ ഹനിക്കുന്ന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ത് [പാമം–ചിരങ്ങ്] (ഗന്ധകം)

പാംസുക്രീഡാസഖി — പാംസുക്രീഡ നടത്തിയിരുന്ന കാലംമുതല്ക്കേ യുള്ള സഖി [പാംസുക്രീഡ–മണ്ണു വാരിക്കളിക്കൽ] (കളിച്ചങ്ങാതി)

പായസം — പയസ്സിൽ ഉണ്ടാക്കിയത് [പയസ്സ്–പാൽ] (ക്ഷീരാന്നം)

പാരഗ — പാരത്തെ ഗമിക്കുന്നത് [പാരം–മറുകര] (തോണി)

പാരത്രികം — പരത്രത്തിൽ ഭവിച്ചത് [പരത്രം–പരലോകം] (പരലോക ത്തിലുള്ളത്)

പാരാവാരം — പാരത്തെ ആവരണം ചെയ്യുന്നത് [പാരം – മറുകര] (സമുദ്രം)

പാരാശര്യൻ — പരാശരന്റെ പുത്രൻ [പരാശരൻ – ഒരു മുനി] (വ്യാ സൻ)

പാരീക്ഷിതൻ — പരീക്ഷിത്തിന്റെ പുത്രൻ (ജനമേജയൻ)

പാരിജാതം — പാരിയിൽ ജനിച്ചത് [പാരി–സമുദ്രം] (ഒരുപുഷ്പം)

പാരിതോഷികം — പരിതോഷം സൂ ചിപ്പിച്ചുകൊണ്ടു നൽകുന്നത് [പ രിതോഷം–സന്തോഷം] (സമ്മാനം)

പാരിമാണികം — പരിമാണത്തെ കുറി ക്കുന്ന ഭേദകം [പരിമാണം – അള വ്] (ഭേദകത്തിന്റെ ഒരു വിഭാഗം)

പാരീചരം — പാരിയിൽ ചരിക്കുന്നത് [പാരി–സമുദ്രം] (ജലജന്തു)

പാരംഗതൻ — പാരത്തെ ഗമിച്ചവൻ [പാരം–മറുകര] (വിദ്വാൻ)

പാർത്ഥൻ — പൃഥയുടെ മകൻ [പൃഥ –കുന്തീദേവി] (അർജ്ജുനൻ)

പാർത്ഥസാരഥി — പാർത്ഥന്റെ സാരഥി [പാർത്ഥൻ–അർജ്ജു നൻ. സാരഥി–തേരാളി] (ഭാരതയു ദ്ധത്തിൽ അർജ്ജുനന്റെ സാരഥി യായ ശ്രീകൃഷ്ണൻ)

പാർത്ഥിവൻ — പൃഥ്വിയിൽ വസിക്കു ന്നവൻ [പൃഥ്വി–ഭൂമി] (രാജാവ്)

പാർവ്വണേന്ദു — പാർവ്വണത്തിലെ ഇന്ദു [പാർവ്വണം – പർവ്വത്തെ സംബന്ധിച്ച] (വെളുത്തവാവിന് നാളത്തെ ചന്ദ്രബിംബം)

പാർഷതൻ — പൃഷതന്റെ വംശ ത്തിൽ പിറന്നവൻ (ധൃഷദ്യുമ്നൻ)

പാലക്കാട് — പശ്ചിമഘട്ടത്തോടടു ത്ത പ്രദേശം [പാലൈ–മഴയില്ലാ ത്ത സ്ഥലം] (കേരളത്തിലെ ഒരു ജില്ല)

പാവകൻ — പാവനം ചെയ്യുന്നവൻ [പാവനം ചെയ്യുക–ശുദ്ധമാക്കു ക] (അഗ്നി)

പാശധരാശ — പാശധരന്റെ ആശ [പാശധരൻ–വരുണൻ. ആശ–ദി ക്ക്] (പടിഞ്ഞാറ്)

പാശാങ്കുശധരൻ — പാശവും അങ്കു ശവും ധരിച്ചിട്ടുള്ളവൻ (ഗണപതി)

പാശുപതം — പശുപതിയുടെ വില്ല് [പശുപതി – ജീവജാലങ്ങളുടെ സംരക്ഷകനായ ശിവൻ] (ശൈവ ചാപം)

പാഷാണം — പീഡിപ്പിക്കുന്നത് [പഷ തി പീഡയതി അനേന ഇതി] (ശില)

പികബന്ധു — പികത്തിന്റെ ബന്ധു [പികം–കുയിൽ] (മാവ്)

പിംഗാക്ഷം — പിംഗവർണ്ണത്തിലുള്ള അക്ഷിയോടുകൂടിയത് [പിംഗം– ഗോരോചനത്തിന്റെ നിറം] (പൂച്ച)

പിചണ്ഡിലൻ — പിചണ്ഡിലം ഉള്ള വൻ [പിചണ്ഡിലം – പെരുവയർ] കുടവയറൻ

പിണ്ഡോദകം — പിതൃക്കൾക്കു പിണ്ഡം വെക്കുമ്പോൾ നൽകുന്ന ഉദകം [ഉദകം–ജലം] (തിലോദകം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിതൃതിഥി — പിതൃക്കൾക്കു കർമ്മം ചെയ്യുന്ന തിഥി (കറുത്തവാവ്)

പിതൃപതി — പിതൃക്കളുടെ പതി [പിതൃക്കൾ — അനിഷ്വാത്താദികൾ] (അന്തകൻ)

പിതൃഷ്വസാവ് — പിതാവിന്റെ സ്വസാ [സ്വസാ — സഹോദരി] (അച്ഛന്റെ പെങ്ങൾ)

പിനാകപാണി — പിനാകം പാണിയിലുള്ളവൻ [പിനാകം—ത്രിപുരദഹന കാലത്തു ശരങ്ങളെക്കൊണ്ടു നാകത്തെ മറച്ച വില്ല്] (ശിവൻ)

പിൻവിനയെച്ചം — ഭാവികാലത്തിലുള്ള വിനയെച്ചം (കുളിക്കാൻ പോയി എന്നതിലെ കുളിക്കാൻ പിൻവിനയെച്ചമാണ്)

പിഷ്ടപേഷണം — പിഷ്ടത്തെ പേഷണം ചെയ്യൽ [പിഷ്ടം—അരിപ്പൊടി. പേഷണം—പൊടിക്കൽ] (പ്രവർത്തിച്ചതു തന്നെ പിന്നെയും പ്രവർത്തിക്കൽ)

പീതാബ്ധി — പീതമായ അബ്ധിയോടുകൂടിയവൻ [പീതം — കുടിക്കപ്പെട്ട] (അഗസ്ത്യൻ)

പീനസം — പീനമായ ഘ്രാണത്തെ നശിപ്പിക്കുന്നത് [പീനം — സ്ഥൂലം. സ്യതി—നാശയതി] (ഒരുനാസികാരോഗം)

പീവരസ്തനി — പീവരമായ സ്തനങ്ങളോടുകൂടിയവൾ [പീവരം — തടിച്ചുരുണ്ട] (സുന്ദരി)

പുംഗം — പുമാനെ നേടുവാൻ ചെയ്യുന്ന കർമ്മം [പുമാൻ—പുരുഷ പ്രജ] (പുംസവനം)

പുംഗവൻ — ഗോക്കളുടെ പുമാൻ [പുമാൻ—പുരുഷൻ] (കാള)

പുടകൊട — പുട കൊടുക്കൽ [പുട—പുടവ] (ഹിന്ദുക്കളിൽ ചില ജാതിക്കാർക്കിടയിലുള്ള വിവാഹക്രമം)

പുണ്യജനേശ്വരൻ — പുണ്യജനങ്ങളുടെ ഈശ്വരൻ [പുണ്യജനം—രാക്ഷസൻ] (കുബേരൻ)

പുണ്യാഹം — പുണ്യമായ അഹസ്സോടുകൂടിയത് [പുണ്യം—പരിശുദ്ധം. അഹസ്സ്—ദിവസം] (ശുദ്ധദിനം)

പുത്രകാമേഷ്ടി — പുത്രകാമത്തോടെ ചെയ്യുന്ന ഇഷ്ടി [ഇഷ്ടി—യാഗം] (പുത്രലാഭത്തിന്നു ചെയ്യുന്ന യാഗം)

പുത്രൻ — , പുന്നാമനരകത്തിൽ നിന്നു പിതാവിനെ ത്രാണം ചെയ്യുന്നവൻ [ത്രാണം—രക്ഷ] (മകൻ)

പുത്രാദിനി — പുത്രരെ അദിക്കുന്നവൾ [അദിക്കുക — ഭക്ഷിക്കുക] (പെൺപുലി)

പുനർനവം — വീണ്ടും വീണ്ടും നവമായി വളരുന്നത് [പുനഃ—വീണ്ടും] (നഖം)

പുന്നലക്കോൻ — മനുഷ്യനായകന്മാരുടെ രാജാവ് [പും+തല+കോൻ] (സാമൂതിരി)

പുംസവനം — പുമാനെ സവിക്കാനുള്ള കർമ്മം [സവിക്കുക—പ്രസവിക്കുക] (പുംഗം)

പുരഞ്ജയൻ — ശത്രുപുരങ്ങളെ ജയിച്ചവൻ (കാകുത്സ്ഥൻ)

പുരന്ദരൻ — ശത്രു പുരങ്ങളെ ദാരണം ചെയ്യുന്നവൻ (ഇന്ദ്രൻ)

പുരന്ധ്രി — പുരത്തെ ധരിക്കുന്നവൾ [പുരം—ഭർത്താവ്. മക്കൾ തുടങ്ങിയവരുള്ള ഗൃഹം] (കുടുംബിനി)

പുരഹരൻ — പുരന്മാരെ ഹരിച്ചവൻ [പുരന്മാർ — ത്രിപുരന്മാർ] (ശിവൻ)

പുരാണം — പുരാഭവം [പുരാ—പണ്ട്. ഭവം — ഉണ്ടായത്] (സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മന്വന്തരം, വംശാനുചരിതം ഉവയാണു പുരാണലക്ഷണം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പുരാണപുരുഷൻ — പുരാണങ്ങളിൽ സ്തുതിച്ചിട്ടുള്ള പുരുഷൻ (വിഷ്ണു)

പുരീഷം — പുരിയിൽ നിന്നു ത്യജിക്കപ്പെടുന്നത് [പുരി — ദേഹം. ഇഷ്യതേ—ത്യജ്യതേ] (മലം)

പുരുഷൻ — പുരിശേതേ ഇതിപുരുഷഃ [പുരം — ശരീരം. ശരീരത്തിനുള്ളിലിരിക്കുന്നത്] (ജീവൻ)

പുരുഷാർത്ഥം — പുരുഷന്റെ അർത്ഥം [അർത്ഥം — പ്രയോജനം] (ധർമ്മാർത്ഥ കാമമോക്ഷങ്ങൾ)

പുരുഷാസ്ഥിമാലി — പുരുഷാസ്ഥികൾ കൊണ്ടുള്ള മാല ധരിച്ചവൻ (കാപാലികൻ)

പുരുഷോത്തമൻ — പുരുഷന്മാരിൽ ഉത്തമൻ [പുരതി—അഗ്രേഗച്ഛതി] (വിഷ്ണു)

പുരുഹൂതൻ — യാഗത്തിൽ വിളിക്കപ്പെടുന്നവൻ [പുരു — പ്രചുരം. ഹൂതം—ആഹ്വാനം] (ഇന്ദ്രൻ)

പുരോഡാശം — ഹോമദ്രവ്യം [പുരോദാശ്യതേ ഇതി. പുരഃ — അഗ്രേ. ദാശ്യതേ—ദീയതേ] (ഹവിസ്സ്)

പുരോഭാഗിത്വം — പുരോഭാഗത്തിരിക്കുന്നവന്റെ സ്വഭാവം [രണ്ടു യക്ഷന്മാർ ഒരു വാഹനത്തിൽ ലോകം ചുറ്റിക്കാണാൻ പുറപ്പെട്ടു. പുരോഭാഗത്തിരുന്ന കൃശാനു അവന്റെ കണ്ണിൽ പെട്ടതിന്റെയെല്ലാം ദോഷഭാഗങ്ങളേ കണ്ടുള്ളൂ. അങ്ങനെയാണ് പുരോഭാഗിത്വത്തിന്നു ദോഷൈകദർശനം എന്ന അർത്ഥം വന്നുചേർന്നത്]

പുരോഹിതൻ — യാഗാദികർമ്മങ്ങളിൽ മുമ്പിൽ നിന്നു പ്രവർത്തിക്കുന്നവൻ [പുരഃ — മുമ്പിൽ] (പറഞ്ഞുചെയ്യിക്കുന്നവൻ)

പുലകുളി — പുലകഴിഞ്ഞാലുള്ള കുളി [പുല — ഒരാൾ മരിച്ചാൽ അയാളുടെ അടുത്ത ബന്ധുക്കൾക്കുണ്ടെന്നു കരുതുന്ന അശുദ്ധി] (പതിനാറടിയന്തിരം)

പുലവൻ — പുലം ഉള്ളവൻ [പുലം—അറിവ്] (വിദ്വാൻ)

പുലച്ചിക്കല്ലുകൾ — പുലച്ചികളെ എന്നെന്നും ഓർക്കാൻ സ്ഥാപിച്ച കല്ലുകൾ [പുലച്ചി—പുലം ഉള്ള സ്ത്രീ] (സതിയനുഷ്ഠിച്ച സാധ്വിമാരുടെ പട്ടടകളിൽ സ്ഥാപിച്ച സ്മാരകശിലകൾ)

പുലോമജ — പുലോമന്റെ മകൾ (ഇന്ദ്രാണി)

പുലോമജിത്ത് — പുലോമനെ ജയിച്ചവൻ [പുലോമന്റെ മകളെ ഇന്ദ്രൻ അപഹരിച്ചു. പുലോമൻ എതിർത്തു. ഇന്ദ്രൻ പുലോമനെ വധിച്ചു] (ഇന്ദ്രൻ)

പുഷ്പം — വിടരുന്നത് [പുഷ്പ്യതി—വികസതി] (പൂവ്)

പുളികുടി — വാളൻപുളി, കുടംപുളി, ഞെരിഞ്ഞിൽപുളി, ഇലമ്പിപ്പുളി, പുളിയാറില, തുടങ്ങി ഏഴുതരം പുളിയുള്ള കായകളും ഇലകളും അരച്ചുരുട്ടി ഏഴു ഗുളികകളാക്കി പാളമേൽ വെച്ചു ഗർഭിണിയുടെ ഭർത്താവോ ബന്ധുക്കളിലാരെങ്കിലുമോ ലോകസാക്ഷികൾക്കായി ആറുഗുളിക അർപ്പിച്ച ശേഷം ഏഴാമത്തെ ഗുളിക ഗർഭിണിക്കു കൊടുക്കുന്ന ചടങ്ങ് (ഗർഭകാലത്തുള്ള ഒരു ചടങ്ങ്)

പുള്ളിരുക്കുവേളൂർ — പുൾ, ഇരുക്കു, വേൾ ഇവയുടെ ഊര് [പുൾ—ജടായു, ഇരുക്ക്—വേദം. വേൾ—സുബ്രഹ്മണ്യൻ] (ചിദംബരത്തിന്നടുത്തുള്ള വൈത്തീശ്വരൻ കോവിൽ)

പുറപ്പാട് — ഒരു ദേവനും ദേവിയും പുറപ്പെടുന്ന തരത്തിലുള്ള ചട

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ങ്ങ്. [പുറപ്പെടുക–പ്രത്യക്ഷപ്പെടുക] (കഥകളിയിലെ പ്രാരംഭച്ചേടങ്ങുകളിലൊന്ന്)

പുറനാനൂറ് — നാനൂറ് പുറംപൊരുൾപാട്ടുകൾ അടങ്ങിയ തമിഴ് കൃതി [പുറംപൊരുൾ – യുദ്ധം, കച്ചവടം, രാജ്യതന്ത്രം മുതലായ വിഷയങ്ങൾ] (തമിഴ്കവിതാസമാഹാരം)

പൂജകബഹുവചനം — ബഹുത്വമില്ലെങ്കിലും ബഹുമാനത്തിന്നായി പ്രയോഗിക്കുന്ന ബഹുവചനം (ബഹുവചനവിഭാഗം. ഉദാ:– സ്വാമികൾ)

പൂജയെടുപ്പ് — നവരാത്രികാലത്തു പൂജിക്കാനായി വെച്ചിട്ടുള്ള പുസ്തകങ്ങളും ആയുധങ്ങളും മറ്റും എടുക്കൽ (നവരാത്രി പൂജ)

പൂണാരം — പൂണുന്ന ആരം [പൂണുക – അണിയുക. ആരം – ഹാരം] (ആഭരണം)

പൂമാലഭഗവതി — വസന്തപുഷ്പങ്ങളണിഞ്ഞ വനദേവത (ഉത്തരകേരളത്തിലെ തീയരുടെ ദേവത)

പൂരക്കളി — മീനപ്പൂരത്തിന്നു ഉത്തരകേരളത്തിലെ ചില ദേവീക്ഷേത്രങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന അനുഷ്ഠാന കല

പൂർണ്ണത്രയീപുരം — തൃപ്പൂണിത്തുറയുടെ സംസ്കൃതരൂപം [തൃപ്പൂണിത്തുറ–പണ്ടത്തെ ഒരു തുറമുഖം]

പൂർണ്ണിമ — പൂർണ്ണചന്ദ്രൻ ഇതിലുള്ളതിനാൽ (വെളുത്തവാവ്)

പൂർവ്വകായം — പൂർവ്വമായ കായം [കായം – ശരീരം] (ഉടലിന്റെ പൂർവ്വാർദ്ധം)

പൂർവ്വജൻ — പൂർവ്വമായി ജനിച്ചവൻ [പൂർവ്വം – മുമ്പ്, ആദ്യം] (ജ്യേഷ്ഠൻ)

പൂർവ്വദേവൻ — ദേവന്നു മുമ്പേ പിറന്നവൻ (അസുരൻ)

പൂർവമീമാംസ — പൂർവ്വമായ മീമാംസ [മീമാംസ–ഷഡ്ദർശനങ്ങളിലൊന്ന്. ധർമ്മാനുഷ്ഠാനദർശനം. (വേദപ്രതിപാദിതവും ഇഹപരസുഖദായകവുമായ ധർമ്മം ഉപദേശിക്കുന്ന ദർശനം)

പൂർവ്വാഹ്നം — പകലിന്റെ ആദ്യഭാഗം [പൂർവ്വ+അഹ്നം] (പ്രഭാതം)

പൂലവൻ — പുലം ഉള്ളവൻ [പുലം–പാടം] (കർഷകൻ)

പൂഷാവ് — പോഷിപ്പിക്കുന്നവൻ [പോഷിപ്പിക്കുക–രക്ഷിക്കുക] (സൂര്യൻ)

പൃഥാജൻ — പൃഥയുടെ മകൻ [പൃഥ – കുന്തീദേവി] (അർജ്ജുനൻ)

പൃഥ്വി — പൃഥു ചക്രവർത്തി ഭരിച്ചു വ്യവസ്ഥപ്പെടുത്തിയത് (ഭൂമി)

പൃഷദശ്വൻ — പൃഷതം കൊണ്ടുവരുന്നവൻ [പൃഷതം–വെള്ളത്തുള്ളി] (വായു)

പെരുഞ്ചെല്ലൂർ — ചെല്ലമുള്ള പെരിയ ഊര് [ചെല്ലം–സമ്പത്ത്] (ഉത്തരകേരളത്തിലെ തളിപ്പറമ്പിന്നു ഒരു കാലത്തുണ്ടായിരുന്ന പേര്. ചെല്ലൂർനാഥോദയം എന്ന കൃതി പെരുഞ്ചെല്ലൂരിന്റെ പ്രശസ്തി വിളംബരംചെയ്യുന്നു)

പെരുമാൾ — പെരുമയുള്ള ആൾ (ചേരരാജാക്കന്മാരുടെ സ്ഥാനപ്പേർ)

പെരുമാതുറ — പെരുമാൾ മക്കത്തു പോയതായി പറഞ്ഞുവരുന്ന തുറ (തിരുവനന്തപുരത്തിന്നടുത്ത ഒരു പ്രദേശം)

പേരെച്ചം — പേരിന്റെ എച്ചമായി വരുന്ന അപൂർണ്ണക്രിയ [പേര്–

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നാമം. എച്ചം – ഭാഗം] (കുടിക്കുന്ന വെള്ളം എന്നതിലെ കുടിക്കുന്ന പേരെച്ചത്തിന്നുദാഹരണം)

പേർവിളി – പ്രസവിച്ച് ഇരുപത്തെട്ടാം ദിവസം കുട്ടിക്കുപേർ വിളിക്കുന്ന കേരളീയാചാരം (നാമകരണം)

പേഷകം – പേഷണം ചെയ്യാനുള്ളത് [പേഷണം ചെയ്യുക – അരക്കുക] (അരകല്ല്)

പൈഠരം – പിഠരത്തിൽ പാകംചെയ്തത് [പിഠരം–കലം] (നല്ല പാത്രത്തിൽ പാകം ചെയ്ത ഭക്ഷണം)

പൈതൃഷ്വസേയൻ – പിതാവിന്റെ സ്വസേയൻ [സ്വസേയൻ – സഹോദരീപുത്രൻ] (അച്ഛന്റെ മരുമകൻ)

പൈശാചം – അഷ്ടവിവാഹങ്ങളിൽ ഒന്ന് (സ്ത്രീയെ ബോധം കെടുത്തി ബലാൽക്കാരമായി ഭാര്യയാക്കുന്ന സമ്പ്രദായം)

പൊളിയാണ – പൊളിയായുള്ള ആണ [ആണ – സത്യം] (കള്ളസ്സത്യം)

പോതം – കുലത്തെ പരിശുദ്ധമാക്കുന്നത് [പൂഞ് പാവനേ] (കുട്ടി)

പോതാശ്രയം – പോതത്തിന്ന് ആശ്രയം [പോതം – കപ്പൽ, തോണി] (തുറമുഖം)

പോത്രായുധം – പോത്ര ആയുധമായുള്ളത് [പോത്ര–തേറ്റ] (പന്നി)

പോത്രി – പോത്രകൾ ഉള്ളത് [പോത്ര–തേറ്റ] (പന്നി)

പൗനരുക്ത്യം – വീണ്ടും വീണ്ടുമുള്ള ഉക്തി [പുനഃ– വീണ്ടും] (പറഞ്ഞതു തന്നെ പറയൽ)

പൗംശ്ചലേയൻ – പുംശ്ചലിയിൽ പിറന്നവൻ [പുംശ്ചലി – കുലട] (കുലടാപുത്രൻ)

പൗരവൻ – പൂരുവിന്റെ വംശത്തിൽ പിറന്നവൻ (ദുഷ്യന്തൻ)

പൗരസ്ത്യം – മുമ്പിൽ ഭവിച്ചത് [പുരസ്താത്–മുമ്പിൽ] (കിഴക്കുണ്ടായത്)

പൗരോഭാഗ്യം – പുരോഭാഗിയുടെ അവസ്ഥ [പുരോഭാഗി–പുരോഭാഗത്തുള്ളവൻ] (അസൂയ)

പൗർണ്ണമാസി – ഇതിൽ ചന്ദ്രൻ പൂർണ്ണനായിരിക്കുന്നതിനാൽ (വെളുത്തവാവ്)

പൗർവ്വാപര്യം – പൂർവ്വാപരക്രമം [പൂർവ്വാപരം – പൂർവ്വവും അപരവും] (തുടർച്ച)

പൗലസ്ത്യി – പുലസ്ത്യന്റെ മകൾ (ശൂർപ്പണഖ)

പൗലസ്ത്യൻ – പുലസ്ത്യന്റെ മകൻ (കുബേരൻ)

പ്രക്രിയാസർവ്വസ്വം – പ്രക്രിയയെ സംബന്ധിച്ച നിർദ്ദേശങ്ങളടങ്ങിയ ഗ്രന്ഥം [പ്രക്രിയ – പ്രകൃതിയിൽ പ്രത്യയം ചേർക്കുമ്പോൾ ചെയ്യേണ്ട വിശേഷവിധി] (മേല്പത്തൂർ നാരായണഭട്ടതിരി വിരചിച്ച വ്യാകരണഗ്രന്ഥം)

പ്രക്ഷേപണം – ദൃശ്യമായ ഭൗതികമാദ്ധ്യമങ്ങളുടെ സഹായംകൂടാതെ ശബ്ദങ്ങളെ ദൂരസ്ഥലങ്ങളിലയക്കുന്ന സമ്പ്രദായം [ക്ഷിപതി–എറിയുന്നു, ഇടുന്നു]

പ്രജാവതി – പ്രജകൾ ഉള്ളവൾ [പ്രജ –സന്തതി] (അമ്മ)

പ്രജ്ഞ – പ്രത്യക്കായ സർവ്വത്തിലേക്കും ചെല്ലുകയും സർവ്വത്തെയും പ്രാപിക്കുകയും ചെയ്യുന്നത് [പ്രജ്ഞാ ത്രൈകാലികീ മതാ] (ബുദ്ധി)

പ്രണവം –എല്ലാ മന്ത്രങ്ങളുടെയും ആദിയിൽ ഉച്ചരിക്കുന്നത് [പ്ര–മുമ്പ്. നു – ഉച്ചരിക്ക] (ഓം എന്ന ശബ്ദം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രതാപം — ശത്രുക്കളെ പ്രകർഷേണ തപിപ്പിക്കുന്നത് (മഹത്ത്വം)

പ്രതിനായകൻ — കാവ്യനാടകാദികളിൽ നായകനെതിരായി നില്ക്കുന്നവൻ ('വില്ലൻ')

പ്രതിപക്ഷൻ — പ്രതികൂലമായ പക്ഷത്തു നില്ക്കുന്നവൻ [പ്രതികൂലം—എതിര്] (ശത്രു)

പ്രതിഭ — നവനവോന്മേഷ ശാലിയായ പ്രജ്ഞ (വിശേഷബുദ്ധി)

പ്രതിഭയം — വീണ്ടും വീണ്ടും ഭയത്തെ ഉണ്ടാക്കുന്നത് (ആപത്ത്)

പ്രതിവാരിക — വാരംതോറും പ്രസിദ്ധപ്പെടുത്തുന്ന പത്രം (ആഴ്ചപ്പതിപ്പ്)

പ്രതിവേശൻ — പ്രതിവേശത്തിൽ ഉള്ളവൻ [പ്രതിവേശം—അയൽപക്കം] (അയൽക്കാരൻ)

പ്രതിസ്പർദ്ധി — പ്രതിസ്പർദ്ധ ഉള്ളവൻ [പ്രതിസ്പർദ്ധ—പക] (ശത്രു)

പ്രതിഹാരകൻ — പ്രതിഹാരം ചെയ്യുന്നവൻ [പ്രതിഹാരം — ഓടിക്കൽ] (ഭൂതപ്രേതാദികളെ ഓടിക്കുന്ന മന്ത്രവാദി)

പ്രതീചി — പകലിന്റെ അവസാനം സൂര്യൻ ഗമിക്കുന്ന ദിക്ക് (പടിഞ്ഞാറ്)

പ്രത്യക്ഷം — അക്ഷത്തെ പ്രതിഗമിച്ചത് [അക്ഷം—ഇന്ദ്രിയം] (സമക്ഷം)

പ്രത്യയം — പ്രതിഗമിക്കുന്നത് (അർത്ഥഭേദംവരുത്താൻ പദങ്ങളുടെ ഒടുവിൽ ചേർക്കുന്ന അക്ഷരമോ അക്ഷരങ്ങളോ)

പ്രത്യാഘാതം — ആഘാതത്തിന്നെതിരായുള്ളത് [ആഘാതം—അടി] (തിരിച്ചടി)

പ്രത്യേകം — പ്രതി + ഏകം [ഏകം പ്രതി] (വെവ്വേറെ)

പ്രഥമപുരുഷൻ — വ്യാകരണത്തിൽ ഉത്തമപുരുഷനും മദ്ധ്യമപുരുഷനും അല്ലാത്തവ (അന്യപുരുഷൻ)

പ്രഥമാശ്രമം — പ്രഥമമായ ആശ്രമം (ബ്രഹ്മചര്യം)

പ്രദക്ഷിണം — പ്രാക്കിൽ നിന്നാരംഭിച്ച് ദക്ഷിണമായി ചുറ്റിവരൽ [പ്രാക്—കിഴക്ക്] (വലംവെക്കൽ)

പ്രദോഷം — ദോഷയുടെ പ്രാരംഭം [ദോഷ—രാത്രി] (രജനീമുഖം)

പ്രദ്യുമ്നൻ — പ്രകൃഷ്ടമായ ദ്യുമ്നത്തോടുകൂടിയവൻ [ദ്യുമ്നം—ബലം] (കാമദേവൻ)

പ്രദ്യോതനൻ — പ്രകർഷേണ ദ്യോതിക്കുന്നവൻ [ദ്യോതിക്കുക—പ്രകാശിക്കുക] (സൂര്യൻ)

പ്രബോധകൻ — പ്രബോധനം നടത്തുന്നവൻ [പ്രബോധനം—പാട്ടുപാടി രാജാക്കന്മാരെ ഉണർത്തൽ]

പ്രഭഞ്ജനൻ — പ്രഭഞ്ജനം ചെയ്യുന്നവൻ [പ്രഭഞ്ജനം ചെയ്യുക—മരക്കൊമ്പുകളും മറ്റും ഭഞ്ജിക്കുക] (വായു)

പ്രഭാകരൻ — പ്രഭയെ ഉണ്ടാക്കുന്നവൻ [പ്രഭ—പ്രകാശം] (സൂര്യൻ)

പ്രഭു — പ്രഭവിക്കുന്നവൻ [പ്രഭവിക്കുക—മേലധികാരം ഭാവിക്കുക] (ശ്രേഷ്ഠൻ)

പ്രമഥാധിപൻ — പ്രമഥന്മാരുടെ അധിപൻ [പ്രമഥന്മാർ—ശിവപാർഷദന്മാർ] (ശിവൻ)

പ്രമദ—പുരുഷനെ പ്രമദിപ്പിക്കുന്നവൾ (ഉത്തമസ്ത്രീ)

പ്രമദവനം — പ്രമദകൾ സ്വതന്ത്രമായി വിഹരിക്കുന്ന വനം [പ്രമദകൾ—സ്ത്രീകൾ] (ഉദ്യാനം)

പ്രമർദ്ദനൻ — ശത്രുജനങ്ങളെ പ്രമർദ്ദിക്കുന്നവൻ [പ്രമർദ്ദിക്കുക—നശിപ്പിക്കുക] (വിഷ്ണു)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രമേഹം — പ്രകർഷേണ മേഹതി അനേന ഇതി [മേഹതി — ക്ഷരതി വീര്യാദി] (രോഗവിശേഷം)

പ്രയാഗ — പ്രകർഷമായ യാഗസ്ഥലം [പ്രകർഷം—ശ്രേഷ്ഠം] (പിതാമഹൻ യാഗം നടത്തിയ ഗംഗായമുനാസംഗമസ്ഥാനം)

പ്രരോദനം — പ്രകർഷേണയുള്ള രോദനം [രോദനം — കരച്ചിൽ] (അഗാധദു:ഖത്തോടെയുള്ള വിലാപം)

പ്രലംബഘ്നൻ — പ്രലംബൻ എന്ന അസുരനെ ഹനിച്ചവൻ (ബലരാമൻ)

പ്രലേപകൻ — പ്രലേപനം ചെയ്യുന്നവൻ [പ്രലേപനം ചെയ്യുക—പുരട്ടുക] (വെള്ളപൂശുന്നവൻ)

പ്രവാസി — പ്രവാസം അനുഭവിക്കുന്നവൻ [പ്രവാസം—വിരഹം] (വിരഹി)

പ്രവീണൻ — പ്രകൃഷ്ടമായ വീണയോടുകൂടിയവൻ [വീണ—യശോഗാനം] (ജനപ്രശംസ നേടിയവൻ)

പ്രശ്നം — പൃച്ഛിക്കുന്നത് [പൃച്ഛിക്കുക—ചോദിക്കുക] (ചോദ്യം)

പ്രസരം — മുന്നോട്ടുസരിക്കൽ [പ്ര—മുമ്പ്; സരിക്കുക — വ്യാപിക്കുക] (വ്യാപ്തി)

പ്രസവബന്ധനം — പ്രസവത്തെ ബന്ധിച്ചു നില്ക്കുന്നത് [പ്രസവം—പുഷ്പം] (പൂവിന്റെ ഞെട്ട്)

പ്രസൂനബാണൻ — പ്രസൂനം ബാണമായുള്ളവൻ [പ്രസൂനം — പുഷ്പം] (കാമദേവൻ)

പ്രളയം — ജഗത്തിന്റെ പ്രകൃഷ്ടമായ ലയകാലം (ലോകനാശം)

പ്രാകാമ്യം — കാമിച്ചതെന്തും സാധിക്കുന്നതിനുള്ള ശക്തി. [കാമിക്കുക — ആഗ്രഹിക്കുക] (അഷ്ടൈശ്വര്യങ്ങളിലൊന്ന്)

പ്രാകാശ്യം — എപ്പോൾ എവിടെ പ്രത്യക്ഷപ്പെടണമോ അപ്പോൾ അവിടെ പ്രത്യക്ഷപ്പെടാനുള്ള ശക്തി. (അഷ്ടൈശ്വര്യങ്ങളിലൊന്ന്)

പ്രാക്കർമ്മം — പ്രാക്കായ കർമ്മം [പ്രാക്—പൂർവ്വം] (പൂർവ്വകർമ്മം)

പ്രാക്പ്രയോഗം — വ്യാകരണത്തിൽ ഏതു ധാതുവിനെ സഹായിപ്പാനായി അനുപ്രയോഗം ചെയ്യുന്നുവോ ആ ധാതു (മറന്നുപോയി എന്നതിലെ പോയി അനുപ്രയോഗമാണ്. അതു സഹായിക്കുന്നതു മറന്നു എന്ന ക്രിയയെയാണ്. അതിനാൽ അതു പ്രാക്പ്രയോഗം)

പ്രാഗ്വംശം — പ്രകർഷേണ പൂജ്യമായ വംശത്തോടുകൂടിയത്. [വംശം—മുള] (യാഗശാലയിൽ യജമാനനും സദസ്യർക്കും ഇരിക്കാനുള്ള സ്ഥലം)

പ്രാചി — മുമ്പുള്ളത് (കിഴക്ക്)

പ്രാചീനം — പ്രാചിയിലുള്ള [പ്രാചി—കിഴക്ക് എന്നും മുമ്പ് എന്നും] (പണ്ടുള്ള)

പ്രാജാപത്യം — പ്രജാപതിയെ പ്രതിഫലം കൂടാതെ സ്വീകരിക്കുന്ന വിവാഹം [പ്രജാപതി—മകളുടെ ഭർത്താവ്] (അഷ്ടവിവാഹങ്ങളിലൊന്ന്)

പ്രാണരന്ധ്രം — പ്രാണനെ നിലനിർത്തുന്ന രന്ധ്രം [രന്ധ്രം — ദ്വാരം] (മൂക്ക്)

പ്രാണായാമം — പ്രാണനെ അറിയുകയും നിലനിർത്തുകയും ചെയ്യൽ [പ്രാണന്റെ ആയാമം] (അഷ്ടാംഗയോഗങ്ങളിലൊന്ന്)

പ്രാതർഭോക്തൃത്വം — പ്രാത:കാലത്ത് ഭുജിക്കുന്നത് [പ്രാത:കാലം—പ്രഭാതം] (കാക്ക)

പ്രാഭവം — പ്രഭുവിന്റെ ഭാവം (ശ്രേഷ്ഠത)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പ്രായം — പ്രകൃഷ്ടമായ അയനം (മരണം)
[തുല്യം, ബാഹുല്യം, വയസ്സ്, തപസ്സ്, പാപം, യുദ്ധം എന്നീ അർത്ഥവുമുണ്ട്]

പ്രായശ്ചിത്തം — പ്രായത്തിന്റെ ചിത്തത്തിനുള്ള വഴി [പ്രായം—പാപം, ചിത്തം — പരിശോധനം] (പാപപരിഹാരകർമ്മം)

പ്രായാധിക്യം — പ്രായത്തിന്റെ ആധിക്യം [പ്രായം — വയസ്സ്] (വാർദ്ധക്യം)

പ്രായോപവേശം — പ്രായത്തിനായുള്ള ഉപവേശം [പ്രായം—ആഹാരമുപേക്ഷിച്ചു മരിക്കാനൊരുങ്ങിയുള്ള ഇരിപ്പ്] (മരണപര്യന്തമുള്ള നിരാഹാരസമരം)

പ്രാലേയകരൻ — പ്രാലേയ തുല്യമായ കരങ്ങളോടു കൂടിയവൻ [പ്രാലേയം—മഞ്ഞ്] (ചന്ദ്രൻ)

പ്രാവാരികൻ — പ്രാവാരം നിർമ്മിക്കുന്നവൻ .[പ്രാവാരം—ഉത്തരീയം] (രണ്ടാംമുണ്ടുണ്ടാക്കുന്നവൻ)

പ്രാവൃട് — പ്രകർഷമായി വർഷിക്കുന്നത് (വർഷാകാലം)

പ്രാവൃഷ്യം — പ്രാവൃട്ടിൽ ഉണ്ടാകുന്നത് [പ്രാവൃട്—മഴക്കാലം] ((വൈദൂര്യം)

പ്രാസാദം — പ്രസാദം തോന്നുന്ന സ്ഥലം [പ്രസാദം — സന്തോഷം] (മണിമാളിക)

പ്രിയങ്കരൻ — പ്രിയത്തെ ചെയ്യുന്നവൻ [പ്രിയം—ഇഷ്ടം] (ഇഷ്ടൻ)

പ്രിയവാദി — പ്രിയംവദിക്കുന്നവൻ [പ്രിയം—നല്ലവാക്ക്] (നല്ലവാക്കു പറയുന്നവൻ)

പ്രിയാമിഷൻ — ആമിഷത്തിൽ പ്രിയമുള്ളവൻ [ആമിഷം — മാംസം] (മാംസഭുക്ക്)

പ്രേതകുംഭം — പ്രേതത്തെ ചിതയിലേറ്റിക്കഴിഞ്ഞാൽ ഉടയ്ക്കുന്ന കുംഭം [പ്രേതം—ശവം, കുംഭം—പാത്രം]

പ്രേപ്സ — പ്രാപിക്കാനുള്ള ഈപ്സ [ഈപ്സ—ആഗ്രഹം] (പ്രാപിക്കാനുള്ള ആഗ്രഹം)

പ്രേഷകൻ — പ്രേഷണം ചെയ്യപ്പെട്ടവൻ [പ്രേഷണം—പറഞ്ഞയക്കൽ] (പറഞ്ഞയച്ചവൻ)

പ്രോഷിത ഭർതൃക — പ്രോഷിതനായ ഭർത്താവോടു കൂടിയവൾ [പ്രോഷിതൻ — വിദേശഗതൻ] (ഭർത്താവ് നാട്ടിലില്ലാത്തവൾ)

പ്ലവഗം — പ്ലവനീതിയിൽ ഗമിക്കുന്നത് [പ്ലവനീതിയിൽ — ചാടിച്ചാടി] (കുരങ്ങൻ)

പ്ലവംഗമം — പ്ലവം ചെയ്തു ഗമിക്കുന്നത് [പ്ലവം—തുള്ളൽ] (തവള; കുരങ്ങൻ)

ഫ

ഫണധരം — ഫണത്തെ ധരിക്കുന്നത് [ഫണം—പത്തി] (സർപ്പം)

ഫണി — ഫണമുള്ളത് (പാമ്പ്)

ഫണിപതി — ഫണികളുടെ പതി (ആദിശേഷൻ)

ഫണിഫേനം — ഫണിയുടെ ഫേനം പോലെയുള്ളത്. [ഫേനം — നുര] (അവിയൻ Opium)

ഫണിഭുക്ക് — ഫണികളെ ഭുജിക്കുന്നത് [ഫണി—പാമ്പ്] (മയിൽ)

ഫണം — പ്രസാരസങ്കോചം ഗച്ഛതി ഇതി (പാമ്പിന്റെ പത്തി)

ഫലദം — ഫലം ദാനം ചെയ്യുന്നത് (വൃക്ഷം)

ഫലിതം — ഫലിക്കുന്ന വാക്ക് (നേരമ്പോക്ക്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഫൽഗുനൻ — ഫൽഗുനമാസത്തിൽ ഫൽഗുനി നക്ഷത്രത്തിൽ ജനിച്ചവൻ (അർജ്ജുനൻ)

ഫാലനേത്രൻ — ഫാലത്തിൽ നേത്രത്തോടു കൂടിയവൻ [ഫാലം—നെറ്റി] (മുക്കണ്ണൻ)

ഫുല്ലം — വികസിക്കുന്നത് [ഫുല്ലതി—വികസതി] (പുഷ്പം)

ഫേനിലം — ഫേനമുള്ള [ഫേനം—പത] (പതയുള്ള)

ബ

ബകധ്യാനം — മത്സ്യത്തെ റാഞ്ചിയെടുക്കാൻ ബകം ഇരിക്കുന്നതുപോലെയുള്ള ധ്യാനം (കപടഭക്തി)

ബഡവാഗ്നി — ബഡവത്തിന്റെ മുഖത്തുള്ള അഗ്നി [ബഡവം—സമുദ്രത്തിലെ കുതിര] (സമുദ്രാഗ്നി)

ബദ്ധകങ്കണൻ — ബദ്ധമായ കങ്കണത്തോടുകൂടിയവൻ [കങ്കണം—വള] (കാപ്പുകെട്ടിയവൻ)

ബദ്ധപരികരൻ — പരികരം ബന്ധിക്കപ്പെട്ടവൻ [പരികരം — അരപ്പട്ട] (അരമുറുക്കിയവൻ)

ബന്ധനവേശ്മം — ബന്ധനത്തിന്നുള്ള വേശ്മം [വേശ്മം—ഗൃഹം] (കാരാഗൃഹം)

ബന്ധു — സ്നേഹംകൊണ്ടു ബന്ധിക്കപ്പെട്ട ആൾ (സ്വജനം)

ബർഹി — ബർഹം ഉള്ളത് [ബർഹം—പീലി] (മയിൽ)

ബർഹിർമുഖൻ — ബർഹിസ്സ് ആകുന്ന മുഖത്തോടു കൂടിയവൻ [ബർഹിസ്സ്—അഗ്നി] (ദേവൻ)

ബർഹിസ് — വർദ്ധിക്കുന്നത് (ഹോമദ്രവ്യംകൊണ്ടോ വിറകുകൊണ്ടോ ക്രമേണ വർദ്ധിച്ചു വരുന്നത്] (അഗ്നി)

ബലദേവൻ — ബലം കൊണ്ടു ശോഭിക്കുന്നവൻ [ബലേന ദിവ്യതി ഇതി] (ബലരാമൻ)

ബലപതി — ബലത്തിന്റെ പതി [ബലം—സേന] (സേനാനായകൻ)

ബലിധ്വംസി — ബലിയെ ധ്വംസിച്ചവൻ [ബലി—മഹാബലി. ധ്വംസിക്കുക—അമർച്ച ചെയ്യുക] (വിഷ്ണു)

ബലിപുത്രൻ — ബലിയുടെ പുത്രൻ [ബലി—മഹാബലി] (ബാണാസുരൻ)

ബലിപുഷ്ടം — ബലിയിട്ട പിണ്ഡം മുതലായത് തിന്നു തടിക്കുന്നത് (കാക്ക)

ബഹുഗന്ധദ — ബഹുഗന്ധത്തെ ദാനം ചെയ്യുന്നത് (കസ്തൂരി)

ബഹുധാരം — ധാരാളം ധാരകളോടുകൂടിയത് [ധാര — വായ്ത്തല] (വജ്രം)

ബഹുവചനം — വ്യാകരണത്തിൽ ബഹുത്വത്തെ കുറിക്കുന്ന വചനം [ബഹുത്വം—അനേകം] (പുസ്തകത്തിന്റെ ബഹുവചനമാണ് പുസ്തകങ്ങൾ)

ബഹുവ്രീഹി — 1. ധാരാളം വ്രീഹി ഉള്ള ഇടം [വ്രീഹി — നെല്ല്] (നെൽവയൽ)

2. അന്യപദാർത്ഥപ്രധാനമായ സമാസം.

ബാണാസനം — ബാണത്തിന്റെ ആസനം [ബാണം—ശരം] (വില്ല്)

ബാദരായണൻ — ബാദരം അയനമായുള്ളവൻ [ബാദരം—ജലം] (വേദവ്യാസൻ)

ബാലപ്രിയം — ബാലത്തിൽ പ്രിയമുള്ളത് [ബാലം — വാൽ] (പ്രമരിമാൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാലി — ബാലം ഉത്പത്തിസ്ഥാനമായുള്ളവൻ [ബാലം — തലമുടി] (ഇന്ദ്രന്റെ ബീജം തലമുടിയിൽ പതിച്ചുണ്ടായ പുത്രനാണ് ബാലിയെന്ന് കഥ. 'അമോഘരേതസ സ്യസ്യ വാസവസ്യ മഹാത്മന: ബാലേഷു പതിതം ബീജം ബാലീ നാമ ബഭൂവ സ:')

ബാഹുജൻ — ബ്രഹ്മാവിന്റെ ബാഹുവിൽ നിന്നു ജനിച്ചവൻ [ബാഹു—കൈ] (ക്ഷത്രിയൻ)

ബാഹുയോധൻ — ബാഹുകൊണ്ടു പൊരുതുന്നവൻ [ബാഹു—കൈ] (മൽപ്പിടുത്തക്കാരൻ)

ബാഹുലേയൻ — ബഹുലയുടെ സന്താനം [ബഹുല — കൃത്തിക] (കാർത്തികേയൻ)

ബിംബാധരം — ബിംബതുല്യമായ അധരം [ബിംബം — തൊണ്ടിപ്പഴം] (തുടുത്തചുണ്ട്)

ബിലംഗമം — ബിലത്തെ ഗമിക്കുന്നത് [ബിലം—പൊത്ത്] (സർപ്പം)

ബിലേശയം — ബിലത്തിൽ ശയിക്കുന്നത് [ബിലം—പൊത്ത്] (പാമ്പ്)

ബിസകണ്ഠി — ബിസംപോലെ നീണ്ട കഴുത്തുള്ളത് [ബിസം—താമരവളയം] (വെള്ളിൽപ്പക്ഷി)

ബീജരുഹം — ബീജത്തിൽ നിന്നു രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക — മുളക്കുക] (ധാന്യം)

ബീഭത്സം — ജുഗുപ്സ സ്ഥായീഭാവമായ രസം (നവരസങ്ങളിലൊന്ന്)

ബീഭത്സു — ബീഭത്സമായ കാര്യം ചെയ്യാത്തവൻ (അർജ്ജുനൻ)

ബുദ്ധൻ — ബോധോദയം നേടിയവൻ (ശാക്യമുനി)

ബൃഹദംഗം — ബൃഹത്തായ അംഗത്തോടു കൂടിയത് [ബൃഹത്ത്—വലിയ] (ആന)

ബൃഹസ്പതി — ബൃഹസ്സിന്റെ പതി [ബൃഹസ്സ്—മന്ത്രം] (ദേവഗുരു)

ബ്രഹ്മഘ്നൻ — ബ്രഹ്മനെ ഹനിച്ചവൻ [ബ്രഹ്മൻ — ബ്രാഹ്മണൻ] (ബ്രഹ്മഘാതകൻ)

ബ്രഹ്മചാരി — ബ്രഹ്മജ്ഞാനവും തപസ്സും ആചരിക്കുന്നവൻ (പ്രഥമാശ്രമി)

ബ്രഹ്മപുരാണം — ബ്രഹ്മാവ് മരീചിക്കു ഉപദേശം നൽകുന്ന രൂപത്തിലുള്ള പുരാണം [മരീചി—സപ്തർഷികളിലൊരാൾ] (അഷ്ടാദശപുരാണങ്ങളിലൊന്ന്)

ബ്രഹ്മാണ്ഡപുരാണം — ബ്രഹ്മാണ്ഡമാഹാത്മ്യവും ഭാവികല്പങ്ങളും വർണ്ണിച്ചിട്ടുള്ള പുരാണം (അഷ്ടാദശപുരാണങ്ങളിലൊന്ന്)

ബ്രാഹ്മണ കർമ്മങ്ങൾ — ബ്രാഹ്മണന്റെ കർമ്മങ്ങൾ (അദ്ധ്യയനം, അദ്ധ്യാപനം, യജ്ഞനം, യാജനം, ദാനം, പ്രതിഗ്രഹം എന്നീ ആറു കർമ്മം)

ബ്രാഹ്മം — പിതാവ് പുത്രിയെ പ്രതിഫലംകൂടാതെ ഒരു ബ്രഹ്മചാരിക്കു കൊടുക്കുന്ന വിവാഹം (അഷ്ടവിവാഹങ്ങളിലൊന്ന്)

ഭ

ഭക്ഷം — ഭജിക്കപ്പെടുന്നത് [ഭജിക്കുക —ആശ്രയിക്കുക] (ചോറ്)

ഭക്ഷണചതുഷ്ടയം — നാലുതരം ഭക്ഷണം (ഖാദ്യം, ചൂഷ്യം, പേയം, ലേഹ്യം)

ഭഗന്ദരം — ഭഗത്തെ പിളർക്കുന്നത് (ഇംഗ്ലീഷിൽ പിസ്റ്റുല എന്നുപറയുന്ന രോഗം)

ഭഗവദ്ഗീത — മഹാഭാരതത്തിൽ ശ്രീകൃഷ്ണൻ അർജ്ജുനനെ മതവിഷയങ്ങൾ ധരിപ്പിക്കുന്ന ഭാഗം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

(ശാന്തിമോക്ഷധർമ്മ പർവ്വത്തിലെ ഒരു ഭാഗം)

ഭഗവാൻ — ഭഗം ഉള്ളവൻ [ഭഗം—ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, ജ്ഞാനം, വൈരാഗ്യം] (ഈശ്വരൻ)

ഭഗിനി — ഭഗത്തോടു കൂടിയവൾ [ഭഗം—കീർത്തി] (സഹോദരി)

ഭഗീരഥപ്രയത്നം — ഭഗീരഥന്റേതുപോലെയുള്ള പ്രയത്നം [ഭഗീരഥൻ—സൂര്യവംശത്തിലെ ദിലീപന്റെ പുത്രൻ] (പിതൃക്കളുടെ സൽഗതിക്കായി കഠിനതപസ്സു ചെയ്തു ആകാശഗംഗയെ ഭൂമിയിലൂടെ പാതാളത്തിലേക്കു കൊണ്ടുപോയി ഭഗീരഥൻ, ഇതിനെ ആലംബമാക്കി കഠിനാധ്വാനം എന്ന അർത്ഥത്തിൽ ഇതൊരു ശൈലിയായി)

ഭഗ്നാശൻ — ഭഗ്നമായ ആശയോടു കൂടിയവൻ [ഭഗ്നം—ഞെക്കപ്പെട്ട] (ഹതാശൻ)

ഭട്ടസ്മാർത്തൻ — സ്മാർത്തവിചാരം ചെയ്യുന്ന ഭട്ടൻ (ബ്രാഹ്മണരിലെ ന്യായാധിപതി)

ഭദ്രാസനം — ഭദ്രമായ ആസനം [ആസനം—ഇരിപ്പിടം] (സിംഹാസനം)

ഭം — ഭാസിക്കുന്നത് [ഭാസിക്കുക—ശോഭിക്കുക] (നക്ഷത്രം)

ഭരണ്യുടുക്ക് — ഭരണ്യത്തെ ഭുജിക്കുന്നവൻ [ഭരണ്യം—കൂലി] (കൂലിവേലക്കാരൻ)

ഭർത്താവ് — ഭരിക്കുന്നവൻ [ബിഭർത്തി—പാലയതി] (അധിപതി)

ഭഷകൻ — ഭഷകം ചെയ്തു വീട്ടുകാരനെ ഉണർത്തുന്നവൻ [ഭഷകം—കുര] (നായ)

ഭാഗവതം — ഭഗവാനെ സംബന്ധിച്ച കൃതി [ഭഗവാൻ—വിഷ്ണു] (നാരദകല്പനപ്രകാരം ബാദരായണൻ നിർമ്മിച്ചതും അഷ്ടാദശ പുരാണങ്ങളിൽ ഉൾപ്പെടുന്നതുമായ കൃതി)

ഭാഗിനേയൻ — ഭഗിനിയുടെ മകൻ [ഭഗിനി — സഹോദരി] (അനന്തരവൻ)

ഭാഗീരഥി — ഭഗീരഥനാൽ ആനയിക്കപ്പെട്ടവൾ [ഭഗീരഥൻ—സൂര്യവംശത്തിലെ രാജാവ്] (ഗംഗ)

ഭാദ്രമാതുരൻ — ഭദ്രയായ മാതാവിൽ പിറന്നവൻ [ഭദ്ര—ഉത്തമ] (നല്ലവളുടെ മകൻ)

ഭാമിനി — 1. ഭാമം ഉള്ളവൾ [ഭാമം—കോപം] (പ്രണയകോപം നടിക്കാൻ കഴിയുന്ന സ്ത്രീ)
2. ഭാമം ഉള്ളവൾ (ഭാമം — ശോഭ] (സുന്ദരി)

ഭാരതവർഷം — ജ്ഞാനപ്രകാശത്തിൽ ആസക്തരായവർ അധിവസിക്കുന്ന സ്ഥലം [ഭാ—പ്രകാശം, രത—ആസക്തൻ, വർഷം—വർഷിക്കുന്നത്] (ഭാരതഭൂമി)

ഭാരതം — ഭാ [എല്ലാ വേദങ്ങളിലും ഭാസിക്കുന്നത്] ര [എല്ലാ ജീവികളിലും രതിയുള്ളത്] ത [എല്ലാ തീർത്ഥങ്ങളെയും തരിക്കുന്നത്] (മഹാഭാരതം)

ഭാരവാഹി — ഭാരം വഹിക്കുന്നവൻ [ഭാരം—ചുമട്] (ചുമതലക്കാരൻ)

ഭാർഗ്ഗവക്ഷേത്രം — ഭാർഗവൻ കണ്ടെത്തിയ ക്ഷേത്രം [ഭാർഗവൻ—പരശുരാമൻ, ക്ഷേത്രം—ഭൂമി] (കേരളം)

ഭാർഗവൻ — ഭൃഗുവിന്റെ സന്തതി [ഭൃഗു—ഭൃഗു എന്ന മഹർഷി] (പരശുരാമൻ)

ഭാര്യ — ഭർത്താവിനാൽ ഭരിക്കപ്പെടുന്നവൾ

ഭാവജൻ — ഭാവജ്ഞത്തെ ഉണ്ടാക്കുന്നവൻ [ഭാവജ്ഞം—രാഗം] (കാമദേവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭാഷ്യം — സൂത്രാർത്ഥം വ്യക്തമായി ഭാഷിക്കുന്ന ഗ്രന്ഥം (വ്യാഖ്യാനം)

ഭാസ്കരൻ — ഭാസ്സിനെ ഉണ്ടാക്കുന്നവൻ [ഭാസ്–ശോഭ] (സൂര്യൻ)

ഭിഷക് — ഭേഷജം കൊണ്ടു രോഗം ഭേദപ്പെടുത്തുന്നവൻ [ഭേഷജം–ഔഷധം] (വൈദ്യൻ)

ഭിത്തിഖാതനം — ഭിത്തിയെ ഖാതനം ചെയ്യുന്നത് [ഖാതനം–കുഴിക്കുകയോതുളക്കുകയോ] (പെരുച്ചാഴി)

ഭിദുരം — ഭേദിക്ക ശീലമുള്ളത് [ഭേദിക്കുക–പിളർക്കുക] (വജ്രം)

ഭീകരൻ — ഭീയെ ഉണ്ടാക്കുന്നവൻ [ഭീ–ഭയം] (പേടിപ്പിക്കുന്നവൻ)

ഭീമനാദം — ഭീമമായ നാദത്തോടു കൂടിയത് [ഭീമമായനാദം–ഭൈരവം] (സിംഹം)

ഭീഷ്മൻ — കഠിനൻ ('അങ്ങു ഭീഷ്മൻ തന്നെ' എന്നുദേവകൾ ശന്തനുപുത്രനും അഷ്ടവസുക്കളുടെ അംശവുമായ ദേവവ്രതനെ നോക്കിപറകയാൽ ഗാംഗേയൻ ഭീഷ്മനായി)

ഭുക്തശിഷ്ടം — ഭുജിക്കപ്പെട്ടതിന്ന് ശേഷമുള്ളത് (ഉച്ഛിഷ്ടം)

ഭുജകോടരം — ഭുജത്തിന്റെ കോടരം [കോടരം–കോടിയത്] (കക്ഷം)

ഭുജഗഭുക്ക് — ഭുജഗത്തെ ഭുജിക്കുന്നത് [ഭുജഗം–പാമ്പ്] (മയിൽ)

ഭുജഗം — ഭുജമായി ഗമിക്കുന്നത് [ഭുജമായി–വക്രമായി] (പാമ്പ്)

ഭുജംഗഭം — ഭുജംഗം നാഥനായുള്ളഭം [ഭുജംഗം–പാമ്പ്] (ആയില്യം)

ഭുജാന്തരാളം — ഭുജങ്ങളുടെ അന്തരാളം [ഭുജം–കൈ] (മാറിടം)

ഭൂതദയ — ഭൂതങ്ങളോടുള്ള ദയ [ഭൂതങ്ങൾ – ജീവജാലങ്ങൾ] (സമസൃഷ്ടിസ്നേഹം)

ഭൂതധാത്രി — ഭൂതങ്ങളെ ധരിക്കുന്നവൾ [ഭൂതങ്ങൾ – പഞ്ചഭൂതങ്ങൾ] (ഭൂമി)

ഭൂതബലി — ഭൂതങ്ങൾക്കായുള്ള ബലി [ഭൂതങ്ങൾ–ശിവഭൃത്യന്മാർ] (ശ്രീഭൂതബലിയാണ് ശീവേലിയായത്)

ഭൂപുത്രൻ — ഭൂമിയുടെ പുത്രൻ (നരകാസുരൻ)

ഭൂമിരുഹം — ഭൂമിയിൽ രോഹണം ചെയ്യുന്നത് (വൃക്ഷം)

ഭൂരിമായൻ — വളരെ മായ ഉള്ളവൻ [ഭൂരി – ധാരാളം. മായ – ചതിപ്രയോഗം] (കുറുക്കൻ)

ഭൂഷണത്രയം — ഭൂഷണങ്ങളുടെ ത്രയം [ഭൂഷണം–ആഭരണം] (കരത്തിനു ദാനം, കണ്ഠത്തിനു സത്യം, കർണ്ണത്തിനു ശാസ്ത്രം)

ഭൃഗുരാമൻ — ഭൃഗുവംശത്തിൽ പിറന്ന രാമൻ (പരശുരാമൻ)

ഭൃതൻ — ഭൃതി വാങ്ങുന്നവൻ [ഭൃതി–കൂലി] (കൂലിവേലക്കാരൻ)

ഭേദകം — ഒരുശബ്ദത്തിന്റെ അർത്ഥത്തെ ഭേദിപ്പിക്കുന്ന ശബ്ദം (വിശേഷണം)

ഭേഷജം — ഭേഷത്തെ ജയിക്കുന്നത് [ഭേഷം–രോഗം] (ഔഷധം)

ഭൈരവൻ — ഭീകരമായ രവത്തോടു കൂടിയവൻ [രവം–ശബ്ദം] (ശിവൻ)

ഭോഗധരം — ഭോഗത്തെ ധരിക്കുന്നത് [ഭോഗം–പത്തി] (പാമ്പ്)

ഭോഗി — ഭോഗം ഉള്ളത് [ഭോഗം–ഫണം] (സർപ്പം)

ഭ്രമരം — ഓരോപൂവിലും ഭ്രമണം ചെയ്യുന്നത് [ഭ്രമതി–ചലതി] (വണ്ട്)

ഭ്രാതാവ് — ഭ്രാജിക്കുന്നവൻ [ഭ്രാജിക്കുക – ശോഭിക്കുക. ഭ്രാജ ദീപ്തൗ] (സഹോദരൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭ്രാത്രീയൻ — ഭ്രാതാവിന്റെ പുത്രൻ (ഭ്രാതൃവ്യൻ)

ഭ്രൂ — ഭ്രമിച്ചുകൊണ്ടിരിക്കുന്നത് [ഭ്രമിക്കുക–ഇളകുക] (പുരികം)

മ

മകരകുണ്ഡലം — മകരമത്സ്യത്തിന്റെ ആകൃതിയിലുള്ള കുണ്ഡലം [കുണ്ഡലം–കർണ്ണാഭരണം] (വിഷ്ണുവിന്റെ കർണ്ണാലങ്കാരം)

മകരകേതനൻ — മകരമത്സ്യം കേതനമായുള്ളവൻ [കേതനം–കൊടിയടയാളം] (കാമദേവൻ)

മകരന്ദം — കാമദേവന്റെ കൊടിയടയാളമായ മകരത്തെപ്പോലും കാമപരവശമാക്കുന്നത് (തേൻ)

മകരവിളക്ക് — ശബരിമലയിൽ മകരമാസം ഒന്നാംതിയതി തെളിയിക്കുന്ന വിളക്ക് (അയ്യപ്പന്റെ വിളക്ക്)

മകരാകരം — മകരങ്ങളുടെ ആകരം [മകരം–മകരമത്സ്യം] (സമുദ്രം)

മകാരപഞ്ചകം — മകാരത്തിലാരംഭിക്കുന്ന അഞ്ചെണ്ണം (മദ്യം, മത്സ്യം, മാംസം, മുദ്ര, മാനിനി)

മഖം — മഖന്തി ദേവാ അത്രേതി [മഖന്തി–ഗച്ഛന്തി] (യാഗം)

മഘവാവ് — പൂജിക്കപ്പെടുന്നവൻ [മഘ് പൂജായാം, മഘ്യതേ–പൂജ്യതേ] (ഇന്ദ്രൻ)

മംഗല്യ സൂത്രം — മംഗല്യത്തെ സൂചിപ്പിക്കുന്ന സൂത്രം (താലിച്ചരട്)

മടന — മടമയോടു കൂടിയവൾ [മടമ–ശുദ്ധി] (യുവതി)

മണവാളൻ — മണം ആളുന്നവൻ [മണം–വിവാഹം] (വരൻ)

മണിക്കൂറ്റ് — മണിനാദംപോലുള്ള കൂറ്റ് [കൂറ്റ്–തെളിഞ്ഞ ശബ്ദം] (നല്ല ശബ്ദം)

മണിപ്രവാളം — മണിയും പ്രവാളവുംപോലെ മലയാളവും സംസ്കൃതവും ഇടകലർത്തിയുള്ള സാഹിത്യ പ്രസ്ഥാനം (ഭാഷാസംസ്കൃതയോഗോ മണിപ്രവാളം എന്നാണ് ലീലാതിലകത്തിലെ സൂത്രം)

മണ്ഡനം — മണ്ഡനം ചെയ്യുന്നത് [മണ്ഡനം ചെയ്യുക – അലങ്കരിക്കുക] (പരിവേഷം)

മണ്ഡലേശൻ — മണ്ഡലത്തിന്റെ ഈശൻ [മണ്ഡലം–നാല്പത് യോജന വിസ്താരമുള്ള രാജ്യം] (ചക്രവർത്തി)

മണ്ഡൂകം — കൂപവാപ്യാദികളെ മണ്ഡനം ചെയ്യുന്നത് [മണ്ഡയതി–ഭൂഷയതി] (മണ്ഡത്തിൽ വസിക്കുന്നത് എന്നുമർത്ഥമുണ്ട്. മണ്ഡം–വെള്ളം) (തവള)

മതി — മനനം ചെയ്യുന്നത് [മനതേ അനയാ ഇതി] (ബുദ്ധി)

മത്തകാശിനി — മത്തയെപ്പോലെ കാശിക്കുന്നവൾ [മത്ത – മദിച്ചവൾ. കാശിക്കുക–ശോഭിക്കുക] (മദ്യപാനം ചെയ്യാതെതന്നെ മദിച്ചവളെപ്പോലെ ശോഭിക്കുന്നവൾ)

മത്തേഭഗമന — മത്തേഭത്തെപ്പോലെ ഗമിക്കുന്നവൾ [മത്തേഭം – മദിച്ച ആന] (സുന്ദരി)

മത്സ്യപുരാണം — മത്സ്യാവതാരത്തിൽ വിഷ്ണു മനുവിനുപദേശിച്ചതെന്നു കരുതിവരുന്നപുരാണം (അഷ്ടാദശപുരാണങ്ങളിലൊന്ന്)

മഥനഗിരി — സമുദ്രമഥനത്തിന്നുപയോഗിച്ച ഗിരി (മന്ദരപർവ്വതം)

മദനൻ — മദിപ്പിക്കുന്നവൻ [മദിപ്പിക്കുക – അഹങ്കരിപ്പിക്കുക] (കാമദേവൻ)

മദനാന്തകൻ — മദനന്റെ അന്തകൻ [മദനൻ–കാമദേവൻ] (ശിവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മദിര — മദം ഉണ്ടാക്കുന്നത് [മദം–ല ഹരി] (മദ്യം)

മദിരാക്ഷി — മദിരപോലുള്ള അക്ഷിക ളോടു കൂടിയവൾ [മദിര–രക്തഖ ദിരം] (മത്തലോചന)

മദ്ധ്യമ — ബാല്യത്തിന്റേയും യൗ വനത്തിന്റേയും മദ്ധ്യത്തിലിരിക്കു ന്നവൾ (തിരണ്ടവൾ)

മദ്ധ്യമപദലോപി — മദ്ധ്യമപദം ലോപിക്കുന്ന സമാസം (തൽപു രുഷ സമാസത്തിന്റെ ഒരു വിഭാ ഗം)

മദ്ധ്യമലോകം — സ്വർഗ്ഗത്തിനും നര കത്തിനും മദ്ധ്യത്തിലുള്ള ലോകം (ഭൂമി)

മദ്ധ്യാഹ്നം — അഹ്നത്തിന്റെ മദ്ധ്യം [അഹ്നം–പകൽ] (ഉച്ചസമയം)

മധുകരപ്രിയം — മധുകരത്തിന്നു പ്രിയമായുള്ളത് [മധുകരം–വണ്ട്] (മാവ്)

മധുപം — മധുവെ പാനം ചെയ്യുന്ന ത് [മധു–തേൻ] (വണ്ട്)

മധുപർക്കം — മധുവോടു ചേർന്നത് [മധു – തേൻ. പർക്കം – ചേർച്ച] (ഷോഡശോപചാരങ്ങളിൽ ആറാ മത്തേത്)

മധുവ്രതം — മധുവുണ്ണുന്ന വിഷയ ത്തിൽ വ്രതമുള്ളത് (വണ്ട്)

മധുസൂദനൻ — മധുവിനെ സൂദനം ചെയ്തവൻ [മധു – ഒരസുരൻ] (ശ്രീകൃഷ്ണൻ)

മനയൻ — മൺപാത്രം മനയുന്നവൻ [മനയുക – ഉണ്ടാക്കുക] (കുശ വൻ)

മനവി — മനയ്ക്കു നായിക [മന–വീ ട്] (ഭാര്യ)

മനസിജൻ — ശൃംഗാരരൂപേണ മന സ്സിൽനിന്നു ജനിക്കുന്നവൻ [മന സിജം–കാമം] (കാമൻ)

മനീഷ — മനസ്സിനെ ഈഷപോലെ സംബന്ധിച്ചിരിക്കുന്നത് [ഈഷ– കരിക്കോൽ] (ബുദ്ധി)

മനുജൻ — മനുവിൽ നിന്നു ജനിച്ച വൻ (മനുഷ്യൻ)

മനോരഥം — മനസ്സാകുന്ന രഥത്തോ ടു ചേർന്നത് (ഇച്ച)

മന്നനാർ — മന്നൻ എന്ന പദത്തോട് ബഹുമാനവാചിയായ ആർ ചേർത്തുണ്ടാക്കിയ പദം (കോല ത്തുനാട്ടിലെ തിയത്തമ്പുരാൻ)

മന്ത്രം — മനനം ചെയ്യുന്നത്; മനനം ചെയ്യുന്നവനെ രക്ഷിക്കുന്നത് [മനനം ചെയ്യുക – ധ്യാനിക്കുക] (സ്തുതി)

മന്ത്രവാദം—മന്ത്രംകൊണ്ടു ഭൂതപ്രേത പിശാചുക്കളെ ഓടിക്കാനാവുമെ ന്നു കരുതിച്ചെയ്യുന്ന കർമ്മം (ആ ഭിചാരം)

മന്ത്രി — രാജാവിനോട് മന്ത്രിക്കുന്ന വൻ [മന്ത്രിക്കുക–ഉപദേശിക്കുക] (സചിവൻ)

മന്ഥജം — മന്ഥം കൊണ്ടു മഥിക്കു മ്പോൾ ജനിക്കുന്നത് [മന്ഥം–കട കോൽ] (വെണ്ണ)

മന്ഥം — മഥനം ചെയ്യുന്നത് (കട കോൽ)

മന്ദാകിനി — മന്ദമായി അകിക്കുന്ന വൾ [അകിക്കുക – ഗമിക്കുക] (ആകാശഗംഗ)

മന്മഥൻ — മനസ്സിനെ മഥിക്കുന്നവൻ [മഥിക്കുക–മഥനം ചെയ്യുക] (കാമദേവൻ)

മന്മഥപ്രിയ — മന്മഥന്റെ പ്രിയ [മന്മ ഥൻ–കാമദേവൻ] (രതീദേവി)

മന്വന്തരം — മനുവിന്റെ അന്തരം (എഴുപത്തിയൊന്നു ചതുർയുഗ മാണ് ഒരു മനുവിന്റെ വാഴ്ച ക്കാലം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മയതനുജ — മയന്റെ തനുജ [തനുജ—മകൾ] (മണ്ഡോദരി)

മയൂരം — മയുവിനെപ്പോലെ ശബ്ദിക്കുന്നത് [മയു—കിന്നരൻ] (മയിൽ)

മരീചം — ശ്ലേഷ്മാദികളെ നശിപ്പിക്കുന്നത് [മ്രിയതി — നശിപ്പിക്കുന്നു] (കുരുമുളക്)

മരീചിക — മരീചി പോലുള്ളത് [മരീചി—രശ്മി] (മൃഗതൃഷ്ണ)

മരീച്യാദികൾ — മരീചി തുടങ്ങിയ സപ്തർഷികൾ (മരീചി, അത്രി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ എന്നിവരാണ് സപ്തർഷികൾ)

മരുത്ത് — ഏതിന്റെ അഭാവത്തിൽ പ്രാണികൾ മരിക്കുന്നുവോ അത് (വായു)

മരുൽപുത്രൻ — മരുത്തിന്റെ പുത്രൻ [മരുത്ത്—വായു] (ഹനുമാൻ; ഭീമൻ)

മരുത്സഖൻ — മരുത്തിന്റെ സ്നേഹിതൻ [മരുത്ത്—വായു] (അഗ്നി)

മർക്കടം — കടന്നു പിടികൂടുന്നത് [മർക്ക ഗ്രഹണേ] (വാനരൻ)

മർത്ത്യൻ — മൃതിയടയുന്നവൻ [മൃതി—മരണം] (മനുഷ്യൻ)

മലബാർ — മലഎന്ന മലയാളപദവും ബാർ എന്ന പേർഷ്യൻ പദവും ചേർത്ത് അറബികച്ചവടക്കാർ വിളിച്ചുവന്നപേർ [ബാർ—നാട്] (മലനാട്)

മലയജം — മലയപർവ്വതത്തിൽ ഉണ്ടാകുന്നത് [മലയപർവ്വതം—പശ്ചിമഘട്ടം] (ചന്ദനം)

മലയാംകൊല്ലം — മലയാളനാട്ടിലെ കൊല്ലം (കൊല്ലവർഷം)

മഹാഭാരതം — മഹത്തായ ഭാരമുള്ള കൃതി [ഒരുതട്ടിൽ നാലുവേദവും മറുതട്ടിൽ മഹാഭാരതവും വെച്ചു പലദേവന്മാർചേർന്നു ഒരിക്കൽ തൂക്കിനോക്കി കൂടുതൽ തൂങ്ങിയത് ഭാരതമാണത്രെ. അന്നുമുതൽക്കാണ് മഹാഭാരതമെന്ന പേർ വന്നത് (ദേവകൾക്കു നാരദനും പിതൃക്കൾക്കു ദേവലനും ഗന്ധർവ്വയക്ഷരക്ഷസ്സുകൾക്ക് ശ്രീശുകനും മനുഷ്യർക്ക് വ്യാസശിഷ്യനായ വൈശമ്പായനനും ചൊല്ലി കേൾപ്പിച്ച ഇതിഹാസം)

മഹാരജതം — രജതത്തെക്കാൾ മഹത്തായത് [രജതം — വെള്ളി] (സ്വർണ്ണം)

മഹാരഥൻ — വില്ലെടുത്ത് പൊരുതുന്ന ദശസഹസ്രത്തോടു [ദശസഹസ്രം — പതിനായിരം] എതിരിട്ടു നില്ക്കുന്നവൻ (പടത്തലവൻ)

മഹാശില — ശവം സംസ്കരിക്കാനോ മരിച്ചവരുടെ ഓർമ്മ നിലനിർത്താനോ പടുത്തിരുന്ന കൂറ്റൻ കല്ലുകൾ

മഹാശിലാവശിഷ്ടങ്ങൾ — മഹാശിലാകാലത്തെ അവശിഷ്ടങ്ങൾ (കൊടുംകല്ലറകൾ, പഴുതറകൾ, നടുക്കല്ലുകൾ, കുടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ, ശിലാനിർമ്മിത ഗുഹകൾ മുതലായവ)

മഹാശിലാസംസ്കാരം — മഹാശില ഉപയോഗിച്ചിരുന്ന കാലത്തെ സംസ്കാരം (പുരാണശിലായുഗത്തിന്നു ശേഷമുള്ള സംസ്കാരം)

മഹിഷമർദ്ദിനി — മഹിഷനെന്ന അസുരനെ മർദ്ദിച്ചവൾ (ദുർഗ്ഗ)

മഹിഷി — മഹിഷന്റെ പത്നി [മഹിഷൻ—അഭിഷേകം കഴിഞ്ഞ രാജകുമാരൻ] (രാജ്ഞി)

മഹിള — പൂജിക്കപ്പെടുന്നവൾ [മഹ പൂജായാം] (സ്ത്രീ)

മഹീരുഹം — മഹിയിൽ രോഹണം ചെയ്യുന്നത് [മഹി—ഭൂമി] (വൃക്ഷം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മഹേഭം — മഹത്തായ ഇഭം [മഹ+ഇഭം] (ഐരാവതം)

മാഘമകം — മാഘമാസത്തിലെ മകം (മാമാങ്കം)

മാഘവതി — മഘവാവ് ദേവതയായുള്ള ദിക്ക് [മഘവാവ്–ഇന്ദ്രൻ] (കിഴക്ക്)

മാടഭൂപതി — മാടഭൂമിയുടെ അധിപതി [മാടഭൂമി – കൊച്ചിരാജ്യം] (കൊച്ചിരാജാവ്)

മാണ്ഡവ്യൻ — മണ്ഡപത്തിൽ പിറന്നവൻ (വാരാണസിയിൽ ഒരു മണ്ഡപത്തിലിരുത്തി പൂജിക്കുന്നതിന്നിടയിലാണ് ദൃഷ്ടമംഗലിക ഒരാൺകുട്ടിയെ പ്രസവിച്ചത്)

മാതലി — മതങ്ങളെ അറിയുന്നവൻ [മതം–സുതകർമ്മം. ലാതി–അറിയുന്നു] (ഇന്ദ്രന്റെ തേരാളി)

മാതാവ് — മാനിക്കപ്പെട്ടവൾ [മാനിക്കുക–പൂജിക്കുക] (അമ്മ)

മാതൃഷ്വസാവ് — മാതാവിന്റെ സ്വസാ (സ്വസാ–സഹോദരി] (ചിറ്റമ്മ)

മാധ്യന്ദിനം — ദിനത്തിന്റെ മദ്ധ്യം (നട്ടുച്ച)

മാധ്വി — മധുകൊണ്ടുണ്ടാക്കിയത് (മദ്യം)

മാധ്വീകം — മധൂകത്തിൽ നിന്നുണ്ടാക്കിയ മദ്യം [മധൂകം–ഇരിപ്പപ്പൂ]

മാദ്രി — മദ്രരാജാവിന്റെ പുത്രി (നകുലസഹദേവന്മാരുടെ അമ്മ)

മാധവൻ — മായുടെ ധവൻ [മാ–ലക്ഷ്മി. ധവൻ – ഭർത്താവ്] (വിഷ്ണു)

മാധവി — മധുമാസത്തിൽ പൂക്കുന്നത് [മധുമാസം–വസന്തം] (മുല്ല)

മാനത്രയം — മാനത്തിന്റെ ത്രയം [മാനം – അളവ്] (നീളവും വീതിയും ഉയരവും)

മാനവധർമ്മശാസ്ത്രം — മാനവധർമ്മത്തെക്കുറിച്ചു മനുനിർമ്മിച്ചിട്ടുള്ള ശാസ്ത്രം (മനുസ്മൃതി)

മാനസൗകസ്സ് — മാനസം ഓകസ്സായിട്ടുള്ളത് [മാനസം–മാനസസരസ്സ്. ഓകസ്സ്–ഗൃഹം] (അരയന്നം)

മാനിനി — മാനം ഉള്ളവൾ [മാനം–പ്രണയകോപം] (സ്ത്രീ)

മാന്ധാതാവ് — ഇവനെന്ത് കുടിക്കും എന്ന് ദേവന്മാർ ചോദിച്ചപ്പോൾ മാംധാസ്യതി എന്നു വജ്രി പറഞ്ഞതിനാൽ ഉണ്ടായപേർ (ഇക്ഷ്വാകുവംശജനായ യുവനാശന്റെ മകൻ)

മാപ്പിള — ഫലാഹ് അല്ലാത്തവൻ [മാ + ഫലാഹ്. ഫലാഹ്–കർഷകൻ] (മലബാറിലെ മുസ്ലീം വ്യാപാരി)

മായ — യാതൊന്നില്ലാത്തതോ അത് [യാ–യാതൊന്ന്. മാ–ഇല്ലാത്തത്] (മിഥ്യ)

മാരജിത്ത് — മാരനെ ജയിച്ചവൻ [മാരൻ–കാമൻ] (ബുദ്ധൻ)

മാരൻ — വിരഹികളെ മരിപ്പിക്കുന്നവൻ (കാമദേവൻ)

മാർക്കണ്ഡേയൻ — മൃകണ്ഡുവിന്റെ മകൻ (ശിവനെ ഭജിച്ചു കാലദൂതന്മാരെ ഓടിച്ചവൻ)

മാർക്കം കൂടുക — മുഹമ്മദിന്റെ മാർഗ്ഗം സ്വീകരിക്കുക [മതം മാറുക)

മാർത്താണ്ഡൻ — മൃതമായ അണ്ഡത്തെ ജീവിപ്പിക്കുന്നവൻ [ബ്രഹ്മാണ്ഡത്തെ ഉണർത്തുന്നവൻ] (സൂര്യൻ)

മാർത്തിക — മൃത്തുകൊണ്ടുള്ളത് [മൃത്ത് – മണ്ണ്] (ഒരുതരം മൺപാത്രം)

മാലക്കണ്ണ് — മാലയിൽ കാഴ്ചയില്ലാത്ത കണ്ണ് [മാല – ഇരുട്ട്. സന്ധ്യ] (രാക്കണ്ണു കാണായ്മ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മാലേയം — മലയത്തിൽ ഭവിച്ചത് [മലയം—പശ്ചിമഘട്ടം] (ചന്ദനം)

മാഹേയൻ — മഹിയുടെ പുത്രൻ [മഹി—ഭൂമി] (നരകാസുരൻ)

മാളോരിതം — മാളോരുടെ ഇതം [മാളോർ — മാലോകർ. ഇതം—ഹിതം] (ലോകരുടെ ഇഷ്ടം)

മിഷ്ടാന്നം — മിഷ്ടമായ അന്നം [മിഷ്ടം—ശർക്കരചേർത്തു മധുരമാക്കിയത്] (മധുരാന്നം)

മിഹിരൻ — മേഘജലംകൊണ്ടു ഭൂമിയെ നനക്കുന്നവൻ (മേഹയതി—സ്നേഹയതി] (സൂര്യൻ)

മീനകേതനൻ — മീനം കേതനമായുള്ളവൻ [മീനം—മത്സ്യം. കേതനം—കൊടിയടയാളം] (കാമദേവൻ)

മീമാംസകൻ — മീമാംസ പഠിച്ചിട്ടുള്ളവൻ (യാഗാദികർമ്മ വിവരണം പൂർവ്വമീമാംസയും വേദാന്തവിവരണം ഉത്തരമീമാംസയും ആകുന്നു)

മുകുന്ദൻ — മുകുവെ ദാനം ചെയ്യുന്നവൻ [മുകു — മോക്ഷം] (വിഷ്ണു)

മുക്കാത്തവട്ടം — മുക്കാതം ചുറ്റളവിലുള്ള പ്രദേശം [മുക്കാതം—മൂന്നു കാതം. കാതം — നാലുനാഴിക] (തിരുവഞ്ചിക്കുളം)

മുക്കുവൻ — മുക്കുക പതിവാക്കിയവൻ (വല മുക്കിമീൻപിടിക്കുന്നവൻ)

മുക്കൂട്ട് — എള്ളെണ്ണ, പശുവിൻനെയ്, ആവണക്കെണ്ണ ഇവയുടെ കൂട്ട് (ഔഷധവിശേഷം)

മുക്കോലപ്പെരിയ — മൂന്നുപെരുവഴികൾ ഒരുമിക്കുന്ന സ്ഥലം (മുക്കവലപ്പെരുവഴി)

മുക്തഹസ്തൻ — മുക്തമായ ഹസ്തത്തോടു കൂടിയവൻ [ഹസ്തം—കൈ] (കൈയയച്ചു ദാനം ചെയ്യുന്നവൻ)

മുഖജൻ — ബ്രഹ്മാവിന്റെ മുഖത്തു നിന്നു ജനിച്ചവൻ (ബ്രാഹ്മണൻ)

മുഖത്തെഴുത്ത് — തെയ്യക്കോലങ്ങളുടെ മുഖത്ത് ചായില്യവും മനയോലയും മറ്റും കൊണ്ടുണ്ടാക്കുന്ന കുത്തും വരയും ചിത്രപ്പണികളും.

മുച്ചിലോട്ടു ഭഗവതി — ഉത്തരകേരളത്തിലെ വാണിയ സമുദായക്കാരുടെ പരദേവത (അമ്മദൈവം)

മുട്ടാപ്പലി — മുട്ടാത്തപലി [മുട്ടാത്ത—മുടങ്ങാത്ത. പലി—ബലി] (ക്ഷേത്രത്തിൽ മുടങ്ങാതെ നടത്തുന്ന ബലി)

മുതുമക്കച്ചാടി — മുതുമക്കളെ അടക്കം ചെയ്ത ചാടി [മുതുമക്കൾ—പഴയ ആളുകൾ. ചാടി—ഒരുതരം കുടം] (ചരിത്രാതീകാലത്ത് ശവം അടക്കം ചെയ്യാൻ ഉപയോഗിച്ചിരുന്ന പാത്രം)

മുത്തപ്പൻ — പറശ്ശനിക്കടവിലെ മഠപ്പുരയിൽ കുടിയിരുത്തിയ ദൈവത്താർ (ചിക്കൽപള്ളിതുഞ്ചിയ അതായത് പെരിഞ്ചെല്ലൂരിൽ വെച്ചു നിര്യാതനായ ചെൽവക്കടുങ്കോവാഴി ആതനാണ് പറശ്ശിനി മുത്തപ്പനെന്നാണ് കേസരി ബാലകൃഷ്ണപ്പിള്ളയുടെ കണ്ടുപിടുത്തം. ധർമ്മടത്തെ അണ്ടലൂർ ദൈവത്താർ, ചേരമാൻകുന്നിലെ ചേരമാൻ കോട്ടനായനാർ. ചിറക്കൽ താലൂക്കിലെ തിറയാട്ടങ്ങളിലെ കുണ്ടൂർ കോട്ടവാണർ, ഊർപ്പഴശ്ശികയറിയവർ എന്നീ മുത്തപ്പന്മാരും ചെങ്കൽപെരുമാൾ തന്നെയാണെന്നദ്ദേഹം പറയുന്നു.)

മുത്തമിഴ് — ഇയൽ, ഇശൈ, നാടകം എന്നീ മൂന്നു വക അടങ്ങിയ തമിഴ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുദ്ര — ദേവന്മാരെ സന്തോഷിപ്പിക്കാനുള്ളത് [മുദം രാതി ഇതി] (ദേവതാർച്ചനത്തിൽ പ്രയോഗിക്കുന്ന അടയാളങ്ങൾ)

മുനി — മൗനവ്രതം ഉള്ളവൻ [മൗനവ്രതം—മിണ്ടാത്ത നില] (സംന്യാസി)

മുനിത്രയം — പ്രസിദ്ധരായ മൂന്നു മുനിമാർ (പാണിനി, കാത്യായനൻ, പതഞ്ജലി)

മുന്നാട് — കടത്തനാട്, കുറുമ്പർനാട്, വള്ളുവർനാട് എന്ന മൂന്നു നാടുകൾ കൂടുന്ന ദിക്ക്.

മുന്നീർ — മൂന്നു നീർ ചേർന്നുള്ള പാനവസ്തു (പനങ്കരിക്കും ഇളനീരും കരിമ്പിൻനീരും ചേർത്തു ചേരകാലത്തു സ്ത്രീകൾ ഉപയോഗിച്ചിരുന്ന പാനീയം)

മുമ്മുടി മന്നർ — മുടിചൂടിയ മൂന്നു മന്നന്മാർ (ചേരചോളപാണ്ഡ്യരാജാക്കന്മാർ

മുരളി — മുരളുന്നത് [മുരളുക—മൂളുക] (ഓടക്കുഴൽ)

മുല്ലനിലം — കാട്ടുപ്രദേശം [മുല്ലെ—കാടും നിലവും] (വനഭൂമി)

മുറപ്പെണ്ണ് — മുറപ്രകാരം അവകാശപ്പെട്ട പെണ്ണ് [മുറ — നാട്ടുനടപ്പ്] (അമ്മാമന്റെ മകൾ)

മുറ്റുവിന — മുറ്റിയ വിന [മുറ്റിയ—തികഞ്ഞ] (പൂർണ്ണക്രിയ)

മൂകാംബിക — ശിവനെക്കുറിച്ചു തപസ്സു ചെയ്ത കംഹനെന്ന മഹാസുരനെ വാഗ്ബന്ധത്താൽ മൂകനാക്കിയ അംബിക (കോലാപുരത്തെ ലക്ഷ്മീദേവി)

മൂകാസുരൻ — കോലാപുരത്തെ ദേവിയാൽ മൂകനാക്കപ്പെട്ട അസുരൻ (കംഹൻ)

മൂർദ്ധന്യം — മൂർദ്ധാവിന്റെ സഹായത്തോടെ ജനിക്കുന്ന ശബ്ദങ്ങൾ [മൂർദ്ധാ—മേൽത്തൊണ്ട] (ട്ര, ടവർഗ്ഗം, ര, ഷ, റ, ള, ഴ)

മൂലച്ഛേദം — മൂലത്തിന്റെ ഛേദം [മൂലം—വേര്. ഛേദം—മുറിക്കൽ] (വേരറുക്കൽ)

മൂലോപദംശം — മൂലം കൊണ്ടുള്ള ഉപദംശം [മൂലം — കിഴങ്ങ്. ഉപദംശം—കറി] (കിഴങ്ങുകറി)

മൂവന്തി — മൂന്നാമത്തെ അന്തി (സൂര്യാസ്തമയ സമയം)

മൂവേന്തർ — മൂന്നു വേന്തർ [വേന്തർ —രാജാവ്] (ചേരചോളപാണ്ഡ്യരാജാക്കന്മാർ)

മൂഷികരഥൻ — മൂഷികൻ രഥമായുള്ളവൻ [മൂഷികൻ—എലി] (ഗണപതി)

മൃഗജീവനൻ — മൃഗത്തെക്കൊണ്ടു ജീവിക്കുന്നവൻ (വേടൻ)

മൃഗതൃഷ്ണ — മൃഗങ്ങൾക്കു ഇതിൽ തൃഷ്ണയുള്ളതിനാൽ (മരീചിക)

മൃഗനാഭി — മൃഗത്തിന്റെ നാഭിയിൽ നിന്നും ലഭിക്കുന്നത് [മൃഗം—മാൻ] (കസ്തൂരി)

മൃഗം — നായാട്ടുകാരാൽ മാർഗ്ഗണം ചെയ്യപ്പെടുന്നത് [മാർഗ്ഗണം ചെയ്യുക—അന്വേഷിക്കുക] (മാൻ)

മൃഗാങ്കൻ — മൃഗത്തിന്റെ അങ്കം ഉള്ളവൻ [മൃഗം—മാൻ. അങ്കം—അടയാളം] (ചന്ദ്രൻ)

മൃഗാജിനം — മൃഗത്തിന്റെ അജിനം [മൃഗം — മാൻ. അജിനം — തോൽ] (മാന്തോൽ)

മൃച്ഛകടി — മൃത്തുകൊണ്ടുള്ള ശകടി [മൃത്ത് — മണ്ണ്. ശകടി — വണ്ടി] (മണ്ണുകൊണ്ടുള്ള വണ്ടി)

മൃഡൻ — മൃഡനം നൽകുന്നവൻ [മൃഡനം—വരം] (ശിവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മൃത്ത് — മർദ്ദനം ചെയ്യപ്പെടുന്നത് (മണ്ണ്)

മൃത്യുഞ്ജയൻ — മൃത്യുവിനെ ജയിച്ചവൻ [മൃത്യു—കാലൻ] (ശിവൻ)

മൃദംഗം — മർദ്ദനം ചെയ്യപ്പെടുന്നത് (മദ്ദളം)

മെയ്യുടക്കം — മെയ്യിനെ അടക്കിനിർത്താനുള്ള അഭ്യാസമുറ (കളരിപ്പയറ്റ്)

മേഖല — മേഖത്തിന്ന് [മേഖം—ഗതി] ഭംഗിചേർക്കുന്നത് (അരഞ്ഞാണം)

മേഘഗർജ്ജനം — മേഘത്തിന്റെ ഗർജ്ജനം (ഇടി)

മേഘജീവകം — മേഘത്തെ ആശ്രയിച്ചു ജീവിക്കുന്നത് (വേഴാമ്പൽ)

മേഘനാദജിത്ത് — രാവണപുത്രനായ മേഘനാഥനെ ജയിച്ചവൻ (ലക്ഷ്മണൻ)

മേദിനി — മേദസ്സിനാൽ നനക്കപ്പെടുന്നത് [മധുകൈടഭന്മാരുടെ മേദസ്സുകൊണ്ട് ഭൂമി നനക്കപ്പെടുന്നുവെന്നാണ് കഥ] (ഭൂമി)

മേധാവി — മേധാ ഉള്ളവൻ [മേധാ—ബുദ്ധി] (നായകൻ)

മേധ്യാജിനം — മേധ്യമായ അജിനം [മേധ്യം — മേധത്തിന്നു യോഗ്യം. മേധം — യാഗം. അജിനം — മാന്തോൽ] (യാഗത്തിന്നു വേണ്ട തോൽ)

മൈത്രാവരുണി — ഉർവ്വശിയെ മോഹിച്ച മിത്രന്റെയും വരുണന്റെയും ബീജത്തിൽ നിന്നുണ്ടായവൻ [മിത്രൻ — സൂര്യൻ] (അഗസ്ത്യൻ)

മൈഥിലി — മിഥിലാധിപതിയുടെ പുത്രി (സീത)

മൈഥുനം — മിഥുനം ചേർന്നുള്ള പ്രവൃത്തി (മിഥുനം — സ്ത്രീപുരുഷന്മാരുടെ ഇണ] (സുരതം)

മൈനാകം — മേനയുടെ അപത്യം [മേന — ഹിമാലയ പത്നി] (ഒരു പർവ്വതം)

മോക്ഷചതുഷ്ടയം — നാലുതരം മോക്ഷം (സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം)

മൗക്തിക തണ്ഡുലം — മൗക്തികതുല്യമായ തണ്ഡുലം [മൗക്തികം — മുത്തുമണി. തണ്ഡുലം — ചോളം] (വെൺചോളം)

മൗഞ്ജി — മുഞ്ജപ്പുല്ല് പിരിച്ചുണ്ടാക്കിയ ചരട് (ബ്രഹ്മചാരി അരയിൽ കെട്ടുന്ന ചരട്)

യ

യക്ഷതരു — യക്ഷന്മാർ വസിക്കുന്നതായി വിശ്വസിച്ചു പോരുന്ന തരു [തരു—വൃക്ഷം] (പേരാൽ)

യജ്ഞത്രാൻ — യജ്ഞത്തെ ത്രാണം ചെയ്യുന്നവൻ [യജ്ഞം — യാഗം] (അഗ്നിഹോത്രി)

യജമാനൻ — യജ്ഞത്തെ നടത്തിക്കുന്നവൻ [യജ്ഞം—യാഗം] (സ്വാമി)

യജുർവ്വേദം — യജുസ്സുകൾ ഉള്ള വേദം [യജുസ്സ്—യാഗത്തിൽ ഉച്ചരിക്കേണ്ടമന്ത്രം] (ചതുർവ്വേദങ്ങളിൽ രണ്ടാമത്തേത്)

യജ്ഞപശു — യജ്ഞത്തിന്നുള്ള പശു [പശു—മൃഗം] (യാഗമൃഗം)

യജ്ഞഭോഗൻ — യജ്ഞഭാഗം ലഭിക്കുന്നവൻ [യജ്ഞഭാഗം — ഹവിസ്സ്] (ദേവൻ)

യജ്ഞവല്ലി — യജ്ഞത്തിൽ സോമരസം ഉണ്ടാക്കാനാവശ്യമായ വല്ലി [വല്ലി—വള്ളി] (സോമലത)

യതി — മോക്ഷത്തിന്നുവേണ്ടി പ്രവർത്തിക്കുന്നവൻ [യതതേ ചേഷ്ടതേ മോക്ഷാർത്ഥമിതി] (താപസൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

യതിനി — യതം നിലനിർത്തുന്നവൾ [യതം–സംയമം] (വിധവ)

യഥാർഹവർണ്ണൻ — യഥാർഹം വർണ്ണം മാറുന്നവൻ [യഥാർഹം–അർഹമാംവിധം] (ഒറ്റുകാരൻ)

യഥേപ്സിതം — ഈപ്സിതം പോലെ [ഈപ്സിതം – ഇമ്പ്] (ഇഷ്ടംപോലെ)

യമകം — യമംകായതി ഇതി [യമം–യുഗ്മഭാവം. കായതി–പ്രാപ്നോതി] (ഒരു ശബ്ദാലങ്കാരം)

യമൻ — യമയതി ജീവാനാം ഫലാ ഫലമിതി [യമയതി–നിയമയതി] (അന്തകൻ)

യമസ്വസ — യമന്റെ സ്വസ [സ്വസ–സഹോദരി] (യമുന)

യമി — യമങ്ങൾ ആചരിക്കുന്നവൻ [യമം–അഹിംസ, അസ്തേയം, അപരിഗ്രഹം, സത്യം, ബ്രഹ്മചര്യം] (യോഗി)

യമുനാഭിത്ത് — യമുനയെ ഭേദിച്ചവൻ (ബലരാമൻ)

യവനിക — യുനാതി ആവൃണോതി അനയാ (ജവനിക)

യശ: ശരീരൻ — യശസ്സാകുന്ന ശരീരത്തോടു കൂടിയവൻ [യശസ്സ്–കീർത്തി] (കീർത്തിശാലി)

യാഗം — യജ്ഞിക്കപ്പെടുന്നത് [യജ്യതേ ഇതിയാഗ:] (ദേവപൂജ)

യാജകൻ — യജ്ഞിക്കുന്നവൻ [യജ്ഞിക്കുക – യാഗം കഴിക്കുക] (പുരോഹിതൻ)

യാജ്ഞ സേനി — യജ്ഞസേനന്റെ പുത്രി (പാഞ്ചാലി)

യാദവൻ — യദുവംശത്തിൽ പിറന്നവൻ (ശ്രീകൃഷ്ണൻ)

യാദസാംപതി — യാദസ്സുകളുടെ പതി [യാദസ്സ്–ജലം] (വരുണൻ)

യാമം — യാനം ചെയ്യുന്നത് (ഏഴരനാഴിക; മൂന്നുമണിക്കൂർ)

യാമിനി — യാമങ്ങൾ ഉള്ളത് [യാമം–ഏഴരനാഴിക സമയം] (രാത്രി)

യാമിനീപതി — യാമിനിയുടെ പതി [യാമിനി–രാത്രി] (ചന്ദ്രൻ)

യാമ്യായനം — യാമ്യമായ അയനം [യാമ്യ–യമന്റെ ദിക്ക്, ദക്ഷിണദിക്ക്] (ദക്ഷിണായനം)

യാഷ്ടികൻ — യഷ്ടി ആയുധമായുള്ളവൻ [യഷ്ടി–വടി] (യോദ്ധാവ്)

യുഗന്ധരൻ — യുഗത്തെ ധരിക്കുന്നവൻ [യുഗം – രണ്ട്] (അർദ്ധനാരീശ്വരൻ)

യുഗാന്തം — യുഗങ്ങളുടെ അന്തം (പ്രളയം)

യുധിഷ്ഠിരൻ — യുദ്ധത്തിൽ സ്ഥിരനായവൻ (ധർമ്മപുത്രൻ)

യൂഥനാഥൻ — യൂഥത്തിന്റെ നാഥൻ [യൂഥം–ഒരേജാതി പക്ഷികളുടെയോ മൃഗങ്ങളുടേയോ കൂട്ടം] (സംഘത്തലവൻ)

യോഗക്ഷേമം — യോഗവും ക്ഷേമവും [യോഗം–കൈവശമില്ലാത്തതിനെ നേടൽ. ക്ഷേമം–നേടിയതിനെ രക്ഷിക്കൽ] (സുഖം)

യോഗദ്വയം — യോഗത്തിന്റെ ദ്വയം [ദ്വയം – രണ്ട്] (കർമ്മയോഗവും ജ്ഞാനയോഗവും)

യോഗ്യൻ — യോഗത്തിന്നു കൊള്ളാവുന്നവൻ [യോഗം – ചേർച്ച] (സമർത്ഥൻ)

ര

രക്ഷം — രഞ്ജിപ്പിക്കുന്നത് [രഞ്ജിപ്പ്–ചേർച്ച] വസ്ത്രാദികളിൽ തട്ടിയാൽ നല്ലപോലെ ചേരുന്നത് (ചോര)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രക്തദൃക്ക് — രക്തമായ ദൃക്കോടുകൂടിയത് [രക്തം — ചുവന്ന. ദൃക്ക്—ദൃഷ്ടി] (പ്രാവ്)

രക്ഷാഗൃഹം — രക്ഷനടത്തുന്ന ഗൃഹം [രക്ഷ — പ്രസവശുശ്രൂഷ] (ഈറ്റില്ലം)

രക്ഷാഭോഗം — രക്ഷക്കായുള്ള ഭോഗം [രക്ഷ — പരിപാലനം. ഭോഗം—സമ്പത്ത്] (അടുത്തൂൺ)

രക്ഷോഗണം — രക്ഷസ്സുകളുടെ ഗണം [രക്ഷസ്സ്—മായകൊണ്ട് സ്വയം രക്ഷപ്പെടുന്നവൻ] (രാക്ഷസസമൂഹം)

രക്ഷ്യചതുഷ്ടയം — രക്ഷിക്കത്തക്ക നാലുപേർ (ക്ഷീണബന്ധു, ദരിദ്രകുലീനൻ, അപുത്രസോദരി, നിരാശ്രയമിത്രം)

രജകൻ — അഴുക്കുകൾ കഴുകിക്കളയുന്നവൻ [രഞ്ജ രാഗേ] (അലക്കുകാരൻ)

രജതാചലം — മഞ്ഞുകട്ടകൾ രജതതുല്യം ശോഭിക്കുന്ന അചലം [രജതം—വെള്ളി. അചലം—പർവ്വതം] (ഹിമാലയം)

രജനി — രാഗമുണ്ടാക്കുന്നത് [രാഗം—അനുരാഗം] (രാത്രി)

രജനികരൻ — രജനിയെ ഉണ്ടാക്കുന്നവൻ [രജനി—രാത്രി] (ചന്ദ്രൻ)

രജനീമുഖം — രജനിയുടെ മുഖം [രജനി — രാത്രി. മുഖം — ആരംഭം.] (സന്ധ്യ)

രജസ്വല — രജസ്സുള്ളവൾ [രജസ്സ്—ആർത്തവരക്തം] (ഋതുമതി)

രജ്ജുസർപ്പം — രജ്ജുവിനെ ബാഹ്യമായ സാദൃശ്യംകൊണ്ടു സർപ്പമാണെന്നു തെറ്റിദ്ധരിക്കൽ [രജ്ജു—കയർ] (അജ്ഞാനം)

രണം — ആയുധങ്ങളുടെയും വാദ്യങ്ങളുടെയും ജീവികളുടെയും ശബ്ദം കൊണ്ടു മുഴങ്ങുന്നത്. [രണന്തി ശബ്ദായന്തി] (യുദ്ധം)

രത്നം — രമിപ്പിക്കുന്നത് [രമിപ്പിക്കുക—സന്തോഷിപ്പിക്കുക] (മണി)

രത്നഗർഭ — ഗർഭത്തിൽ രത്നങ്ങൾ ഉള്ളത് [ഗർഭത്തിൽ — അന്തർഭാഗത്ത്] (ഭൂമി)

രത്നസാനു — രത്ന മയങ്ങളായ സാനുക്കളോടു കൂടിയത് [സാനു—താഴ്വര] (മഹാമേരു പർവ്വതം)

രത്നാകരം — രത്നങ്ങൾക്ക് ആകരം [ആകരം—ഇരിപ്പിടം] (സമുദ്രം)

രത്നാംഗുലീയകം — രത്നം പതിച്ച അംഗുലീയകം [അംഗുലീയകം — മോതിരം] (രത്നമോതിരം)

രഥാംഗപാണി — രഥാംഗം പാണിയിൽ ഉള്ളവൻ [രഥാംഗം — ചക്രം] (ചക്രപാണി)

രഥികൻ — രഥത്തിൽ ഇരിക്കുന്നവൻ [രഥം — തേര്] (തേരാളിയും തേരിന്റെ ഉടമയും)

രഥ്യ — രഥം പോകാവുന്ന വഴി [രഥം—തേർ] (പ്രധാനവീഥി)

രദനച്ഛദം — രദനത്തെ മറയ്ക്കുന്നത് [രദനം—പല്ല്] (ചുണ്ട്)

രദനി — രദനം ഉള്ളത് [രദനം—പ്രശസ്യദന്തം] (ആന)

രമകൻ — രമിപ്പിക്കുന്നവൻ [രമിപ്പിക്കുക — ആനന്ദിപ്പിക്കുക] (കാമുകൻ)

രമണൻ — രമിപ്പിക്കുന്നവൻ [രമിപ്പിക്കുക — സന്തോഷിപ്പിക്കുക] (ഭർത്താവ്)

രംഭോരു — രംഭ പോലെ തടിച്ചുരുണ്ട ഊരുക്കളോടു കൂടിയവൾ [രംഭ—വാഴ. ഊരു—തുട] (സുന്ദരി)

രവി — സ്തുതിക്കപ്പെടുന്നവൻ (സൂര്യൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രവിനന്ദനൻ — രവിയുടെ നന്ദനൻ [രവി — സൂര്യൻ. നന്ദനൻ — മകൻ] (സുഗ്രീവൻ)

രസജ്ഞ — രസത്തെ അറിയുന്നത് [രസം — ഭക്ഷണസാധനങ്ങളുടെ രുചി] (നാവ്)

രസന — രസത്തെ അറിയുന്നത് [രസം—രുചി] (നാവ്)

രസഫലം — രസത്തോടുകൂടിയ ഫലം [രസം—ജലം] (നാളികേരം)

രസാതലം — രസത്തിന്റെ ഭാഗം [രസം—ജലം] (നിമ്നഭാഗസ്ഥലോകം; പാതാളം)

രഹസ്യം — രഹസ്സിൽ ഭവിച്ചത് [രഹസ്സ്—വിജനം] (ഗോപ്യം)

രാകേ — സുഖത്തെ കൊടുക്കുന്നത് [രാ ദാനേ] (വെളുത്ത വാവുനാൾ)

രാകേന്ദു — രാകയിലെ ഇന്ദു [രാക—വെളുത്ത വാവിൻനാൾ] (പൂർണ്ണചന്ദ്രൻ)

രാക്ഷസൻ — ഇവനിൽ നിന്നും ജനങ്ങളെ രക്ഷിക്കേണ്ടിയിരിക്കുന്നതിനാൽ [രക്ഷന്ത്യസ്മാത് രക്ഷഃ] (രാത്രിഞ്ചരൻ)

രാഗപുഷ്പം — രാഗവിശിഷ്ടമായ പുഷ്പം [രാഗം — രക്തവർണ്ണം] (ചെമ്പരത്തിപ്പൂ)

രാജധാനി — രാജാവിന്റെ ധാനി [ധാനി—ഇരിപ്പിടം] (കൊട്ടാരം)

രാജസൂയം — രാജാവ് അഭിഷവം ചെയ്യപ്പെടുന്ന യാഗം [ഇവിടെ രാജശബ്ദത്തിന്നു സോമലതയെന്നർത്ഥം പറയണം] (പട്ടാഭിഷേകസമയത്തെ യാഗം)

രാജാംഗങ്ങൾ — രാജചിഹ്നങ്ങൾ [അംഗം—ഭാഗം] (രാജ്യം, പർവ്വതം, നദി, നഗരം, രാജധാനി, ആന, കുതിര, മുരജം, ധ്വജം, ചെങ്കോൽ എന്നിവ)

രാജാവ് — പ്രജകളെ രഞ്ജിപ്പിക്കുന്നവൻ [രഞ്ജിപ്പിക്കുക—യോജിപ്പിച്ചു നിർത്തുക] (ഭൂമിപാലൻ)

രാജീവം — രാജ്ഞിയോടു കൂടിയത് [രാജ്ഞി—ദളശ്രേണി] (താമര)

രാജ്യാംഗം — രാജ്യത്തിന്ന വേണ്ട അംഗം (രാജാവ്, രാജ്യം, ഭണ്ഡാരം, മന്ത്രി, ബന്ധു, സൈന്യം, ദുർഗ്ഗം എന്നിവ)

രാത്രി — രാതി നിദ്രാദി സുഖം [രാതി—ദദാതി] (സൂര്യാസ്തമയത്തിന്നശേഷം ഉദയംവരെയുള്ള സമയം)

രാത്രികരൻ — രാത്രിയെ ഉണ്ടാക്കുന്നവൻ (ചന്ദ്രൻ)

രാത്രിവിശ്ലേഷഗാമി — രാത്രിയിൽ വിശ്ലേഷഗമനം ചെയ്യുന്നത് [വിശ്ലേഷം—വേർപാട്] (ചക്രവാകം)

രാധേയൻ — രാധയുടെ വളർത്തുപുത്രൻ (കർണ്ണൻ)

രാമൻ — ഭക്തജനങ്ങളെ രമിപ്പിക്കുന്നവൻ [രമിപ്പിക്കുക—സന്തോഷിപ്പിക്കുക] (ശ്രീരാമൻ)

രാമായണം — രാമന്റെ അയനം [അയനം—യാത്ര] (ആദികാവ്യം)

രാംഭം — രംഭകൊണ്ടുള്ളത് [രംഭ—മുള] (മുളവടി)

രാവണൻ — സർവ്വരേയും ഭയപ്പെടുത്തുന്നവൻ [രാവയതി ഭീഷയതി സർവ്വാൻ ഇതി]. കൈലാസോദ്ധാരണ സമയത്ത് അത്യുച്ചമായ രാവം പുറപ്പെടുവിച്ചവൻ [രാവം—ശബ്ദം] (ലങ്കേശ്വരൻ)

രാവണി — രാവണന്റെ മകൻ (ഇന്ദ്രജിത്ത്)

രാശിചക്രം — രാശികളുടെ ചക്രം [മേടം, ഇടവം, മിഥുനം, കർക്കടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം എന്നു രാശികൾ പന്ത്രണ്ട്] (ജ്യോതിഷചക്രം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാശ്യധിപൻ — ജ്യോതിഷത്തിൽ രാശിയുടെ അധിപൻ [അധിപൻ—നാഥൻ] (മേടത്തിനു ചൊവ്വ, ഇടവത്തിനു ശുക്രൻ, മിഥുനത്തിനു ബുധൻ, കർക്കടകത്തിനു ചന്ദ്രൻ, ചിങ്ങത്തിനു സൂര്യൻ, കന്നിക്കു ബുധൻ, തുലാവത്തിനു ശുക്രൻ, വൃശ്ചികത്തിനു ചൊവ്വ, ധനുവിനു വ്യാഴം, മകരത്തിനു ശനി, കുംഭത്തിനു ശനി, മീനത്തിനു വ്യാഴം എന്നിങ്ങനെയാണ് രാശ്യധിപന്മാരുടെ ക്രമം)

രാസക്രീഡ — രാസത്തോടു കൂടിയ ക്രീഡ [രാസം — കോലാഹലം] (ഗോപികമാരും ശ്രീകൃഷ്ണനും കൂടിയുള്ള സുന്ദരനൃത്തം)

രാഹുകാലം — രാഹുവിന്റെ കാലം [രാഹു തമോ ഗ്രഹമാകയാൽ ആ സമയം അശുഭമായി ചിലർ കരുതിവരുന്നു] (അശുഭസമയം)

രീതിത്രയം — മൂന്നുതരം കാവ്യരീതികൾ (വൈദർഭി, ഗൗഡി, പാഞ്ചാലി)

രുക്മകാരകൻ — രുക്മം കൊണ്ടു പ്രവർത്തിക്കുന്നവൻ [രുക്മം — സ്വർണ്ണം] (തട്ടാൻ)

രുദ്രൻ — ദുഷ്ടജനങ്ങളെ രോദിപ്പിക്കുന്നവൻ [രോദിപ്പിക്കുക — കരയിക്കുക] (ശിവൻ)

രുദ്രസൂ — കശ്യപനും സുരഭിക്കും പതിനൊന്നു രുദ്രന്മാർ ഉണ്ടായതുപോലെ പതിനൊന്ന് പ്രസവിച്ച സ്ത്രീ [സൂ — പ്രസവിച്ചവൾ] (പതിനൊന്നു മക്കൾക്കമ്മ)

രുഹ — അറുത്താലും അറുത്താലും രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക—മുളക്കുക] (കറുകപ്പുല്ല്)

രൂപകം — അഭിനയം കൊണ്ടു കഥയെ രൂപപ്പെടുത്തുന്നത് [രൂപയതി ഇതി രൂപകം] (നാട്യകൃതി)

രേവതീരമണൻ — രേവതിയുടെ രമണൻ [രമണൻ — ഭർത്താവ്] (ബലരാമൻ)

രോഗഘ്നം — രോഗത്തെ ഹനിക്കുന്നത് [ഹനിക്കുക — നശിപ്പിക്കുക] (മരുന്ന്)

രോമാഞ്ചം — രോമങ്ങളുടെ അഞ്ചം [അഞ്ചം—ഉദ്ഗമം] (കോൾമയിർ)

രോഹണം — രോഹണം ചെയ്യുന്നത് [രോഹണം ചെയ്യുക — മുളച്ചുയരുക] (വൃക്ഷം)

രോഹിണീപതി — രോഹിണിയുടെ പതി [രോഹിണി — രോഹിണി നക്ഷത്രം] (ചന്ദ്രൻ)

രോഹിണീ രമണൻ — രോഹിണിയുടെ രമണൻ [രോഹിണി — പശു] (കാള)

രോഹിതാശ്രൻ — രോഹിതമായ അശ്രങ്ങളോടു കൂടിയവൻ [രോഹിതം—ചുകന്ന] (അഗ്നി)

രൗമം — രുമയിൽ ഉണ്ടായത് [രുമ—ഉപ്പുപടന്ന] (പൊടിയുപ്പ്)

രൗഹിണേയൻ — രോഹിണിയുടെ മകൻ [രോഹിണി — വാസുദേവന്റെ ഒരു ഭാര്യ] (ബലരാമൻ)

ല

ലകാരപഞ്ചകം — ലകാരത്തിലവസാനിക്കുന്ന അഞ്ചുതരം ഭാര്യമാർ (സുകല, സുശീല, കുശല, വിമല, അനുകൂല)

ലക്ഷദീപം — ലക്ഷം ദീപം കൊണ്ടുള്ള ആരാധന [ദീപം—വിളക്ക്] (മുറജപകാലത്ത് പദ്മനാഭസ്വാമിക്ഷേത്രത്തിൽ നടത്തിയിരുന്ന ആഘോഷം)

ലക്ഷ്മീ കടാക്ഷം — ലക്ഷ്മിയുടെ കടാക്ഷം [ലക്ഷ്മി — ധനദേവത] (സമ്പൽസമൃദ്ധി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലഘിമാ — ശരീരത്തെ ഏറ്റവും ലഘുവാക്കുന്ന സിദ്ധി (അഷ്ടസിദ്ധികളിലൊന്ന്)

ലതാംഗി — ലതപോലെ കൃശമായ അംഗങ്ങളോടു കൂടിയവൾ [ലത—വള്ളി] (സുന്ദരി)

ലതാവേഷ്ടിതം — ലതവൃക്ഷത്തെ വേഷ്ടനം ചെയ്യുന്നതു പോലുള്ള വേഷ്ടിതം [വേഷ്ടനം ചെയ്യുക—ചുറ്റിപ്പിടിക്കുക] (ആലിംഗനഭേദം)

ലബ്ധാനുജ്ഞൻ — ലബ്ധമായ അനുജ്ഞയോടു കൂടിയവൻ [അനുജ്ഞ — സമ്മതം] (ഗുരുകുലത്തിൽ നിന്ന് അദ്ധ്യയനം കഴിഞ്ഞു പിതൃകുലത്തിൽ പോകാൻ സമ്മതം നേടിയവൻ)

ലംബഗ്രീവം — ലംബമായ ഗ്രീവയോടു കൂടിയത് [ലംബം — നീളമുള്ള. ഗ്രീവ—കഴുത്ത്] (ഒട്ടകം)

ലംബോദരൻ — ലംബമായ ഉദരത്തോടു കൂടിയവൻ [ലംബം—തൂങ്ങിക്കിടക്കുന്ന] (ഗണപതി)

ലലന — ലലനത്തോടു കൂടിയവൾ [ലലനം—കാമലീല] (കാമിനി)

ലലാടനേത്രൻ — ലലാടത്തിൽ നേത്രമുള്ളവൻ [ലലാടം — നെറ്റിത്തടം] (ശിവൻ)

ലലാടന്തപം — ലലാടത്തെ തപിപ്പിക്കുന്നത് [ലലാടം — നെറ്റിത്തടം] (നട്ടുച്ച)

ലവിത്രം — ലവനം ചെയ്യപ്പെടുന്നത് [ലവനം ചെയ്യുക — ഛേദിക്കുക] (അരിവാൾ)

ലാംഗലഗ്രഹൻ — ലാംഗലത്തെ ഗ്രഹിച്ചവൻ [ലാംഗലം — കലപ്പ] (കർഷകൻ)

ലാംഗലി — ലാംഗലത്തോടു കൂടിയവൻ [ലാംഗലം—കലപ്പ] (ബലരാമൻ)

ലാംഗൂലി — ലാംഗൂലം ഉള്ളത് [ലാംഗൂലം—വാൽ] (കുരങ്ങ്)

ലുബ്ധൻ — ലോഭം ഉള്ളവൻ [ലോഭം—ആഗ്രഹം] (പിശുക്കൻ)

ലേഖർഷഭൻ — ലേഖന്മാരിൽ ഋഷഭൻ [ലേഖൻ—ദേവൻ. ഋഷഭൻ—ശ്രേഷ്ഠൻ] (ഇന്ദ്രൻ)

ലേപകൻ — ലേപനം ചെയ്യുന്നവൻ [ലേപനം ചെയ്യുക — പുരട്ടുക] (കുമ്മായം പൂശുന്നവൻ)

ലോകജിത്ത് — ലോകത്തെ ജയിച്ചവൻ (ബുദ്ധമുനി)

ലോകബാന്ധവൻ — ലോകങ്ങളുടെ ബാന്ധവൻ [ബാന്ധവൻ—ബന്ധു] (സൂര്യൻ)

ലോകായതം — ലോകങ്ങളിൽ ആയതമായ ശാസ്ത്രം [ചാർവ്വാകമതം]

ലോമകി — ലോമത്തോടു കൂടിയത് [ലോമം—തൂവൽ] (പക്ഷി)

ലോഷ്ടഭേദനം — ലോഷ്ടത്തെ ഭേദിക്കുന്നത് [ലോഷ്ടം—മൺകട്ട. ഭേദിക്കുക—പിളർക്കുക] (കട്ടതല്ലി)

വ

വക്ത്രത്തഴമ്പ് — വക്കപിടിച്ച ആനയുടെ തുമ്പിക്കൈയിലുണ്ടാകുന്ന തഴമ്പ് [വക്ക—തടിപിടിക്കുന്നതിനുള്ള കയർ] (ആനത്തഴമ്പ്)

വക്ത്രജൻ — വക്ത്രത്തിൽ നിന്ന് ജനിച്ചവൻ [വിരാൾപുരുഷന്റെ വക്ത്രത്തിൽ നിന്നാണ് ബ്രാഹ്മണൻ ഉണ്ടായതെന്നു വിശ്വസിക്കുന്നു. വക്ത്രം—മുഖം] (ബ്രാഹ്മണൻ)

വക്രതുണ്ഡം — വക്രമായ തുണ്ഡം ഉള്ളത് [വക്രം — വളഞ്ഞ. തുണ്ഡം—കൊക്ക്] (തത്ത)

വക്രപുച്ഛം — വക്രമായ പുച്ഛത്തോടു കൂടിയത് [വക്രം — വളഞ്ഞ. പുച്ഛം—വാൽ] (നായ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വക്രാപാംഗി — വക്രമായ അപാംഗത്തോടു കൂടിയവൾ [വക്രം–വളഞ്ഞ. അപാംഗം – കടക്കണ്ണ്] (ലജ്ജകൊണ്ട് കാമുകനെ നേർക്കു നേരെ നോക്കാത്തവൾ)

വചനേസ്ഥിതൻ — വചനത്തിൽ നില്ക്കുന്നവൻ [വചനം–വാക്ക്] (പറഞ്ഞതനുസരിക്കുന്നവൻ)

വചസാംപതി — വചസ്സുകളുടെ പതി [വചസ്സ്–വാക്ക്] (ബൃഹസ്പതി)

വചോഗുണം — വചസ്സിന്റെ ഗുണം [വചസ്സ് – വാക്ക്] (മാധുര്യം, അക്ഷരവ്യക്തി തുടങ്ങിയ ഗുണങ്ങൾ)

വജ്രകരൻ — വജ്രം കരത്തിലുള്ളവൻ [വജ്രം–വജ്രായുധം] (ദേവേന്ദ്രൻ)

വജ്രചഞ്ചു — വജ്രതുല്യമായ ചഞ്ചുവോടു കൂടിയത് [ചഞ്ചു – കൊക്ക്] (കഴുകൻ)

വജ്രതുണ്ഡം — വജ്രംപോലെ മൂർച്ചയുള്ള തുണ്ഡമുള്ളത് [തുണ്ഡം – കൊക്ക്] (ഗരുഡൻ)

വജ്രദന്തം — വജ്രംപോലെ കഠിനമായ ദന്തമുള്ളത് [ദന്തം–പല്ല്. ഇവിടെ തേറ്റയാണ്] (പന്നി)

വജ്രദശനം — വജ്രംപോലെ കടുത്ത ദശനമുള്ളത് [ദശനം – പല്ല്] (പന്നി)

വടക്കിനഭോഗം — ഭൂതഗണങ്ങളുടെ പ്രീതിക്കായി ശ്രീകുരുമ്പക്കാവുകളുടെ വടക്കുഭാഗത്ത് വെച്ചു നടത്തുന്ന കർമ്മം [വടക്കിന–വടക്കേക്കെട്ട്] (കോഴികളുടേയും ആടുകളുടേയും കുരുതി. വടക്കും വാതിൽ എന്നും പറയും)

വടപത്രശായി — വടപത്രത്തിൽ ശയിക്കുന്നവൻ [വടപത്രം–അരയാലില] (വിഷ്ണു)

വടവൃക്ഷം — വടങ്ങളോടു കൂടിയ വൃക്ഷം [വടം–കയർ. ആലിൽനിന്ന് കയർപോലെ വേടുകൾ നീളുന്നു] (ആൽമരം)

വട്ടിപ്പണം — വട്ടിക്കിട്ട പണം [വട്ടി–പലിശ] (ധനനിക്ഷേപം)

വട്ടെഴുത്ത് — തമിഴും മലയാളവും എഴുതാൻ ഒരു കാലത്തുപയോഗിച്ചിരുന്ന എഴുത്ത് (പ്രാചീനലിപി സമ്പ്രദായം)

വണികൾ — കച്ചവടക്കാർ [പത്തു പ്പാട്ടിൽ പറഞ്ഞിട്ടുള്ള ഏഴു ജാതികളിലൊന്ന്] (വ്യാപാരികൾ)

വണ്ടി — വണ്ടുന്നത് [വണ്ടുക–ഉരുളുക] (ചക്രമുള്ള വാഹനം)

വണ്ണാത്തിമാറ്റ് — ഉത്തരകേരളത്തിൽ ഋതുമതികളായ സ്ത്രീകൾക്കു ശുദ്ധിവരാനായി വണ്ണാത്തികൊടുക്കുന്ന മാറ്റ്. (മാറ്റിയുടുക്കാനുള്ള വസ്ത്രം)

വത്സരം — [വസന്ത്യസ്മിൻ അയനർതുമാസ പക്ഷവാരാദയ ഇതി] അയനം, ഋതു, മാസം, പക്ഷം, വാരം എന്നിവ സ്ഥിതിചെയ്യുന്നത് (കൊല്ലം)

വത്സീയൻ — വത്സങ്ങളെ പാലിക്കുന്നവൻ [വത്സം–കന്നുകുട്ടി] (ഇടയൻ)

വദനം — വദിക്കുന്ന അവയവം [വദിക്കുക–പറയുക] (മുഖം)

വദാന്യൻ — ഭംഗിയായി വദിക്കുന്നവൻ [വദിക്കുക–സംസാരിക്കുക] (സംസാരചതുരൻ)

വധകൻ — വധംചെയ്യുന്നവൻ [വധം–കൊല] (ആരാച്ചാർ)

വനചരൻ — വനത്തിൽ ചരിക്കുന്നവൻ [വനം–കാട്] (കാട്ടാളൻ)

വനജ്യോത്സ്ന — വനത്തിലെ ജ്യോത്സ്ന [ജ്യോത്സ്ന – നിലാവ്] (വനചന്ദ്രിക)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വനദം — വനത്തെ ദാനം ചെയ്യുന്നത് [വനം–ജലം] (മേഘം)

വനം — പക്ഷിമൃഗാദികളാൽ ആശ്രയിക്കപ്പെടുന്നത് [വന്യതേ – സേവ്യതേ] (കാട്)

വനമാല — വനോദ്ഭവ പുഷ്പരചിതമായ മാല [ആജ്ഞാനുലംബിനീ മാലാ സർവ്വത്തു കുസുമോജ്ജ്വലാ മദ്ധ്യേസ്ഥലകദംബാഢ്യാ വനമാലേതി കീർത്തിതാ] (വിഷ്ണു ധരിക്കുന്നമാല)

വനമാലി — വനമാല ധരിച്ചവൻ (വിഷ്ണു)

വനമൂതം — വനത്തെ മോചിപ്പിക്കുന്നത് [വനം–ജലം] (മേഘം)

വനവ്രീഹി — വനത്തിലെ വ്രീഹി [വ്രീഹി–നെല്ല്] (കാട്ടുനെല്ല്)

വനൗകസ്സ് — വനം ഓകസ്സായിട്ടുള്ളവൻ [ഓകസ്സ് – ഭവനം] (മുനി)

വന്യാശനം — വന്യത്തിന്റെ അശനം [വന്യം–വനത്തിലുണ്ടായത്. അശനം – ഭക്ഷണം] (കായ്കനികൾ ഭക്ഷിക്കൽ)

വപൻ — വപനം ചെയ്യുന്നവൻ [വപനം–വിത] (വിതക്കുന്നവൻ)

വപ്രക്രീഡ — വപ്രത്തിലുള്ള ക്രീഡ [വപ്രം – തിണ്ട്] (മൃഗങ്ങളുടെ തിണ്ടുകുത്തിക്കളി)

വപ്രൻ — വപനം ചെയ്യുന്നവൻ [വപനം ചെയ്യുക – വിത്തിടുക] (അച്ഛൻ)

വപ്രം — വപനം ചെയ്യുന്ന സ്ഥലം [വപനം–വിത] (കൃഷിയിടം)

വംശം — തഴച്ചുവളരുന്നത് [വമ്–ഉദ്ഗിരണേ] (തറവാട്)

വംശീധരൻ — വംശിധരിച്ചവൻ [വംശി–ഓടക്കുഴൽ] (ശ്രീകൃഷ്ണൻ)

വയനാട് — വയൽനാട് (വടക്കെ മലബാറിലെ ഒരു ജൈനകേന്ദ്രം)

വയനാട്ടു കുലവൻ — മുള്ളനമ്പും മുളവില്ലും കന്നക്കത്തിയും കൈകളിലേന്തിയ തെയ്യം (തീയരുടെ കുലദൈവം)

വയൽത്തിറ — വയലിൽവെച്ചു നടത്തുന്ന തിറ [തിറ–തെയ്യാട്ടം] (പകർച്ചവ്യാധികളുള്ള കാലത്തു വയലിൽവെച്ചു നടത്തുന്ന തെയ്യാട്ടം)

വയസ്യൻ — വയസ്സുകൊണ്ടു തുല്യൻ (സ്നേഹിതൻ)

വയ്ക്കോൽ — വയൽക്കോൽ (നെല്ലിന്റേറയും മറ്റും മണികൾ എടുത്ത് ബാക്കിയുള്ള പുല്ല്)

വരദക്ഷിണ — വിവാഹസമയത്തു വധുവിന്റെ പിതാവ് വരന്ന് നൽകുന്ന ദക്ഷിണ (പിതാവ് നൽകുന്ന സമ്മാനം)

വരൻ — വരിക്കുന്നവൻ [വരിക്കുക–സ്വീകരിക്കുക] (ഭർത്താവ്)

വരമൊഴി — വരയുന്ന മൊഴി [മൊഴി –വാക്ക്] (എഴുത്തുഭാഷ)

വരവർണ്ണിനി — വരമായ വർണ്ണത്തോടു കൂടിയവൾ [വരം–ശ്രേഷ്ഠം] (ശീതേ സുഖോഷ്ണ സർവ്വം ഗീ ഗ്രീഷ്മേ യാ സുഖശീതളാ ഭർത്തൃരക്താച യാ നാരീ സാ ഭവേൽ വരവർണ്ണിനീ)

വരാംഗം — വരമായ അംഗം [വരം–ഉത്തമം] (ശിരസ്സ്)

വരുണൻ — ശത്രുക്കളെ വരണം ചെയ്യുന്നവൻ [വരണംചെയ്യുക–നിവാരണം ചെയ്യുക] (സമുദ്രദേവത)

വരുണാത്മജ — അമൃതമഥനസമയത്ത് വരുണത്തിൽ നിന്നു ജനിച്ചത് [വരുണം–സമുദ്രം] (മദ്യം)

വരോരു — വരമായ ഊരുക്കളോടു കൂടിയവൾ [വരം – ഉത്തമം. ഊരു –തുട] (സുന്ദരി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർണ്ണഗായത്രി — വർണ്ണങ്ങളാകുന്ന ഗായത്രത്തോടു കൂടിയവൾ [വർണ്ണം–അക്ഷരം] (സരസ്വതി)

വർണ്ണചതുഷ്ടയം — വർണ്ണങ്ങളുടെ ചതുഷ്ടയം (ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ)

വർഷകാമ — വർഷത്തെ കാമിക്കുന്നത് [വർഷം–മഴ] (വേഴാമ്പൽ)

വർഷകാമൻ — വർഷത്തെ കാമിക്കുന്നവൻ [കാമിക്കുക–ആഗ്രഹിക്കുക] (കർഷകൻ)

വർഷാംഗം — വർഷത്തിന്റെ അംഗം [വർഷം–കൊല്ലം] (മാസം)

വർഷീയാൻ — വളരെ വർഷങ്ങൾ കണ്ടവൻ [വർഷം – കൊല്ലം] (വൃദ്ധൻ)

വർഷോപലം — ഉപലം പോലെ ഉറച്ചുകട്ടിയായ വർഷം. [ഉപലം–കല്ല്] (ആലിപ്പഴം)

വർഹിഃ ശുഷ്മാ — വർഹിസ്സിൽ ശുഷ്മാവോടു കൂടിയത് [വർഹിസ്സ്–യാഗം. ശുഷ്മാവ്–ദീപ്തി] (അഗ്നി)

വർഹിണം — വർഹം ഉള്ളത് [വർഹം–പീലി] (മയിൽ)

വർഹിണവാഹനൻ — വർഹിണം വാഹനമായിട്ടുള്ളവൻ [വർഹിണം – മയിൽ] (സുബ്രഹ്മണ്യൻ)

വല്കലം — സംവരണം ചെയ്യപ്പെടുന്നത് [വലതേ സംവൃണോതി] (മരവുരി)

വലയർ — വലകൊണ്ടു കുലവൃത്തി ചെയ്യുന്നവർ [പത്തുപ്പാട്ടിൽകാണുന്ന എഴുജാതികളിലൊന്ന്] (മുക്കുവർ)

വലാഹകം — വലാകകൾ എന്ന പക്ഷികളാൽ നേരിട്ടു ഗമിക്കപ്പെടുന്നത് (മേഘം)

വല്ലീശൻ — വല്ലിയുടെ ഈശൻ [വല്ലി – വള്ളീദേവി] (സുബ്രഹ്മണ്യൻ)

വശി — ഇന്ദ്രിയങ്ങളെ വശപ്പെടുത്തിയവൻ (ജിതേന്ദ്രിയൻ)

വസനം — ആച്ഛാദനം ചെയ്യുന്നത് [വസ്യതേ ആച്ഛാദ്യതേ അനേന ഇതി] (വസ്ത്രം)

വസനാർണ്ണം — വസനവിഷയത്തിലുള്ള ഋണം [വസനം – വസ്ത്രം] (വസ്ത്രത്തിലുള്ള കടപ്പാട്)

വസന്തഘോഷി — വസന്തകാലത്തു ഘോഷിക്കുന്നത് (കുയിൽ)

വസുധ — വസുക്കളെ ധരിക്കുന്നവൾ [വസു – രത്നവും ധനവും] (ഭൂമി)

വസുന്ധര — വസുവെ ധരിക്കുന്നവൾ [വസും–വസുവെ. ധര–ധരിക്കുന്നവൾ] (ഭൂമി)

വസുഷേണൻ — കവചകുണ്ഡലാദികളായ വസുവോടൊത്തു ജനിച്ചവൻ (കർണ്ണൻ)

വഹം — നുകത്തെ വഹിക്കുന്നത് (കാള)

വഹ്നി — ഹവ്യത്തെ വഹിക്കുന്നത് [ഹവ്യം–ഹോമദ്രവ്യം] (അഗ്നി)

വളപട്ടണം — വലഭന്റെ പട്ടണം [വലഭൻ – കോലത്തുനാട്ടിലെ ഒരു തമ്പുരാൻ] (കേരളപ്പഴമയിൽ ഡാക്ടർ ഗുണ്ടർട്ട് പറഞ്ഞിട്ടുള്ള വളർഭട്ടം. ഇന്ത്യയിലെ ഒരു പ്രൈവുഡ് വ്യവസായ കേന്ദ്രം)

വള്ളം — വള്ളുന്നത് [വള്ളുക–വഴുതിവഴുതിപ്പോവുക] (തോണി)

വാകച്ചാർത്ത് — ഗുരുവായൂരപ്പന്റെ മേൽ എണ്ണതേച്ചു വാകകൊണ്ടു മെഴുക്കുനീക്കി വെള്ളമൊഴിക്കുമ്പോൾ കീഴെ വെച്ച പാത്രത്തിൽ പതിക്കുന്ന ജലം.

വാഗധീശൻ — വാക്കുകളുടെ അധീശൻ [വാക്+അധീശൻ] (ബൃഹസ്പതി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാഗീശ്വരി — വാക്കുകളുടെ ഈശ്വരി (സരസ്വതി)

വാഗുരികൻ — വാഗുര കൊണ്ടു ചരിക്കുന്നവൻ [വാഗുര–വല] (വല വെച്ചു മൃഗങ്ങളെ പിടിക്കുന്നവൻ)

വാഗ്ഗേയകാരൻ — വാക്കും ഗാനവും നിർമ്മിക്കുന്നവൻ [വാചംഗേയം ച കുരുതേ യ: സ വാഗ്ഗേയകാര:] (ഗാനരചയിതാവ്)

വാചസ്പതി — വചസ്സുകളുടെ പതി [വചസ്സ്–വാക്ക്] (ബൃഹസ്പതി)

വാചാമഗോചരം — വാക്കുകൾക്ക് അഗോചരം [വാചാം–വാക്കുകൾക്ക്. അഗോചരം – അവിഷയം] (പറഞ്ഞറിയിക്കാൻ കഴിയാത്തത്)

വാജി — വാജം ഉള്ളത് [വാജം–ചിറക്] (കുതിരക്കു ചിറകുണ്ടായിരുന്നുവത്രെ. കുതിര)

വാണിജ്യം — വണിക്കിന്റെ കർമ്മം [വണിക്ക്–വ്യാപാരി] (കച്ചവടം)

വാണിജാനി — വാണി ജായയായുള്ളവൻ [വാണി – സരസ്വതി. ജായ–ഭാര്യ] (ബ്രഹ്മാവ്)

വാതായനം — വാതത്തിനുള്ള അയനം [വാതം–വായു] (കിളിവാതിൽ)

വാതാലയേശൻ — വാതാലയത്തിലെ ഈശൻ [വാതാലയം–വായുപുരം] (ഗുരുവായൂരപ്പൻ)

വാത്യ — വാതങ്ങളുടെ സമൂഹം [വാതം–വായു] (കൊടുങ്കാറ്റ്)

വാദരായണൻ — വദരായണത്തിൽ വസിക്കുന്നവൻ [വദരായണം–വദരികാശ്രമം] (വ്യാസൻ)

വാദാധികരണം — വാദത്തിനു പറ്റിയ അധികരണം [വാദം – തർക്കം. അധികരണം–സ്ഥാനം] (പണ്ഡിതസഭ)

വാദ്യചതുഷ്ടയം — വാദ്യങ്ങളുടെ ചതുഷ്ടയം [ഘനം, തതം, സുഷിരം, വിതതം] (നാലുതരം വാദ്യം)

വാനപ്രസ്ഥൻ — വനത്തിൽ വസിച്ചു ഈശ്വരഭജനം നടത്തുന്നവൻ (തൃതീയാശ്രമത്തിൽ പ്രവേശിച്ചവൻ)

വാനരൻ — നരനാണോ എന്നു ശങ്കിക്കപ്പെടുന്നത് [നരൻ–മനുഷ്യൻ. വാ നര: = നരനോ?] (കുരങ്ങൻ)

വാമദേവൻ — വാമനായ ദേവൻ [വാമം – സുന്ദരം] (സുന്ദരമൂർത്തി. ശിവൻ)

വാമനപുരാണം — വാമനകഥ അടങ്ങിയ പുരാണം [വാമനകഥ–വാമനാവതാരകഥ] (അഷ്ടാദശപുരാണങ്ങളിലൊന്ന്)

വാമാചാരം — വാമമായ ആചാരം [വാമം–പ്രതികൂലം] (വൈദികവിധികൾക്കു നിരക്കാത്ത പ്രവൃത്തി)

വാമൊഴി — വായകൊണ്ടുള്ള മൊഴി (സംഭാഷണഭാഷ)

വായസം — വയസ്സുകളുടെ കൂട്ടത്തിൽ ചേർന്നത് [വയസ്സ്–പക്ഷി] (കാക്ക)

വായു — വീശുന്നത് [വാതി–വീശുന്നു] (കാറ്റ്)

വായുജാതൻ — വായുവിന്റെ ജാതൻ [ജാതൻ – മകൻ] (ഹനുമാൻ, ഭീമൻ)

വായ്ക്കരി — ശവം മറവുചെയ്യുമ്പോൾ ഉടയവർ ശവത്തിന്റെ വായിലിടുന്ന അരി (ഒരു ഹൈന്ദവാചാരം)

വാരണം — പരബലത്തെ വാരണം ചെയ്യുന്നത് [വാരണം ചെയ്യുക–തടയുക] (ആന)

വാരണമുഖൻ — വാരണത്തിന്റെ മുഖംപോലെയുള്ള മുഖത്തോടുകൂടിയവൻ [വാരണം – ആന] (ഗണപതി)

വാരനാരി — വാരത്തിന്നു സമീപിക്കാവുന്ന നാരി [വാരം–ജനസമൂഹം] (വേശ്യ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വാരിചരം — വാരിയിൽ ചരിക്കുന്നത് [വാരി—ജലം] (ജലജന്തു)

വാരിജം — വാരിയിൽ ജനിച്ചത് [വാരി—വെള്ളം] (താമര)

വാരിദം — വാരിയെ ദാനം ചെയ്യുന്നത് [വാരി—വെള്ളം] (മേഘം)

വാരിധി — വാരിയെ ധരിക്കുന്നത് [വാരി—ജലം] (സമുദ്രം)

വാരിവാഹം — വാരിയെ വഹിക്കുന്നത് [വാരി—ജലം] (മേഘം)

വാരുണം — വരുണന്റെ ഇരിപ്പിടം (സമുദ്രം)

വാലായ്മ — വാൽ ഇല്ലായ്മ [വാൽ—ശുദ്ധം] (പ്രസവഹേതുവായിട്ടുണ്ടാകുന്ന അശുദ്ധി)

വാല്മീകി — വല്മീകത്തിൽ ഭവിച്ചവൻ [വല്മീകം — പുറ്റ്] (ഭൃഗുവംശത്തിലെ ഒരു മുനി)

വാസകസജ്ജ — വാസകത്തിൽ സജ്ജമായി നില്ക്കുന്നവൾ [വാസകം — പ്രിയസമാഗമാവസരം] (ഒരുതരം നായിക)

വാസവൻ — വസുക്കളോടു കൂടിയവൻ [വസു—രത്നം] (ദേവേന്ദ്രൻ)

വാസുകി — വസുകന്റെ സന്താനം (കശ്യപപ്രജാപതിക്കു കദ്രുവിൽ ജനിച്ച നാഗങ്ങളിൽ മൂത്തവൻ)

വാസുദേവൻ — യാവനൊരുത്തനിൽ സകലഭൂതങ്ങളും വസിക്കുന്നുവോ അവൻ (ശ്രീകൃഷ്ണൻ)

വാസ്തുവിദ്യ — വാസ്തു ആരംഭിച്ച വിദ്യ [വാസ്തു—ഒരു നേപ്പാളി ശില്പി] (ശില്പശാസ്ത്രം)

വാസ്തോഷ്പതി — വാസ്തു ദേവതയുടെ പതി [വാസ്തു ദേവത — ഗൃഹക്ഷേത്ര ദേവത] (ഇന്ദ്രൻ)

വാഹനം — വഹിക്കപ്പെടുന്നത് (രഥം മുതലായവ)

വാഹിനി — 1. വാഹം ഉള്ളത് [വാഹം —പ്രവാഹം] (നദി)
2. വാഹം തുടങ്ങിയ യുദ്ധോപാധികൾ ധാരാളമുള്ളത് [വാഹം — കുതിര] (സൈന്യം)

വാൾനമ്പി — വാളേറ്റുവാങ്ങിയ നമ്പി (കുമാരി ഗോകർണ്ണപര്യന്തം രക്ഷിച്ചുകൊള്ളുക എന്ന ആജ്ഞയോടു കൂടി പരശുരാമനിൽ നിന്നു വാളേറ്റുവാങ്ങിയ ബ്രാഹ്മണൻ)

വാറോല — വാർന്നു മുറിച്ചെടുത്ത ഓല (പ്രാചീന കേരളത്തിൽ കൂരമ്പിൽ കോർത്തയക്കുന്ന കുറിപ്പോടു കൂടിയ ഓല)

വികല്പം — വിരുദ്ധമായ കല്പം [വിരുദ്ധം—വിപരീതം] (ഭ്രാന്തി)

വികുണ്ഠൻ — വികുണ്ഠയുടെ മകൻ (വിഷ്ണു)

വിഗതാർത്തവ — വിഗതമായ ആർത്തവത്തോടു കൂടിയവൾ [ആർത്തവം—തീണ്ടാരി] (തീണ്ടാരി മാറിയവൾ)

വിഗ്രഹം — വിവിധങ്ങളായ സുഖദുഃഖാദികളെ ഗ്രഹിക്കുന്നത് (ശരീരം)

വിചാരം — വിശേഷേണയുള്ള ചരണം [ചരണം—പദാർത്ഥാദിനിർണ്ണയജ്ഞാനം] (തത്ത്വനിർണ്ണയം)

വിചിത്രാംഗം — വിചിത്രമായ അംഗത്തോടു കൂടിയത് [വിചിത്രം — മനോഹരം] (മയിൽ)

വിജയസാരഥി — വിജയന്റെ സാരഥി [വിജയൻ—അർജ്ജുനൻ. സാരഥി—തേരാളി] (പാർത്ഥസാരഥി)

വിജിഗീഷാ — വിജയിക്കാനുള്ള ഇച്ഛ [ഇച്ഛ—ആഗ്രഹം] (വിജയാഭിലാഷം)

വിടപി — വിടപങ്ങളോടു കൂടിയത് [വിടപം—ശാഖ] (വൃക്ഷം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഡൂരജം — വിഡൂരഭൂമിയിൽ വിളയുന്നത് (വൈഡൂര്യം)

വിഡൗജസ്സ് — വിഡമായ ഓജസ്സോടു കൂടിയവൻ [വിഡം—ശത്രുദ്വേഷത്തിൽ അസഹിഷ്ണു] (ഇന്ദ്രൻ)

വിതരണം — വിശേഷേണ നരകത്തെ തരണം ചെയ്യുവാൻ സഹായിക്കുന്നത് [തരണം ചെയ്യുക — കടക്കുക] (ദാനം)

വിദഥൻ — വിദഥം ഉള്ളവൻ [വിദഥം —ജ്ഞാനം] (വിദ്വാൻ)

വിദ്യാർത്ഥി — വിദ്യയെ അർത്ഥിക്കുന്നവൻ [അർത്ഥിക്കുക—അപേക്ഷിക്കുക] (ശിഷ്യൻ)

വിദ്രുമം — വിശിഷ്ടമായ ദ്രുവിങ്കൽ ഭവിച്ചത് (പവിഴം)

വിധനുഷ്കൻ — വിഗതമായ ധനുസ്സോടു കൂടിയവൻ [ധനുസ്സ്—വില്ല്] (വില്ല് നഷ്ടപ്പെട്ടവൻ)

വിധവ — വിഗതനായ ധവനോടു കൂടിയവൾ [ധവൻ — ഭർത്താവ്] (ഭർത്താവ് മരിച്ചവൾ)

വിധിപുരം — വിധിയുടെ പുരം [വിധി—ബ്രഹ്മാവ്] (ബ്രഹ്മലോകം)

വിധുമൗലി — വിധു മൗലിയിൽ ഉള്ളവൻ [വിധു—ചന്ദ്രൻ] (ശിവൻ)

വിധിവധു — വിധിയുടെ വധു [വിധി —ബ്രഹ്മാവ്] (സരസ്വതി)

വിനതാനന്ദനൻ — വിനതയുടെ നന്ദനൻ [വിനത—പക്ഷികളുടെ അമ്മ] (ഗരുഡൻ)

വിനയെച്ചം — വിനയുടെ എച്ചം [വിന — ക്രിയ. എച്ചം — ഭാഗം] (അപൂർണ്ണക്രിയ)

വിനായകൻ — (1) നായകൻ ഇല്ലാത്തവൻ (ഗണപതി)
(2) നായകൻ ഇല്ലാത്തവൻ (സ്വതന്ത്രൻ)

വിനീതകൻ — വിനീതകം നയിക്കുന്നവൻ [വിനീതകം — പല്ലക്ക്] (പല്ലക്ക് ചുമക്കുന്നവൻ)

വിപക്ഷൻ — വിപക്ഷത്തിൽ നില്ക്കുന്നവൻ [വിപക്ഷം—മറുതല] (ശത്രു)

വിപഞ്ചി — ശബ്ദത്തെ വിപഞ്ചനം ചെയ്യുന്നത് [വിപഞ്ചനം ചെയ്യുക —വിസ്തരിക്കുക] (വീണ)

വിപിനം — ഭയപ്പെടുത്തുന്നത് [വേപന്തേ ജനാ: യത്ര ഇതി] (കാട്)

വിഫലചതുഷ്ടയം — വിഫലമായ നാലെണ്ണം [വിഫലം—വ്യർത്ഥം] (ഗുണരഹിതന്നു സൗന്ദര്യം, അസിദ്ധന്നു വിദ്യ, ദുശ്ശീലന്നു വംശം, അനുഭവിക്കാത്തവന്നു ധനം)

വിഭക്തി — വ്യാകരണത്തിൽ മറ്റു പദങ്ങളുമായുള്ള സംബന്ധത്തെ കുറിക്കുന്നതിന്നു നാമപദങ്ങളിൽ പ്രത്യയം ചേർത്തു വരുത്തുന്ന മാറ്റം.

വിഭാവസു — വിഭാ ആകുന്ന വസു ഉള്ളവൻ [വിഭാ — പ്രഭ. വസു—ധനം] (സൂര്യൻ)

വിമുഖൻ — മുഖം തിരിച്ചവൻ (താല്പര്യമില്ലാത്തവൻ)

വിയോഗം — വിഗതമായ യോഗം [യോഗം—ചേർച്ച] (വേർപാട്)

വിരിഞ്ചാത്മജൻ — വിരിഞ്ചന്റെ ആത്മജൻ [വിരിഞ്ചൻ — ബ്രഹ്മാവ്] (നാരദൻ)

വിരുദ്ധാർത്ഥക ശബ്ദം — വിരുദ്ധാർത്ഥകമായ ശബ്ദം [വിരുദ്ധാർത്ഥകം — വിപരീതാർത്ഥമുള്ളത്] (വിപരീതപദം)

വിരൂപാക്ഷൻ — വിരൂപന്മാരിൽ പോലും കൃപാകടാക്ഷമുള്ളവൻ (ശിവൻ)

വിരേചനീ — വിരേചനത്തിനു പറ്റിയത് [വിരേചനം—വയറിളക്കം] (കടുക്ക)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിരോചൻ — വിരോചിക്കുന്നവൻ [വിരോചിക്കുക — ശോഭിക്കുക] (സൂര്യൻ)

വിലേശയം — വിലത്തിൽ ശയിക്കുന്നത് [വിലം—മാളം] (പാമ്പ്)

വിവസന — വിഗതമായ വസനത്തോടു കൂടിയവൾ [വസനം—വസ്ത്രം] (നഗ്ന)

വിവാഹം — വിശിഷ്ടമായ വഹനം [വഹനം—വഹിക്കൽ] (കല്യാണം)

വിവൃതാക്ഷൻ — വിവൃതമായ അക്ഷികളുള്ളത് [വിവൃതം — വിസ്തൃതം] (പൂവൻകോഴി)

വിശാഖൻ — കാന്തികൊണ്ടു വിശേഷേണ വ്യാപനം ചെയ്യുന്നവൻ (കാർത്തികേയൻ)

വിശിഖം — വിശിഷ്ടമായ ശിഖയോടു കൂടിയത് [ശിഖ—മുന] (ശരം)

വിശിഷ്ടാദ്വൈതം — വിശിഷ്ടമായ അദ്വൈതം [വിശിഷ്ടം — യുക്തം] (രാമാനുജമതം)

വിശേഷണം — വിശേഷത്തെ അറിയിക്കുന്ന പദം (ഭേദകം)

വിശ്രബ്ധനവോഢ — വിശ്രബ്ധയായ നവോഢ [വിശ്രബ്ധ—വിശ്വസ്ത] (നായകനിൽ പൂർണ്ണ വിശ്വാസമുള്ള നായിക)

വിശ്വകദ്രു — വിശ്വകത്തെ ദ്രോഹിക്കുന്നത് [വിശ്വകം — മൃഗസമൂഹം] (നായാട്ടുനായ)

വിശ്വമൂർത്തി — വിശ്വമാകുന്ന മൂർത്തിയോടു കൂടിയവൻ [വിശ്വം — ലോകം. മൂർത്തി—ശരീരം] (ശിവൻ)

വിശ്വംഭര — വിശ്വത്തെ ഭരിക്കുന്നവൻ [വിശ്വം—പ്രപഞ്ചം] (ഭൂമി)

വിഷചതുഷ്ടയം — നാലുതരം വിഷം (മൂഢന്നുവിദ്യ. അജീർണ്ണിക്കു ഭക്ഷണം. ദരിദ്രന്നു സഭ. ഖലന്നു പരസ്ത്രീ)

വിഷദം — വിഷത്തെ ദാനം ചെയ്യുന്നത് [വിഷം—ജലം] (മേഘം)

വിഷമം — സമമില്ലായ്മ [സമം—നിരപ്പ്] (പ്രയാസം)

വിഷമസ്ഥാനം — വിഷമിരിക്കുന്നിടം (തേളിന്നുവാൽ. ഈച്ചയ്ക്കു തല. സർപ്പത്തിന്നു പല്ല്. ദുഷ്ടന്ന് സർവ്വാംഗവും)

വിഷഹാരി — വിഷത്തെ ഹരിക്കുന്നവൻ [ഹരിക്കുക—ഇല്ലാതാക്കുക] (വിഷവൈദ്യൻ)

വിഷാണഭൃത്ത് — വിഷാണത്തെ ഭരിക്കുന്നത് [വിഷാണം — കൊമ്പ്] (കാള)

വിഷുവം — സമരാത്രിന്ദിവകാലം [രാത്രിന്ദിവം — രാവും പകലും] (വിഷു)

വിഷ്ണു — രശ്മികളെക്കൊണ്ടു എല്ലാടവും വേഷണം ചെയ്യുന്നവൻ [വേഷണം ചെയ്യുക—പ്രവേശിക്കുക] (എങ്ങും വ്യാപിച്ചവൻ)

വിഷ്ണുതല്പം — വിഷ്ണുവിന്റെ തല്പം [തല്പം—കിടക്ക] (അനന്തസർപ്പം)

വിഷ്ണുപദം — വിഷ്ണുവിന്റെ പദം [പദം—സ്ഥാനം] (ആകാശം)

വിഷ്ണുപദി — വിഷ്ണുപദത്തിൽ നിന്നുത്ഭവിച്ചത് [വിഷ്ണുപദം—ആകാശം] (ആകാശഗംഗ)

വിഷ്വക്സേനൻ — എങ്ങും വ്യാപിച്ച രുദ്രമൂർത്തികളാകുന്ന സേനയുള്ളവൻ [വിഷ്വക് — സർവ്വത. എങ്ങും] (വിഷ്ണു)

വിസാരകം — വിസരിച്ചുകൊണ്ടു [വിസരിക്കുക — വളഞ്ഞുപുളഞ്ഞുപോവുക] ഗമിക്കുന്നത് (ഇഴജന്തു)

വിസ്രഗന്ധം — വിസ്രത്തിന്റെ ഗന്ധംപോലെയുള്ള [വിസ്രം—പച്ചയിറച്ചി] ഗന്ധം (നാറ്റം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിഹഗം — വിഹായസ്സിൽ [വിഹായസ്സ് — ആകാശം] ഗമിക്കുന്നത് (പക്ഷി)

വീതരാഗൻ — വീതമായ രാഗത്തോടു [രാഗം — സ്നേഹം] കൂടിയവൻ (സംന്യാസി)

വീതിഹോത്രൻ — വീതിഹോത്രം ഭക്ഷണമായിട്ടുള്ളവൻ [വീതിഹോത്രം —വീതിമുതലായ ഹോത്രം. വീതി—പുരോഡാശവും മറ്റും. ഹോത്രം—ഹോമദ്രവ്യം] (അഗ്നി)

വീരകർമ്മം — വീരമായ കർമ്മം [വീരം — ശ്രേഷ്ഠം] (ദാനധർമ്മദയായുദ്ധങ്ങൾ)

വീരമാനി — വീരനെന്നു മാനിക്കുന്നവൻ [മാനിക്കുക—നടിക്കുക] (വീരനെന്നു സ്വയം ഭാവിക്കുന്നവൻ)

വീരശൃംഖല — വീരന്മാർക്കു നല്കുന്ന ശൃംഖല [ശൃംഖല — ചങ്ങല] (രാജാക്കന്മാരും പ്രഭുക്കന്മാരും നൽകിയിരുന്ന സമ്മാനം)

വീരസൂ — വീരന്മാരെ പ്രസവിച്ചവൾ (വീരമാതാവ്)

വീരസേനജൻ — വീരസേനന്റെ മകൻ (നളമഹാരാജാവ്)

വൃകോദരൻ — ഉദരത്തിൽ വൃകം എന്ന അഗ്നി ഉള്ളവൻ (ഭീമൻ)

വൃക്ഷചരം — ഒരുവൃക്ഷത്തിൽ നിന്നു മറ്റൊരു വൃക്ഷത്തിലേക്കു ചരിക്കുന്നത് (കുരങ്ങൻ)

വൃക്ഷം — അറുക്കപ്പെടുന്നത് [വൃച്ഛേദനേ] (മരം)

വൃത്യർത്ഥി — വൃത്തിയെ അർത്ഥിക്കുന്നവൻ [വൃത്തി — പ്രവൃത്തി] (ഉദ്യോഗാർത്ഥി)

വൃത്രഘ്നൻ — വൃത്രനെ ഹനിച്ചവൻ [വൃത്രൻ—1. ഗ്രീഷ്മകാലത്തെ കാർമേഘം. 2. വൃത്രൻ എന്ന അസുരൻ] (ഇന്ദ്രൻ)

വൃദ്ധചതുഷ്ടയം — നാലുതരം വൃദ്ധന്മാർ (വയോവൃദ്ധൻ, ജ്ഞാനവൃദ്ധൻ, ധർമ്മവൃദ്ധൻ, വൈരാഗ്യവൃദ്ധൻ)

വൃദ്ധശ്രവസ്സ് — വൃദ്ധനിൽ നിന്നും ശ്രവിച്ചറിഞ്ഞവൻ [വൃദ്ധൻ—ജ്ഞാനവൃദ്ധനായ ബൃഹസ്പതി] (ദേവേന്ദ്രൻ)

വൃദ്ധ്യാജീവൻ — വൃദ്ധികൊണ്ട് ജീവിക്കുന്നവൻ [വൃദ്ധി — പലിശ] (ധനവാൻ)

വൃന്ദാരകൻ — വൃന്ദം ഉള്ളവൻ [വൃന്ദം —യോഗബലം] (ദേവൻ)

വൃന്ദാവനം — വൃന്ദ തപസ്സു ചെയ്തു ശ്രീകൃഷ്ണനെ പ്രസാദിപ്പിച്ചവനം [വൃന്ദ — കേദാരരാജപുത്രി] (ഒരു പുണ്യസ്ഥലം)

വൃഷധ്വജൻ — വൃഷം ധ്വജമായുള്ളവൻ [വൃഷം—കാള] (ശിവൻ)

വൃഷപാലകൻ — വൃഷത്തെ പാലിക്കുന്നവൻ [വൃഷം — ധർമ്മം] (ധർമ്മരക്ഷകൻ)

വൃഷഹം — വൃഷത്തെ ഹനിക്കുന്നത് [വൃഷം—എലി] (പൂച്ച)

വെങ്കടപതി — വെങ്കടത്തിലെ [വെങ്കടം—തിരുപ്പതി] പതി (വിഷ്ണു)

വെങ്കടാചലം — കാളഹസ്തിക്കു സമീപമുള്ള മാധവനെന്ന ബ്രാഹ്മണന്റെ പാപങ്ങൾ പോക്കി രക്ഷിച്ച സ്ഥലം [വെൺ—പാപങ്ങൾ. കട—ദഹിപ്പിക്കുക. അചലം — മല] (തിരുപ്പതി)

വെങ്കൊറ്റക്കുട — വെളുത്ത കൊറ്റക്കുട [കൊറ്റ—വിജയം] (ജയചിഹ്നമായി രാജാക്കന്മാർ പിടിക്കുന്ന കുട)

വെലിക്കല്ലൂർ — ബലിക്കല്ലും അതിനുള്ളപുരയും (ക്ഷേത്രങ്ങളിൽ ശ്രീഭൂതബലി നടത്തുന്ന സ്ഥലം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വെളക്കത്തിലനായർ — വെളക്കത്തിലക്കവകാശിയായ നായർ [വെളക്കത്തില–ഓണസദ്യയ്ക്കു നിലവിളക്കിന്നു മുമ്പിൽ വെക്കുന്ന ഇല] (ക്ഷുരകൻ)

വെളിച്ചപ്പാട് — വെളിച്ചമുണ്ടായി അരുളപ്പാട് നടത്തുന്നവൻ [വെളിച്ചം–ബോധോദയം. അരുളപ്പാട്–ദൈവകല്പന] (കോമരം)

വെളിച്ചെണ്ണ — വെളിച്ചത്തിന്നു കേരളീയർ ഉപയോഗിച്ച എണ്ണ (Coconut Oil)

വെള്ളാട്ടം — വെൾ എന്ന ശുദ്ധഭേദകവും ആട്ടവും ചേർന്നത് (തെയ്യത്തിന്റെ നിറപ്പകിട്ടില്ലാത്ത ആട്ടം)

വെള്ളാളൻ — വേൾ ആളുന്നവൻ [വേൾ – ഭൂമി] (ഭൂവുടമ വർഗ്ഗത്തിൽപ്പെട്ടവൻ)

വേത്രധരൻ — വേത്രം ധരിച്ചവൻ [വേത്രം–ചൂരൽ] (ദ്വാരപാലകൻ)

വേദാംഗങ്ങൾ — വേദങ്ങളുടെ അംഗങ്ങൾ (ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ്)

വേദാന്തം — വേദങ്ങളുടെ അന്തം [ഷഡ്ദർശനങ്ങളിൽ ഒടുവിലത്തേത്] (ഉപനിഷത്ത്)

വേദോപാംഗങ്ങൾ — വേദത്തിന്റെ ഉപാംഗങ്ങൾ [ഉപാംഗം–ഉപവിഭാഗം] (ഷഡ്ദർശനങ്ങൾ)

വേനിച്ചൊങ്കൻ — വേനിക്കാലത്തെ ചൊങ്കൻ [വേനിക്കാലം–വേനൽക്കാലം. ചൊങ്കൻ – സുന്ദരൻ] (തെയ്യംകെട്ടുന്ന വണ്ണാൻ)

വേലായുധൻ — വേല് ആയുധമായുള്ളവൻ (സുബ്രഹ്മണ്യൻ)

വേശ്യ — വേശിക്കുന്നവൾ [വേശിക്കുക – ചമഞ്ഞൊരുങ്ങിച്ചെല്ലുക] (ഗണിക)

വേഷ്ടി — വേഷ്ടനം ചെയ്യപ്പെടുന്നത് [വേഷ്ടനം ചെയ്യുക – ചുറ്റുക] (ഉത്തരീയം)

വൈകക്ഷകം — വികക്ഷത്തിൽ ഭവിച്ചത് [വികക്ഷം – ഉരസ്സ്] (ഒരുതരം മാല)

വൈകുണ്ഠൻ — വികുണ്ഠയുടെ പുത്രൻ (വിഷ്ണു)

വൈകുണ്ഠം — വികുണ്ഠപുത്രന്റെ ലോകം [വികുണ്ഠപുത്രൻ – വിഷ്ണു] (വിഷ്ണുലോകം)

വൈക്കം — വച്ചുണ്ടായ സ്ഥലം [കടലിൽ നിന്നോ കായലിൽ നിന്നോ കരവെച്ചുണ്ടായ സ്ഥലം] (തിരുവിതാംകൂറിലെ ചരിത്രപ്രസിദ്ധമായ ഒരു പ്രദേശം)

വൈഖരി — വിഖരം എന്ന പ്രാണനാൽ ഉണ്ടാക്കപ്പെടുന്നത് (വാക്ക്)

വൈഖാനസൻ — വിഖാനസ്സിനെ അറിയാൻ ശ്രമിക്കുന്നവൻ [വിഖാനസ്സ്–ബ്രഹ്മം] (വാനപ്രസ്ഥൻ)

വൈതരണി — വിതരണം കൊണ്ടു കടക്കാവുന്നത് [വിതരണം–ദാനം] (നരകത്തിലെ ദുർഗന്ധയും തപ്തജലയും മഹാവേഗയും അസ്തികേശ രക്തപരിപൂർണ്ണയുമായ നദി)

വൈതാളികൻ — വിവിധ താളങ്ങളിൽ ചരിക്കുന്നവൻ (സ്തുതിപാഠകൻ)

വൈദർഭി — വിദർഭന്റെ മകൾ [വിദർഭൻ–വിദർഭരാജാവ്] (ദമയന്തി)

വൈദികൻ — വേദം അറിയുന്നവൻ (ബ്രാഹ്മണൻ)

വൈദേഹി — വിദേഹന്റെ പുത്രി [വിദേഹൻ – ജനകമഹാരാജാവ്] (സീത)

വൈദ്യൻ — ആയുർവ്വേദ വിദ്യയെ അദ്ധ്യയനം ചെയ്യുന്നവൻ (ഭിഷക്ക്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വൈദ്യനാഥൻ — വൈദ്യന്മാരുടെ നാഥൻ (ധന്വന്തരി)

വൈനതേയൻ — വിനതയുടെ മകൻ (ഗരുഡൻ)

വൈമാത്രേയൻ — വിമാതാവിന്റെ പുത്രൻ (അച്ഛന്നു മറ്റൊരുഭാര്യയിലുണ്ടായ മകൻ)

വൈരോചനൻ — വിരോചനന്റെ പുത്രൻ (മഹാബലി)

വൈരോചന നികേതനം — വിരോചനന്റെ പുത്രനായ മഹാബലിയുടെ നികേതനം (പാതാളം)

വൈവസ്വതൻ — വിവസ്വതന്റെ പുത്രൻ (യമൻ)

വൈവസ്വതി — വിവസ്വതന്റെ ദിക്ക് [വിവസ്വതൻ—യമൻ] (തെക്ക്)

വൈശേഷികം സൂത്രം — കണാദന്റെ കൃതി [ഇതിന്നു ഔലൂക്യദർശനമെന്നും കണാദന്ന് ഉലൂകനെന്നും പേരുണ്ട്. ഉലൂകം ഏതൻസിലെ പവിത്രചിഹ്നങ്ങളിലൊന്നാണ്] (ഗ്രീക്ക് ദർശനത്തോടു ബന്ധമുള്ള ഭാരതീയ ചിന്താപദ്ധതി)

വൈശ്രവണൻ — വിശ്രവസ്സിന്റെ മകനായുള്ളവൻ [വിശ്രവസ്സ്—രാവണന്റെ പിതാവ്] (ഭരദ്വാജപുത്രിയായ വരവർണ്ണിനിയിൽ വിശ്രവസ്സിന്നു പിറന്ന മകൻ=കുബേരൻ)

വൈശ്വാനരൻ — ഒരിക്കൽ വിശ്വാനര മുനിയുടെ പുത്രനായി ജനിച്ചവൻ (അഗ്നി)

വ്യഞ്ജനം — വ്യഞ്ജിപ്പിക്കുന്നത് (ഒരേ സ്വരത്തിന്നു തന്നെ ചേർച്ചകൊണ്ട് വേറെവേറെ ഒച്ചയുണ്ടാക്കുന്നത്)

വ്യവഹാരകൻ — വ്യവഹാരം നടത്തുന്നവൻ [വ്യവഹാരം — വ്യാപാരം] (കച്ചവടക്കാരൻ)

വ്യാഘ്രാസ്യം — വ്യാഘ്രത്തിന്റെ ആസ്യം പോലെയുള്ള ആസ്യത്തോടു കൂടിയത് [വ്യാഘ്രം—പുലി. ആസ്യം—മുഖം] (പൂച്ച)

വ്യാഴവട്ടം — വ്യാഴത്തിന്നു സൂര്യനെ ഒരിക്കൽ പ്രദക്ഷിണം ചെയ്യാൻ വേണ്ടസമയം (പന്ത്രണ്ടുവർഷം)

വ്യൂഹം — മുന്നിൽ രഥം, അതിന്നുപിന്നിൽ കുതിരപ്പട, അതിന്നുപിന്നിൽ കാലാൾപ്പട, ഇരുഭാഗത്തും ആനകൾ—ഇങ്ങനെയുള്ള ചതുരംഗപ്പടയാണ് വ്യൂഹം

വ്യോമകേശൻ — വ്യോമം കേശമായുള്ളവൻ [വ്യോമം — ആകാശം] (ശിവൻ)

വ്യോമോദകം — വ്യോമത്തിൽ നിന്നുള്ള ഉദകം [ഉദകം—ജലം] (മഴവെള്ളം)

വ്രജകിശോരൻ — വ്രജത്തിലെ കിശോരൻ [വ്രജം — ആമ്പാടി. കിശോരൻ—കുട്ടി] (ഉണ്ണിക്കൃഷ്ണൻ)

വ്രണഹം — വ്രണത്തെ ഹനിക്കുന്നത് [വ്രണം — മുറിവ്] (ആവണക്ക്)

വ്രീഹ്യഗാരം — വ്രീഹിയുടെ അഗാരം [വ്രീഹി—ധാന്യം. വർഹതി—വൃദ്ധിം ഗച്ഛതി] (ധാന്യപ്പുര)

ശ

ശകുന്തള — ശകുന്തങ്ങളാൽ ലാളിക്കപ്പെട്ടവൾ [ശകുന്തം—പക്ഷി] (മേനകാസുത)

ശക്തിത്രയം — ശക്തിയുടെ ത്രയം (ജ്ഞാനശക്തി, ഇച്ഛാശക്തി, ക്രിയാശക്തി)

ശക്തിധരൻ — ശക്തി എന്ന ആയുധം ധരിച്ചവൻ [ശക്തി — വേല്] (സുബ്രഹ്മണ്യൻ)

ശക്തിപൂജ — ലോകത്തെ നിയന്ത്രിക്കുന്ന ശക്തിയെ പൂജിക്കൽ [ശക്തി—ദേവി] (ദേവീപൂജ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശക്രജിത്ത് — ശക്രനെ ജയിച്ചവൻ [ശക്രൻ—ദേവേന്ദ്രൻ] (ഇന്ദ്രജിത്ത്)

ശക്രൻ — ദൈത്യരെ നശിപ്പിക്കാൻ ശക്തിയുള്ളവൻ (ഇന്ദ്രൻ)

ശങ്കരൻ — ശമ്മിനെ ചെയ്യുന്നവൻ [ശം—സുഖം] (ശിവൻ)

ശണസൂത്രം — ശണത്തിന്റെ സൂത്രം [ശണം — ചണം. സൂത്രം — നൂൽ] (ചണനൂൽ)

ശതകോടി — നൂറുനൂറു കോടികളുള്ളത് [കോടി—അറ്റം; മുന] (വജ്രായുധം)

ശതക്രതു — നൂറുയാഗം കഴിച്ചവൻ [ക്രതു—യാഗം] (ഇന്ദ്രൻ)

ശതമന്യു — നൂറു മന്യുക്കളോടു കൂടിയവൻ [മന്യു—യാഗം] (ദേവേന്ദ്രൻ)

ശതാഭിഷേകം — 'ശതംജീവ' ആദിയായ മന്ത്രം കൊണ്ടുള്ള അഭിഷേകം (ആയിരം പൂർണ്ണചന്ദ്രനെ കണ്ട വർക്കായി നടത്തുന്ന ചടങ്ങ്. കൊല്ലത്തിൽ 12 വീതം 1000 തവണപൂർണ്ണചന്ദ്രനെ കാണാൻ 83 വർഷവും 4 മാസവും വേണം)

ശതാവധാനി — നൂറുകാര്യങ്ങളിൽ ഒരേസമയത്ത് അവധാനം ഉള്ളവൻ [അവധാനം—ശ്രദ്ധ] (പലകാര്യങ്ങൾ ശ്രദ്ധിക്കുന്നവൻ)

ശനി — മന്ദം മന്ദം ഗമിക്കുന്ന ഗ്രഹം [ശനൈ: — പതുക്കെ] (മന്ദൻ)

ശനൈശ്ചരൻ — പതുക്കെപതുക്കെ ചരിക്കുന്നവൻ (ശനി)

ശമനൻ — ശമിപ്പിക്കുന്നവൻ [ശമിപ്പിക്കുക — അവസാനിപ്പിക്കുക] (അന്തകൻ)

ശമനി — എല്ലാ പ്രവൃത്തികളേയും ശമിപ്പിക്കുന്നത് [ശമിപ്പിക്കുക—അടക്കിനിർത്തുക] (രാത്രി)

ശംബരാരി — ശംബരാസുരന്റെ അരി [അരി—ശത്രു] (കാമദേവൻ)

ശംഭുതനയൻ — ശംഭുവിന്റെ തനയൻ [ശംഭു—ശിവൻ) (ഗണപതി)

ശയനപ്രദക്ഷിണം — ശയനം ചെയ്തുള്ള പ്രദക്ഷിണം (തീർത്ഥത്തിൽ മുങ്ങി കണ്ണുകെട്ടി ക്ഷേത്രത്തിനു ചുറ്റും കിടന്നുരുളൽ)

ശരജന്മാ — ശരവണത്തിൽ ജനിച്ചവൻ (സുബ്രഹ്മണ്യൻ)

ശരധി — ശരത്തെ ധരിക്കുന്നത് (ആവനാഴി)

ശരവണം — ശരം ധാരാളമുള്ള വനം [ശരം—അമപ്പുല്ല്] (ഗംഗാതീരത്തുള്ള വനം)

ശരവണഭവൻ — ശരവണത്തിൽ ഭവിച്ചവൻ (സുബ്രഹ്മണ്യൻ)

ശരാടി — ശരത്തിൽ അടനം ചെയ്യുന്നത് [ശരം—വെള്ളം] (അടനം ചെയ്യുക — സഞ്ചരിക്കുക] (വെള്ളിൽപ്പക്ഷി)

ശർമ്മാവ് — ശർമ്മത്തെ അരുളുന്നവൻ [ശർമ്മം — അശുഭദൂരീകരണം. സുഖം] (ബ്രാഹ്മണൻ)

ശർവ്വരി — ശർവ്വരത്തോടു കൂടിയത് [ശർവ്വരം—ഇരുട്ട്] (രാത്രി)

ശർവ്വാണി — ശർവ്വന്റെ ഭാര്യ [ശർവ്വൻ—ശിവൻ] (രുദ്രാണി)

ശല്ക്കലി — ശല്ക്കലം ഉള്ളത് [ശല്ക്കലം—ചെതുമ്പൽ] (മീൻ)

ശശിപ്രഭ — ശശിയുടെ സാന്നിദ്ധ്യത്തിൽ പ്രകാശിക്കുന്നത് [ശശി—ചന്ദ്രൻ] (ആമ്പൽ)

ശാഖാമൃഗം — ശാഖതോറും സഞ്ചരിക്കുന്ന മൃഗം [ശാഖ — കൊമ്പ്] (കുരങ്ങ്)

ശാഖി — ശാഖകളോടു കൂടിയത് (വൃക്ഷം)

ശാതകുംഭം — ശതകുംഭ പർവ്വതത്തിലുണ്ടായത് (സ്വർണ്ണം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശാദ്വലം — ശാദം ധാരാളമുള്ള സ്ഥലം [ശാദം—ഇളംപുല്ല്] (മൈതാനം)

ശാബ്ദികൻ — ശബ്ദശാസ്ത്രം അറിയുന്നവൻ [ശബ്ദശാസ്ത്രം—വ്യാകരണം] (വൈയാകരണൻ)

ശാമനി — ശമനന്റെ ദിക്ക് [ശമനൻ—അന്തകൻ] (തെക്ക്)

ശാരദം — ശരൽക്കാലത്തെ വെയിൽ.

ശാരദേന്ദു — ശരൽക്കാലത്തിലെ ഇന്ദു [ഇന്ദു—ചന്ദ്രൻ] (ശരച്ചന്ദ്രൻ)

ശാർങ്ഗി — ശാർങ്ഗം ധരിച്ചവൻ [ശാർങ്ഗം — വിഷ്ണുവിന്റെ വില്ല്] (വിഷ്ണു)

ശാഷ്കുലികം — ശഷ്കുലം ചേർത്തുണ്ടാക്കിയ ഭക്ഷണം [ശഷ്കുലം—മാംസം] (മാംസഭക്ഷണം)

ശാസ്ത്രാപ്പാട്ട് — ശാസ്ത്രാവിനെ സ്തുതിച്ചുകൊണ്ടുള്ള പാട്ട് (അയ്യപ്പൻ കാവുകളിൽ പാടാറുള്ള പാട്ട്)

ശിഖരവാസിനി — ശിഖരത്തിൽ വസിക്കുന്നവൾ [ശിഖരം—കൊടുമുടി] (ദുർഗ്ഗ)

ശിഖാവാൻ — ശിഖയുള്ളവൻ [ശിഖ—ജ്വാല] (അഗ്നി)

ശിഖി — ശിഖയുള്ളത് [ശിഖ—പീലി] (മയിൽ)

ശിഖിവാഹനൻ — ശിഖി വാഹനമായുള്ളവൻ [ശിഖി—മയിൽ] (സുബ്രഹ്മണ്യൻ)

ശിതികണ്ഠൻ — പാലാഴിമഥനകാലത്തു വാസുകി വമിച്ച വിഷം കുടിക്കയാൽ കഴുത്തിൽ കറുപ്പു കലർന്നവൻ [ശിതി — കറുത്ത] (നീലകണ്ഠൻ)

ശിരസ്ത്രാണം — ശിരസ്സിനെ ത്രാണം ചെയ്യുന്നത് [ത്രാണം—രക്ഷ] (തലപ്പാവ്)

ശിരോധരം — ശിരസ്സിനെ ധരിക്കുന്നത് (കഴുത്ത്)

ശിവൻ — ശിവത്തെ ഉണ്ടാക്കുന്നവൻ [ശിവം — ശുഭം] (ത്രിമൂർത്തികളിലൊരാൾ)

ശിശിരകരൻ — ശിശിരമായ കരങ്ങളോടു കൂടിയവൻ [ശിശിരം — തണുപ്പ്] (ചന്ദ്രൻ)

ശിശിരാന്തം — ശിശിരത്തിന്റെ അന്തം [ശിശിരം — ശിശിരകാലം] (വസന്തം)

ശിശ്നദേവൻ — ശിശ്നത്തെ ദേവനായിക്കരുതി ആരാധിക്കുന്നവൻ [ശിശ്നം—ലിംഗം] (ലിംഗപൂജനടത്തുന്നവൻ)

ശീതോപചാരം — ശീതപദാർത്ഥങ്ങളെക്കൊണ്ടുള്ള ഉപചാരം [ഉപചാരം — ശുശ്രൂഷ] (വിരഹതാപശാന്തിക്കുവേണ്ടി നടത്തുന്ന ചന്ദനലേപനാദി കർമ്മങ്ങൾ)

ശീഭ്യൻ — ശീഭ്യം വാഹനമായുള്ളവൻ [ശീഭ്യം—കാള] (ശിവൻ)

ശീവേലിതൂകൽ — ഹൈന്ദവദേവാലയങ്ങളിലെ ദ്വാരപാലകന്മാർ, അഷ്ടദിക്പാലന്മാർ, നാഗങ്ങൾ തുടങ്ങിയ തിര്യക്കുകൾക്കുള്ള ബലി (ശ്രീഭൂതബലി)

ശുകൻ — ഘൃതാചി എന്ന അപ്സരസ്സ് ശുക വേഷത്തിൽ സഞ്ചരിക്കുമ്പോൾ വ്യാസന്നുണ്ടായ പുത്രൻ (തത്വജ്ഞാനിയായ മുനി)

ശുകവാഹൻ — ശുകം വാഹമായുള്ളവൻ [ശുകം—തത്ത. വാഹം—വാഹനം] (കാമദേവൻ)

ശുക്തിജം — ശുക്തിയിൽ ജനിച്ചത് [ശുക്തി—ചിപ്പി] (മുത്ത്)

ശുണ്ഠി — ശുണ്ഠമുള്ളത് [ശുണ്ഠം—തുമ്പിക്കൈ] (ആന)

ശുദ്ധാന്ത — ശുദ്ധാന്തത്തിൽ ഉള്ളവൾ [ശുദ്ധാന്തം—അന്തഃപുരം] (രാജ്ഞി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശുഭദന്തി — ശുഭമായ ദന്തങ്ങളോടുകൂടിയവൾ (സുന്ദരി)

ശുംഭഘാതിനി — ശുംഭനെ ഹനിച്ചവൾ (ദുർഗ്ഗ)

ശൂന്യവാദി — ഇന്ദ്രിയാതീതമായി ഒന്നുമില്ലെന്ന് വാദിക്കുന്നവൻ (നാസ്തികൻ)

ശൂർപ്പകർണ്ണം — ശൂർപ്പതുല്യമായ കർണ്ണങ്ങളോടുകൂടിയത് [ശൂർപ്പം—മുറം] (ആന)

ശൂർപ്പകാരാതി — ശൂർപ്പകന്റെ അരാതി [അരാതി—ശത്രു] (കാമദേവൻ)

ശൂർപ്പണഖ — ശൂർപ്പത്തിന്റെ ആകൃതിയിൽ ഭംഗിയായി നഖംവളർത്തിയവൾ [ശൂർപ്പം — മുറം] (രാവണസഹോദരി)

ശൂലപാണി — പാണിയിൽ ശൂലവുമായി പിറന്നവൻ [പാണി—കൈ] (ശിവൻ)

ശൃംഗാരയോനി — ശൃംഗാരരസത്തിന്നു യോനിയായവൻ [യോനി—ഉദ്ഭവസ്ഥാനം] (കാമദേവൻ)

ശേഷക്രിയ — മരണശേഷമുള്ള ക്രിയ (മരണാനന്തരമുള്ള ചടങ്ങുകൾ)

ശേഷലോകം — ശേഷന്റെ ലോകം [ശേഷൻ—അനന്തസർപ്പം] (പാതാളം)

ശൈനേയൻ — ശിനിയുടെ പുത്രൻ (സാത്യകി)

ശൈലജ — ശൈലത്തിന്റെ മകൾ [ശൈലം—ഹിമാലയം] (പാർവ്വതി)

ശൈലാബ്ധിനാഥൻ — കുന്നലക്കോനാതിരി (സാമൂതിരി)

ശോചിഷ്കേശൻ — ശോചിസ്സുകളാകുന്ന കേശത്തോടുകൂടിയവൻ [ശോചിസ്സ്—ജ്വാല] (അഗ്നി)

ശൗചേയൻ — ശുചിയാക്കുന്നവൻ (വെളുത്തേടൻ)

ശൗണ്ഡികൻ — ശുണ്ഡിവ്യാപാരനിരതൻ [ശുണ്ഡി — മദ്യം വാറ്റിയെടുക്കൽ] (മദ്യവില്പന നടത്തുന്നവൻ)

ശൗനികൻ — ശൗനികം നടത്തുന്നവൻ [ശൗനികം — നായാട്ട്] (വേട്ടക്കാരൻ)

ശൗരി — ശൂരസേനന്റെ വംശത്തിൽ ജനിച്ചവൻ [ശൂരസേനൻ — ഒരു യാദവരാജാവ്. കൃഷ്ണന്റെ പിതാമഹൻ] (ശ്രീകൃഷ്ണൻ)

ശ്മശാനം — ശ്മങ്ങളുടെ ശാനത്തിനുള്ള സ്ഥാനം [ശ്മം — ശവം. ശാനം—ശയനം] (ശവപ്പറമ്പ്)

ശ്മശ്രു — മുഖത്തെ ആശ്രയിക്കുന്നത് [ശ്മം—മുഖം] (മുഖത്തെ രോമം)

ശ്രദ്ധ — ശ്രത്തിൽ ധാനം ചെയ്യപ്പെടുന്നത് [ശ്രദ്—സത്യം. ധാനം—ധാരണം] (ധർമ്മാർത്ഥകാമമോക്ഷങ്ങളിൽ ഉറച്ചബുദ്ധി)

ശ്രമണൻ — ശ്രമപ്പെടുന്നവൻ [ശ്രമപ്പെടുക—കഷ്ടപ്പെടുക] (ബുദ്ധന്റെ കാലത്ത് സമുദായത്തിന്ന് ആദ്ധ്യാത്മികമായ ഉദ്ബുദ്ധത ഉണ്ടാക്കുവാൻ ശ്രമിച്ചവർ)

ശ്രാദ്ധദേവത — ശ്രാദ്ധങ്ങളുടെ ദേവത [ശ്രാദ്ധം—പിതൃകർമ്മം] (യമൻ)

ശ്രാദ്ധം — ശ്രദ്ധയോടുകൂടി ചെയ്യപ്പെടുന്ന ദാനം (ചാത്തം)

ശ്രാവണം — ശ്രവണനക്ഷത്രപൗർണ്ണമിയോടുകൂടിയത് (ചിങ്ങമാസം)

ശ്രീകണ്ഠൻ — കാളകൂടം ക്ഷിച്ചതുകൊണ്ട് തിളങ്ങുന്ന കണ്ഠമുള്ളവൻ (ശിവൻ. ഉത്തരകേരളത്തിൽ പ്രചാരമുള്ള ചിരുകണ്ടൻ എന്ന പേർ ഇതിന്റെ തത്ഭവമാണ്)

ശ്രീഭൂതബലി — ഭൂതങ്ങൾക്കുവേണ്ടി ഹൈന്ദവക്ഷേത്രങ്ങളിൽ നടത്തുന്ന ബലി (ശീവേലി എന്നു പറയുന്ന പൂജാകർമ്മം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീമാൻ — ശ്രീ ഉള്ളവൻ [ശ്രീ—ഐശ്വര്യം] (പുരുഷന്മാരുടെ പേരിന്നു മുമ്പേ ബഹുമാനസൂചകമായി ചേർക്കുന്ന പദം)

ശ്രീരാമോദന്തം — ശ്രീരാമന്റെ ഉദന്തം [ഉദന്തം—വർത്തമാനം; കഥ] (ഒരു സംസ്കൃത കാവ്യം)

ശ്രീവത്സലാഞ്ഛനൻ — ശ്രീവത്സം എന്ന ലാഞ്ഛനം മാറിലുള്ളവൻ [ശ്രീവത്സം—വിഷ്ണുവിന്റെ മാറിലുള്ള മറു. ലാഞ്ഛനം അടയാളം] (വിഷ്ണു)

ശ്രീവല്ലഭക്ഷേത്രം — ശ്രീവല്ലഭന്റെ ക്ഷേത്രം [ശ്രീവല്ലഭൻ — ശ്രീയുടെ വല്ലഭൻ] (തിരുവല്ലാവിഷ്ണുക്ഷേത്രം)

ശ്രുതകർമ്മാവ് — ശ്രുതമായ കർമ്മങ്ങൾക്കുശേഷം ജനിച്ചവൻ [ശ്രുതം — വേദാനുസാരം] (അർജ്ജുനൻ)

ശ്രുതി — ശ്രവിക്കപ്പെടുന്നത് [കേട്ടു പഠിച്ചാണ് വേദം നിലനിന്നത്] (വേദം)

ശ്രുതിവേധം — ശ്രുതിയുടെ വേധം [ശ്രുതി—ചെവി. വേധം—തുളക്കൽ] (കാതുകുത്ത്)

ശ്രോത്രിയൻ — ശ്രുതി അറിയുന്നവൻ [ശ്രുതി—വേദം] (വേദജ്ഞൻ)

ശ്വദംഷ്ട്രു — ശ്വാവിന്റെ ദംഷ്ട്രുപോലെ മൂർച്ചയുള്ളത് [ശ്വാവ്—നായ] (ഞെരിഞ്ഞിൽ)

ശ്വവൃത്തി — ഉപജീവനാർത്ഥം ശ്വാവിനെപ്പോലെ അന്യനെ സേവിക്കുന്ന വൃത്തി (ദാസ്യം)

ശ്വേതകുഞ്ജരം — ശ്വേതമായ കുഞ്ജരം [ശ്വേതം—വെളുത്ത. കുഞ്ജരം—ആന] (ഐരാവതം)

ശ്വേതഗരുത്ത് — ശ്വേതമായ ഗരുത്തോടു കൂടിയത് [ശ്വേതം—വെളുത്ത. ഗരുത്ത്—ചിറക്] (അരയന്നം)

ശ്വേതവാഹനൻ — ശ്വേതവാജിവാഹനമായിട്ടുള്ളവൻ [ശ്വേതവാജി—വെള്ളക്കുതിര] (അർജ്ജുനൻ)

ഷ

ഷഡക്ഷരമന്ത്രം — ആറക്ഷരമുള്ള മന്ത്രം [ഷട്+അക്ഷരം = ഷഡക്ഷരം] (ശ്രീ രാമായ നമഃ)

ഷഡംഗകഷായം — മുത്തങ്ങ, ചന്ദനം, ചുക്ക്, ഇരുവേലി, പർപ്പടകപ്പുല്ല്, രാമച്ചം ഇവ ആറും ചേർത്തുള്ള കഷായം.

ഷഡഭിജ്ഞൻ — ദിവ്യദൃഷ്ടി, പൂർവ്വനിവാസാനുസ്മൃതി, പരഹൃദയജ്ഞാനം, ആകാശഗമനം, കായവ്യൂഹം, ആത്മജ്ഞാനം ഇവ ആറും അറിയാവുന്നവൻ (ബുദ്ധൻ)

ഷഡാതതായികൾ — ആറ് ആതതായികൾ [ആതതായി—ഒരുമ്പെട്ടവൻ] (വീട്ടിന്നു തീ വെക്കുന്നവൻ, വിഷം കൊടുക്കുന്നവൻ, കൊല്ലാൻ തുനിയുന്നവൻ, പണം കക്കുന്നവൻ, നിലം കവരുന്നവൻ, ഭാര്യയെ അപഹരിച്ചവൻ)

ഷഡ്ജം — ആറു സ്ഥാനങ്ങളുടെ സഹായത്തോടെ ജനിക്കുന്ന ശബ്ദം [നാസിക, കണ്ഠം, മാറിടം, അണ്ണാക്ക്, നാവ്, പല്ല് ഇവയാണാറുസ്ഥാനം] (സപ്തസ്വരങ്ങളിലൊന്നായ സ)

ഷഡ്പദം — ആറുപദം ഉള്ളത് (വണ്ട്)

ഷഡ്ദർശനം — ആറുദർശനം (ന്യായം, വൈശേഷികം, സാംഖ്യം, യോഗം, പൂർവ്വമീമാംസ, ഉത്തരമീമാംസ)

ഷഡ്രഥന്മാർ — മഹാഭാരതത്തിലെ ആറ് മഹാരഥന്മാർ (കൃപർ, ഭീഷ്മർ, ദ്രോണർ, കർണ്ണൻ, ശല്യൻ, അശ്വത്ഥാമാവ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഷഡ്രിപുക്കൾ — മനുഷ്യന്റെ ആറു രിപുക്കൾ [രിപു–ശത്രു] (കാമം, ക്രോധം, ലോഭം, മോഹം, മദം, മത്സരം)

ഷാഡ്ഗുണ്യം — ആറുഗുണം (ഐശ്വര്യം, വീര്യം, വൈരാഗ്യം, വിജ്ഞാനം, ശ്രീ, യശസ്സ്)

ഷാണ്മാതുരൻ — ആറുമാതാക്കളുടെ പുത്രൻ, [മൂന്നു കൃത്തികകൾ, ഗംഗ, പൃഥ്വി, ദുർഗ്ഗ ഇവരാണ് ആറമ്മമാർ] (സുബ്രഹ്മണ്യൻ)

ഷോഡശസംസ്കാരങ്ങൾ — ബ്രാഹ്മണർക്കുള്ള പതിനാറു സംസ്കാരങ്ങൾ [ഷോഡശം–പതിനാറ്] (ഗർഭാധാനം, പുംസവനം, സീമന്തം, ജാതകർമ്മം, നാമക്രിയ, നിഷ്ക്രമണം, അന്നപ്രാശനം, ചൂഡാകരണം, കർണ്ണവേധം, ഉപനയനം, വേദാദ്ധ്യയനം, കേശാന്തം, സ്നാനം, വിവാഹം, വൈവാഹികാഗ്നി ചയനം, ആനാഗ്നിചയനം ഇവയാണ് പതിനാറു സംസ്കാരങ്ങൾ)

ഷോഡശോപചാരങ്ങൾ — പതിനാറ് ഉപചാരങ്ങൾ [ഉപചാരം–ആചാരം] (ആസനം, സ്വാഗതം, പാദ്യം, അർഘ്യം, ആചമനീയം, മധുപർക്കം, പുനരാചമനീയം, സ്നാനം, വസ്ത്രം, ആഭരണം, ഗന്ധം, പുഷ്പം, ധൂപം, ദീപം, നിവേദ്യം, നമസ്കാരം)

സ

സകലേശൻ — സകലത്തിനും ഈശൻ [സകലം – എല്ലാം] (ഈശ്വരൻ)

സകൃൽപ്രജം — കൊല്ലത്തിലൊരിക്കൽമാത്രം മുട്ടയിടുന്നത് [സകൃൽ–ഒരിക്കൽ] (കാക്ക)

സകൃൽഫല — സകൃത്തായി ഫലിക്കുന്നത് [സകൃത്–ഒരിക്കൽ] (വാഴ)

സഗർഭ്യൻ — ഒരേഗർഭപാത്രത്തിൽ വളർന്നവൻ (സഹോദരൻ)

സങ്കർഷണൻ — നല്ലപോലെ കർഷണം ചെയ്യുന്നവൻ [കർഷണംചെയ്യുക–കീറിമുറിക്കുക] (ബലരാമൻ)

സങ്കല്പജൻ — സങ്കല്പത്തിൽനിന്നുണ്ടായവൻ [സങ്കല്പം–മനോവ്യാപാരം] (കാമദേവൻ)

സക്രന്ദനൻ — ശത്രുക്കളെ സംക്രന്ദനം ചെയ്യിക്കുന്നവൻ [സംക്രന്ദനം ചെയ്യിക്കുക–കരയിക്കുക] (ദേവേന്ദ്രൻ)

സക്രാന്തി — ഗ്രഹം ഒരു രാശിവിട്ട് മറ്റൊരുരാശിയിൽ കടക്കുന്ന സമയം (സംക്രമം)

സംഗീത ത്രിമൂർത്തികൾ — കർണ്ണാടകസംഗീതത്തിലെ ത്രിമൂർത്തികൾ (ശ്യാമരാജസ്വാമികൾ, മുത്തുസ്വാമിദീക്ഷിതർ, ശ്യാമശാസ്ത്രികൾ)

സചിവൻ — സചിയെപ്പോലെ ഒന്നിച്ചു നടക്കുന്നവൻ [സചി–സ്നേഹിതൻ] (മന്ത്രി)

സച്ചിദാനന്ദൻ — സത്തും ചിത്തും ആനന്ദവും കലർന്നവൻ [സത്–എങ്ങും വ്യാപിച്ചിരിക്കുന്നത്, ചിത്ത്–വിശേഷ ജ്ഞാനം, ആനന്ദം–സന്തോഷം] (പരമാത്മാവ്)

സതീർത്ഥ്യൻ — ഒരേ തീർത്ഥന്റെ കീഴിൽ അദ്ധ്യയനം ചെയ്യുന്നവൻ [തീർത്ഥൻ–ഗുരു] (സഹപാഠി)

സത്യം — സത്തുക്കളിൽ സാധുവായിട്ടുള്ളത് [സത്–സജ്ജനം] (പരമാർത്ഥം)

സത്യാനൃതം — സത്യവും അനൃതവും കലർന്നത് [അനൃതം – കളവ്] (കച്ചവടം)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സത്രാശനൻ — സത്രത്തെ അശിക്കുന്നവൻ [സത്രം–യാഗം] (ദേവൻ)

സത്കൃതൻ — സത്തായ നിലയിൽ കൃതൻ [കൃതൻ–ചെയ്യപ്പെട്ടവൻ] (സൽക്കരിക്കപ്പെട്ടവൻ)

സദാഗതി — സദാസമയവും ഗമിച്ചുകൊണ്ടിരിക്കുന്നത് (വായു)

സദൃക്ഷം — സത്തായ ഋക്ഷം [ഋക്ഷം–നക്ഷത്രം] (നല്ലനക്ഷത്രം)

സനാതനം — സനാകാലവും [സനാ–സദാ] ഉള്ളത് (എല്ലായ്പ്പോഴുമുള്ളത്)

സന്ദിഷ്ടൻ — സന്ദിഷ്ടവുമായി പോകുന്നവൻ [സന്ദിഷ്ടം – സന്ദേശം] (സന്ദേശവാഹകൻ)

സന്ദേശവൃത്തം — സന്ദേശകാവ്യങ്ങളിൽ സ്വീകരിച്ചിട്ടുള്ള വൃത്തം (മന്ദാക്രാന്ത)

സന്ധ്യക്ഷരം — സന്ധിച്ചിട്ടുണ്ടായ അക്ഷരം [സന്ധിക്കുക–കൂടിച്ചേരുക] (അ+ഇ = ഏ, അ+ഉ = ഓ, അ+ഏ = ഐ, അ+ഓ = ഔ)

സംന്യാസം — സമ്യക്കായ ന്യാസം [ന്യാസം–ത്യാഗം] (സർവ്വസംഗപരിത്യാഗം)

സപത്നൻ — സപത്നിയെപ്പോലെ എപ്പോഴും പോരടിച്ചുനിൽക്കുന്നവൻ [സപത്നി–സമാനനായപതിയോടു കൂടിയവൾ] (ശത്രു)

സപ്തധാതുക്കൾ — ശരീരത്തിലെ ഏഴുധാതുക്കൾ (രസം, രക്തം, മാംസം മേദസ്സ്, അസ്ഥി, മജ്ജ, ശുക്ളം)

സപ്തപദി — വിവാഹസമയത്ത് ഏഴടി നടക്കുന്ന ചടങ്ങ്

സപ്തർഷികൾ — ഏഴു ഋഷികൾ (മരീചി, അത്രി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ എന്നിവർ)

സപ്തവർണ്ണം — ഏഴുവർണ്ണം [വർണ്ണം–നിറം] (വെളുപ്പ്, കറുപ്പ്, ചുകപ്പ്, പച്ച, മഞ്ഞ, നീല, ഊത)

സപ്തവ്യസനം — രാജാക്കന്മാരെ നശിപ്പിക്കുന്ന ഏഴുവ്യസനം (നായാട്ട്, ചൂത്, സ്ത്രീസേവ, മദ്യപാനം, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, അർത്ഥദൂഷണം)

സപ്തസപ്തി — ഏഴു സപ്തികൾ ഉള്ളവൻ [സപ്തി – കുതിര] (സൂര്യൻ)

സപ്ത സിന്ധുക്കൾ — സിന്ധുവും അതിന്റെ ആറുപോഷകനദികളും (ആറുപോഷകനദികൾ–സത്ലജ്, രാവി, ബിയാസ്, ചിനാബ്, ഝലം, സരസ്വതി)

സപ്തസ്വരങ്ങൾ — ഏഴു സ്വരങ്ങൾ [ഷഡ്ജം, ഋഷഭം, ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, ധൈവതം, നിഷാദം] (സംഗീതശാസ്ത്രത്തിലെ സ്വരങ്ങൾ)

സപ്താർച്ചിസ് — ഏഴുവിധം അർച്ചിസ്സുള്ളത് [അർച്ചിസ്സ് – ജ്വാല] (അഗ്നി)

സപ്താഹം — ഏഴുദിവസമുള്ളത് [അഹം – അഹസ്സുകളുടെ കൂട്ടം] (പുരാണഗ്രന്ഥങ്ങൾ ഏഴുദിവസംകൊണ്ടു വായിച്ചുതീർക്കൽ)

സഭ — സമാനമായി ഭാസിക്കുന്ന സ്ഥലം [സമാനം – തുല്യം, ഭാസിക്കുക–ശോഭിക്കുക] (ഏവർക്കും തുല്യപദവി ലഭിക്കുന്ന ഇടം)

സഭ്യം — സഭയിൽ പറയാവുന്നതും പ്രവർത്തിക്കാവുന്നതും (ദേശ്യമോഗ്രാമ്യമോ അല്ലാത്ത വാക്കും പ്രവൃത്തിയും)

സമന്തഭദ്രൻ — എങ്ങും ഭദ്രമായുള്ളവൻ [സമന്തം–ചുറ്റും, ഭദ്രം–മംഗളം] (ബുദ്ധൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സമീരണൻ — സമ്യക്കാംവണ്ണം ഈരണം ചെയ്യുന്നവൻ [സമ്യക്ക്–നല്ല പോലെ. ഈരണം ചെയ്യുക–പ്രേരിപ്പിക്കുക] (വായു)

സമുദ്രം — ചന്ദ്രോദയവേളയിൽ സമുന്ദയം ചെയ്യുന്നത് [സമുന്ദയം–നല്ല ഉയർച്ച] (ആഴി)

സമ്രാട്ട് — സമ്യക്കായി രാജിക്കുന്നവൻ [സമ്യക്ക് – നല്ലപോലെ. രാജിക്കുക – ശോഭിക്കുക] (ചക്രവർത്തി)

സംയമി — സംയമം ശീലിച്ചവൻ [സംയമം – ഇന്ദ്രിയ നിഗ്രഹം] (മുനി)

സംവാഹകൻ — സംവാഹനം ചെയ്യുന്നവൻ [സംവാഹനം–കാലുതിരുമ്മൽ] (വേലക്കാരൻ)

സരിതാംപതി — സരിത്തുകളുടെ പതി [സരിത്ത്–നദി] (സമുദ്രം)

സർപ്പം — സർപ്പിക്കുന്നത് [സർപ്പിക്കുക–വളഞ്ഞുപുളഞ്ഞു പോകുക] (പാമ്പ്)

സർപ്പസത്രം — സർപ്പങ്ങളെ കൊല്ലാൻ നടത്തിയ സത്രം [സത്രം–യാഗം] (തക്ഷകനെ കൊല്ലാൻ ജനമേജയൻ നടത്തിയ യാഗം)

സർവ്വകാമൻ — സർവ്വകാമങ്ങളും സാധിച്ചവൻ [കാമം – ആഗ്രഹം] (ശിവൻ)

സർവ്വജ്ഞൻ — എല്ലാം അറിയുന്നവൻ (ബുദ്ധൻ)

സർവജ്ഞപീഠം — സർവ്വജ്ഞനു മാത്രമിരിക്കാവുന്ന പീഠം [സർവ്വജ്ഞൻ–സകല കലാവല്ലഭൻ]

സർവ്വതാപനൻ — എല്ലാവരേയും തപിപ്പിക്കുന്നവൻ [തപിപ്പിക്കുക–ചുട്ടുനീറ്റുക] (കാമദേവൻ)

സർവ്വദമനൻ — സർവ്വത്തെയും ദമനം ചെയ്യുന്നവൻ [ദമനംചെയ്യുക–അടക്കി നിർത്തുക] (ദുഷ്യന്തപുത്രൻ)

സർവ്വംസഹ — എല്ലാം സഹിക്കുന്നവൾ (ഭൂമി)

സർവ്വാണിസദ്യ — സർവ്വകാണികൾക്കുമുള്ള സദ്യ (ബ്രാഹ്മണസദ്യ കഴിഞ്ഞു പൊതുജനങ്ങൾക്കുവേണ്ടി നടത്തുന്ന സദ്യ)

സർവ്വാർത്ഥ സിദ്ധൻ — സർവ്വാർത്ഥങ്ങളും സിദ്ധിച്ചവൻ (ബുദ്ധൻ)

സവം — സോമലത സവനം ചെയ്യപ്പെടുന്നത് [സവനംചെയ്യുക–ഇടിച്ചു പിഴിയുക] (യാഗം)

സവ്യസാചി — ഇടത്തുകൈകൊണ്ടും യുദ്ധം ചെയ്യുന്നവൻ [സവ്യം – ഇടത്തുകൈ] (അർജ്ജുനൻ)

സവ്യേഷ്ടൻ — സവ്യത്തിൽ സ്ഥിതി ചെയ്യുന്നവൻ [സവ്യം–ഇടത്തുഭാഗം] (തേർനടത്തുന്നവൻ)

സഹകാരം — സ്ത്രീപുരുഷന്മാരെ സഹകരിപ്പിക്കുന്നത് [സഹകരിപ്പിക്കുക – കൂട്ടിച്ചേർക്കുക] (മാമ്പൂവിന്റെ മണം കാമികളെ പരസ്പരം അടുപ്പിക്കുന്നു) (മാവ്)

സഹധർമ്മിണി — ഭർത്താവൊന്നിച്ചു സകലധർമ്മങ്ങളെയും ആചരിക്കുന്നവൾ (ഭാര്യ)

സഹസ്രകരൻ — ആയിരം കരങ്ങൾ ഉള്ളവൻ [സഹസ്രം – ആയിരം. കരം–രശ്മി] (സൂര്യൻ)

സഹ്യാത്മജ — സഹ്യന്റെ ആത്മജ [സഹ്യൻ–സഹ്യപർവ്വതം] (കാവേരി)

സാഗരാംബര — സാഗരം അംബരമായുള്ളവൾ [സാഗരം – സമുദ്രം. അംബരം–വസ്ത്രം] (ഭൂമി)

സാംഖ്യം — കപിലാചാര്യവിരചിതവും ഈശ്വര പ്രസ്താവശൂന്യവുമായ യോഗശാസ്ത്രം (ഷഡ്ദർശനങ്ങളിൽപ്പെട്ടത്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സാംഗ്രാമികൻ — സംഗ്രാമത്തിൽ പ്രധാനി [സംഗ്രാമം — യുദ്ധം] (സേനാപതി)

സാനുമാൻ — സാനുക്കളോടുകൂടിയത് [സാനു—താഴ്വര] (പർവ്വതം)

സാപ്തപദം — സപ്തപദം സംസാരിച്ചുണ്ടാകുന്നത് [സപ്തപദം — ഏഴുവാക്ക്] (സ്നേഹം)

സാമവേദം — സമം എന്നിങ്ങനെ അഭേദത്തെ കാണിക്കുന്ന വേദം [സമം—ഒന്നുതന്നെ] (തൃതീയവേദം)

സാമോപായം — സാമം എന്ന ഉപായം (ചതുരുപായങ്ങളിലൊന്ന്)

സായകം — സായത്തെ ചെയ്യുന്നത് [സായം — ശത്രുക്കളുടെ അന്തം] (അമ്പ്)

സായാഹ്നം — അഹ്നത്തിന്റെ ഒടുവിലത്തെ ആറുനാഴിക [അഹ്നം—പകൽ] (വൈകുന്നേരം)

സാരമേയം — സരമയുടെ പുത്രൻ (നായ)

സാർത്ഥവാഹകർ — സാർത്ഥത്തെ വഹിക്കുന്നവർ [സാർത്ഥം — അർത്ഥത്തോടുകൂടിയത്. അർത്ഥം—സമ്പത്ത്] (കച്ചവടസംഘം)

സാർവ്വഭൗമൻ — സർവ്വഭൂമിയുടേയും അധിപൻ [സർവ്വം — എല്ലാം] (ചക്രവർത്തി)

സാലശൃംഗം — സാലത്തിന്റെ ശൃംഗം [സാലം—മതിൽ. ശൃംഗം—കൊടുമുടി] (മതിലിന്റെ മേൽഭാഗം)

സാവധാനം — അവധാനത്തോടുകൂടി [അവധാനം—ശ്രദ്ധ] (ശ്രദ്ധാപൂർവ്വം)

സാഷ്ടാംഗം — അഷ്ടാംഗങ്ങളോടു കൂടി [അഷ്ടാംഗം — കൈകൾ, കാലുകൾ, തോളുകൾ, നെഞ്ച്, നെറ്റി] (ഇവ നിലത്തുതൊട്ടുകൊണ്ടുള്ള നമസ്കാരമാണ് സാഷ്ടാംഗപ്രണാമം)

സാഹിത്യം — സഹിതമായ അവസ്ഥ [സഹിതം—മേളനം] (രസഗുണാലങ്കാരങ്ങളോടു കൂടിയ അവസ്ഥ)

സിതകരൻ — സിതമായ കരങ്ങളോടു കൂടിയവൻ [സിതം—വെളുപ്പ്] (ചന്ദ്രൻ)

സിതാപാംഗം — സിതമായ അപാംഗത്തോടു കൂടിയത് (മയിൽ)

സിദ്ധധർമ്മ ചതുഷ്ടയം — സിദ്ധധർമ്മങ്ങളുടെ ചതുഷ്ടയം (യോഗസിദ്ധി, സാദ്ധ്യായം, ബ്രഹ്മജ്ഞാനം, ഭക്തി)

സിദ്ധരൂപം — സിദ്ധിക്കുന്ന രൂപം (നാമപ്രകൃതിയോടോ ധാതുവോടോ പ്രത്യയം ചേർക്കുമ്പോൾ കിട്ടുന്ന രൂപങ്ങളുടെ മാതൃകകാണിച്ചിട്ടുള്ള ഗ്രന്ഥം)

സിദ്ധാർത്ഥൻ — ജീവിതോദ്ദേശ്യം സാധിച്ചു നിർവ്വാണമടഞ്ഞവൻ [സിദ്ധമായ അർത്ഥത്തോടു കൂടിയവൻ]

സിംഹം — ആനയെപ്പോലും ഹിംസിക്കുന്നത് [ഹിംസിക്കുക — ദ്രോഹിക്കുക] (മൃഗരാജൻ)

സിംഹാവലോകനം — സിംഹത്തിന്റെ അവലോകനം [അവലോകനം — തിരിഞ്ഞുനോട്ടം] (ഗൗരവത്തോടുകൂടിയ വീക്ഷണം)

സീത — ഉഴവുചാലിൽ നിന്നുണ്ടായവൾ [സിനോതി — ഖനതി ഭൂമിം] (ജാനകി)

സീമന്തിനി — സീമന്തം ഉള്ളവൾ [സീമന്തം—മുടി പകുത്തിട്ടാൽ കാണുന്ന രേഖ] (സ്ത്രീ)

സീരപാണി — സീരം പാണിയിൽ ഉള്ളവൻ [സീരം—കലപ്പ] (ബലരാമൻ)

സുകുമാര കല — സുകുമാരമായ കല [സുകുമാരം — സുന്ദരം] (സംഗീതം, സാഹിത്യം, ചിത്രം, നാട്യം തുടങ്ങിയവ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സുഖം — ഖമ്മിന്നനുകൂലമായത് [ഖം—ഇന്ദ്രിയജ്ഞാനം] (സന്തോഷം)

സുഗതൻ — നല്ലവഴിക്കു നടക്കുന്നവൻ (ബുദ്ധൻ)

സുതസോമൻ — ആയിരം സോമയാഗത്തിന്നു ശേഷം ഭീമന്നു പാഞ്ചാലിയിലുണ്ടായ പുത്രൻ

സുദതി — ശോഭനമായ ദന്തങ്ങളോടുകൂടിയവൾ [ദന്തം—പല്ല്] (സുന്ദരി)

സുധ — [സുഖേന ധീയതേ ഇതി] നന്നായി പാനം ചെയ്യാവുന്നത് (അമൃതം)

സുധാംശു — സുധാതുല്യമായ അംശുക്കളോടു കൂടിയവൻ [സുധ — അമൃതം. അംശു — രശ്മി] (ചന്ദ്രൻ)

സുപർണ്ണൻ — ശോഭനമായ പർണ്ണങ്ങളോടു കൂടിയവൻ [പർണ്ണം—ചിറക്] (ഗരുഡൻ)

സുഭദ്ര — വസുദേവർക്കു രോഹിണിയിലുണ്ടായ മക്കളാണ് സാരണനും സുഭദ്രയും. ഒരേ അച്ഛന്റെ മക്കളെന്ന നിലയിൽ കൃഷ്ണന്നു സുഭദ്രയുടെ സഹോദരസ്ഥാനം കൈവന്നു. (ശ്രീകൃഷ്ണസഹോദരി)

സുമംഗലി — മംഗല്യമണിഞ്ഞവൾ [മംഗല്യം—താലി] (സഭർത്തൃക)

സുമനസ്സ് — ശോഭനമായ മനസ്സോടു കൂടിയവൻ (ദേവൻ)

സുയോധനൻ — നല്ലപോലെ യോധനം നടത്തുന്നവൻ [യോധനം—യുദ്ധം] (ദുര്യോധനൻ)

സുരൻ — നല്ലപോലെ അഭീഷ്ടം സാധിപ്പിക്കുന്നവൻ [സുഷ്ഠുരാതി] (ദേവൻ)

സുരവാഹിനി — സുരലോകത്തിലെ വാഹിനി [വാഹിനി—നദി] (ഗംഗ)

സുരാപൻ — സുരയെ പാനം ചെയ്യുന്നവൻ [സുര—മദ്യം] (മദ്യപാനി)

സൂചികാധരം — സൂചികയെ ധരിക്കുന്നത് [സൂചിക — തുമ്പിക്കൈ] (ആന)

സൂചിവേധം — സൂചികൊണ്ടുള്ള വേധം (അക്യുപംക്ചർ)

സൂതതനയൻ — സൂതന്റെ തനയൻ [അധിരഥനെന്ന സൂതനാൽ വളർത്തപ്പെട്ടവൻ] (കർണ്ണൻ)

സൂതികർമ്മിണി — സൂതികർമ്മം ചെയ്യുന്നവൾ (വയറ്റാട്ടി)

സൂദശാല — സൂദന്റെ ശാല [സൂദൻ—അരിവെപ്പുകാരൻ] (അടുക്കള)

സൂഫി — ദാർശനികൻ (എട്ടാം നൂറ്റാണ്ടിൽ ഗ്രീക്ക് ദർശനങ്ങൾ അറബി ഭാഷയിൽ വിവർത്തനം ചെയ്തു തുടങ്ങിയപ്പോൾ ദർശനം എന്ന അർത്ഥത്തിൽ ഗ്രീക്കിൽ നിന്നു സോഫ് അല്ലെങ്കിൽ സോഫി എന്നു കടംവാങ്ങി പ്രയോഗിച്ചു. പിന്നീടതു സൂഫി എന്നു മാറി. (ക്രിസ്ത്വബ്ദം 770ന്ന് അടുത്ത് അന്തരിച്ച അബൂഹാഷിമിന്നാണ് ഒന്നാമതായി സൂഫിപദവി ലഭിച്ചതെന്നു രാഹുൽ സാംകൃത്യായൻ വിശ്വദർശനങ്ങൾ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്)

സൂര്യൻ — 1. എങ്ങും സരിക്കുന്നത് [സരിക്കുക—വ്യാപിക്കുക] 2. അവരവരുടെ പ്രവൃത്തിയിൽ സൂക്ഷ്മമായി ഈരണം ചെയ്യുന്നവൻ [ഈരണം ചെയ്യുക — പ്രേരിപ്പിക്കുക] (നവഗ്രഹങ്ങളിലൊന്നാമൻ)

സൈകതം — സികതകൊണ്ടുള്ളത് [സികത—മണൽ] (മണൽത്തിട്ട്)

സൈമന്തികം — സീമന്തത്തിൽ അണിയുന്നത് (സിന്ദൂരം)

സോമപൻ — സോമം പാനം ചെയ്യുന്നവൻ [സോമം — സോമരസം] (യാഗം ചെയ്തവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോമയാജി — സോമയാഗം ചെയ്ത ബ്രാഹ്മണൻ (ചോമാതിരി)

സൗജന്യം — സുജ്ജനത്തിന്റെ ഭാവം [സുജ്ജനം–സജ്ജനം] (ഔദാര്യം)

സൗധം — സുധാലേപനം ചെയ്തത് [സുധ – ചുണ്ണാമ്പ്] (വെൺകളി പൂശിയ മാളിക)

സൗനന്ദി — സൗനന്ദം എന്ന ഗദ ധരിച്ചവൻ (ബലരാമൻ)

സൗഭദ്രൻ — സുഭദ്രയുടെ പുത്രൻ (അഭിമന്യു)

സൗഭനായകൻ — സൗഭത്തിന്റെ നായകൻ [സൗഭം–വിചിത്രലോഹ നിർമ്മിതവും യഥേഷ്ടം സഞ്ചരിക്കുന്നതുമായ രഥം] (ശിശുപാല സഹോദരനായ ശാല്വൻ)

സൗമിത്രി — സുമിത്രയുടെ മകൻ [സുമിത്ര – ദശരഥപത്നി] (ലക്ഷ്മണൻ)

സൗരവർഷം — സൗരമായ വർഷം [സൗരം–സൂര്യന്റെ ഗതിയെ അടിസ്ഥാനമാക്കിയുള്ളത്] (365 $^{1}/_{4}$ ദിവസം)

സൗവീരകൻ — സുവീരദേശക്കാരൻ (ജയദ്രഥൻ)

സ്കന്ദൻ — സ്കന്നം കൊണ്ടു സ്വാഹയാൽ നിർമ്മിക്കപ്പെട്ടവൻ [സ്കന്നം–സ്ഖലിച്ചത്] (കാർത്തികേയൻ)

സ്തനനം — മുഴങ്ങുന്നത് (ഇടി)

സ്തനം — സ്തനിക്കുന്നത് [സ്തനിക്കുക – ഞെരുങ്ങുക] (സ്ത്രീകളുടെ മുല)

സ്ഥാണു — സ്ഥിരൻ [പ്രളയകാലത്തുപോലും നാശമില്ലാതെ സ്ഥിതി ചെയ്യുന്നവൻ] (ശിവൻ)

സ്ഥായീഭാവം — സ്ഥായിയായ ഭാവം [സ്ഥായി – സ്ഥിരം] (രതി, ശോകം, ഉത്സാഹം, ക്രോധം, ഹാസം, ഭയം, ജുഗുപ്സ, വിസ്മയം, നിർവ്വേദം)

സ്ഥാലീപുലാകം — സ്ഥാലിയിലെ പുലാകം [സ്ഥാലി–കലം. പുലാകം – ചോറ്] (വെന്തുകൊണ്ടിരിക്കുന്ന ചോറ്)

സ്ഥാവരം — സ്ഥിരമായി സ്ഥിതി ചെയ്യുന്നത് (മല, മരം, മുതലായവ)

സ്ഥിതപ്രജ്ഞൻ — സ്ഥിതമായ പ്രജ്ഞയോടു കൂടിയവൻ (അന്യചിന്തവെടിഞ്ഞു ആത്മാവിൽ രമിക്കുന്നവൻ)

സ്പർദ്ധിനി — സ്പർദ്ധയുള്ളവൾ [സ്പർദ്ധ–മത്സരം] (അസൂയാലു)

സ്പർശനൻ — സ്പർശിക്കുന്നവൻ [സ്പർശിക്കുക–തൊടുക] (വായു)

സ്പർശലജ്ജ — സ്പർശത്തിൽ ലജ്ജിക്കുന്നത് (തൊട്ടാവാടി)

സ്പൃഹണീയം — സ്പൃഹതോന്നത്തക്കത് [സ്പൃഹ–ആഗ്രഹം] (അഭിലഷണീയം)

സ്മരൻ — സ്മരിപ്പിക്കുന്നവൻ [വല്ലാത്ത ഓർമ്മയുണ്ടാക്കുന്നവൻ] (കാമൻ)

സ്മരഹരൻ — സ്മരനെ ഹരിച്ചവൻ [സ്മരൻ–കാമദേവൻ] (ശിവൻ)

സ്മാർത്ത കർമ്മങ്ങൾ — സ്മൃതിക്കൊത്ത കർമ്മങ്ങൾ [സ്മൃതി–ധർമ്മശാസ്ത്രം] (ദേവയജ്ഞാദികൾ)

സ്മാർത്ത വിചാരം — സ്മാർത്തന്മാരെക്കൊണ്ടുള്ള വിചാരം [സ്മാർത്തൻ–സ്മൃതി അറിയാവുന്നവൻ] (ബ്രാഹ്മണസമുദായത്തിൽ വ്യഭിചാരക്കുറ്റം മുതലായ തെറ്റുകൾ വിസ്തരിച്ചു വിധിപറയൽ)

സ്മാർത്തൻ — സ്മൃതികൾ പഠിച്ച ബ്രാഹ്മണൻ [സ്മൃതി–ധർമ്മശാസ്ത്രം] (ധർമ്മശാസ്ത്രം അറിയാവുന്നവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്യന്ദനം — സ്യന്ദിക്കുന്നത് [സ്യന്ദിക്കുക–വേഗംപോകുക] (രഥം)

സ്രോതസ്വിനി — സ്രോതസ്സുള്ളത് [സ്രോതസ്–പ്രവാഹം] (നദി)

സ്വജനപക്ഷപാതം — സ്വജനത്തോടുള്ള പക്ഷപാതം [സ്വജനം–സ്വന്തംകക്ഷിയിലോ സമുദായത്തിലോ കുടുംബത്തിലോ ഉള്ളവർ] (Nepotism)

സ്വയംഭൂ — സ്വയം ഭവിച്ചവൻ [സ്വയം–തന്നത്താൻ] (ബ്രഹ്മാവ്)

സ്വരം — വ്യാകരണത്തിൽ സ്വതന്ത്രമായി ഉച്ചരിക്കാവുന്ന വർണ്ണം (അ മുതൽ ഔ വരെ)

സ്വരത്രയം — മൂന്നുതരം സ്വരം (ഹ്രസ്വം. ദീർഘം. പ്ലുതം)

സ്വർവൈദ്യന്മാർ — സ്വർഗ്ഗത്തിലെ വൈദ്യന്മാർ (അശ്വിനീദേവന്മാർ)

സ്വസൃപുത്രൻ — സ്വസാവിന്റെ പുത്രൻ [സ്വസാ – സഹോദരി] (മരുമകൻ)

സ്വസ്ത്യയനം — സ്വസ്തിക്കുള്ള അയനം [സ്വസ്തി–മംഗളം. അയനം–മാർഗ്ഗം] (ശ്രേയോമാർഗ്ഗം)

സ്വാസ്ത്യസ്തു — മംഗളം ഭവിക്കട്ടെ [സ്വസ്തി+അസ്തു] (യാത്രാവചനം)

സ്വേച്ഛാമൃത്യു — സ്വേച്ഛയനുസരിച്ചു മൃത്യുവരിക്കുന്നവൻ [സ്വേച്ഛ–ഇഷ്ടാനുസാരം] (ഭീഷ്മർ)

സ്വേദജം — സ്വേദത്തിൽ നിന്നു ജനിക്കുന്നത് [സ്വേദം – വിയർപ്പ്] (പേൻ. മൂട്ട. മുതലായവ)

സ്വൈരാലാപം — സ്വൈരമായ ആലാപം [സ്വൈരം – യഥേഷ്ടം. ആലാപം–വർത്തമാനം] (ഇഷ്ടം പോലെയുള്ള സംസാരം)

സ്വൈരിണി — സ്വൈരമായി സഞ്ചരിക്കുന്നവൾ [സ്വൈരം – യഥേഷ്ടം] (വേശ്യ)

ഹ

ഹട്ടചോരകൻ — ഹട്ടത്തിലെ ചോരകൻ [ഹട്ടം – ചന്ത] (തെരുവിലെ കള്ളൻ)

ഹട്ടവിലാസിനി — ഹട്ടത്തിലെ വിലാസിനി [ഹട്ടം–ചന്ത] (തെരുവുവേശ്യ)

ഹനൂമാൻ — വലിയ ഹനുവോടു കുടിയവൻ [ഹനു – താടിയെല്ല്] (വായുപുത്രൻ)

ഹരൻ — സകലപാപങ്ങളെയും ഹരിക്കുന്നവൻ (ശിവൻ)

ഹരപുരം — ഹരന്റെ പുരം [ഹരൻ–ശിവൻ] (കൈലാസം)

ഹരവാഹനം — ഹരന്റെ വാഹനം (കാള)

ഹരി — പാപങ്ങളെ ഹരിക്കുന്നവൻ (വിഷ്ണു)

ഹരിണാങ്കൻ — ഹരിണത്തിന്റെ അങ്കമുള്ളത് [ഹരിണം–മാൻ. അങ്കം–അടയാളം] (ചന്ദ്രൻ)

ഹരിണരിപു — ഹരിണത്തിന്റെ രിപു [ഹരിണം–മാൻ] (സിംഹം)

ഹരിതം — കണ്ണിനെയും മനസ്സിനെയും ഹരിക്കുന്നത് [ഹരിക്കുക–കവരുക] (പച്ചനിറം)

ഹരിതമണി — ഹരിതവർണ്ണത്തിലുള്ള മണി [മണി–രത്നം] (മരതകം)

ഹരിൽപതി — ഹരിത്തിന്റെ പതി [ഹരിത്–ദിക്] (ദിക്പാലൻ)

ഹരിഹരസുതൻ — മോഹിനിവേഷം ധരിച്ച ഹരിയിൽ ഹരന്നുണ്ടായ സുതൻ [ഹരി–വിഷ്ണു. ഹരൻ–ശിവൻ] (ശാസ്താവ്)

ഹരിഹരിണപുരം — കിളിമാനൂർ [ഹരി–കിളി. ഹരിണം–മാൻ. പുരം–ഊർ] (ചിത്രമെഴുത്ത് രവിവർമ്മയുടെ കോവിലകം ഇവിടെയാണ്)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഹരിഹേതി — ഹരിയുടെ ഹേതി [ഹരി — വിഷ്ണു. ഹേതി—ആയുധം] (സുദർശനചക്രം)

ഹലധരൻ — ഹലത്തെ ധരിച്ചവൻ [ഹലം—കലപ്പ] (ബലരാമൻ)

ഹലാഹലം — അകത്തുചെന്നാൽ ഉദരത്തെയും പുറത്തിരിക്കുമ്പോൾ വൃക്ഷലതാദികളെയും ദഹിപ്പിക്കുന്നത് (വിഷം)

ഹലിപ്രിയം — ഹലിക്കു പ്രിയമായത് [ഹലി—ബലരാമൻ] (മദ്യം)

ഹവിർഭാഗം — ഹവിസ്സിന്റെ ഭാഗം [ഹവിസ്സ് — ഹോമദ്രവ്യം] (ഹോമിക്കപ്പെട്ട വസ്തുവിന്റെ അംശം)

ഹവിർഭൃത്ത് — ഹവിസ്സിനെ വഹിക്കുന്നവൻ [ഹവിസ്സ്—ഹോമദ്രവ്യം] (അഗ്നി)

ഹവിഷ്യം — ഹവിസ്സിന്നു കൊള്ളാവുന്നത് [ഹവിസ്സ്—ഹോമദ്രവ്യം] (വരിനെല്ല്)

ഹവിഷ്യാന്നം — ഹവിഷ്യത്തിന്റെ അന്നം [ഹവിഷ്യം — വരിനെല്ല്] (വ്രതസമയത്ത് ഭക്ഷിക്കുന്ന ചോറ്)

ഹവ്യവാഹനൻ — ഹവ്യത്തെ വഹിക്കുന്നവൻ [ഹവ്യം — ഹോമദ്രവ്യം] (അഗ്നി)

ഹസ്തകടകം — ഹസ്തത്തിലെ കടകം [ഹസ്തം — കൈ. കടകം — വള] (കൈവള)

ഹസ്തഗ്രഹം — ഹസ്തത്തെ ഗ്രഹിക്കൽ [ഗ്രഹിക്കുക—സ്വീകരിക്കുക] (പാണിഗ്രഹണം)

ഹസ്തി — ഹസ്തം ഉള്ളത് [ഹസ്തം—തുമ്പിക്കൈ] (ആന)

ഹസ്തികർണ്ണം — ഹസ്തിയുടെ കർണ്ണത്തിന്നു സമമായ പർണ്ണമുള്ളത് [ഹസ്തി — ആന. കർണ്ണം — ചെവി] (ആവണക്ക്)

ഹസ്തിനപുരം — ചന്ദ്രവംശരാജാവായ ഹസ്തിയാൽ നിർമ്മിക്കപ്പെട്ട പുരം [പുരം—പട്ടണം] (ഇന്നത്തെ ദൽഹിക്കടുത്തുള്ള ഒരു നഗരം)

ഹാജി — ഹജ്ജ് നടത്തിയിട്ടുള്ളവൻ [ഹജ്ജ്—മെക്കയിലേക്കുള്ള തീർത്ഥയാത്ര]

ഹാലാഹലാശൻ — ഹാലാഹലത്തെ അശിച്ചവൻ [ഹാലാഹലം—കാളകൂടം] (ശിവൻ)

ഹിന്ദി — ഹിന്ദിലെ ഭാഷ [ഹിന്ദ്—ഇന്ത്യ] (സ്വതന്ത്ര ഇന്ത്യയുടെ രാഷ്ട്രഭാഷ)

ഹിന്ദുസ്ഥാനി — ഹിന്ദുസ്ഥാനിലെ ഭാഷ [ഹിന്ദുസ്ഥാൻ—ഇന്ത്യ] (ഹിന്ദിയുടെ സംസ്കൃത ബഹുലമല്ലാത്ത ആധുനികരൂപം)

ഹിമ്രോസ്രൻ — ഹിമതുല്യമായ ഉസ്രങ്ങളോടു കൂടിയവൻ [ഉസ്രം—രശ്മി] (ചന്ദ്രൻ)

ഹിജ്രീ — മുഹമ്മദ് നബി മെക്ക വിട്ടുപോയ ദിവസം മുതലാരംഭിച്ച മുസ്ലീം സംവത്സരം (എ.ഡി. 622 ജൂലായ് 15 മുതൽ ആരംഭിച്ച വർഷം)

ഹുതഭുക്ക് — ഹുതത്തെ ഭുജിക്കുന്നവൻ [ഹുതം—ഹോമിക്കപ്പെടുന്നത്] (അഗ്നി)

ഹൃദ്യഗന്ധ — ഹൃദ്യമായ ഗന്ധത്തോടു കൂടിയത് [ഹൃദ്യം—ഹൃദയസംബന്ധം, മനോഹരം] (പിച്ചകം)

ഹൃഷീകേശൻ — ഹൃഷീകങ്ങളുടെ ഈശൻ [ഹൃഷീകം — ഇന്ദ്രിയം] (വിഷ്ണു)

ഹേതി — ഏതുകൊണ്ടു ഹനിക്കുന്നുവോ അത് [ഹനിക്കുക—കൊല്ലുക] (ആയുധം)

ഹേമകൂടം — ഹേമകാന്തി കലർന്ന കൂടത്തോടു കൂടിയത് [ഹേമം—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്വർണ്ണം കൂടം – കൊടുമുടി] (മഹാമേരു പർവ്വതം)

ഹേമതുലാ – ഹേമം തുലാസ്സിൽ തൂക്കിക്കൊടുക്കൽ [ഹേമം–സ്വർണ്ണം] (സ്വർണ്ണതുലാഭാരം)

ഹേരംബജനനി – ഹേരംബന്റെ ജനനി [ഹേരംബൻ–ഗണപതി] (പാർവ്വതി)

ഹേഷി – ഹേഷത്തോടു കൂടിയത് [ഹേഷം – കുതിരയുടെ കരച്ചിൽ] (കുതിര)

ഹൈഡിംബി – ഹിഡിംബിയുടെ പുത്രൻ [ഹിഡിംബി – ഒരു രാക്ഷസി] (ഘടോൽകചൻ)

ഹൈമാവതി – ഹിമവാന്റെ പുത്രി [ഹിമവാൻ–ഹിമാലയം] (പാർവ്വതി)

ഹൈഹേയൻ – ഹേഹയ രാജ്യത്തിലെ രാജാവ് (കാർത്തവീര്യാർജ്ജുനൻ)

ഹോതാവ് – ഹോമിക്കുന്നവൻ (യജ്ഞകർത്താവ്)

ഹോത്രി – ഹോത്രം നടത്തുന്നവൻ [ഹോത്രം–ഹോമം] (യാഗപുരോഹിതൻ)

ഹോമധാന്യം – ഹോമത്തിനുള്ള ധാന്യം (എള്ള്)

ഹോമധേനു – ഹോമത്തിന്നാവശ്യമായ നെയ് മുതലായവ നൽകുന്ന ധേനു [ധേനു–പശു] (യാഗപശു)

ഹോലി – ഫാൽഗുനമാസത്തിലെ പൗർണ്ണമിനാളിൽ ഉത്തരേന്ത്യയിൽ നടക്കുന്ന ഒരു ഹൈന്ദവാഘോഷം (ഹോളി)

ഹ്രദിനി – ഹ്രദം ഉള്ളത് [ഹ്രദം–കയം] (നദി)

ഹ്രാദിനി – ഹ്രാദം ഉള്ളതു [ഹ്രാദം–ശബ്ദം] (ഇടി, മിന്നൽ)

ഹ്ലാദിനി – ഹ്ലാദം ഉണ്ടാക്കുന്നവൾ [ഹ്ലാദം–സന്തോഷം] (ആനന്ദിപ്പിക്കുന്നവൾ)

7915

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri



CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശബ്ദശാഖി

കെ. പ്യാർ



ഭാഷയുടെ അടിയുറപ്പിനും വളർച്ചയ്ക്കും അത്യാവശ്യമുള്ള ശാസ്ത്രശാഖകളുടെ കൂട്ടത്തിൽ നിഘണ്ടുക്കൾക്കു അതിയായ പ്രാധാന്യമാണുള്ളത്. ഡിക്ഷണറി, ലക്സിക്കൺ, ഹേൻഡ് ബുക്ക്, ഗ്ലോസറി, എൻസൈക്ലോപീഡിയ എന്നിങ്ങനെ നിഘണ്ടുവിന്നു ഉള്ളടക്കത്തിൻെറയും വിവരണത്തിൻെറയും തോതനുസരിച്ചു കുറേവി ഭാഗങ്ങളുണ്ട്. ഇവയിൽ നിരുക്ത നിഘണ്ടു എന്നവിഭാഗത്തിലാണ് ശബ്ദശാഖി പെടുന്നത്. ശബ്ദോത്പത്തിവിഷയകമായ ചർച്ചയ്ക്കാണ് ഇതിൽ പ്രാധാന്യം കല്പിച്ചിട്ടുള്ളത്. എന്നാൽ പരമാവധി സങ്കീർണ്ണതകൾ ഒഴിവാക്കിയിട്ടുമുണ്ട്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഭാഷാപഠനത്തിൽ തത്പരരായവർക്കും ഉപയോഗപ്രദമായ ഈ ഗ്രന്ഥം തയ്യാറാക്കിയിട്ടുള്ളത് അദ്ധ്യാപന രംഗവുമായി നിരന്തരബന്ധം പുലർത്തിവരുന്ന ശ്രീ. കെ. പ്യാർ. ആണ്.

വില 32.00

നാഷണൽ ബുക്ക്സ്റ്റാൾ

Code No. D18 0978 01 01

CC-0. In Public Domain. Gurukul Kangri Collection, Haridwar